# കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ
# വനാവകാശനിയമം വരുത്തിയ സ്വാധീനം:
## വയനാട് ജില്ല ആസ്പദമാക്കി ഒരു പഠനം

**വാല്യം-1**

**ഗവേഷണ മേൽനോട്ടം**

**പി.വി.മിനി**
ഡെപ്യൂട്ടി ഡയറക്ടർ
(വികസനപഠനവിഭാഗം) i/c

**റിപ്പോർട്ട് തയ്യാറാക്കിയത്**

**മായാമോൾ. വി.കെ**
റിസർച്ച് അസിസ്റ്റന്റ്
**ചിത്രബേബി**, പ്രൊജക്റ്റ് ഫെല്ലോ
**ഫസീല അബ്ദുള്ള**, പ്രൊജക്റ്റ് ഫെല്ലോ

**വികസനപഠന വിഭാഗം**

**കിർടാഡ്സ്**

**2018 മാർച്ച്**

## ആമുഖം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കു വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ, അവയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന സ്വാധീനവും, മാറ്റങ്ങളും പഠനവിധേയമാകുന്നത് കിർടാഡ്സിന്റെ നിയമപരമായ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതാണ്. 2017-18 വർഷത്തിൽ സർക്കാർ അനുമതിയോടെ ഏറ്റെടുത്ത ഒരു പ്രധാന പഠനമാണ് ‘‘കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വനാവകാശ നിയമം വരുത്തിയ സ്വാധീനം’’.

വനസംരക്ഷണവും, വനപരിപാലനവും ഒരു വശത്തും, വനത്തിൽ താമസിക്കുന്ന പട്ടികഗോത്രവർഗ്ഗ ജനതയും, അവരുടെ വികസന-ക്ഷേമ പ്രവർത്തനങ്ങളും, മറുവശത്തും എന്ന നിലയിൽ ഏറെക്കുറെ പരസ്പരം ഒഴിവാക്കികൊണ്ടുള്ള ഒരു പ്രവർത്തന രീതിയാണ് കാലങ്ങളായി ഉണ്ടായിരുന്നത്. ഇതിന് വ്യത്യസ്തമായി പരസ്പരം ഉൾക്കൊള്ളുകയും, പരസ്പരം സംയോജിപ്പിക്കുകയും ചെയ്തു കൊണ്ടുള്ള ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് 2006 ലെ വനാവകാശം അംഗീകരിക്കൽ നിയമം ആവിഷ്കരിക്കുന്നത്. പരക്കെ സ്വാഗതം ചെയ്യപ്പെട്ട ഈ നിയമം ‘‘ രണ്ടാം ഭൂപരിഷ്കരണ ഉദ്യമം’’ എന്ന നിലയിലാണ് നമ്മുടെ സംസ്ഥാനം ഏറ്റടുത്തത്. വനത്തിലുള്ള വിഭവങ്ങളുടെ അവകാശം ഉറപ്പാക്കിക്കൊണ്ടും, അതേസമയം തന്നെ വനത്തിന്റെ പൂർണ്ണ സംരക്ഷണവും, ഗോത്രവാസികൾക്ക് നല്കിക്കൊണ്ടുള്ള ഒരു നിയമമാണ് ഇത്.

നിയമം നടപ്പാക്കാൻ തുടങ്ങി ഒരു ദശാബ്ദം പൂർത്തിയാകുന്ന ഈ അവസരത്തിലാണ് ഈ നിയമം കേരളത്തിലെ വനത്തിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ ഗോത്രജനതയുടെ ജീവിതത്തിലും, അവബോധത്തിലും ഉണ്ടാക്കിയ സ്വാധീനവും, മാറ്റവും പഠനവിധേയമാക്കാൻ തീരുമാനിച്ചത്. ഒരു സ്ററാറ്റ്യൂട്ടറി നിയമത്തിന്റെ വിലയിരുത്തൽ പഠനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ആയതുകൊണ്ട് നിയമത്തിലും അതിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന ചട്ടങ്ങളും വായിച്ചു മനസ്സിലാക്കിയാൽ മാത്രമേ ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വിശദാംശങ്ങൾ കൂടുതൽ അർത്ഥപൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. റിപ്പോർട്ടിൽ അവ ഒന്ന്, മൂന്ന് അനുബന്ധങ്ങളായി നല്കിയിട്ടുണ്ട്.

സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഈ പ്രൊജക്റ്റിന് അനുമതി തന്ന് ഈ പഠനം സാക്ഷാത്കരിക്കുന്നതിന് സഹായിച്ച പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ.വി.വേണു.ഐ.എ.എസ്, പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ഡോ.പുഗഴേന്തി, ഐ.എഫ്.എസ് തുടങ്ങിയവരോടുള്ള കൃതജ്ഞത ഈ അവസരത്തിൽ അറിയിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ വനാവകാശ നിയമത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.കെ.സി.ചെറിയാനോടും കടപ്പാട് രേഖപ്പെടുത്തുന്നു.

ഈ പഠനവുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിച്ച പട്ടികവർഗ്ഗ ജനപ്രതിനിധികൾ, ഊരുമൂപ്പൻമാർ, പ്രോമോട്ടർമാർ, വനാവകാശസമിതി

അംഗങ്ങൾ, ഈ പഠനവുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം നടത്തിയപ്പോൾ വിവരം നല്കിയവർ, എന്നിവരോട് അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു.

.ഈ ഗവേഷണ പഠനവുമായി ബന്ധപ്പെട്ട സർവ്വെ ഷെഡ്യൂൾ, ശില്പശാലകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സംശയനിവാരണം തീർത്തു തരികയും, പഠനത്തിൽ ഒരുപാട് വിലയേറിയ നിർദ്ദേശങ്ങൾ തന്ന് ഞങ്ങൾക്കൊപ്പം നിന്ന ശ്രീ.ഹരീന്ദ്രൻ.പി (അസിസ്റ്റന്റ് പ്രൊഫസർ, ഗോത്രഗ്രാമീണപഠന വകുപ്പ്, മാനന്തവാടി) ശ്രീ.വി.കെ.മോഹൻകുമാർ (ഡെപ്യൂട്ടി ഡയറക്ടർ, കിർടാഡ്സ് (Rtd)), ശ്രീ.ഇ.ജി.ജോസഫ് (ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (Rtd)), എന്നിവരോടുള്ള കടപ്പാട് നിസീമമാണ്. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വികസനവകുപ്പിലെ പ്രൊജക്റ്റ് ഓഫീസർ. ശ്രീ പി. വാണിദാസ്, മാനന്തവാടി, ടി.ഡി.ഒ, ശ്രീ ജി . .പ്രമോദ്, മണ്ണ് സംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർ ശ്രീ.പി.യു.ദാസ്, വനംവകുപ്പിലെ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ ശ്രീ.സുനിൽകുമാർ, സബ്കളക്ടർ ഓഫീസിലെ ശ്രീ ഷിനോജ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ്, വനംവകുപ്പ് എന്നീ വകുപ്പുകളിലെ സഹായം നൽകിയ ഉദ്യോഗസ്ഥർ തുടങ്ങിയവരോടും, ഈ പഠനത്തിന്റെ ഭാഗമായി കൃതജ്ഞത രേഖപ്പെടുത്തുന്നു. ശില്പശാലകളിൽ ഫാക്കൽറ്റി അംഗങ്ങളായി വന്ന് അതിനെ നിരവധി ആശയങ്ങളാൽ സമ്പുഷ്ടമാക്കിയ ശ്രീ.ഇസ്മയിൽ (ടി.ഡി.ഒ, സുൽത്താൻ ബത്തേരി), ശ്രീ.ഹെരാൾഡ് ജോൺ (അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്), തുടങ്ങിയവരോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള വയനാട് ജില്ലയാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. നേരിട്ടുള്ള വിവരശേഖരണം, ശില്പശാലകൾ, സൂക്ഷ്മഗവേഷണ പഠനങ്ങൾ, അഭിമുഖം, കേന്ദ്രീകൃത ഗ്രൂപ്പ് ചർച്ചകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിശദമായ അപഗ്രഥന പഠനങ്ങൾ നടത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിന് നേതൃത്വം നൽകിയ വകുപ്പിലെ വികസനപഠനവിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന പി.വി.മിനി, റിസർച്ച് അസിസ്റ്റന്റ് വി.കെ.മായമോൾ, ഫീൽഡ്തല പഠനം നടത്തുന്നതിന് നിയമിച്ച പ്രൊജക്റ്റ് ഫെല്ലോമാരായ ചിത്രബേബി, ഫസീല അബ്ദുള്ള എന്നിവരുടെ ചിട്ടയോടെയുള്ള പ്രവർത്തന മികവു കൊണ്ടാണ് സമയബന്ധിതമായി ഈ റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്.

പഠനത്തിന്റെ കണ്ടെത്തലുകളും, പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള ഈ റിപ്പോർട്ട് പരിശോധനയ്ക്കും, മേൽനടപടികൾക്കുമായി സമർപ്പിക്കുന്നു.

സ്ഥലം : ഡോ.ബിന്ദു.എസ്
തീയ്യതി : ഡയറക്ടർ

# ഉള്ളടക്കം

## വാല്യം-1


| | | |
|---|---|---|
| | | പേജ് |
| അദ്ധ്യായം-1 | ആമുഖം | |
| അദ്ധ്യായം-2 | വയനാട് ജില്ലയിലെ ഗോത്രവർഗ്ഗവിഭാഗങ്ങളും പശ്ചാത്തലവും | |
| അദ്ധ്യായം-3 | സങ്കേതങ്ങളും ഗുണഭോക്താക്കളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും | |
| അദ്ധ്യായം-4 | വനാവകാശനിയമം വയനാട് ജില്ലയിൽ | |
| അദ്ധ്യായം-5 | വനാവകാശനിയമവും ഉപജീവനമാർഗ്ഗവും | |
| അദ്ധ്യായം-6 | കണ്ടെത്തലുകൾ, നിർദേശങ്ങൾ, ഉപസംഹാരം. | |

| പട്ടികകൾ | | പേജ് |
|---|---|---|
| | **അദ്ധ്യായം 1** | |
| 1.1 | സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ശുപാർശ - സമുദായടിസ്ഥാനത്തിൽ ചെയ്തത് | 8 |
| 1.2 | പട്ടിവർഗ്ഗവികസന ഓഫീസുകളുടെ പരിധിയും സമുദായങ്ങളുടെ പ്രാതിനിധ്യവും | 10 |
| 1.3. | സമുദായടിസ്ഥാനത്തിൽ-വിവരശേഖരണത്തിന്തെരഞ്ഞെടുക്കപ്പെട്ടവർ | 11 |
| | **അദ്ധ്യായം 2** | |
| 2.1 | സമുദായടിസ്ഥാനത്തിൽ സ്ത്രീ-പുരുഷ ജനസംഖ്യ | |
| | **അദ്ധ്യായം 3** | |
| 3.1 | സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ ശുപാർശ പട്ടിക | |
| 3.2 | സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെശുപാർശ പട്ടിക | |
| 3.3 | സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെശുപാർശ പട്ടിക | |
| 3.4 | ഏക സമുദായ അംഗങ്ങൾ മാത്രം അധിവസിക്കുന്ന സങ്കേതങ്ങൾ | |
| 3.5. | രണ്ട് സമുദായങ്ങളിലെ അംഗങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ | |
| 3.6 | രണ്ടിൽ കൂടുതൽ സമുദായങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ | |
| 3.7 | വനത്തിന്റെ സ്വഭാവം | |
| 3.8 | ഗതാഗത സൗകര്യം | |
| 3.9 | കൈവശരേഖ ലഭിച്ച ഭൂമിയിൽ താമസമില്ലാത്തവർ | |
| 3.10 | വീടിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ സമുദായ അടിസ്ഥാനത്തിൽ | |
| 3.11 | ഭവനനിർമ്മാണത്തിന്റെ രീതി | |
| 3.12 | വീടിന്റെസ്ഥിതി | |

3.13 പൂർത്തിയാക്കിയ കാലഘട്ടം

3.14. വീടിന്റെ മേൽക്കൂര

3.15 അടുക്കള സൗകര്യം - സമുദായടിസ്ഥാനത്തിൽ

3.16 കക്കൂസ്

3.17 വീടിലേയ്ക്കുള്ള വൈദ്യുതി

3.18 കുടിവെള്ള ലഭ്യതയുടെ ഉറവിടം

3.19 കുടിവെള്ള ലഭ്യതയുടെ ഉറവിടം-സങ്കേതടിസ്ഥാനത്തിൽ

3.20 വയസ്സും സമുദായങ്ങളും

3.21 കാട്ടുനായിക്കൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.22 പണിയൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.23 മുള്ളുകുറുമൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.24 കുറിച്ച്യൻ -ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.25. വെട്ടകുറുമൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.26 തച്ചനാടൻ മൂപ്പൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.27 അടിയാൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.28 കുടുംബഘടനയും സമുദായങ്ങളും

3.29 വൈവാഹിക സ്ഥിതി

3.30 വെട്ടക്കുറുമൻ- വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.31 തച്ചനാടൻ മൂപ്പൻ - വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.32 കുറിച്ച്യൻ - വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.33 അടിയാൻ - വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.34 മുള്ളുകുറുമൻ- വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.35 പണിയൻ - വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.36 കാട്ടുനായിക്കൻ- വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.37 വിദ്യാഭ്യാസ നിലവാരം- സമുദായടിസ്ഥാനത്തിൽ

3 38 അടിയാൻ-വിദ്യാഭ്യാസം- പ്രായത്തിന്റെ അടിസ്ഥാനത്തിൽ

.3.39 വെട്ടക്കുറുമൻ-വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3 .40 തച്ചനാടൻ മൂപ്പൻ-വിദ്യാഭ്യാസം -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3 .41 കുറിച്ച്യൻ-വിദ്യാഭ്യാസം -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3 .42 മുള്ളുകുറുമൻ-വിദ്യാഭ്യാസം -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3 .43 പണിയൻ -വിദ്യാഭ്യാസം -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3 .44 കാട്ടുനായ്ക്കൻ- വിദ്യാഭ്യാസം -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.45 മുഖ്യ തൊഴിലുകൾ- സമുദായടിസ്ഥാനത്തിൽ

3.46 അടിയാൻ-തൊഴിൽ -പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.47 കുറിച്ച്യൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3..48 തച്ചനാടൻ മൂപ്പൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.49 വെട്ടക്കുറുമൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.50 മുള്ളുകുറുമൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.51 പണിയൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.52 കാട്ടുനായിക്കൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

3.53 റേഷൻകാർഡ്

3.54 ഭൂമിയുടെ ഉടമസ്ഥത

3.55 കൈവശം വച്ചിരുന്ന ഭൂമി:

3.56 കൈവശം വച്ചിരുന്ന ഭൂമിയുടെ വിസ്തീർണ്ണം

**അദ്ധ്യായം 4**

4.1 ഊരുസഭ രൂപീകരണം - അറിവ്- സമുദായടിസ്ഥാനത്തിൽ

4.2 ഊരുസഭയിലെ പങ്കാളിത്തം

4.3 വനാവകാശസമിതി

4.4 വനാവകാശസമിതി രൂപീകരണം സമുദായടിസ്ഥാനത്തിൽ

4.5 വനാവകാശസമിതിയിലെ അംഗങ്ങളുടെ എണ്ണം

4.6 വനാവകാശസമിതിയിലെ ഭാരവാഹിത്വം വഹിക്കുന്നവർ

4.7 വനാവകാശസമിതിയിലെ പദവി

4.8 സങ്കേതവും വനാവകാശസമിതി അംഗങ്ങളും

4.9 വനാവകാശസമിതിയിലെ അംഗങ്ങളും സമുദായവും

4.10 എഫ്.ആർ.സി അംഗങ്ങളുടെ എണ്ണം

4.11 വനാവകാശസമിതി അംഗങ്ങളുടെ പ്രായപരിധി-സ്ത്രീ-പുരുഷ അടിസ്ഥാനത്തിൽ

4.12 വനാവകാശസമിതിയിലെ അംഗങ്ങളുടെ വിദ്യാഭ്യാസയോഗ്യത-സ്ത്രീ-പുരുഷ അടിസ്ഥാനത്തിൽ

4.13 വനാവകാശസമിതിയഗംങ്ങളുടെ, മുഖ്യതൊഴിൽ

4.14 വനാവകാശസമിതിയും, ഉപതൊഴിലും

4.15 നിയമത്തിലുള്ള അറിവ്- സമുദായടിസ്ഥാനത്തിൽ

4.16 അറിവ് ലഭിച്ചതിന്റെ ഉറവിടം

4.17 അവകാശം ലഭിച്ച വർഷം സമുദായടിസ്ഥാനത്തിൽ

4.18 പരമ്പരാഗതമായി ഭൂമി കൈവശം വച്ചിരുന്ന മുഴുവൻ ഭൂമിയ്ക്കും അവകാശവാദം- സമുദായടിസ്ഥാനത്തിൽ

4.19 അവകാശവാദം ഉന്നയിച്ച മുഴുവൻ ഭൂമിക്കും അവകാശം

4.20 ഭൂമി അളന്ന് തിട്ടപ്പെടുത്തിയത് കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ

4.21 വനാവകാശനിയമപ്രകാരം അവകാശം ലഭിച്ച ഭൂമി

4.22 ഭൂമിയുടെ തരം

4.23 അവകാശരേഖയുടെ ഉടമസ്ഥത- സമുദായടിസ്ഥാനത്തിൽ

4.24 സാമൂഹ്യാവകാശം—അറിവ്- സമുദായടിസ്ഥാനത്തിൽ

4.25 സാമൂഹ്യാവകാശരേഖ കൈപ്പറ്റിയ സങ്കേതങ്ങൾ

4.26 സാമൂഹ്യാവകാശം- സമുദായടിസ്ഥാനത്തിലും മേഖല തിരിച്ചും

4.27 CFRMCരൂപീകരണം- അറിവ്- സമുദായടിസ്ഥാനത്തിൽ

4.28 വികസനാവശ്യങ്ങൾക്കുള്ള അവകാശം

4.29 വികസനാവകാശത്തിന് അപേക്ഷ സമർപ്പിച്ചതിന്റെ വിവരങ്ങൾ

4.30 ജീവിതനിലവാരത്തിൽ മാറ്റം - സമുദായടിസ്ഥാനത്തിൽ

**അദ്ധ്യായം 5**

5.1 ഉപജീവനമാർഗ്ഗങ്ങൾ - സമുദായടിസ്ഥാനത്തിൽ

5.2 വനവിഭവങ്ങളുടെ വിപണനം

5.3 ഉപജീവനമാർഗ്ഗത്തിൽ വന്ന മാറ്റം

5.4 വരുമാനത്തിനായി വനവിഭവശേഖരണം സമുദായടിസ്ഥാനത്തിൽ

5.5 വനാവകാശം വന്നതിലൂടെ വനവിഭവങ്ങൾ സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം

5.6 വനവിഭവങ്ങളുടെ വിപണനം

.5.7 വനവിഭവശേഖരണത്തിൽ ഏർപ്പെടുന്ന കാലയളവ്

5.8 വനവിഭവങ്ങളുടെ ലഭ്യത

5.9 ഭക്ഷണാവശ്യങ്ങൾക്കായി വനവിഭവങ്ങളുടെ ഉപയോഗം

5.10 ശേഖരിക്കുന്ന ഭക്ഷ്യവിഭവങ്ങൾ

5.11 വിഭവങ്ങൾ,ശേഖരിക്കുന്ന കാലയളവ് - സമുദായടിസ്ഥാനത്തിൽ

5.12 ജലവിഭവങ്ങളുടെ ഉപയോഗം

5.13 അവകാശം ലഭിച്ച ഭൂമിയിൽ കൃഷി. സമുദായാടിസ്ഥാനത്തിൽ

5.14 കൃഷി- സമുദായടിസ്ഥാനത്തിൽ

5.15 കൃഷി ചെയ്യാത്തതിന്റെ കാരണങ്ങൾ

5.16 കാർഷിക പദ്ധതികൾ

5.17 മൃഗപരിപാലനവും സമുദായങ്ങളും

5.18 വളർത്തുമൃഗങ്ങളുടെ തീറ്റ

5.19. വനമേഖലയിൽ കാലിമേയ്ക്കാൻ തടസ്സങ്ങൾ- സമുദായടിസ്ഥാനത്തിൽ

5.20 വരുമാനം സമുദായടിസ്ഥാനത്തിൽ

5.21 വനാശ്രയം; നിലവിൽ

5.22 ഉപജീവനമാർഗ്ഗങ്ങൾ സമുദായടിസ്ഥാനത്തിൽ (ശില്പശാല)

## ചാർട്ടുകൾ

അദ്ധ്യായം 2

2.ജി.1 ഊരുകൾ സമുദായടിസ്ഥാനത്തിൽ

2.ജി.2 റിസർവ്വ് വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഊരുകൾ

അദ്ധ്യായം 3

3.ജി.1 സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ശുപാർശകൾ - പട്ടിവർഗ്ഗവികസന ഓഫീസുകളുടെ അടിസ്ഥാനത്തിൽ

3.ജി.2 സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ശുപാർശകൾ- സമുദായാടിസ്ഥാനത്തിൽ

3.ജി.3 വീടിന്റെ ഉടമസ്ഥത

അദ്ധ്യായം 4

4.ജി.1 നിയമത്തെ കുറിച്ചുള്ള അറിവ്

അദ്ധ്യായം 5

5.ജി.1 വരുമാനത്തിനായി വനവിഭവശേഖരണം

5.ജി.2 വനവിഭവങ്ങളുടെ മൂല്യം വർദ്ധിപ്പിച്ചുള്ള വിൽപ്പന

5.ജി.3 ഭക്ഷണാവശ്യങ്ങൾക്കു വേണ്ടി വനവിഭവങ്ങളുടെ ഉപയോഗം

5.ജി.4 പച്ചമരുന്നു ശേഖരണം

5.ജി.5 പച്ചമരുന്നുകൾ ശേഖരിക്കുന്നതിന് തടസ്സം

5.ജി.6 വനവിഭവങ്ങൾ ശേഖരിക്കുന്നതിലെ വ്യവസ്ഥകളിൽ മാറ്റം

**അനുബന്ധങ്ങൾ**

അദ്ധ്യായം 1

അനുബന്ധം 1 വനാവകാശനിയമത്തിന്റെ മലയാള പരിഭാഷ

അനുബന്ധം 2 ടി.ആർ.ഡി.എം ന്റെ 2017 മാർച്ച് 31 വരെയുള്ള സ്ഥിതിവിവരകണക്കുകൾ

അനുബന്ധം 3 വിവിധ കമ്മിറ്റികളുടെ ചുമതലകളും,ഉത്തരവാദിത്തങ്ങളും

അനുബന്ധം 4 സാമൂഹ്യാവകാശ രേഖകൾ വയനാട് ജില്ലയുടെ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്

അനുബന്ധം 5 State Lands Encroachments Ordinance1840

അദ്ധ്യായം 4

അനുബന്ധം 6 സബ് ഡിവിഷണൽ സമിതിയുടെ നടപടിക്രമങ്ങൾ

അനുബന്ധം 7 സാമൂഹ്യ വനവിഭവ മേഖലാ കമ്മിറ്റി രൂപീകരണം

ചുരുക്കെഴുത്തുകൾ

നയങ്ങളും, നിയമങ്ങളും

സഹായ ഗ്രന്ഥങ്ങൾ

**വാല്യം-2**

സബ്ഡിവിഷണൽ തല സമിതി വ്യക്തിഗത അവകാശത്തിന് ശുപാർശ ചെയ്തവരുടെ പട്ടിക

# അദ്ധ്യായം1

## 1.1 ആമുഖം

ഗോത്രവർഗ്ഗക്കാരും, അവരുടെ അധിവാസ ഭൂമിയും സംബന്ധിച്ച പ്രശ്നങ്ങൾ ഇൻഡ്യൻ ഭരണഘടന രൂപീകരണവേളയിൽ എറെ ചർച്ച ചെയ്യപ്പെടുകയും ദശാബ്ദങ്ങൾക്കിപ്പുറം ഇന്നും, ഉന്നയിക്കപ്പെടുകയും ചെയ്യുന്ന പ്രധാന വിഷയമാണ്. ഗോത്രവർഗ്ഗവിഭാഗക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിത പരിസരവും, സംസ്കാരവും, ആചാരനുഷ്ഠാനങ്ങളുമെല്ലാം അധിവാസ ഭൂമിയെ ആശ്രയിച്ചാണിരിക്കുന്നത്. വനങ്ങളിലും വനങ്ങളോട് ചേർന്ന പ്രദേശങ്ങളിലുമാണ് പൊതുവെ ഗോത്രവർഗ്ഗക്കാർ അധിവസിച്ചുപോരുന്നത്. തങ്ങളുടെ നിലനിൽപ്പിനും, നിത്യജീവിതവുമായി ബന്ധപ്പെട്ട ഉപജീവനോപാധികൾക്കെല്ലാം തന്നെ അവരാശ്രയിച്ചുപോരുന്നതും വനത്തെയും, വനവിഭവങ്ങളെയാണെന്നുള്ളത് വസ്തുതയാണ്. എന്നാൽ, എല്ലാ കാലത്തും വനത്തിൻമേലുള്ള ഗോത്രവർഗ്ഗക്കാരുടെ അധികാരവും, അവകാശങ്ങളും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. പലപ്പോഴും ഗോത്രവർഗ്ഗവിഭാഗങ്ങളെ ആവാസഭൂമിയിൽ നിന്നും നിഷ്കാസിതരാക്കുന്നതിന് നിയമ പിൻബലം പോലും ഉണ്ടായിരുന്നു. ഇതോടോപ്പം മറ്റു ജനസമൂഹങ്ങളുടെ ഇടപെടലുകൾ സൃഷ്ടിച്ച അസ്വസ്ഥതകൾ അവരുടെ നിലനില്പ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരുന്നു..

വനസംരക്ഷണത്തിന് വേണ്ടി ആവിഷ്കരിച്ചതായിട്ടുള്ള നിയമങ്ങൾ ഗോത്രജനതയുടെ ജീവിതത്തെ പലപ്പോഴും ദുഷ്കരമാക്കി. വനത്തിനെ പ്രധാനമായി കച്ചവട താല്പര്യത്തിനും, കുറെയൊക്കെ അവയുടെ സംരക്ഷണവും, നടത്തിപ്പും മാത്രം പ്രതിപാദിച്ച നിയമങ്ങൾ ഗോത്രവർഗ്ഗക്കാരുടെയും, പരമ്പരാഗത വനവാസികളുടെയും അവകാശങ്ങളെക്കുറിച്ച് മൗനം പാലിച്ചു. 1980 ലെ വനസംരക്ഷണ നിയമത്തിന്റെ ചുവടുപിടിച്ച് വനത്തിനുള്ളിലെ ചെറിയ വികസനപ്രവർത്തനങ്ങൾ പോലും വനസംരക്ഷണത്തിന്റെ പേരിൽ തടസപ്പെട്ടു. അതോടെ ഇടംനഷ്ടപ്പെട്ടുപോയ ഗോത്രവർഗ്ഗക്കാർ അവരുടെ മണ്ണിൽ നിന്ന് കുടിയിറക്ക് ഭീഷണി നേരിട്ടു. വനഭൂമിയുടെ യഥാർത്ഥ അവകാശികളായ അവരെ 'അതിക്രമിച്ച് കടന്നവരായാണ്' പല നിയമങ്ങളും ചിത്രീകരിച്ചത്. ഈ വെല്ലുവിളികൾ ആ സമൂഹത്തിന്റെ ദൈനദിന ജീവിതത്തെ തന്നെ അലോസരപ്പെടുത്തി.

വനവും, ഗോത്രവർഗ്ഗങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധവും, വനത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുത്താതെ അതിനെ ഉപയോഗിക്കാനും, സംരക്ഷിക്കാനുമുള്ള അവരുടെ അറിവും കഴിവും തിരിച്ചറിയാതെയാണ് പലപ്പോഴും നിയമങ്ങൾ രൂപീകരിക്കപ്പെട്ടത്. പകരം, വനസംരക്ഷണത്തിനും, പരിചരണത്തിനും തികച്ചും 'ശാസ്ത്രീയമായ രീതികൾ' എന്ന നിലയ്ക്ക് അവലംബിക്കുകയുണ്ടായി. ഈ മാർഗ്ഗങ്ങൾ ഗോത്രവർഗ്ഗങ്ങളെയും, അവരുടെ വനസംരക്ഷണ രീതികളെയും ഉൾക്കൊള്ളാൻ പര്യാപ്തമായിരുന്നില്ല. ബ്രിട്ടീഷ്

ഇന്ത്യയിലും, സ്വതന്ത്ര്യ ഇന്ത്യയിലും പാസാക്കിയ വനനിയമങ്ങളിലെല്ലാം ഈ അനീതി ഏറിയോ, കുറഞ്ഞോ നിലനിന്നിരുന്നു. വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ഗോത്ര വർഗ്ഗങ്ങളോടുള്ള ഇത്തരം അവകാശ നിഷേധങ്ങൾക്കും സമീപനങ്ങൾക്കും 'ചരിത്രപരമായ' തിരുത്തുമായി രൂപം നൽകിയ നിയമമാണ് പട്ടിക ഗോത്രവർഗ്ഗങ്ങളും, മറ്റ് പരമ്പരാഗത വനവാസികളും(വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം,2006 (The Scheduled Tribes and other Traditional Forest Dwellers Recognition of Rights)Act,2006, അഥവാ വനാവകാശ നിയമം . പ്രസ്തുത നിയമത്തിന്റെ മലയാള പരി ഭാഷ **<u>അനുബന്ധം 1</u>** ൽ നൽകിയിട്ടുണ്ട്.

2006 ഡിസംബർ 27 ന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച ഈ നിയമത്തിന് 2008 ജനു വരി ഒന്നിനാണ് നടപ്പാക്കാനാവശ്യമായ നടപടി ചട്ടങ്ങൾ ആവിഷ്കരിച്ചത്. കേന്ദ്ര ഗോത്രവർഗ്ഗ കാര്യ മന്ത്രാലയം നേതൃത്വം നൽകുന്ന ഈ നിയമം സംസ്ഥാനതലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആണ് നടപ്പിലാക്കുന്നത്. വനാവകാശ നിയമം(Forest Rights Act-FRA) പാസാക്കാനുള്ള മൂന്ന് കാരണങ്ങൾ ഈ നിയമത്തിന്റെ ആമുഖത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1) വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും, മറ്റ് പരമ്പരാഗത വനവാസികളു ടെയും അംഗീകൃത അവകാശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കലും, പരി സ്ഥിതീയ സന്തുലനം നിലനിർത്തലും, ഉൾപ്പെടുന്നതിനാലും, അതുവഴി അവരുടെ ഉപജീവനവും, ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തി വനങ്ങളുടെ സംര ക്ഷണവ്യവസ്ഥ ശക്തിപ്പെടുത്തേണ്ടതിനാലും.
2) അധിനിവേശ കാലഘട്ടത്തിലും, സ്വതന്ത്ര്യ ഇന്ത്യയിലും സംസ്ഥാന വനങ്ങളുടെ ഏകീകരണത്തിൽ വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാ ഗത വനവാസികളുടെയും വനാവകാശങ്ങളും, അവരുടെ സ്വാഭാവിക വാസസ്ഥാ നവും പര്യാപ്തമായി അംഗീകരിക്കപ്പെടാതിരുന്നതിന്റെ ഫലമായി ചരിത്രപരമായ അനീതി ഉണ്ടായിട്ടുള്ളതിനാലും.
3) സംസ്ഥാന വികസന ഇടപെടലുകൾ മൂലം വാസസ്ഥലം പുനസ്ഥാപിക്കുവാൻ നിർബന്ധിതരായവർ ഉൾപ്പെടെയുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളു ടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും ജന്മാവകാശങ്ങളുടെയും, പ്രവേശ നാവകാശങ്ങളുടെയും ദീർഘകാലമായി നിലനിൽക്കുന്ന അരക്ഷിതത്വം ശ്രദ്ധ യിൽ കൊണ്ടുവരേണ്ടതിനാൽ –

തലമുറകളായി വനങ്ങളിൽ ജീവിക്കുകയും, തൊഴിലെടുക്കുകയും ചെയ്യുന്ന, എന്നാൽ അവകാശങ്ങൾ പലതരത്തിൽ രേഖപ്പെടുത്തുകയോ / രേഖപ്പെ ടുത്തുകയോ ചെയ്യാത്ത പട്ടികവർഗ്ഗവിഭാഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസിക ൾക്കും അവർ താമസിക്കുന്ന വനഭൂമിയിൽ കൈവശാവകാശം നൽകുക എന്നതാണ്

വനാവകാശനിയമത്തിന്റെ കാതൽ. പ്രധാനമായും മൂന്നുതരത്തിലുള്ള അവകാശങ്ങളാണ് ഗോത്രവർഗ്ഗങ്ങൾക്ക് നൽകാൻ. നിയമം അനുശാസിക്കുന്നത്.

(1) വ്യക്തിഗത അവകാശം

(2) സാമൂഹികാവകാശം

(3).വികസനാവശ്യങ്ങൾക്കുള്ള അവകാശം.

2008 ലെ ചട്ടങ്ങൾക്ക് 2012 സെപ്തംബറിൽ ഭേദഗതി ചെയ്യുകയുണ്ടായി. വനാവകാശ സമിതികളിലെ പട്ടികവർഗ്ഗ പ്രാതിനിധ്യത്തെയും, വർദ്ധിപ്പിക്കുകയും, സാമൂഹ്യാവകാശങ്ങൾക്കും, വികസനാവശ്യത്തിനും പ്രത്യേകം അപേക്ഷ സമർപ്പിക്കണമെന്നുമാണ് ഭേദഗതിയിലെ പ്രധാന കൂട്ടിച്ചേർക്കൽ. ഇതനുസരിച്ച് ഗ്രാമസഭയിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം മൂന്നിൽ രണ്ട് വേണമെന്നും വനിതാ പ്രാതിനിധ്യം മൂന്നിൽ കുറയാതെ വേണമെന്നും ഉറപ്പുവരുത്തുകയുണ്ടായി.

വനാവകാശ നിയമം നടപ്പിലാക്കുന്നത് ഓരോ സംസ്ഥാനങ്ങളുമായതിനാൽ നിയമത്തിന്റെ പ്രവർത്തന രീതികളും, ഭൂമിയുടെ വിതരണവും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ മുഴുവനായി ഒരു ഏകീകൃത മാതൃകയിലല്ല നിയമം നടപ്പിലാക്കിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ നിയമം താരതമ്യേന മികച്ച രീതിയിൽ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ചിലതിൽ യാതൊരു നടപടിയും പ്രസ്തുത നിയമത്തിനായി സ്വീകരിച്ചിട്ടില്ല. വനാവകാശ നിയമം നടപ്പിലാക്കിയതിൽ ഒഡിഷ മുന്നിട്ടു നിൽക്കുമ്പോൾ ബീഹാർ, ആസ്സാം, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ഉത്തർപ്രദേശ്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വനത്തിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരുടെ പ്രകടമായ സാന്നിദ്ധ്യമുള്ള സംസ്ഥാനങ്ങളാണ് ഇവയെന്നത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

കേരളത്തിൽ 2008– 2009 മുതലാണ് വനാവകാശ നിയമം നടപ്പിലാക്കി തുടങ്ങിയത്. രണ്ടാം ഭൂപരിഷ്കരണനിയമമായാണ് സംസ്ഥാനത്ത് പ്രസ്തുത നിയമം വിവക്ഷിക്കപ്പെടുന്നത്. ടി.ആർ.ഡി.എം ന്റെ (Tribal Resettlement and Development Mission) 2017 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്താകെ 25081 പേർക്ക് 33778.11 ഏക്കർ വനഭൂമിയിൽ അവകാശം നൽകിയിട്ടുള്ളത് . വ്യക്തിഗത അവകാശത്തിൽ ഇത്രയും ഭൂമിക്ക് രേഖ നൽകിയപ്പോൾ സാമൂഹ്യാവകാശത്തിൽ 164 അവകാശ രേഖയാണ് 31.03.2018 വരെ നൽകിയിട്ടുള്ളത്. ഇതോടോപ്പം 455 വികസനാവശ്യങ്ങൾക്കായി 187 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.(വിശദാംശങ്ങൾ **<u>അനുബന്ധം 2</u>** ൽ നല്കിയിട്ടുണ്ട്. )

നിയമം പാസായതിന്റെ ആദ്യ ദശാബ്ദം പിന്നിടുമ്പോൾ, സംസ്ഥാനത്ത് ഗോത്രവർഗ്ഗവിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന വയനാട് ജില്ലയിൽ നിയമം നടപ്പിലാക്കിയതെങ്ങനെയെന്നും, അത് അവരുടെ ജീവിതത്തിൽ വരുത്തിയ സ്വാധീനമെന്തെന്നുമാണ് ഈ പഠനത്തിലൂടെ പ്രധാനമായും കണ്ടെത്താൻ ശ്രമിക്കുന്നത്. വനാവകാശ നിയമം

വരുത്തിയ സ്വാധീനം പഠനവിധേയമാക്കുന്നതിനൊടൊപ്പം തന്നെ, കൂടുതൽ ഫലപ്രദമായി ഇത് നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാനും ഈ വിലയിരുത്തൽ പഠനത്തിലൂടെ ലക്ഷ്യമിടുന്നു.

### 1.2 ഉദ്ദേശ്യലക്ഷ്യങ്ങൾ

1. കൈവശഭൂമിയിന്മേലുള്ള അവകാശങ്ങൾ എത്രത്തോളം അംഗീകരിക്കപ്പെട്ടു എന്ന് കണ്ടെത്തുക.
2. അവകാശം ലഭിച്ച ഭൂമിയിലും, അതിലെ വിഭവങ്ങളിലും ഉള്ള അവകാശങ്ങൾ അംഗീകരിക്കപ്പെട്ടതിലൂടെ അവരുടെ ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിന് അവ പര്യാപ്തമായോ എന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും കണ്ടെത്തുക.
3. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കിയ സങ്കേതങ്ങൾ പരിശോധിക്കുകയും, അവ ഫലപ്രദമായതിന് സഹായകരമായ ഘടകങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുകയും ചെയ്യുക.

### 1.3. പഠനത്തിന്റെ പ്രാധാന്യം

വനാവകാശ നിയമത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നതു പോലെ, വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗോത്രവിഭാഗക്കാരോടുള്ള 'ചരിത്രപരമായ അനീതി' ഇല്ലാതാക്കാൻ ഈ നിയമം വഴി സാധിച്ചിട്ടുണ്ടോ എന്നതാണ് പഠനത്തിന്റെ പ്രധാന ഊന്നൽ. കൈവശാവകാശം ലഭിച്ച ഭൂമി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടോയെന്നതും, പ്രസ്തുത ഭൂമിയിലെ വിഭവങ്ങൾ ഉപയോഗപ്പെടുത്താനാവുന്നുണ്ടോയെന്നതും നിയമത്തിന്റെ കാതലായ ഈ ഭാഗത്തെ സാധൂകരിക്കേണ്ടതാണ്. നിയമം പാസാക്കി പത്തു വർഷത്തിനിടയിൽ നിയമത്തിന്റെ സ്വാധീനത്തെ കുറിച്ച് വിശദമായ ഒരു പഠനം സംസ്ഥാനതലത്തിൽ സമഗ്രമായി നടന്നിട്ടില്ല എന്നതും ഈ വിലയിരുത്തൽ പഠനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് തങ്ങളുടെ അടിസ്ഥാന പ്രശ്നമായ ഭൂമി, കൈവശാവകാശം ലഭിച്ചതിലൂടെ ഗുണപരമായ മാറ്റത്തിന് വിധേയമായിട്ടുണ്ടോ എന്നതും പഠനവിധേയമാക്കി. കൂടാതെ, നിയമത്തിലും ചട്ടത്തിലും പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകളും, ,നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്നതും, ഏത് രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നതെന്നും നിയമലംഘനം നടന്നിട്ടുണ്ടോ എന്നും തുല്യപ്രാധാന്യമർഹിക്കുന്ന പഠനവിഷയങ്ങളാണ്.

## 1.4. മുന്നൊരുക്കങ്ങൾ

- പ്രാരംഭ പഠനത്തിനായി പൂതാടി പഞ്ചായത്തിലെ ഓടക്കുറ്റി സങ്കേതം സന്ദർശിച്ചു. വനാവകാശരേഖ ലഭിച്ചവരെ നേരിൽ കാണുകയും, രേഖ പരിശോധിക്കുകയും ചെയ്തു.
- ഇതിന്റെ അടിസ്ഥാനത്തിലും ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിലും വിവരശേഖരണത്തിനായുള്ള പട്ടിക(ഷെഡ്യൂളുകൾ) തയ്യാറാക്കി. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തുകയും പോവുകയും, പട്ടികൾ(ഷെഡ്യൂളുകൾ) വീണ്ടും പരിഷ്കരിക്കുകയും ചെയ്തു.
- ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവരശേഖരണത്തിനായുള്ള സങ്കേതങ്ങൾ പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന ആഫീസ് / സംയോജിത പട്ടികവർഗ്ഗ വികസന പ്രൊജക്ട് ഓഫീസ്/ സമുദായം എന്നിവ മാനദണ്ഡമാക്കി തിരഞ്ഞെടുത്തു. ഇതിനു മുന്നോടിയായി വയനാട് ജില്ലയിലെ വനാവകാശ നിയമം നടപ്പിലാക്കിയ എല്ലാ പഞ്ചായത്തുകളുടെയും, കൈവശരേഖ ലഭിച്ച എല്ലാ വ്യക്തികളുടെയും പട്ടിക തയ്യാറാക്കി പ്രൊമോട്ടർമാർ മുഖാന്തിരവും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് മുഖാന്തിരവും, അവരുടെ സമുദായ വിവരങ്ങൾ ശേഖരിച്ചു.

## 1.5 രീതിശാസ്ത്രവും, സമീപനവും

കേരളത്തിലെ ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെ 12 ജില്ലകളിലാണ് വനാവകാശനിയമം നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത ജില്ലകളിൽ 2009-2017 കാലയളവിൽ ആണ് പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങൾക്ക് അവകാശരേഖ നൽകിയിരിക്കുന്നത്. ഇതിൽ ഏറ്റവും കൂടുതൽ ഭൂമിയിൽ വ്യക്തിഗതാവകാശരേഖ നൽകിയിരിക്കുന്നത് ഇടുക്കി ജില്ലയിലാണ് (7729) പേർക്ക്. ഏറ്റവും കുറവ് അവകാശം ലഭിച്ചിരിക്കുന്നത് കോഴിക്കോട് ജില്ലയിലാണ് (11 പേർക്ക്).(31.03.2017 വരെയുള്ള ടി.ആർ.ഡി.എം ന്റെ കണക്ക് പ്രകാരം.)

സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി കൊണ്ടുള്ള വിവരശേഖരണവും, വിലയിരുത്തലും ഏറെ സമയവും, മാനവ വിഭവശേഷിയും ആവശ്യമായി വരുന്നതിനാൽ വനത്തിനുള്ളിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന ജില്ലയെന്ന നിലയ്ക്ക് വയനാട് ജില്ലയെ ആണ് തിരഞ്ഞെടുത്തിരിക്കുന്നത്. വ്യക്തിഗത അവകാശങ്ങൾ നല്കിയതിൽ മൂന്നാംസ്ഥാനത്തും, സാമൂഹ്യാവകാശം, വികസനാവശ്യങ്ങൾക്കുള്ള അവകാശം എന്നിവ നൽകിയതിൽ ഒന്നാംസ്ഥാനത്തുമാണ് പ്രസ്തുത ജില്ലയുള്ളത്. 2017 ജൂൺ മുതൽ ഡിസംബർ വരെയുള്ള ആറുമാസ കാലയളവാണ് പഠനത്തിനായി തിരഞ്ഞെടുത്തത്. ഈ വകുപ്പിലെ വികസന പഠനവിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ വികസന പഠനവിഭാഗത്തിലെ റിസർച്ച് അസിസ്റ്റന്റിനെയാണ് പഠനത്തിന്റെ മുഖ്യ ചുമതല ഏല്പിച്ചിരുന്നത്. പ്രസ്തുത ടീമിന്റെ ഫീൽഡ് തല പ്രവർത്തന

ത്തിന് വേണ്ടി രണ്ട് റിസർച്ച് ഫെലോമാരുടെയും സേവനം പ്രയോജനപ്പെടുത്തുക യുണ്ടായി.

വിലയിരുത്തൽ പഠനത്തിനായി വനാവകാശനിയമം നടപ്പിലാക്കിയ പ്രക്രിയ യിൽ പങ്കാളികളായ മുഴുവൻ സംവിധാനത്തിലെയും പ്രതിനിധികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പ്രധാനമായി, നിയമത്തിന്റെ ഗുണഭോക്താക്കളെയാണ് വിവരശേഖരണ ത്തിനും, വിലയിരുത്തലിനുമായി ആശ്രയിച്ചിരിക്കുന്നത്.

1.5 .1 <u>ഘട്ടങ്ങൾ</u>

വിലയിരുത്തൽ പഠനം പ്രധാനമായും മൂന്ന് ഘട്ടങ്ങളിലൂടെയാണ് നടത്തിയിരിക്കു ന്നത്. ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയശേഷം നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ ലിഖിത രേഖകളുടെ ശേഖരണവും അപഗ്രഥനവും, ലൈബ്രറി, ആനുകാലികങ്ങൾ, ഇന്റർനെറ്റ് എന്നിവിടങ്ങളിൽ നിന്നും വനാവകാശനിയമവുമായും അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ലേഖന ങ്ങളിലൂടെയും പ്രബന്ധങ്ങളിലുടെയും നിയമത്തെ കുറിച്ച് അറിവ് നേടലുമായിരുന്നു ആദ്യഘട്ടം. ഇതിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള വിവരശേഖരണവും, ഗുണഭോക്താക്ക ളെയും, പ്രൊമോട്ടർമാരെയും, വിദഗ്ദ്ധ സമിതിയെയും ഉൾപ്പെടുത്തി സംഘടിപ്പിച്ച രണ്ട് ശിൽപ്പശാലകളും രണ്ടാംഘട്ടവും, ശേഖരിക്കപ്പെട്ട മുഴുവൻ വിവരങ്ങളുടെയും ക്രോഡീക രണവും, അപഗ്രഥനവും, റിപ്പോർട്ട് തയ്യാറാക്കലും അടങ്ങുന്ന മൂന്നാംഘട്ടവുമാണ് പഠന ത്തിന്റെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

2012 ലെ ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം വനാവകാശ നിയമം നടപ്പിലാക്കാൻ വേണ്ടിയുള്ള താഴെ പറയുന്ന സംവിധാനങ്ങളാണ് ഉള്ളത്.

1. ഗ്രാമസഭ

1 വനാവകാശ കമ്മിറ്റി(FRC)

2 സബ്ഡിവിഷണൻ ലവൽ കമ്മിറ്റി(SDLC)

3 ജില്ലാതല കമ്മിറ്റി(DLC)

4 സംസ്ഥാന തല നിരീക്ഷണ കമ്മിറ്റി(SLMC)

5 സാമൂഹിക വനവിഭവ മേഖല കമ്മിറ്റി(CFRMC)

ഈ കമ്മിറ്റികളുടെ ചുമതലകളും, ഉത്തരവാദിത്തങ്ങളും ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്. ഇതിന്റെ മലയാള പരിഭാഷയുടെ രത്നചുരുക്കം <u>**അനുബന്ധം 3**</u> ൽ നൽകിയിട്ടുണ്ട് .

പഠനം നടത്തുന്നതിന് ഗുണഭോക്താക്കളുടെ സാമ്പിൾ തിരഞ്ഞെടുക്കുന്നതിന്, വ്യക്തിഗത അവകാശത്തിനു വേണ്ടി സബ്ഡിവിഷണൽ തല കമ്മിറ്റി ശുപാർശ

ചെയ്തതും സബ്കളക്ട്രേറ്റിൽ നിന്നും നേരിട്ട് വിവരശേഖരണം നടത്തിയിലൂടെ ലഭിച്ചതുമായ ഗുണഭോക്താക്കളുടെ സമുദായം , പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലെ രേഖകൾ എന്നിവയുടെ സഹായത്തോടെ രേഖപ്പെടുത്തി. അതിൻ പ്രകാരം സബ്ഡിവിഷണൽ തല കമ്മിറ്റി വ്യക്തിഗത അവകാശത്തിനു വേണ്ടി ശുപാർശ ചെയ്തിട്ടുള്ളത് 15 പഞ്ചായത്തുകളിലും 2 മുൻസിപാലിറ്റികളിലുമായി 234 സങ്കേതങ്ങളിലെ 8 സമുദായങ്ങളിൽപ്പെട്ട 4458 പേർക്കാണ്.

കൽപ്പറ്റ സംയോജിത പട്ടികവർഗ്ഗ വികസന പ്രൊജക്റ്റിന് കീഴിൽ വരുന്ന കൽപ്പറ്റ മുനിസിപ്പാലിറ്റി , വൈത്തിരി, പടിഞ്ഞാറത്തറ, പൊഴുതന, മുട്ടിൽ, മേപ്പാടി, മുപ്പെയ്നാട് എന്നീ പഞ്ചായത്തുകളും, സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ വികസന ആഫീസിന് കീഴിൽ വരുന്ന സുൽബത്തേരി മുനിസിപ്പാലിറ്റി, മീനങ്ങാടി, പുൽപ്പള്ളി, പൂതാടി, നൂൽപ്പുഴ പഞ്ചായത്തുകളും, മാനന്തവാടി പട്ടികവർഗ്ഗ വികസന ആഫീസിന് കീഴിൽ വരുന്ന തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട, പനമരം എന്നിങ്ങനെ രണ്ട് മുനിസിപ്പാലിറ്റികളിലും, 15 പഞ്ചായത്തുകളിലുമാണ് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്.

സമുദായടിസ്ഥാനത്തിൽ വ്യക്തിഗത അവകാശത്തിനു വേണ്ടി ശുപാർശ ചെയ്തവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1.1. **സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ശുപാർശ – സമുദായടിസ്ഥാനത്തിൽ ചെയ്തത്**

| ക്രമ നം | തദ്ദേശസ്ഥാപനങ്ങൾ | സങ്കേതങ്ങൾ | സമുദായങ്ങൾ | വ്യക്തികൾ | സമുദായങ്ങൾ തിരിച്ച് |
|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 |
| 1 | നഗരസഭകൾ (2)<br>കൽപ്പറ്റ<br>സുൽത്താൻബത്തേരി | | | | |
| 2 | ഗ്രാമപഞ്ചായത്തുകൾ(15)<br>വൈത്തിരി, പടിഞ്ഞാറത്തറ പൊഴുതന, മുട്ടിൽ, മേപ്പാടി, മുപ്പെയ്നാട് } കൽപ്പറ്റ ഐ.റ്റി.ഡി.പി<br>മീനങ്ങാടി, പുൽപ്പള്ളി, പൂതാടി, നൂൽപ്പുഴ } ബത്തേരി ടി.ഡി.ഒ<br>തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട വെള്ളമുണ്ട, പനമരം } മാനന്തവാടി ടി.ഡി.ഒ | 234 | 8 | 4458 | 1518-കാട്ടുനായിക്കൻ<br>1273-പണിയൻ<br>470-മുള്ളുകുറുമൻ<br>469-കുറിച്ച്യൻ<br>46-അടിയാൻ<br>149-തച്ചനാടൻ മൂപ്പൻ<br>523-വെട്ടകുറുമൻ<br>6-വയനാടൻ കാടർ |
| | | | | | ആകെ 4458 |

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ, ഡിവിഷണൽ തല കമ്മിറ്റിയിൽ നിന്നോ അപേക്ഷ സമർപ്പിച്ചവരുടെയും, അവകാശം ലഭിച്ച ഗുണഭോക്താക്കളുടെയും വിവരങ്ങൾ ലഭ്യമാക്കാത്തതിനാലാണ് എസ്.ഡി.എൽ.സി പാസാക്കിയ 4458 പേരുടെ വിവരങ്ങളും , ഭൂമിയുടെ അളവുമുൾപ്പെടുന്ന ഈ പട്ടികയെ പഠനത്തിനായി ആശ്രയിച്ചത്. **(പട്ടിക വാല്യം 2 ൽ ചേർത്തിട്ടുണ്ട്**).

### 1.5.2. <u>സങ്കേതങ്ങളെയും കുടുംബങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

പഠനം നടത്തുന്നതിന് ഗുണഭോക്താക്കളുടെ സാമ്പിൾ തിരഞ്ഞെടുക്കുന്നതിന്, താഴെ പറയുന്ന മാനദണ്ഡങ്ങളാണ് അവലംബിച്ചത്.

- വനാവകാശനിയമം വഴി ജില്ലയിൽ കൂടുതൽ അവകാശം നൽകിയിരിക്കുന്ന പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട കാട്ടുനായിക്കൻ വിഭാഗത്തിന് വിവരണശേഖരണത്തിൽ ഊന്നൽ നൽകി. കൂടുതൽ ഗുണഭോക്താക്കളെ നേരിൽ കണ്ടതും, പ്രസ്തുത വിഭാഗത്തിൽ നിന്നുമാണ് .
- വിവിധ സ്വഭാവത്തിലുള്ള ഭൂമികൾ ഉൾപ്പെടുത്തിയാണ് ( ഉദാ: പുനരധിവാസം, ഭൂസമരം, പാരമ്പര്യ അവകാശം) വിവരശേഖരണത്തിനായുള്ള സങ്കേതങ്ങൾ തിര ഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ട് തന്നെ, വനാവകാശം നടപ്പിലാക്കുന്നതിന് മുമ്പും , ശേഷവുമുള്ള ഭൂമിയുടെ അവസ്ഥ വിവിധ സ്വഭാവങ്ങളിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്താനാവും.
- വനാവകാശനിയമം നടപ്പിലാക്കിയ സങ്കേതങ്ങളിൽ ഗുണപരമായ മാറ്റമുണ്ടായവ യും, അല്ലാത്തവയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വിജയിച്ചവയെ മാതൃകകളായി ഉയർത്തി കാണിക്കാനും, അല്ലാത്തവയ്ക്ക് അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹ◌ാരങ്ങൾ നിർദേശിക്കനും കഴിയും.

മേൽ പരാമർശിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി സബ് ഡിവിഷണൽ കമ്മിറ്റി വ്യക്തിഗത അവകാശത്തിനു വേണ്ടി ശുപാർശ ചെയ്ത 4458 ഗുണഭോക്താക്കളിൽ നിന്ന് 890 പേരെ വിവരശേഖരണത്തിനായി തിരഞ്ഞെടുത്തു. ഇത് സമുദായം തിരിച്ച് സാമ്പിൾ ചെയ്യപ്പെട്ട 20% ആണ്. സാമ്പിളിങ്ങിനായി Stratified Random Sampling ആണ് ഉപയോഗിച്ചിട്ടുള്ളത്.

കാട്ടുനായിക്കൻ-320, പണിയൻ-252, മുള്ളുകുറുമൻ-103, കുറിച്ച്യൻ-80, അടിയാൻ-10, തച്ചനാടൻ മൂപ്പൻ-35, വെട്ടക്കുറുമൻ-105, എന്നിങ്ങനെയാണ് മാതൃക (Sample) തിര ഞ്ഞെടുത്തത്. ഒരു പ്രൊജക്ട് ഓഫീസിനും, രണ്ട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസു കൾക്കും കീഴിലുള്ള സമുദായങ്ങളുടെ പ്രാതിനിധ്യമനുസരിച്ച് ഈ മാതൃക (Sample) യെ വീണ്ടും മൂന്നായി വിഭജിച്ചു.

ഇതനുസരിച്ച് കൽപ്പറ്റ പ്രൊജക്ട് ഓഫീസിന് കീഴിൽ 17 (കാട്ടുനായിക്കൻ-50, പണി യൻ-82, മുള്ളുകുറുമൻ-8, തച്ചനാടൻ മൂപ്പൻ-35), ബത്തേരി ടി.ഡി.ഒ ക്ക് കീഴിൽ 500 ( കാട്ടുനായിക്കൻ-230, പണിയൻ-130, മുള്ളുകുറുമൻ-95, വെട്ടക്കുറുമൻ-45), മാനന്തവാടി ടി.ഡി.ഒ ക്ക് കീഴിൽ 215 (കാട്ടുനായിക്കൻ-40, പണിയൻ-40, കുറിച്ച്യൻ-80, അടിയാൻ- 10, വെട്ടക്കുറുമൻ-45) എന്നിങ്ങനെയാണ് സാമ്പിളുകൾ തിരഞ്ഞെടുത്തത്.

ഓരോ സമുദായത്തിനും, സാമ്പിൾ തിരഞ്ഞെടുത്തതിൽ നൽകിയ പ്രാതിനിധ്യം ചുവടെ ചേർക്കുന്നു.

പട്ടിക- 1.2 **പട്ടിവർഗ്ഗവികസന ഓഫീസുകളുടെ പരിധിയും സമുദായങ്ങളുടെ പ്രാതി നിധ്യവും**

| ക്രമ നം | സമുദായം | ഐ.ടി.ഡി.പി കൽപ്പറ്റ | ടി.ഡി.ഒ ബത്തേരി | ടി.ഡി.ഒ മാനന്തവാടി | ആകെ |
|---|---|---|---|---|---|
| 1 | 1 | 2 | 3 | 4 | 5 |
| 2 | കാട്ടുനായിക്കൻ | 50 | 230 | 40 | 320 |
| 3 | പണിയൻ | 82 | 130 | 40 | 252 |
| 4 | മുള്ളുകുറുമൻ | 8 | 95 | – | 103 |
| 5 | തച്ചനാടൻ മൂപ്പൻ | 35 | – | – | 35 |
| 6 | വെട്ടക്കുറുമൻ | – | 45 | 45 | 90 |
| 7 | കുറിച്ച്യൻ | – | – | 80 | 80 |
| 8 | അടിയാൻ | – | – | 10 | 10 |
| 9 | ആകെ | 175 | 500 | 215 | 890 |

സങ്കേതങ്ങൾ ഭൂമിശാസ്ത്രപരമായി വിവിധ പ്രദേശങ്ങളിൽ വിന്യസിച്ചിരിക്കുന്നതും സമുദായടിസ്ഥാനത്തിൽ ഏകവംശീയമായിട്ടോ, ബഹുവംശീയമായിട്ടോ വസിക്കുന്നവരാണ്. ഇക്കാര്യങ്ങൾ എല്ലാം പരിഗണിച്ച് 234 സങ്കേതങ്ങളിൽ നിന്ന് എല്ലാ വശങ്ങളെയും പരിശോധിച്ചാണ് 57 സങ്കേതങ്ങളെ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. സങ്കേതങ്ങളെ സംബന്ധിച്ചിട്ടുള്ള മറ്റ് വിശദാംശങ്ങൾ അദ്ധ്യായം 3 ൽ നല്കിയിട്ടുണ്ട്.

സാമൂഹ്യാവകാശവും, വികസനാവശ്യത്തിനുമുള്ള അവകാശവും ലഭിച്ച സങ്കേത ങ്ങളും ഉൾപ്പെടുത്തിയാണ് സാമ്പിൾ തിരഞ്ഞെടുത്തത്. 102 സാമൂഹ്യാവകാശങ്ങൾ നൽകിയിട്ടുള്ളതിന്റെ അവകാശ സർട്ടിഫിക്കറ്റുകൾ വനംവകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു. അവയെ ക്രോഡീകരിച്ച് സങ്കേതങ്ങൾ, പഞ്ചായത്ത്, റെയിഞ്ച് , എഫ്.ആർ.സി(വനാവകാശ സമിതി), അനുവദിച്ച അവകാശങ്ങൾ , അവകാശം ലഭിച്ചവരുടെ പേര്, വിസ്തൃതി എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പട്ടിക **അനുബന്ധം 4** ൽ നല്കിയിട്ടുണ്ട്. അതിൽ സാമൂഹ്യാവകാശം നൽകിയിട്ടുള്ള സങ്കേതങ്ങളിൽ 25 എണ്ണം പഠനവിധേയമാക്കുകയും അതിന്റെ പ്രാതിനിധ്യം 57 ൽ കൂടി ഉൾച്ചേർന്നിട്ടുള്ളതുമാണ്.

വികസനാവശ്യങ്ങൾക്കുള്ള അവകാശം നൽകിയതിന്റെ രേഖ വയനാട് നോർത്ത് , സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ നിന്ന് ലഭ്യമാക്കി. നോർത്ത് ഫോറസ്റ്റ് ഡിവിഷൻ അനുമതി നൽകിയ 24 വികസനാവശ്യങ്ങളിൽ 9 വികസന പ്രവർത്തികൾ നട

പ്പാക്കിയ ആറ് സങ്കേതങ്ങളും  വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ അനുമതി നൽകിയ 148 വികസനാവശ്യങ്ങളിൽ 26 വികസന പ്രവർത്തികൾ നടപ്പാക്കിയ 15 സങ്കേതങ്ങളും പഠനവിധേയമാക്കുകയും അതിന്റെ പ്രാതിനിധ്യം  57 ൽ കൂടി ഉൾപ്പെടുന്നതാണ്.

വീണ്ടും വ്യക്തിഗതാവകാശം ലഭിച്ചവരിലേയ്ക്കു വന്നാൽ 890 പേരിൽ നിന്ന് വിവരശേഖരണം നടത്തിയെങ്കിലും, 815 പേർക്ക് മാത്രമാണ് വ്യക്തിഗത അവകാശം ലഭിച്ചിട്ടുള്ളത്.  ഡിവിഷണൽതല കമ്മിറ്റി അപേക്ഷ നിരസിച്ചവർ/ മരണപ്പെട്ടവർ/ സ്ഥലത്ത് താമസമില്ലാത്തവർ/ അപേക്ഷകൻ മരണപ്പെട്ടതിനെ തുടർന്ന് അപേക്ഷകന്റെ പേര് മാറ്റുന്നതിനും, മറ്റ് അപാകതകൾ തിരുത്തുന്നതിനും വേണ്ടി വീണ്ടും അപേക്ഷ സമർപ്പിച്ചവർ, തുടങ്ങിയതാണ് ബാക്കിയുള്ളത്. അതിൽ തന്നെ 769 കുടുംബങ്ങൾ മാത്രമാണ്  അവകാശം ലഭിച്ച ഭൂമിയിൽ ഇപ്പോൾ താമസിച്ച് വരുന്നത് . ആയതിനാൽ 57 സങ്കെതങ്ങളിൽ നിന്ന്  769 കുടുംബങ്ങളെ  ആണ് പഠനവിധേയമാക്കിയത്.

**പട്ടിക:1.3.സമുദായടിസ്ഥാനത്തിൽ-വിവരശേഖരണത്തിന് തെരഞ്ഞെടുക്കപ്പെട്ടവർ**

| ക്രമ നം | സമുദായം | ഐ.ടി.ഡി.പി കൽപ്പറ്റ | ടി.ഡി.ഒ സുൽത്താൻബത്തേരി | ടി.ഡി.ഒ മാനന്തവാടി | ആകെ |
|---|---|---|---|---|---|
| 1 | 1 | 2 | 3 | 4 | 5 |
| 2 | കാട്ടുനായിക്കൻ | 39 | 192 | 73 | 304 |
| 3 | പണിയൻ | 62 | 81 | 28 | 171 |
| 4 | മുള്ളുകുറുമൻ | 5 | 92 | – | 97 |
| 5 | തച്ചനാടൻ മൂപ്പൻ | 30 | – | – | 30 |
| 6 | വെട്ടക്കുറുമൻ | – | 51 | 33 | 83 |
| 7 | കുറിച്ച്യൻ | – | – | 75 | 76 |
| 8 | അടിയാൻ | – | – | 8 | 8 |
| 9 | ആകെ | 136 | 416 | 217 | 769 |

### 1.5.3 . <u>ദ്വിതീയ വിവരങ്ങളുടെ ശേഖരണവും, അപഗ്രഥനവും</u>

വനാവകാശനിയമം നടപ്പിലാക്കിയിരിക്കുന്നത് നാല് വകുപ്പുകൾ ചേർന്നാണ്. ഇതിൽ ആദ്യത്തേത് പട്ടികവർഗ്ഗ വികസന വകുപ്പാണ്.  വനം, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ  എന്നിവയാണ് മറ്റു വകുപ്പുകൾ.  ഈ വകുപ്പുകളിൽ നിന്നും സർക്കാരിന്റെ മറ്റ് സംവിധാനങ്ങളിൽ നിന്നും ലഭിക്കാവുന്ന ലിഖിത വിവരങ്ങൾ ശേഖരി

ക്കലും, അതിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനവുമാണ് ഈ ഘട്ടത്തിൽ നടത്തിയത്. വയനാട് ജില്ലയിലെ ഐ.റ്റി.ഡി.പി ഓഫീസ് / ടി.ഡി.ഒ ഓഫീസ് , വിവിധ പഞ്ചായത്തുക ളിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും നിയമം നടപ്പിലാ ക്കിയ കാലയളവിലെ രേഖകൾ, ഊരുകൂട്ടം മിനിറ്റ്സുകൾ എന്നിവ ശേഖരിച്ച് പരിശോധി ക്കുകയുണ്ടായി. ഓരോ പഞ്ചായത്തിലെയും വനാവകാശ സമിതികളുടെ വിവരങ്ങളും, കൈവശാവകാശം ലഭിച്ചവരുടെ വിവരങ്ങളും ശേഖരിച്ചു. ഐ.റ്റി.ഡി.പി / ടി.ഡി.ഒ ഓഫീസിൽ നിന്നും അപേക്ഷാഫോറത്തിന്റെ പകർപ്പോ, അവകാശം ലഭിച്ചവരുടെ പട്ടി കയോ ലഭിച്ചിട്ടില്ല.

നിയമം നടപ്പാക്കുന്നതിൽ പങ്കുവഹിച്ച രണ്ടാമത്തെ വകുപ്പായ വനംവകുപ്പിന്റെ വിവിധ റെയ്ഞ്ച്, ഡിവിഷണൽ ഓഫീസുകൾ സന്ദർശിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോ ധിക്കുകയും, ചർച്ച നടത്തുകയും ചെയ്തു. ഡിവിഷനുകളിൽ നിന്നും വികസനാവശ്യ ങ്ങൾക്കായി സമർപ്പിച്ച അപേക്ഷകളുടെ വിശദാംശങ്ങളും, അനുമതി നൽകിയ പദ്ധതിക ളുടെ വിശദാംശങ്ങളും ശേഖരിച്ചു. റവന്യൂ വകുപ്പിൽ ഉൾപ്പെട്ട സർവ്വേ വകുപ്പിനെ ഭൂമി അളന്നതിന്റെയും, മറ്റും വിവരങ്ങൾ ശേഖരിക്കാൻ സന്ദർശിച്ചു. ''ഭൂമി കേരളം'' പദ്ധതിയി ലുൾപ്പെടുത്തി വനഭൂമി അളന്ന് മാപ്പ് തയ്യാറാക്കി രേഖകൾ ഐ.റ്റി.ഡി.പി യെ ഏൽപ്പിച്ചതി നാൽ രേഖകളോ, മാപ്പോ, റിപ്പോർട്ടോ ഇവിടെ നിന്നും ലഭിച്ചില്ല.

ആദിവാസി പുനരധിവാസ മിഷനിൽ (TRDM) ൽ നിന്നും വനാവകാശത്തി ലുൾപ്പെടുത്തി ഭൂമിക്ക് അവകാശം ലഭിച്ചവരുടെ എണ്ണം അടങ്ങുന്ന പട്ടിക മാത്രമാണ് ലഭിച്ചത്. വയനാട് ജില്ലയിൽ വനാവകാശ നിയമം വഴി കൈവശാവകാശം ലഭിച്ചവരുടെ പേരു വിവരങ്ങളും , സങ്കേതവും ഭൂമിയുടെ അളവുമുൾപ്പെടുന്ന പട്ടിക/ രേഖ ലഭിക്കാൻ ജില്ലാതല സമിതിയായ കളക്ട്രേറ്റിനെ സമീപിച്ചെങ്കിലും അവിടെ ആയതു ക്രോഡീകരിച്ച് വച്ചിട്ടില്ല എന്നാണ് അറിയിച്ചത്. സബ്ഡിവിഷണൽ കമ്മിറ്റി പാസാക്കിയ പട്ടികയാണ് വനാവകാശരേഖ ലഭിച്ചവരുടെ വിവരങ്ങൾ ലഭിക്കാൻ ആകെ ലഭിച്ചത്.

#### 1.5.4. <u>പ്രാഥമിക വിവരശേഖരണം</u>

വയനാട് ജില്ലയിലെ വനാവകാശ നിയമം നടപ്പിലാക്കിയ 17 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നായി ഗുണഭോക്താക്കൾ, പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പഞ്ചായത്തംഗങ്ങൾ തുടങ്ങിയവരിൽ നിന്നായി നേരിട്ട് വിവ രങ്ങൾ ശേഖരിച്ചു. ഗുണഭോക്താക്കളിൽ നിന്നുള്ള പ്രാഥമിക വിവരശേഖരണത്തിനായി രണ്ട് പട്ടികകളാണ് (Schedules) തയ്യാറാക്കിയത്. വനാവകാശത്തിന് മുമ്പും, ശേഷവുമുള്ള ഭൂമിയുടെ അളവും, അടിസ്ഥാന സൗകര്യങ്ങളും വനാവകാശ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വ്യക്തികളുടെ അറിവും, ശേഖരിക്കുന്നതിനുള്ള കുടുംബവി വര പട്ടികയാണ് ആദ്യത്തേത്. സങ്കേതങ്ങളുടെ വിവരങ്ങൾ , സാമൂഹ്യാവകാശം, വികസ

നാവശ്യങ്ങൾക്കുള്ള അവകാശം എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ സങ്കേതവിവര പട്ടികയും തയ്യാറാക്കി. രണ്ട് ഷെഡ്യൂളുകളും ഉപയോഗിച്ചാണ് വിവരങ്ങൾ ശേഖരിച്ചത്. 2017 ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലയളവിലാണ് വിവരശേഖരണം നടത്തിയത്.

ഇതു കൂടാതെ, സൂക്ഷ്മ ഗവേഷണ പഠനങ്ങൾ (Case Studies) , അഭിമുഖങ്ങൾ, കേന്ദ്രീകൃത ഗ്രൂപ്പ് ചർച്ചകൾ എന്നിവയിലൂടെയും വിവരങ്ങൾ ശേഖരിച്ചു. വ്യക്തികളെ കേന്ദ്രീകരിച്ചും, സങ്കേതങ്ങളെ കേന്ദ്രീകരിച്ചും സൂക്ഷ്മപഠനം നടത്തി. സങ്കേതങ്ങളുടെ പശ്ചാത്തലം, ഭൂമിയുടെ ചരിത്രം, വനാവകാശ നിയമത്തിന്റെ നടപ്പിലാക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ ഊരുമൂപ്പന്മാർ, വനാവകാശ സമിതി അംഗങ്ങൾ, മുതിർന്ന അംഗങ്ങൾ, ജനപ്രതിനിധികൾ, പ്രൊമോട്ടർമാർ എന്നിവരുമായി അഭിമുഖം നടത്തി.

ശേഖരിച്ച വിവരങ്ങളുടെ വസ്തുതാപരമായ നിജസ്ഥിതി ഉറപ്പു വരുത്തുന്നതിനും, വിട്ടുപോയ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമായി രണ്ട് ഘട്ടങ്ങളിലായി കേന്ദ്രീകൃത ഗ്രൂപ്പ് ചർച്ചകൾക്കായി ശില്പശാലകൾ സംഘടിപ്പിക്കപ്പെട്ടു. ഗുണഭോക്താക്കളെയും വനാവകാശ സമിതി അംഗങ്ങളെയും, പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തിയാണ് ആദ്യഘട്ട ശിൽപ്പശാല സംഘടിപ്പിച്ചത്. വിദഗ്ദ്ധ സമിതി നേതൃത്വം നൽകിയ ഈ ശിൽപ്പശാലയിൽ 65 പേർ പങ്കെടുത്തു. ഉപജീവന മാർഗ്ഗങ്ങളുടെ ലഭ്യതയും, നേരിടുന്ന വെല്ലുവിളികളും, പരിഹാര മാർഗ്ഗങ്ങളും സമുദായാടിസ്ഥാനത്തിൽ ചർച്ച ചെയ്യുകയും, നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയും ചെയ്തു. വനാവകാശ നിയമത്തിലെ വിവിധ അവകാശങ്ങളുടെ നിലവിലെ സാഹചര്യവും വിലയിരുത്തി. ആദ്യഘട്ട ശില്പശാല.12.10.2018.തീയ്യതിയിലും, രണ്ടാംഘട്ട ശില്പശാല.14.12.2018..തീയ്യതിയിലുമാണ് സംഘടിപ്പിച്ചത്.

### 1.5.4. <u>അപഗ്രഥനവും, റിപ്പോർട്ട് തയ്യാറാക്കലും</u>

മേൽ സൂചിപ്പിച്ച രണ്ടു ഘട്ടങ്ങളിലായി ശേഖരിക്കപ്പെട്ട വിവരങ്ങളെ ക്രോഡീകരിച്ച് , അപഗ്രഥനത്തിന് വിധേയമാക്കി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയയാണ് മൂന്നാംഘട്ടത്തിൽ നടത്തപ്പെട്ടത്. ഉരുത്തിരിഞ്ഞ് വന്ന പ്രധാന പ്രശ്നങ്ങളെ ആഴത്തിൽ അപഗ്രഥിക്കുകയും,പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

### <u>1.6റിപ്പോർട്ടിന്റെ ഘടന</u>

**വാല്യം 1** ൽ ആറ് അധ്യായങ്ങളിലായാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

❖ ആദ്യ അധ്യായത്തിൽ പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പ്രാധാന്യം, രീതിശാസ്ത്രം, എന്നിവ വിശദമാക്കുന്ന ആമുഖമാണ്.

- ❖ വനാവകാശനിയമത്തിന്റെ ചരിത്ര പശ്ചാത്തലം, വനാവകാശ നിയമത്തിലെ ചട്ടങ്ങൾ, പഠനപ്രദേശമായ വയനാടിനെ കുറിച്ചും, അവിടുത്തെ വിവിധ ഗോത്രവിഭാഗങ്ങളെ കുറിച്ചും, വിശദമാക്കുന്നതാണ് രണ്ടാം അദ്ധ്യായം.
- ❖ വനാവകാശം നടപ്പിലാക്കിയിട്ടുള്ള സങ്കേതങ്ങളെ കുറിച്ചും, അവകാശം ലഭിച്ചവരുടെ സാമൂഹിക-സാമ്പത്തികാവസ്ഥ എന്നിവ വിശദമാക്കുന്നതാണ് മൂന്നാം അദ്ധ്യായം.
- ❖ വയനാട് ജില്ലയിൽ വനാവകാശനിയമം നടപ്പിലാക്കിയ സംവിധാനങ്ങളെ കുറിച്ചും, പ്രത്യേകിച്ച് FRC, ഊരുസഭ എന്നിവയെ കുറിച്ചും, PVTG യ്ക്കുള്ള പ്രത്യേക അവകാശം, ഉത്തരവാദിത്തങ്ങൾ, സാമൂഹിക അവകാശം, വികസനാവകാശം എന്നിവയെ കുറിച്ച് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതാണ് നാലാം അദ്ധ്യായം.
- ❖ അഞ്ചാമത്തെ അദ്ധ്യായത്തിൽ ഉപജീവനമാർഗ്ഗങ്ങളെ കുറിച്ചാണ് വിശദമാക്കുന്നത്.
- ❖ പഠനത്തിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകളും നിർദേശങ്ങളും ഉപസംഹാരവും അടങ്ങിയതാണ് അവസാനത്തെ അദ്ധ്യായം.
- ❖ **വാല്യം 2** ൽ സബ്ഡിവിഷണൻ ലവൽ കമ്മിറ്റി (SDLC) ശുപാർശ ചെയ്ത 4458 പേരുടെ പട്ടികയാണ് നൽകിയിട്ടുള്ളത് . ഈ പട്ടികയിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിധി, പഞ്ചായത്ത്, സമുദായം, സങ്കേതങ്ങൾ, ശുപാർശ ചെയ്തവരുടെ പേര്, ഓരോ വ്യക്തിയ്ക്കും ശുപാർശ ചെയ്ത ഭൂമിയുടെ അളവ്, ഹെക്ടറിലും, സെന്റിലും നല്കിയിട്ടുണ്ട്.

### അദ്ധ്യായം 2

# വയനാട്ജില്ലയിലെ

# ഗോത്രവർഗ്ഗവിഭാഗങ്ങളും പശ്ചാത്തലവും

വനനിബിഡമായ ഒരു ആവാസവ്യവസ്ഥ നിലനിന്നിരുന്ന അതിവിദൂരമല്ലാത്ത ഭൂതകാലം ഇന്നത്തെ വയനാട് ജില്ല ഉൾക്കൊള്ളുന്ന പ്രദേശത്തിനുണ്ട്. സമൃദ്ധമായ ജൈവവൈവിദ്ധ്യത്തിന്റെ കലവറയായിരുന്ന ആ ആവാസവ്യവസ്ഥയുടെ ഭാഗമായി ജീവിച്ച മനുഷ്യരാണ് (Ecosystem People) ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾ. ആവാസവ്യവസ്ഥയുടെ അവിഭാജ്യഘടകമെന്ന നിലയിൽ അതിന്റെ നിലനിൽപ്പിന് അനിവാര്യമായിരുന്നു ആ ജനവിഭാഗം. കായ്കനികളും, കിഴങ്ങുകളും ശേഖരിച്ചും, നായാടിയും (Foragers-Hunter-Gatherers) , പരസ്പര പൂരകങ്ങളായി ജീവിച്ചിരുന്ന ഈ ഗോത്രജനതയും, വനസമൃദ്ധിയും തമ്മിലുള്ള ജൈവബന്ധത്തിന് പോറലേൽക്കാൻ തുടങ്ങുന്നത് വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റം ആരംഭിക്കുന്നതോടെയാണ്. കുടിയേറ്റത്തിലൂടെ ഭൂവുടമസമ്പ്രദായവും, ജന്മിത്തവും വയനാട് ജില്ലയിലും വേരു പിടിച്ചു. ഗോത്രവർഗ്ഗജനത അവരുടെ സ്വന്തം ഭൂമിയിൽ നിന്നും, അന്യവത്കരിക്കപ്പെട്ടു തുടങ്ങി. കാടുകളിൽ നിന്നും, ഉൾക്കാടുകളിലേയ്ക്ക്, അവർ തള്ളിമാറ്റപ്പെട്ടു. അവരുടെ ജീവിതരീതിയും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ഗോത്രചിഹ്നങ്ങളും ചോദ്യം ചെയ്യപ്പെട്ടു. 1840 ൽ ബ്രിട്ടീഷ് കോളനി ഭരണകൂടം പുറപ്പെടുവിച്ച ഉത്തരവിലൂടെ (State Lands Encroachments Ordinance1840) കോളനി ഭരണപ്രദേശത്തെ എല്ലാതരത്തിലുള്ള വനവും, വനഭൂമിയും കോളനി ഭരണകൂടത്തിൽ നിക്ഷിപ്തമായി. (പകർപ്പ് **അനുബന്ധം 5** ആയി നൽകിയിട്ടുണ്ട്. ) ഗോത്രജനതയ്ക്കു അവരുടെ കാട് അന്യാധീനമായി.

കോളനി കാലഘട്ടത്തിൽ വനത്തെ മുഖ്യമായും വരുമാനമാർഗ്ഗമായാണ് കണ്ടിരുന്നത്. ദേശീയവികസനം, വ്യാവസായിക വളർച്ച, പൊതുജനതാല്പര്യം, സംരക്ഷണം എന്നീ പേരുകളിൽ ശാസ്ത്രീയ വനവത്കരണം ആവിഷ്കരിക്കുകയും, വനനടത്തിപ്പ് മുന്നോട്ടു കൊണ്ടുപോവുകയുമായിരുന്നു. അതേസമയം, വനാശ്രിതരായ സമൂഹങ്ങളുടെ ആവശ്യങ്ങളെയും, അവകാശങ്ങളെയും തീർത്തും അവഗണിക്കുകയും ചെയ്തു. .

വനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമായിരുന്നില്ല , വനങ്ങൾക്കുമേൽ നിയന്ത്രണം കൊണ്ടുവരാനുള്ള കാരണം 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത വിപ്ലവകാരികൾക്ക് വനത്തിൽ ഒളിച്ചിരിക്കാനും, മറ്റുമുള്ള സൗകര്യം ഗോത്രവർഗ്ഗക്കാർ നൽകിയിരുന്നു. ഇത് ബ്രിട്ടീഷുകാരെ പ്രകോപിതരാക്കി. അന്നുവരെ ഗോത്രവർഗ്ഗവിഭാഗത്തിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നിയന്ത്രണത്തിലേക്ക് മാറിത്തു

ടങ്ങി. അതോടെ, അടിസ്ഥാന ആവശ്യങ്ങൾക്ക് പോലും വനമുപയോഗിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ഈ നിയന്ത്രണങ്ങൾക്ക് ശക്തി പകരാൻ പിന്നീട് ബ്രിട്ടീഷുകാർ നടത്തിയത് നിയമനിർമ്മാണമായിരുന്നു. നിയമം നിലവിൽ വന്നതോടെ ഗോത്രവർഗ്ഗങ്ങൾ കൂടുതൽ പ്രതിസന്ധിയിലായി.

## 2.1 കോളോണിയൽ കാലഘട്ടത്തിലെ നിയമനിർമ്മാണങ്ങൾ

1864 ലാണ് ബ്രിട്ടീഷുകാർ വനംവകുപ്പ് ആരംഭിച്ചത്. 1865 ൽ ആദ്യത്തെ ഇന്ത്യൻ വനനിയമം പാസാക്കുകയും ചെയ്തു. 1865 ലെ വനനിയമം പുനസ്ഥാപിച്ച് 1878 ൽ വനനിയമവും ബ്രിട്ടീഷ് ഭരണകൂടം നിലവിൽവന്നു. വനം, വനഭൂമി, വനവിഭവങ്ങൾ എന്നിവയിൽ പൂർണ്ണനിയന്ത്രണം ഏറ്റെടുക്കാനുള്ള ബ്രിട്ടീഷുകാരുടെ പ്രാഥമിക നടപടികളായിരുന്നു ഈ നിയമങ്ങൾ. 1878 ലെ വനനിയമം നിലവിൽ വന്നതോടെ വനം സാമ്പത്തിക മൂലധനമായും, വരുമാന സ്രോതസ്സായും മാറുകയും, വനഭൂമി രാജ്യത്തിന്റെ സമ്പത്തായി കണക്കാക്കുകയും ചെയ്തു. ഒപ്പം തന്നെ, അവിടങ്ങളിലുണ്ടായിരുന്ന ഗോത്രവർഗ്ഗക്കാരെ അതിക്രമിച്ചു കടന്നവരായും, കൈയേറ്റക്കാരായും വനങ്ങളുടെ ശാസ്ത്രീയ നടത്തിപ്പിന് തടസ്സം നിൽക്കുന്നവരായും ചിത്രീകരിച്ചു.

എന്നാൽ വനനയത്തിന്റെ വ്യക്തമായ രൂപം ആരംഭിക്കുന്നത് 1885 ലെ ചാർട്ടർ ഓഫ് ഇന്ത്യൻ ഫോറസ്റ്റോടെയാണ്. ഇതിന്റെ ചുവടുപിടിച്ചാണ് 1894 ലെ ദേശീയ വനനയത്തിന്റെ രൂപീകരണം. ഈ നയത്തോടെ വനഉപയോഗത്തിന് കൂടുതൽ നിയന്ത്രണമാവുകയും, ഗവൺമെന്റിന്റെ വരുമാന താൽപര്യങ്ങളെ പ്രതിരോധത്തിലാക്കുന്ന പ്രവർത്തികളെ തടയുകയും ചെയ്തു. വനാവകാശങ്ങളുടെ ഈ വെട്ടിച്ചുരുക്കൽ പല മേഖലകളിലും പ്രതിഷേധങ്ങൾക്ക് കാരണമായി. പ്രത്യേകിച്ചും കൂടിയ അളവിൽ വനങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന മേഖലകളിൽ. ഈ പ്രതിഷേധങ്ങൾക്കുള്ള പരിഹാരമായാണ് 1927 ലെ ഇന്ത്യൻ വനനിയമം നിലവിൽ വന്നത്.

### 2.1.1 ഇന്ത്യൻ വനനിയമം,1927

1894 ലെ വനനയത്തിനെ അടിസ്ഥാനമാക്കി രൂപം നൽകിയ നിയമമാണ് 1927 ലെ ഇന്ത്യൻ വനനിയമം. (Indian Forest Act,1927). ഒരു പ്രത്യേക വനഭൂമിയെ (1)സംരക്ഷിത വനം, (2)അരക്ഷിതവനം,(3) ഗ്രാമീണവനം എന്നിങ്ങനെ മൂന്നായി തരംതിരിച്ചത് ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. നിയമവിരുദ്ധമായ വനകൈയ്യേറ്റങ്ങൾക്കെതിരെ വ്യക്തമായ ചായ്വു പ്രകടമാക്കിയിരുന്നു 1927 ലെ വനനിയമം. അതോടൊപ്പം, വനത്തിനകത്തും, വനത്തോടു ചേർന്നും ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് നിയമപരമായിത്തന്നെ വനമുപയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. തന്മൂലം, കാലിമേയ്ക്കലിനും വനവിഭവശേഖരണത്തിനുമുള്ള സാധ്യത നിലനിന്നിരുന്നു. എങ്കിലും, ഈ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് ഭരണകൂടത്തിന്റെ അനുമതി അനിവാര്യമായിത്തന്നെ നിലനി

ന്നു. സംരക്ഷിതവനം, അരക്ഷിതവനം എന്നിവക്കു പുറമേ ഗ്രാമീണ വനമേഖലയിലും, നിയമം കർശനമായിത്തന്നെ നടപ്പിലാക്കിയിരുന്നു. വനത്തിനെതിരായ കുറ്റകൃത്യങ്ങളിൽ പിഴ ഈടാക്കുന്നതിനും നിയമം നിഷ്കർഷിക്കുന്നു.

## 2.2 സ്വാതന്ത്ര്യാനന്തര കാലഘട്ടം

### 2.2.1 ദേശീയവനനയം, 1952

1894 ലെ ദേശീയവനനയം വലിയ അളവിൽ സ്വാധീനിക്കപ്പെട്ട ഒന്നാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1952 ൽ നിലവിൽ വന്ന ദേശീയവനനയം സത്താപരമായി 1894 ലെ വനനയത്തിന്റെ തുടർച്ചയാണ്. നയത്തിന്റെ ഭാഗമായി, വനഭൂമിയിൽ കൃഷി ചെയ്യാനുള്ള ഗോത്രസമൂഹങ്ങളുടെ അവകാശം എടുത്തുമാറ്റപ്പെട്ടു. 1952- ലെ വനനയം വനഭൂമിയുടെ സംരക്ഷണത്തിന് അതീവപ്രാധാന്യം നൽകിക്കൊണ്ടുള്ളതായിരുന്നു. വനസംരക്ഷണം (Forest Protection), ഉല്പാദനം (Production), നടത്തിപ്പ് (Management) എന്നിവയ്ക്ക് ഈ വനനയം പ്രത്യേക പരിഗണന നൽകുകയുണ്ടായി. രാഷ്ട്രത്തിന്റെ പരമമായ ആറ് ആവശ്യങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത നയം രൂപീകരിച്ചിട്ടുള്ളത്. ആറ് ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു

1) സന്തുലിതവും, സുതാര്യവുമായ ഭൂഉപയോഗം സാധ്യമാകും വിധത്തിൽ ഒരു പദ്ധതി വളർത്തിക്കൊണ്ടു വരുന്നതിന്റെ ആവശ്യകത
2) മലകളിൽ നിന്നുള്ള അമിതമായ ജല ഒഴുക്ക് , സസ്യങ്ങളുടെ ക്ഷയം, മണൽതിട്ടകളുടെ സ്ഥാനമാറ്റം തുടങ്ങിയ കാര്യങ്ങളെ കൃത്യമായി പരിശോധിക്കേണ്ടതിന്റെ പ്രാധാന്യം
3) ട്രീലാന്റ് (വൃക്ഷഭൂമി)രൂപീകരണത്തിന്റെ ആവശ്യകത
4) കാലിമേയ്ക്കൽ, കൃഷിക്കാവശ്യമായ പണിയായുധങ്ങളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള ചെറുമരങ്ങളുടെ ഉപയോഗം, വിറകുപയോഗം, എന്നിവയുടെ വർദ്ധനവിന്റെ പ്രാധാന്യം
5) സ്ഥിരമായ വനവിഭവ ശേഖരണം, തടി സംഭരണം എന്നിവയുടെ ആവശ്യകത
6) വനവുമായി ബന്ധപ്പെട്ട വാർഷിക വരുമാനം പരമാവധി നേടിയെടുക്കുക

1952-ലെ വനനയം രാജ്യത്തെ വനമേഖലകളെ നാലു വിഭാഗങ്ങളായി വർഗ്ഗീകരിക്കുകയുണ്ടായി,

1. സംരക്ഷിതവനം (Protected Forests)

   നിർബന്ധമായും സംരക്ഷിക്കപ്പെടേണ്ട വനങ്ങളാണ് സംരക്ഷിതവനത്തിന്റെ പരിധിയിൽപെടുന്നത്.

2. ദേശീയ വനങ്ങൾ (National Forests)

പ്രതിരോധം, വാർത്താവിനിമയം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്കായി രാജ്യം ഉപയോഗിക്കുന്ന വനമേഖലകളാണ് ദേശീയ വനങ്ങൾ.

3. ഗ്രാമീണ വനങ്ങൾ (Village Forests)

ഗ്രാമങ്ങളിലെ ചെറിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വനങ്ങളാണിവ.

4. ട്രീലാന്റ്സ് (Tree Lands)

സാധാരണ നിലയിലുള്ള വനപരിചരണത്തിന്റെ പരിധിക്ക് പുറത്തുള്ളതും, രാജ്യത്തിന്റെ ഭൗതീകസാഹചര്യങ്ങളുടെ ഉയർച്ചയ്ക്ക് അത്യന്ത്യാപേക്ഷിതവുമായതരം വനഭൂമിയാണ് ട്രീലാന്റ്സ്. 1952 ലെ വനനയത്തിലാണ് ഈ ആശയം അവതരിപ്പിക്കപ്പെട്ടത്.

**2.2.2.കേരള ഫോറസ്റ്റ് ആക്റ്റ്-1961**

ആദിവാസികളുടെ സംരക്ഷണവും, പുരോഗതിയും ലക്ഷ്യമിട്ടിരുന്നു. 1964 ൽ ചട്ടങ്ങൾ ഉണ്ടാക്കി. വനത്തിൽ താമസിക്കുന്ന ആദിവാസികളിൽ ആളൊന്നിന് 0.4 ഹെക്ടർ എന്ന തോതിൽ 0.6 ഹെക്ടർ കവിയാതെ കൃഷി ചെയ്യാം .ചെറുകിട വനവിഭവ ശേഖരണം, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നുള്ള സംരക്ഷണവും എന്നിവ നൽകിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാറിന് ഭരണഘടനാപരമായ അവകാശം ഇല്ലായെന്ന് കാണിച്ച് ഒരു ആദിവാസിയെ കൊണ്ട് നൽകിയ ഹർജി കേരള ഹൈക്കോടതി ശരിവെയ്ക്കുകയുണ്ടായി.

**2.2.3 അരബിൾ ഫോറസ്റ്റ് ലാൻഡ് സ്കീം-1970**

വനത്തിൽ കൃഷിയ്ക്കു ഉപയോഗിക്കുവാൻ സാധിക്കുന്ന ഭൂമി തിട്ടപ്പെടുത്തി. 1960 ലെ കേരള സർക്കാർ ഭൂമി പതിച്ചു നൽകൽ ആക്റ്റിന് വിധേയമായി 1970 ലെ ചട്ടങ്ങളിൽ ഓരോ ജില്ലയിലും പതിച്ച് നൽകുന്ന ആകെ ഭൂമിയുടെ മൂന്നിൽ ഒന്ന് പട്ടികജാതി പട്ടികവർഗ്ഗത്തിന് നൽകാൻ വ്യവസ്ഥ ചെയ്തു.

**2.2.4.കേരളസ്വകാര്യ വനഭൂമി പതിച്ചു കൊടുക്കൽ ആക്റ്റ്-1971**

ഈ ആക്റ്റിൻ പ്രകാരം സ്വകാര്യ വനഭൂമി ഏറ്റെടുത്ത് നൽകൽ സർക്കാരിൽ നിക്ഷിപ്തമാക്കി. ഈ നിക്ഷിപ്ത വനത്തിൽ പകുതി ആദിവാസികളെ കുടിയിരുത്താൻ അനുവദിയ്ക്കാമെന്ന് കേന്ദ്രം അനുവാദം നൽകിയിരുന്നു.

**2.2.5. വന്യജീവി സംരക്ഷണ നിയമം-1972**

വനത്തിലെ വന്യജീവികളുടെ സംരക്ഷണത്തിന് വേണ്ടി നടപ്പിലാക്കിയ നിയമം കാരണം ആദിവാസികളുടെ ആഹാരസമ്പാദനത്തെയും, സ്വതന്ത്രമായ സഞ്ചാരത്തെയും

ബാധിച്ചു. മാത്രമല്ല, വന്യജീവി സംരക്ഷണത്തിന്റെ പേരിൽ പരമ്പരാഗതമായി താമസിച്ചിരുന്ന ആദിവാസി സങ്കേതങ്ങളെ കുടിയൊഴിപ്പിക്കുകയോ അതിന്റെ ഭീഷണി നേരിടുന്നവരോ ആയി മാറി.

**2.2.6 വനസംരക്ഷണ നിയമം,1980**

1980 ലെ വനസംരക്ഷണ നിയമം വ്യവസ്ഥ ചെയ്യുന്നതു പ്രകാരം, ഭാരതസർക്കാറിന്റെ അനുമതി കൂടാതെ യാതൊരുവിധ വനേതര(കൃഷി, നിർമാണ പ്രവൃത്തികൾ മുതലായവ) ആവശ്യങ്ങൾക്കു വേണ്ടിയും, വനം ഉപയോഗിക്കാൻ കഴിയില്ല. പ്രധാനമായും വനനശീകരണത്തെ പ്രതിരോധിക്കുന്നതിനായാണ് ഈ നിയമം അവതരിപ്പിച്ചിരിക്കുന്നത്. കാപ്പി, തേയില, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ നാണ്യവിളകളുടെ കൃഷി, പുതിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനു വേണ്ടി പഴയ വനവൃക്ഷങ്ങളെ വെട്ടിത്തെളിക്കൽ എന്നീ പ്രവർത്തികൾ ഈ നിയമപ്രകാരം വനസംരക്ഷണത്തിനെതിരാണ്. യാതൊരുവിധ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയും, വനഭൂമി ഉപയോഗിക്കരുതെന്ന് നിഷ്കർഷിക്കുന്ന പ്രസ്തുത നിയമം അതിന് നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

**2.2.7 ദേശീയവനനയം, 1988**

1952 ലെ ദേശീയവനനയത്തെ പിന്തുടർന്നു വന്നതാണ് 1988 ലെ ദേശീയവനനയം. ജൈവവൈവിധ്യത്തിൽ മുൻതൂക്കം നൽകുകയും, അതിന്റെ പരിപാലനത്തിന് ഊന്നൽ നൽകുകയും, അതേസമയം വന ഉപയോഗത്തെയും, ചൂഷണത്തെയും ഒരേപോലെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ നയം. അതോടൊപ്പം വനത്തോട് ചേർന്ന് താമസിക്കുന്ന സമൂഹങ്ങളുടെ അവകാശ സംരക്ഷണവും പ്രസ്തുത നയം പരിഗണിച്ചു. മാത്രവുമല്ല, വനസംരക്ഷണത്തിനായി ഈ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കാനും 1988 ലെ വനനയം ശ്രദ്ധ കൊടുത്തു. കൂടാതെ, ഗാർഹിക ആവശ്യങ്ങളായ വിറക്, കന്നുകാലികൾക്കാവശ്യമായ ഭക്ഷണം, വനവിഭവങ്ങൾ, തടി എന്നിങ്ങനെയുള്ളവയ്ക്ക് പ്രത്യേക പരിഗണനയും നൽകി. ഈ ആവശ്യങ്ങൾക്ക് പകരമായി (ഉദാ: വിറകിന് പകരം ജൈവഇന്ധനം ഉപയോഗപ്പെടുത്തൽ) മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കാനും, നിലവിലുള്ളവ നല്ല രീതിയിൽ പങ്കുവെക്കാനും, ഈ നയം നിർദ്ദേശിച്ചു. വനഭൂമിയുടെ എല്ലാ തരത്തിലുമുള്ള ഉപയോഗങ്ങളും കൃത്യമായ നിരീക്ഷണങ്ങൾക്കൊടുവിൽ മാത്രമാണ് അനുവദിച്ചത്.

വനസമ്പത്തിന്റെ ചോർച്ചയായിരുന്നു ഈ വനനയം രൂപീകരിക്കുന്നതിനു പിന്നിലെ പ്രധാന കാരണം. ആവശ്യങ്ങൾ വർദ്ധിക്കുകയും, വനേതര ആവശ്യങ്ങൾക്കായി വന ഉപയോഗം കൂടുകയും ചെയ്യുന്നത് വീണ്ടും തുടർന്നപ്പോൾ 1988 ലെ വനനയം വിശകലന വിധേയമാക്കി പുതിയ നയം രൂപീകരിച്ചു. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയായിരുന്നു.

1) പാരിസ്ഥിതിക സന്തുലനം നിലനിർത്തുക.
2) സ്വാഭാവിക വനങ്ങളെയും, അവയിലെ സസ്യ, ജന്തുജാല സമ്പത്തിനെയും സംരക്ഷിച്ച് ദേശീയ സമ്പത്ത് പരിരക്ഷിക്കുക.
3) വനസമ്പത്ത് വർധിപ്പിക്കുക.

ഇതിനൊപ്പം തന്നെ വന്യമൃഗസമ്പത്തിന്റെ സംരക്ഷണവും ഗോത്രവർഗ്ഗസമൂഹങ്ങളുടെ ഉപയോഗത്തിനാവശ്യമായ വിറക്, വനവിഭവങ്ങൾ, മുതലായവ ശേഖരിക്കാനുള്ള അനുവാദവും 1988 ലെ വനനയം ഉറപ്പുനല്കുന്നുണ്ട്. മറ്റൊരു പ്രധാന പ്രത്യേകത വനസംരക്ഷണത്തിനും, വനനടത്തിപ്പിനും ജനപങ്കാളിത്തം നേടുക എന്നതായിരുന്നു. നിലവിലുള്ള വനങ്ങൾക്കു മേലുള്ള സമ്മർദ്ദം കുറക്കാനും, വനനയത്തിൽ മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനും, സ്ത്രീകളടക്കമുള്ളവരുടെ വൻജനകീയ പങ്കാളിത്തം ആവിഷ്കരിക്കുക എന്നതും 1988 ന്റെ വനനയത്തിന്റെ 2.1 ൽ പറയുന്നു. (പ്രസ്തുത ആക്ടിലെ അടിസ്ഥാന ലക്ഷ്യങ്ങൾ അധ്യായം രണ്ട്). വനനയത്തിന്റെ നാലാം അധ്യായത്തിൽ ആറാമതായി പറയുന്നത് ഗോത്രവർഗ്ഗങ്ങളും, വനവും തമ്മിലുള്ള ബന്ധവും അതിനായി വേണ്ടിയുള്ള നിർദ്ദേശങ്ങളുമാണ്. വനവിഭവ ശേഖരണത്തിനും അതിന്റെ വിപണനത്തിനുമുള്ള സഹായങ്ങളും, ഗോത്രവർഗ്ഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കുടുംബകേന്ദ്രീകൃതമായ പദ്ധതികൾ ആരംഭിക്കണമെന്നും ഈ ഭാഗത്ത് വനനയം ഊന്നിപ്പറയുന്നുണ്ട്.

മാത്രമല്ല, അതുവരെ തുടർന്നുവന്നിരുന്ന വനംവകുപ്പിന്റെ അധികാരപ്രയോഗത്തിൽ നിന്ന് വനവാസി ഗോത്രങ്ങൾക്ക് മോചനവും നൽകുന്നുണ്ട്, 1988 ലെ വനനയം.

വനഭൂമി കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കൽ(1989-ൽ സംസ്ഥാന വനംവകുപ്പ് മന്ത്രിമാരുടെ സമ്മേളന തീരുമാനപ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച നയരേഖ.

### 2.2.8 സംയുക്ത വനപരിപാലനം (Joint Forest Management)1990

1988 ലെ വനനയം അടിസ്ഥാനമാക്കി 1990 ജൂണിൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ സർക്കുലറിലൂടെയാണ് ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് എന്ന ആശയം ഇന്ത്യയിൽ അവതരിപ്പിക്കപ്പെടുന്നത്. സർക്കുലർ പ്രകാരം ഇത് നടപ്പിലാക്കേണ്ടത് വനത്തിൽ നിന്നും ഉപജീവനത്തിന് മാർഗം കണ്ടെത്തുന്ന സമൂഹങ്ങളും, എൻ.ജി.ഒകളും സംസ്ഥാന വനംവകുപ്പുമായി ചേർന്നാണ്. വനം നടത്തിപ്പിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും ഇവർ ചേർന്ന് ഒരു രൂപരേഖ തയ്യാറാക്കുകയും, അതുപ്രകാരം നടപ്പിലാക്കുകയുമാണ്. ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് കൊണ്ട് നേട്ടമുണ്ടാവേണ്ടത് അതതു ഭാഗത്തെ പ്രാദേശിക വിഭാഗങ്ങൾക്കും ഗോത്രവർഗ്ഗത്തിനുമായിരിക്കണമെന്നും, വ്യാവസായിക താല്പര്യങ്ങൾക്കായിരിക്കുന്നതെന്നും സർക്കുലർ ഊന്നിപ്പറയുന്നു. വനനടത്തിപ്പിന് ജനങ്ങളുടെ കൂട്ടായ്മ രൂപീകരിക്കാനും (Village Forest Committee) നിർദ്ദേശമുണ്ട്.

**2.2.9.കേരളവനം (പരിസ്ഥിതി) ദുർബല പ്രദേശങ്ങൾ നിക്ഷിപ്തമാക്കലും, പരിപാനവും ആക്ട്-2003.**

വനം പരിസ്ഥിതി ലോല പ്രദേശങ്ങൾ സംരക്ഷിക്കുകയും പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുന്നതിനു വേണ്ടിയാണ് 2005 ൽ പ്രാബല്യത്തിൽ വന്ന ഈ നിയമം ലക്ഷ്യമിടുന്നത്. നിയമത്തിന്റെ ചട്ടങ്ങൾ 2007 ൽ നിലവിൽ വന്നു. പരിസ്ഥിതി ദുർബല പ്രദേശം എന്നാൽ റിസർവ്വ്വനത്തിനോട് ചേർന്ന പ്രദേശമാണ്.

**2.2.10 വനാവകാശ നിയമം, 2006**

മുകളിൽ സൂചിപ്പിച്ച 1864 ൽ ആരംഭിച്ച 2003 വരെ നീണ്ട കാലയളവിൽ കേന്ദ്ര സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമങ്ങൾക്ക് ശേഷമാണ് വനത്തിൽ താമസിക്കുന്ന വരെ മുൻനിർത്തി ഒരു സമഗ്രനിയമം നിലവിൽ വരുന്നത്.

മുൻപ് സൂചിപ്പിച്ചിരുന്നപോലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 അഥവാ വനാവകാശ നിയമം 2006, ഭൂമിയുടെ വിഷയത്തിൽ ഗോത്രവർഗ്ഗക്കാരോട് കാണിച്ച ചരിത്രപരമായ അനീതിക്കുള്ള പരിഹാരമായാണ് നിലവിൽ വന്നത്. കൈവശമുള്ള ഭൂമിക്ക് അവകാശം നൽകുന്നതിനൊടൊപ്പം വനത്തിന്റെ സംരക്ഷണം കൂടി ഗോത്രവർഗ്ഗക്കാരെ ഏൽപ്പിക്കുന്നു വെന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. വനാവകാശനിയമത്തിന് ശേഷം വനമേഖല യുടെ വനേതരാവശ്യങ്ങൾക്കുള്ള കൈമാറ്റത്തിന് കേന്ദ്രപരിസ്ഥിതി മന്ത്രാലയ ത്തിന്റെ(MoEF) അനുവാദത്തിനൊപ്പം വനാവകാശ ഗ്രാമസഭകളുടെ അനുവാദവും വേണ മെന്ന് നിഷ്കർഷിക്കുന്നുമുണ്ട്.

**2.2.11 എകോപനം**

കേരളത്തിൽ വനാവകാശം നടപ്പാക്കുന്നത് പ്രധാനമായും നാല് വകുപ്പുകൾ മുഖേനയാണ്.

1. പട്ടികവർഗ്ഗ വികസന വകുപ്പ് (STDD)
2. വനംവകുപ്പ് (Department of Forest)
3. റവന്യൂവകുപ്പ് (Department of Revenue)
4. തദ്ദേശസ്വയംഭരണ വകുപ്പ് (LSGD)

വനാവകാശം നടപ്പാക്കാനുള്ള ഉത്തരവാദിത്തം ഏറ്റവും പ്രധാനമായി വഹിക്കു ന്നത് കേന്ദ്ര പട്ടികവർഗ്ഗ കാര്യ മന്ത്രാലയവും, സംസ്ഥാനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പുമാണ്. ഈ നിയമം വനവുമായി ബന്ധപ്പെട്ടതാകായാൽ വനംവകുപ്പിനാണ് ഈ നിയമം നടപ്പാക്കുന്നതിന് ചുമതലയുള്ള രണ്ടാമത്തെ വകുപ്പ്. ഗോത്രവർഗ്ഗക്കാരുടെ തൊഴിൽമേഖല വനമേഖലയായതിനാലും, വനംവകുപ്പിന് കൃത്യമായ ഉത്തരവാദിത്തം ഈ

നിയമം നടപ്പാിലാക്കുന്നതിലുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട രേഖകളും, സർവ്വേയും മറ്റും ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന റവന്യൂവകുപ്പാണ് നിയമത്തിന്റെ വിന്യാസത്തിൽ പങ്കുവഹിക്കുന്ന മറ്റൊരു വകുപ്പ്. ഏറ്റവുമൊടുവിലായി വനാവകാശവുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ് തദ്ദേശസ്വയംഭരണ വകുപ്പ്. വനാവകാശികൾക്ക് അവകാശരേഖ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പ്രാരംഭ നടപടികൾ പഞ്ചായത്ത് തലത്തിലുള്ള ഗ്രാമസഭകൾ വഴിയാണ് ആരംഭിക്കേണ്ടത്. വനത്തോട് ചേർന്ന ഗ്രാമസഭകളിൽ അവരുടെ വനാവകാശ സമിതിയെ(FRC) തെരഞ്ഞെടുക്കുക എന്നതാണ് ഇതിന്റെ ആദ്യഘട്ടം.

**2.3 വയനാട് ജില്ല**

ബ്രിട്ടീഷ് ഭരണകാലത്തെ വയനാടിനെ രണ്ടായി തിരിക്കാം, പഴശ്ശിയുടെ കൈയ്യിൽ നിന്നും ലഭിച്ച വയനാടൻ പ്രദേശങ്ങൾ ഈസ്റ്റ് ഇന്ത്യ കമ്പനി ഭരിച്ചിരുന്ന 1858 വരെയുള്ള കാലഘട്ടം, പിന്നീട് സ്വാതന്ത്ര്യലബ്ധി വരെ മലബാർ കലക്ടറുടെ ബ്രിട്ടീഷ് ഭരണം. സാമൂഹ്യപരമായും, രാഷ്ട്രീയമായും വയനാട്ടിൽ വൻമാറ്റങ്ങളുണ്ടായ കാലഘട്ടമാണിത്. വയനാടിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കാനുള്ള ആദ്യശ്രമങ്ങൾ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭാഗത്തു നിന്നുമാണ് ഉണ്ടാവുന്നത്. ആധുനിക റവന്യൂ സംവിധാനത്തിന് തുടക്കം കുറിച്ചതും, വയനാട്ടിലെ സമ്പത്തുകളെപ്പറ്റി അടിസ്ഥാന രൂപരേഖ ഉണ്ടാക്കിയെടുത്തതുമെല്ലാം ഈ കാലഘട്ടത്തിലാണ്.

1980 നവംബർ ഒന്നിനാണ് വയനാട് ജില്ല രൂപം കൊണ്ടത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ കൂടാതെ , കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായിക്കൂടി അതിർത്തി പങ്കിടുന്നുണ്ട്.ഈ രണ്ടു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക ജില്ല കൂടിയാണ് വയനാട്. കബനിയാണ് ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദി. ജില്ലയുടെ മൊത്തം വിസ്തൃതി 2131 ചതുരശ്ര കിലോമീറ്ററാണ്. അതിന്റെ 3.8 ശതമാനവും വനപ്രദേശങ്ങളാണ്.

താപ്തീ നദി തൊട്ട് കന്യാകുമാരി വരെ 1300 km വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട മലനിരകളിൽ ഉൾപ്പെടുന്നതാണ് വയനാടൻ മലനിരകൾ. തന്മൂലം, പാരിസ്ഥിതികമായി ഏറെ പ്രാധാന്യം നൽകപ്പെടേണ്ട മേഖല കൂടിയാണ് വയനാട്. കർണ്ണാടകയിലെ നാഗർഹോള ദേശീയോദ്യാനത്തിന്റേയും, ബന്ദിപ്പൂർ ടൈഗർ പ്രൊജക്ടിന്റെയും തമിഴ്നാട്ടിലെ മുതുമല വന്യജീവി സങ്കേതത്തിന്റെയും അതിർത്തികളോട് ചേർന്നു കിടക്കുന്നു വന്യജീവി സങ്കേതം. അർദ്ധ നിത്യഹരിത വനങ്ങൾ , ദക്ഷിണേന്ത്യൻ ആർദ്ര ഇലപൊഴിയും കാടുകൾ , വരണ്ട ഇലപൊഴിയും കാടുകൾ എന്നിവയുടെ എല്ലാം സംഗമമാണ് വയനാടൻ വനങ്ങൾ. തേക്ക്, വീട്ടി, വെന്തേക്ക്, വേങ്ങ, കരിമരുത്, കന്നിവാക, ചടച്ചി, കുളിർമാവ്, അയനി, താന്നി, തുടങ്ങി ധാരാളം വൻമരങ്ങളും പച്ചമരുന്നുകളും, മറ്റു സസ്യ

ങ്ങളും, പുല്ലും അടങ്ങുന്ന അടിക്കാടും, വിശാലമായ ചതുപ്പു നിലങ്ങളും ഉൾക്കൊള്ളുന്ന വയാണ് വയനാടൻ കാടുകൾ.

സമുദ്രനിരപ്പിൽ നിന്നും 700 മീറ്റർ മുതൽ 2000 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സമ്പന്നമായ സസ്യ-ജന്തു വൈവിധ്യങ്ങളാൽ നിറഞ്ഞ പ്രദേശമാണ് വയനാട്. പതിനെട്ടാം നൂറ്റാണ്ടു വരെ ലോകത്ത് കുരുമുളക് ലഭ്യമായ ഏകപ്രദേശങ്ങൾ വയനാടും, നിലമ്പൂരും ആണെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കുരുമുളക് കൂടാതെ , ഏലം, കാപ്പി, ചായ തുടങ്ങിയ വിളകളാലും സമ്പന്നമായിരുന്നു ഈ ജില്ല.

ബ്രിട്ടീഷ് ഭരണകാലത്താണ് വനസംരക്ഷണവുമായി ബന്ധപ്പെട്ട് നിയമങ്ങൾ ഇന്ത്യയിലാദ്യമായി നിലവിൽ വരുന്നത്. ആദ്യകാലത്ത് വൻതോതിൽ വനത്തെ ചൂഷണം ചെയ്ത അവർ പിന്നീട് വനസംരക്ഷണ നിയമങ്ങൾ കൊണ്ടു വന്നു. ഇതിലൂടെ വനങ്ങൾ 'റിസർവ്' വനങ്ങളായി സംരക്ഷിച്ചു നിർത്താൻ സാധിച്ചു. അക്കാലത്ത് തെക്കേ ഇന്ത്യയിലുണ്ടായ കടുത്ത ക്ഷാമത്തെ കുറിച്ചു പഠിച്ച അന്വേഷണ കമ്മീഷൻ വയനാടൻ കാടുകൾ വൻതോതിൽ വെട്ടി തെളിച്ചതിന്റെ ഫലമായി മഴ കുറഞ്ഞതാണ് ക്ഷാമത്തിനു കാരണമായി വിലയിരുത്തിയത്. ഇതിനെ തുടർന്ന് 1864-ൽ വനംവകുപ്പ് രൂപീകൃതമായി. ക്യാപ്റ്റൻ ഗിബ്ബിനെ വയനാട്ടിലെ ആദ്യത്തെ ജില്ലാ ഫോറസ്റ്റ് ഓഫീസറായി നിയമിച്ചു. ഇതിന്റെ ഫലമായി, ഗോത്രവർഗ്ഗക്കാർ പരമ്പരാഗതമായി പിന്തുടർന്നു വന്നിരുന്ന പുനംകൃഷി സമ്പ്രദായത്തിനു നിയന്ത്രണം ഏർപ്പെടുത്തി. ആനവേട്ട നിരോധിച്ചു, ആനകളെ വാരികുഴികളിൽ കുരുക്കിട്ടു പിടിക്കുന്ന സമ്പ്രദായം നിലവിൽ വന്നു.

1878-ൽ വനത്തിൽ നിന്നും തേക്കുമുറിക്കുന്നത് നിരോധിച്ചു. 1882 ആയപ്പോഴേക്കും വനം വികസനത്തിനും, സംരക്ഷണത്തിനുമായി പുതിയ നിയമം കൊണ്ടുവന്നു. ഇതിൻ പ്രകാരം വയനാടൻ കാടുകളെ പതിനാലു ബ്ലോക്കുകളായി തിരിച്ചു. ഇതിൽ ആറെണ്ണം 'റിസർവ്വ് വനമേഖലയും', ആറെണ്ണം 'റിസേർവ് ലാന്റും', രണ്ടെണ്ണം 'റിസേർവ്' വനപരിഗണനയിലുള്ളതും ആയിരുന്നു. കൂടാതെ ഈ നിയമത്തിന്റെ ഫലമായി കാട്ടുതീ തടയാനുള്ള സംവിധാനങ്ങൾ ആരംഭിച്ചു. വനം സൂക്ഷിപ്പുകാർക്ക് കാടിനോടനുബന്ധിച്ച് കെട്ടിടങ്ങൾ പണിതു നൽകുകയും ചെയ്തു. 1887 ആയപ്പോഴേക്കും വനംവകുപ്പ് എന്നത്, ഒരു ഫോറസ്റ്റ് ഓഫീസർ, ഒരു സബ് അസിസ്റ്റന്റ് കൺസർവേറ്റർ, റേഞ്ചർ, മൂന്ന് ഫോറസ്റ്റേഴ്സ്, ഇരുപത് ഗാർഡുകൾ എന്നീ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു സംവിധാനമായി മാറി.

## 2.4 ഗോത്രവർഗ്ഗ സമൂഹങ്ങൾ

ഒട്ടനവധി ഗോത്രവർഗ്ഗ സമൂഹങ്ങളുടെ അധിവാസ മേഖല കൂടിയാണ് വയനാട്. പണിയൻ, അടിയാൻ, കാട്ടുനായിക്കൻ, വെട്ടക്കുറുമൻ, മുള്ളുകുറുമൻ, കുറിച്യ്യൻ എന്നീ ഗോത്രസമുദായങ്ങളും, 2002- ലിസ്റ്റിലെ ഭേദഗതി പ്രകാരം ലിസ്റ്റിൽ വന്ന തച്ചനാടൻ മൂപ്പൻ,

കരിമ്പാലൻ, വയനാട് കാടർ തുടങ്ങിയ ചെറുഗോത്രവിഭാഗങ്ങളും, മറ്റു ജില്ലകളിൽ നിന്നും കുടിയേറി പാർത്ത ഉള്ളാടൻ, മലയരയൻ തുടങ്ങിയ ഗോത്രവിഭാഗങ്ങളും അടങ്ങുന്നതാണ് വയനാട്ടിലെ ഗോത്രവർഗ്ഗക്കാർ. വ്യത്യസ്തമായ ജീവിതരീതി കൊണ്ടും, വസ്ത്രധാരണം കൊണ്ടും, ഭാഷ കൊണ്ടും, ആചാര അനുഷ്ഠാനങ്ങൾ കൊണ്ടും എന്നും മറ്റ് ജനസമൂഹ ങ്ങളിൽ നിന്നു വ്യത്യസ്തമാണ് വയനാട്ടിലെ ഗോത്രവർഗ്ഗ സമൂഹങ്ങൾ. കുടിയേറ്റ ജനത അളന്നു മുറിച്ച് ആധിപത്യം സ്ഥാപിക്കുന്നതിനു മുൻപ് വയനാടൻ മണ്ണിൽ അധിവസിച്ചിരു ന്നവർ. കർണ്ണാടകയിൽ നിന്നുള്ള ജൈനമത വിശ്വാസികൾ, കാർഷികവൃത്തിക്കായി ഗൂഡല്ലൂരിൽ നിന്നുള്ള തമിഴ് വംശജർ കണ്ണൂരിൽ നിന്നുള്ള കോട്ടയം രാജക്കന്മാരും നാടുവാഴികളും ഈസ്റ്റിന്ത്യാ കമ്പനിയുമായി വ്യാപാരകരാർ ഉണ്ടായിരുന്ന മുസ്ളീം സമുദായം, തിരുവിതാംകൂർ പ്രദേശത്ത് നിന്നുള്ള ക്യസ്ത്യൻ സമുദായം എന്നിവർ കുടിയേറിപ്പാർത്തതോടെ ആണ് ആദിമനിവാസികൾക്ക് വയനാടിന്റെ മേലുണ്ടായിരുന്ന മേല്ക്കോയ്മ നഷ്ടപ്പെട്ടത്. ***(വയനാട് ജില്ലാ റിപ്പോർട്ട് , കേരള സർക്കാർ തദ്ദേശ സ്വയംഭ രണ വകുപ്പ് 2008 , പേജ് -13)*** കാലാകാലങ്ങളിൽ കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നൊ ഴുകിയെത്തിയവർ അധികാരവും, അവകാശവും സ്ഥാപിച്ച് ഗോത്രവർഗ്ഗക്കാരുടെ ഭൂമി സ്വന്തമാക്കിയപ്പോൾ അരികുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവരായി അവർ മാറി.

2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1.45 % (4,84,839) ഗോത്രവർഗ്ഗ സമുദായത്തിൽപ്പെട്ടവരാണ്. കേരളത്തിൽ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ഗോത്രവർഗ്ഗ ജനസംഖ്യയുള്ളത്. (31.24%) വയനാട് ജില്ലയിലെ ആകെ ജനസംഖ്യയുടെ 18.53% ഗോത്രവർഗ്ഗക്കാർ ആണ്. (**സെൻസസ് -2011** )

വയനാട് ജില്ലയിലെ പട്ടികഗോത്ര സമുദായങ്ങളുടെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ താഴെ ചേർക്കുന്നു.


പട്ടിക: 2.1 **സമുദായടിസ്ഥാനത്തിൽ സ്ത്രീ-പുരുഷ ജനസംഖ്യ**

| ക്രമ നമ്പർ | സമുദായം | പുരുഷൻ | സ്ത്രി | ആകെ |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | കാട്ടുനായിക്കൻ | 7,242 | 7,315 | 14,557 |
| 2 | പണിയൻ | 32,034 | 34034 | 66068 |
| 3 | മുള്ളുകുറുമൻ | 11,693 | 11,898 | 23,591 |
| 4 | വെട്ടകുറുമൻ | 267 | 302 | 569 |
| 5 | കുറിച്ച്യൻ | 12,746 | 12,347 | 25,093 |
| 6 | തച്ചനാടൻമൂപ്പൻ | 796 | 819 | 1615 |
| 7 | അടിയാൻ | 5,262 | 5,734 | 10,996 |
| 8 | വയനാടൻ കാടർ | 346 | 307 | 653 |
| 9 | കരിംപാലൻ | 95 | 77 | 172 |
| 10 | ഉള്ളാടൻ | 11 | 15 | 26 |
| 11 | മലയരയൻ | 82 | 59 | 141 |

ഉറവിടം -സെൻസസ് റിപ്പോർട്ട് 2011 *കാടർ, വയനാട് കാടർ ഒരുമിച്ചാണ് കൊടുത്തിട്ടുള്ളത്.


വയനാട് ജില്ലയിൽ ആകെ 2983- പട്ടികവർഗ്ഗ ഊരുകൾ ഉണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ഊരുകളുള്ള ഗോത്രവിഭാഗം പണിയൻ ആണ്. 1210(40.56%) ഊരുകളാണ് ആ വിഭാഗത്തിന്റേതായി ഉള്ളത്. രണ്ടാമത് ഏറ്റവും കൂടുതൽ ഊരുകളുള്ളത് കുറിച്യവിഭാഗത്തിന്റേതാണ് 511 (17.13%) ഊരുകൾ. കാട്ടുനായിക്കൻ- 418(14.01), കുറുമൻ / മുള്ളുകുറുമൻ-397 (13.31%), അടിയാൻ-177 (5.93%), വെട്ടകുറുമൻ-174 (5.83%), വയനാടൻ കാടർ-35 (1.17%) കരിംപാലൻ -5(0.17%),തച്ചനാടൻമൂപ്പൻ45(1.51%),ഉള്ളാടൻ3(0.10%),മലയരയൻ8(0.27%) എന്നിങ്ങനെയാണ് മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഊരുകളുടെ എണ്ണം. (വയനാട് ജില്ലാ റിപ്പോർട്ട്, കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് 2008 , പേജ് -149)

ചാർട്ട്- 2 ജി.1 ഊരുകൾ സമുദായടിസ്ഥാനത്തിൽ




വയനാട്ടിലെ റിസർവ്വ് വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഊരുകളുടെ എണ്ണം, പണിയൻ-38, കുറിച്ച്യൻ -8, കാട്ടുനായിക്കൻ-55, അടിയാൻ- 4, വെട്ടകുറുമൻ-18, കുറുമൻ/മുള്ളുകുറുമൻ-23. കണക്കുകൾ പ്രകാരം വയനാട് ജില്ലയിൽ വയനാടൻ കാടർ വിഭാഗം മാത്രമാണ് റിസേർവ് വനത്തിനകത്ത് താമസിക്കാത്തതായി കാണപ്പെടുന്നത്. (വയനാട് ജില്ലാ റിപ്പോർട്ട് , കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് 2008 , പേജ് -149)

ചാർട്ട്-2.ജി.2




## 2.4.1 പണിയൻ

കേരളത്തിലെ ഗോത്രജനസംഖ്യയിൽ ഏറ്റവും കൂടുതലുള്ള സമൂഹമാണ് പണിയൻ. 'പണി ചെയ്യുന്നവർ' എന്ന അർത്ഥത്തിലാണ് 'പണിയൻ' എന്ന നാമം രൂപപ്പെട്ടിരിക്കുന്നത്. കർണ്ണാടകയിലെ കുടക് പ്രദേശത്തുള്ള 'യേരവ' ഗോത്രവിഭാഗവുമായി നല്ല സമാനതയുള്ള വിഭാഗമാണിവർ. കൊടകാണ് വയനാട് ജില്ലയിലെ പണിയരുടെ മാതൃപ്രദേശമെന്ന് പറയപ്പെടുന്നു. എന്നാൽ, നൂറ്റാണ്ടുകൾക്ക് മുൻപ്, വയനാട്ടിലെ ബാണാസുര കൊടുമുടിയോട് ചേർന്ന് ജീവിച്ചിരുന്ന ഇവരെ ജന്മിമാർ അവരുടെ കൃഷിഭൂമിയിൽ ജോലി ചെയ്യിക്കുന്നതിനു വേണ്ടി അടിമകളാക്കി കൊണ്ടു വന്നു എന്നതാണ് വരമൊഴിയായി കൈമാറി വരുന്ന ഒരു പണിയ ചരിത്രം. 1941 വരെ വയനാട്ടിലെ ജനസംഖ്യയുടെ സിംഹഭാഗവും പണിയരായിരുന്നു. 1931 ലെ കണക്കു പ്രകാരം വയനാട്ടിലെ ജനസംഖ്യയുടെ 60% വും പണിയരായിരുന്നു. എന്നാൽ, എഴുപതുകളിലെയും തുടർന്നും ഉണ്ടായ കുടിയേറ്റത്തിന്റെ ഫലമായി പണിയൻ വയനാട്ടിലെ ന്യൂനപക്ഷമായി മാറി . 2011 സെൻസസ് പ്രകാരം , 88,450(42775 പുരുഷന്മാരും, 45675 സ്ത്രികളും) ആണ് കേരളത്തിലെ പണിയരുടെ ജനസംഖ്യ.ആകെ ഗോത്ര ജനസംഖ്യയുടെ 18.24% ആണ്. വയനാട്ടിൽ മാത്രം 66068 ആണ് (74.69%) ആകെ പണിയരുടെ എണ്ണം(32034 പുരുഷന്മാരും, 34034 സ്ത്രികളും).

പണിയൻ സമുദായം അവരുടേതായ സംസാരഭാഷ ഉപയോഗിക്കുന്നു, ദ്രാവിഡിയൻ ഭാഷകളായ മലയാളം, തമിഴ്, കന്നഡ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന

ഭാഷയാണിവരുടേത്. 1976 ൽ കരാർ തൊഴിൽ (Bonded Labour System) സമ്പ്രദായം അവസാനിപ്പിക്കപ്പെട്ടെങ്കിലും, കുടിയേറി വന്നവരുടെ കാർഷിക കൂലിപ്പണിക്കാരായി തുടരുകയുണ്ടായി. ഈ കുടിയേറ്റക്കാരിൽ ഏറിയപങ്കും, അനധികൃതമായി മദ്യമുണ്ടാക്കി ഉപയോഗിച്ചിരുന്നവരാണ്. കൂലിക്കു പണിയെടുക്കുന്ന പണിയൻ സമൂഹങ്ങളെ , മദ്യം നൽകി പ്രോത്സാഹിപ്പിച്ച് അത്തരത്തിൽ കുറഞ്ഞ കൂലിയിൽ പണിയെടുക്കുന്നതിലേക്ക് ഇതു നയിച്ചു. (Aiyappan 1952: 6465) . അന്നു തുടങ്ങിവച്ച ഈ മദ്യ ഉപയോഗം ഈ സമൂഹത്തിൽ ഇന്നും വെല്ലുവിളിയുയർത്തി തുടരുക തന്നെയാണ്.

### 2.4.2 കുറിച്ച്യൻ

സ്ഥിരവാസമുറപ്പിച്ച് കൃഷി ഉപജീവനമായിട്ടുള്ള വയനാട് ജില്ലയിലെ ആദ്യ ഗോത്രസമൂഹമാണ് കുറിച്ച്യൻ. അതോടൊപ്പം വേട്ടയാടലും , കന്നുകാലി വളർത്തലും കുറിച്യരുടെ ജീവിതചര്യയുടെ ഭാഗമാണ്. 2011 സെൻസസ് പ്രകാരം കേരളത്തിലെ ഗോത്രജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് കുറിച്യർ. കേരളത്തിലെ 35,171 (17643 പുരുഷന്മാരും, 17528 സ്ത്രീകളും)കുറിച്യരിൽ 25093 പേരാണ് വയനാട് ജില്ലയിൽ അധിവസിക്കുന്നത്. ‘ മലബ്രാഹ്മണർ’ എന്ന പേരിലും ഇവരറിയപ്പെടുന്നു. മറ്റ് സമൂഹങ്ങളോട്, അയിത്തം കൽപ്പിച്ചിരുന്ന സമൂഹമാണിവരുടേത്.

വിശാലമായ കൃഷിഭൂമിയോട് ചേർന്ന് അധിവസിച്ചു വരുന്ന പാരമ്പര്യമാണ് കുറിച്ച്യൻ സമുദായത്തിനുള്ളത്. മറ്റ് ഗോത്രസമൂഹങ്ങളെ അപേക്ഷിച്ച്, പൊതുവേ അവർ അൽപം കൂടി ഉയർന്ന് സാമൂഹ്യ-സാമ്പത്തിക പദവി നിലനിർത്തുന്നുണ്ട്. പാരമ്പര്യമായി അനുവർത്തിക്കുന്ന കൃഷിയാണ് ഇതിന് പ്രധാന കാരണം. കന്നുകാലികളുടെ ചാണകം പ്രധാന ജൈവവളമായി ഉപയോഗിക്കുന്നതോടൊപ്പം, ആദ്യകാലങ്ങളിൽ വീടും, മുറ്റവും മെഴുകുന്നതിനും ഇതുപയോഗിച്ചിരുന്നു. പാലും, പാലുൽപ്പന്നങ്ങളും ആഹാരക്രമത്തിലെ പ്രധാന ഘടകങ്ങളായിരുന്നു. കൃഷിയാണ് പ്രധാന ഉപജീവനമാർഗ്ഗമായിരുന്ന ഇവരിൽ അധികംപേർക്കും സ്വന്തമായി ഭൂമിയുണ്ട്.

പരമ്പരാഗതമായി, അമ്പും വില്ലും ഉണ്ടാക്കുന്നതിലും അതുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടിപ്പിടിക്കുന്നതിലും വിദഗ്ധരാണ് കുറിച്ച്യൻ സമുദായം. കൂടാതെ , മത്സ്യബന്ധനവും ഇവർ ശീലിച്ചിരുന്നു. നിലവിൽ കൃഷി കൂടാതെ, കൂലിപ്പണി ചെയ്തും ഉപജീവനം കണ്ടെത്തുന്നുണ്ട് നിരവധി കുറിച്ച്യൻ സമുദായ അംഗങ്ങൾ.

### 2.4.3 അടിയാൻ

ജന്മിക്കു കീഴിൽ പണിയെടുക്കുന്നവൻ എന്ന അർത്ഥത്തിൽ രൂപപ്പെട്ടതാണ് ‘അടിയർ’(Slave) എന്ന നാമധേയം. പരമ്പരാഗതമായി ‘റാവുള്ളർ’ എന്നതായി

രുന്നു  ഈ ഗോത്രസമൂഹത്തിന്റെ യഥാർത്ഥ സമുദായ പേര്. കന്നഡ ഭാഷയിൽ 'റാവു ള്ളർ'  എന്ന പദത്തിന് ' നമ്മുടെ ജനം' ( Our People) എന്നാണ് അർത്ഥം.  കേരളത്തിൽ വയനാട് ജില്ലയിൽ മാത്രം അധിവസിച്ചു വരുന്ന ഒരു ഗോത്രസമൂഹമാണ്  റാവുളർ (അടിയാൻ) സമൂഹം.  മാനന്തവാടി  താലൂക്കിലെ തിരുനെല്ലി, തൃശ്ശിലേരി തുടങ്ങിയ പ്രദേശങ്ങളിലാണ് ഇവർ കൂടുതലായി  അധിവസിച്ചു വരുന്നത്. സമുദായ അംഗങ്ങൾ തമ്മിൽ സംസാരിക്കാൻ 'അടിയഭാഷ' ഉപയോഗിക്കുന്നു.  നിലവിൽ കേരളത്തിലെ ആകെ അടിയ ജനസംഖ്യ, 2011 സെൻസസ് പ്രകാരം 11526 ആണ്. വയനാട്ടിൽ .ആകെ അടിയരുടെ എണ്ണം 10996(5262 പുരുഷന്മാരും, 5734 സ്ത്രികളും).

ആദ്യകാലങ്ങളിൽ ഭൂവുടമകൾക്കു കീഴിൽ പണിയെടുത്ത് ഉപജീവനം കണ്ടെത്തിയിരുന്ന ഈ വിഭാഗക്കാർ 1976-ൽ ബോൺണ്ടഡ് ലേബർ അബോളിഷൻ ആക്ട് നിലവിൽ വരുന്നതു വരെ അതേ അവസ്ഥയിൽ തുടർന്നു.  നിയമം നിലവിൽ വന്നതിനു ശേഷം ഇവരിൽ കുറേ പേരെ സുഗന്ധഗിരി, പ്രിയദർശിനി തേയിലത്തോട്ടങ്ങളിലേക്ക് പുനരധിവസിപ്പിക്കപ്പെട്ടിട്ടുണ്ട് . കൂടാതെ, മൃഗസംരക്ഷണം, കൃഷി തുടങ്ങിയവയിലും ഉപജീവനം കണ്ടെത്തി തുടങ്ങി.  നിലവിൽ കൃഷിയും, മൃഗപരിപാലനവും, കൂലിപ്പണിയും  കൂടാതെ മറ്റ് ആധുനിക തൊഴിൽ മേഖലകളിലെല്ലാം തന്നെ അടിയാൻ സമൂഹം കടന്നു വരുന്നുണ്ട്.  ഉന്നതവിദ്യാഭ്യാസം നേടുന്നതിലും, സർക്കാർ സ്ഥാപനങ്ങളിലും മറ്റും ജോലി നേടിയെടുക്കുന്നതിലുമെല്ലാം അടിയാൻ സമൂഹത്തിലെ പുതു തലമുറക്കാർ മറ്റ് സമാന പാരമ്പര്യമുള്ള ഗോത്രസമൂഹങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലെത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

പരമ്പരാഗതമായി ഒരുപാട് ആചാരാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമാണ് ഈ സമൂഹത്തിന്റെ ജീവിതരീതി.  രോഗങ്ങളുണ്ടാവുമ്പോഴും, മരണം സംഭവിക്കുമ്പോഴുമെല്ലാം വ്യത്യസ്തമായ ആചാരങ്ങളിലൂടെയും, അനുഷ്ഠാനങ്ങളിലൂടെയുമാണ് ഇവർ കടന്നു പോയിരുന്നത്.  അതുപോലെ വിവാഹം, ജനനം തുടങ്ങിയുള്ള  ജീവിത സന്ദർഭങ്ങളിലും അതത്  ആചാരഅനുഷ്ഠാനങ്ങൾ അതുമായി ബന്ധപ്പെട്ട് അനുവർത്തിച്ചു  വന്നിരുന്നു.  'ഗദ്ദിക' പോലുള്ള കലാരൂപങ്ങൾ ഇത്തരം ആചാര അനുഷ്ഠാനത്തിന്റെ ഭാഗമായി അടിയ സമൂഹത്തിൽ നിന്ന് രൂപപ്പെട്ടിട്ടുമുണ്ട്.  ഇവരുടെ വിശ്വാസമനുസരിച്ച് ഒരാൾ രോഗിയാകുന്നത് ദൈവത്തിനനിഷ്ടമായതെന്തോ പ്രവർത്തിക്കുന്നതിനാലാണ്.  തന്മൂലം, ദൈവത്തെ പ്രീതിപ്പെടുത്തിയും, പ്രായശ്ചിത്തം ചെയ്തും രോഗവിമുക്തി നേടിയെടുക്കുന്നതിന് ശ്രമിക്കുന്നു.

### 2.4.4 കാട്ടുനായിക്കൻ

വയനാട്ടിലെ മറ്റൊരു പ്രധാന ഗോത്ര സമൂഹമാണ് കാട്ടുനായിക്കൻ. ഇവർ കാടുമായി വളരെ അടുത്തിടപെഴുകുകയും ഉൾക്കാടുകളിൽ താമസിക്കുകയും ചെയ്യുന്നവരാണിവർ. . 'King Of Forest ' കാടിന്റെ നായകൻ എന്ന അർത്ഥത്തിൽ രൂപപ്പെട്ടതാണ് 'കാട്ടുനായകൻ' എന്ന പേര്. 18194 ആണ് 2011 സെൻസസ് പ്രകാരം കേരളത്തിലെ കാട്ടു നായകരുടെ എണ്ണം. ഇതിൽ 14557 പേര് (7242 പുരുഷന്മാരും, 7315 സ്ത്രികളും) വയനാട്ടിൽ അധിവസിക്കുന്നു. പരമ്പരാഗതമായി വനവിഭവങ്ങൾ ശേഖരിച്ചാണ് ഈ ഗോത്രവിഭാഗം ജീവിച്ചു പോന്നത്. കേരളത്തിലെ അഞ്ച് പ്രത്യേക ദുർബല വിഭാഗങ്ങളുള്ളതിൽ ജനസംഖ്യാപരമായി ഏറ്റവും വലിയ സമുദായമാണ് കാട്ടുനായിക്കൻ.

നിരവധി ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമാണ് കാട്ടു നായിക്കരുടെ ജീവിതരീതി. ദൈവാരാധനയോടു കൂടി മാത്രമേ തേൻ എടുക്കൽ പോലുള്ള ജീവിതവൃത്തിയുമായി ബന്ധപ്പെട്ടു കാര്യങ്ങൾ വരെ ചെയ്യാറുള്ളൂ. വനവുമായി ബന്ധപ്പെടാതെ കാട്ടുനായിക്കരുടെ ജീവിതക്രമം പൂർത്തിയാകുന്നില്ല. തേനിനു പുറമെ, കാട്ടുകിഴങ്ങുകളും, പഴങ്ങളും ഇവരുടെ ഭക്ഷണക്രമത്തിന്റെ ഭാഗമാണ്. ഇപ്പോഴും വനവുമായി ഇടപെടാതെ കാട്ടുനായകൻ ജീവിതം പുലർത്തുന്നില്ല. വനത്തോട് വളരെ ചേർന്നും, അതിനുള്ളിലുമായിട്ടാണ് ഈ ഗോത്രസമൂഹം അധിവസിക്കുന്നത്. നെൽകൃഷിയും അതു പോലുള്ള വയൽ കൃഷികളും പരമ്പരാഗതമായി ചെയ്തുവന്നിരുന്നു. നിലവിൽ കൃഷിയും, കൂലിപ്പണിയും മറ്റ് തൊഴിലുകളും ചെയ്ത് ഉപജീവനം കണ്ടെത്തുന്നവർ ഈ സമൂഹത്തിൽ ഉണ്ട്.

### 2.4.5 വയനാട് കാടർ

വയനാട് ജില്ലയിലും, കോഴിക്കോട് ജില്ലയുടെ ചില ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു ചെറുഗോത്രസമൂഹമാണ് വയനാട് കാടർ. വയനാട് കാടർ എന്നാണ് ഇവർ ഔദ്യോഗികമായി അറിയപ്പെടുന്നതെങ്കിലും പ്രാദേശികമായി ഇവരെ കാടർ എന്നും വിളിക്കാറുണ്ട്. വയനാട്ടിൽ മാത്രം നിവസിച്ചു വരുന്ന ഒരു ജനവിഭാഗമായതിനാലാണ് ഇവരെ വയനാട് കാടർ എന്ന് വിളിച്ചു വരുന്നത് എന്നാണ് വയനാട് കാടറെ കുറിച്ച് പഠനം നടത്തിയ എ.എ.ഡി.ലൂയിസ് അഭിപ്രായപ്പെടുന്നത്. ഈ ഗോത്രവിഭാഗത്തിന് പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ വസിക്കുന്ന പ്രത്യേക ദുർബല ഗോത്രവിഭാഗമായ 'കാടർ' വിഭാഗവുമായി ബന്ധമില്ലെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

1986 ലെ സർക്കാർ ഉത്തരവ് പ്രകാരം വയനാട് കാടരെ കേരള സംസ്ഥാനത്തിലെ ഒ.ഇ.സി (പട്ടികവർഗ്ഗം) ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താനായി ശുപാർശ ചെയ്യുകയും ചെയ്തു. തുടർന്ന് 2003 ലെ പട്ടികജാതി പട്ടികവർഗ്ഗ ഭരണ

ഘടനാ ഭേദഗതി ഉത്തരവ് പ്രകാരമുള്ള  ലിസ്റ്റിൽ വയനാട് കാടരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.  പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ അടിസ്ഥാന വിവരശേഖരണ പ്രകാരം 673 ആണ് ഇവരുടെ ആകെ ജനസംഖ്യ.  2011 സെൻസസിൽ  വയനാട് കാടരുടെ ജനസംഖ്യ പ്രത്യേകിച്ച് രേഖപ്പെടുത്തിയിട്ടില്ല.  മുൻകാലങ്ങളിൽ വയനാട് കാടർ മുത്താറി കൃഷി ചെയ്തും, കാട്ടുകിഴങ്ങുകൾ  ശേഖരിച്ചും, മൃഗങ്ങളെ വേട്ടയാടിയുമാണ് കഴിഞ്ഞു വന്നിരുന്നത്.  കാട്ടിൽ നിന്നും, തേൻ, ഇഞ്ച, ചീനിക്ക, പഴങ്ങൾ  തുടങ്ങിയവ ഇവർ ശേഖരിച്ചിരുന്നു.

## 2.4.6 മുള്ളുകുറുമൻ.

വയലിലെ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ് മുള്ളുകുറുമ്മർ.വയൽ കൃഷി, നായാട്ട്, എന്നിവയാണ് മുള്ളുകുറുമ്മരുടെ പ്രധാന ജീവനോപാധി. നെല്ല്, മുത്താറി, ചോളം, ചാമ, എന്നിവയാണ് പ്രധാനമായും കൃഷി  ചെയ്യുതിരുന്നത് . ജീവിതചര്യയുടെ ഭാഗമായി മീൻപിടുത്തവും നടത്തിവന്നിരുന്നു. ഇവരുടെ ആകെ ജനസംഖ്യാ  24505 ആണ്(12148പുരുഷന്മാരും, 12357 സ്ത്രികളും) ഇതിൽ വയനാട് ജില്ലയിൽ അധിവസിക്കുന്നവർ 23,591 ആണ്. (11693പുരുഷന്മാരും, 11898 സ്ത്രികളും)  പരമ്പരാഗതമായി വേട്ടയാടുകയും, അമ്പും, വില്ലും ഉപയോഗിച്ചിരുന്നവരുമായ ഗോത്രസമൂഹമാണ്  മുള്ളുക്കുറുമൻ. 2002 വരെ വയനാട് ജില്ലയിലെ മുള്ളുക്കുറുമനെയും, വെട്ടക്കുറുമനെയും (ഊരാളിക്കുറുമൻ) കുറുമൻ എന്ന പൊതുപേരിലാണ് പട്ടികവർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.  എന്നാൽ, 2002 ലെ ഭരണഘടന ഭേദഗതി പ്രകാരം മഉള്ളുക്കുറുമനെയും, ഊരാളിക്കുറുമനെന്ന വെട്ടക്കുറുമനെയും രണ്ട് വ്യത്യസ്ത വിഭാഗങ്ങളായി കണക്കാക്കപ്പെടട്ടു.  ഇവർ നായാട്ടിൽ അഗ്രഗണ്യരാണ്.

## 2.4.7.വെട്ടകുറുമൻ

ഊരാളി കുറുമർ അല്ലെങ്കിൽ ബെട്ട, വെട്ടു കുറുമരാണ്  വയനാട്ടിലെ പ്രധാനമായ മറ്റൊരു ഗോത്രസമൂഹം. ഇവരെ ഊരാളികുറുമനെന്ന പേരിലും അറിയപ്പെടുന്നുണ്ട്. 'വെട്ടു' എന്ന പദം അർത്ഥമാക്കുന്ന 'വെട്ടുക' എന്നത് അർത്ഥമാക്കും പോലെ, ഈ ഗോത്രസമൂഹം മരം മുറിച്ചും, മുളകൾ മുറിച്ചും, വീട്ടുപകരണങ്ങൾ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു.  ഇന്ത്യയിൽ കരകൗശല വൈദഗ്ധ്യമുള്ള വളരെ ചുരുക്കം ഗോത്രസമൂഹങ്ങളിൽ ഒന്നാണിവർ.  വയനാട്ടിലെ  തിരുനെല്ലി, പനമരം, പൂതാടി, നൂൽപ്പുഴ, മുള്ളൻകൊല്ലി, കണിയാമ്പറ്റ, അമ്പലവയൽ, നെന്മേനി പഞ്ചായത്തുകളിലാണ് പരമ്പരാഗതമായി ഈ സമൂഹത്തെ കണ്ടുവന്നിട്ടുള്ളത്.  2011 ലെ സെൻസസ് പ്രകാരം ഇവരുടെ ആകെ ജനസംഖ്യാ 739 ആണ്. (346 പുരുഷൻമാരും, 393 സ്ത്രീകളും ) . ഇതിൽ വയനാട് ജില്ലയിൽ 569 പേർ (267 പുരുഷൻമാരും, 302 സ്ത്രീകളും) അധിവസിക്കുന്നു.

വനത്തിനകത്തോ, സമീപത്തോ ആയിട്ടാണ് ഇവർ താമസിക്കുന്നത്. ഓരോ കുടുംബങ്ങളും സ്വന്തമായി വീടു വച്ചു താമസിക്കുന്നു. വീടുകൾ ഒറ്റമുറിയുള്ളതായിരുന്നു. മുള കൊണ്ട് പായ മെടഞ്ഞുണ്ടാക്കി , അതിന്റെ ഇരുവശവും മണ്ണു തേച്ചു പിടിപ്പിച്ചാണ് ഭിത്തി നിർമ്മിച്ചിരുന്നത്. പുല്ലുമേഞ്ഞ വീടുകളായിരുന്നു. അതിവിദഗ്ധമായ ഇവരുടെ കരകൗശല പ്രാവീണ്യം വീടുകളിലും പ്രകടമായിരുന്നു. കല്ല്, മണ്ണ്, മരം, മുള തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിച്ച്, കൃഷിക്കാവശ്യമായതും വീട്ടാവശ്യങ്ങൾക്കുള്ളതുമായ വസ്തുക്കൾ നിർമ്മിക്കുന്നതിൽ വിദഗ്ധത പ്രകടമാക്കിയിരുന്നു ഈ സമൂഹം. ഇത്തരം വസ്തുക്കൾ നിർമ്മിച്ച്, മറ്റ് സമുദായങ്ങളിലുള്ള ആവശ്യക്കാർക്ക് നൽകി ഉപജീവനവും കണ്ടെത്തിയിരുന്നു.

ഇന്ന് ഉപജീവനത്തിനായി കൂലിപ്പണിയെയാണ് അധികംപേരും ആശ്രയിച്ചു വരുന്നത്. സ്വന്തമായി സ്ഥലമുള്ളവർ കൃഷിയും ചെയ്തു വരുന്നു. പരമ്പരാഗത ഉപജീവനോപാധികൾ ഉണ്ടായിരുന്ന വെട്ടക്കുറുമൻ ഇന്ന് വയനാട്ടിൽ വളരെ കുറവാണ്. കൃഷി ഉപകരണങ്ങളും, വീട്ടുപകരണങ്ങളും എല്ലാം ആധുനീക രീതിയിൽ അലുമിനിയം പോലുള്ള ലോഹങ്ങളാലും യന്ത്രസഹായത്തോടു കൂടിയുമെല്ലാം നിർമ്മിക്കപ്പെട്ടു തുടങ്ങിയതും അതിന്റെ ഉപയോഗം വ്യാപകമായതു കൊണ്ടും ഇവർക്ക് പരമ്പരാഗത തൊഴിൽ കൊണ്ടു ഉപജീവനം കണ്ടെത്താൻ സാധിക്കാത്ത ഒരു സാഹചര്യത്തിലേക്ക് കൊണ്ടെത്തിച്ചു.

## 2.4.8 തച്ചനാടൻമൂപ്പൻ

വയനാട് ജില്ലയിൽ മാത്രം അധിവസിക്കുന്നതും, ഗോത്രസംസ്കാരം തുടർന്നു വരുന്നതുമായ ഒരു ജനവിഭാഗമാണ് തച്ചനാടൻ മൂപ്പൻ.

കേരള സംസ്ഥാനത്തിലെ ഒ.ഇ.സി (പട്ടികവർഗ്ഗം) ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന, തച്ചനാടൻ മൂപ്പൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താനായി ശുപാർശ ചെയ്യുകയും തുടർന്ന് 2003 ലെ പട്ടികജാതി പട്ടികവർഗ്ഗ ഭരണഘടനാ ഭേദഗതി ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഈ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് ഇവരുടെ ആകെ ജനസംഖ്യ 1,745 ആണ്. (859 പുരുഷന്മാരും, 886 സ്ത്രീകളും). അതിൽ 1615 പേർ (796 പുരുഷന്മാരും, 819 സ്ത്രീകളും) വയനാട്ടിൽ ഉണ്ട്. വയനാട് ജില്ലയിലെ മേപ്പാടി, അമ്പലവയൽ, കല്പറ്റ, മുട്ടിൽ, റിപ്പൺ ഭാഗങ്ങളിലായിട്ടാണ് ഇവർ അധിവസിച്ചുവരുന്നത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ കോവിലകത്ത് നിന്ന് കുടിയേറി പാർത്തവരാണെന്ന് ഇവർ പറയുന്നുണ്ട്. നാട്കാണി ചുരത്തിലെ തച്ചനാട് എന്ന സ്ഥലത്ത് നിന്ന് കുടിയേറി വന്നതുകൊണ്ടാണ് തച്ചനാടൻ മൂപ്പൻ എന്നപേർ ലഭിച്ചതെന്നാണ് ഇവരുടെ വിശ്വാസം.

കൃഷി, വേട്ടയാടൽ, മീൻപിടുത്തം, തേൻ ശേഖരണം, കൊട്ട മെടയൽ, പക്ഷിപിടുത്തം എന്നിവ ആയിരുന്നു ഇവരുടെ പരമ്പരാഗത ഉപജീവനമാർഗ്ഗങ്ങൾ. കാർഷിക-കാർഷികേതര തൊഴിലുകളിലൂടെയാണ് നിലവിൽ ഇവർ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നത്.

# അദ്ധ്യായം 3

## സങ്കേതങ്ങളും ഗുണഭോക്താക്കളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും

രണ്ട് മുനിസിപ്പാലിറ്റികളിലും, 15 പഞ്ചായത്തുകളിലുമായി 234 സങ്കേതങ്ങളിലായിട്ടാണ് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്.കൽപ്പറ്റ പ്രൊജക്ട് ഓഫീസിനും മാനന്തവാടി, സുൽത്താൻ ബത്തേരി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുകളുടെ ഭരണപരിധിയിൽ വരുന്നതാണ് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. കൽപ്പറ്റ ഐ.റ്റി.ഡി.പി യിൽ വരുന്ന കൽപ്പറ്റ മുനിസിപ്പാലിറ്റി , വൈത്തിരി, പടിഞ്ഞാറത്തറ, പൊഴുതന, മുട്ടിൽ, മേപ്പാടി, മുപ്പെയ്നാട് എന്നീ ആറ് പഞ്ചായത്തുകളും, സുൽത്താൻബത്തേരി ടി.ഡി.ഒ യുടെ പരിധിയിൽ വരുന്ന സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി, മീനങ്ങാടി, പുൽപ്പള്ളി, പൂതാടി, നൂൽപ്പുഴ എന്നീ നാല് പഞ്ചായത്തുകളും, മാനന്തവാടി ടി.ഡി.ഒ യുടെ പരിധിയിൽ വരുന്ന തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട, പനമരം എന്നീ അഞ്ച് പഞ്ചായത്തുകളും ആണ്. 4458 വ്യക്തികളെയാണ് വനാവകാശരേഖയ്ക്കായി എസ്.ഡി.എൽ.സി.(സബ്ഡിവിഷണൽ തല കമ്മിറ്റി)യിൽ നിന്നും ശുപാർശ ചെയ്തിരിക്കുന്നത്. കാട്ടുനായിക്കൻ, പണിയൻ, കുറിച്ച്യൻ, മുള്ളുകുറുമൻ, വെട്ടക്കുറുമൻ, തച്ചനാടൻ മൂപ്പൻ, അടിയാൻ, വയനാട് കാടർ എന്നീ എട്ട് ഗോത്രവിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ് അവകാശം ലഭിച്ചവർ . കാട്ടുനായ്ക്കൻ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കാണ് കൂടുതൽ വനാവകാശം ലഭിച്ചിട്ടുള്ളത്.

അവകാശം നൽകിയിരിക്കുന്ന വനഭൂമി ഉൾപ്പെടുന്നത് വയനാട്ടിലെ പത്ത് റെയ്ഞ്ചുകൾക്ക് കീഴിലാണ്. സൗത്ത് വയനാട് ഡിവിഷനിലുൾപ്പെട്ട ചെതലയം, കൽപ്പറ്റ, മേപ്പാടി എന്നീ റെയ്ഞ്ചുകളും, നോർത്ത് വയനാട് ഡിവിഷനിലുൾപ്പെട്ട പേര്യ, ബേഗൂർ, മാനന്തവാടി റെയ്ഞ്ചുകളും, വൈൽഡ് ലൈഫ് ഡിവിഷനിലുൾപ്പെട്ട കുറിച്യാട്, മുത്തങ്ങ, സുൽത്താൻ ബത്തേരി, തോൽപ്പെട്ടി റെയ്ഞ്ചുകളിലുമാണ് വനാവകാശം ലഭിച്ച വിവിധ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്നത്.

എസ്.ഡി.എൽ.സി. .(സബ്ഡിവിഷണൽ തല കമ്മിറ്റി) ശുപാർശ ചെയ്തതു പ്രകാരം , 234 സങ്കേതങ്ങളിലായാണ് വനാവകാശം നടപ്പിലാക്കിയിരിക്കുന്നത്. 109 വനാവകാശ സമിതികളാണ് 234 സങ്കേതങ്ങളിലായിരൂപികരിച്ചിരിക്കുന്നത്. സങ്കേതങ്ങൾ, അവിടുത്തെ സമുദായം, ഗുണഭോക്താക്കളുടെ എണ്ണം, പഞ്ചായത്ത് എന്നിവ പ്രൊജക്ട് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

### 3.1 കൽപ്പറ്റ ഐ.റ്റി.ഡി. പ്രൊജക്ട് ഓഫീസ്

കൽപ്പറ്റ, മുനിസിപ്പാലിറ്റിയും, മുട്ടിൽ, മേപ്പാടി, മുപ്പൈനാട്, പടിഞ്ഞാറത്തറ, വൈത്തിരി, പൊഴുതന എന്നീ പഞ്ചായത്തുകളുമാണ് കൽപ്പറ്റ പ്രൊജക്ട് ഓഫീസിനു കീഴിൽ വരുന്നത്. ആറു സമുദായങ്ങളിൽ നിന്നായി 866 ഗുണഭോക്താക്കളെയാണ് എസ്.ഡി.എൽ.സി. .(സബ്ഡിവിഷണൽ തല കമ്മിറ്റി) വനാവകാശത്തിനായി കൽപ്പറ്റ ഐ.റ്റി.ഡി.പി യുടെ പരിധിയിൽ വിവിധ പഞ്ചായത്തുകളിൽ നിന്നായി ശുപാർശ ചെയ്തത്. എസ്.ഡി.എൽ.സി ശുപാർശ ചെയ്തവരുടെ സമുദായടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക:3.1 **സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെശുപാർശ പട്ടിക**

| ക്രമ നം | തദ്ദേശസ്ഥാപനങ്ങൾ | സങ്കേതങ്ങൾ | സമുദായങ്ങൾ | അവകാശത്തിന് ശുപാർശ ചെയ്തത്(സമുദായങ്ങൾ തിരിച്ച്) |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | നഗരസഭ (1)<br>കൽപ്പറ്റ | 37 | 7 | പണിയൻ-418<br>കാട്ടുനായിക്കൻ-199<br>തച്ചനാടൻ മൂപ്പൻ-149<br>കുറിച്ച്യൻ-63<br>മുള്ളുകുറുമൻ -28<br>വയനാട്കാടർ-6<br>വെട്ടകുറുമൻ-3 |
| 2 | ഗ്രാമപഞ്ചായത്തുകൾ(6)<br>വൈത്തിരി,<br>പടിഞ്ഞാറത്തറ<br>പൊഴുതന,<br>മുട്ടിൽ,<br>മേപ്പാടി,<br>മുപ്പെയ്നാട് | | | |
| ആകെ | | 42 | 7 | 866 |

### 3.2 സുൽത്താൻബത്തേരി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്

സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയും, പുൽപ്പള്ളി, മീനങ്ങാടി, നൂൽപ്പുഴ, പൂതാടി പഞ്ചായത്തുകളുമാണ് സുൽത്താൻബത്തേരി ടി.ഡി.ഒ ക്ക് കീഴിൽ വനാവകാശം നടപ്പിലാക്കിയിരിക്കുന്നത്. ആറു സമുദായങ്ങളിൽ നിന്നുള്ള 2525 പേർക്കാണ് എസ്.ഡി.എൽ.സി ലിസ്റ്റിൽ വനാവകാശത്തിനായി ശുപാർശ ലഭിച്ചിരിക്കുന്നത്. എസ്.ഡി.എൽ.സി .(സബ്ഡിവിഷണൽ തല കമ്മിറ്റി)ശുപാർശ ചെയ്തവരുടെ സമുദായടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക:3.2 **സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെശുപാർശ പട്ടിക**

| ക്രമനം | തദ്ദേശസ്ഥാപനങ്ങൾ | സങ്കേതങ്ങൾ | സമുദായങ്ങൾ | അവകാശത്തിന് ശുപാർശ ചെയ്തത്(സമുദായങ്ങൾ തിരിച്ച്) |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | നഗരസഭ (1)<br>സുൽത്താൻബത്തേരി | 156 | 6 | കാട്ടുനായിക്കൻ -1131<br>പണിയൻ-645<br>മുള്ളുകുറുമൻ -437<br>വെട്ട കുറുമൻ-302<br>കുറിച്ച്യൻ-6<br>അടിയാൻ-1 |
| 2 | ഗ്രാമപഞ്ചായത്തുകൾ(4)<br>മീനങ്ങാടി,<br>പുൽപ്പള്ളി,<br>പൂതാടി,<br>നൂൽപ്പുഴ | | | |
| ആകെ | | 155 | 6 | 2522 |

## 3.3 <u>മാനന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്</u>

മാനന്തവാടി ടി.ഡി.ഒ ക്ക് കീഴിലെ തവിഞ്ഞാൽ, തിരുനെല്ലി, പനമരം, വെള്ളമുണ്ട, തൊണ്ടർനാട് എന്നീ പഞ്ചായത്തുകളിലാണ് വനാവകാശ നിയമം നടപ്പിലാക്കിയിരിക്കുന്നത്. ഈ പഞ്ചായത്തുകളിലെ വിവിധ സങ്കേതങ്ങളിൽ നിന്നായി 1070 പേരെയാണ് എസ്.ഡി.എൽ.സി .(സബ്ഡിവിഷണൽ തല കമ്മിറ്റി) ശുപാർശ ചെയ്തത്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.


പട്ടിക 3.3 **സമുദായടിസ്ഥാനത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെശുപാർശ പട്ടിക**

| ക്രമനം | തദ്ദേശസ്ഥാപനങ്ങൾ | സങ്കേതങ്ങൾ | സമുദായങ്ങൾ | അവകാശത്തിന് ശുപാർശ ചെയ്തത്(സമുദായങ്ങൾ തിരിച്ച്) |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | നഗരസഭകൾ (0) | | | കുറിച്ച്യൻ-404<br>വെട്ട കുറുമൻ-218<br>പണിയൻ-210<br>കാട്ടുനായിക്കൻ -188<br>അടിയാൻ-45<br>മുള്ളുകുറുമൻ -5 |
| 2 | ഗ്രാമപഞ്ചായത്തുകൾ (15)<br><br>തവിഞ്ഞാൽ,<br>തിരുനെല്ലി,<br>തൊണ്ടർനാട<br>വെള്ളമുണ്ട,<br>പനമരം | 46 | 6 | |
| ആകെ | | 42 | 6 | 1070 |

### 3.4 <u>**സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ആകെയുള്ള ശുപാർശകൾ**</u>


സബ്ഡിവിഷണൽ തല കമ്മിറ്റി നൽകിയ ലിസ്റ്റ് പ്രകാരം 15 പഞ്ചായത്തുകളിലും 2 നഗരസഭകളിലുമായി 234 സങ്കേതങ്ങളിലെ 8 സമുദായങ്ങളിൽപ്പെട്ട 4457 പേർക്കാണ് വ്യക്തിഗത അവകാശത്തിനു വേണ്ടി ശുപാർശ ചെയ്തിട്ടുള്ളത്.ഏറ്റവും കൂടുതൽ വ്യക്തിഗത അവകാശത്തിനു വേണ്ടി ശുപാർശ ചെയ്തിട്ടുള്ളത് സുൽത്താൻബത്തേരി ടി.ഡി.ഒ യിൽ നിന്നാണ്(56.56.%) .

ചാർട്ട്3.ജി.1 **സബ്ഡിവിഷണൽതലകമ്മിറ്റിയുടെശുപാർശകൾ – സമുദായടിസ്ഥാന ത്തിൽ**




പ്രസ്തുത അവകാശങ്ങൾ ജില്ലാതല സമിതിയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് സബ്ഡി വിഷണൽ തല കമ്മിറ്റി 13 തവണയാണ് ചേർന്നത്. ഏറ്റവും കൂടുതൽ വ്യക്തിഗതവകാശംകാട്ടുനായിക്കൻ(34.05%),പണിയൻ(28.56%) സമുദായക്കാർക്കാണ്.ഓരോ സമുദായത്തിന്റെയും പ്രാതിനിധ്യം ഇപ്രകാരമാണ്. ടവട്ടകുറുമൻ(11.73%), കുറിച്ച്യൻ(10.61%), മുള്ളുകുറുമൻ(10.54%), തച്ചനാടൻമൂപ്പൻ(3.34%), അടിയാൻ (1.03%), വയനാട് കാടർ (0.13%) എന്നിങ്ങനെയാണ്. എണ്ണം 3. ജി.2 ൽ വിശദമാക്കുന്നു.

ചാർട്ട്. 3 ജി.2




സബ്ഡിവിഷണൽ തല കമ്മിറ്റി വ്യക്തിഗത അവകാശത്തിന് ശുപാർശ ചെയ്ത 4457 പേരുടെയും പേര്, സമുദായം, സങ്കേതം, ഭൂമിയുടെ അളവ് തുടങ്ങിയവ പട്ടികരൂപത്തിൽ **അനുബന്ധം 5** ആയി നൽകിയിട്ടുണ്ട്.

## 3.5. പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ള സങ്കേതങ്ങൾ

11 പഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളിലും ആയി 57 സങ്കേതങ്ങളിൽപ്പെട്ട 7 സമുദായങ്ങളെ ആണ് പഠനത്തിന് വിധേയമാക്കിയത്.സങ്കേതങ്ങളിലെ , സമുദായങ്ങൾ വ്യത്യസ്തമാണ്. ഒരു സമുദായത്തിലുൾപ്പെടുന്നവർ മാത്രം അധിവസിക്കുന്ന സങ്കേതങ്ങളും, ഏതെങ്കിലും രണ്ട് സമുദായങ്ങൾ ഒന്നിച്ച് അധിവസിക്കുന്ന സങ്കേതങ്ങളും, രണ്ടിൽ കൂടുതൽ സമുദായങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളുമുണ്ട്. അടിയ സമുദായം ഒഴികെ, മറ്റ് 6 സമുദായങ്ങളിലെ അംഗങ്ങളും അധിവസിച്ചു വരുന്ന സങ്കേതങ്ങൾ പഠനത്തിനായി തിരഞ്ഞെടുത്തവയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഏതെങ്കിലും ഒരു സമുദായത്തിലെ അംഗങ്ങൾ മാത്രം അധിവസിച്ചു വരുന്ന 40 സങ്കേതങ്ങളും, രണ്ട് സമുദായ അംഗങ്ങൾ ഒരുമിച്ച് അധിവസിക്കുന്ന 10 സങ്കേതങ്ങളും, രണ്ടിൽ കൂടുതൽ സമുദായങ്ങളിലെ അംഗങ്ങൾ താമസിച്ചു വരുന്ന 7 സങ്കേതങ്ങളുമാണ് ഉള്ളത്.

പാമ്പ്രമൂല, വിജയൻകുന്ന്, മണ്ണുണ്ടി തുടങ്ങിയ 10 സങ്കേതങ്ങളാണ് 2 സമുദായങ്ങൾ മാത്രം അധിവസിക്കുന്ന സങ്കേതങ്ങൾ. 3 മുതൽ 5 സമുദായങ്ങളിലെ അംഗങ്ങൾ വരെ ഒരുമിച്ചു താമസിക്കുന്ന 7 സങ്കേതങ്ങൾ ഉണ്ട്. സങ്കേതങ്ങളുമായി ബന്ധപ്പെട്ട വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 3.4 –ഏക സമുദായ അംഗങ്ങൾ മാത്രം അധിവസിക്കുന്ന സങ്കേതങ്ങൾ**

| ക്രമ നം. | സങ്കേതം | പഞ്ചായത്ത് | സമുദായം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1.1 | ചന്ദ്രോത്ത് | പുൽപ്പള്ളി | കാട്ടുനായിക്കൻ | 25 |
| 1.2 | എടാറകൊല്ലി | തവിഞ്ഞാൽ | കാട്ടുനായിക്കൻ | 9 |
| 1.3 | കുറിച്യാട് | ബത്തേരി | കാട്ടുനായിക്കൻ | 30 |
| 1.4 | കാളങ്കണ്ടി | നൂൽപ്പുഴ | കാട്ടുനായിക്കൻ | 12 |
| 1.5 | ചുക്കാലിക്കുനി | നൂൽപ്പുഴ | കാട്ടുനായിക്കൻ | 54 |
| 1.6 | മൊടവങ്കര | പുൽപ്പള്ളി | കാട്ടുനായിക്കൻ | 10 |
| 1.7 | നെയ്ക്കുപ്പ മണൽവയൽ | പൂതാടി | കാട്ടുനായിക്കൻ | 18 |
| 1.8 | മേലേ കുണ്ടുവാടി | പുൽപ്പള്ളി | കാട്ടുനായിക്കൻ | 3 |
| 1.9 | കേളമംഗലം | പൂതാടി | കാട്ടുനായിക്കൻ | 12 |
| 1.10 | മധ്യപ്പാടി | തിരുനെല്ലി | കാട്ടുനായിക്കൻ | 41 |
| 1.11 | പുലയൻമൂല | പുൽപ്പള്ളി | കാട്ടുനായിക്കൻ | 15 |
| 1.12 | പൂളക്കുന്ന് | മേപ്പാടി | കാട്ടുനായിക്കൻ | 15 |
| 1.13 | റാട്ടക്കൊല്ലിമല | കൽപ്പറ്റ | കാട്ടുനായിക്കൻ | 9 |
| 2.1 | കരിയാത്തൻപാറ | മുട്ടിൽ | പണിയൻ | 20 |
| 2.2 | മണൽവആന്റ | നൂൽപ്പുഴ | പണിയൻ | 14 |
| 2.3 | എടത്തറ | നൂൽപ്പുഴ | പണിയൻ | 8 |
| 2.4 | ഓടമൂല | ബത്തേരി | പണിയൻ | 16 |
| 2.5 | അണ്ണിമൂല | നൂൽപ്പുഴ | പണിയൻ | 25 |
| 2.6 | നെല്ലിപ്പറ്റ | ബത്തേരി | പണിയൻ | 18 |
| 2.7 | കുപ്പച്ചി | മേപ്പാടി | പണിയൻ | 43 |
| 2.8 | ഫോറസ്റ്റ് വയൽ | പുൽപ്പള്ളി | പണിയൻ | 36 |
| 2.9 | മമ്മിക്കുന്ന് | മേപ്പാടി | പണിയൻ | 14 |
| 3.1 | കൂപ്പ് | തിരുനെല്ലി | വെട്ടക്കുറുമൻ | 24 |
| 3.2 | നച്ചുകണ്ടി | തിരുനെല്ലി | വെട്ടക്കുറുമൻ | 5 |
| 3.3 | തിരുമുഖം | പുൽപ്പള്ളി | വെട്ടക്കുറുമൻ | 14 |
| 4.1 | പങ്കളത്ത് | നൂൽപ്പുഴ | മുള്ളുകുറുമൻ | 10 |
| 4.2 | മാറോട് | നൂൽപ്പുഴ | മുള്ളുകുറുമൻ | 76 |
| 4.3 | അയനിമല കുറുമ | പൂതാടി | മുള്ളുകുറുമൻ | 4 |
| 4.4 | കണ്ടാമല | പുൽപ്പള്ളി | മുള്ളുകുറുമൻ | 45 |
| 4.5 | കോളയോട്ട് | നൂൽപ്പുഴ | മുള്ളുകുറുമൻ | 7 |
| 4.6 | കൂടല്ലൂർ | പൂതാടി | മുള്ളുകുറുമൻ | 30 |
| 4.7 | കരടിമാട് | നൂൽപ്പുഴ | മുള്ളുകുറുമൻ | 6 |
| 4.8 | ഊരംകുന്ന് | നൂൽപ്പുഴ | മുള്ളുകുറുമൻ | 16 |
| 5.1 | ചോയിമൂല | തവിഞ്ഞാൽ | കുറിച്ച്യൻ | 62 |

| | | | | |
|---|---|---|---|---|
| 5.2 | താഴെ തലപ്പുഴ | തവിഞ്ഞാൽ | കുറിച്ച്യൻ | 33 |
| 5.3 | പുന്നശ്ശേരി | തവിഞ്ഞാൽ | കുറിച്ച്യൻ | 15 |
| 5.4 | നടുവിൽമുറ്റം | പനമരം | കുറിച്ച്യൻ | 12 |
| 5.5 | വെള്ളറോടി | തിരുനെല്ലി | കുറിച്ച്യൻ | 6 |
| 6.1 | സ്കൂൾകുന്ന് | മേപ്പാടി | തച്ചനാടൻ മൂപ്പൻ | 26 |
| 6.2 | കാർമ്മൽകുന്ന് | മേപ്പാടി | തച്ചനാടൻ മൂപ്പൻ | 11 |
| | ആകെ കുടുംബങ്ങൾ | | | 849 |

ഉറവിടം: (ഫീൽഡ് വർക്ക്)

ആകെ കുടുംബങ്ങൾ 849 എന്ന് ചേർത്തിട്ടുള്ളത് ഉപ കുടുംബങ്ങൾ ഉൾപ്പടെയാണ്

കാട്ടുനായിക്കൻ സമുദായ അംഗങ്ങൾ മാത്രം അധിവസിക്കുന്ന 13 സങ്കേതങ്ങളാണുള്ളത് . പണിയൻ സമുദായത്തിലെ ആളുകൾ മാത്രം അധിവസിക്കുന്ന 9 സങ്കേതങ്ങളും, വെട്ടക്കുറുമൻ സമുദായ അംഗങ്ങൾ മാത്രം അധിവസിക്കുന്ന 3 സങ്കേതങ്ങളുമാണ് ഉള്ളത്. 8 സങ്കേതങ്ങളിലാണ് മുള്ളുകുറുമൻ സമുദായക്കാർ മാത്രം അധിവസിക്കുന്നത്. കുറിച്ച്യൻ സമുദായക്കാരെ മാത്രം ഉൾക്കൊള്ളുന്ന 5 സങ്കേതങ്ങളാണുള്ളത്. 2 സങ്കേതങ്ങളിൽ മാത്രമാണ് തച്ചനാടൻ മൂപ്പൻ സമുദായ അംഗങ്ങൾ മാത്രം അധിവസിക്കുന്നത്.

**പട്ടിക 3.5 –രണ്ട് സമുദായങ്ങളിലെ അംഗങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ**

| ക്രമ നം. | സങ്കേതം | പഞ്ചായത്ത് | സമുദായം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | പാമ്പ്രമൂല | സുൽത്താൻബത്തേരി | കാട്ടുനായിക്കൻ<br>വെട്ടക്കുറുമൻ | 17<br>5 |
| 2 | അയനിമല | പൂതാടി | പണിയൻ<br>കാട്ടുനായിക്കൻ | 8<br>2 |
| 3 | മണ്ണുണ്ടി | തിരുനെല്ലി | കാട്ടുനായിക്കൻ<br>വെട്ടക്കുറുമൻ | 25<br>19 |
| 4 | വെള്ളക്കെട്ട് | മേപ്പാടി | കാട്ടുനായിക്കൻ<br>പണിയൻ | 5<br>7 |
| 5 | നെല്ലേരി | തൊണ്ടർനാട് | പണിയൻ<br>കുറിച്ച്യൻ | 23<br>28 |
| 6 | വിജയൻകുന്ന് | പൂതാടി | കാട്ടുനായിക്കൻ<br>പണിയൻ | 21<br>11 |
| 7 | പഞ്ചമിക്കുന്ന് | മേപ്പാടി | പണിയൻ<br>വെട്ടക്കുറുമൻ | 12<br>1 |
| 8 | ചേകാടി ചക്കിണി | തിരുനെല്ലി | കാട്ടുനായിക്കൻ<br>അടിയാൻ | 11<br>28 |
| 9 | ശേഖരൻകുണ്ട് | മുപ്പൈനാട് | കാട്ടുനായിക്കൻ<br>പണിയൻ | 6<br>13 |
| 10 | ലക്ഷംവീട് / കൊമ്മഞ്ചേരി | പൂതാടി | കാട്ടുനായിക്കൻ<br>വെട്ടക്കുറുമൻ | 3<br>16 |
| ആകെ കുടുംബങ്ങൾ | | | | 261 |

ഉറവിടം: (ഫീൽഡ് വർക്ക്)

രണ്ടിൽ കൂടുതൽ സമുദായക്കാർ അധിവസിച്ചുവരുന്ന 7 സങ്കേതങ്ങൾ ആണ് ഉള്ളത്. ഇതിൽ തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി- മിച്ചഭൂമി സങ്കേതമാണ് ഏറ്റവും വലിയ സങ്കേതം.

**പട്ടിക.3.6 രണ്ടിൽ കൂടുതൽ സമുദായങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ**

| ക്രമ നം. | സങ്കേതം | പഞ്ചായത്ത് | സമുദായം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | നീലിമല | മുപ്പൈനാട് | കാട്ടുനായിക്കൻ<br>പണിയൻ<br>തച്ചനാടൻ മൂപ്പൻ | 11<br>6<br>4 |
| 2 | അത്തിക്കടവ് | മീനങ്ങാടി | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | 36<br>40<br>9 |
| 3 | കൃഷ്ണൻകുന്ന് | പൂതാടി | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | 23<br>4<br>2 |
| 4 | പനവല്ലി | തിരുനെല്ലി | പണിയൻ<br>കാട്ടുനായിക്കൻ<br>അടിയാൻ<br>വെട്ടക്കുറുമൻ<br>കുറിച്ച്യൻ | 3<br>36<br>5<br>7<br>1 |
| 5 | ഗോവിന്ദൻപാറ | മേപ്പാടി | പണിയൻ<br>മുള്ളുകുറുമൻ<br>കാട്ടുനായിക്കൻ | 0<br>8<br>5 |
| 6 | ബസവൻകൊല്ലി | പുൽപ്പള്ളി | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | 51<br>5<br>6 |
| 7 | പണപ്പാടി | നൂൽപ്പുഴ | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | 6<br>5<br>60 |
| ആകെ കുടുംബങ്ങൾ | | | | 333 |

ഉറവിടം: (ഫീൽഡ് വർക്ക്)

രണ്ടിൽ കൂടുതൽ സമുദായാഗംങ്ങൾ ഒരുമിച്ച് അധിവസിച്ചു വരുന്ന 7 സങ്കേതങ്ങളാണ് ഉള്ളത്. പനവല്ലി- മിച്ചഭൂമി സങ്കേതത്തിലാണ് ഏറ്റവും കൂടുതൽ സമുദായക്കാർ ഒരുമിച്ച് അധിവസിക്കുന്നത്. അടിയാൻ, പണിയൻ, വെട്ടക്കുറുമൻ, കുറിച്ച്യൻ, കാട്ടുനായിക്കൻ എന്നീ 5 സമുദായങ്ങളിലെയും അംഗങ്ങൾ പ്രസ്തുത സങ്കേതത്തിൽ താമസിച്ചു വരുന്നു. അത്തിക്കടവ്, കൃഷ്ണൻകുന്ന്, ബസവൻകൊല്ലി, പണപ്പാടി എന്നീ നാലു സങ്കേതങ്ങളിലും പണിയൻ, കാട്ടുനായിക്കൻ, വെട്ടക്കുറുമൻ എന്നീ മൂന്നു സമുദായങ്ങൾ അധിവസിക്കുന്നു.

### 3.6. സങ്കേതങ്ങളുടെ **സ്വഭാവം**

പഠനത്തിനായി തിരഞ്ഞെടുത്ത സങ്കേതങ്ങൾ വയനാട്ടിലെ , വിവിധ വനമേഖലകളോട് ചുറ്റപ്പെട്ടോ, വനത്തോട് അതിരു പങ്കിട്ടോ സ്ഥിതി ചെയ്യുന്നവയാണ്. സങ്കേതങ്ങളെ ഉൾക്കൊള്ളുന്ന വനങ്ങളുടെ സ്വഭാവം 4 വിധം ആണ്. നിക്ഷിപ്ത വനങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, മിച്ചഭൂമി, എസ്റ്റേറ്റ്. കൂടുതൽ സങ്കേതങ്ങൾ നിക്ഷിപ്ത വനമേഖലകളിൽ ഉൾപ്പെടുന്നവയാണ്. നോർത്ത് ഫോറസ്റ്റ് ഡിവിഷനിൽപ്പെടുന്ന ബേഗൂർ, മാനന്തവാടി, പേര്യ റെയ്ഞ്ചുകളിലും, സൗത്ത് ഫോറസ്റ്റ് ഡിവിഷനിൽ വരുന്ന ചെതലയം, കൽപ്പറ്റ, മേപ്പാടി റെയ്ഞ്ചുകളിലുമാണ് പ്രസ്തുത സങ്കേതങ്ങൾ ഉൾക്കൊള്ളുന്നത്. കൃഷ്ണൻകുന്ന്, വിജയൻകുന്ന് സങ്കേതങ്ങൾ എസ്റ്റേറ്റ് ഭൂമിയിൽ ഉള്ളവയാണ്. നെല്ലേരി സങ്കേതമുൾപ്പെടുന്ന പ്രദേശം മിച്ചഭൂമിയിലും ഉൾപ്പെടുന്നു. കുറിച്യാട്, മണ്ണുണ്ടി, പണപ്പാടി, കൂപ്പ്, മദ്ധ്യപ്പാടി എന്നീ 5 സങ്കേതങ്ങൾ വന്യജീവി സംരക്ഷണകേന്ദ്രത്തിലുൾപ്പെടുന്നവയാണ്. ശേഷിക്കുന്ന 49 സങ്കേതങ്ങളും സംരക്ഷിതവനമേഖലയിൽ ഉൾപ്പെടുന്നവയാണ്.

57 സങ്കേതങ്ങളിൽ 50 സങ്കേതങ്ങളും പരമ്പരാഗത സ്വഭാവമുള്ള സങ്കേതങ്ങളാണ് . പൂതാടി പഞ്ചായത്തിലെ കൊമ്മഞ്ചേരി സങ്കേതം മാത്രമാണ് പുനരധിവസിപ്പിച്ചിട്ടുള്ള സങ്കേതം. വർഷങ്ങൾക്ക് മുൻപ് തന്നെ, കൊമ്മഞ്ചേരി വനത്തിൽ നിന്നും, വനത്തോട് ചേർന്ന മൂടക്കൊല്ലി എന്ന പ്രദേശത്തേക്ക് വനംവകുപ്പ് മാറ്റി താമസിപ്പിച്ചവരാണ് പ്രസ്തുത സങ്കേതത്തിൽ താമസിക്കുന്നത്. നിലവിൽ ലക്ഷംവീട് സങ്കേതത്തിന്റെ ഭാഗമാണ് പ്രസ്തുത സങ്കേതം. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ്, പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, വിജയൻകുന്ന് ,മേപ്പാടി പഞ്ചായത്തിലെ പഞ്ചമിക്കുന്ന് എന്നീ 6 സങ്കേതങ്ങളും ഭൂസമരത്തിൽക്കൂടി ലഭ്യമാക്കിയവയാണ്.

#### 3.6.1. **വ്യക്തിഗതാവകാശം ലഭിച്ചവർ താമസിക്കുന്ന പ്രദേശത്തിന്റെ സ്വഭാവം:**

. പഠനത്തിന് വിധേയമാക്കിയ കുടുംബങ്ങളിൽ വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയിൽ 76.73% വും നിക്ഷിപ്ത വനമേഖലകളിൽ ഉൾപ്പെടുന്നവയാണ്. തിരഞ്ഞെടുത്തതിൽ കൂടുതൽ ശതമാനവും ഈ മേഖലയിൽപ്പെടുന്നു. വയനാട്ടിലെ പ്രധാന വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളായ തോൽപ്പെട്ടി, കുറിച്യാട്, മുത്തങ്ങ, സുൽത്താൻബത്തേരി തുടങ്ങിയ ഡിവിഷനുകളിൽ ഉൾപ്പെടുന്ന 10.64% ഉണ്ട് . ബത്തേരി നഗരസഭയിൽ ഉൾപ്പെടുന്ന കുറിച്യാട് , തിരുനെല്ലി പഞ്ചായത്തിലുൾപ്പെടുന്ന മദ്ധ്യപാടി എന്നിവയാണ് പ്രസ്തുത ഡിവിഷനിൽ ഉൾപ്പെടുന്ന സങ്കേതങ്ങൾ.

വനംവകുപ്പ് മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമിയിൽ വീടു വച്ച് , കൃഷി ചെയ്ത് അധിവസിച്ചു വരുന്ന 58 (7.18%) ഉണ്ട്. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി

സങ്കേതമാണ് ഇത്തരത്തിലുള്ള സങ്കേതം. സങ്കേതത്തിലെ എഫ്.ആർ.സി പ്രസിഡന്റിന്റെ അഭിപ്രായ പ്രകാരം , കുഞ്ഞോം, കോറോം പ്രദേശങ്ങളിൽ നിന്നും പ്രസ്തുത ഭൂമിയിലേക്ക് വരികയും, ഒരേക്കർ ഭൂമി വീതം സ്ഥലം വിതിച്ച് കൃഷി തുടങ്ങുകയും ചെയ്തവരാണിവർ. പണിയൻ, കുറിച്ച്യൻ സമുദായങ്ങളിൽ ഉൾപ്പെട്ടവരാണ് ഇവിടെ അധിവസിക്കുന്നത്.

എസ്റ്റേറ്റ് ഭൂമിയിൽ താമസിച്ചു വരുന്ന രണ്ട് സങ്കേതങ്ങളാണ് പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, വിജയൻകുന്ന് എന്നിവ. ഈ രണ്ട് സങ്കേതങ്ങളിലായി 44(5.45%) കുടുംബങ്ങളാണ് താമസിക്കുന്നത്. വനംവകുപ്പിന്റെ ഉടമസ്ഥതതയിലുള്ള കാപ്പിയും, കുരുമുളകും കൃഷി ചെയ്തു വരുന്ന തോട്ടങ്ങളിൽ കൂലിപ്പണിക്കു വരുകയും, തലമുറകളായി അവിടങ്ങളിൽ താമസിച്ചുവരുന്നവരും ആണ്.. തുടർന്ന് വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചു. നിലവിൽ കൈവശാവകാശരേഖ ലഭിച്ച സ്ഥലത്തു നിന്നും ആദായമെടുക്കാനും, ഉപജീവനം നടത്തുവാനും സാധിക്കുന്നുണ്ടെന്ന് സങ്കേതവാസികൾ പറഞ്ഞു.

പട്ടിക:3.7 **വനത്തിന്റെ സ്വഭാവം**

| ക്രമ നമ്പർ | വനത്തിന്റെ സ്വഭാവം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | നിക്ഷിപ്തവനം | 620 | 76.73 |
| 2 | വന്യജീവി സംരക്ഷണകേന്ദ്രം | 86 | 10.64 |
| 3 | എസ്റ്റേറ്റ് | 44 | 5.45 |
| 4 | മിച്ചഭൂമി | 58 | 7.18 |
| | **ആകെ** | 808 | 100 |

## 3.7 സങ്കേതങ്ങളുടെയും വീടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ

### 3.7.1 ഗതാഗത സൗകര്യം- സങ്കേതങ്ങളുടെ

വനാവകാശ പ്രകാരം അവകാശരേഖ ലഭിച്ച സങ്കേതങ്ങൾ പൂർണ്ണമായും വനത്തോട് ചേർന്നു സ്ഥിതി ചെയ്യുന്നതോ, വനവുമായി അതിരു പങ്കിടുന്നവയാണെന്ന് മുൻമ്പ് സൂചിപ്പിച്ചിട്ടുണ്ട്. നടപ്പാതയെ മാത്രം ആശ്രയിക്കുന്ന 18(31.58%) സങ്കേതങ്ങളാണുള്ളത്. നടപ്പാതയേക്കാൾ, വീതി കൂടിയതെങ്കിലും മണ്ണിട്ട വഴികളെ മാത്രം ആശ്രയിക്കുന്ന 12 (21.05%)സങ്കേതങ്ങളുണ്ട്. കോൺക്രീറ്റ് ഉപയോഗിച്ച് പാത നിർമ്മാണം നടത്തിയിട്ടുള്ള 9(15.8%) സങ്കേതങ്ങളും , ടാർ റോഡുകളുള്ള 12(21.05%) സങ്കേതങ്ങളുമുണ്ട്. ഇന്റർലോക്ക് പാകിയ വഴിസൗകര്യമുള്ള 2 (3.51%)സങ്കേതങ്ങളാണുള്ളത്. ഇതു കൂടാതെ, സോളിംഗ് ചെയ്തിട്ടുള്ള റോഡുകളുള്ള 4 (7.02%)സങ്കേതങ്ങളും ഉണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക: 3.8.**ഗതാഗത സൗകര്യം**

| ക്രമനമ്പർ | ഗതാഗതമാർഗ്ഗം | സങ്കേതങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| | **1** | **2** | **3** |
| 1 | ഒറ്റയടിപ്പാത | 18 | 31.58 |
| 2 | വീതിയുള്ള മൺവഴികൾ | 12 | 21.05 |
| 3 | മെറ്റൽ/ സോളിംഗ് | 4 | 7.02 |
| 4 | കോൺക്രീറ്റ് | 9 | 15.79 |
| 5 | ഇന്റർലോക്ക് | 2 | 3.51 |
| 6 | ടാർറോഡ് | 12 | 21.05 |
| ആകെ | | 57 | 100 |

3.7.2.**വാഹനസഞ്ചാരം ഇല്ലാത്ത സങ്കേതങ്ങൾ**

സങ്കേതങ്ങളിലെത്തിച്ചേരാൻ മൺപാത മാത്രം ആശ്രയിക്കുന്ന(21.05%) 12 സങ്കേതങ്ങളാണുള്ളത്. അണ്ണിമൂല, പണപ്പാടി, നടുവിൽമുറ്റം, നച്ചുകണ്ടി, കേളമംഗലം, നെല്ലേരി, പനവല്ലി, കുറിച്യാട്, ചുക്കാലിക്കുനി, ഊരംകുന്ന്, പുന്നശ്ശേരി , കൃഷ്ണൻകുന്ന് എന്നിവയാണ് പ്രസ്തുത സങ്കേതങ്ങൾ.

സങ്കേതങ്ങളിലേക്ക് ഒറ്റയടി നടപ്പാതകളെ മാത്രം ആശ്രയിക്കുന്ന 18 (31.58%)സങ്കേതങ്ങളാണ് ഉണ്ട്.പങ്കളത്ത്, അയനിമല, ഓടമൂല, ചന്ദ്രോത്ത്, എടത്തറ, മണ്ണുണ്ടി, പാമ്പ്രമൂല, വെള്ളറോഡി, തിരുമുഖം, മണൽവയൽ, പുലയൻമൂല, മേലെ കുണ്ടുവാടി, പഞ്ചമിക്കുന്ന്, കൂപ്പ്, അയനിമല പണിയൻ സങ്കേതം, കോളയോട്ട്, വെള്ളക്കെട്ട്, മൊടവങ്കര എന്നീ സങ്കേതങ്ങളാണ് ഇപ്പോഴും നടപ്പാതകളെ മാത്രം ആശ്രയിച്ചു വരുന്നവ .

**3.7.2.1സൂക്ഷ്മ പഠനങ്ങൾ**

**3.സി 1 കൂപ്പ്.**

തിരുനെല്ലി പഞ്ചായത്തിലെ ബേഗൂർ ഫോറസ്റ്റ് ഡിവിഷനിലുൾപ്പെട്ട സങ്കേതമാണ് കൂപ്പ്. വെട്ടക്കുറുമ വിഭാഗത്തിൽപ്പെട്ട് 24 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. പരമ്പരാഗതമായി ഈ പ്രദേശത്ത് തന്നെയാണ് ഇവരുള്ളത്. തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലുൾപ്പെട്ട വനഭൂമിയാണിത്. വനത്തിനുള്ളിലൂടെയാണ് സങ്കേതത്തിലേക്കുള്ള നടപ്പാത. സങ്കേതം ആരംഭിക്കുന്നതിന് മുമ്പ് കുറച്ചുഭാഗത്ത് മാത്രമേ കോൺക്രീറ്റ് റോഡുള്ളൂ. ഗതാഗതത്തിന് ഏറെ ബുദ്ധിമുട്ടാണ് തന്മൂലം സങ്കേതവാസികൾ അനുഭവിക്കുന്നത്.

സങ്കേതത്തിലെ 23 പേരാണ് വനാവകാശപ്രകാരം കൈവശഭൂമിക്ക് അവകാശം ലഭിക്കാൻ അപേക്ഷ നൽകിയത്. ഇതിൽ 20 പേർക്ക് അവകാശം ലഭിച്ചു. 3 പേർക്ക് ലഭിച്ചിട്ടില്ല. കൂടാതെ , അപേക്ഷ നൽകാത്തതിനാൽ അവകാശരേഖ ലഭിക്കാത്ത ഒരാളും

സങ്കേതത്തിലുണ്ട്. അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ആവശ്യത്തിനായി ചേർന്ന ഊരുസഭയെ കുറിച്ചോ, വനാവകാശ സമിതിയെ കുറിച്ചോ സങ്കേതവാസികൾക്ക് കൃത്യമായ ധാരണയില്ല. അവകാശരേഖ ലഭിക്കാത്തതിന്റെ കാരണങ്ങളെന്താണെന്ന് വ്യക്തമല്ല.

കാളി, കേത്തൻ എന്നീ ദമ്പതിമാരുടെ ഏഴ് മക്കളും, ബന്ധുക്കളുമാണ് ഈ സങ്കേതത്തിലെ താമസക്കാർ. ഈ സങ്കേതത്തിന്റെ സമീപ പ്രദേശമായ തോൽപ്പെട്ടിയിലെ നായ്ക്കട്ടിയിൽ നിന്ന് കൂപ്പിൽ തേക്കിൻതൈ നടാനായി കൊണ്ടുവന്നതാണ് കാളിയെയും, കേത്തനെയും. വിവിധ ഭാഗങ്ങളിൽ തേക്കിൻതൈ നട്ടശേഷം നിലവിൽ താമസിക്കുന്നിടത്തേക്ക് എത്തുകയായിരുന്നു. സോമി, കാളൻ എന്നീ മക്കളും ഇവിടെ തന്നെ താമസമാക്കി. കൈവശരേഖ ലഭിക്കുന്നതു വരെ ഇവർക്ക് സ്ഥലത്തിന് മറ്റ് രേഖകളൊന്നും ലഭിച്ചിട്ടില്ല. 20 വർഷം മുമ്പ് സങ്കേതത്തിന്റെ അതിരിലൂടെ ട്രഞ്ച് വെട്ടിയാണ് സങ്കേതത്തിന്റെ വനഭൂമിയും ഫോറസ്റ്റിന്റെ ഭൂമിയുടെമിടയിൽ അതിര് തീർത്തത്.

വനഭൂമിക്കൊപ്പം തന്നെ വയലും ഓരോ വ്യക്തികൾക്കും പതിച്ചു നൽകിയിട്ടുണ്ട്. മൂന്ന് വർഷം മുമ്പ് വരെ ഇവിടെ നെൽകൃഷി എല്ലാവരും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ വന്യമൃഗശല്യം രൂക്ഷമായതിനെ തുടർന്ന് കൃഷി ചെയ്യുന്നില്ല. ഈ ഭൂമി തരിശായി കിടക്കുകയാണ്. ജലഭ്യതയില്ലാത്തതും, കൃഷിയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. കുടിവെള്ളത്തിന് സങ്കേതവാസികൾ ആശ്രയിക്കുന്നത് കേണിയിലാണ്. വേനൽക്കാലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. കരഭൂമിയിൽ കാപ്പി, കുരുമുളക് എന്നീ കൃഷികളുമുണ്ട്.

2010 ൽ സാമൂഹ്യാവകാശരേഖ ലഭിക്കാൻ ആരാധനസ്ഥലം, മേച്ചിൽപ്പുറം, ശ്മശാനം, വനവിഭവശേഖരണം എന്നീ ഇനങ്ങളിൽ അപേക്ഷ നൽകിയെങ്കിലും ലഭിച്ചിട്ടില്ല. സാമൂഹ്യ വനവിഭവ മേഖല കമ്മിറ്റി രൂപീകരിച്ചിട്ടുമില്ല. വികസനാവശ്യത്തിൽ ഉൾപ്പെടുത്തി 2013-14 ൽ റോഡിന്റെ പകുതിഭാഗം കോണ്ക്രീറ്റ് ചെയ്തു (80 മീ). മുഴുവൻ ചെയ്യാനായി 2015 ൽ അപേക്ഷ നൽകിയെങ്കിലും പാസായിട്ടില്ല. വൈദ്യുതി മൂന്നു വർഷങ്ങൾക്കു മുമ്പാണ് ലഭിച്ചത്. കിണറിന് 2017 ൽ അപേക്ഷ നൽകിയെങ്കിലും പാസായിട്ടില്ല.

വന്യമൃഗശല്യം കാരണം സങ്കേതവാസികളാരും തന്നെ പുതിയ കൃഷികളൊന്നും ചെയ്യുന്നില്ല. നിലവിലുള്ള കാപ്പി, കുരുമുളക്, എന്നിവ മാത്രം ആശ്രയിക്കുന്നേയുള്ളൂ. പരമ്പരാഗത തൊഴിലായി കുട്ട, മുറം എന്നിവയുടെ നിർമ്മാണം നിലവിൽ സങ്കേതത്തിലില്ല. ഇല്ലിയുടെ ലഭ്യതക്കുറവും, നിർമ്മാണം അറിയുന്നവരുടെ അഭാവവുമാണ് കാരണം. എല്ലാവരും ഉപജീവനം നടത്തുന്നത് കൂലിപ്പണിയിലൂടെയാണ്. വനഭൂമിയെ നിലവിൽ ആശ്രയിക്കുന്നത് മുഖ്യമായും വിറക് ശേഖരണത്തിന് മാത്രമാണ്.

### 3.സി 2.വെള്ളക്കെട്ട് സങ്കേതം

മേപ്പാടി പഞ്ചായത്തിലെ നെല്ലിമാളം എന്ന പ്രദേശത്തോട് ചേർന്നു കിടക്കുന്ന സങ്കേതമാണ് വെള്ളക്കെട്ട് സങ്കേതം. പണിയൻ, കാട്ടുനായിക്കൻ സമുദായങ്ങളിലുൾപ്പെടുന്ന ഗോത്രജനങ്ങൾ അധിവസിച്ചു വരുന്ന ഇവിടെ അഞ്ച് കാട്ടുനായിക്കൻ കുടുംബങ്ങളും, ഏഴു പണിയൻ കുടുംബങ്ങളുമടക്കം ആകെ പതിനാലു കുടുംബങ്ങളാണ് വെള്ളക്കെട്ടിൽ ഉള്ളത്. സങ്കേതം മേപ്പാടി ഫോറസ്റ്റ് റേഞ്ചിലുൾപ്പെടുന്ന നിക്ഷിപ്ത വനമേഖലയോട് ചേർന്നു കിടക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന സങ്കേതമാണിത്. കാട്ടിലൂടെ പാറക്കെട്ടുകൾ നിറഞ്ഞ ഒറ്റയടിപ്പാതയിലൂടെ വേണം സങ്കേതത്തിൽ എത്തിപ്പെടാൻ. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും, രോഗികളായവരെ ആശുപത്രിയിലെത്തിക്കുന്നതുമെല്ലാം ഒറ്റയടിപ്പാതയിലൂടെ ആണ്. തന്മൂലം സങ്കേതവാസികൾ നന്നേ പ്രയാസപെടുന്നു. വാഹനം എത്തിച്ചേരാൻ

യാതൊരു സാധ്യതയുമില്ലാത്തതു കൊണ്ടു തന്നെ വീടുനിർമ്മാണത്തിനും മറ്റുമായി ആവശ്യം വരുന്ന അസംസ്കൃത വസ്തുക്കൾ പോലും സങ്കേതത്തിലെത്തിക്കുന്നതിന് യാതൊരു നിർവ്വാഹവും ഇല്ല. ദുർഘടമായ വഴിയിലൂടെ ചുമന്ന് മലമുകളിൽ, എത്തിക്കേണ്ട അവസ്ഥയാണ്.

**3.സി 3-മൊടവങ്കര**

പുൽപ്പള്ളി പഞ്ചായത്തിലെ ചേകാടി ഗ്രാമത്തോട് ചേർന്ന് വനത്തിനുള്ളിലായി സ്ഥിതി ചെയ്യുന്ന സങ്കേതമാണ് മൊടവങ്കര-കാട്ടുനായിക്കൻ സങ്കേതം. കാട്ടുനായിക്കൻ സമുദായത്തിലുൾപ്പെടുന്ന 10 കുടുംബങ്ങളാണ് പ്രസ്തുത സങ്കേതത്തിൽ അധിവസിച്ചു വരുന്നത്. വനത്തിനകത്തു കൂടെയുള്ള മൺവഴിയിലൂടെയാണ് സങ്കേതത്തിൽ എത്തിച്ചേരുക. സങ്കേതത്തിലേക്ക് വാഹനസൗകര്യം ഇല്ല. മുൻപ് ചെട്ടിമാരുടെ കീഴിൽ കാർഷിക കൂലിപ്പണിക്കാരായിരുന്ന ഇവർക്ക് വീടുവയ്ക്കുന്നതിനു വേണ്ടി വയലിനിരുവശത്തുമായി നൽകിയ സ്ഥലത്താണ് പരമ്പരാഗതമായി ഇവർ താമസിച്ചു വരുന്നത്. സങ്കേതത്തിലെ വീടുകൾ വയലിന്റെ ഇരുകരകളിലായാണ് സ്ഥിതി ചെയ്യുന്നത്. സങ്കേതത്തിനു മധ്യേയുള്ള വയൽ ചെട്ടിസമുദായത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. വയലിനിരുവശങ്ങളിലുമായി 0.3037 ഹെക്ടർ സ്ഥലമാണ് സങ്കേതത്തിനായ് ഉള്ളത്.

**3.സി 4 കരിയാത്തൻപാറ**

മുട്ടിൽ പഞ്ചായത്തിലെ കരിയാത്തൻപാറ സങ്കേതത്തിന്റെ സ്ഥിതി മറ്റൊന്നാണ്. കാട്ടുനായിക്കർ സമുദായക്കാർ അധിവസിച്ചു വരുന്ന പ്രസ്തുത സങ്കേതം, സ്വകാര്യ വ്യക്തിയുടെ കാപ്പിത്തോട്ടത്തിനുൾവശത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്, പ്രസ്തുത തോട്ടം തുടങ്ങുന്നിടത്ത് സങ്കേതത്തിലേക്ക് നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് റോഡ് അവസാനിക്കുന്നു. പിന്നീട് കാപ്പിച്ചെടികൾക്കിടയിലൂടെ വഴി കണ്ടെത്തി വേണം സങ്കേതത്തിലെത്താൻ. തെളിഞ്ഞ നടപ്പാത പോലും സങ്കേതത്തിലെത്തിച്ചേരാൻ ഇല്ല എന്നുള്ളതാണ് വസ്തുത.

3.7.3.വാഹനസഞ്ചാരം ഉള്ള സങ്കേതങ്ങൾ

. 47.37% സങ്കേതങ്ങൾക്കും മികച്ച ഗതാഗതസൗകര്യമുണ്ട്. കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുള്ള 9 സങ്കേതങ്ങളും, ടാർ റോഡുകളുള്ള 12 സങ്കേതങ്ങളും ഇന്റർലോക്ക് ഇട്ടിട്ടുള്ള 2 സങ്കേതങ്ങളും ഇതിലുൾപ്പെടുന്നു.

3.7.4 **വാസ സ്ഥിതി**

വനാവകാശനിയമപ്രകാരം വയനാട് ജില്ലയിൽ അവകാശം ലഭിച്ച 7 സമുദായങ്ങളിൽ നിന്നായി 890 പേരെ പട്ടികപ്പെടുത്തിയെങ്കിലും, 808 ഗുണഭോക്താക്കൾക്ക് കൈവശരേഖ ലഭിച്ച ഭൂമി മാത്രമാണ് നേരിൽ കണ്ട് വിവരശേഖരണം നടത്താൻ സാധിച്ചത്. ഈ 808 ഗുണഭോക്താക്കളിൽ 84 പേരും, രേഖ ലഭിച്ച ഭൂമിയിൽ താമസമില്ലാത്തവരാണ്. 45 ഗുണഭോക്താക്കൾ പ്രസ്തുത സ്ഥലത്ത് അധിവസിക്കുന്നില്ലെങ്കിൽ പോലും കൃഷി ചെയ്യാനും, ആദായമെടുക്കുന്നതിനു ഈ ഭൂമിയെ ആശ്രയിക്കുന്നുണ്ട്. ശേഷിക്കുന്ന 39 ഗുണഭോക്താക്കൾ നിലവിൽ കൈവശരേഖ ലഭിച്ച ഭൂമിയെ യാതൊരു വിധത്തിലും

ഉപയോഗിക്കാത്തവരാണ്. ആയതിനാൽ അവകാശം ലഭിച്ച 769 ൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. സമുദായം തിരിച്ചുള്ള കണക്ക് പട്ടിക രൂപത്തിൽചുവടെ ചേർക്കുന്നു.

പട്ടിക:3.9.**കൈവശരേഖ ലഭിച്ച ഭൂമിയിൽ താമസമില്ലാത്തവർ**

| ക്രമനമ്പർ | സമുദായം | കൈവശരേഖ ലഭിച്ച ഭൂമിയിൽ വീടു നിർമ്മിച്ചി ട്ടില്ലാത്തവർ | കൈവശരേഖ ലഭിച്ച ഭൂമിയെ യാതൊരു വിധ ത്തിലും ഉപയോഗിക്കാത്ത വർ |
|---|---|---|---|
| 1 | കാട്ടുനായിക്കൻ | 12 | 7 |
| 2 | മുള്ളുകുറുമൻ | 8 | 5 |
| 3 | വെട്ടക്കുറുമൻ | 7 | 6 |
| 4 | തച്ചനാടൻ മൂപ്പൻ | 4 | 2 |
| 5 | കുറിച്ച്യൻ | 10 | 5 |
| 6 | പണിയൻ | 4 | 14 |
| ആകെ | | 45 | 39 |


കൈവശരേഖ ലഭിച്ച ഭൂമിയിൽ ഭവനനിർമ്മാണം നടത്തിയിട്ടില്ലാത്ത 84 ഗുണഭോക്താക്കളിൽ , മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി റവന്യൂഭൂമി കൈവശമുള്ളവരും, അവിടെ താമസിച്ചു വരുന്നവരുമാണ്. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, തവിഞ്ഞാൽ പഞ്ചായത്തിലെ താഴെ തലപ്പുഴ, പുന്നശ്ശേരി എന്നീ സങ്കേതങ്ങളിലാണ് മേൽ സൂചിപ്പിച്ച കുറിച്ച്യൻ കുടുംബങ്ങൾ അധിവസിക്കുന്നത്. നൂൽപ്പുഴ പഞ്ചായത്തിലുൾപ്പെട്ട , പങ്കളത്ത്, കോളയോട്ട് എന്നീ സങ്കേതങ്ങളിലും, പൂതാടി പഞ്ചായത്തിലെ കൂടല്ലൂർ സങ്കേതത്തിലും, റവന്യൂ ഭൂമിയിൽ അധിവസിച്ചു വരുന്ന മുള്ളുകുറുമൻ സമുദായത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഉണ്ട്. മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന് സങ്കേതത്തിലുൾപ്പെട്ട തച്ചനാടൻ മൂപ്പൻ സമുദായത്തിലെ ഗുണഭോക്താക്കളും , സ്വന്തം ഉടമസ്ഥതയിലുള്ള റവന്യൂ ഭൂമിയിൽ താമസിച്ചു വരുന്നവരാണ്.

മേൽ സൂചിപ്പിച്ച സമുദായങ്ങളെ കൂടാതെ, കാട്ടുനായിക്കൻ സമുദായത്തിൽ 12, പണിയൻ സമുദായത്തിൽ 4, വെട്ടക്കുറുമൻ സമുദായത്തിൽ 7 എന്നിങ്ങനെയും, കൈവശരേഖ ലഭിച്ച ഭൂമിയിൽ വീട് നിർമ്മിച്ച് താമസിച്ച് വരാത്ത കുടുംബങ്ങളുമുണ്ട്. ഉടമസ്ഥത ലഭിച്ച വ്യക്തി മരണപ്പെട്ടതിനാലും, കൈവശരേഖ ലഭിച്ച ഭൂമി ഉപേക്ഷിച്ച് കൂടുതൽ സൗകര്യപ്രദമായ മറ്റ് സങ്കേതങ്ങളിലേക്ക് മാറി താമസിച്ചതും, ബന്ധുക്കളോടൊപ്പം താമസിച്ചു വരുന്നതുമെല്ലാമാണ് ഇത്തരത്തിൽ കൈവശരേഖ ലഭിച്ച ഭൂമിയിൽ അധിവസിച്ചു വരാത്തതിന്റെ കാരണങ്ങളായി ഇവർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

3.7.5 **വീട്**

93 ശതമാനം ഗുണഭോക്താക്കളും കൈവശരേഖ ലഭിച്ച ഭൂമിയിൽ സ്വന്തം ഉടമസ്ഥതയിൽ വീടു നിർമ്മിച്ച് താമസിക്കുന്നവരാണ്. 1.17 ശതമാനം ഗുണഭോക്താക്കളാണ് ബന്ധുക്കളോടൊപ്പം താമസിച്ചവരുന്നത്. സ്വന്തമായി വീടു നിർമ്മിക്കാൻ സാഹചര്യമില്ലാത്തവരാണ് ബന്ധുക്കളോടൊപ്പം താമസിച്ചു വരുന്നത്. ഇതിൽ കാട്ടുനായിക്കൻ സമുദായത്തിലെ 2 ഗുണഭോക്താക്കൾ, വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 2 ഗുണഭോക്താക്കൾ, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 2 ഗുണഭോക്താക്കൾ, പണിയൻ സമുദായത്തിൽ നിന്ന് 1 ഗുണഭോക്താവും ഉൾപ്പെടുന്നു. കൈവശരേഖ ലഭിച്ച ഭൂമിയിൽ നിലവിൽ വീടു നിർമ്മിച്ചിട്ടില്ലാത്ത 5.85 ശതമാനം ഗുണഭോക്താക്കൾ ഉണ്ട്.

ചാർട്ട്-3.ജി.3



പട്ടിക: 3.10 **വീടിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ സമുദായ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | ഉടമസ്ഥത | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | സ്വന്തം ഉടമസ്ഥത | 290 (95.39%) | 165 (96.49%) | 89 (91.75%) | 73 (87.95%) | 64 (84.21%) | 26 (86.67%) | 8 (100%) | 715 | 92.98 |
| 2 | ബന്ധുക്കളോടൊപ്പം | 2 (0.66%) | 1 (1.17%) | 0 | 3 (3.61%) | 2 (2.63%) | 0 | 0 | 9 | 1.17 |
| 3 | കൈവശരേഖ ലഭിച്ച ഭൂമിയിൽ വീടു നിർമ്മിച്ചിട്ടില്ലാത്തവർ | 12 (3.95%) | 4 (2.34%) | 8 (8.25%) | 7 (8.43%) | 10 (13.16%) | 4 (13.33%) | - | 45 | 5.85 |
| | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** | **100** |

കാട്ടുനായിക്കൻ സമുദായത്തിലെ 95% ഗുണഭോക്താക്കളാണ് രേഖ ലഭിച്ച ഭൂമിയിൽ ഭവനനിർമ്മാണം നടത്തി അധിവസിച്ചു വരുന്നത്. ബന്ധുക്കളോടൊപ്പം ഉടമസ്ഥതയിലുള്ള വീടുകളിൽ താമസിക്കുന്നത് 0.66% മാത്രമാണ്. അത്തിക്കടവ് സങ്കേതത്തിലെ 1 ഗുണഭോക്താവും, ബസവൻകൊല്ലി സങ്കേതത്തിലെ 1 ഗുണഭോക്താവുമടക്കം 2 ഗുണഭോക്താക്കളാണ് ബന്ധുക്കളോടൊപ്പം താമസിക്കുന്നത് . പണിയൻ സമുദായത്തിലെ 97.07% ഗുണഭോക്താക്കളും സ്വന്തം ഉടമസ്ഥതയിലുള്ള വീട്ടിൽ താമസിച്ചു വരുന്നു. ഒരു ഗുണഭോക്താവു മാത്രമാണ് പ്രസ്തുത സമുദായത്തിൽ ബന്ധുക്കളോടൊപ്പം താമസിച്ചു വരുന്നത്. കൂടാതെ, വെട്ടക്കുറുമൻ സമുദായത്തിൽ നിന്നും,3.7%വും കുറിച്ച്യൻ സമുദായത്തിൽ 2.63% വും ഗുണഭോക്താക്കൾ ബന്ധുക്കളോടൊപ്പം ഉടമസ്ഥതയിലുള്ള വീടുകളിൽ താമസിച്ചു വരുന്നവരാണ്.

## പട്ടിക3.11 ഭവനനിർമ്മാണത്തിന്റെ രീതി

| ക്രമനമ്പർ | നിർമ്മാണരീതി | സമുദായം | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | സ്വന്തമായി നിർമ്മിച്ചത് | 22 (7.59%) | 49 (29.70%) | 16 (17.98%) | 10 (13.70%) | 25 (39.06%) | 16 (61.54%) | 3 (37.5%) | 141 | 19.72 |
| 2 | സർക്കാർ സഹായത്തോടെ മാത്രം നിർമ്മിച്ചത് | 257 (88.62%) | 108 (65.45%) | 66 (74.16%) | 60 (82.19%) | 29 (45.31%) | 10 (38.46%) | 3 (37.5%) | 533 | 74.55 |
| 3 | സ്വന്തമായും, സർക്കാർ സഹായത്തോടെയും നിർമ്മിച്ചത് | 11 (3.79%) | 3 (1.82%) | 7 (7.87%) | 2 (2.74%) | 6 (9.38%) | 0 | 0 | 29 | 4.06 |
| | സർക്കാർ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്നത് | 0 | 5 (3.03%) | 0 | 1 (1.37%) | 4 (6.25%) | 0 | 2 (25%) | 12 | 1.68 |
| | **ആകെ** | **290** | **165** | **89** | **73** | **64** | **26** | **8** | **715** | **100** |

ഭവനനിർമ്മാണത്തെക്കുറിച്ച് ഇനി പറയുന്ന രീതി, സ്ഥിതി, മേൽക്കൂര, അടുക്കള, കക്കൂസ്, വീട്ടിലെ വൈദ്യുതിയും, കുടിവെള്ളവും, ഭവനം പൂർത്തിയാക്കിയ വർഷം, എന്നിവ സ്വന്തം ഉടമസ്ഥതയിലുള്ളവയെപ്പറ്റിയുള്ള വിശദാംശങ്ങൾ 715 വീടുകളെചുറ്റി മാത്രമായി നിജപ്പെടുത്തിയിരുക്കുന്നു.

ഭവനനിർമ്മാണത്തിൽ യാതൊരു സർക്കാർ സഹായവും ഇല്ലാതെ, സ്വന്തമായി (19.72%)പേർ വീട് നിർമ്മിച്ചിട്ടുണ്ട്. സർക്കാർ സഹായത്തോടെ 533 (74.55%) പേരാണ് വീടു നിർമ്മിച്ചിട്ടുള്ളത്. സർക്കാരിൽ നിന്നു ലഭിച്ച സഹായത്തോടൊപ്പം സ്വന്തം സമ്പാദ്യ വും, ചേർത്ത് വീട് നിർമ്മിച്ചിട്ടുള്ള 29 (4.06%) ആളുകളുമാണുള്ളത്. നിലവിൽ സർക്കാർ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്ന 1.68% വീടുകളാണുള്ളത്. സമുദായ അടിസ്ഥാനത്തിൽ കാട്ടുനായിക്ക സമുദായത്തിൽ സ്വന്തമായി വീട് നിർമ്മിച്ചിട്ടുള്ള 15.60% മാത്രമാണ് ഉള്ളത്. 89% വും സർക്കാർ സഹായത്തോടെ വീട് നിർമ്മാണം പൂർത്തിയാക്കയവരാണ്. സർക്കാർ സഹായത്തോടെയും, സ്വന്തം സമ്പാദ്യമുപയോഗപ്പെടുത്തിയും വീടു നിർമ്മിച്ചിട്ടുള്ള 4%വും ഉണ്ട്.

പണിയൻ സമുദായത്തിൽപെട്ട 65%വും സർക്കാർ സഹായത്തോടെ, ഭവന നിർമ്മാണം പൂർത്തീകരിച്ചവരാണ്. സർക്കാർ സഹായത്തോടൊപ്പം സ്വന്തം സമ്പാദ്യവും, ചേർത്ത് ഭവനനിർമ്മാണം നടത്തിയ 2% മാത്രമാണ് ഉള്ളത്, നിലവിൽ സർക്കാർ സഹായത്തിൽ നിർമ്മാണത്തിലിരിക്കുന്ന 5 വീടുകളും ഉണ്ട്.

അടിയാൻ സമുദായത്തിൽ 37.5%, വീതം സ്വന്തമായി വീട് നിർമ്മിച്ചവരും സർക്കാർ സഹായത്തോടെ ഭവനനിർമ്മാണം നടത്തിയവരും ആണ്. സർക്കാർ സഹായത്തോടെ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 25% വീടുകൾ ഉണ്ട്.

വെട്ടക്കുറുമൻ സമുദായത്തിൽ 67% സർക്കാർ സഹായത്തോടെ വീട് നിർമ്മിച്ചവരും 15% സ്വന്തമായി നിർമ്മാണം നടത്തിയവരും, സർക്കാർ സഹായത്തോടൊപ്പം സ്വന്തം സമ്പാദ്യവും ചേർത്ത് വീടുണ്ടാക്കിയ 2% ആണ്. വനാവകാശനിയമപ്രകാരം കൈവശരേഖ ലഭിച്ച സ്ഥലത്ത് വീടു നിർമ്മിച്ചിട്ടില്ലാത്ത 13 പേരുണ്ട്.

മുള്ളുകുറുമൻ സമുദായത്തിലെ 74% സർക്കാർ സഹായത്തോടെ വീട് നിർമ്മിച്ചവരും 18% സ്വന്തമായി ഭവനനിർമ്മാണം നടത്തിയിട്ടുള്ളവരുമാണ്. 8% സ്വന്തം സമ്പാദ്യവും, സർക്കാർ സഹായവും ചേർത്ത് വീടു നിർമ്മിച്ചിട്ടുള്ളവരാണ്. കൈവശാവകാശരേഖ ലഭിച്ച സ്ഥലത്ത് വീടു നിർമ്മിച്ചിട്ടില്ലാത്ത 13 പേരും ഉണ്ട്.

കുറിച്യ്യൻ സമുദായത്തിലെ സർക്കാർ സഹായത്തോടെ ഭവനനിർമ്മാണം നടത്തിയ 45%വും സ്വന്തമായി നിർമ്മിച്ചിട്ടുള്ള 40%, സ്വന്തം സമ്പാദ്യം ഉപയോഗിച്ചും, സർക്കാർ സഹായത്തോടു കൂടിയും, ഭവനനിർമ്മാണം നടത്തിയത് 9% ആണ്. നിലവിൽ സർക്കാർ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്ന 6% വീടുകളുണ്ട്. കൈവശരേഖ ലഭിച്ച സ്ഥലത്ത് വീടു വച്ചിട്ടില്ലാത്തവരും, സ്ഥലത്ത് ഇല്ലാത്തവരുമായി 81 ൽ 15 പേരാണ് ഉള്ളത്.

തച്ചനാടൻ മൂപ്പൻ സമുദായത്തിലുൾപ്പെടുന്ന 61% പേരും സ്വന്തമായി ഭവന നിർമ്മാണം പൂർത്തീകരിച്ചവരാണ്. 39% സർക്കാർ സഹായത്തോടെ ഭവനനിർമ്മാണം നടത്തിയിട്ടുള്ളത്. 6 പേരാണ് കൈവശരേഖ ലഭിച്ച സ്ഥലത്ത് വീടുവച്ചിട്ടില്ലാത്തവരായിട്ടുള്ളത്.

സർക്കാർ സഹായത്തോടെ ഭവനനിർമ്മാണം നടത്തിയിരിക്കുന്നത് ഏറ്റവും കൂടുതൽ കാട്ടുനായിക്കൻ സമുദായത്തിൽ പെട്ടവരാണ്.രണ്ടാമത് വെട്ടക്കുറുമരാണ്. സ്വന്തമായി നിർമ്മിച്ചിച്ച വീടുകൾ ഏറ്റവും കുറവ് ഉള്ളത് കാട്ടുനായിക്കൻ സമുദായത്തിൽ പെട്ടവർക്കാണ്.

### 3.7.5.1 വീടിന്റെ സ്ഥിതി

സ്വന്തമായി നിർമ്മിച്ചിട്ടുള്ള വീടുകളിൽ 31% താമസയോഗ്യമല്ലാത്തവയാണ്. താമസയോഗ്യമായവ 69% ഉണ്ട്. വനാവകാശനിയമപ്രകാരം കൈവശരേഖ ലഭിച്ച ഭൂമിയിൽ നിർമ്മിച്ച വീടുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക:3.12 **വീടിന്റെസ്ഥിതി**

| ക്രമ നമ്പർ | വിടീന്റെ സ്ഥിതി | സമുദായങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | | |
| | | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
| 1 | താമസയോഗ്യമാണ് | 209 (72.07%) | 95 (57.58%) | 79 (88.76%) | 52 (71.23%) | 44 (68.75%) | 13 (50%) | 3 (37.58%) | 495 | 69.23 |
| 2 | താമസയോഗ്യമല്ല | 81(27.03%) | 70 (42.42%) | 10 (11.24%) | 21 (28.77%) | 20 (31.25%) | 13 (50%) | 5 (62.5%) | 220 | 30.77 |
| ആകെ | | 290 | 165 | 89 | 73 | 64 | 26 | 8 | 715 | 100 |

സമുദായത്തിന്റെ അടിസ്ഥാനത്തിൽ കാട്ടുനായിക്കൻ സമുദായത്തിലുള്ളവയിൽ 72% വീടുകളും താമസയോഗ്യമാണെങ്കിലും 28% താമസയോഗ്യമല്ലാത്ത വീടുകളുണ്ട്.

താമസയോഗ്യമല്ലാത്ത വീടുകൾ ഏറ്റവും കൂടുതൽ ഉള്ളത് അടിയാൻ പണിയൻ സമുദായങ്ങളിലാണ്.

### 3.7.5.2 വീടുനിർമ്മാണം പൂർത്തിയാക്കിയ കാലഘട്ടം

മേല് പറഞ്ഞവീടുകളുടെ നിർമ്മാണം 1980 ന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയത് 10.49% വും 1980 മുതൽ 1989 വരെ നിർമ്മാണം പൂർത്തിയാക്കിയവ 0.98%,വും 1990 മുതൽ 1999 വരെയുള്ള കാലഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയവ 9.09% ആണ്. 2000 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് 35.52% വീടുകളാണ്. ഏറ്റവും കൂടുതൽ ഭവനനിർമ്മാണം നടന്നിട്ടുള്ളത് 2010 മുതൽ 2017 വരെയുള്ള കാലഘട്ടത്തിലാണ്. 43.92% വീടുകൾ .

പട്ടിക: **3.13 പൂർത്തിയാക്കിയ കാലഘട്ടം**

| ക്രമനംമ്പർ | വർഷം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | 1980 വരെ | 75 | 10.49 |
| 2 | 1980–1990 | 7 | 0.98 |
| 3 | 1990–2000 | 65 | 9.09 |
| 4 | 2000–2010 | 254 | 35.52 |
| 5 | 2010–2017 | 314 | 43.92 |
|  | **ആകെ** | 715 | 100 |

ഇതിൽ നിന്നും വ്യക്തമാകുന്നത് വനാവകാശം രേഖ ലഭിച്ചതിന് ശേഷമാണ് കൂടുതൽ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.കൈവശം ലഭിച്ചിരുന്ന ഭൂമിയിന്മേൽ അവകാശം ലഭിച്ചതോടുകൂടി യാണ് വീടുകൾ നിർമ്മിക്കുന്നതിനുള്ള് സർക്കാർ സഹായവും, കെട്ടുറപ്പുള്ള വീടുകൾ നിർമ്മിക്കാം എന്ന ബോധവും ഉണ്ടായത്.

പട്ടിക 3.7.5.3 .**വീടിന്റെ മേൽക്കൂര**

4.2% വീടുകളും ഓല ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുള്ളതാണ്. അതിൽ ഏറ്റവും അധികം പണിയൻ സമുദായത്തിൽപ്പെട്ടവരുടെ ആണ്.43% പ്രസ്തുത വീടുകൾ സർക്കാർ സഹായം കൂടാതെ സ്വന്തമായി നിർമ്മിച്ചിട്ടുള്ള തീർത്തും താമസയോഗ്യമല്ലാത്ത അവസ്ഥയിലുള്ള ഷെഡ്ഡുകളാണ്. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി സങ്കേതത്തിലും, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി മിച്ചഭൂമി സങ്കേതത്തിലും ഇത്തരത്തിലുള്ള വീടുകളുണ്ട്.

**പട്ടിക.3.14 വീടിന്റെ മേൽക്കൂര**

| ക്രമ നമ്പർ | | സമുദായങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | അവസ്ഥ | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
| 1 | ഓല | 7 | 13 | 1 | 1 | 7 | 0 | 1 | 30 | 4.2 |
| 2 | ഓട് | 98 | 6 | 47 | 25 | 18 | 1 | 3 | 198 | 27.69 |
| 3 | ഷീറ്റ് | 16 | 20 | 1 | 6 | 5 | 0 | 0 | 47 | 6.57 |
| 4 | കോൺക്രീറ്റ് | 157 | 90 | 37 | 33 | 23 | 6 | 1 | 348 | 48.67 |
| 5 | പ്ലാസ്റ്റിക് | 12 | 36 | 3 | 8 | 11 | 19 | 3 | 92 | 12.87 |
| | **ആകെ** | **290** | **165** | **89** | **73** | **64** | **26** | **8** | **715** | **100** |

കാട്ടുനായിക്കൻ സമുദായത്തിലും, കുറിച്ച്യൻ സമുദായത്തിലും ഓല മേഞ്ഞി ട്ടുള്ള 23% വീതം വീടുകൾ ഉണ്ട്. മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് തേക്കിൻ കാട് സങ്കേതം തൊണ്ടർനാട് പഞ്ചായത്തിലുൾപ്പെടുന്ന നെല്ലേരി, പുൽപ്പള്ളി പഞ്ചായത്തിലെ ചുക്കാലിക്കുനി സങ്കേതം എന്നിവിടങ്ങളിൽ ഓല മേഞ്ഞ വീടുകൾ ഉണ്ട്. അടിയാൻ, വെട്ടക്കുറുമൻ, മുള്ളുക്കുറുമൻ സമുദായങ്ങളിലായി 3% വീടുകളും ഓല മേഞ്ഞവയാണ്. ഓല മേഞ്ഞ വീടുകൾ തച്ചനാടൻമൂപ്പൻ സമുദായത്തിൽപ്പെട്ട ആർക്കും ഇല്ല.

28% വീടുകൾ ഓടുപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുള്ളവയാണ്.. കാട്ടുനാ യിക്കൻ സമുദായത്തിൽ 49.49% വീടുകളും, മുള്ളുകുറുമൻ സമുദായത്തിൽ 23.74% വീടു കളും, വെട്ടക്കുറുമൻ സമുദായത്തിൽ 12.63% വീടുകളും, ഓടുപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുള്ളവയാണ്. കുറിച്ച്യൻ സമുദായത്തിൽ ഇത്തരത്തിൽ 9.09% വീടുകളുണ്ട്. പണിയൻ സമുദായത്തിൽ 3.03% വീടുകളും, അടിയാൻ സമുദായത്തിൽ 1.52% വീടുകളും ഓടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ളവയാണ്.

ആസ്ബറ്റോസ് ഷീറ്റുപയോഗിച്ച് മേൽക്കൂര നിർമ്മാണം നടത്തിയിട്ടുള്ള 6.57% വീടുകളുണ്ട്. അതിൽ 42.55% വീടുകളും പണിയൻ സമുദായത്തിലുൾപ്പെടുന്നു. കാട്ടുനാ യിക്കൻ സമുദായത്തിൽ 34.04% വീടുകളും, വെട്ടക്കുറുമൻ സമുദായത്തിലെ 12.77% വീടു കളും ഇത്തരത്തിൽ നിർമ്മിച്ചിട്ടുണ്ട്. കുറിച്ച്യൻ സമുദായത്തിൽ 10.64% ഉം, മുള്ളുകുറുമൻ സമുദായത്തിൽ 2.13% ഉം , ആസ്ബറ്റോസ് ഷീറ്റുപയോഗിച്ച് നിർമ്മിച്ച വീടുകളാണ്.

48.67%വീടുകളാണ് മേൽക്കൂര കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിച്ചിട്ടു ള്ളത്.കാട്ടുനായിക്കൻ സമുദായത്തിൽ 45.11% എണ്ണമാണുള്ളത്. ഇവ PVTG പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളവയാണ്. പണിയൻ സമുദായത്തിൽ 25.86%വീടുകൾ കോൺക്രീറ്റ് വീടുകളാണ്. ഇവ ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ നിന്ന് അനുവദിച്ചിട്ടുള്ള വയാണ്. മുള്ളുകുറുമൻ സമുദായത്തിൽ 10.63% വീടുകളും, വെട്ടക്കുറുമ സമുദായത്തിൽ 9.48% വീടുകളും, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 1.72%വീടുകളുമാണ് ഉള്ളത്. അടിയാൻ സമുദായത്തിലെ വീടുകളിൽ 0.29% ആണ് കോൺക്രീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിട്ടുള്ളത്.

കോൺക്രീറ്റ് ചെയ്തിട്ടുള്ള വീടുകളിൽ 16.95% എണ്ണം നിലവിൽ താമസയോഗ്യമ ല്ലാത്തവയാണ്. അതിൽ 52.54%ഉം കാട്ടുനായിക്കൻ സമുദായത്തിൽ PVTG ഫണ്ട് ഉപ യോഗിച്ച് നിർമ്മിച്ചു നൽകിയവയാണ്. പണിയൻ സമുദായത്തിൽ 27.12% വീടുകളാണ് താമസയോഗ്യമല്ലാതായിട്ടുള്ള കോൺക്രീറ്റ് വീടുകൾ.

12.87% വീടുകൾ പ്ലാസ്റ്റിക് ഷീറ്റുപയോഗിച്ച് മേയ്ഞ്ഞിട്ടുള്ളവയാണ്. പണിയൻ സമു ദായത്തിലെ 39.13% വീടുകളാണ് പ്ലാസ്റ്റിക് ഉപയോഗിച്ച് മേഞ്ഞിട്ടുള്ളത്. പുൽപ്പള്ളി

പഞ്ചായത്തിലുൾപ്പെടുന്ന നെല്ലിപ്പറ്റ സങ്കേതം, പൂതാടി പഞ്ചായത്തിലുൾപ്പെടുന്ന കൃഷ്ണൻകുന്ന് സങ്കേതം, മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ, കുപ്പച്ചി, വെള്ളക്കെട്ട്, തൊണ്ടർനാട് പഞ്ചായത്തിലുൾപ്പെടുന്ന നെല്ലേരി സങ്കേതം എന്നിവിടങ്ങളിലെല്ലാം ഇത്തര ത്തിൽ പ്ലാസ്റ്റിക് മേഞ്ഞ ഷെഡുകളിൽ ആളുകൾ അധിവസിക്കുന്നുണ്ട്.

തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 20.65% വീടുകളും, കാട്ടുനായിക്കൻ സമു ദായത്തിലെ 13.04% വീടുകളും, പ്ലാസ്റ്റിക് ഷീറ്റുപയോഗിച്ച് മേയ്ഞ്ഞിരിക്കുന്നവയാണ്. മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന്, പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി, തിരു നെല്ലി പഞ്ചായത്തിലെ മദ്ധ്യപ്പാടി എന്നീ സങ്കേതങ്ങൾ ഉദാഹരണങ്ങളാണ്. കുറിച്ച്യൻ സമുദായത്തിലെ 11.96% വീടുകളും, വെട്ടക്കുറുമൻ സമുദായത്തിലെ 8.70% വീടുകളും, മുള്ളുകുറുമൻ സമുദായത്തിലെ 3.26% വീടുകളും ഇത്തരത്തിൽ പ്ലാസ്റ്റിക് ഷീറ്റ് മേയ്ഞ്ഞി ട്ടുള്ള ഷെഡുകളാണ്.

നിലവിൽ കൈവശരേഖ ലഭിച്ച ഭൂമിയിൽ താമസയോഗ്യമല്ലാത്ത വീടുകളിൽ അധിവസി ക്കുന്നത് 29 ശതമാനം ഗുണഭോക്താക്കളാണ്. സ്വന്തമായി നിർമ്മിച്ച ഷെഡുകൾ കൂടാ തെ, സർക്കാർ പി.വി.ടി.ജി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുള്ള വീടുകളിൽ പോലും താമസിക്കാൻ കഴിയാത്ത തരത്തിൽ ചോർച്ചയുള്ളതും, കോൺക്രീറ്റു ചെയ്ത തിൽ വന്നിട്ടുള്ള അപാകത മൂലം മേൽക്കൂര പൊടിഞ്ഞു വീഴുന്നതുമായ വീടുകൾ ഉണ്ട്.പുൽപ്പള്ളി പഞ്ചായത്തിലെ പുലയൻമൂല കാട്ടുനായിക്കർ സങ്കേതത്തിൽ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ വീടുകളിൽ ഊരുമൂപ്പന്റതടക്കം മിക്ക വീടുകളുടെയും തറയും, മേൽക്കൂരയും അടർന്ന് വീഴുന്നുണ്ട്.

മേപ്പാടി പഞ്ചായത്തിലെ കുപ്പച്ചി സങ്കേതത്തിൽ ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെ ടുത്തി വർഷങ്ങൾക്കു മുൻപ് തുടങ്ങിയ ഭവനനിർമ്മാണം ഇപ്പോഴും പൂർത്തിയാക്കിയി ട്ടില്ല. നിർമ്മാണത്തിനായി കരാർ ഏറ്റെടുത്ത വ്യക്തി സർക്കാർ നിർമ്മാണ പ്രവർത്തനത്തി നായി അനുവദിച്ച തുക ദുരുപയോഗം ചെയുകയും ഏകദേശം പത്തുവർഷത്തോളമായി ഇപ്പോഴും പണി പൂർത്തിയാകാതെ നിർമ്മാണം പാതിവഴിയിൽ ആണ് ഉള്ളത്. പാതി നിർമ്മിച്ച വീടിനു സമീപം പ്ലാസ്റ്റിക് ഉപയോഗിച്ച് മറച്ചു കെട്ടിയ ഷെഡിലാണ് കുഞ്ഞുകുട്ടി കളടങ്ങിയ കുടുംബം താമസിക്കുന്നത്.

### 3.7.6 .അടുക്കള

64.76% വീടുകൾക്കും അടുക്കള സൗകര്യം ഉള്ളവയും വീടിനോട് ചേർത്ത് നിർമ്മിച്ചിട്ടുള്ളവയും ആണ്. എന്നാൽ 35.24% വീടുകൾക്ക് അടുക്കള സൗകര്യമില്ല. സമുദായം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക:3.15 **അടുക്കള സൗകര്യം-സമുദായടിസ്ഥാനത്തിൽ**

| ക്രമനമ്പർ | അടുക്കള | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | | |
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| 1 | ഉണ്ട് | 201 (69.31%) | 77 (46.67% | 80 (89.89% ) | 47 (64.38 %) | 47 (73.44%) | 7 (26.92 %) | 4 (50%) | 463 | 64.76 |
| 2 | ഇല്ല | 89 (30.69%) | 88(53.33 %) | 9 (10.11%) | 26 (35.62 %) | 17 (26.56%) | 19 (73.08 %) | 4 (50%) | 252 | 35.24 |
| | ആകെ | **290** | **165** | **89** | **73** | **64** | **26** | **8** | **715** | 100 |

സർക്കാർ സഹായത്തോടെ നിർമ്മിച്ചു നൽകിയ വീടുകളിൽ അടുക്കള ഉപയോഗിക്കാൻ കഴിയാത്ത തരത്തിലുള്ള 134 വീടുകളുണ്ട്. മേപ്പാടി പഞ്ചായത്തിലെ ശേഖരൻകുണ്ട് സങ്കേതത്തിലെ വെള്ളച്ചിയുടെ വീട്, കുപ്പചച്ചി സങ്കേതത്തിലെ വെളുക്കൻ, സ്കൂൾകുന്ന് സങ്കേതത്തിലെ തച്ചനാടൻ മൂപ്പൻ സമുദായത്തിൽപ്പെട്ട വേലായുധൻ, തിരുനെല്ലി പഞ്ചായത്തിലെ മദ്ധ്യപാടി സങ്കേതത്തിലുള്ള ബാൻ, നൂൽപ്പുഴ പഞ്ചായത്തിലെ പണപ്പാടി സങ്കേതത്തിൽ വെട്ടക്കുറുമൻ സമുദായത്തിലുൾപ്പെട്ട ചെറിയ മാതൻ, കാട്ടുനായിക്കൻ സമുദായത്തിലുൾപ്പെടുന്ന പുൽപ്പള്ളി പഞ്ചായത്തിലെ ചുക്കാലികുനി സങ്കേതത്തിലുള്ള രവി എന്നിവരുടെയെല്ലാം വീടുകൾ ഇവയിൽ ചില ഉദാഹരണങ്ങൾ മാത്രമാണ്.

**3.7.7 . കക്കൂസ്:**

നിലവിൽ വീടിനോട് ചേർന്ന് ശൗചാലയ സംവിധാനമുള്ള 76.78% വീടുകളാണ് ഉള്ളത്. പൊതുവായ ശൗചാലയങ്ങളെ ആശ്രയിക്കുന്ന 2.66% വും ശൗചാലയസംവിധാനമില്ലാത്ത തുറസ്സായ സ്ഥലങ്ങളെ മാത്രം ആശ്രയിക്കുന്ന 20.56% കുടുംബങ്ങൾ ആണ് ഉള്ളത്. സുൽത്താൻ ബത്തേരി നഗരസഭയിൽ ഉൾപ്പെട്ടിട്ടുള്ള പാമ്പ്രമൂല കാട്ടുനായിക്കൻ സങ്കേതം, മേപ്പാടി പഞ്ചായത്തിലുൾപ്പെടുന്ന മമ്മിക്കുന്ന് സങ്കേതം, ശേഖരൻകുണ്ട്, നീലിമല എന്നീ സങ്കേതങ്ങൾ , പൂതാടി പഞ്ചായത്തിൽ ഉൾപ്പെടുന്ന കൃഷ്ണൻകുന്ന് , വിജയൻകുന്ന് തുടങ്ങിയ സങ്കേതങ്ങളിലെയുമെല്ലാം ആളുകൾ ഇപ്പോഴും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി തുറസ്സായ പ്രദേശങ്ങളെ ആശ്രയിക്കുന്ന് ഉദാഹരണങ്ങളാണ്.

പട്ടിക:3.16 **കക്കൂസ്**

| ക്രമ നംബർ | കക്കൂസ് | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| | | 1 | 2 | 5 | 4 | 6 | 7 | 3 | | |
| 1 | വീടിനോട് ചേർന്ന് | 212 (73.10%) | 108 (65.45%) | 78 (87.64%) | 61 (83.56%) | 60 (93.75%) | 22 (84.62%) | 8(100%) | 549 | 76.78 |
| 2 | പൊതുവായിട്ടുള്ളത് | 8 (2.76%) | 0 | 8 (8.99%) | 2 (2.74%) | 1 (1.56%) | 0 | 0 | 19 | 2.66 |
| 3 | തുറസ്സായ സ്ഥലം | 70 (24.14%) | 57 (34.55%) | 3 (3.37%) | 10 (4.11%) | 3 (4.69%) | 4 (15.36%) | 0 | 147 | 20.56 |
| **4** | **ആകെ** | 290 | 165 | 89 | 73 | 64 | 26 | 8 | 715 | 100 |

### 3.8 .സങ്കേതത്തിലെ വൈദ്യുതീകരണം

പൂർണ്ണമായും വൈദ്യുതീകരണം നടത്തിയിട്ടുള്ള 67% സങ്കേതങ്ങളാണ്.പൂർണ്ണമായോ ഭാഗികമായോ, വൈദ്യുതീകരണം ഇനിയും നടത്താനുള്ള 33% സങ്കേതങ്ങളുണ്ട്. പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി, തിരുമുഖം, മൊടവങ്കര തുടങ്ങിയ സങ്കേതങ്ങൾ , പൂതാടി പഞ്ചായത്തിലെ ലക്ഷംവീട്, കൃഷ്ണൻകുന്ന്, വിജയൻകുന്ന്, അയനിമല, കേളമംഗലം എന്നിവയും നൂൽപ്പുഴ പഞ്ചായത്തിലെ പങ്കളത്ത് കുറുമ, ചുക്കാലിക്കുനി എന്നീ സങ്കേതങ്ങളും, മേപ്പാടി പഞ്ചായത്തിലെ വെള്ളക്കെട്ട്, ഗോവിന്ദൻപാറ, പൂളക്കുന്ന്, സ്കൂൾകുന്ന് എന്നീ രണ്ടു സങ്കേതങ്ങളും, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി, മണ്ണുണ്ടി, മദ്ധ്യപ്പാടി എന്നീ സങ്കേതങ്ങളും കൂടാതെ, സുൽത്താൻബത്തേരി നഗരസഭയിലുൾപ്പെട്ട കുറിച്യാട്, കൽപ്പറ്റ നഗരസഭയിലെ റാട്ടക്കൊല്ലിമല എന്നീ സങ്കേതങ്ങളിലാണ് ഇനിയും പൂർണ്ണമായി വൈദ്യുതീകരണം നടത്തിയിട്ടില്ലാത്തത്. ഇതിൽ പങ്കളത്ത്, കുറിച്യാട്, എന്നീ രണ്ടു സങ്കേതങ്ങളിൽ വൈദ്യുതീകരിച്ച വീടുകൾ ഒന്നുമില്ലാത്തവയാണ്. ബത്തേരി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിനു കീഴിലെ നൂൽപ്പുഴ പഞ്ചായത്തിൽ ഉൾപ്പെടുന്ന സങ്കേതമാണ് പങ്കളത്ത് കുറുമ. തോട്ടാമൂലക്ക് അടുത്ത് സ്ഥിതി ചെയ്യുന്ന ഈ സങ്കേതത്തിൽ മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവരാണുള്ളത്. വനത്തിനോട് ചേർന്നു കിടക്കുന്ന സങ്കേതത്തിൽ അവകാശം ലഭിച്ച സ്ഥലത്തു തന്നെയാണ് എല്ലാവരും വീട് വെച്ചിരിക്കുന്നത്. ഈ പ്രദേശം സർക്കാറിന്റെ ഒഴിപ്പിക്കൽ ലിസ്റ്റിലുള്ള ഭൂമിയായതിനാൽ വികസന പ്രവർത്തികൾ ഒന്നും തന്നെ നടത്തിയിട്ടില്ല. വീട്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ പോലും

നൽകാനാവാത്ത സ്ഥിതിയാണുള്ളത്. 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയാൽ ഇവിടെ നിന്ന് താമസം മാറാൻ ചിലർ തയ്യാറാണെങ്കിലും അതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

### 3..9 വീടിലേയ്ക്കുള്ള വൈദ്യുതി

85.59% വീടുകളും വൈദ്യുതീകരിച്ചതാണ്. 14.41% വീടുകൾ വൈദ്യുതീകരിച്ചിട്ടി ല്ലാത്തവയാണ്. മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് തേക്കിൻകാട് സങ്കേതത്തിൽ വൈദ്യുതീകരിച്ചിട്ടില്ലാത്ത 9 വീടുകളുണ്ട്. പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന് സങ്കേതത്തിൽ കാട്ടുനായിക്കൻ സമുദായത്തിലുള്ള വീടുകളൊഴികെ , 12 വീടുകളിലും, വിജയൻകുന്ന് സങ്കേതത്തിലെ 6 വീടുകളിലും വൈദ്യുതീകരണം നടന്നിട്ടില്ല. മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ സങ്കേതത്തിൽ 13 ഉം, കുപ്പച്ചി സങ്കേതത്തിൽ 6 വീടുകളും വൈദ്യുതീകരിച്ചിട്ടില്ലാത്തവയാണ്. പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി , പൂതാടി പഞ്ചായത്തിലെ ലക്ഷംവീട് സങ്കേതം, പനമരം പഞ്ചായത്തിലെ നടുവിൽമുറ്റം, തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി സങ്കേതം തുടങ്ങിയവയിലും വൈദ്യുതീകരിച്ചിട്ടി ല്ലാത്ത വീടുകളുണ്ട്

പട്ടിക . 3.17 **വീടിലേയ്ക്കുള്ള വൈദ്യുതി**

| ക്രമ.നം | വൈ ദ്യുതി | കാട്ടുനായിക്കൻ | പണിയൻ | അടിയാൻ | വെട്ടക്കുറുമൻ | മുള്ളുക്കുറുമൻ | കുറിച്യൻ | തച്ചനാടൻ മൂപ്പൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | | |
| 1 | ഉണ്ട് | 254 (87.59%) | 124 (75.15%) | 5 (62.5%) | 61 (83.56%) | 80 (89.89%) | 63 (98.44%) | 25 (96.15%) | 612 | 85.59 |
| 2 | ഇല്ല | 36 (12.41%) | 41 (24.85%) | 3 (57.5%) | 12 (16.44%) | 9 (10.11%) | 1 (1.56%) | 1 (3.85%) | 103 | 14.41 |
| **ആകെ** | | **290** | **165** | **8** | **73** | **89** | **64** | **26** | **715** | **100** |

### 3.10 വീടിലേയ്ക്കുള്ള കുടിവെള്ള ലഭ്യത:

ദൈനംദിന ആവശ്യങ്ങൾക്കായുള്ള വെള്ളം സംഭരിക്കുന്നതിനായി സ്വന്തം ഉടമ സ്ഥതയിലുള്ള കിണറുകളെ ആശ്രയിക്കുന്നത് 6.01% മാത്രം ആണ്. സ്വന്തം കിണറുകളെ ആശ്രയിക്കുന്നത് കൂടുതലും മുള്ളുക്കുറുമ സമുദായത്തിലുള്ളവരാണ്. 42.66 % പൊതുകി ണറുകളെ ആശ്രയിക്കുന്നരാണ്. കുടിവെള്ളത്തിനായി അരുവികളെ മാത്രം ആശ്രയി ക്കുന്ന 9.51% ഉണ്ട്. പൂതാടി പഞ്ചായത്തിലെ അയനിമല പണിയ സങ്കേതം, വിജയൻകുന്ന് സങ്കേതം, മുട്ടിൽ പഞ്ചായത്തിലെ കരിയാത്തൻപാറ, മേപ്പാടി പഞ്ചായത്തിലെ സ്കൂൾകു

ന്ന്, പൂളകുന്ന്, ഗോവിന്ദൻപാറ തുടങ്ങിയ സങ്കേതങ്ങളിൽ അരുവികളെ മാത്രമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.

PVTG, ജലനിധി തുടങ്ങിയ പദ്ധതികൾ പ്രകാരം ടാങ്കുകൾ നിർമ്മിച്ച് പൈപ്പുകൾ വഴി കുടിവെള്ളം ലഭിക്കുന്ന 30.91% കുടുംബങ്ങൾ ഉണ്ട് . തവിഞ്ഞാൽ പഞ്ചായത്തിലെ എടാറകൊല്ലി, താഴെതലപ്പുഴ. ചോയിമൂല, പുന്നശ്ശേരി എന്നീ സങ്കേതങ്ങളും, പൂതാടി പഞ്ചായത്തിലെ കൂടല്ലൂർ, നെയ്ക്കുപ്പ മണൽവയൽ തുടങ്ങിയ സങ്കേതങ്ങളും, നൂൽപ്പുഴ പഞ്ചായത്തിലെ കാളങ്കണ്ടി, കോളയോട്, എന്നിവയും, തിരുനെല്ലി പഞ്ചായത്തിലുൾപ്പെട്ട വെള്ളറോടി സങ്കേതവുമെല്ലാം ഇത്തരത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുള്ളവയ്ക്ക് ഉദാഹരണങ്ങളാണ്.

ഗോത്രസമൂഹങ്ങളുടെ പരമ്പരാഗത ജലസ്രോതസ്സുകളായ കേണികളെ ആശ്രയിക്കുന്ന 10.91% കുടുംബങ്ങളാണ്. പൂതാടി പഞ്ചായത്തിലെ കേളമംഗലം കാട്ടുനായിക്ക സങ്കേതം, വിജയൻകുന്ന് സങ്കേതം, മേപ്പാടി പഞ്ചായത്തിലെ ശേഖരൻകുണ്ട് , ഗോവിന്ദൻപാറ, തിരുനെല്ലി പഞ്ചായത്തിലെ കൂപ്പ് തുടങ്ങിയ സങ്കേതങ്ങളിലെല്ലാം ഇപ്പോഴും കുടിവെള്ളത്തിനായി കേണികളെ ആശ്രയിക്കുന്നവരുണ്ട്. കേണികളിൽ വേനൽക്കാലത്ത് ജലലഭ്യത തീരെ കുറവായതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് ഇവരിലേറെയും.

പട്ടിക: 3.18 **കുടിവെള്ള ലഭ്യതയുടെ ഉറവിടം**

| ക്രമ നമ്പർ | കുടിവെള്ള ലഭ്യത | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | സ്വന്തം കിണർ | 43 | 6.01 |
| 2 | പൊതുകിണർ | 305 | 42.66 |
| 3 | അരുവി | 68 | 9.51 |
| 4 | പൈപ്പ് | 221 | 30.91 |
| 5 | കേണി | 78 | 10.91 |
| ആകെ | | 715 | 100.00 |

## 3.11 സങ്കേതത്തിലെ ജലലഭ്യത

കുടിവെള്ളത്തിനും, ദൈനംദിന ആവശ്യങ്ങൾക്കായുള്ള ജലത്തിനും വേണ്ടി വിവിധ സ്രോതസ്സുകളെയാണ് സങ്കേതവാസികൾ ആശ്രയിച്ചു വരുന്നത്. പൊതുകിണറുകളെ കൂടാതെ, പൈപ്പ് സങ്കേതത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കേണി എന്നിവിടങ്ങളെയെല്ലാം ആശ്രയിച്ചു വരുന്നു. ഗോത്രജനങ്ങളുടെ പരമ്പരാഗത ജലസേചനമാർഗ്ഗമായ 'കേണി

കളെ’ മാത്രം ഇപ്പോഴും ജലശേഖരണത്തിനായി ആശ്രയിക്കുന്ന മൂന്നു സങ്കേതങ്ങളാണു ള്ളത്. മേപ്പാടി പഞ്ചായത്തിലെ കുപ്പച്ചി, പഞ്ചമിക്കുന്ന്, എന്നിവയും, മുപ്പൈനാട് പഞ്ചായ ത്തിലെ ശേഖരൻകുണ്ട് സങ്കേതവും. ശേഖരൻകുണ്ട് സങ്കേതത്തിൽ പൊതുകിണർ ഉണ്ടെ ങ്കിലും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. സങ്കേതത്തിലുൾപ്പെട്ട വ്യക്തിയുടെ സെപ്റ്റിക് ടാങ്ക് കിണറിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതിനാൽ കിണറ്റിൽ നിന്നും വെള്ളം ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്ന് ഊരുമൂപ്പൻ വ്യക്തമാക്കിയിരുന്നു.

വിവിധ സങ്കേതങ്ങളുടെ കുടിവെള്ള ലഭ്യതയുമായി ബന്ധപ്പെട്ട പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക: 3.19 **കുടിവെള്ള ലഭ്യതയുടെ ഉറവിടം-സങ്കേതടിസ്ഥാനത്തിൽ**

| | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| ക്രമ നം ബർ | കാട്ടിൽ നിന്ന് ഒഴുകുന്ന വെള്ളം പൈപ്പിലൂടെ | കെണികൾ മാത്രം ഉപയോ ഗിക്കുന്നവ | കേണി/ കിണർ | അരുവി/ കിണർ | കിണറിനെ ആശ്രയി ക്കുന്ന സങ്കേത ങ്ങൾ | പൈപ്പ്/ കിണർ |
| 1 | പാമ്പ്രമൂല | ശേഖരൻകുണ്ട് | കുറിച്യാട് | ബസ വൻകൊല്ലി | പങ്കളത്ത് | കേളമം ഗലം |
| 2 | വെള്ളറോടി | പഞ്ചമിക്കുന്ന് | വിജ യൻകുന്ന് | ഗോവി ന്ദൻപാറ | അാറോട് | താഴെതല പ്പുഴ |
| 3 | ചേകാടി ചക്കിണി | കുപ്പച്ചി | – | – | അയനിമല കുറുമ | കരടിമാട് |
| 4 | പുലയൻമൂല | – | – | – | ഓടമൂല | |
| 5 | കാർമ്മൽകുന്ന് | – | – | – | ചന്ദ്രോത്ത് | |
| 6 | പനവല്ലി | – | – | – | കണ്ടാമല | |
| 7 | കാളങ്കണ്ടി | – | – | – | എടത്തറ | |
| 8 | കോളയോട്ട് | – | – | – | എടാറ കൊല്ലി | |
| 9 | കരിയാ ത്തൻപാറ | – | – | – | മണ്ണുണ്ടി | |
| 10 | വെള്ളക്കെട്ട് | – | ണ്ഡ | ണ്ഡ | പൂളക്കുന്ന് | |
| 11 | ചോയിമൂല | – | ണ്ഡ | ണ്ഡ | പണപ്പാടി | |
| 12 | നെയ്ക്കുപ്പ | – | ണ്ഡ | ണ്ഡ | നടു വിൽമുറ്റം | |
| 13 | പുന്നശ്ശേരി | – | ണ്ഡ | ണ്ഡ | തിരുമുഖം | |
| 14 | കൂടല്ലൂർ | – | ണ്ഡ | ണ്ഡ | മണൽവ ആന്റ | |
| 15 | കൃഷ്ണൻകു ന്ന് | – | – | – | നച്ചുകണ്ടി | |
| 16 | അത്തിക്കടവ് | – | – | – | മേലെ കുണ്ടുവാടി | |
| 17 | റാട്ടകൊല്ലി | – | – | – | മമ്മിക്കുന്ന് | |
| 18 | കൂപ്പ് | – | – | – | നെല്ലേരി | |
| 19 | മദ്ധ്യപ്പാടി | – | – | – | നെല്ലിപ്പറ്റ | |

| | | | | | | |
|---|---|---|---|---|---|---|
| 20 | സ്കൂൾകുന്ന് | – | – | – | അയനിമല പണിയ | |
| 21 | അണ്ണിമൂല | – | – | – | ചുക്കാലി ക്കുനി | |
| 22 | വെള്ളറോടി | – | – | – | ഊരംകുന്ന് | |
| 23 | ണഡ | – | – | – | മൊടവങ്കര | |
| 24 | ണഡ | – | – | – | ഫോറസ്റ്റ് വയൽ | |
| 25 | ണഡ | – | – | – | ലക്ഷംവീട് | |
| 26 | ണഡ | | | | | |
| ആകെ | 22 | 3 | 2 | 2 | 25 | 3 |
| **ആകെ മൊത്തം** | | | | | | **57** |

44 ശതമാനം കുടിവെള്ളത്തിനു വേണ്ടി പൊതുകിണറുകളെ മാത്രം ആശ്രയിക്കുന്ന സങ്കേതങ്ങളാണ്. 39 ശതമാനം സങ്കേതങ്ങൾ വനത്തിൽ നിന്നുള്ള അരുവികളിൽ നിന്ന് പൈപ്പ് ഉപയോഗിച്ച് സങ്കേതങ്ങളിലേക്ക് ജലസേചനം സാധ്യമാക്കിയിട്ടുള്ളവയാണ്.പരമ്പ രാഗത രീതിയായ കേണികളെ നിലവിൽ ആശ്രയിച്ച് വരുന്ന 5 ശതമാനം സങ്കേതങ്ങളും , പൊതുകിണറുകളെയും , കേണികളെയും ആശ്രയിക്കുന്നത് 3.50 ശതമാനം സങ്കേതങ്ങളും ഉണ്ട്. വേനൽക്കാലമായാൽ കിണറ്റിൽ നിന്ന് വെള്ളം വറ്റി പോകുന്നതിലാണ ് ഇത്തര ത്തിൽ രണ്ട് മാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് എന്ന് സങ്കേതവാസികൾ അഭിപ്രാ യപ്പെടുന്നു. കിണറിനെയും, പൈപ്പിനെയും ഒരേപോലെ ആശ്രയിക്കുന്നത് 5 ശതമാനം സങ്കേതങ്ങൾ മാത്രമാണ്. 3.50 ശതമാനം സങ്കേതങ്ങളിൽ കിണറിനോടൊപ്പം അരുവി യിൽ നിന്നും കുടിവെള്ളം ലഭ്യക്കുന്നുണ്ട്.

### 3.12 ഗുണഭോക്താക്കളുടെ നിലവിലെ സാമൂഹിക സാമ്പത്തിക സ്ഥിതി

പഠനത്തിന് വിധേയമാക്കിയ 38% കാട്ടുനായിക്കൻ സമുദായത്തിൽപ്പെട്ടവരും, 24% പണിയൻവിഭാഗത്തിൽപ്പെട്ടവരുമാണ്. മുള്ളുകുറുമൻ സമുദായത്തിൽപ്പെട്ടവർ 12% വും, വെട്ടക്കുറുമൻ സമുദായത്തിൽപ്പെട്ടവർ 10% വും, കുറിച്ച്യൻ സമുദായത്തിൽപ്പെട്ടവർ 11% , തച്ചനാടൻ മൂപ്പൻ, അടിയാൻ സമുദായത്തിൽപ്പെട്ടവർ യഥാക്രമം 4%, 1% വുമാണ്. ആകെ ജനസംഖ്യയിൽ 1 വയസ്സു മുതൽ 14 വയസ്സു വരെ പ്രായമുള്ളവർ 15.59% ആണ്. അതിൽ കാട്ടുനായിക്കൻ സമുദായത്തിൽ 23%, പണിയൻ സമുദായത്തിൽപ്പെട്ട 20.05%, അടിയാൻ സമുദായത്തിൽ 21% 1 വയസ്സിനും, 14 വയസ്സിനുമിടയിൽ പ്രായമുള്ളവരാണ്. വെട്ടക്കുറു മൻ സമുദായത്തിൽ 18% വും, മുള്ളുകുറുമൻ സമുദായത്തിൽ 15% വും, കുറിച്ച്യൻ സമു ദായത്തിൽ 17%, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 13% വും, അടിയാൻ സമുദായത്തിൽ 45% വും 1 വയസ്സു മുതൽ 14 വയസ്സു വരെ പ്രായമുള്ളവരാണ്.

15-59 പ്രായപരിധിയിലാണ് ഏറ്റവും അധികം ജനസംഖ്യ കണക്കാക്കപ്പെട്ടത് 68.24% . കാട്ടുനായിക്കൻ സമുദായത്തിൽ ഈ പ്രായപരിധിയിൽ ഉൾപ്പെടുന്ന 66.27%

ഉണ്ട്. പണിയൻ സമുദായത്തിൽ 68.81%, അടിയാൻ സമുദായത്തിൽ 63.64%, വെട്ടക്കുറുമൻ സമുദായത്തിൽ 67.56%, എന്നിങ്ങനെയും മുള്ളുകുറുമൻ സമുദായത്തിൽ 85.43%, കുറിച്യരിൽ-68.42%, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 79.41% ഉം ആണ് 15 മുതൽ 59 വരെ പ്രായപരിധിയിയിൽപ്പെട്ടവർ.

60 വയസ്സും, അതിനു മുകളിലും പ്രായമുള്ളവർ 11.63% ആണ്. കാട്ടുനായിക്കൻ സമുദായത്തിലെ 10.50% വും, പണിയൻ സമുദായത്തിലെ 11.12% വും, അടിയാൻ സമുദായത്തിലെ 15% വും, വെട്ടക്കുറുമൻ, കുറിച്ച്യൻ സമുദായത്തിലെ 14% വീതവും, മുള്ളുകുറുമൻ സമുദായത്തിലെ 12% വും, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 8% വും എന്നിങ്ങനെയുമാണ് 60 വയസ്സോ, അതിനു മുകളിലും വയസ്സുള്ളവരാണ്. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക: 3.20 **വയസ്സും സമുദായങ്ങളും**

| ക്രമനംബർ | വയസ്സ് | സമുദായങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായക്കൻ | പണിയൻ | മുള്ളുകുറുമൻ | കുറിച്ച്യൻ | വെട്ടകുറുമൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
| 1 | 04 | 53 | 25 | 10 | 11 | 10 | 4 | 3 | 116 | 4.04 |
| 2 | 05—09 | 68 | 45 | 26 | 22 | 20 | 5 | 3 | 189 | 6.58 |
| 3 | 10—14 | 128 | 67 | 16 | 19 | 24 | 4 | 1 | 259 | 9.01 |
| 4 | 15-17 | 78 | 36 | 7 | 15 | 23 | 6 | 2 | 167 | 5.81 |
| 5 | 18-21 | 94 | 78 | 25 | 26 | 21 | 12 | 0 | 256 | 8.91 |
| 6 | 22-29 | 151 | 104 | 48 | 53 | 38 | 17 | 8 | 419 | 14.58 |
| 7 | 30-44 | 219 | 142 | 105 | 67 | 60 | 27 | 4 | 624 | 21.72 |
| 8 | 45-59 | 189 | 110 | 77 | 47 | 60 | 19 | 7 | 509 | 11.72 |
| 9 | 60+ | 115 | 76 | 43 | 44 | 43 | 8 | 4 | 334 | 11.63 |
| ആകെ | | 1095 (38.11%) | 683 (23.77%) | 357 (12.43%) | 304 (10.58%) | 299 (10.41%) | 102 (3.55%) | 33 (1.15%) | 2873 | 100.00 |

## 3.12.1 കാട്ടുനായിക്കൻ

പഠനത്തിന് വിധേയമാക്കിയവരിൽ 38% കാട്ട്നായ്ക്കൻ സമുദായത്തിൽപ്പെട്ടവരാണ്. 304 കുടുംബങ്ങളിൽ നിന്നാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിൽ സ്ത്രീകൾ 51.23% വും, പുരുഷന്മാർ 48.77% വും ആണ്. ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത് 30 -44 പ്രായത്തിൽ ആണ്. ഏറ്റവും കുറവ് 0-4 പ്രായത്തിൽ ആണ്. സ്ത്രീകളിലും, പുരുഷന്മാരിലും 30-44 പ്രായത്തിൽ ആണ് ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത്. 0-14 വരെയുള്ള പ്രായമുള്ളവരിൽ ആൺകുട്ടികളാണ് കൂടുതൽ. 66.76 % പേർ 15-59 പ്രായത്തിൽ ഉള്ളവ

രാണ്. അതിൽ സ്ത്രീകൾ 34.76% വും, പുരുഷന്മാർ 31.96 % വും ആണ്. വിശദമായ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക: 3.21 **കാട്ടുനായിക്കൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| | കാട്ടുനായിക്കൻ | | | | | |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | | |
| ക്രമനം | സ്ത്രീ | ശതമാനം | പുരുഷൻ | ശതമാനം | ആകെ | ശതമാനം |
| 0-4 | 22 | 2.01 | 31 | 2.83 | 53 | 4.84 |
| 05—09 | 32 | 2.92 | 36 | 3.29 | 68 | 6.21 |
| 10—14 | 62 | 5.66 | 66 | 6.03 | 128 | 11.69 |
| 15-17 | 35 | 3.20 | 43 | 3.93 | 78 | 7.12 |
| 18-21 | 53 | 4.84 | 41 | 3.74 | 94 | 8.58 |
| 22-29 | 75 | 6.85 | 76 | 6.94 | 151 | 13.79 |
| 30-44 | 128 | 11.69 | 91 | 8.31 | 219 | 20.00 |
| 45-59 | 90 | 8.22 | 99 | 9.04 | 189 | 17.26 |
| 60+ | 64 | 5.84 | 51 | 4.66 | 115 | 10.50 |
| ആകെ | 561 | 51.23 | 534 | 48.77 | 1095 | 100 |

### 3.12.2 പണിയൻ

പഠനത്തിന് വിധേയമാക്കിയവരിൽ 24% പണിയൻ സമുദായത്തിൽപ്പെട്ടവരാണ്. 171 കുടുംബങ്ങളിൽ നിന്നാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിൽ സ്ത്രീകൾ 54.32% വും, പുരുഷന്മാർ 45.68% വും ആണ്. ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത് 30-44 പ്രായത്തിൽ ആണ ്.സ്ത്രീകളിലും, പുരുഷന്മാരിലും ഈ പ്രായത്തിൽ തന്നെയാണ് ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത്. . ഏറ്റവും കുറവ് 0-4 പ്രായത്തിൽ ആണ്. 0-14 വരെയുള്ള പ്രായമുള്ളവരെ എടുത്താൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. 68.81 % പേർ 15-59 പ്രായത്തിൽ ഉള്ളവരാണ്. അതിൽ സ്ത്രീകൾ 37.92% വും, പുരുഷന്മാർ 30.89 % വും ആണ്. 18-21 വയസ് പ്രായമുള്ളവരുടെ എണ്ണത്തിന് ഏകദേശം തുല്ല്യമായിട്ട് വരും 60 വയസിന് മുകളിൽ ഉള്ളവരുടെ എണ്ണം . വിശദമായ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക: 3.22 **പണിയൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം | പണിയൻ | | | | | ആകെ | ശത മാനം |
|---|---|---|---|---|---|---|---|
| | ഒയസ് | സ്ത്രീ | ശത മാനം | പുരു ഷൻ | ശത മാനം | | |
| | 1 | 2 | 3 | 4 | 5 | | |
| 1 | 0-4 | 15 | 2.20 | 10 | 1.46 | 25 | 3.66 |
| 2 | 05—09 | 20 | 2.93 | 25 | 3.66 | 45 | 6.59 |
| 3 | 10—14 | 29 | 4.25 | 38 | 5.56 | 67 | 9.81 |
| 4 | 15-17 | 18 | 2.64 | 18 | 2.64 | 36 | 5.27 |
| 5 | 18-21 | 45 | 6.59 | 33 | 4.83 | 78 | 11.42 |
| 6 | 22-29 | 56 | 8.20 | 48 | 7.03 | 104 | 15.23 |
| 7 | 30-44 | 80 | 11.71 | 62 | 9.08 | 142 | 20.79 |
| 8 | 45-59 | 60 | 8.78 | 50 | 7.32 | 110 | 16.11 |
| 9 | 60+ | 48 | 7.03 | 28 | 4.10 | 76 | 11.13 |
| ആകെ | | 371 | 54.32 | 312 | 45.68 | 683 | 100 |

### 3.12.3 മുള്ളുകുറുമൻ

പഠനത്തിന് വിധേയമാക്കിയവരിൽ 12% മുള്ളുകുറുമൻ സമുദായത്തിൽപ്പെട്ടവരാണ്. 97കുടുംബങ്ങളിൽ നിന്നാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിൽ സ്ത്രീകൾ 46.50% വും, പുരുഷന്മാർ 53.50% വും ആണ്. ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത് 30-44 പ്രായത്തിൽ ആണ് . ഈ പ്രായത്തിൽ സ്ത്രീകളുടെയും, പുരുഷന്മാരുടെയും എണ്ണം ഏകദേശം തുല്ല്യമാണ്.. ഏറ്റവും കുറവ് 15-17 പ്രായത്തിൽ ആണ്. 0-14 വരെയുള്ള പ്രായമുള്ളവരെ എടുത്താൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. 73.39 % പേർ 15-59 പ്രായത്തിൽ ഉള്ളവരാണ്. അതിൽ സ്ത്രീകൾ 33.05% വും, പുരുഷന്മാർ 40.34 % വും ആണ്. 60 വയസിന് മുകളിൽ ഉള്ളവരുടെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതൽ ആണ്. വിശദമായ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക: 3.23 **മുള്ളുകുറുമൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം | | മുള്ളുകുറുമൻ | | | | ആകെ | ശത മാനം |
|---|---|---|---|---|---|---|---|
| | വയസ് | സ്ത്രീ | ശത മാനം | പുരു ഷൻ | ശത മാനം | | |
| | 1 | 2 | 3 | 4 | 5 | | |
| 1 | 0-4 | 6 | 1.681 | 4 | 1.12 | 10 | 2.80 |
| 2 | 05—09 | 8 | 2.241 | 18 | 5.04 | 26 | 7.28 |
| 3 | 10—14 | 7 | 1.961 | 9 | 2.52 | 16 | 4.48 |
| 4 | 15-17 | 3 | 0.840 | 4 | 1.12 | 7 | 1.96 |
| 5 | 18-21 | 11 | 3.081 | 14 | 3.92 | 25 | 7.00 |
| 6 | 22-29 | 17 | 4.762 | 31 | 8.68 | 48 | 13.45 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 30-44 | 53 | 14.846 | 52 | 14.57 | 105 | 29.41 |
| 8 | 45-59 | 34 | 9.524 | 43 | 12.04 | 77 | 21.57 |
| 9 | 60+ | 27 | 7.563 | 16 | 4.48 | 43 | 12.04 |
| ആകെ | | 166 | 46.50 | 191 | 53.50 | 357 | 100 |

### 3.12.4 കുറിച്ച്യൻ

പഠനത്തിന് വിധേയമാക്കിയവരിൽ 11% കുറിച്യ സമുദായത്തിൽപ്പെട്ടവരാണ്. 76 കുടുംബങ്ങളിൽ നിന്നാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിൽ സ്ത്രീകൾ 44.74% വും, പുരുഷന്മാർ 55.26% വും ആണ്. ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത് 30-44 പ്രായത്തിൽ ആണ്. ഏറ്റവും കുറവ് 0-4 പ്രായത്തിൽ ആണ്. സ്ത്രീകളിലും, പുരുഷന്മാരിലും 30-44 പ്രായത്തിൽ ആണ് ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത്. 0-14 വരെയുള്ള പ്രായമുള്ളവരെ എടുത്താൽ പെൺകുട്ടികളുടെ എണ്ണം കുറവാണ്. 68.41 % പേർ 15-59 പ്രായത്തിൽ ഉള്ളവരാണ്. അതിൽ സ്ത്രീകൾ 31.25% വും, പുരുഷന്മാർ 45.06 % വും ആണ്. വിശദമായ വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക: 3.24 **കുറിച്ച്യൻ -ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനംമ്പർ | വയസ് | കുറിച്ച്യൻ | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|
| | | സ്ത്രീ | ശതമാനം | പുരുഷൻ | ശതമാനം | | |
| 1 | 0-4 | 7 | 2.30 | 4 | 1.32 | 11 | 3.62 |
| 2 | 05—09 | 7 | 2.30 | 15 | 4.93 | 22 | 7.24 |
| 3 | 10—14 | 7 | 2.30 | 12 | 3.95 | 19 | 6.25 |
| 4 | 15-17 | 9 | 2.96 | 6 | 1.97 | 15 | 4.93 |
| 5 | 18-21 | 10 | 3.29 | 16 | 5.26 | 26 | 8.55 |
| 6 | 22-29 | 22 | 7.24 | 31 | 10.20 | 53 | 17.43 |
| 7 | 30-44 | 29 | 9.54 | 38 | 12.50 | 67 | 22.04 |
| 8 | 45-59 | 25 | 8.22 | 22 | 7.24 | 47 | 15.46 |
| 9 | 60+ | 20 | 6.58 | 24 | 7.89 | 44 | 14.47 |
| ആകെ | | 136 | 44.74 | 168 | 55.26 | 304 | 100.00 |

### 3.12.5 വെട്ടകുറുമൻ

വെട്ടക്കുറുമൻ സമുദായത്തിൽപ്പെട്ട 83 കുടുംബങ്ങളെയാണ് പഠനവിധേയമാക്കിയത്. പ്രസ്തുത കുടുംബങ്ങളിൽ നിന്നുള്ള ആകെ ജനസംഖ്യ 299 ആണ്. ഇത് പഠനത്തിന് വിധേയമാ

ക്കിയതിൽ 10% വരും. 50.17% പുരുഷന്മാരും, 49% വും സ്ത്രീകളും ആണ്. ഈ സമുദായത്തിൽ 30-44 , 45-59 പ്രായത്തിൽ ഉള്ളവരുടെ ജനസംഖ്യ തുല്യമാണ്. 20.07% വീതം രണ്ട് പ്രായത്തിലും, 60 പേർ വീതം ഉൾപ്പെടുന്നുണ്ട്. അതുപോലെ തന്നെ 15-17, 18, 21 എന്നീ പ്രായത്തിലുള്ളവരുടെയും എണ്ണം ഏകദേശം തുല്യമാണ്. യഥാക്രമം 7.69% വും, 7.02% വും, 15-59 വരെ പ്രായത്തിൽ 67.56 % വും ഉൾപ്പെടുന്നു. 32.78% സ്ത്രീകളും, 34.78% പുരുഷന്മാരും ഉൾപ്പെടുന്നുണ്ട്. വെട്ടക്കുറുമൻ സമുദായത്തിലെ ആകെ ജനസംംഖ്യയുടെ 14.36% വും 60 വയസ്സിന് മുകളിൽ ഉള്ളവരാണ്.

പട്ടിക: 3.25 **വെട്ടകുറുമൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനംമ്പർ | വയസ് | വെട്ടകുറുമൻ സ്ത്രീ | ശത മാനം | പുരു ഷൻ | ശത മാനം | ആകെ | ശത മാനം |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | | |
| 1 | 0-4 | 4 | 1.34 | 6 | 2.01 | 10 | 3.34 |
| 2 | 05—09 | 10 | 3.34 | 10 | 3.34 | 20 | 6.69 |
| 3 | 10—14 | 13 | 4.35 | 11 | 3.68 | 24 | 8.03 |
| 4 | 15-17 | 12 | 4.01 | 11 | 3.68 | 23 | 7.69 |
| 5 | 18-21 | 9 | 3.01 | 12 | 4.01 | 21 | 7.02 |
| 6 | 22-29 | 19 | 6.35 | 19 | 6.35 | 38 | 12.71 |
| 7 | 30-44 | 35 | 11.71 | 25 | 8.36 | 60 | 20.07 |
| 8 | 45-59 | 23 | 7.69 | 37 | 12.37 | 60 | 20.07 |
| 9 | 60+ | 24 | 8.03 | 19 | 6.35 | 43 | 14.38 |
| ആകെ | | 149 | 49.83 | 150 | 50.17 | 299 | 100.00 |

### 3.12.6 തച്ചനാടൻ മൂപ്പൻ

30 കുടുംബങ്ങളെയാണ് പഠനവിധേയമാക്കിയത്. പ്രസ്തുത കുടുംബങ്ങളിലെ ആകെയുള്ള ജനസംഖ്യ 102 ആണ് (51 സ്ത്രീകളും, 51 പുരുഷന്മാരും). ഏറ്റവും കൂടുതൽ പേർ ഉള്ളത് 30-44 പ്രായത്തിനിടയിൽ ഉള്ളവരാണ്. 30-44 വരെയും, 45-59 വരെ പ്രായത്തിനിടയിൽ ഈ സമുദായത്തിൽ പുരുഷന്മാരുടെ എണ്ണം തുല്യമാണ് (26.47%). ഇതിൽ സ്ത്രീകളുടെ എണ്ണം ആണ് കൂടുതൽ (15.69%). 79%, 15-59 വയസ്സിനിടയിൽ ഉള്ളവരാണ്.

പട്ടിക: 3.26 **തച്ചനാടൻ മൂപ്പൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ് | തച്ചനാടൻമൂപ്പൻ | | | | | |
|---|---|---|---|---|---|---|---|
| | | സ്ത്രീ | ശത മാനം | പുരു ഷൻ | ശത മാനം | | |
| | **1** | **2** | **3** | **4** | **5** | ആകെ | ശത മാനം |
| 1 | 0-4 | 1 | 0.98 | 3 | 2.94 | 4 | 3.92 |
| 2 | 05—09 | 2 | 1.96 | 3 | 2.94 | 5 | 4.90 |
| 3 | 10—14 | 2 | 1.96 | 2 | 1.96 | 4 | 3.92 |
| 4 | 15-17 | 3 | 2.94 | 3 | 2.94 | 6 | 5.88 |
| 5 | 18-21 | 5 | 4.90 | 7 | 6.86 | 12 | 11.76 |
| 6 | 22-29 | 9 | 8.82 | 8 | 7.84 | 17 | 16.67 |
| 7 | 30-44 | 16 | 15.69 | 11 | 10.78 | 27 | 26.47 |
| 8 | 45-59 | 8 | 7.84 | 11 | 10.78 | 19 | 18.63 |
| 9 | 60+ | 5 | 4.90 | 3 | 2.94 | 8 | 7.84 |
| ആകെ | | 51 | 50 | 51 | 50 | 102 | 100.00 |

## 3.12.7 അടിയാൻ

8 കുടുംബങ്ങളെയാണ് പഠനത്തിന് വിധേയമാക്കിയത്. പ്രസ്തുത കുടുംബങ്ങളിൽ ആകെ ജനസംഖ്യ 33 ആണ്. (19 സ്ത്രീകളും, 14 പുരുഷന്മാരും). അടിയാൻ സമുദായ ത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ളത് 22–29 പ്രായത്തിനിടയിൽ ഉള്ളവരാണ്. (24.24%). 21.21% 45–59 പ്രായത്തിനിടയിൽ ഉള്ളവരാണ്. 12% 60 വയസ്സിന് മുകളിൽ ഉള്ള വരാണ്. 63.64% ആണ് 15–59 വയസ്സ് വരെയുള്ളവർ ഉള്ളത്. (സ്ത്രീകൾ 39.39%, പുരുഷ ന്മാർ 24.24%)

പട്ടിക: 3.27 **അടിയാൻ-ജനസംഖ്യ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ് | അടിയാൻ | | | | | |
|---|---|---|---|---|---|---|---|
| | | സ്ത്രീ | ശത മാനം | പുരു ഷൻ | ശത മാനം | | |
| | 1 | 2 | 3 | 4 | 5 | ആകെ | ശതമാനം |
| 1 | 0-4 | 1 | 3.03 | 2 | 6.06 | 3 | 9.09 |
| 2 | 05--09 | 2 | 6.06 | 1 | 3.03 | 3 | 9.09 |
| 3 | 10--14 | 0 | 0.00 | 1 | 3.03 | 1 | 3.03 |
| 4 | 15-17 | 2 | 6.06 | 0 | 0.00 | 2 | 6.06 |
| 5 | 18-21 | 0 | 0.00 | 0 | 0.00 | 0 | 0.00 |
| 6 | 22-29 | 5 | 15.15 | 3 | 9.09 | 8 | 24.24 |
| 7 | 30-44 | 2 | 6.06 | 2 | 6.06 | 4 | 12.12 |
| 8 | 45-59 | 4 | 12.12 | 3 | 9.09 | 7 | 21.21 |
| 9 | 60+ | 3 | 9.09 | 2 | 6.06 | 4 | 12.12 |
| ആകെ | | 19 | 57.58 | 14 | 42.42 | 33 | 100 |

## 3.13 .കുടുംബഘടന

പഠനത്തിന് വിവരശേഖരണം നടത്തിയ കുടുംബങ്ങളിൽ 86 (11.8%) കുടുംബങ്ങളിൽ ഒരംഗം മാത്രവും, 113 (14.69%) കുടുംബങ്ങളിൽ 6 അംഗങ്ങളിൽ കൂടുതൽ ഉള്ളവയും ആണ്. 57% കുടുംബങ്ങളിൽ 2 മുതൽ 4 അംഗങ്ങൾ വരെ ഉള്ളവരാണ്. കാട്ടുനായിക്കൻ സമുദായത്തിൽ ഒരംഗം മാത്രം ഉള്ള കുടുംബങ്ങൾ 11.90% വും, ആറിൽ കൂടുതൽ അംഗങ്ങൾ ഉള്ളത് 12.86 % വും ആണ്. പണിയൻ വിഭാഗത്തിൽ 19.02% വും കുടുംബങ്ങളിൽ 6 ൽ കൂടുതൽ അംഗങ്ങൾ ഉള്ളവയാണ്. കുടുംബാംഗങ്ങളുടെ എണ്ണം വിശദമായി താഴെ പട്ടികയിൽ വിവരിച്ചിട്ടുണ്ട്. 30% മുള്ളുകുറുമൻ കുടുംബങ്ങളിലും, 37.5% അടിയ കുടുംബങ്ങളിലും 4 അംഗങ്ങൾ ഉള്ളവയാണ്

**പട്ടിക.** 3.28 **കുടുംബഘടനയും സമുദായങ്ങളും**

| ക്രമ നമ്പർ | അംഗങ്ങൾ | സമുദായങ്ങൾ 1 കാട്ടുനായക്കൻ | 2 പണിയൻ | 3 മുള്ളുകുറുമൻ | 4 വെട്ടകുറുമൻ | 5 കുറിച്ച്യൻ | 6 തച്ചനാടൻമൂപ്പൻ | 7 അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | | |
| 1 | ഒരംഗം മാത്രം | 37 (12.17%) | 16 (9.36%) | 12 (12.37%) | 11 (13.25 %) | 6 (7.89 %) | 4 (13.33 %) | 0 (0% ) | 86 | 11.18 |
| 2 | 2 അംഗം | 57 (18.75%) | 27 (15.79% ) | 8 (8.25%) | 18 (21.69 %) | 7 (9.21% ) | 4 (13.33 %) | 2 (25 %) | 12 3 | 15.99 |
| 3 | 3 അംഗം | 47 (15.46%) | 32 (18.71% ) | 18 (18.56%) | 10 (12.05 %) | 14 (18.42 %) | 8 (26.67 %) | 0 (0% ) | 12 9 | 16.78 |
| 4 | 4 അംഗം | 69 (22.70%) | 32 (18.71% ) | 30 (30.93%) | 20 (24.10 %) | 21 (27.63 %) | 8 (26.67 %) | 3 (37. 5%) | 18 3 | 23.80 |
| 5 | 5 അംഗം | 54 (17.76%) | 29 (16.96% ) | 19 (19.59%) | 12 (14.46 %) | 16 (21.05 %) | 3 (10%) | 2 (25 %) | 13 5 | 17.56 |
| 6 | 6 ൽ കൂടുതൽഅംഗം | 40 (13.16%) | 35 (20.47 %) | 10 (10.31%) | 12 (14.46 %) | 12 (15.79 %) | 3 (10%) | 1 (12.5 %) | 113 | 14.69 |
| ആകെ | | 304 | 171 | 97 | 83 | 76 | 30 | 8 | 76 9 | 100.00 |

## 3.14 വൈവാഹിക സ്ഥിതി

വിവാഹിതരായിട്ടുള്ള എല്ലാവരും 18 വയസ്സിന് മുകളിൽ ഉള്ളവരാണ്. . പഠനത്തിനു വിധേയമാക്കിയവരിൽ 49.23% വിവാഹിതരാണ്. ഇതിൽ പുരുഷന്മാർ-49% വും, 51% സ്ത്രീകളുമാണ്. കാട്ടുനായിക്കൻ സമുദായത്തിൽ 47% വും, പണിയൻ സമുദായത്തിൽ 49% വും, അടിയരിൽ 52% വും, മുള്ളുകുറുമൻ സമുദായത്തിൽ 52% വും, വെട്ടക്കുറുമരിൽ 51%, കുറിച്ച്യൻ സമുദായത്തിൽ 52%, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 59% വിവാഹിതരാണ്.

7% വിധവയായിട്ടുള്ളവരും 1% വിഭാര്യന്മാരും ഉണ്ട്. കാട്ടുനായിക്കൻ സമുദായ ത്തിൽ മാത്രം 15% സ്ത്രീകളും, പണിയൻ സമുദായത്തിൽ 16% സ്ത്രീകളും വിധവകളാണ്. പങ്കാളിയാൽ ഉപേക്ഷിക്കപ്പെട്ട് ഒറ്റക്ക് ജീവിക്കുന്ന സ്ത്രീകൾ 8 പേരുണ്ട്. അതിൽ 5 പേർ കാട്ടുനായിക്കൻ സമുദായത്തിലും 3 പേർ പണിയൻ സമുദായത്തിലുമാണ്. ഇത്തര ത്തിൽ ജീവിക്കുന്ന പുരുഷന്മാരുടെ എണ്ണം 10 ആണ്. കാട്ടുനായിക്കർ സമുദായത്തിൽ 8 പുരുഷന്മാരും, പണിയൻ സമുദായത്തിൽ 2 ആളുകളും.

അവിവാഹിതരായിട്ടുള്ളവർ 41% ആണ്. അവിവാഹിതരായ സ്ത്രീകൾ 526 പേരാ ണ്.(44.76%) പുരുഷന്മാർ-669(56.93%) കാട്ടുനായിക്കൻ സമുദായത്തിൽ 470 (42.92%) പേരാണ് അവിവാഹിതരായിട്ടുള്ളത്. പണിയൻ സമുദായത്തിൽ ഇത് 277 (40.55%)പേരും, അടിയാൻ സമുദായത്തിൽ 15,(45.45%) വെട്ടക്കുറുമരിൽ 122(40.80%), മുള്ളുകുറുമൻ സമു ദായത്തിൽ 141(39.49%) കുറിച്യരിൽ 132, (43.42%)തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 35(34.31%) എന്നിങ്ങനെയുമാണ് അവിവാഹിതരായിട്ടുള്ളവർ.18 വയസിന് താഴെ ഉള്ളവർ എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**_പട്ടിക 3.29. വൈവാഹിക സ്ഥിതി**

| ക്രമനമ്പർ | വൈവാഹിക സ്ഥിതി | കാട്ടുനായക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | | |
| 1 | വിവാഹിതർ | 513 | 332 | 185 | 151 | 158 | 60 | 17 | 1416 | 49.29 |
| 2 | വിധവ / വിഭാര്യൻ | 98 | 69 | 26 | 26 | 14 | 7 | 1 | 241 | 8.39 |
| 3 | എകാകിനിയായ അമ്മ | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 0.03 |
| 4 | വിവാഹമോചിതർ | 13 | 5 | 0 | | 0 | 0 | 0 | 33 | 1.15 |
| 5 | അവിവാഹിതർ | 470 | 277 | 141 | 122 | 132 | 35 | 15 | 1175 | 40.90 |
| ആകെ | | 1095 | 683 | 357 | 299 | 304 | 102 | 33 | 2873 | 100.00 |

## 3.14.1 വെട്ടക്കുറുമൻ- വൈവാഹിക സ്ഥിതി

4 വയസ്സിൽ താഴെയുള്ള 4 പെൺകുട്ടികളും, 6 ആൺകുട്ടികളും ഉണ്ട്. ആകെയുള്ള ജനസംഖ്യയിൽ 3.34% ആണ്. 5-17 വയസ്സ് പ്രായമുള്ള കുട്ടികൾ 67 പേർ ഉണ്ട്. (22.41%)(35 പെൺകുട്ടികളും, 32 ആൺകുട്ടികളും). 18-21 വയസ്സ് പ്രായമുള്ളവർ ആകെ

ജനസംഖ്യയിൽ 21 (7.02%) ആണ്. (9 ആൺകുട്ടികളും, 12 പെൺകുട്ടികളും). അതിൽ 3 പെൺകുട്ടികൾ വിവാഹിതർ ആണ്. 22–29 പ്രായത്തിൽ 38 (12.71%) പേർ ഉണ്ട്. അതിൽ 19 പേർ (12 പെൺകുട്ടികളും, 9 ആൺകുട്ടികളും) വിവാഹിതരാണ്. 30–44 വയസ്സ് പ്രായത്തിലുള്ളവർ മൊത്തം 60 പേർ ഉണ്ട്. 54 പേർ വിവാഹിതരും, ഒരു സ്ത്രീ വിധവയും, ഒരു പുരുഷൻ വിഭാര്യനുമാണ്. 45–59 വയസ്സ് പ്രായമുള്ളവരിൽ (60 പേർ, 20.07%), 49(16.39%) (18 സ്ത്രീകളും, 31 പുരുഷന്മാരും) പേർ വിവാഹിതരും, 5 സ്ത്രീകൾ വിധവകളും, 3 പുരുഷന്മാർ വിഭാര്യന്മാരും ആണ്. 60 വയസ്സിന് മുകളിൽ 26 പേർ (10 സ്ത്രീകളും, 16 പുരുഷന്മാർ) വിവാഹിതരും, 14 സ്ത്രീകൾ വിധവകളും, 2 പുരുഷന്മാർ വിഭാര്യനുമാണ്. 60 വയസ്സിനു മുകളിലുള്ള സ്ത്രീകളുടെ ആകെ എണ്ണം 24 ആണ്. അതിൽ 14 (58%) വിധവകളാണ്. (പട്ടിക) ആകെ ജനസംഖ്യയിൽ 20 പേർ വിധവകളാണ് (6.68%).

പട്ടിക:3.30 **വെട്ടക്കുറുമൻ- വൈവാഹിക സ്ഥിതി_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം | വയസ് | വിവാഹിതർ | വിധവ / വിഭാര്യൻ | എകാകിനിയായ അമ്മ | വിവാഹമോചിതർ | അവിവാഹിതർ | |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | ആകെ |
| 1 | 0-4 | 0 | 0 | 0 | 0 | 10 (3.34%) | 10 (3.34%) |
| 2 | 05—09 | 0 | 0 | 0 | 0 | 20 (6.69%) | 20 (6.69%) |
| 3 | 10—14 | 0 | 0 | 0 | 0 | 24 (8.03%) | 24 (8.03%) |
| 4 | 15-17 | 0 | 0 | 0 | 0 | 23 (7.69%) | 23 (7.69%) |
| 5 | 18-21 | 3 (1.00%) | 0 | 0 | 0 | 18 (6.02%) | 21 (7.02%) |
| 6 | 22-29 | 19 (6.35%) | 0 | 0 | 0 | 19 (6.35%) | 38 (12.71%) |
| 7 | 30-44 | 54 (18.06%) | 2 (0.67%) | 0 | 0 | 4 (1.34%) | 60 (20.07%) |
| 8 | 45-59 | 49 (16.39%) | 8 (2.68%) | 0 | 0 | 3 (1.00%) | 60 (20.075) |
| 9 | 60-65 | 26 (8.70%) | 16 (5.35%) | 0 | 0 | 1 (0.33%) | 43 (14.38%) |
| ആകെ | | 151 (50.50%) | 26 (8.70%) | 0 | 0 | 122 | 299 (100%) |

## 3.14.2 തച്ചനാടൻ മൂപ്പൻ-വൈവാഹിക സ്ഥിതി

0–4 വയസ്സ് പ്രായമുള്ള കുട്ടികൾ 4 ആണ്. (ഒരു പെൺകുട്ടിയും, 3 ആൺകുട്ടികളും). 5–17 വയസ്സ് പ്രായമുള്ളവർ 15 (14.71%) (7 പെൺകുട്ടികളും, 8 ആൺകുട്ടികളും). ഈ

പ്രായത്തിൽ ഉള്ളവർ എല്ലാവരും വിദ്യാർത്ഥികളാണ്. 18-21 വയസ്സിൽ ഉള്ള ആരും തന്നെ വിവാഹിതർ അല്ല. 22-29 വയസ്സ് പ്രായമുള്ളവരിൽ 14 പേർ (13.73%) (9 പെൺകുട്ടികളും, 5 ആൺകുട്ടികളും) വിവാഹിതർ ആണ്. 30-44 വയസ്സ് പ്രായമുള്ളവരിൽ 26 (25.49%) (15 സ്ത്രീകൾ, 11 പുരുഷന്മാർ) വിവാഹിതർ ആണ്. 45-59 വയസ്സ് പ്രായമുള്ളവരിൽ 16 (15.69%) ( 5 സ്ത്രീകൾ, 11 പുരുഷന്മാർ) വിവാഹിതരും, 3 സ്ത്രീകൾ വിധവകളും ആണ്. 60 വയസ്സിന് മുകളിൽ ആകെ 8 പേരാണ് ഉള്ളത്. (5 സ്ത്രീകളും, 3 പുരുഷന്മാരും). അതിൽ 4 സ്ത്രീകളും വിധവകളാണ്. ആകെയുള്ള 7 വിധവകളിൽ 4 പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 3 പേർ 45-59 വയസ്സിന് ഇടയിൽ ഉള്ളവരാണ്.

പട്ടിക: 3.31 **തച്ചനാടൻ മൂപ്പൻ-വൈവാഹിക സ്ഥിതി_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ് | തച്ചനാടൻ മൂപ്പൻ-വൈവാഹിക സ്ഥിതി | | | | | ആകെ |
|---|---|---|---|---|---|---|---|
| | | വിവാഹിതർ | വിധവ / വിഭാര്യൻ | എകാകിനിയായ അമ്മ | വിവാഹമോചിതർ | അവിവാഹിതർ | |
| | | 1 | 2 | 3 | 4 | 5 | |
| 1 | 0-4 | 0 | 0 | 0 | 0 | 4 (3.92%) | 4 (3.92%) |
| 2 | 05—09 | 0 | 0 | 0 | 0 | 5 (4.90%) | 5 (4.90%) |
| 3 | 10—14 | 0 | 0 | 0 | 0 | 4 (3.92%) | 4 (3.92%) |
| 4 | 15-17 | 0 | 0 | 0 | 0 | 6 (5.88%) | 6 (5.88%) |
| 5 | 18-21 | 0 | 0 | 0 | 0 | 12 (11.76%) | 12 (11.76%) |
| 6 | 22-29 | 14 (13.73%) | 0 | 0 | 0 | 3 (2.94) | 17 (16.67%) |
| 7 | 30-44 | 26 (25.495) | 0 | 0 | 0 | 1 (0.98%) | 27 (26.47%) |
| 8 | 45-59 | 16 (15.69%) | 3 (2.94%) | 0 | 0 | 0 (00%) | 19 (18.63%) |
| 9 | 60-65 | 4 (3.92%) | 4 (3.92%) | 0 | 0 | 0 (0.0%) | 8 (7.84%) |
| ആകെ | | 60 (58.82%) | 7 (6.86%) | 0 | 0 | 35 (34.31%) | 102 (100%) |

### 3.14.3 കുറിച്ച്യൻ- വൈവാഹിക സ്ഥിതി

0-4 വയസ്സ് പ്രായമുള്ള കുട്ടികൾ 11 പേർ ഉണ്ട് (7 പെൺകുട്ടികളും, 2 ആൺകുട്ടികളും). ആകെ ജനസംഖ്യയുടെ 3.02% ആണ്. 5 മുതൽ 14 വയസ്സ് വരെയുള്ളവർ 13.49% (41, 22 പെൺകുട്ടികളും, 12 ആൺകുട്ടികളും) ആണ്. ഇവർ എല്ലാവരും വിദ്യാർത്ഥികളാണ്. 18-21 വയസ്സ് പ്രായമുള്ളവരിൽ ആകെ 26 പേർ ആണുള്ളത്. (16 പെൺകുട്ടികളും,

10 ആൺകുട്ടികളും). അതിൽ 2 പെൺകുട്ടികൾ വിവാഹിതരാണ്. 22-29 വയസ്സ് പ്രായമുള്ളവർ 53 ആണ്. 31 പുരുഷന്മാർ, 22 സ്ത്രീകൾ). ഇതിൽ 16 സ്ത്രീകളും, 5 പുരുഷന്മാരും വിവാഹിതരാണ്. വിവാഹിതരായിട്ടുള്ളവരിൽ 13% ഈ പ്രായത്തിൽ ഉള്ളവരാണ്. ഒരു സ്ത്രീ പ്രസ്തുത പ്രായത്തിൽ വിധവയാണ്. 30-44 വയസ്സ് പ്രായമുള്ള വിഭാഗത്തിൽ 67 ( 38 പുരുഷന്മാർ, 29 സ്ത്രീകൾ) പേർ ആണ്. അതിൽ 57 ( 85%) വും വിവാഹിതരാണ്. അവിവാഹിതയായ 5 സ്ത്രീകൾ ഉണ്ട്. 45-59 വയസ്സ് പ്രായമുള്ള 47 പേരിൽ 44 പേരും വിവാഹിതരാണ്. ഒരാൾ വിധവയും, രണ്ട് വിഭാര്യനുമാണ്. അവിവാഹിതരായിട്ടുള്ള ആരും തന്നെ ഈ പ്രായത്തിൽ ഇല്ല. 60 വയസ്സിനു മുകളിൽ ഉള്ളവരുടെ ആകെ ജന സംഖ്യ 44 ആണ്. 34 പേർ വിവാഹിതരും (11.18%), 7 വിധവകളും, 3 വിഭാര്യന്മാരും ആണ്. 60 വയസ്സിന് മുകളിൽ മൊത്തം സ്ത്രീകളുടെ എണ്ണം 20 ആണ്. അതിൽ 7 പേരുടെയും ഭർത്താക്കന്മാർ മരണപ്പെട്ടതാണ്. ആകെയുള്ള വിധവകളിൽ 78% വും ഉള്ളത് ഈ വയസ്സ് പ്രായമുള്ളവരിൽ ആണ്.

പട്ടിക: 3.32 **കുറിച്ച്യൻ- വൈവാഹിക സ്ഥിതി_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വയസ് | കുറിച്ച്യൻ- വൈവാഹിക സ്ഥിതി | | | | | |
|---|---|---|---|---|---|---|---|
| | | വിവാഹിതർ | വിധവ / വിഭാര്യൻ | എകാകിനിയായ അമ്മ | ഒിവാഹമോചിതർ | അവിവാഹിതർ | |
| | | 1 | 2 | 3 | 4 | 5 | ആകെ |
| 1 | 0-4 | 0 | 0 | 0 | 0 | 11 (3.62%) | 11 (3.62%) |
| 2 | 05--09 | 0 | 0 | 0 | 0 | 22 (7.24%) | 22 (7.24%) |
| 3 | 10--14 | 0 | 0 | 0 | 0 | 19 (6.25%) | 19 (6.25%) |
| 4 | 15-17 | 0 | 0 | 0 | 0 | 15 (4.93%) | 15 (4.93%) |
| 5 | 18-21 | 2 (0.66%) | 0 | 0 | 0 | 24 (7.89%) | 26 (8.55%) |
| 6 | 22-29 | 21 (6.91%) | 1 (0.33%) | 0 | 0 | 31 (10.20%) | 53 (17.43%) |
| 7 | 30-44 | 57 (18.75%) | 0 (0.00%) | 0 | 0 | 10 (3.29%) | 67 (22.04%) |
| 8 | 45-59 | 44 (14.47%) | 3 (0.99%) | 0 | 0 | 0 (0.00%) | 47 (15.46%) |
| 9 | 60-65 | 34 (11.18%) | 10 (3.29%) | 0 | 0 | 0 (0.00%) | 44 (14.47%) |
| ആകെ | | 158 (51.97%) | 14 (4.61%) | 0 | 0 | 132 (43.42%) | 304 (100%) |

### 3.14.4 അടിയാൻ -വൈവാഹിക സ്ഥിതി

ആകെയുള്ള ജനസംഖ്യയിൽ 57.58% (19) സ്ത്രീകളും, 42.42% (14) പുരുഷന്മാരും ആണ്. 0-4 വയസ്സ് പ്രായമുള്ള 3 കുട്ടികൾ (1 പെൺകുട്ടിയും, 2 ആൺകുട്ടികളും). ഉണ്ട്. 5-14 വയസ്സ് പ്രായമുള്ള 4 കുട്ടികൾ(2 പെൺകുട്ടികളും, 2 ആൺകുട്ടികളും). ഉണ്ട്. ഈ പ്രായത്തിൽ ഉള്ള എല്ലാവരും വിദ്യാർത്ഥികളാണ്. 18-21 വയസ്സ് പ്രായത്തിൽ ഉള്ളവർ പ്രസ്തുത സമുദായത്തിൽ ഇല്ല. 17 പേർ വിവാഹിതരായിട്ടുള്ളവർ ഉണ്ട്. ഏറ്റവും കൂടുതൽ ഉള്ളത് 45-59 വയസ്സ് പ്രായമുള്ളവരാണ്. 60 വയസ്സിന് മുകളിൽ ഉള്ള 5 പേരിൽ (3 സ്ത്രീകൾ, 5 പുരുഷന്മാർ), 4പേർ വിവാഹിതരും, ഒരാൾ വിധവയാണ്. വിവാഹമോചിതർ ഈ സമുദായത്തിൽ ഇല്ല.

പട്ടിക: 3.33 **അടിയാൻ – വൈവാഹിക സ്ഥിതിപ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം മ്പർ ക്രമനം മ്പർ | വയസ് | അടിയാൻ -വൈവാഹിക സ്ഥിതി | | | | | ആകെ |
|---|---|---|---|---|---|---|---|
| | | വിവാഹിതർ 1 | വിധവ / വിഭാര്യൻ 2 | എകാകി നിയായ അമ്മ 3 | ഒിവാഹേ മാചിതർ 4 | അവിവാ ഹിതർ 5 | |
| 1 | 0-4 | 0 | 0 | 0 | 0 | 3 (9.09%) | 3 (9.09%) |
| 3 | 05--09 | 0 | 0 | 0 | 0 | 3 (9.09%) | 3 (9.09%) |
| 4 | 10--14 | 0 | 0 | 0 | 0 | 1 (3.03%) | 1 (3.03%) |
| 5 | 15-17 | 0 | 0 | 0 | 0 | 2 (6.06%) | 2 (6.06%) |
| 6 | 18-21 | 0 | 0 | 0 | 0 | 0 (0.00%) | 0 (0.00%) |
| 7 | 22-29 | 4 (12.12%) | 0 | 0 | 0 | 4 (12.12%) | 8 (24.24%) |
| 8 | 30-44 | 3 (9.09%) | 0 | 0 | 0 | 1 (3.03%) | 4 (12.12%) |
| 9 | 45-59 | 6 (18.18%) | 0 | 0 | 0 | 1 (3.03%) | 7 (21.21%) |
| 10 | 60+ | 4 (12.12%) | 1 (3.03%) | 0 | 0 | 0 (0.00%) | 5 (15.15%) |
| ആകെ | | 17 (51.52%) | 1 (3.03%) | 0 | 0 | 15 (45.45%) | 33 (100%) |

### 3.14.5 മുള്ളുകുറുമൻ- വൈവാഹിക സ്ഥിതി

97 കുടുംബങ്ങളിലായി ഇവരുടെ ജനസംഖ്യ 357 ആണ്. അതിൽ 0-4 വയസ്സ് വരെയുള്ള 10 കുട്ടികൾ ഉണ്ട് (2.80%) ആണ് (6 പെൺകുട്ടിയും, 4 ആൺകുട്ടികളും). 5-17 വയസ്സ് വരെയുള്ള 49 കുട്ടികൾ ഉണ്ട് (18 പെൺകുട്ടിയും, 31 ആൺകുട്ടികളും). എല്ലാവരും വിദ്യാർത്ഥികളാണ്. 18-21 വയസ്സ് പ്രായമുള്ളവർ ആരും തന്നെ വിവാഹിതർ അല്ല. 22-29 വയസ്സ് പ്രായമുള്ളവർ 48 പേർ ഉണ്ട് (13.45%) . അതിൽ 10 പേർ വിവാഹിതർ ആണ് (9 പെൺകുട്ടിയും, 1 ആൺകുട്ടിയും). ഏറ്റവും കൂടുതൽ വിവാഹിതരായിട്ടുള്ളവർ ഉള്ളത് 30 -44 വയസ്സ് പ്രായമുള്ളവരിൽ ആണ്. 23.25% പേർ വിവാഹിതർ ആണ്. വിധവകളായിട്ടുള്ള രണ്ട്പേർ ഉണ്ട്. 45-59 വയസ്സ് പ്രായമുള്ള 77 ആണ് (21.57) ഇതിൽ 20.17% വിവാഹിതർ ആണ്. 77 ൽ 43 പേരും പുരുഷന്മാർ ആണ്. 3 പേർ വിധവകളായിട്ടുള്ളവർ ഉണ്ട്. 60 വയസ്സിനു മുകളിൽ 43 പേർ ഉണ്ട് (16 പുരുഷന്മാരും, 27 സ്ത്രീകളും). ഇതിൽ 20 പേർ വിവാഹിതരും, 18 സ്ത്രീകൾ വിധവകളും, 5 പേരുടെ ഭാര്യ മരണപ്പെട്ടതും ആണ്. ആകെയുള്ള വിധവ/ വിഭാര്യന്മാരിൽ (28) ൽ 23 പേരും 60 വയസ്സിന് മുകളിൽ ഉള്ളവരാണ്.

പട്ടിക: 3.34 **മുള്ളുകുറുമൻ- വൈവാഹിക സ്ഥിതി_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വയസ് | വിവാഹിതർ 1 | വിധവ / വിഭാര്യൻ 2 | എകാകിനിയായ അമ്മ 3 | വിവാഹമോചിതർ 4 | അവിവാഹിതർ 5 | ആകെ |
|---|---|---|---|---|---|---|---|
| 1 | 0-4 | 0 | 0 | 0 | 0 | 10 (2.805) | 10 (2.80%) |
| 2 | 05—09 | 0 | 0 | 0 | 0 | 26 (7.28%) | 26 (7.28%) |
| 3 | 10—14 | 0 | 0 | 0 | 0 | 16 (4.48%) | 16 (4.48%) |
| 4 | 15-17 | 0 | 0 | 0 | 0 | 7 (1.96%) | 7 (1.96%) |
| 5 | 18-21 | 0 | 0 | 0 | 0 | 25 (7.00%) | 25 (7.00%) |
| 6 | 22-29 | 10 (2.80%) | 0 | 0 | 0 | 38 (10.64%) | 48 (13.45%) |
| 7 | 30-44 | 83 (23.25%) | 2 (0.56%) | 0 | 0 | 20 (5.60%) | 105 (29.41%) |
| 8 | 45-59 | 72 (20.17%) | 3 (0.84%) | 0 | 0 | 2 (0.56%) | 77 (21.57%) |
| 9 | 60-65 | 20 (5.60%) | 23 (6.44%) | 0 | 0 | 0 (00%) | 43 (12.04%) |
| ആകെ | | 185 (51.82%) | 28 (7.84%) | 0 | 0 | 144 (40.34) | 357 (100%) |

### 3.14.6 പണിയൻ- വൈവാഹിക സ്ഥിതി

4 വയസ്സ് വരെ പ്രായമുള്ള 25 കുട്ടികൾ ഉണ്ട് 3.66%(15 പെൺകുട്ടികളും, 10 ആൺകുട്ടികളും). 5-14 വരെ പ്രായമുള്ള 112 കുട്ടികൾ(16.40%) (49 പെൺകുട്ടികളും, 63 ആൺകുട്ടികളും) ആണ് 18-21 വയസ്സ് പ്രായമുള്ള 78 കുട്ടികൾ ഉണ്ട് (45 പെൺകുട്ടികളും, 33 ആൺകുട്ടികളും). ഇതിൽ 15 പെൺകുട്ടികളും, 5 ആൺകുട്ടികളും വിവാഹിതരാണ്. 22 -29 വയസ്സ് പ്രായമുള്ളവരിൽ 104 പേർ ഉണ്ട്. അതിൽ 9.8% (67 പേർ വിവാഹിതർ ആണ്) (36 പെൺകുട്ടികളും, 31 ആൺകുട്ടികളും). ഇതിൽ 3 പേരുടെ ഭാര്യമാർ മരണപ്പെട്ടതാണ്. രണ്ട് പെൺകുട്ടികളുടെയും, ഒരാൺകുട്ടിയുടെയും വിവാഹബന്ധം വേർപെട്ടവരാണ്. 30-44 വയസ്സ് പ്രായമുള്ളവരിൽ 18.16% വിവാഹിതരാണ്. (59 പെൺകുട്ടികളും, 65 ആൺകുട്ടികളും). ഈ പ്രായത്തിൽപ്പെട്ട 2 പേരുടെ ഭർത്താവ് മരണപ്പെട്ടതും, 7 പേരുടെ ഭാര്യ മരണപ്പെട്ടതും ആണ്. ഒരു പെൺകുട്ടിയുടെ വിവാഹബന്ധം വേർപെടുത്തിയതാണ്. 45-59 വയസ്സ് പ്രായമുള്ളവരിൽ 1.27% വിവാഹിതർ ആണ്. 4 പേരുടെ ഭർത്താവ് മരണപ്പെട്ടതും, 22 പേരുടെ ഭാര്യ മരണപ്പെട്ടതും ആണ്. ഒരു പുരുഷൻ വിവാഹബന്ധം വേർപെടുത്തിയതാണ്. അവിവാഹിതരായിട്ടുള്ള 6 പേർ(0.88%) (4 സ്ത്രീകൾ, 2 പുരുഷന്മാർ) ഉണ്ട്. 60 വയസ്സിന് മുകളിൽ 76 പേർ ഉണ്ട്. ആകെ ജനസംഖ്യയുടെ 11.13% ആണ്. അതിൽ രണ്ട് സ്ത്രീകൾ വിധവകളായിട്ടുള്ളതും, 29 പുരുഷന്മാരുടെ ഭാര്യമാർ മരണപ്പെട്ടതും ആണ്. പണിയൻ സമുദായത്തിൽ 69 പേരാണ് വിധവ/ വിഭാര്യരായിട്ടുള്ളത്. ആകെ ജനസംഖ്യയുടെ 10% വരും. ഏറ്റവും കൂടുതൽ ഈ വിഭാഗം 60 വയസ്സിന് മുകളിൽ ഉള്ളവരാണ്.

പട്ടിക: 3.35 **പണിയൻ – വൈവാഹിക സ്ഥിതി_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ് | പണിയൻ -വൈവാഹിക സ്ഥിതി | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|
| | | വിവാഹിതർ | വിധവ / വിഭാര്യൻ | വിവാഹമോചിതർ | അവിവാഹിതർ | | |
| | | 1 | 2 | 3 | 4 | | |
| 1 | 0-4 | 0 | 0 | 0 | 25(3.66%) | 25 | 3.66 |
| 2 | 05—09 | 0 | 0 | 0 | 45(6.59%) | 45 | 6.59 |
| 3 | 10—14 | 0 | 0 | 0 | 67(9.81%) | 67 | 9.81 |
| 4 | 15-17 | 0 | 0 | 0 | 36(5.27%) | 36 | 5.27 |
| 5 | 18-21 | 20(2.93%) | 0 | 0 | 58(8.49%) | 78 | 11.42 |
| 6 | 22-29 | 67(9.81%) | 3 (0.44%) | 3(0.44%) | 31(4.54%) | 104 | 15.23 |
| 7 | 30-44 | 124(18.16%) | 9 (1.32%) | 1(0.15%) | 8(1.17%) | 142 | 20.79 |
| 8 | 45-59 | 77(11.27%) | 26 (3.81%) | 1(0.15%) | 6(0.88%) | 110 | 16.11 |
| 9 | 60-65 | 44(6.44%) | 31 (4.54%) | 0(0.00%) | 1(0.15%) | 76 | 11.13 |
| ആകെ | | 332(48.61%) | 69 (10.10%) | 5(0.73%) | 277(40.56%) | 683 | 100 |

### 3.14.7 കാട്ടുനായിക്കൻ– വൈവാഹിക സ്ഥിതി

പഠനത്തിന് വിധേയമാക്കിയ 304 കുടുംബങ്ങളിലെ ആകെ ജനസംഖ്യ 1095 ആണ്. ഇതിൽ 53 (4.84%) 0–4 വയസ്സ് പ്രായപരിധിയിൽ വരുന്നതാണ്. 5–14 വയസ്സ് പ്രായമുള്ള 196 കുട്ടികൾ ഉണ്ട്. (62 പെൺകുട്ടികൾ, 66 ആൺകുട്ടികൾ). 18–21 വയസ്സ് പ്രായമുള്ള 69 കുട്ടികൾ ഉണ്ട്. ഇതിൽ 31 പെൺകുട്ടികളും, 38 ആൺകുട്ടികളും വിവാഹിതർ ആണ്. ഒരു പെൺകുട്ടിയുടെ വിവാഹബന്ധം വേർപെടുത്തിയിട്ടുള്ളതാണ്. 22–29 വയസ്സ് പ്രായമുള്ള വരിൽ 100 പേർ വിവാഹിതരാണ്. ആയതിൽ 54 പെൺകുട്ടികൾ ഉൾപ്പെടുന്നുണ്ട്. 3 പേരുടെ ഭർത്താക്കന്മാർ മരണപ്പെട്ടിട്ടുള്ളതും, ഒരാളുടെ ഭാര്യ മരണപ്പെട്ടതും ആണ്. 219 പേർ 30–44 വയസ്സ് പ്രായത്തിൽ ഉള്ളതും, അതിൽ 175 പേർ വിവാഹിതർ ആണ് (99 പെൺകുട്ടികൾ). 15 സ്ത്രീകൾ വിധവകളും, 8 പേർ വിവാഹബന്ധം വേർപെടുത്തിയിട്ടുള്ളതും ആണ്. 45–59 യിൽ 150 പേർ വിവാഹിതരായിട്ടുള്ളതാണ്. ഇതിൽ 62 സ്ത്രീകൾ

ഉൾപ്പെടുന്നുണ്ട്. ഈ പ്രായത്തിലാണ് ഏറ്റവും കൂടുതൽ വിധവ/വിഭാര്യർ ഉള്ളത്. വിധവ കളായിട്ടുള്ളത് 26 പേരും, വിഭാര്യരായിട്ടുള്ളത് 4 പേരും. വിവാഹബന്ധം വേർപെടുത്തിയ മൂന്ന് പുരുഷനും ഉണ്ട്. 60 വയസ്സിന് മുകളിൽ ഉള്ളവരിൽ 64 പേർ(5.84%) വിവാഹിതരാ ണ്. ഈ പ്രായത്തിൽ ഉള്ള 38 സ്ത്രീകൾ വിധവകളായിട്ടുള്ളവരും, 3 പേരുടെ ഭാര്യമാർ മരണപ്പെട്ടതും ആണ്. അവിവാഹിതരായിട്ടുള്ള രണ്ട് സ്ത്രീകളും, 1 പുരുഷനും ഉണ്ട്.

പട്ടിക: 3.36 **കാട്ടുനായിക്കൻ– വൈവാഹിക സ്ഥിതി പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വയസ് | വിവാഹിതർ | വിധവ / വിഭാര്യൻ | എകാകിനി യായ അമ്മ | വിവാഹ മോചിതർ | അവിവാഹിതർ | | |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | ആകെ | ശതമാനം |
| 1 | 0-4 | 0 | 0 | 0 | 0 | 53 (4.84%) | 53 | 4.84 |
| 2 | 05--09 | 0 | 0 | 0 | 0 | 68 (6.21%) | 68 | 6.21 |
| 3 | 10--14 | 0 | 0 | 0 | 0 | 128 (11.69%) | 128 | 11.69 |
| 4 | 15-17 | 0 | 0 | 0 | 0 | 78 (7.12%) | 78 | 7.12 |
| 5 | 18-21 | 24 (2.19%) | 0 | 0 | 1 (0.09%) | 69 (6.30%) | 94 | 8.58 |
| 6 | 22-29 | 100 (9.13%) | 4(0.37%) | 0 | 1 (0.09%) | 46 (4.20%) | 151 | 13.79 |
| 7 | 30-44 | 175 (15.98%) | 15(1.37%) | 0 | 8 (0.73%) | 21 (1.92%) | 219 | 20.00 |
| 8 | 45-59 | 150 (13.70%) | 30(2.74%) | 0 | 3 (0.27%) | 6 (0.55%) | 189 | 17.26 |
| 9 | 60+ | 64 (5.84%) | 46(4.20%) | 1 0.09%) | 1 (0.09%) | 3 (0.27%) | 115 | 10.50 |
| ആകെ | | 513 (46.85%) | 95(8.68%) | 1 (0.09%) | 14 (1.28%) | 472 (43.11%) | 1095 | 100 |

18–21 വയസ്സ് പ്രായത്തിൽ വിവാഹിതരായിട്ടുള്ളത് കാട്ടുനായിക്കൻ, പണിയൻ വിഭാഗ ത്തിൽ മാത്രമാണ്. അതുപോലെ തന്നെ, ഏറ്റവും കൂടുതൽ വിധവ/വിഭാര്യയായിട്ടുള്ളവർ ഉള്ളത് കാട്ടുനായിക്കൻ സമുദായത്തിലാണ്. തൊട്ടു പിന്നിൽ പണിയൻ സമുദായമാണ്. എല്ലാ സമുദായത്തിലും 60 വയസ്സിനു മുകളിലുള്ള ഭൂരിപക്ഷം പേരും വിധവ/വിഭാര്യമാരാ ണ്

## 3.15. .വിദ്യാഭ്യാസ നിലവാരം

പഠനവിധേയമാക്കിയവരിൽ 22.32% വിദ്യാർത്ഥികളും 3.93% (113) ആറ് വയസ്സിന് താഴെ ഉള്ളവരാണ്. ബാക്കിയുള്ള 1226 പേരിൽ 21% ലോവർ പ്രൈമറി വിദ്യാഭ്യാസവും, 26% ന് അപ്പർ പ്രൈമറി വിദ്യാഭ്യാസവും,, 49% ന് ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാഭ്യാ

സവും ഉള്ളവരാണ്. 3 ശതമാനത്തിന് മാത്രമാണ് ബിരുദം, ടി.ടി.സി, ബി.എഡ്, ബിരുദാനന്തര ബിരുദം തുടങ്ങിയവ ഉള്ളത്. ആകെയുള്ള ജനസംഖ്യയിൽ 31% നിരക്ഷരർ ആണ്. നിരക്ഷരരായിട്ടുള്ളവരിൽ ഏറ്റവും കൂടുതൽ ഉള്ളത് കാട്ടുനായിക്ക, പണിയ, വിഭാഗത്തിൽ ആണ്. യഥാക്രമം 414 (38%), 224 (33%) എന്നിങ്ങനെ ആണ്. അതിൽ തന്നെ, കാട്ടുനായിക്ക വിഭാഗത്തിലെ 58% വും, പണിയ വിഭാഗത്തിലെ 40% വും സ്ത്രീകളാണ്. സമുദായം തിരിച്ചുള്ള പട്ടിക അനുബന്ധം-ൽ കാണാവുന്നതാണ്.

**പട്ടിക . 3.37 വിദ്യാഭ്യാസ നിലവാരം സമുദായടിസ്ഥാനത്തിൽ**

| വിദ്യാഭ്യാസം | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|
| ലോവർ പ്രൈമറി | 111 | **80** | 14 | 22 | 24 | 6 | 7 | 264 | 9.19 |
| അപ്പർ പ്രൈമറി | 95 | **111** | 39 | 24 | 32 | 14 | 3 | 318 | 11.07 |
| ഹൈസ്ക്കൂൾ | 108 | 87 | 105 | 56 | 83 | 26 | 3 | 468 | 16.29 |
| ഹയർ സെക്കണ്ടറി | 41 | **17** | 36 | 12 | 22 | 7 | 1 | 136 | 4.73 |
| ബിരുദം | 4 | **1** | 21 | 0 | 1 | 1 | 0 | 28 | 0.97 |
| അറ്റു വിദ്യഭ്യാസ യോഗ്യതയുള്ളവർ | 1 | **1** | 6 | 1 | 3 | 0 | 0 | 12 | 0.42 |
| നിരക്ഷരത | 414 | 224 | 49 | 107 | 61 | 27 | 10 | 892 | 31.05 |
| വിദ്യാർത്ഥികൾ | 267 | 142 | 78 | 65 | 67 | 17 | 6 | 642 | 22.35 |
| 6 വയസ്സിൽ താഴെ | 54 | 20 | 9 | 12 | 11 | 4 | 3 | 113 | 3.93 |
| ആകെ | 1095 | 683 | 357 | 299 | 304 | 102 | 33 | 2873 | 100.00 |

### 3.15.1 അടിയാൻ-വിദ്യാഭ്യാസം

5-17 വയസ്സ് പ്രായമുള്ളവർ 6 പേരു (100%) വിദ്യാർത്ഥികളാണ്. 18-21 വയസ്സ് പ്രായമുള്ളവർ അടിയ സമുദായത്തിൽ ആരും ഇല്ല. 22-29 വയസ്സ് പ്രായമുള്ള വിഭാഗത്തിലുള്ള 100% വും ഔപചാരിക വിദ്യാഭ്യാസം ഉള്ളവരാണ്. 62.5% ന് പ്രൈമറി വിദ്യാഭ്യാസവും, 25% ന് ഹൈസ്കൂൾ വിദ്യാഭ്യാസവും, 12.5% ന് ഹയർസെക്കന്ററി വിദ്യാഭ്യാസവും ഉണ്ട്. 30-59 വയസ്സ് പ്രായമുള്ളവരിൽ കൂടുതലും പ്രൈമറി വിദ്യാഭ്യാസം ഉള്ളവരാണ് (30%). ഹയർസെക്കന്ററി വിദ്യാഭ്യാസം ഉള്ളതും ഒരാൾക്കും, ബിരുദം ഉള്ള ആരും ഈ സമുദായത്തിൽ ഇല്ല. നിരക്ഷരരായിട്ടുള്ളവരിൽ 30% വും 30-59 വയസ്സിന് മദ്ധ്യേ പ്രായമുള്ളവരാണ്. പ്രൈമറി വിദ്യാഭ്യാസം നേടിയിട്ടുള്ളതിൽ 60%വും സ്ത്രീകളാണ്. അതുപോലെ തന്നെ, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാഭ്യാസം നേടിയിട്ടുള്ളവരിൽ 100% സ്ത്രീകളാണ്. നിരക്ഷരരായിട്ടുള്ളവരിൽ 40% സ്ത്രീകളും, 60% പുരുഷന്മാരും ആണ്. 30-60 വയസ്സിന് മുകളിലുള്ളവരാണ് നിരക്ഷരരായിട്ടുള്ളത്. വിദ്യാർത്ഥികളുടെ വയസ് തിരിച്ചുള്ള കണക്ക് മാത്രമേ ഇവിടെ നൽകിയിട്ടുള്ളു. അവർ പഠിക്കുന്ന ക്ലാസ്സുകൾ പട്ടിക ........... ൽ കൊടുത്തിട്ടുണ്ട്. ഇതേ രീതിയിലാണ് സമുദായടിസ്ഥാനത്തിലുള്ള എല്ലാ പട്ടികയിലും ഉള്ളത്.

പട്ടിക: 3 .38 **അടിയാൻ-വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ്സ് | അംഗനവാടി | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്ക്കൂൾ | ഹയർ സെക്കന്ററി | ബിരുദം | നിരക്ഷരർ | മറ്റുള്ളവ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | | 3 | 3 | 9.09 |
| 2 | 05-09 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 0 | 3 | 9.09 |
| 3 | 10-14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 3.03 |
| 4 | 15-17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 6.06 |
| 5 | 18-21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0.00 |
| 6 | 22-29 | 0 | 3 | 2 | 2 | 1 | 0 | 0 | 0 | 0 | 0 | 8 | 24.24 |
| 7 | 30-44 | 0 | 2 | 0 | 1 | 0 | 0 | 1 | 0 | 0 | 0 | 4 | 12.12 |
| 8 | 45-59 | 0 | 2 | 0 | 0 | 0 | 0 | 5 | 0 | 0 | 0 | 7 | 21.21 |
| 9 | 60-65 | 0 | 0 | 1 | 0 | 0 | 0 | 4 | 0 | 0 | 0 | 5 | 15.15 |
| ആകെ | | 0 | 7 | 3 | 3 | 1 | 0 | 10 | 0 | 6 | 3 | 33 | 100 |

## 3.15.2 വെട്ടക്കുറുമൻ- വിദ്യാഭ്യാസം

വെട്ടക്കുറുമൻ സമുദായത്തിലെ 5-14 വയസ്സ് വരെയുള്ള 44കുട്ടികളിൽ 42 പേരും വിദ്യാർത്ഥികളാണ്. 5 വയസ്സുള്ള ഒരു കുട്ടി സ്കൂളിൽ പോയി തുടങ്ങിയിട്ടില്ല. 15-17 വയസ്സ് പ്രായത്തിൽ ഉള്ളവർ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു ആൺകുട്ടിയും, 3 പെൺകുട്ടികളും ഉണ്ട്. വെട്ടക്കുറുമൻ സമുദായത്തിൽ ബിരുദധാരികളായ ആരും ഇല്ല. 18.21 വയസ്സ് പ്രായത്തിലുള്ളവരിൽ 81% വും പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാഭ്യാസം നേടിയവരാണ്. ബാക്കിയുള്ളവ വിദ്യാർത്ഥികളാണ്.

22-29 വയസ്സ് പ്രായമുള്ള വിഭാഗത്തിൽ 3 പേർ നിരക്ഷരരാണ്. 8 പേർ പ്രൈമറി വിദ്യാഭ്യാസവും, 20 പേർ ഹൈസ്കൂൾ വിദ്യാഭ്യാസവും, 6 പേർ ഹയർസെക്കന്ററി വിദ്യാഭ്യാസം നേടിയിട്ടുണ്ട്. പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസം കൂടുതലും നേടിയിട്ടുള്ളത് ഈ പ്രായത്തിൽ ആൺകുട്ടികൾ ആണ്. എന്നാൽ, ഹയർസെക്കന്ററി വിദ്യാഭ്യാസം ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത് പെൺകുട്ടികൾക്കാണ്. നേഴ്സിംഗ് കൊഴ്സ് പൂർത്തിയാക്കിയ ഒരു പെൺകുട്ടിയുണ്ട്. 30-44 വയസ്സ് പ്രായമുള്ളവരിൽ 42% നിരക്ഷരരാണ്. കൂടുതലും സ്ത്രീകളാണ് (76%). 45-59 വയസ്സ് പ്രായമുള്ളവരിൽ 68% വും നിരക്ഷരരാണ്. ഇതിൽ സ്ത്രീകളും, പുരുഷന്മാരും ഏകദേശം തുല്യമാണ് (20 സ്ത്രീകളും, 21 പുരുഷന്മാരും). ഈ പ്രായത്തിലുള്ളവർ പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമാണ് ഉള്ളത്. ആയത് കൂടുതൽ നേടിയിട്ടുള്ളത് പുരുഷന്മാർ ആണ്. 60 വയസ്സിന് മുകളിലുള്ള 43 പേരിൽ 38 പേരും നിരക്ഷരരാണ് (88%). കൂടുതലും സ്ത്രീകൾ ആണ്. 60 വയസ്സിന് മുകളിലുള്ളവരെയും, 45-59 വയസ്സിന് പ്രായ മദ്ധ്യത്തിൽ ഉള്ളവരെയും, താരതമ്യം ചെയ്യുമ്പോൾ 45-59 വയസ്സ് പ്രായമുള്ളവരിൽ ആൺ നിരക്ഷരർ കൂടുതൽ. ആകെ ജനസംഖ്യയുടെ 35.79% വും (22-60 വയസ്സിന് മുകളിൽ ഉള്ളവർ) നിരക്ഷരരാണ്.

പട്ടിക: 3 .39 **വെട്ടക്കുറുമൻ-വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ്സ് | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്ക്കൂൾ | ഹയർ സെക്കറി | ബിരുദം | നിരക്ഷരർ | മറ്റുള്ളവ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 10 | 3.34 |
| 2 | 05-09 | 0 | 0 | 0 | 0 | 0 | 0 | 0 | 18 | 2 | 20 | 6.69 |
| 3 | 10-14 | 0 | 0 | 0 | 0 | 0 | 0 | 0 | 24 | 0 | 24 | 8.03 |
| 4 | 15-17 | 0 | 0 | 4 | 1 | 0 | 1 | 0 | 17 | 0 | 23 | 7.69 |
| 5 | 18-21 | 2 | 1 | 10 | 3 | 0 | 0 | 1 | 4 | 0 | 21 | 7.02 |
| 6 | 22-29 | 4 | 4 | 20 | 6 | 0 | 3 | 0 | 0 | 0 | 38 | 12.71 |
| 7 | 30-44 | 7 | 15 | 11 | 2 | 0 | 25 | 0 | 0 | 0 | 60 | 20.07 |
| 8 | 45-59 | 8 | 2 | 9 | | 0 | 41 | 0 | 0 | 0 | 60 | 20.07 |
| 9 | 60-65 | 1 | 2 | 2 | 0 | 0 | 38 | 0 | 0 | 0 | 43 | 14.38 |
| **ആകെ** | | **22 (7.36%)** | **24 (8.02%)** | **56 (18.73%)** | **12 4.01%)** | **0** | **107 (35.79%)** | **1 (0.33%)** | **65 (21.74%)** | **12 (4.01%)** | **299** | **100** |

## 3.15.3 തച്ചനാടൻ മൂപ്പൻ- വിദ്യാഭ്യാസം

5-14 വയസ്സ് പ്രായമുള്ളവർ എല്ലാവരും വിദ്യാർത്ഥികളാണ്. 15-17 വയസ്സ് പ്രായമുള്ള ഒരാൺകുട്ടി ഹൈസ്കൂൾ പഠനം പൂർത്തിയാക്കുകയും, ബാക്കിയുള്ളവർ വിദ്യാർത്ഥികളും ആണ്. 18-21 വയസ്സ് പ്രായത്തിൽ ഉള്ള ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാഭ്യാസം നേടിയിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസം ഏറ്റവും കൂടുതൽ നേടിയിട്ടുള്ളത് കൂടുതൽ സ്ത്രീകളും, ഹയർസെക്കന്ററി വിദ്യാഭ്യാസം നേടിയിട്ടുള്ളത് കൂടുതൽ പുരുഷന്മാരരുമാണ്. 30-44 വയസ്സ് പ്രായത്തിൽ ഉള്ളവരാണ് ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർ കൂടുതൽ. എന്നിരുന്നാലും, പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമാണ് ഇവർക്ക് ലഭിച്ചിട്ടുള്ളത്. ഈ പ്രായത്തിലും സ്ത്രീകളാണ് വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരിൽ മുന്നിൽ. 45 -59 വയസ്സ് പ്രായമുള്ളവരിൽ കൂടുതലും നിരക്ഷരരാണ്(73%). 5 പേർക്ക് മാത്രമാണ് പ്രൈമറി, ഹൈസ്കൂൾ വിദ്യാഭ്യാസം ഉള്ളത്. തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 26% വും നിരക്ഷരരാണ്. നിരക്ഷരരായിട്ടുള്ളവരിൽ ഏറ്റവും കൂടുതൽ ഉള്ളത് 45-59 വയസ്സ് പ്രായമുള്ളവരിൽ ആണ്. (51% സ്ത്രീകളും, 49% പുരുഷന്മാരും) 60 വയസ്സിനു മുകളിൽ ഉള്ളവരിൽ 75% നിരക്ഷരരാണ്.

പട്ടിക: 3 .40 **തച്ചനാടൻ മൂപ്പൻ–വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ്സ് | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്കൂൾ | ഹയർ സെക്കന്ററി | ബിരുദം | നിരക്ഷരർ | മറ്റുള്ളവ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 4 | 3.92 |
| 2 | 05-09 | 0 | 0 | 0 | 0 | 0 | 0 | 0 | 5 | 0 | 5 | 4.90 |
| 3 | 10-14 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 0 | 4 | 3.92 |
| 4 | 15-17 | 0 | 0 | 1 | 0 | 0 | 0 | 0 | 5 | 0 | 6 | 5.88 |
| 5 | 18-21 | 0 | 0 | 3 | 6 | 0 | 0 | 0 | 3 | 0 | 12 | 11.76 |
| 6 | 22-29 | 0 | 2 | 12 | 1 | 1 | 1 | 0 | 0 | 0 | 17 | 16.67 |
| 7 | 30-44 | 3 | 10 | 8 | 0 | 0 | 6 | 0 | 0 | 0 | 27 | 26.47 |
| 8 | 45-59 | 3 | 1 | 1 | 0 | 0 | 14 | 0 | 0 | 0 | 19 | 18.63 |
| 9 | 60-65 | 0 | 1 | 1 | 0 | 0 | 6 | 0 | 0 | 0 | 8 | 7.84 |
| ആകെ | | 6 (5.89 %) | 14 (13.72 %) | 26 (25.49%) | 7 (6.86%) | 1 (0.98%) | 27 (26.47%) | 0 | 17 (16.67 %) | 4 (3.92 %) | 102 | 100 |

## 3.15.4 കുറിച്ച്യൻ–വിദ്യാഭ്യാസം

5–14 വയസ്സ് വരെയുള്ള എല്ലാ 15–17 വയസ്സ് പ്രായമുള്ളവരിൽ ഒരാൾ ഒഴികെ എല്ലാവരും വിദ്യാർത്ഥികളാണ്. കുറിച്യ സമുദായത്തിൽ 18–21, 22–29 വയസ്സ് പ്രായത്തിൽ ഉള്ളവർ ബിരുദം, ഹയർസെക്കന്ററി കോഴ്സ് ചെയ്യുന്നവർ ഉണ്ട്. വിദ്യാഭ്യാസം നേടിയിട്ടുള്ളവരുടെ എണ്ണം ഏറ്റവും കൂടുതൽ ഉള്ളത് 30–44 വയസ്സ് പ്രായത്തിൽ ഉള്ളവർക്കാണെങ്കിലും, 4 പേർ നിരക്ഷരരായും ഈ പ്രായത്തിൽ ഉണ്ട്. നിരക്ഷരർ ഏറ്റവും കൂടുതൽ ഉള്ളത് സ്ത്രീകളിലും, 60 വയസ്സിന് മുകളിൽ ഉള്ളവരിലും ആണ്. 45–59 വയസ്സ് പ്രായമുള്ള 48 പേരിൽ 30 പേർക്കും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരും അതിൽ പുരുഷന്മാരാണ് എണ്ണത്തിൽ കൂടുതൽ. 60 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളിൽ ആർക്കും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. പ്രസ്തുത പ്രായത്തിൽ 46 പുരുഷന്മാർക്ക് മാത്രമാണ് വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളത്. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരിൽ കൂടുതലും പുരുഷന്മാർ ആണ്.

പട്ടിക: 3 .41 **കുറിച്ച്യൻ-വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ നം | വയസ്സ് | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്ക്കൂൾ | ഹയർ സെക്കന്ററി | ബിരുദം | നിരക്ഷരർ | മറ്റുള്ളവ | വിദ്യാർത്ഥിക ൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| | | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 10 | 11 | 3.62 |
| 1 | 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 21 | 1 | 22 | 7.24 |
| 2 | 10--14 | 0 | 0 | 0 | 0 | 0 | 0 | 0 | 19 | 0 | 19 | 6.25 |
| 3 | 15-17 | 0 | 0 | 1 | 0 | 0 | 0 | 0 | 14 | 0 | 15 | 4.93 |
| 4 | 18-21 | 2 | 1 | 7 | 6 | 0 | 0 | 1 | 9 | 0 | 26 | 8.55 |
| 5 | 22-29 | 2 | 4 | 28 | 13 | 1 | 1 | 2 | 2 | 0 | 53 | 17.43 |
| 6 | 30-44 | 7 | 15 | 39 | 2 | 0 | 4 | 0 | 0 | 0 | 67 | 21.71 |
| 7 | 45-59 | 9 | 11 | 8 | 1 | 0 | 18 | 0 | 0 | 0 | 47 | 15.79 |
| 8 | 60-65 | 4 | 1 | 1 | 0 | 0 | 38 | 0 | 0 | 0 | 44 | 14.47 |
| ആകെ | | 24 (7.89 %) | 32 (10.5 3%) | 84 (27.63 %) | 22 (7.24% ) | 1 (0.33 %) | 61 (20.0 7%) | 3( 0.99 %) | 66 (21.7 1%) | 11 (3.62 %) | 304 | 100.00 |

## 3.15.5 മുള്ളുകുറുമൻ-വിദ്യാഭ്യാസം

മുള്ളുകുറുമൻ സമുദായത്തിലെ 5-17 വയസ്സ് പ്രായമുള്ള എല്ലാ കുട്ടികളും വിദ്യാർത്ഥികളാണ്. ഈ പ്രായത്തിൽ ഉള്ള 49 കുട്ടികളിൽ 31 ആൺകുട്ടികളും, 18 പെൺകുട്ടികളും ഉണ്ട്. 18-21 വയസ്സ് പ്രായത്തിലുള്ള കുട്ടികളിൽ 20 പേർ വിദ്യാർത്ഥിക ളും, 5 പേർ പഠനം പൂർത്തിയാക്കിയവരും ആണ്. വിദ്യാർത്ഥികളിൽ ആൺകുട്ടികളും, പെൺകുട്ടികളും തുല്യരാണ്. 18-21, 22-29 പ്രായത്തിൽ ഉൾപ്പെട്ടവരിൽ ആരും തന്നെ നിര ക്ഷരർ അല്ല. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവരിൽ കൂടുതൽ പേർക്കും ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിച്ചവരാണ് (29%)(105). ഇതിലും സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. 41.5% വും മാത്രമാണ് സ്ത്രീകൾ. വിദ്യാഭ്യാസം ലഭിച്ചവരിൽ ഏറ്റവും കൂടുതൽ എണ്ണം ഉള്ളത് 30-44 വയസ്സ് പ്രായമുള്ളവരിൽ ആണ്. പുരുഷന്മാരാണ് (50) എണ്ണത്തിൽ കൂടു തൽ. ഈ പ്രായത്തിൽ ബിരുദം നേടിയിട്ടുള്ള 9 പേർ ഉണ്ട്. 45-59 വയസ്സ് പ്രായമുള്ളവ രിൽ കൂടുതൽ പേർക്കും പ്രൈമറി വിദ്യാഭ്യാസമാണ് ലഭിച്ചിട്ടുള്ളത്. നിരക്ഷരരായി ട്ടുള്ളവരിൽ സ്ത്രീകളുടെ എണ്ണം കൂടുതൽ ആണ്. മുള്ളുകുറുമൻ സമുദായത്തിൽ 60 വയസ്സിന് മുകളിൽ പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവരുണ്ട്. നിരക്ഷരർ ആയിട്ടുള്ളവർ ആണ് കൂടുതൽ.

പട്ടിക: 3 .42 **മുള്ളുകുറുമൻ-വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം | ഒയസ് | ലോവർ പ്രൈമറി 1 | അപ്പർ പ്രൈമറി 2 | ഹൈസ്കൂൾ 3 | ഹയർ സെക്കന്ററി 4 | ബിരുദം 5 | നിരക്ഷരർ 6 | അറ്റുള്ളവ 7 | വിദ്യാർത്ഥികൾ 8 | 04 9 | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 (2.80%) | 10 | 2.80 |
| 2 | 05—09 | 0 | 0 | 0 | 0 | 0 | 0 | 0 | 26 (7.28%) | 0 | 26 | 7.28 |
| 3 | 10—14 | 0 | 0 | 0 | 0 | 0 | 0 | 0 | 16 (4.48%) | 0 | 16 | 4.48 |
| 4 | 15-17 | 0 | 0 | 0 | 0 | 0 | 0 | 0 | 7 (1.96%) | 0 | 7 | 1.96 |
| 5 | 18-21 | 0 | 0 | 1 (0.28%) | 3 (0.84%) | 1(0.28%) | 0 | 0 | 20 (5.60%) | 0 | 25 | 7.00 |
| 6 | 22-29 | 0 | 2 (0.56%) | 10 (2.80%) | 16 (4.48%) | 10 (2.80%) | 0 | 2 (0.56%) | 8 (2.24%) | 0 | 48 | 13.45 |
| 7 | 30-44 | 1 (0.28%) | 7 (1.96%) | 69 (19.33%) | 16 (4.48%) | 9 (2.52%) | 0 | 3 (0.84%) | 0 | 0 | 105 | 29.41 |
| 8 | 45-59 | 6 (1.68%) | 26 (7.28%) | 25 (7.00% | 1 (0.28%) | 1 (0.28%) | 18 (5.04%) | 0 | 0 | 0 | 77 | 21.57 |
| 9 | 60-65 | 7 (1.96%) | 5 (1.40%) | 0 | 0 | 0 | 31 (8.68%) | 0 | 0 | 0 | 43 | 12.04 |
| ആകെ | | 14 (3.92%) | 40 (11.20%) | 105 (29.41%) | 36 (10.08%) | 21 (5.88%) | 49 (13.73%) | 5 (1.40%) | 77 (21.57%) | 10 (2.80%) | 357 | 100 |

### 3.15.6 പണിയൻ -വിദ്യാഭ്യാസം

പണിയൻ വിഭാഗത്തിലെ 10-14 വയസ്സ് വരെയുള്ള എല്ലാ കുട്ടികളും വിദ്യാർത്ഥികളാണ്. 18-21 വയസ്സ് പ്രായമുള്ള കുട്ടികളിൽ 62 പേർ പഠനം പൂർത്തിയാക്കിയവരും, 5 പേർ സ്കൂളിൽ പോയിട്ടില്ലാത്തവരുമാണ്. പണിയ സമുദായത്തിലെ 22-44 വയസ്സ് പ്രായത്തിൽ ഉള്ളവർക്കാണ് ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളത കൂടുതൽ ഉള്ളത്. വിദ്യാഭ്യാസം ഉള്ളവരിൽ 65% ത്തിനും, പ്രൈമറി വിദ്യാഭ്യാസം ആണ് ലഭിച്ചിട്ടുള്ളത്. 22-29 വയസ്സ് പ്രായത്തിലുള്ളവരുടെ ഇടയിൽ 12 പേർ നിരക്ഷരരാണ്. വിദ്യാഭ്യാസം ലഭിച്ചവരിൽ എണ്ണത്തിൽ കൂടുതൽ ഉള്ളത് 30-44 വയസ്സ് പ്രായം ഉള്ളവർക്കാണ്. പ്രൈമറി വിദ്യാഭ്യാസം

നേടുന്നതിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും തുല്യപ്രാധാന്യം ലഭിച്ചിട്ടുണ്ട്. എന്നാൽ, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളത് കൂടുതൽ ആൺകുട്ടികൾക്കാണ്. ഈ പ്രായത്തിൽ നിരക്ഷരരായിട്ടുള്ള 48 പേരിൽ 34 (70%) സ്ത്രീകളാണ്. 45–59 വയസ്സ് പ്രായത്തിലുള്ളവരിൽ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഈ പ്രായത്തിൽ പ്രൈമറി വിദ്യാഭ്യാസം നേടിയിട്ടുള്ള 27 പേരിൽ 5 സ്ത്രീകൾ മാത്രമാണ് ഉള്ളത്. അതുപോലെ തന്നെ, ഹയർസെക്കന്ററി, ബിരുദം നേടിയിട്ടുള്ളവർ ആരും ഇല്ല. നിരക്ഷരരുടെ എണ്ണം ഈ പ്രായത്തിൽ വളരെ കൂടുതലാണ് (55 സ്ത്രീകളും, 28 പുരുഷന്മാരും). 60 വയസ്സിന് മുകളിൽ പ്രായമുള്ള 2 പുരുഷന്മാർക്ക് മാത്രമാണ് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ളവർ എല്ലാവരും നിരക്ഷരരാണ്. ആകെയുള്ള ജനസംഖ്യയിൽ 32% നിരക്ഷരരാണ്. 30 മുതൽ 60 വയസ്സിനു മുകളിൽ ഉള്ളവരാണ് കൂടുതൽ നിരക്ഷരരായിട്ടുള്ളത്. ഈ പ്രായത്തിൽ ഉള്ളവരാണ് കൂടുതലും. കുടുംബനാഥ/കുടുംബനാഥന്മാരും. നിരക്ഷരത വ്യക്തിഗത അവകാശം നേടിയെടുക്കുന്നതിൽ പ്രതിഫലിച്ചിട്ടുണ്ട്.

പട്ടിക: 3 .43 **പണിയൻ –വിദ്യാഭ്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ്സ് | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്ക്കൂൾ | ഹയർസെക്കറി | ബിരുദം | മറ്റുള്ളവ | നിരക്ഷരർ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 24 | 25 | 0.15 |
| 2 | 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 43 | 2 | 45 | 6.30 |
| 3 | 10--14 | 0 | 0 | 0 | 0 | 0 | 0 | 0 | 67 | 0 | 67 | 9.81 |
| 4 | 15-17 | 4 | 2 | 9 | 0 | 0 | 0 | 0 | 21 | 0 | 36 | 5.27 |
| 5 | 18-21 | 9 | 18 | 27 | 8 | 0 | 1 | 5 | 10 | 0 | 78 | 11.27 |
| 6 | 22-29 | 21 | 40 | 22 | 8 | 1 | 0 | 12 | 0 | 0 | 104 | 15.08 |
| 7 | 30-44 | 30 | 41 | 22 | 1 | 0 | 0 | 48 | 0 | 0 | 142 | 20.79 |
| 8 | 45-59 | 13 | 10 | 4 | 0 | 0 | 0 | 83 | 0 | 0 | 110 | 16.11 |
| 9 | 60-65 | 2 | 0 | 0 | 0 | 0 | 0 | 74 | 0 | 0 | 76 | 11.13 |
| ആകെ | | 79 | 111 | 84 | 17 | 1 | 1 | 222 | 142 | 26 | 683 | 100 |

## 3.15.7 കാട്ടുനായിക്കൻ– വിദ്യാഭ്യാസം

കാട്ടുനായിക്കൻ സമുദായത്തിൽ കൂടുതൽ പേർക്കും പ്രൈമറി വിദ്യാഭ്യാസമാണ് ഉള്ളത്. 18–21 വയസ്സ് പ്രായത്തിൽ ഉള്ളവരിൽ 22 പേർക്ക് പ്രാഥമിക വിദ്യാഭ്യാസവും, 30 പേർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസവും ലഭിച്ചിട്ടുണ്ട്. ഈ പ്രായത്തിൽ ഉള്ള ഒരാൾ ബിരുദം കരസ്ഥമാക്കിയിട്ടുള്ളതു്. 4 പെൺകുട്ടികളും, 3 ആൺകുട്ടികളും ഉൾപ്പെടെ 7

പേർ നിരക്ഷരരുമാാണ്. 30-44 വയസ്സ് പ്രായമുള്ളവർക്കാണ് വിദ്യാഭ്യാസം ലഭിച്ചവരിൽ എണ്ണത്തിൽ കൂടുതൽ. ഈ പ്രായത്തിൽ 124 പേർ നിരക്ഷരരായിട്ടുണ്ട്. അതിൽ 78 പേരും സ്ത്രീകളാണ് (62%). 45-59 പ്രായമുള്ള സ്ത്രീകളിൽ. 90 പേരിൽ 3 പേർക്ക് പ്രൈമറിയും, ഒരാൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസവും ലഭിച്ചിട്ടുണ്ട്. 60-65 വയസ്സ് ഉള്ള ഒരു സ്ത്രീക്കു പ്രൈമറി വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്.

കാട്ടുനായിക്കൻ സമുദായത്തിൽ ആകെ ജനസംഖ്യയുടെ 38% (414) നിരക്ഷരരാണ്. 240 സ്ത്രീകളും, 174 പുരുഷന്മാരും. നിരക്ഷരരായിട്ടുള്ളവരിൽ 58% സ്ത്രീകളാണ്. 273 പേർ 30-59 വയസ്സ് പ്രായമദ്ധ്യേ ഉള്ളവരാണ്. ഈ നിരക്ഷരത വനാവകാശത്തെ കുറിച്ച് അവഗാഹം നേടുന്നതിന് കാരണമായിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസം ഉള്ളവരിൽ ഭൂരി പക്ഷം പേർക്കും പ്രാഥമിക വിദ്യാഭ്യാസമാണ് ഉള്ളത്. 19 വയസുള്ള ഒരു പെൺകുട്ടിയ്ക്കാണ് റ്റി.റ്റി.സി മറ്റുള്ളവ വിദ്യാഭ്യാസം ഉള്ളത്.(മറ്റുള്ളവ-)

പട്ടിക 3 .44 **കാട്ടുനായിക്കൻ- വിദ്യാഭ്യാസംപ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | വയസ്സ് | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്ക്കൂൾ | ഹയർ സെക്കണ്ടറി | ബിരുദം | നിരക്ഷ രർ | മറ്റുള്ളവ | ബാധകമ ല്ല | വിദ്യാർത്ഥി കൾ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 52 | 1 | 53 | 4.84 |
| 2 | 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 66 | 68 | 6.21 |
| 3 | 10--14 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 126 | 128 | 11.69 |
| 4 | 15-17 | 5 | 4 | 7 | 2 | 0 | 0 | 0 | 0 | 60 | 78 | 7.12 |
| 5 | 18-21 | 10 | 12 | 30 | 19 | 1 | 7 | 1 | 0 | 14 | 94 | 8.58 |
| 6 | 22-29 | 27 | 33 | 44 | 18 | 3 | 25 | 0 | 0 | 1 | 151 | 13.79 |
| 7 | 30-44 | 40 | 34 | 19 | 2 | 0 | 124 | 0 | 0 | 0 | 219 | 20.00 |
| 8 | 45-59 | 24 | 9 | 7 | 0 | 0 | 149 | 0 | 0 | 0 | 189 | 17.26 |
| 9 | 60-+ | 4 | 2 | 0 | 0 | 0 | 109 | 0 | 0 | 0 | 115 | 10.50 |
| | | 111 | 95 | 107 | 41 | 4 | 414 | 1 | 54 | 268 | 1095 | 100.00 |

## 3.16 തൊഴിൽ

പഠനം നടത്തിയവരിൽ ദിവസകൂലി, കൃഷി, വനവിഭവശേഖരണം, മൃഗപരിപാലനം തുടങ്ങിയ മുഖ്യതൊഴിലുകളിൽ ഏർപ്പെടുകയും, അതിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. 64% ഗുണഭോക്താക്കളും മുഖ്യ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. ഓരോ സമുദായത്തിന്റെ മുഖ്യതൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഓരോ സമുദായത്തിന്റെ ബ്രായ്ക്കറ്റിൽ ചേർത്തിട്ടുണ്ട്. കാട്ടുനായിക്കൻ (553), പണിയ (401), മുള്ളുക്കുറുമ (183), വെട്ടക്കുറുമൻ (167), കുറിച്ച്യൻ (153), തച്ചനാടൻ മൂപ്പൻ (55), അടിയാൻ (16). ഏറ്റവും കൂടുതൽ പേരും 44% വും കാർഷികേതര പണിയിലൂടെയാണ്

മുഖ്യവരുമാനം കണ്ടെത്തുന്നത്. ഓരോ സമുദായവും കൂലിപ്പണിയിലൂടെ മുഖ്യവരുമാനം കണ്ടെത്തുന്നവരുടെ പ്രാതിനിധ്യം ചുവടെ ചേർക്കുന്നു.

കാട്ടുനായിക്കൻ (88%),പണിയൻ (98%), മുള്ളുക്കുറുമൻ( 51%), വെട്ടക്കുറുമൻ( 95%), കുറിച്ച്യൻ(59%), തച്ചനാടൻ മൂപ്പൻ (95%), അടിയ (87.5%). അതുപോലെ തന്നെ കൃഷിയിലൂടെ മുഖ്യവരുമാനം കണ്ടെത്തുന്നവർ 4.49% ആണ്. മൃഗപരിപാലനത്തിലൂടെ മുഖ്യവരുമാനം കണ്ടെത്തുന്നവർ 1.11% വും ആണ്. 1.32% പ്രൊമോട്ടർ , അംഗനവാടി വർക്കർ , ഫോറസ്റ്റ് വാച്ചർ, മെന്റർ ടീച്ചർ തുടങ്ങിയവയിലൂടെയും മുഖ്യവരുമാനം കണ്ടെത്തുന്നവർ ആണ്.

മുഖ്യ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരങ്ങൾ സമുദായടിസ്ഥാനത്തിൽ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു

പട്ടിക: 3.45 **മുഖ്യ തൊഴിലുകൾ**

| തൊഴിൽ | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|
| കൂലി | 486 | 394 | 93 | 158 | 90 | 52 | 14 | 1287 | 44.80 |
| കൃഷി | 11 | 4 | 58 | 2 | 54 | 0 | 0 | 129 | 4.49 |
| വനവിഭവശേഖരണം | 20 | 1 | | 1 | 1 | 0 | 0 | 23 | 0.80 |
| സർക്കാർ ഉദ്യോഗസ്ഥർ | 0 | 0 | 19 | | 0 | 0 | 0 | 19 | 0.66 |
| മൃഗപരിപാലനം | 24 | 0 | 3 | 2 | 2 | 0 | 1 | 32 | 1.11 |
| പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മൂതലായവ | 12 | 2 | 10 | 4 | 6 | 3 | 1 | 38 | 1.32 |
| തൊഴിൽരഹിതർ | 221 | 114 | 88 | 55 | 74 | 26 | 8 | 586 | 20.40 |
| വിദ്യാർത്ഥികൾ,6 വയസ്സിൽ താഴെ | 321 | 168 | 86 | 77 | 77 | 21 | 9 | 759 | 26.42 |
| ആകെ | 1095 | 683 | 357 | 299 | 304 | 102 | 33 | 2873 | 100.00 |

### 3.16 .1 അടിയാൻ-തൊഴിൽ

15 വയസ്സിന് താഴെയുള്ളവർ വിദ്യാർത്ഥികളും, 4 വയസ്സിന് താഴെയുള്ളവരും ആണ്. 15-21 വയസ്സ് പ്രായമുള്ള രണ്ട് വിദ്യാർത്ഥികളാണ് ഉള്ളത്. 22-59 വയസ്സ് പ്രായമുള്ളവരുടെ മുഖ്യതൊഴിൽ കൂലിപ്പണിയാണ് (39.39%). 60 വയസ്സിന് കൃഷി മുഖ്യതൊഴിലാക്കിയ 3% 30-44 വയസ്സ് പ്രായത്തിൽ ഉള്ളവരാണ്. 22-29 വയസ്സ് പ്രായത്തിലുള്ളത് മുഖ്യ

തൊഴിൽ സ്വീകരിക്കാത്ത 12.12% ഉണ്ട്. 60 വയസ്സിന് മുകളിൽ ഉള്ള 3% മുഖ്യതൊഴിൽആയി കൂലിപ്പണി ചെയ്യുന്നവരും, 12% തൊഴിൽ ചെയ്യാൻ പ്രാപ്തിയില്ലാത്തവരും ആണ്. അടിയ സമുദായത്തിൽ ആരും തന്നെ വനവിഭവശേഖരണം, മൃഗപരിപാലനം എന്നിവ മുഖ്യതൊഴിൽ ആക്കിയവർ ഇല്ല.

3.46 **അടിയാൻ-തൊഴിൽ _പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | ഒയസ് | കൂലി | കൃഷി | വനവിഭവശേഖരണം | സർക്കാർ ഉദ്യോഗസ്ഥർ | മൃഗപരിപാലനം | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ | തൊഴിൽ രഹിതർ | വിദ്യാർത്ഥകൾ | ബാധകമല്ല | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 (9.09%) | 3 (9.09%) |
| 2 | 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 3 (9.09 %) | 0 | 3 (9.09%) |
| 3 | 10--14 | 0 | 0 | 0 | 0 | 0 | 0 | 0 | 1 (3.03 %) | 0 | 1 (3.03%) |
| 4 | 15-17 | 0 | 0 | 0 | 0 | 0 | 0 | 0 | 2 (6.06 %) | 0 | 2 (6.06%) |
| 5 | 18-21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 22-29 | 5 (15.15%) | 0 | 0 | 0 | 0 | 0 | 3(9.09%) | 0 | 0 | 8 (24.24%) |
| 7 | 30-44 | 3 (9.09%) | 1 ( 3.03 %) | 0 | 0 | 0 | 0 | 0 | 0 | 0 | 4 (12.12%) |
| 8 | 45-59 | 5 (15.15%) | 0 | 0 | 0 | 0 | 1(3.03%) | 1(3.03%) | 0 | 0 | 7 (21.21%) |
| 9 | 60+ | 1 (3.03%) | 0 | 0 | 0 | 0 | | 4(12.12%) | 0 | 0 | 5 (15.15%) |
| ആകെ | | 14 (42.42%) | 1 (3.03 %) | 0 | 0 | 0 | 1(3.03%) | 8(24.24%) | 6(18.18%) | 3(9.09 %) | 33 (100%) |

**3.16 .2 കുറിച്യർ -തൊഴിൽ**

17 വയസ്സിന് താഴെയുള്ളവർ ആരും തന്നെ വരുമാനത്തിനായി മുഖ്യതൊഴിലിൽ ഏർപ്പെടുന്നവർ ഇല്ല. 4 വയസ്സിൽ താഴെയുള്ളവരും, വിദ്യാർത്ഥികളും ആണ് അവർ. 22

–59 വയസ്സ് പ്രായത്തിലുള്ള 63.49% മുഖ്യതൊഴിൽ ചെയ്യുന്നവരാണ്. അതിൽ ഏറ്റവും കൂടുതൽ പേർ കൂലിപ്പണി ചെയ്യുന്നവരാണ് (75). 45 പേർ കൃഷിയിൽ ഏർപ്പെടുന്നവരാണ്. വനവിഭവശേഖരണം മുഖ്യതൊഴിൽ ആക്കിയത് ഒരാൾ ആണ്. 18–21 വയസ്സ് പ്രായത്തിൽ ഉള്ള സ്ത്രീകൾ ആരും തന്നെ കൂലിപ്പണിയ്ക്കു പോകുന്നില്ല. മാത്രവുമല്ല, പുരുഷന്മാർ ആണ് ഏറ്റവും കൂടുതൽ കൂലിപ്പണിക്കു പോകുന്നതും (60 പേർ). 22–29, 30–34 വയസ്സ് പ്രായമുള്ളവരും ആണ്. 18–59 വയസ്സ് പ്രായത്തിലുള്ള 38 സ്ത്രീകൾ വരുമാനത്തിനായി മുഖ്യതൊഴിൽ ചെയ്യുന്നില്ല. 60 വയസ്സിന് മുകളിൽ ഉള്ളവർ ആണ് കൂടുതലും തൊഴിൽ ഇല്ലാത്തത് 44 പേർ. സ്ത്രീകൾ (20), പുരുഷന്മാർ (24) .

പട്ടിക3.47. **കുറിച്ച്യൻ –തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വയസ്സ് | കൂലി 1 | കൃഷി 2 | വനവിഭവശേഖരണം 3 | സർക്കാർ ഉദ്യോഗസ്ഥർ 4 | മൃഗപരിപാലനം 5 | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ 6 | ടതാഴിൽ രഹിതർ 9 | വിദ്യാർത്ഥികൾ 10 | ബാധകമല്ല 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 10 | 11 (3.62%) |
| 2 | 05—09 | 0 | 0 | 0 | 0 | 0 | 0 | 0 | 21 | 1 | 22 (7.24%) |
| 3 | 10—14 | 0 | 0 | 0 | 0 | 0 | 0 | 0 | 19 | 0 | 19 (6.25%) |
| 4 | 15-17 | 0 | 0 | 0 | 0 | 0 | 0 | 1 | 14 | 0 | 15 (4.93%) |
| 5 | 18-21 | 7 | 0 | 0 | 0 | 0 | 0 | 10 | 9 | 0 | 26 (8.55%) |
| 6 | 22-29 | 22 | 11 | 0 | 0 | 2 | 3 | 13 | 2 | 0 | 53 (17.43%) |
| 7 | 30-44 | 31 | 19 | 0 | 0 | 0 | 3 | 14 | 0 | 0 | 67 (22.04%) |
| 8 | 45-59 | 22 | 15 | 1 | 0 | 0 | 0 | 9 | 0 | 0 | 47 (15.46%) |
| 9 | 60+ | 8 | 9 | 0 | 0 | 0 | 0 | 27 | 0 | 0 | 44 (14.47%) |
| ആകെ | | 90 | 54 | 1 | 0 | 2 | 6 | 74 | 66 | 11 | 304 (100%) |

## 3.16 .3 തച്ചനാടൻ മൂപ്പൻ–തൊഴിൽ

തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 18–59 വയസ്സ് പ്രായമുള്ളവർ ആണ് മുഖ്യതൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. ആകെ തൊഴിൽ ചെയ്യുന്ന 53 പേരിൽ 18 സ്ത്രീകൾ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. പ്രസ്തുത 18 സ്ത്രീകളുടെ വയസ്സ് 30–59 വയസ്സും എല്ലാവരും കൂലിപ്പണിയാണ് ചെയ്യുന്നത്. 60 വയസ്സിന് മുകളിൽ വയസ്സ് പ്രായമുള്ള 4 പേരും മുഖ്യതൊഴിലിൽ ചെയ്യുന്നുണ്ട്. 15–60 വയസ്സിന് മുകളിൽ ഉള്ളവരിൽ തൊഴിൽ ഇല്ലാത്തവർ ആകെ 26

പേർ ആണ്. അതിൽ 21 പേരും സ്ത്രീകൾ ആണ്. ഇതിൽ 18 പേരും 17-59 വയസ്സ് പ്രായത്തിൽ ഉള്ളവർ ആണ്.

പട്ടിക3.48_**തച്ചനാടൻ മൂപ്പൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| | കൂലി | കൃഷി | വനവിഭവശേഖരണം | സർക്കാർ ഉദ്യോഗസ്ഥർ | മൃഗപരിപാലനം | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ | തൊഴിൽരഹിതർ | വിദ്യാർത്ഥചശറ്റ | ബാധകമല്ല | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| 0-4 | | 0 | 0 | 0 | 0 | | | | 4 | 4 | 4.04 |
| 05--09 | | 0 | 0 | 0 | 0 | | | 5 | | 5 | 5.05 |
| 10--14 | | 0 | 0 | 0 | 0 | | | 4 | | 4 | 4.04 |
| 15-17 | | 0 | 0 | 0 | 0 | | 1 | 5 | | 6 | 6.06 |
| 18-21 | 4 | 0 | 0 | 0 | 0 | | 5 | 3 | | 12 | 12.12 |
| 22-29 | 7 | 0 | 0 | 0 | 0 | 2 | 8 | | | 17 | 17.17 |
| 30-44 | 23 | 0 | 0 | 0 | 0 | | 4 | | | 27 | 27.27 |
| 45-59 | 15 | 0 | 0 | 0 | 0 | | 4 | | | 19 | 19.19 |
| 60+ | 3 | 0 | 0 | 0 | 0 | 1 | 4 | | | 8 | 8.08 |
| | 52 | 0 | 0 | 0 | 0 | | 26 | 17 | 4 | 102 | 100 |

## 3.16 .4 വെട്ടക്കുറുമൻ-തൊഴിൽ

15-17 വയസ്സ് പ്രായമുള്ള ഒരു പുരുഷൻ മാത്രമാണ് വരുമാനത്തിനായി തൊഴിൽ ചെയ്യുന്നത്. 18-59 വയസ്സ് പ്രായത്തിൽ ഉള്ള 158 പേർ മുഖ്യതൊഴിൽ കൂലിപ്പണി ചെയ്യുന്നവരാണ്. അതിൽ ഏറ്റവും കൂടുതൽ പേർ ഉൾപ്പെടുന്നത് 30-44 വയസ്സ് പ്രായത്തിൽ ആണ്. മുഖ്യതൊഴിൽ ചെയ്യുന്നവരിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ ഉള്ളത് 30-44 വയസ്സ് പ്രായത്തിലും, പുരുഷന്മാർ 45-59 വയസ്സ് പ്രായപരിധിയിലും ആണ്. 60 വയസ്സിന് മുകളിൽ ഉള്ള 19 (9 സ്ത്രീകളും, 10 പുരുഷന്മാരും) കൂലിപ്പണി ചെയ്യുന്നുണ്ട്. മൃഗപരിപാലനത്തിൽ ഏർപ്പെട്ടിട്ടുള്ളത് 2 പേർ മാത്രമാണ്. ജോലി ഇല്ലാത്ത 15-60 വയസ്സിന് മുകളിൽ വയസ്സ് പ്രായമുള്ളവരിൽ കൂടുതലും സ്ത്രീകൾ ആണ്. 22-29 ,60 വയസ്സിന് മുകളിൽ എന്നീ പ്രായപരിധിയിൽ ഉൾപ്പെട്ടവരാണ് അവർ.

പട്ടിക 3.49 **വെട്ടക്കുറുമൻ–തൊഴിൽ_പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| വയസ് | കൂലി | കൃഷി | വനവിഭവശേഖരണം | സർക്കാർ ഉദ്യോഗസ്ഥർ | മൃഗപരിപാലനം | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ | തൊഴിൽ രഹിതർ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 10 | 3.34 |
| 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 18 | 2 | 20 | 6.69 |
| 10--14 | 0 | 0 | 0 | 0 | 0 | 0 | 0 | 24 | | 24 | 8.03 |
| 15-17 | 1 | 0 | 0 | 0 | 0 | 0 | 5 | 17 | | 23 | 7.69 |
| 18-21 | 10 | 0 | 0 | 0 | 0 | 0 | 6 | 4 | | 21 | 7.02 |
| 22-29 | 23 | 0 | 0 | 0 | 0 | 2 | 13 | 0 | | 38 | 12.71 |
| 30-44 | 55 | 0 | 0 | 0 | 0 | 1 | 4 | 0 | | 60 | 20.07 |
| 45-59 | 50 | 2 | 0 | 1 | | 1 | 6 | 0 | | 60 | 20.07 |
| 60+ | 19 | 0 | 0 | | 2 | | 22 | 0 | | 43 | 14.38 |
| | 159 (53.18%) | 2 (0.67%) | 0 | 1 (0.33%) | 2 (0.67%) | 4 (1.34%) | 55 (18.39%) | 64 (21.40%) | 12 (4.01%) | 299 | 100.00 |

## 3.16.5 മുള്ളുകുറുമൻ–തൊഴിൽ

18–21 വയസ് ് വരെയുള്ള 255 പേരിൽ 166(65%) പേരും ഉപജീവനമാർഗ്ഗത്തിനായി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് . സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. തൊഴിൽ ഇല്ലാത്തവർ ഏറ്റവും കൂടുതൽ സ്ത്രീകളുടെ ഇടയിലും 30–44 വയസ ്പ്രായത്തിൽ ഉള്ളവരുടെ ഇടയിലും ആണ്. സമുദായത്തിലെ ആരും മുഖ്യവരുമാനമാർഗ്ഗമായി വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നില്ല. 60 വയസിന് മുകളിൽ ഉള്ളവർ കൂടുതലും കൃഷി ചെയ്യുന്നവരാണ്. കൃഷിയിൽ നിന്ന് കൂലിപണിയിലേയ്ക്ക് മാറുന്ന ഒരു പ്രവണത പട്ടികയിൽ നിന്ന് വ്യക്തമാണ്.30–59 വയസ് ് വരെയുള്ളവരെ എടുത്താൽ 47 പേർ കൃഷിയും 69 പേർ കൂലിപണിയും ആണ് ചെയ്യുന്നത്. കൂലിപണി ചെയ്യുന്നവരിൽ സ്ത്രീകൾ 33 % വും പുരുഷന്മാർ 67% വും ആണ്.

പട്ടിക3.50 **മുള്ളുകുറുമൻ-തൊഴിൽപ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| | കൂലി | കൃഷി | വനവിഭവശേഖരണം | സർക്കാർ ഉദ്യോഗസ്ഥർ | മൃഗപരിപാലനം | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ, മുതലായവ | തൊഴിൽ രഹിതർ | വിദ്യാർത്ഥികൾ | ബാധകമല്ല | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| വയസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | | |
| 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | | 10 | 10 | 2.80 |
| 05--09 | 0 | 0 | 0 | 0 | 0 | 0 | 0 | 26 | 0 | 26 | 7.28 |
| 10--14 | 0 | 0 | 0 | 0 | 0 | 0 | 0 | 16 | 0 | 16 | 4.48 |
| 15-17 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 0 | 7 | 1.96 |
| 18-21 | 2 | 0 | 0 | 0 | 0 | 0 | 3 | 20 | 0 | 25 | 7.00 |
| 22-29 | 17 | 0 | 0 | | 4 | 1 | 18 | 8 | 0 | 48 | 13.45 |
| 30-44 | 38 | 22 | 0 | 2 | 4 | 9 | 30 | 0 | 0 | 105 | 29.41 |
| 45-59 | 31 | 25 | 0 | | 9 | 2 | 10 | 0 | 0 | 77 | 21.57 |
| 60+ | 5 | 11 | 0 | 0 | 1 | | 26 | 0 | 0 | 43 | 12.04 |
| | 93 (26.05%) | 58 (16.25%) | 0 | 2 (0.56%) | 18 (5.04%) | 12 (3.36%) | 87 (24.37%) | 77 (21.57%) | 10 (2.80%) | 357 | 100.00 |

### 3.16.6 പണിയൻ-തൊഴിൽ

15 വയസ്സിൽ താഴെ ഉള്ളവർ ആരും തന്നെ തൊഴിൽ ചെയ്യുന്നില്ല. എല്ലാവരും വിദ്യാർത്ഥികളാണ്. (4 വയസ്സിൽ താഴെയുള്ളവർ ഒഴികെ). 15-17 വയസ്സ് പ്രായമുള്ളവരിൽ 21 പേർ വിദ്യാർത്ഥികളും,, 4 പേർ കൂലിപ്പണിയ്ക്കു പോകുന്നവരും, ബാക്കിയുള്ളവർ തൊഴിൽ ഇല്ലാത്തവരും ആണ്. 18-59 വയസ്സ് പ്രായമുള്ളവരാണ് (434 പേർ) തൊഴിൽ ചെയ്യുന്നവരിൽ കൂടുതൽ. 349 പേരും (80%) കൂലിപ്പണിയാണ് ചെയ്യുന്നത്. ഇതിൽ (51%) പേരും (178) സ്ത്രീകളാണ്. 30-44 വയസ്സ് പ്രായമുള്ള സ്ത്രീകളാണ് ഏറ്റവും കൂടുതൽ സ്ത്രീകളാണ് കൂലിപ്പണിയ്ക്കു പോകുന്നത്. അതുപോലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളാണ് കൂലിപ്പണിയ്ക്കു പോകുന്നത്. 18-59 വയസ്സ് പ്രായത്തിലുള്ള സ്ത്രീകളിൽ തൊഴിൽ ഇല്ലാത്തവർ (61) ആണ്. ഇതേ പ്രായത്തിൽ തൊഴിൽ ഇല്ലാത്ത പുരുഷന്മാർ 20 പേർ മാത്രമാണ്. 60 വയസ്സിന് മുകളിലും തൊഴിൽ ഇല്ലാത്തവർ ഏറ്റവും കൂടുതൽ സ്ത്രീകളാണ്.

പട്ടിക3.51 **പണിയൻ–തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| ക്രമനം മ്പർ | വയസ്സ് | കൂലി | കൃഷി | വനവിഭ വശേഖര ണം | സർക്കാ ർ ഉദ്യോഗ സ്ഥർ | മൃഗപരി പാലനം | പ്രോമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ | ടതാ ഴിൽ രഹി തർ | വിദ്യാർത്ഥ ികൾ | ബാധ കമല്ല | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | | 8 | 9 | |
| 1 | 0-4 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 25 | 25 |
| 2 | 05—09 | 0 | 0 | 0 | 0 | 0 | 0 | 45 | 43 | 1 | 45 |
| 3 | 10—14 | 0 | 0 | 0 | 0 | 0 | 0 | 0 | 67 | 0 | 67 |
| 4 | 15-17 | 4 | 0 | 0 | 0 | 0 | 0 | 11 | 21 | 0 | 36 |
| 5 | 18-21 | 39 | 0 | 0 | 0 | 0 | 0 | 29 | 10 | 0 | 78 |
| 6 | 22-29 | 82 | 0 | 0 | 0 | 0 | 0 | 22 | 0 | 0 | 104 |
| 7 | 30-44 | 130 | 3 | 0 | 0 | 0 | 0 | 9 | 0 | 0 | 142 |
| 8 | 45-59 | 98 | | 0 | 0 | 0 | 1 | 11 | 0 | 0 | 110 |
| 9 | 60+ | 41 | 1 | 1 | 0 | 0 | 1 | 32 | 0 | 0 | 76 |
| ആകെ | | 394 | 4 | 1 | 0 | 0 | 2 | 159 | 142 | 26 | 683 |

### 3.16.7 കാട്ടുനായിക്കൻ–തൊഴിൽ

കാട്ടുനായിക്ക സമുദായത്തിലെ 15–60 വയസ്സിന് മുകളിൽ തൊഴിൽ ചെയ്യുന്ന 550പേർ ഉണ്ട്.(50.23%) ഏറ്റവും കൂടുതൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം ഉള്ളത് 18–59 വയസ്സ് പ്രായത്തിൽ ഉള്ളവരാണ് 49.5%(537). 505(44.47%) പേരും കൂലിപ്പണി ആണ് ചെയ്യുന്നത്. ഈ പ്രായത്തിൽ കൂലിപ്പണി ചെയ്യുന്നവരിൽ സ്ത്രീകളും, പുരുഷന്മാരും ഏകദേശം തുല്യ രാണ്. മൃഗപരിപാലനത്തിലും, വനവിഭവശേഖരണത്തിലും ഏറ്റവും കൂടുതൽ ഏർപ്പെട്ടിട്ടു ള്ളതും 18–59 വയസ്സ് പ്രായത്തിൽ ഉള്ളവരാണ്. കൂലിപ്പണിയ്ക്കു പോകുന്ന സ്ത്രീകളിൽ ഏറ്റവും കൂടുതൽ ഉള്ളവർ 30–44 വയസ്സ് പ്രയാമുള്ളവരാണ്. 60 വയസ്സിന് മുകളിൽ തൊഴിൽ ചെയ്യുന്നവർ ഈ സമുദായത്തിൽ പുരുഷന്മാരാണ് ഏറ്റവും കൂടുതൽ.

പട്ടിക3.52 **കാട്ടുനായ്ക്കൻ-തൊഴിൽ പ്രായത്തിന്റെ അടിസ്ഥാനത്തിൽ**

| | കൂലി | കൃഷി | വനവിഭവശേഖരണം | സർക്കാർ ഉദ്യോഗസ്ഥർ | മൃഗപരിപാലനം | പ്രൊമോട്ടർ, അംഗനവാടി വർക്കർ, വാച്ചർ, മെന്റർ ടീച്ചർ , മുതലായവ | തൊഴിൽരഹിതർ | |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| 0-4 | 0 | 0 | 0 | 0 | 0 | 0 | 53(4.84%) | 53(4.84%) |
| 05--09 | 0 | 0 | 0 | 0 | 0 | 0 | 68(6.21%) | 68(6.21%0 |
| 10--14 | 0 | 0 | 0 | 0 | 0 | 0 | 128(11.69%) | 128(11.69% |
| 15-17 | 5 (0.46%) | 0 | 0 | 0 | 1 (0.09%) | 0 | 72(6.58%) | 78(7.12%) |
| 18-21 | 26 (2.37%) | 0 | 2 (0.18%) | 0 | 0 | 0 | 66(6.03%) | 94(8.58%) |
| 22-29 | 100 (9.13%) | 2 (0.18%) | 3 (0.27%) | 0 | 2 (0.18%) | 4(0.37%) | 40(3.65%) | 151(13.79%) |
| 30-44 | 180 (16.44%) | 3 (0.27%) | 5 (0.46%) | 0 | 7 (0.46%) | 3(0.27%) | 21(1.92%) | 219(20%) |
| 45-59 | 136 (12.42%) | 3 (0.27%) | 8 (0.73%) | 0 | 11(1.00 % | 1(0.09%) | 30(2.74%) | 189(17.26%) |
| 60+ | 40 (3.65%) | 3 (0.27%) | 1 (0.09%) | 0 | 4(0.37%) | 0 | 67(6.12%) | 115(10.50%) |
| | 486 (44.47%) | 11 (1.00) | 20 (1.83%) | 0 | 24(2.19 %) | 8(0.73%) | 545(49.77%) | 1095(100%) |

## 3.17 റേഷൻകാർഡ്:

പട്ടിക3.53 **റേഷൻകാർഡ്:**

| റേഷൻകാർഡ് | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 629 | 77.84 |
| ഇല്ല | 95 | 11.75 |
| വീടില്ലാത്തവർ | 84 | 10.39 |
| ആകെ | 808 | 100 |

അധിവസിക്കുന്ന പഞ്ചായത്തിൽ റേഷൻകാർഡ് ലഭിച്ചിട്ടുള്ള 629 (77.84%) പേരാണ് ഉള്ളത്. 95 (11.75) പേർക്ക് നിലവിൽ റേഷൻകാർഡില്ലാത്തവരാണ്. മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന്, പൂളകുന്ന്, പഞ്ചമികുന്ന്, വെള്ളക്കെട്ട് സങ്കേതങ്ങളിലും, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി സങ്കേതം, തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി

സങ്കേതം എന്നിവിടങ്ങളിലെല്ലാം അപേക്ഷ നൽകിയിട്ടും റേഷൻകാർഡ് ലഭിക്കാത്തവരുണ്ട്. പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, വിജയൻകുന്ന് സങ്കേതങ്ങളിൽ ആർക്കും റേഷൻകാർഡ് ലഭിച്ചിട്ടില്ല.

**3.18 വനാവകാശം ലഭിക്കുന്നതിനു മുമ്പ് ഭൂമിയുടെ ഉടമസ്ഥത:**

വനാവകാശം ലഭിക്കുന്നതിനു മുമ്പ് ഭൂമിയുടെ മേലുള്ള അവകാശത്തിന്റെ സ്വഭാവം പ്രധാനമായും മൂന്നു തരത്തിലാണ്. തലമുറകളായി പ്രസ്തുത പ്രദേശത്ത് താമസിച്ചു വരുന്നവർ, പുനരധിവസിപ്പിക്കപ്പെട്ടവർ,ഭൂസമരത്തിൽക്കൂടി 2005 ഡിസംബർ 13 ന് മുൻപ് താമസമാക്കിയവർ എന്നിങ്ങനെയാണ്. പഠനം നടത്തിയ 808 സാമ്പിളുകളിൽ 581 (72%) പേർ അധിവസിച്ചു വരുന്ന പ്രദേശത്ത് തലമുറകളായി അധിവസിച്ചു വരുന്നവരാണ്. കൊമ്മഞ്ചേരി കാട്ടുനായിക്കൻ സങ്കേതത്തിലെ 1 ഗുണഭോക്താവ് മാത്രമാണ് പുനരധിവസിപ്പിക്കപ്പെട്ടതായി ഉള്ളത്. കൊമ്മഞ്ചേരി വനത്തിനുള്ളിൽ നിന്നും വനംവകുപ്പിന്റെ നേതൃത്വത്തിൽ പൂതാടി പഞ്ചായത്തിലെ മൂടകൊല്ലി എന്ന പ്രദേശത്തേക്ക് മാറ്റിപ്പാർപ്പിച്ചവരാണ് കൊമ്മഞ്ചേരി കാട്ടുനായിക്ക സങ്കേതവാസികൾ.

,ഭൂസമരത്തിൽക്കൂടി 2005 ഡിസംബർ 13 ന് മുൻപ് നിലവിൽ വനാവകാശപ്രകാരം കൈവശരേഖ ലഭിച്ച ഭൂമിയിൽ അധിവസിച്ചു വരുന്ന 226 (27.9%) കുടുംബങ്ങൾ ആണ്. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, വിജയൻകുന്ന്, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് എന്നീ നാലു സങ്കേതങ്ങളിലാണ് ഇത്തരത്തിൽ അധിവസിച്ചു വരുന്നവർ ഉള്ളത്.

ഏതാണ്ട് 500 ഓളം വർഷങ്ങൾക്ക് മുൻപേ തന്നെ പ്രസ്തുത ദേശത്ത് തലമുറകളായി അധിവസിച്ചു വരുന്നവരാണ് തങ്ങളെന്ന് കൂടല്ലൂർ കുറുമ സങ്കേതത്തിന്റെ മൂപ്പൻ അഭിപ്രായപ്പെട്ടു. 55 വർഷങ്ങളായി നിലവിൽ അധിവസിക്കുന്ന പ്രദേശത്ത് താമസിച്ചു വരുന്ന അയനിമല കുറുമ സങ്കേതം 47 വർഷമായി താമസിക്കുന്ന പൂതാടി പഞ്ചായത്തിലെ ലക്ഷംവീട് സങ്കേതം, തിരുനെല്ലി പഞ്ചായത്തിലെ വെള്ളറോടി, മദ്ധ്യപ്പാടി സങ്കേതങ്ങളെല്ലാം തന്നെ ഇതിനുദാഹരണങ്ങളാണ്.

പട്ടിക : 3.54. **ഭൂമിയുടെ ഉടമസ്ഥത**

| ക്രമനമ്പർ | ഉടമസ്ഥത | എണ്ണം | ശതമാനം |
|---|---|---|---|
| 1 | തലമുറകളായി താമസിച്ചു വരുന്നവർ | 581 | 72 |
| 2 | പുനരധിവാസം | 1 | 0.1 |
| 3 | 2005 ഡിസം.13 ന് മുൻപ് താമസമാക്കിയ ഒക്കത | 224 | 27.9 |
| ആകെ | | 808 | 100 |

### 3.18.1 കൈവശം വച്ചിരുന്ന ഭൂമിയുടെ തരം.

വനാവകാശം ലഭിക്കുന്നതിന് മുൻപ് കരഭൂമി മാത്രം കൈവശം വച്ചിരുന്നത് 80.49%ആണ് . കാട്ടുനായിക്കൻ സമുദായത്തിൽ 79.27% കുടുംബങ്ങളും, പണിയൻ സമുദായത്തിൽ 94% കുടുംബങ്ങളും, കുറിച്ച്യൻ സമുദായത്തിലെ 99% കുടുംബങ്ങളും കരഭൂമി മാത്രം കൈവശമുണ്ടായിരുന്നവരാണ്. മുള്ളുകുറുമൻ സമുദായത്തിലെ 48.45% പേരും ഇത്തരത്തിൽ കരഭൂമി മാത്രം കൈവശമുണ്ടായിരുന്നവരാണ്. 71.08% കുടുംബങ്ങള്ാണ് വെട്ടക്കുറുമൻ സമുദായത്തിലുള്ളത്.

പട്ടിക 3.55 **കൈവശം വച്ചിരുന്ന ഭൂമി:**

| ക്രമനമ്പർ | | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | ഭൂമിയുടെ തരം | കാട്ടു നായിക്കൻ | പണിയൻ | മുള്ളുകു റുമൻ | വെട്ടക്കു റുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| 1 | കര | 241 | 160 | 47 | 59 | 75 | 30 | 8 | 619 | 80.49 |
| 2 | വയൽ | 13 | 7 | 6 | 0 | 0 | 0 | 0 | 26 | 3.38 |
| 3 | കര, വയൽ | 50 | 4 | 44 | 24 | 1 | 0 | 0 | 124 | 16.13 |
| **ആകെ** | | **304** | **171** | **97** | 83 | **76** | **30** | **8** | **769** | **100** |

പരമ്പരാഗതമായി വയൽ കൈവശം വച്ചിരുന്ന 26 (3.38%) കുടുംബങ്ങൾ മാത്രമാണുള്ളത്. കാട്ടുനായിക്കൻ സമുദായത്തിലെ 4% കുടുംബങ്ങളും , പണിയൻ സമുദായത്തിലെ 3.7% വും , മുള്ളുകുറുമൻ സമുദായത്തിലെ 2 % കുടുംബങ്ങളും വയൽ മാത്രമായി കൈവശം വച്ചിരുന്നവരാണ്. കരയും, വയലും കൈവശമുള്ള 124 (16.12%) കുടുംബങ്ങൾ ഉണ്ട് . കാട്ടുനായിക്കൻ സമുദായത്തിലെ 25.72% വും, പണിയ സമുദായത്തിലെ 2.16% വും, വെട്ടക്കുറുമൻ സമുദായത്തിലെ 28% പേരും, മുള്ളുക്കുറുമ സമുദായത്തിലെ 43% കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നു.

എല്ലാ സമുദായത്തിൽപ്പെട്ടവരും വനാവകാശം ലഭിക്കുന്നതിന് മുൻപ് കരഭൂമി കൈവശം വച്ചിരുന്നവരാണ്. അടിയാൻ, തച്ചനാടൻ മൂപ്പൻ സമുദായങ്ങളിലെ 100% കുടുംബങ്ങളും കരഭൂമി മാത്രം കൈവശമുണ്ടായിരുന്നവരാണ്.

## 3.18.2 കൈവശം വച്ചിരുന്ന ഭൂമിയുടെ വിസ്തീർണ്ണം

വനാവകാശനിയമപ്രകാരം കൈവശരേഖ ലഭിക്കുന്നതിനു മുൻപ് കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ് 98.4% ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്. 1.56 ശതമാനം കുടുംബങ്ങൾ മുൻപ് എത്ര ഭൂമി കൈവശം വച്ചിരുന്നു എന്നതിൽ ധാരണയില്ലാത്തവരാണ് . പൂതാടി പഞ്ചായത്തിലെ കേളമംഗലം കാട്ടുനായിക്കൻ സങ്കേതത്തിൽ നിന്നാണ് മേൽപ്പറഞ്ഞ 1.56 ശതമാനം കുടുംബങ്ങൾ മുൻപ് കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ് അറിയില്ല എന്നഭിപ്രായപ്പെട്ടത്. 12 കുടുംബങ്ങളാണ് കേളമംഗലം സങ്കേതത്തിൽ താമസിച്ചു വരുന്നത്. സങ്കേതവാസികൾ അവരുപയോഗിച്ച് വന്ന കരയും, വയലുമടങ്ങിയ ഭൂമി കൂട്ട ഉടമസ്ഥതയിൽ ഉപയോഗിച്ചു വരികയായിരുന്നു. ഓരോ കുടുംബവും കൃത്യമായി വീതിച്ചെടുത്തിരുന്നില്ല. എന്നാൽ , ഏകദേശ ധാരണയിൽ ഭൂമി ഓരോ കുടുംബവും ഉപയോഗിച്ചു വന്നിരുന്നു. വനാവകാശ നിയമപ്രകാരം രേഖ ലഭിക്കുന്നതിനു വേണ്ടി, സ്ഥലം അളന്നതും, ഈ ഏകദേശ കണക്കു പ്രകാരമാണ്.

പട്ടിക3.56 **കൈവശം വച്ചിരുന്ന ഭൂമിയുടെ വിസ്തീർണ്ണം**

| ഭൂമി(സെന്റിൽ) | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|
| 0–04 | 17 | 16 | 0 | 0 | 0 | 1 | 1 | 35 | 4.55 |
| 04–09 | 16 | 7 | 6 | 8 | 2 | 3 | 2 | 44 | 5.72 |
| 10–14 | 26 | 13 | 4 | 9 | 1 | 3 | 0 | 56 | 7.28 |
| 15–19 | 10 | 8 | 0 | 7 | 1 | 0 | 2 | 28 | 3.64 |
| 20–24 | 21 | 4 | 2 | 5 | 3 | 3 | 0 | 38 | 4.94 |
| 25–29 | 25 | 3 | 1 | 6 | 3 | 1 | 1 | 40 | 5.20 |
| 30–34 | 18 | 4 | 3 | 3 | 4 | 2 | 0 | 34 | 4.42 |
| 35–39 | 13 | 6 | 3 | 5 | 8 | 2 | 0 | 37 | 4.81 |
| 40–44 | 15 | 10 | 1 | 8 | 3 | 0 | 0 | 37 | 4.81 |
| 45–49 | 9 | 2 | 4 | 2 | 1 | 2 | 0 | 20 | 2.60 |
| 50–99 | 72 | 48 | 19 | 17 | 31 | 8 | 1 | 196 | 25.49 |
| 100–149 | 33 | 33 | 18 | 10 | 11 | 4 | 1 | 109 | 14.17 |
| 150–199 | 13 | 15 | 15 | 1 | 4 | 0 | 0 | 49 | 6.37 |
| 200–249 | 3 | 2 | 7 | 1 | 3 | 1 | 0 | 17 | 2.21 |
| 250–299 | 1 | 0 | 5 | 1 | 0 | 0 | 0 | 7 | 0.91 |
| 300+ | 0 | 0 | 9 | 0 | 1 | 0 | 0 | 10 | 1.30 |
| വ്യക്തമായി അറിയില്ല | 12 | 0 | 0 | 0 | 0 | 0 | 0 | 12 | 1.56 |
| ആകെ | 304 | 171 | 97 | 83 | 76 | 30 | 8 | 769 | 100 |

അവകാശരേഖ ലഭിച്ച 769 പേരിൽ നിന്നാണ് നേരിട്ട് വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിൽ 12 കുടുംബങ്ങൾ ഭൂമി കൂട്ടുസ്വത്തായി ഉപയോഗിച്ചു വരുന്നതിനാൽ 757 കുടുംബങ്ങൾ കൈവശം വച്ചിരുന്ന ഭൂമിയെ സംബന്ധിച്ച വിവരങ്ങളാണ് മേൽപ്പറഞ്ഞ ടേബിളിൽ നൽകിയിട്ടുള്ളത്. പ്രസ്തുത 12 കുടുംബത്തിനും അവർ കൈവശം വച്ചിരുന്ന ഭൂമിയെ കുറിച്ച് അറിവില്ല.

ഒരു സെന്റ് ഭൂമി പോലും, തികച്ച് കൈവശമില്ലാതിരുന്നവരും, 5 ഏക്കറു വരെ ഭൂമി ഉപയോഗിച്ചിരുന്നവർ വരെ പഠനത്തിന് വിധേയമാക്കിയവരിൽ ഉണ്ട്. ഒരു സെന്റിൽ താഴെ മാത്രം ഭൂമി കൈവശം വച്ചിരുന്നത് കാട്ടുനായിക്കൻ, പണിയൻ സമുദായങ്ങളിലെ രണ്ട് കുടുംബങ്ങളാണ്. 5 സെന്റിൽ താഴെ ഭൂമി കൈവശമുണ്ടായിരുന്നത് 4.55%കുടുംബങ്ങൾക്കാണ്. പണിയൻ, കാട്ടുനായിക്കൻ, അടിയാൻ , തച്ചനാടൻ മൂപ്പൻ എന്നീ സമുദായങ്ങളിൽ മാത്രമാണ് 5 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുണ്ടായിരുന്ന കുടുംബങ്ങളെ കാണാൻ സാധിച്ചത്.

ഒരേക്കർ മുതൽ രണ്ടേക്കർ വരെ ഭൂമി കൈവശം വച്ചിരുന്നു എന്നഭിപ്രായപ്പെട്ടത് കാട്ടുനായിക്കൻ സമുദായത്തിലെയും, പണിയൻ സമുദായത്തിലെയും 50 കുടുംബങ്ങളാണ്. അടിയാൻ സമുദായത്തിൽ 1-2 ഏക്കറിനുള്ളിൽ ഭൂമി കൈവശമുണ്ടായിരുന്നത് 1 കുടുംബത്തിനും, വെട്ടക്കുറുമൻ സമുദായത്തിലെ 11 കുടുംബങ്ങൾക്കുമാണ്. മുള്ളുകുറുമൻ സമുദായത്തിൽ 33 ഉം , കുറിച്ച്യൻ സമുദായത്തിലെ 42 ഉം കുടുംബങ്ങളാണ് 1 ഏക്കർ മുതൽ 2 ഏക്കർ വരെ ഭൂമി കൈവശം വച്ചിരുന്നത്.

കാട്ടുനായിക്കൻ സമുദായത്തിലെ 4 ഉം, പണിയൻ, വെട്ടക്കുറുമൻ സമുദായത്തിലെ 2 വീതം കുടുംബങ്ങളും മാത്രമാണ് 2 ഏക്കറിനു മുകളിൽ ഭൂമി കൈവശം വച്ചിരുന്നത്. തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 1 കുടുംബം മാത്രമാണ് 2 ഏക്കറിനു മുകളിൽ ഭൂമി കൈവശം വച്ചിരുന്നത്. മുള്ളുകുറുമൻ സമുദായത്തിലെ 21 കുടുംബങ്ങളാണ് 2 ഏക്കറിനുള്ളിൽ ഭൂമി കൈവശം വച്ചിരുന്നത്. കുറിച്ച്യൻ സമുദായത്തിൽ ഇത്തരത്തിൽ അഭിപ്രായപ്പെട്ടത് 4 കുടുംബങ്ങളാണ്.

കൂടുതൽ കുടുംബങ്ങളും 50 സെന്റിനു മുകളിലും, 1 ഏക്കറിൽ താഴെയും ഭൂമി കൈവശമുണ്ടായിരുന്നവരാണ്. 194 കുടുംബങ്ങളാണ് ഇത്തരത്തിൽ ഉണ്ടായിരുന്നത്. 3 ഏക്കറും, അതിനു മുകളിലും ഭൂമി കൈവശം വച്ചിരുന്നവർ മുള്ളുകുറുമൻ സമുദായത്തിലും, കുറിച്ച്യൻ സമുദായത്തിലും മാത്രം ഉൾപ്പെടുന്ന കുടുംബങ്ങളാണ്. കുറിച്ച്യൻ സമുദായത്തിലെ 1 കുടുംബവും, മുള്ളുക്കുറുമൻ സമുദായത്തിലെ 7 കുടുംബങ്ങളുമാണ് 3 ഏക്കറിനു മുകളിൽ ഭൂമി കൈവശം വച്ചിരുന്നത്.

വനാവകാശ നിയമ പ്രകാരം ഒരു വ്യക്തിക്കോ കുടുംബത്തിനോ നല്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം 4 ഹെക്ടർ ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ആദിവാസി

ജീവിതത്തെ മനസിലാക്കികൊണ്ടാണ് ഭൂമിയുടെ അളവ് നിശ്ചയിച്ചിരിക്കുന്നത്. വീട് ഇരിക്കുന്ന സ്ഥലം മാത്രം നല്കിയത് വനാവകാശ നിയമത്തിന്റെ നഗ്നമായ ലംഘനമാണ്. മാത്രമല്ല ഗ്രാമസഭയുടെ മുഖ്യമായ പങ്കിനെ അവഗണിച്ചുകൊണ്ട് എടുത്തിട്ടുള്ള തീരുമാനം നീതികരിക്കുവാൻ സാധിക്കുകയില്ല.

# അദ്ധ്യായം 4

## വനാവകാശനിയമം വയനാട് ജില്ലയിൽ

കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടിക ഗോത്രവർഗ്ഗ ജനത അധിവസിക്കുന്ന ജില്ലയാണ് വയനാട്. മറ്റെവിടെയും എന്നപോലെ വയനാട് ജില്ലയിലും ഇവരിൽ നാലിൽ ഒരു വിഭാഗം വനത്തിനുള്ളിലും , വനത്തോട് ചേർന്ന പ്രദേശങ്ങളിലുമാണ് ജീവിച്ചുപോരുന്നത് (23.39%). വനത്തിനുള്ളിൽ അന്യരെപോലെയും അനധികൃതകൈയ്യേറ്റക്കാരെ പോലെ ജീവിച്ചുപോന്നിരുന്ന ഈ വിഭാഗത്തിന് ആത്മവിശ്വാസവും, അവകാശബോധവും പ്രദാനം ചെയ്യുന്നതിന് വനവകാശ നിയമത്തിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. . കാട് എന്ന ആവാസ വ്യവസ്ഥയുടെ അവിഭാജ്യഘടകമായിട്ടാണ് , അതിനുള്ളിലെ ഗോത്രവർഗ്ഗ ജനതയെ കാണുക . അവരുടെ അവകാശങ്ങൾ അംഗീകരീക്കുന്നതിലൂടെ ആ ആവാസവ്യവസ്ഥയെ തന്നെയാണ് സംരക്ഷിക്കുകയും , പരിപോഷിപ്പിക്കുകയും ചെയ്യുന്നത് എന്ന് തിരിച്ചറിയുക എന്നീ ആശയങ്ങൾ തന്നെയാണ് വനവകാശനിയമത്തിന്റെ അന്തർധാര. ഈ നിയമം നടപ്പാക്കിയതിലൂടെ വനവാസികളായ (Forest Dwellers) പട്ടിക ഗോത്രവർഗ്ഗ ജനതയുടെ ജീവിതത്തിലും അവബോധത്തിലും , അവകാശബോധത്തിലും എത്രത്തോളം മാറ്റമുണ്ടായി എന്ന അന്വേഷണം നിയമനിർമ്മാണത്തിന്റെ ദശാംബ്ദം പൂർത്തിയാവുന്ന ഈ അവസരത്തിൽ വളരെയധികം പ്രസക്തമാണ്.

വനം വന്യജീവി, റവന്യൂ, പട്ടികവർഗ്ഗ വികസനം , തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനത്തിൽ വളരെയധികം മുന്നേറാൻ വയനാട് ജില്ലയിൽ കഴിഞ്ഞിട്ടുണ്ട്. ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം ജില്ലാതല കമ്മിറ്റിയും(DLC) സബ്ഡിവിഷണൽ തല കമ്മിറ്റിയും(SDLC) യഥാസമയം തന്നെ രൂപീകരിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതിന് ജില്ലയിൽ സാധിച്ചിട്ടുണ്ട്. ചട്ടത്തിൽ അനുശാസിക്കുന്ന വിധം കേരള സർക്കാരിന്റെ 03/06/2008 ലെ എം.എസ്./62/08 നമ്പർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിൽ സബ്കളക്ടർ/ റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ സബ് ഡിവിഷണൽതല കമ്മിറ്റിയും, ജില്ലാ കള ക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് എന്ന് (06/07/2017) ൽ മാനന്ത വാടി സബ്-കളക്ടർ ഓഫീസിൽ നിന്ന് നേരിട്ട് വിവരം ശേഖരിച്ചതിൽ നിന്ന് വ്യക്തമാക്കി യിട്ടുണ്ട്.

സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ ചുമതലകൾ

- വനാവകാശ രേഖ ലഭിക്കുന്നവരുടേയും ഗ്രാമസഭയുടേയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഗ്രാമസഭകൾക്ക് വേണ്ട വിവരങ്ങൾ നൽകുക. (ഉദാ: വനം-വന്യജീവി-ജൈവവൈവിധ്യ സംരക്ഷണത്തിനും പരിരക്ഷണത്തിനും ആവശ്യമായ നിർദ്ദേശങ്ങളും വിവരങ്ങളും ഗ്രാമസഭകൾക്ക് നൽകുക തുടങ്ങിയവ)
- വനം/ റവന്യൂ ഭൂരേഖാ ചിത്രങ്ങളും തെരെഞ്ഞെടുപ്പു പത്രികകളും ആവശ്യാനുസരണം ഗ്രാമസഭകൾക്ക് ലഭ്യമാക്കുക.
- ഗ്രാമസഭാടിസ്ഥാനത്തിൽ വനാവകാശങ്ങൾ സംബന്ധിച്ച ഭൂരേഖാ ചിത്രങ്ങൾ സമാഹരിക്കുക.
- ബന്ധപ്പെട്ട ഗ്രാമസഭകളുടെ എല്ലാ പ്രമേയങ്ങളും ക്രോഡീകരിക്കുക.
- അധികാരപരിധിയിൽ വരുന്ന ഗ്രാമസഭകൾ സമർപ്പിക്കുന്ന വനാവകാശ ശുപാർശകൾ ബ്ലോക്ക്/ താലൂക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിക്കുക.
- ഗ്രാമസഭകൾ തമ്മിലുള്ള അവകാശ തർക്കങ്ങൾക്ക് മദ്ധ്യസ്ഥം വഹിച്ച് രമ്യമായി പരിഹരിക്കുവാൻ സഹായിക്കുക.
- അയൽ സബ്ഡിവിഷണൽ സമിതികളുമായി സംയോജിച്ച് പ്രവർത്തിക്കുക.
- പരാതികൾ കേട്ട് ആവശ്യായ അന്വേഷണങ്ങൾക്കു ശേഷം പരിഹാരം നിർദ്ദേശിക്കുക.
- വനാവകാശ നിയമം, ചട്ടങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ അവബോധം വളർത്തുക.
- വനാവകാശ അപേക്ഷാ ഫോറങ്ങൾ ലഭ്യമാക്കുക.
- ഗ്രാമസഭാ യോഗങ്ങൾ യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- സബ്ഡിവിഷണൽ ഓഫീസർ ഗ്രാമസഭയുടെ വനാവകാശ ശുപാർശകൾ പരിശോധിച്ച് ബോധ്യമായ വസ്തുതകൾ രേഖപ്പെടുത്തി ജില്ലാ സമിതിയ്ക്ക് സമർപ്പിക്കുക

ജില്ലാ സമിതിയുടെചുമതലകൾ

- വനാവകാശങ്ങൾ സംബന്ധിച്ച് അന്തിമ തീർപ്പു കൽപ്പിച്ച് രേഖകൾ നൽകുക.
- ആവശ്യമായ എല്ലാ രേഖകളും വിവരങ്ങളും വനാവകാശി സമൂഹങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- വനാശ്രിത ആദിമ സമൂഹങ്ങൾക്ക് അവരുടെ അധിവാസ മേഖലകളിലുള്ള അവകാശങ്ങൾ ലഭ്യമായെന്ന് ഉറപ്പാക്കുക.
- മറ്റു ജില്ലാ സമിതികളുമായി ചേർന്ന് ജില്ലാതീത വനാവകാശ പ്രശ്നങ്ങൾ പരിഹരിക്കുക.
- പരാതികൾ കേട്ട് ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം പരിഹാരങ്ങൾ നിർദ്ദേശിക്കുക(സബ് ഡിവിഷണൽ സമിതിയുടെ തീരുമാനം പൊതുവായി പ്രദർശിപ്പിച്ചതിനുശേഷം അതിന്മേൽ പരാതികളുണ്ടെങ്കിൽ സമർപ്പിക്കാൻ 60 ദിവസം കൊടുക്കണം).

ആകെയുള്ള 26 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കൽപ്പറ്റ ഐ.റ്റി.ഡി.പി ക്ക് കീഴിൽ വരുന്ന കൽപ്പറ്റ മുനിസിപ്പാലിറ്റി , വൈത്തിരി, പടിഞ്ഞാറത്തറ, പൊഴുതന, മുട്ടിൽ, മേപ്പാടി, മുപ്പെയ്നാട് എന്നീ പഞ്ചായത്തുകളും, സുൽത്താൻബത്തേരി ടി.ഡി.ഒ ക്ക് കീഴിൽ വരുന്ന സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി, മീനങ്ങാടി, പുൽപ്പള്ളി, പൂതാടി, നൂൽപ്പുഴ പഞ്ചായത്തുകളും, മാനന്തവാടി ടി.ഡി.ഒ ക്ക് കീഴിൽ വരുന്ന തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട, പനമരം എന്നിങ്ങനെ രണ്ട് മുനിസിപ്പാലിറ്റികളിലും, 15 പഞ്ചായത്തുകളിലുമാണ് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്.

ആകെ 4458 അപേക്ഷകരെയാണ് വനാവകാശരേഖയ്ക്കായി സബ് ഡിവിഷണൽതല കമ്മിറ്റിയിൽ നിന്നും ശിപാർശചെയ്തിട്ടുള്ളത്. കാട്ടുനായിക്കൻ, പണിയൻ, മുള്ളുകുറുമൻ, കുറിച്ച്യൻ, അടിയാൻ, തച്ചനാടൻ മൂപ്പൻ, വെട്ടക്കുറുമൻ, വയനാട്കാടർ, എന്നീ സമുദായങ്ങളിൽപ്പെടുന്നവരാണ് അപേക്ഷകർ

## 4.1. ഊരുസഭയുടെ രൂപീകരണവും പങ്കാളിത്തവും

**ഗ്രാമസഭ/ ഊരുസഭയുടെ ചുമതലകൾ**

- വനാവകാശ സമിതിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിച്ച് തുടർനടപടികളെടുക്കുക.
- വനാവകാശത്തിനായുള്ള അപേക്ഷകളുടെ പകർപ്പ് പൊതു അറിവിലേയ്ക്കായി പരസ്യപ്പെടുത്തുകയും, വിശദ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുക.
- വനം- റവന്യൂ വകുപ്പുകളുടേയും സബ്ഡിവിഷണൽ സമിതിയുടേയും
- സഹായത്തോടുകൂടി അപേക്ഷകൾ പരിശോധിച്ച് വനാവകാശം സംബന്ധിച്ച ഭൂമിയുടെ കരട് മാപ്പ് തയ്യാറാക്കുക.
- വനാവകാശ അപേക്ഷകൾ തരുന്നവർക്കും ബന്ധപ്പെട്ട അധികാരികൾക്കും വിവരങ്ങൾ ബോധ്യപ്പെടുത്താനുള്ള അവസരം നൽകിക്കൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളുക.
- വനാവകാശികളുടെ പുനരധിവാസം ആവശ്യമെങ്കിൽ പരിപാടികളുടെ ഉള്ളടക്കം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുക.
- വനാവകാശ അപേക്ഷകളിന്മേൽ പ്രമേയം പാസ്സാക്കി ആയത് സബ്ഡിവിഷണൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചു കൊടുക്കുക; കൂടാതെ,
- വനാവകാശ നിയമത്തിന്റെ സെക്ഷൻ-5 അനുസരിച്ച് വനം- വന്യജീവി- ജൈവവൈവിധ്യ സംരക്ഷണബാധ്യതകൾ നിറവേറ്റാനായി സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതും ഗ്രാമസഭകളുടെ ചുമതലകളിൽ പെടും

വനാവകാശ നിയമത്തിൽ ഗ്രാമസഭ എന്നാണ് പറഞ്ഞിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിനെ കുറിച്ചുള്ള നിയമത്തിലും ഗ്രാമസഭ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ 2003 മുതൽ ഗ്രാമസഭ എന്നത് ഗോത്രവർഗ്ഗവിഭാഗക്കാരെ സംബന്ധിച്ച് ഊരുക്കൂട്ടം എന്ന പേരിലാണ് പരിഗണിയ്ക്കപ്പെട്ടിട്ടുള്ളത്. ആയതുകൊണ്ട് ഊരുക്കൂട്ടം/ഊരുസഭ എന്നാണ് ഈ റിപ്പോർട്ടിൽ ഉപയോഗിച്ചിച്ചിട്ടുള്ളത്. വനാവകാശവുമായി ബന്ധപ്പെട്ട ഊരുസഭയുടെ രൂപീകരണം, സങ്കേതവാസികളുടെ പങ്കാളിത്തം, ഊരുസഭയുടെ പ്രവർത്തനം എന്നിവയാണ് വിശകലന വിധേയമാക്കിയത്. വനാവകാശനിയമത്തെ കുറിച്ച് സങ്കേതവാസികൾക്ക് പ്രാഥമിക

വിവരങ്ങൾ നൽകാൻ ഊരുസഭ വിളിച്ചു കൂട്ടിയിട്ടുണ്ടോ എന്നും, സങ്കേതവാസികൾ പ്രസ്തുത ഊരുസഭയിൽ പങ്കെടുത്തിരുന്നോ എന്നതും പഠനവിധേയമാക്കിയിരുന്നു. പഠനത്തിലുൾപ്പെട്ട പകുതിയിലധികം ഗുണഭോക്താക്കളും അവകാശം നൽകുന്നതിൽ ഊരുസഭ രൂപീകരിച്ചതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഊരുസഭ നടന്നിട്ടില്ല എന്നു പറഞ്ഞതിനെക്കാൾ ഊരുസഭയെ കുറിച്ച് അറിവില്ലാത്തവരാണ് കൂടുതൽ. ഊരുസഭ നടന്നിട്ടുള്ളതിനെ സംബന്ധിച്ചും അവഗാഹം ഉള്ളതും, അതിൽ പങ്കെടുത്തിട്ടുള്ളതും കൂടുതൽ ഉള്ളത് , താരതമ്യോന മുന്നാക്കം നില്ക്കുന്നത് കുറ്യച്ച്യൻ സമുദായക്കാരാണ്. എറ്റവും പിന്നാക്കം നില്ക്കുന്നത് വെട്ടകുറുമൻ, അടിയാൻ സമുദായക്കാരാണ് . ഊരുസഭയുടെ രൂപീകരണം, ഊരിൽ ഊരുസഭ കൂടിയിട്ടുണ്ടോ , അതിലെ പങ്കാളിത്തം എന്നിവ സമുദായടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള പട്ടികകളിൽ കൊടുത്തിട്ടുണ്ട് .

പട്ടിക:4.1 **ഊരുസഭ രൂപീകരണം-അറിവ് (സമുദായടിസ്ഥാനത്തിൽ)**

| ക്രമ നംമ്പർ | രൂപീകരണം | സമുദായങ്ങൾ | | | | | | | **ആകെ** |
|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| | | കാട്ടുനായക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| 1 | ഉ്ണ്ട് | 181 (59.54%) | 96 (56.14%) | 62 (63.92% | 35 (42.17%) | 72 (94.74%) | 22 (73.33%) | 3 (37.5%) | 471 (61.25%) |
| 2 | ഇല്ല | 14 (4.61%) | 2 (1.17%) | 1 (1.03%) | 10 (12.05%) | 0 | 0 | 1 (12.5%) | 28 (3.64%) |
| 3 | അറിയില്ല | 109 (35.86%) | 73 (42.69%) | 34 (35.05%) | 38 (45.78%) | 4 (5.26%) | 8 (26.67%) | 4 (50%) | 270 (35.11%) |
| **ആകെ** | | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) |

വനാവകാശവുമായി ബന്ധപ്പെട്ട ഊരുസഭ ഊരിൽ രൂപീകരിച്ചതായും , നടന്നിട്ടുണ്ടെന്നും 61.2 ശതമാനം അഭിപ്രായപ്പെട്ടിട്ടുണ്ട്.നെയ്ക്കുപ്പ മണൽവയൽ, നെല്ലേരി, നടുവിൽമുറ്റം, പനവല്ലി മിച്ചഭൂമി ,, വിജയൻകുന്ന്, കൃഷ്ണൻകുന്ന്, കോളയോട്ട് കുറുമ, താഴെ തലപ്പുഴ തുടങ്ങിയവ ഊരുസഭ രൂപീകരിച്ച സങ്കേതങ്ങൾക്ക് ഉദാഹരണങ്ങളാണ്. ചന്ദ്രോത്ത്,

മണ്ണുണ്ടി, കരിയാത്തൻപാറ, കരടിമാട്, കൂപ്പ് തുടങ്ങിയ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾ തങ്ങളുടെ ഊരിൽ ഊരുസഭ രൂപീകരിക്കുകയോ, നടന്നിട്ടോ ഇല്ലെന്ന് പറയുന്നു. എന്നാൽ, മദ്ധ്യപാടി, ചുക്കാലിക്കുനി, കൂപ്പ്, മൊടവങ്കര, തിരുമുഖം ഊരാളി , ലക്ഷംവീട്, എടത്തറ, നച്ചുകണ്ടി, എന്നീ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് ഊരുസഭയെ കുറിച്ച് യാതൊരറിവുമില്ല. തങ്ങളുടെ ഊരിൽ ഊരുസഭ രൂപീകരിച്ചതായോ, ഊരിൽ വനാവകാശ വുമായി ബന്ധപ്പെട്ട് ഊരുസഭ നടന്നതായോ സങ്കേതവാസികൾക്ക് അറിവില്ല.

പട്ടിക:4.2 **ഊരുസഭയിലെ പങ്കാളിത്തം**

| ക്രമ നം | സമുദായ ങ്ങൾ | ആകെ അറിവുള്ളവർ | ഊരുസഭയിലെ പങ്കാളിത്തം | |
|---|---|---|---|---|
| | | | ഉണ്ട് | ഇല്ല |
| | | *1* | 2 | 4 |
| 1 | കാട്ടുനായിക്കൻ | *181* | 166 | 15 |
| 2 | പണിയൻ | 96 | 86 | 10 |
| 3 | മുള്ളുകുറുമൻ | 62 | 57 | 5 |
| 4 | വെട്ടക്കുറുമൻ | 35 | 34 | 1 |
| 5 | കുറിച്ച്യൻ | 75 | 71 | 1 |
| 6 | തച്ചനാടൻ മൂപ്പൻ | 22 | 22 | 0 |
| 7 | അടിയാൻ | 3 | 3 | 0 |
| **8** | **ആകെ** | 471 | 439 (93.21%) | 32 (6.79%) |

ഊരുസഭയെ കുറിച്ച് അറിയാം, രൂപീകരിച്ചിട്ടുണ്ട് എന്ന് പറഞ്ഞ 471 പേരുടെ പങ്കാളിത്തത്തെ കുറിച്ചാണ് പട്ടിക 4.2 ൽ നൽകിയിട്ടുള്ളത്. ആയതിൽ 61.25% ത്തിൽ 93.21% ആണ് പങ്കെടുത്തിട്ടുള്ളത്.

### 4.1.1സൂക്ഷ്മപഠനങ്ങൾ

### 4. സി.1 ഊരുസഭ നടന്നിട്ടില്ലാത്ത സങ്കേതം: ചേകാടി ചക്കിണി

തിരുനെല്ലി പഞ്ചായത്തിലുൾപ്പെട്ട തിരുനെല്ലി – കാട്ടിക്കുളം പ്രധാന പാതയ്ക്കരികിൽ വനത്തിനോട് ചേർന്നുള്ള സങ്കേതമാണ് ചേകാടി ചക്കിണി. 28 അടിയ കുടുംബങ്ങളും, 11 കാട്ടുനായിക്കൻ കുടുംബങ്ങളുമാണ് ഇവിടുള്ളത്. സങ്കേതമുൾപ്പെടുന്ന ഭൂമി റവന്യൂഭൂമിയാണ്. റവന്യൂഭൂമി കൈവശമില്ലാതിരുന്ന നാല് കുടുംബങ്ങൾക്ക്

വനംവകുപ്പ് വനാവകാശനിയമത്തിലുൾപ്പെടുത്തി ഭൂമി അളന്നു നൽകുകയായിരുന്നു. ഇതിനായി പ്രത്യേകം ഊരുസഭ രൂപീകരിക്കുകയോ, വനാവകാശസമിതി രൂപീകരിക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഗുണഭോക്താക്കൾ പറയുന്നത്. നാല് പേർക്കായി ഭൂമി അളന്നെങ്കിലും ഒരു കുടുംബത്തിന് രേഖ ലഭിച്ചിട്ടില്ല. അടിയ സമുദായത്തിൽപ്പെട്ട മൂന്നു പേർക്ക് വീട് നിർമ്മിക്കാനുള്ള ഭൂമി മാത്രമാണ് രേഖ സഹിതം അവകാശം നൽകിയിട്ടുള്ളത്.

**4. സി.2 . ഊരുസഭയെ കുറിച്ച് അറിവില്ലാത്തത്-നച്ചുകണ്ടി**

തിരുനെല്ലി പഞ്ചായത്തിലെ മുള്ളൻകൊല്ലിക്കടുത്ത പരമ്പരാഗതമായി വെട്ടക്കുറുമ വിഭാഗത്തിലുള്ളവർ താമസിക്കുന്ന സങ്കേതമാണ് നച്ചുകണ്ടി. ആറ് കുടുംബങ്ങൾക്കാണ് വനാവകാശനിയമപ്രകാരം പ്രസ്തുത സങ്കേതത്തിൽ നിന്ന് കൈവശരേഖ ലഭിച്ചിരിക്കുന്നത്. എന്നാൽ, വനാവകാശരേഖയ്ക്കായി അപേക്ഷ സമർപ്പിച്ചതോ , ഇതിനായി ഊരുസഭ, വനാവകാശസമിതി എന്നിവ രൂപീകരിച്ചതായോ, മീറ്റിംഗ് ചേർന്നതായോ സങ്കേതവാസികൾക്ക് അറിവില്ല. വനാവകാശ നിയമത്തെ കുറിച്ചും സങ്കേതവാസികൾ അജ്ഞരാണ്.

## 4.2.വനാവകാശസമിതി രൂപീകരണവും, പങ്കാളിത്തവും

**വനാവകാശസമിതി യുടെ ചുമതലകൾ**

- വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അതു സംബന്ധിച്ച അപേക്ഷ 90 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം.(കുറിപ്പ്: ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ, കാലതാമസം വരുന്ന പക്ഷം കൃത്യമായ കാരണം ബോദ്ധ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകാൻ അല്പം കൂടി സമയം അനുവദിക്കാവുന്നതാണ്) എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ 23/07/2012 ലെ നിർദ്ദേശപ്രകാരം വനാവകാശം സ്ഥാപിച്ചു കിട്ടുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിക്കാൻ പാടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വനാവകാശം സംബന്ധിച്ച് ഇതേവരെ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക് എത്രയും പെട്ടെന്ന് വനാവകാശ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശസമിതിയുടെ ചെയർമാനോ/സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വെയ്ക്കണം.
- അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം.
- അപേക്ഷകനേയും വനം വകുപ്പിനേയും മുൻകൂട്ടി അറിയിച്ചതിനുശേഷം

നേരിട്ടു പോയി അവരുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധനകളും തെളിവെടുപ്പുകളും നടത്തണം.

- തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടേയും സാക്ഷികളുടേയും സാന്നിധ്യത്തിൽ നടത്തിയെന്നുറപ്പാക്കണം.
- റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമുദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം.
- വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി തുറന്ന് സംവദിച്ചതിനുശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പു വരുത്തണം.
- അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്ന പക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ കൂടിയാലോചിച്ച്അതിരുകൾ നിശ്ചയിക്കുകയും തീരമാനങ്ങൾ എടുക്കുകയും വേണം.

വനാവകാശനിയമത്തിന്റെ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന സംവിധാനങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടത് വനാവകാശസമിതി അഥവാ എഫ്.ആർ.സി ആണ്.. എഫ്.ആർ.സി മുഖാന്തിരമാണ് അവകാശം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ പരിശോധിച്ച് ഗ്രാമസഭയ്ക്ക് സമർപ്പിക്കേണ്ടതും,സങ്കേതവാസികൾ കൈവശം വച്ചിരുന്ന ഭൂമി അളക്കുന്നതിനും സങ്കേതത്തിനായുള്ള സാമൂഹിക , വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾക്ക് അപേക്ഷ നൽകുന്നതിലും, അവ ലഭ്യമാക്കുന്നതിലുമെല്ലാം പ്രാരംഭ നടപടികൾ ചെയേണ്ടത് വനാവകാശസമിതിയാണ്.

2008 ജൂലൈ, ആഗസ്ത് മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്ന് ഫോറസ്റ്റ് റൈറ്റ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നെങ്കിലും ഗ്രാമസഭകളിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം തികയാതെ വന്നതിനാൽ 27/08/08 ലെ SC/ST വകുപ്പിന്റെ 14173/08/ ഡി2 നമ്പർ കത്ത് പ്രകാരം ആയത് റദ്ദ് ചെയ്ത് വീണ്ടും ഊരുകൂട്ടം കൂടി വയനാട് ജില്ലയിൽ 17 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലുമായി 109 വനാവകാശസമിതി കൾ രൂപീകരിച്ചിട്ടുണ്ടെന്ന് സബ്-കളക്ടർ ഓഫീസിൽ നിന്ന് അറിയിച്ചു. ആയതു പ്രകാരം രൂപീകരിച്ച വനാവകാശസമിതി കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക:4.3 വനാവകാശസമിതി**

| ക്രമ നമ്പർ | പഞ്ചായത്ത് | താലൂക്ക് | FRC യുടെ എണ്ണം |
|---|---|---|---|
| 1 | നൂൽപ്പുഴ | സുൽത്താൻ ബത്തേരി | 17 |
| | മീനങ്ങാടി | | 2 |
| | സുൽത്താൻ ബത്തേരി | | 5 |
| | പുൽപ്പള്ളി | | 9 |
| | പൂതാടി | | 14 |
| 2 | കൽപ്പറ്റ മുനിസിപ്പാലിറ്റി | വൈത്തിരി | 2 |
| | മേപ്പാടി | | 14 |
| | മുപ്പൈനാട് | | 07 |
| | മുട്ടചന്റ | | 02 |
| | വൈത്തിരി | | 02 |
| | പൊഴുതന | | 04 |
| | പടിഞ്ഞാറത്തറ | | 01 |
| | തരിയോട് | | 04 |
| 3 | തിരുനെല്ലി | മാനന്തവാടി | 12 |
| | തൊണ്ടർനാട് | | 5 |
| | വെള്ളമുണ്ട | | 2 |
| | തവിഞ്ഞാൽ | | 6 |
| | പനമരം | | 1 |
| | | ആകെ | 109 |

സബ് ഡിവിഷണൽ സമിതിയുടെ ആദ്യത്തെ മീറ്റിംഗ് 9/11/2009 ൽ ആണ് നടന്നത്. സബ്കളക്ടർ ആയിരുന്നു അദ്ധ്യക്ഷൻ. 4 FRC യിൽ നിന്നുള്ള 107 അവകാശവാദങ്ങൾ പരിശോധിച്ച് തവിഞ്ഞാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പെരിയ, ബേഗൂർ റേഞ്ചിലെ ഫോറസ്റ്റ് ഓഫീസർമാർ, തവിഞ്ഞാൽ, പേരിയ വില്ലേജ് ഓഫീസർമാർ, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ പരിശോധിച്ച് അന്തിമ പരിഗണനയ്ക്കായി ജില്ലാതല കമ്മിറ്റിയ്ക്കു അയച്ചു കൊടുക്കുകയും ചെയ്തു. 22.03.2011 വരെ സബ് ഡിവിഷണൽ സമിതി യോഗം ചേർന്ന് പരിഗണിച്ച അവകാശങ്ങളുടെ എണ്ണം , FRC യുടെ പേര്, യോഗം ചേർന്ന തീയതി, യോഗത്തിൽ പങ്കെടുത്തവർ എന്നിവ **<u>അനുബന്ധം6</u>** ആയി ചേർത്തിട്ടുണ്ട്.

ഒന്നോ, ഒന്നിലധികം സങ്കേതങ്ങളോ ഒരു വനാവകാശസമിതിക്ക് കീഴിലുണ്ടാവും.234 സങ്കേതങ്ങൾക്കും വേണ്ടി 109 വനാവകാശസമിതികളാണ് രൂപീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് കൂടല്ലൂർ കുറുമ വനാവകാശസമിതിയുടെ കീഴിൽ വരുന്ന സങ്കേതങ്ങളാണ് കൂടല്ലൂർ കുറുമ, ലക്ഷംവീട് , കൊമ്മൻചേരി എന്നി സങ്കേതങ്ങൾ. വനാവകാശ സമിതിയുടെ പ്രവർത്തനങ്ങൾ , ഉത്തരവാദിത്തങ്ങൾ തുടങ്ങിയവയെ കുറിച്ച് നിയമ

ത്തിന്റെ നാലാം അധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ, വനാവകാശസമിതിയെ സംബന്ധിച്ചോ, സമിതിയുടെ രൂപീകരണത്തെ സംബന്ധിച്ചോ വ്യക്തിഗതാവകാശം ലഭിച്ചവരിൽ അവബോധം ഇല്ലെന്നാണ് പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഉദാഹരണം ചന്ത്രോത്ത് സങ്കേതം

**4.2.1.സൂക്ഷ്മപഠനം-1**

**4. സി.3 ചന്ത്രോത്ത്:**

പുൽപ്പള്ളി പഞ്ചായത്തിലെ ചേകാടിയിൽ പരമ്പരാഗതമായി കാട്ടുനായിക്കൻ വിഭാഗത്തിലുള്ളവർ താമസിക്കുന്ന സങ്കേതമാണ് ചന്ത്രോത്ത്. വനാവകാശ നിയമ പ്രകാരം കൈവശരേഖ ലഭിച്ച കുടുംബങ്ങളാണ് ഇവിടെയുള്ളത്. എന്നാൽ, സങ്കേതത്തിലെ ആർക്കും തന്നെ, കൈവശരേഖ എന്താണെന്നോ, അതിന്റെ നിയമവശങ്ങളെ കുറിച്ചോ യാതൊരറിവുമില്ല. എല്ലാ കുടുംബങ്ങൾക്കും, വീടിരിക്കുന്ന ഭൂമി മാത്രം താമസയിടത്തിൽ ഉൾപ്പെടു

ത്തിയാണ് അവകാശം നൽകിയിരിക്കുന്നത്. അതിനാൽ പ്രസ്തുത ഭൂമിയിൽ കൃഷിയില്ല.

കൈവശരേഖ ഗുണഭോക്താക്കളുടെ പക്കലുണ്ടെങ്കിലും അത് ലഭ്യമാക്കുന്നതിനായി സങ്കേതത്തിൽ ഊരുസഭ കൂടുകയോ, വനാവകാശസമിതി രൂപികരിക്കുകയോ ചെയ്തിട്ടില്ല എന്ന് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നു. വനാവകാശസമിതി രൂപീകരിച്ചിട്ടില്ല എന്നും സാമൂഹ്യ, വികസന ആവശ്യങ്ങൾക്കായി അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ല എന്നുമാണ് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്. പ്രൊമോർട്ടറുമായി ആശയവിനിമയം നടത്തിയപ്പോഴും, സങ്കേതത്തിൽ വനാവകാശസമിതിയില്ലെന്നും, ആരും അംഗങ്ങളായിട്ടില്ലെന്നുമാണ് മറുപടി ലഭിച്ചത്.

പഠനത്തിന് വിധേയമാക്കിയവരിൽ 28.30% ന് മാത്രമാണ് ഇത്തരത്തിലുള്ള സമിതികൾ സങ്കേതങ്ങളിൽ രൂപികരിച്ചിട്ടുണ്ടെന്ന അറിവ് ഉള്ളത്. അതിൽ തന്നെ മുള്ളുകുറുമൻ, കുറിച്ച്യൻ, സമുദായത്തിൽപ്പെട്ടവർക്കാണ് ഇതിനെകുറിച്ചുള്ള അറിവ് ഉള്ളത്. എഫ്. ആർ.സി രൂപീകരണവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അറിവ് സമുദായടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക 4.4_**വനാവകാശസമിതി രൂപീകരണം- സമുദായടിസ്ഥാനത്തിൽ**

| ക്രമനം | രൂപീകരണം | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഉണ്ട് | 71 | 36 | 41 | 17 | 37 | 13 | 3 | 218 | 28.3 |
| 2 | ഇല്ല | 8 | 8 | 10 | 3 | 2 | | | 31 | 4 |
| 3 | അറിയില്ല | 225 | 127 | 46 | 63 | 37 | 17 | 5 | 520 | 67.7 |
| **4** | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** | **100** |

ഗുണഭോക്താക്കളിൽ 67.7 ശതമാനത്തിലും, വനാവകാശസമിതിയെ കുറിച്ച് അറിയില്ല. .എല്ലാ സമുദായങ്ങളിലും, വനാവകാശസമിതിയെ കുറിച്ച് അറിവില്ലാത്തവരാണ് കൂടുതലുള്ളത്. സങ്കേതങ്ങളിൽ വനാവകാശസമിതി രൂപികരിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ 70 ശതമാനത്തിലധികം പേർക്കും അറിയില്ല. അതുപോലെ തന്നെ 61% ഊരുസഭ രുപീകരിച്ചിട്ടുണ്ട് എന്നു പറയുമ്പേൾ 28.35% മാത്രമാണ് വനാവകാശസമിതി രുപീകരിച്ചിട്ടുണ്ട് എന്നു പറയുന്നത്. സമുദായടിസ്ഥാനത്തിൽ മുള്ളുകുറുമൻ ,കുറിച്ച്യൻ, തച്ചനാടൻമൂപ്പൻ എന്നീ മൂന്ന് സമുദായക്കാർക്കാണ് രണ്ടിന്റെയും രുപീകരണത്തെ സംബന്ധിച്ച് അവഗാഹം ഉളളത്. കാട്ട്നായ്ക്കൻ സമുദായത്തിലെ 59.54% ഊരുസഭ രുപീകരിച്ചിട്ടുണ്ട് എന്നു പറയുമ്പേൾ 9.23% മാത്രമാണ്

വനാവകാശസമിതി രുപീകരിച്ചിട്ടുണ്ട് എന്നു പറയുന്നത്. നടുവിൽമുറ്റം (പനമരം പഞ്ചായത്ത്) , തവിഞ്ഞാൽ പഞ്ചായത്തിലെ പുന്നശ്ശേരി, നൂൽപ്പുഴ പഞ്ചായത്തിലെ കോളയോട്ട്, ഊരംകുന്ന്, പൂതാടി പഞ്ചായത്തിലെ അയനിമല കുറുമ, പുലയൻമൂല, മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ റാട്ടക്കൊല്ലിമല തുടങ്ങിയ സങ്കേതങ്ങളിൽ വനാവകാശസമിതി രൂപികരിച്ചിട്ടുണ്ടെന്ന് സങ്കേതവാസികൾക്ക് അറിയാം എന്ന് വ്യക്തമാക്കിയ സങ്കേതങ്ങൾക്ക് ഉദാഹരണങ്ങളാണ്. തവിഞ്ഞാൽ പഞ്ചായത്തിലെ എടാറകൊല്ലി, പുൽപ്പള്ളി പഞ്ചായത്തിലെ തിരുമുഖം ഊരാളി, ചന്ത്രോത്ത്, നൂൽപ്പുഴ പഞ്ചായത്തിലെ പണപ്പാടി, കുറിച്യാട്, തിരുനെല്ലി പഞ്ചായത്തിലെ വെള്ളറോടി, ബത്തേരി മുനിസിപ്പാലിറ്റിയിലെ മണൽവയൽ കാട്ടുനായിക്ക, ഓടമൂല തുടങ്ങിയ സങ്കേതങ്ങളിൽ വനാവകാശസമിതി രൂപികരിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് യാതൊന്നും അറിയാത്ത സങ്കേതങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## 4.3.വനാവകാശസമിതിയിലെ അംഗത്വം ഉണ്ടെന്ന് വ്യക്തിഗത സർവ്വെയിൽ ലഭിച്ചവിവരങ്ങൾ

വനാവകാശസമിതി രൂപീകരിച്ചതായി അറിവുള്ള 28.3 ശതമാനം ഗുണഭോക്താക്കളാണുള്ളത്. അതായത്, 218 കുടുംബങ്ങൾ ഇവരിൽ വനാവകാശസമിതിയിൽ അംഗങ്ങളായിട്ടുള്ളത് 61 ഗുണഭോക്താക്കളാണ്. ഇതിൽ 45 പുരുഷന്മാരും, 16 സ്ത്രീകളും ഉൾപ്പെടുന്നു. വനാവകാശസമിതിയിലെ അംഗങ്ങളുടെ എണ്ണം സമുദായടിസ്ഥാനത്തിൽ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക-4.5_**വനാവകാശസമിതിയിലെ അംഗങ്ങളുടെ എണ്ണം**

| ക്രക്രമനം | സമുദായം | ആകെ വ്യക്തിഗത അവകാശം ലഭിച്ചവർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| | **1** | **2** | **3** | **4** | |
| 1 | കാട്ടുനായിക്കൻ | 304 | 6 | 3 | 9 |
| 2 | പണിയൻ | 171 | 8 | 4 | 12 |
| 3 | മുള്ളുകുറുമൻ | 97 | 12 | 1 | 13 |
| 4 | വെട്ടക്കുറുമൻ | 83 | 3 | 0 | 3 |
| 5 | കുറിച്ച്യൻ | 76 | 11 | 6 | 17 |
| 6 | തച്ചനാടൻ മൂപ്പൻ | 30 | 5 | 2 | 7 |
| 7 | അടിയാൻ | 8 | 0 | 0 | 0 |
| **8** | **ആകെ** | 769 | **45** | **16** | **61** |

ഏറ്റവും കൂടുതൽ വനാവകാശസമിതിയിൽ അംഗങ്ങളുള്ളത് കുറിച്ച്യൻ സമുദായത്തിൽ നിന്നാണെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ് (27.8 ശതമാനം). 21.3 ശതമാനം അംഗങ്ങളുള്ള മുള്ളുകുറുമൻ സമുദായമാണ് രണ്ടാമതുള്ളത്. 19.7 ശതമാനം അംഗങ്ങൾ പണിയൻ സമുദായത്തിൽ നിന്നും വനാവകാശസമിതിയിലുണ്ട്. പ്രത്യേക ദുർബ്ബലവിഭാഗത്തിലുൾപ്പെട്ട കാട്ടുനായിക്കൻ സമുദായത്തിൽ നിന്നും, 14.8 ശതമാനം പേർ മാത്രമാണ് വനാവ

കാശസമിതിയിൽ അംഗങ്ങളായിട്ടുള്ളത്. തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 11.4 ശത മാനവും, വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 5 ശതമാനവും, ഗുണഭോക്താക്കൾ വനാവ കാശസമിതിയിൽ അംഗങ്ങളാണ്. എന്നാൽ, പഠനത്തിൽ ഉൾപ്പെടുത്തിയ അടിയാൻ ഗുണ ഭോക്താക്കളിൽ ആരും തന്നെ, വനാവകാശസമിതി അംഗങ്ങളല്ല.

ഇതിൽ നിന്നും മനസിലാക്കുന്നത് 39.53% ഉള്ള കാട്ടുനായിക്കൻ സമുദായ ത്തിൽ നിന്നും വനാവകാശസമിതിയിൽ നിന്നും വെറും 14.8 ശതമാനം ആയിരിക്കേ 9.88% ഉള്ള കുറിച്ച്യൻ സമുദായത്തിന്റെ പ്രാധിനിധ്യം വനാവകാശസമിതിയിൽ27.8 % ആണ്. സമുദായം തമ്മിലുള്ള അസന്തുലിതാവസ്ഥ ഇതിൽ നിന്നും വ്യക്തമാണ്.

വനാവകാശസമിതിയിലെ സ്ത്രീ പ്രാതിനിധ്യം നിയമത്തിലൂടെ ഉറപ്പാക്കുന്നതാണെ ങ്കിലും, പ്രായോഗികതലത്തിൽ അത് നടപ്പിലാക്കിയിട്ടില്ലെന്ന് കാണാം. വനാവകാശസമിതി യിൽ 73.8 ശതമാനം പുരുഷന്മാരും,, 26.2 ശതമാനം സ്ത്രീകളും അംഗങ്ങളാണെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. വെട്ടക്കുറുമൻ, അടിയാൻ വിഭാഗങ്ങളിൽ സ്ത്രീകളാരും തന്നെ, വനാവകാശസമിതിയിൽ അംഗങ്ങളുമല്ല. ഏറ്റവും കൂടുതൽ സ്ത്രീകൾ അംഗങ്ങ ളായിട്ടുള്ളത് കുറിച്ച്യൻ സമുദായത്തിൽ നിന്നുമാണ്, 43.8 ശതമാനം. 6.5 ശതമാനം സ്ത്രീകൾ പണിയൻ വിഭാഗത്തിൽ നിന്നും, 5 ശതമാനം സ്ത്രീകൾ കാട്ടുനായിക്കൻ വിഭാ ഗത്തിൽ നിന്നും, 3.2 ശതമാനം സ്ത്രീകൾ തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്നും വനാ വകാശസമിതിയിൽ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ, മുള്ളുകുറുമൻ സമുദായത്തിലെ , സ്ത്രീകളുടെ പ്രാതിനിധ്യം 1.6 ശതമാനം മാത്രമാണ്.

### 4.3.1.. വനാവകാശസമിതിയും വഹിക്കുന്ന ചുമതലകളും

വനാവകാശസമിതിയിൽ പ്രധാനമായും അഞ്ച് പദവികളാണുള്ളത്-പ്രസി ഡന്റ്, സെക്രട്ടറി, വൈസ്പ്രസിഡന്റ്, ഖജാൻജി, അംഗം. വനാവകാശസമിതിയുടെ വിവിധ പദവികളിലെ ഓരോ സമുദായങ്ങളിൽ നിന്നുള്ളവരുടെ എണ്ണം പട്ടിക 4.4.1.ൽ നൽകിയിട്ടുണ്ട്. വനാവകാശസമിതിയിലെ സ്ത്രീ-പുരുഷ പ്രാതിനിധ്യത്തിന്റെയും വിശദാംശങ്ങൾ പട്ടചശ 4.4.2 ൽ നൽകിയിട്ടുണ്ട്.

പട്ടിക-4.6. **വനാവകാശസമിതിയിലെ ഭാരവാഹിത്വം വഹിക്കുന്നവർ**

| ക്രമനം | പദവി | കാട്ടു നായിക്കൻ | പണിയൻ | മുള്ളു കുറുമൻ | വെട്ട ക്കുറുമൻ | കുറിച്ച്യൻ | തച്ച നാടൻ മൂപ്പൻ | ആകെ |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | പ്രസിഡന്റ് | 1 | – | 1 | – | 5 | – | 7 (11.4%) |
| 2 | സെക്രട്ടറി | – | – | 2 | – | 1 | – | 3 (5%) |
| 3 | ഖജാൻജി | – | – | 1 | – | – | – | 1 (1.6%) |
| 4 | വൈ.പ്രസിഡന്റ് | 3 | 1 | 7 | 2 | 9 | – | 22 (36%) |
| 5 | അംഗം | 5 | 11 | 2 | 1 | 2 | 7 | 28 (46%) |
| **6** | **ആകെ** | **9** | **12** | **13** | **3** | **17** | **7** | 61 (100%) |

വനാവകാശസമിതിയിലെ അംഗങ്ങളിൽ 56% പേർ വിവിധ തരത്തിലുള്ള ഭാരവാഹിത്തം വഹിക്കുന്നവരാണ്. പ്രസിഡന്റ് പദവിയിലുള്ള കൂടുതലും കുറിച്ച്യൻ സമുദായത്തിൽ നിന്നുള്ളവരാണ്. കാട്ടുനായിക്കൻ സമുദായത്തിലെയും, മുള്ളുകുറുമൻ സമുദായത്തിലെയും ഓരോരുത്തരും വീതമാണ് പ്രസിഡന്റ് പദവിയിലുള്ളത്. പണിയൻ,തച്ചനാടൻ മൂപ്പൻ, വെട്ടക്കുറുമൻ എന്നീ വിഭാഗങ്ങളിലെ ഒരു ഗുണഭോക്താവും പ്രസിഡന്റ് പദവിയിലില്ല. വനാവകാശസമിതിയുടെ സെക്രട്ടറി സ്ഥാനത്ത് മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളിൽ നിന്നുള്ളവർ മാത്രമാണുള്ളത്. മുള്ളുകുറുമൻ സമുദായത്തിലെ രണ്ടു പേരും, കുറിച്ച്യൻ സമുദായത്തിലെ ഒരാളും വനാവകാശസമിതിയുടെ സെക്രട്ടറിമാരാണ്. ഖജാൻജി പദവിയിൽ മുള്ളുകുറുമൻ സമുദായത്തിലെ ഒരാൾ മാത്രമേയുള്ളൂ.

വനാവകാശസമിതിയുടെ അംഗങ്ങളിൽ പ്രധാന ചുമതല വഹിക്കുന്നത് മറ്റു സമുദായങ്ങളെക്കാൾ മുന്നിട്ടു നിൽക്കുന്ന മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളാണെന്നാണ് പട്ടികയിൽ നിന്ന് വ്യക്തമാവുന്നത്. പിന്നോക്കാവസ്ഥയിലുള്ള കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ എന്നീ സമുദായങ്ങളിൽ നിന്ന് വനാവകാശസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ കുറവാണ്.

വനാവകാശസമിതിയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ളത് കുറിച്ച്യൻ സമുദായത്തിലാണ്. 17 പേരാണ് കുറിച്ച്യൻ സമുദായത്തിൽ നിന്നുള്ളത്. മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 13 പേരുണ്ട്. എന്നാൽ, വനാവകാശനിയമം ഏറ്റവും കൂടുതൽ ലഭിച്ചിരിക്കുന്ന കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 9 പേർ മാത്രമാണ് വനാവകാശസമിതിയിലുള്ളത്.

വനാവകാശസമിതിയിൽ സ്ത്രീ പങ്കാളിത്തം 26.23 ശതമാനം മാത്രമാണ്. ഇതിൽ കൂടുതൽ പേരും വഹിക്കുന്ന ചുമതല അംഗത്തിന്റേതാണ്. പുരുഷന്മാരിൽ എഫ്.ആർ.സി.യിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ കൂടുതൽപേരും വൈസ്പ്രസിഡന്റ് പദവി വഹിക്കുന്നവരാണ് എന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്.

പട്ടിക-4.7 **വനാവകാശസമിതിയിലെ പദവി**

| ക്രമനം | വനാവകാശസമിതിയിലെ പദവി | പുരുഷന്മങ്ങക്ത | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| 1 | പ്രസിഡന്റ് | 7 | 0 | 7 |
| 2 | സെക്രട്ടറി | 2 | 1 | 3 |
| 3 | ഖജാൻജി | 1 | | 1 |
| 4 | വൈ.പ്രസിഡന്റ് | 16 | 12 | 28 |
| 5 | അംഗം | 19 | 3 | 22 |
| **6** | **ആകെ** | **45(73.77%)** | **16(26.23%)** | **61** |

**4.4സങ്കേത സർവ്വെയിൽ നിന്ന് ലഭിച്ച എഫ്.ആർ.സി അംഗങ്ങൾ:**

വ്യക്തിഗത വിവരപട്ടികയിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ച് 61 വ്യക്തികളാണ് വനാവകാശസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. എന്നാൽ,

സങ്കേതവിവരപട്ടികയിൽ ലഭ്യമായ വിവരമനുസരിച്ച് 57 സങ്കേതങ്ങളിൽ നിന്നായി 106 ഗുണഭോക്താക്കളെ വനാവകാശസമിതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. പ്രൊമോർട്ടർമാർ, ഊരുമൂപ്പന്മാർ എന്നിവരാണ് വിവരങ്ങൾ നല്കിയത്. എന്നാൽ, സങ്കേതവാസികൾക്ക് ഇതേപ്പറ്റി ധാരണയില്ല. വ്യക്തിഗത വിവരപട്ടികയിൽ നിന്നും ലഭിച്ചതിന്റെ ഭിന്നമായ വിവരങ്ങളാണ് സങ്കേതവിവരപട്ടികയിൽ നിന്നും എഫ്.ആർ.സി.യെ കുറിച്ച് ലഭിക്കുന്നത്.

സങ്കേതവിവരപട്ടികയിൽ നിന്നും ലഭ്യമായ വനാവകാശസമിതി അംഗങ്ങളുടെ എണ്ണം സങ്കേതത്തിന്റെ പേര്, എണ്ണം എന്ന ക്രമത്തിൽ ചുവടെ പട്ടികയിൽ.

പട്ടിക-4.8_**സങ്കേതവും വനാവകാശസമിതി അംഗങ്ങളും**

| ക്രമനം | സങ്കേതത്തിന്റെ പേര് | വനാവകാശസമിതി അംഗങ്ങൾ |
|---|---|---|
| | 1 | 2 |
| 1 | ചേകാടി ചക്കിണി | 1 |
| 2 | നടുവിൽമുറ്റം | 11 |
| 3 | പൂളക്കുന്ന് | 4 |
| 4 | പാമ്പ്രമൂല | 3 |
| 5 | കണ്ടാമല | 5 |
| 6 | അണ്ണിമൂല | 2 |
| 7 | താഴെ തലപ്പുഴ | 3 |
| 8 | ഗോവിന്ദൻപാറ | 2 |
| 9 | നെല്ലിപ്പറ്റ പണിയ | 1 |
| 10 | പഞ്ചമിക്കുന്ന് | 6 |
| 11 | അയനിമല കുറുമ | 2 |
| 12 | കരിയാത്തൻപാറ | 2 |
| 13 | കേളമംഗലം | 2 |
| 14 | കാർമൽകുന്ന് | 5 |
| 15 | മമ്മിക്കുന്ന് | 6 |
| 16 | കുപ്പച്ചി | 7 |
| 17 | കാളങ്കണ്ടി | 2 |
| 18 | കോളയോട്ട് | 3 |
| 19 | ഊരംകുന്ന് | 3 |
| 20 | ചോയിമൂല | 2 |
| 21 | നെയ്ക്കുപ്പ മണൽവയൽ | 4 |
| 22 | പുന്നശ്ശേരി | 6 |
| 23 | കൂടല്ലൂർ | 13 |
| 24 | വിജയൻകുന്ന് | 1 |
| 25 | റാട്ടക്കൊല്ലിമല | 10 |
| **26** | **ആകെ** | **106** |

25 സങ്കേതങ്ങളിൽ നിന്നുള്ള 106 വനാവകാശസമിതി അംഗങ്ങളെ പ്രസ്തുത പട്ടികയിൽ കാണാം. എന്നാൽ, വ്യക്തിഗത വിവരപട്ടികയിൽ ഇവരിൽ പകുതിയോളം ഗുണഭോക്താക്കളും വനാവകാശസമിതിയിലെ തങ്ങളുടെ അംഗത്വത്തെ കുറിച്ച് അറിവില്ല എന്നാണ് ഉത്തരം നൽകിയിരിക്കുന്നത്. പല സങ്കേതങ്ങളിലും എഫ്.ആർ.സി യിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് അതിനെ കുറിച്ച് ധാരണയോ, അറിവോ ഇല്ല.

സമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള എഫ്.ആർ.സി.അംഗങ്ങളുടെ അടിസ്ഥാനത്തിലും, ഇരുപട്ടികകളിലും തമ്മിൽ അന്തരമുണ്ട്. സങ്കേതവിവരപട്ടികയുടെ അടിസ്ഥാനത്തിൽ സമുദായം തിരിച്ചുള്ള എഫ്.ആർ.സി.അംഗങ്ങളുടെ എണ്ണം ചുവടെയുള്ള പട്ടികയിൽ കൊടുത്തിട്ടുണ്ട്

പട്ടിക: 4.9 **വനാവകാശസമിതിയിലെ അംഗങ്ങളും സമുദായവും**

| ക്രമനം | സമുദായങ്ങൾ | വനാവകാശസമിതിയിലെ അംഗങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| | 1 | 2 | 3 |
| 1 | കാട്ടുനായിക്കൻ | 29 | 27.4 |
| 2 | പണിയൻ | 22 | 20.7 |
| 3 | മുള്ളുകുറുമൻ | 28 | 26.5 |
| 4 | കുറിച്ച്യൻ | 22 | 20.7 |
| 5 | തച്ചനാടൻമൂപ്പൻ | 5 | 4.7 |
| **6** | **ആകെ** | **106** | **100** |

സമുദായത്തിന്റെ അടിസ്ഥാനത്തിൽ വനാവകാശസമിതി അംഗങ്ങളുടെ എണ്ണം പരിശോധിക്കുമ്പോൾ വ്യക്തിവിവരപട്ടികയിലെ വിവരങ്ങൾക്ക് വിപരീതമാണ് സങ്കേതവിവരപട്ടികയിലെ വിവരങ്ങൾ എന്നു മനസ്സിലാവും. സങ്കേതവിവരപട്ടികയനുസരിച്ച് കാട്ടുനായിക്കൻ സമുദായത്തിൽ ഉൾപ്പെട്ടവരാണ് വനാവകാശസമിതിയിൽ അംഗങ്ങളായിരിക്കുന്നത്, 27.4 ശതമാനം. എന്നാൽ, വ്യക്തിഗത പട്ടിക പ്രകാരം ഇത് 14.7 ശതമാനം മാത്രമാണ്. പണിയൻ വിഭാഗത്തിലെ 20.7 ശതമാനം സങ്കേതപട്ടികയനുസരിച്ച് വനാവകാശസമിതിയിൽ അംഗങ്ങളായി ഉള്ളപ്പോൾ വ്യക്തിഗത പട്ടികയിൽ

ഇത് 19.6 ശതമാനമാണ്. മുള്ളുകുറുമൻ സമുദായത്തിൽ 26.5 ശതമാനമാണ് സങ്കേതപട്ടിക യനുസരിച്ച് വനാവകാശസമിതിയിൽ അംഗങ്ങളായിരിക്കുന്നത്. എന്നാൽ, 221.3 ശതമാന മാണ് വ്യക്തിഗത പട്ടികയനുസരിച്ചുള്ള കണക്ക്.

കുറിച്ച്യൻ സമുദായത്തിൽ വനാവകാശസമിതിയിൽ അംഗങ്ങളായ 20.7 ശതമാനമു ള്ളപ്പോൾ വ്യക്തിഗത വിവരപട്ടിക പ്രകാരം ഇത് 29 ശതമാനമാണ്. വ്യക്തിഗത പട്ടികയനു സരിച്ച് തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 11.4 ശതമാനമാണ് വനാവകാശസമിതിയിലുള്ള ത്. എന്നാൽ, സങ്കേതവിവരപട്ടിക പ്രകാരം ഇത് 4.7 ശതമാനമാണ്. വ്യക്തിഗത പട്ടികയ നുസരിച്ച്, വെട്ടക്കുറുമൻ സമുദായത്തിലെ 5 ശതമാനം വനാവകാശസമിതിയിൽ അംഗങ്ങ ളായിട്ടുണ്ടെങ്കിലും, സങ്കേതവിവരപട്ടിക പ്രകാരം എഫ്.ആർ.സി യിൽ പ്രസ്തുത സമുദായ ത്തിലെ ആരും തന്നെയില്ല.

സങ്കേതവിവരപട്ടികയിലെയും, വ്യക്തിഗത വിവരപട്ടികയിലെയും എഫ്.ആർ.സി അംഗ ങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക:4.10 **എഫ്.ആർ.സി അംഗങ്ങളുടെ എണ്ണം**

| ക്രമനം | സമുദായം | എഫ്.ആർ.സി അംഗങ്ങൾ (വ്യക്തിഗത വിവര പട്ടിക) | അംഗങ്ങൾ (സങ്കേതപട്ടിക) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | കാട്ടുനായിക്കൻ | 9 | 29 |
| 2 | പണിയൻ | 12 | 22 |
| 3 | മുള്ളുകുറുമൻ | 13 | 28 |
| 4 | കുറിച്ച്യൻ | 17 | 22 |
| **5** | വെട്ടക്കുറുമൻ | 3 | 0 |
| 6 | തച്ചനാടൻമൂപ്പൻ | 7 | 5 |
| **7** | **ആകെ** | **61** | **106** |

രണ്ടു പട്ടികയിലെ വിവരങ്ങൾ പരിശോധിക്കുമ്പോൾ, ഗുണഭോക്താക്കൾക്ക് വനാവ കാശസമിതിയെ കുറിച്ചും, പ്രവർത്തനത്തെ കുറിച്ചുമുള്ള അജ്ഞത പ്രകടമാണ്. ഏറിയ സങ്കേതങ്ങളിലും ഒന്നോ, രണ്ടോ പേർക്ക് മാത്രമാണ് വനാവകാശസമിതിയെ കുറിച്ച് അറി

വുള്ളത്. സങ്കേതത്തിലെ വനാവകാശസമിതി രൂപീകരണത്തെ കുറിച്ചോ, പ്രവർത്തനത്തെ കുറിച്ചോ മുഴുവൻ സങ്കേതവാസികൾക്കും, അറിവുള്ള

ഒരു സങ്കേതം പോലുമില്ല. ചില സ്ഥലങ്ങളിൽ വനാവകാശസമിതിയെ കുറിച്ച് ഗുണഭോക്താക്കൾക്ക് യാതൊരു അറിവുമില്ല. വനാവകാശനിയമത്തെ കുറിച്ച് സങ്കേതത്തിലെ ഊരു മൂപ്പന്മാർക്കോ, പ്രൊമോട്ടർക്കോ പോലുമറിയാത്ത സ്ഥിതിയുമുണ്ട്. സങ്കേതത്തിന്റെ മുൻ പ്രൊമോട്ടറോ, നിലവിലെ പ്രൊമോട്ടറോ ആണ് വനാവകാശസമിതിയെ കുറിച്ചുള്ള വിവരങ്ങൾ പറഞ്ഞു തന്നത്. സങ്കേതവിവര പട്ടികയനുസരിച്ച് , കാട്ടുനായിക്കൻ സമുദായമാണ് വനാവകാശസമിതിയിൽ കൂടുതലുള്ളത്. എന്നാൽ, ഗുണഭോക്താക്കൾക്ക് ഇതേപ്പറ്റി, അറിവില്ല. ഇതിൽ നിന്നും കാട്ടുനായിക്കൻ സമുദായത്തിന് എഫ്.ആർ.സി യെ കുറിച്ചുള്ള അജ്ഞത പ്രകടമാണ്. വനാവകാശസമിതിയുടെ പ്രവർത്തനത്തെ കുറിച്ചുള്ള അജ്ഞത നിയമം നടപ്പിലാക്കിയതിൽ പ്രകടമാണ്.

#### 4.4.1..വനാവകാശസമിതി അംഗങ്ങളുടെ പ്രായപരിധി

വനാവകാശസമിതിയിലെ അംഗങ്ങളുടെ പ്രായപരിധി 18 വയസ്സിൽ മുകളിൽ നിന്നാരംഭിക്കുന്നു. എഫ്.ആർ.സി.യിൽ അംഗങ്ങളായിട്ടുള്ള പുരുഷ, സ്ത്രീ അംഗങ്ങളുടെ പ്രായം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-4.11 **വനാവകാശസമിതി അംഗങ്ങളുടെ പ്രായപരിധി -സ്ത്രീ-പുരുഷ അടിസ്ഥാനത്തിൽ**

| ക്രമ നം | പ്രായപരിധി | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 25-30 | 0 | 3 | 3 | 5 |
| 2 | 30-35 | 4 | 2 | 6 | 10 |
| 3 | 35-40 | 7 | 4 | 11 | 18 |
| 4 | 40-45 | 8 | 1 | 9 | 14.8 |
| 5 | 45-50 | 10 | 2 | 12 | 19.5 |
| 6 | 50-55 | 7 | 1 | 8 | 13 |
| 7 | 55-60 | 7 | 2 | 9 | 14.8 |
| 8 | 60-65 | 1 | 1 | 2 | 3.3 |
| 9 | 65-70 | 1 |  | 1 | 1.6 |
| **10** | **ആകെ** | **45(73.77%)** | **16(26.23%)** | **61** | **100** |

45–50 വയസ് പ്രായമുള്ളവരാണ്.ഏറ്റവും കൂടുതൽ വനാവകാശസമിതി അംഗങ്ങളുള്ളത്. 25–30 വയസ് പ്രായമുള്ള പുരുഷന്മാരും, 65–70 വയസ് പ്രായമുള്ള സ്ത്രീകളും അംഗങ്ങ ളല്ല. എന്നാൽ, 45–50 വയസ് പ്രായമുള്ള ഗുണഭോക്താക്ക

ളാണ് പുരുഷന്മാരിൽ ഏറ്റവും കൂടുതൽ വനാവകാശസമിതി അംഗങ്ങളായിരിക്കുന്നത്. സ്ത്രീകളിലെ ഇത് 35–40 ആണ്.

പൊതുവിൽ നാല്പത് വയസ്സിനു മുകളിലുള്ളവരാണ് പ്രധാനമായും വനാവകാശസ മിതി അംഗങ്ങളായിരിക്കുന്നത് (75.60%). എന്നാൽ, ആകെയുള്ള സ്ത്രീകളിൽ നാൽപത് വയസ്സിൽ താഴെയുള്ളവരാണ് വനാവകാശസമിതിയിൽ അംഗങ്ങളായിരിക്കുന്നവർ 56.25 %

## 4.4.2എഫ്.ആർ.സി. അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത–

വനാവകാശസമിതിയുടെ ഫലപ്രദമായ പ്രവർത്തനത്തിൽ വിദ്യാഭ്യാസം പ്രധാന പങ്കുവഹിക്കുന്നുണ്ട്. വനാവകാശസമിതിയിലെ അംഗങ്ങളുടെ വിദ്യാഭ്യാസയോഗ്യത കൾക്ക് അതുകൊണ്ട് തന്നെ, നിർണ്ണായക സ്വാധീനമുണ്ട്. വനാവകാശസമിതിയിൽ അംഗങ്ങളായവരുടെ വിദ്യാഭ്യാസയോഗ്യതകൾ താഴെ കൊടുത്തിട്ടുള്ള. പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക–4.12_**വനാവകാശസമിതിയിലെ അംഗങ്ങളുടെ വിദ്യാഭ്യാസയോഗ്യത–_സ്ത്രീ–പുരുഷ അടിസ്ഥാനത്തിൽ**

| ക്രമ നം | വിദ്യാഭ്യാസയോഗ്യത | പുരുഷന്മങ്കത | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 5 | 6 | 7 |
| 1 | നിരക്ഷരരർ | 12 | 4 | 16 | 26.2 |
| 2 | ലോവർ പ്രൈമറി | 7 | 4 | 11 | 18 |
| 3 | അപ്പർ പ്രൈമറി | 11 | 3 | 14 | 23 |
| 4 | ഹൈസ്കൂൾ | 13 | 5 | 18 | 29.6 |
| 5 | ഹയർസെക്കന്ററി | 1 | – | 1 | 1.6 |
| 6 | ഡിഗ്രി | 1 | – | 1 | 1.6 |
| **7** | **ആകെ** | **45** | **16** | **61** | **100** |

എഫ്.ആർ.സി അംഗങ്ങളിൽ എൽ.പി., യു.പി.വിദ്യാഭ്യാസമുള്ളവരും നിരക്ഷര രായവരും ആണ് കൂടുതൽ. അതേ സമയം, ഉന്നതവിദ്യാഭ്യാസമുള്ള 1.6 ശതമാനം മാത്ര മാണുള്ളത്. ഇതിൽ സ്ത്രീകളാരും തന്നെയില്ല.

### 4.4.3 വനാവകാശസമിതിയും, മുഖ്യതൊഴിലും

കൃഷി, കൂലി, വനവിഭവശേഖരണം, മൃഗപരിപാലനം എന്നിവയാണ് ഗുണ ഭോക്താക്കൾ പ്രധാനമായും ഏർപ്പെടുന്ന തൊഴിൽമേഖലകൾ. വനാവകാശസമിതി അംഗ ങ്ങളുടെ തൊഴിലിനെ സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക- 4.13 **വനാവകാശസമിതിയഗംങ്ങളുടെ, മുഖ്യതൊഴിൽ**

| ക്രമ നം | തൊഴിൽ | പുരുഷ ന്മാർ | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൂലി | 27 | 12 | 39 | 64 |
| 2 | കൃഷി | 16 | 1 | 17 | 27.8 |
| 3 | മറ്റുള്ളവ | | 1 | 1 | 1.6 |
| 4 | തൊഴിൽരഹിതർ | 2 | 2 | 4 | 6.5 |
| **5** | **ആകെ** | **45** | **16** | **61** | **100** |

വനാവകാശസമിതിയിലെ അംഗങ്ങളിൽ ഭൂരിഭാഗം പേരുടെയും മുഖ്യതൊഴിൽ കൂലി പണിയാണ്. വനാവകാശസമിതിയിലെ അംഗങ്ങളായ 60 ശതമാനം പുരുഷന്മാരും, 75 ശത മാനം സ്ത്രീകളും കൂലിപണിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. അതേ സമയം, കൃഷി യിലേർപ്പെടുന്നത് 35.5 ശതമാനം പുരുഷന്മാരും, 6.2 ശതമാനം സ്ത്രീകളുമാണ്.

മറ്റൊരു പ്രധാന വസ്തുത , വനവിഭവശേഖരണം മുഖ്യതൊഴിലാക്കിയ ഒരു ഗുണഭോ ക്താവും വനാവകാശസമിതിയിലുൾപ്പെട്ടിട്ടില്ല എന്നതാണ്. വനവിഭവം ശേഖരിക്കുന്ന സമുദായങ്ങളുടെ വനാവകാശസമിതിയിലെ പ്രാതിനിധ്യം ഫലപ്രദമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

### 4.4.4..വനാവകാശസമിതിയും, ഉപതൊഴിലും

മുഖ്യതൊഴിലിനു പുറമെ ഉപതൊഴിലിൽ ഏർപ്പെടുന്ന ഗുണഭോക്താക്കളുമുണ്ട്. ഇത് സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക–4.14_**വനാവകാശസമിതിയും, ഉപതൊഴിലും**

| ക്രമ നം | തൊഴിൽ | പുരുഷ ന്മങ്കത | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കൂലി | 2 | – | 2 | 3.2 |
| 2 | കൃഷി | 8 | 1 | 9 | 14.8 |
| 3 | വനവിഭവശേഖ രണം | 2 | – | 2 | 3.2 |
| 4 | മൃഗപരിപാലനം | – | 1 | 1 | 1.6 |
| 5 | മറ്റുള്ളവ | 1 | – | 1 | 1.6 |
| 6 | ഉപതൊഴിലില്ലാ ത്തവർ | 32 | 14 | 46 | 75.6 |
| **7** | **ആകെ** | **45** | **16** | **61** | **100** |

വനാവകാശസമിതി അംഗങ്ങളിൽ 75.6 ശതമാനം അംഗങ്ങളും ഉപതൊഴിലില്ലാത്തവരാണ്. വനവിഭവശേഖരണം ഉപതൊഴിലാക്കിയ 3.2 ശതമാനവും, മൃഗപരിപാലനമുള്ള 1.6 ശതമാനവും, അംഗങ്ങളുണ്ട്. കൃഷിയാണ് 14.8 ശതമാനം അംഗങ്ങളുടെയും ഉപതൊഴിൽ. കൂലി ഉപതൊഴിലാക്കിയിരിക്കുന്ന 3.2 ശതമാനം എഫ്.ആർ.സി അംഗങ്ങളുണ്ട്. സ്ത്രീകളിൽ 2 പേർ മാത്രമാണ് ഉപതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. പുരുഷന്മാരിൽ 13 പേർക്ക് മാത്രമാണ് ഉപതൊഴിലുള്ളത്.

**4.5 വനാവകാശസമിതിയെ കുറിച്ചുള്ള അഭിപ്രായം**

വനാവകാശസമിതി രൂപീകരിച്ചിട്ടുണ്ടെന്നും, സമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ടെന്നും 218 പേരാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. വനാവകാശസമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്നാണ് ഗുണഭോകതക്കളുടെയും പൊതുവയെ ഉള്ള അഭിപ്രായം. നിലവിലെ പ്രവർത്തനങ്ങളെ കുറിച്ചും, സമിതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെയും നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്.

തവിഞ്ഞാൽ പഞ്ചായത്തിലെ ചോയിമൂല സങ്കേതത്തിലെ ഒരു ഗുണഭോക്താവ് , എഫ്.ആർ.സി യുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നത് രണ്ടു ഘടകങ്ങളാണ്- ഒരു ഗുണഭോക്താവിന് ഒന്നിൽകൂടുതൽ സ്ഥലം അനുവദിക്കരുത്, കൈവശരേഖ നൽകുമ്പോൾ കൃത്യമായി തിരിച്ചറിയൽ

രേഖകൾ കൈമാറി അവകാശം ലഭ്യമാക്കാൻ വനാവകാശസമിതി ശ്രദ്ധ നൽകണം എന്നിവയാണ് ഇദ്ദേഹത്തിന്റെ നിർദ്ദേശം.

വന്യമൃഗശല്യം മൂലം കൃഷി നശിക്കുന്നതിനാൽ ഇതിനെതിരെ നടപടി സ്വീകരിക്കാൻ സർക്കാർതലത്തിൽ എഫ്.ആർ.സി ഇടപെടൽ നടത്തണമെന്നാണ് നൂൽപ്പുഴ പഞ്ചായത്തിലെ മാറോട് സങ്കേതത്തിലെ ഒരു ഗുണഭോക്താവ് അഭിപ്രായപ്പെടുന്നു. ട്രഞ്ചിനോട് ചേർന്നുള്ള അടിക്കാട് വെട്ടാനും, കൃഷിഭൂമിയോട് 150 മീറ്റർ വിട്ട് ട്രഞ്ച് നിർമ്മിക്കാനും വനംവകുപ്പിൽ നിന്ന് അനുമതി ലഭിക്കാൻ എഫ്.ആർ.സി നേതൃത്വം നൽകണമെന്നാണ് ഇദ്ദേഹം നിർദ്ദശിക്കുന്നത്.

നൂൽപ്പുഴ പഞ്ചായത്തിലെ കോളയോട്ട് സങ്കേതത്തിലെ ഒരു ഗുണഭോക്താവ്, പുൽപ്പള്ളി പഞ്ചായത്തിലെ ഫോറസ്റ്റ് വയൽ സങ്കേതത്തിലെ ഒരു ഗുണഭോക്താവ് എന്നിവർ വനാവകാശസമിതി ഇപ്പോൾ യോഗം ചേരാറില്ലയെന്ന് പറയുന്നു. വനാവകാശരേഖ ലഭിക്കുന്ന സമയത്ത് യോഗം ചേർന്നതല്ലാതെ , പിന്നീട് തുടർനടപടികളൊന്നും എഫ്.ആർ.സി യുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ലെന്ന് ഇവർ വ്യക്തമാക്കുന്നു.


മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന് സങ്കേതത്തിലെ ഒരു ഗുണഭോക്താവ് ന്റെ നിർദ്ദേശം വികസന പ്രവർത്തനങ്ങളിൽ വനാവകാശസമിതി മുന്നിട്ടിറങ്ങണമെന്നാണ് . സമാന നിർദ്ദേശം തന്നെയാണ് പനമരം പഞ്ചായത്തിലെ നടുവിൽമുറ്റം സങ്കേതത്തിലെ രാമൻ എന്ന ഗുണഭോക്താവും നിർദ്ദേശിക്കുന്നത്.

## 4.6.വനാവകാശത്തെ കുറിച്ചുള്ള അറിവ്

മേല്പറഞ്ഞ പ്രകാരമാണ് വനാവകാശ നിയമം നടപ്പിലാക്കേണ്ടത് എന്നതിനെ സംബന്ധിച്ചോ, കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ മാത്രമാണോ കൈവശാവകാശം ലഭിച്ചിരിക്കുന്നതെന്നോ, നിയമത്തിൽ എന്തൊക്കെ മറ്റ് അവകാശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനെ സംബന്ധിച്ച്, വ്യക്തിഗത അവകാശം ലഭിച്ചവർക്ക് അറിവ് ഉണ്ടായിരുന്നോ എന്ന് പഠനവിധേയമാക്കി.. 533 (69.31%) പേരും നിയമത്തെ കുറിച്ച് അറിവ് ലഭിച്ചിട്ടില്ല എന്നും, 210 (27.31%) പേർക്ക് മാത്രമാണ് നിയമത്തെ കുറിച്ച് കുറച്ചെങ്കിലും ധാരണയുള്ളത് എന്ന് അഭിപ്രായപ്പെട്ടത്. വനാവകാശ നിയമം എന്ന നിയമമുണ്ടെന്ന് അറിവ് പോലും ഇല്ലാത്ത സങ്കേതങ്ങൾ പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഉദാ:- അണ്ണിമൂല, അയനിമല പണിയ, ചന്ത്രോത്ത്, കരിയാത്തൻപാറ, കുറിച്യാട്, ലക്ഷംവീട്, മണൽവയൽ, ഓടമൂല, എടത്തറ, കൂപ്പ്, കേളമംഗലം, ഗോവിന്ദൻപാറ, (പണിയ) നെല്ലിപ്പറ്റ, ഇടവങ്കര, ചുക്കാലിക്കുനി എന്നീ സങ്കേതങ്ങളിൽ ആർക്കും തന്നെ നിയമത്തെ കുറിച്ച് അറിയില്ല . ഈ സങ്കേതങ്ങളിൽ എല്ലാം കാട്ടുനായിക്കൻ, പണിയൻ സമുദായക്കാർ ആണ് അധിവസിക്കുന്നത്. കൂടല്ലൂർ കുറുമ, അയനിമല കുറുമ, വിജയൻകുന്ന്, പൂളക്കുന്ന്, കൃഷ്ണൻകുന്ന്, നെല്ലേ

രി, ചോയിമൂല, പുന്നശ്ശേരി, മാറോട് തുടങ്ങിയ സങ്കേതങ്ങളിലെ ചില സങ്കേതവാസികൾക്ക് നിയമത്തെ കുറിച്ച് അറിയാമെങ്കിലും പൂർണ്ണമായി നിയമത്തെ കുറിച്ച് അറിയുന്ന എല്ലാവരും അടങ്ങുന്ന ഒരു സങ്കേതവും പഠനത്തിന് വിധേയമാക്കിയതിൽ ഇല്ല. ഓരോ സമുദായത്തിൽ നിന്നും നിയമത്തെ കുറിച്ച് അറിയാം എന്ന് അഭിപ്രായപ്പെട്ടവരുടെ ചാർട്ട് ചുവടെ ചേർക്കുന്നു.

ചാർട്ട് 4.ജി.1




ഓരോ സമുദായത്തിൽ നിന്നും നിയമത്തെ കുറിച്ച് അറിയാം എന്ന് അഭിപ്രായപ്പെട്ടവരുടെ സമുദായടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക: 4.15 **നിയമത്തിലുള്ള അറിവ്- സമുദായടിസ്ഥാനത്തിൽ**

| ക്രമ നം | അറിവ് | കുടുംബങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 57 (18.75%) | 34 (19.88% | 48 (49.48%) | 7(8.44%) | 43 (56.58 %) | 20 (66.67% ) | 1 (12.50%( ) | 210 (27.31% ) |
| 2 | ഇല്ല | 232 (76.32%) | 133 (78.78% ) | 47 (48.45%) | 73(87.95 %) | 31(40.8 0%) | 10 (33.33% ) | 7 (87.50%) | 533 (69.31% ) |
| 3 | ബാധകമല്ല | 15 (4.93%) | 4 (2.34%) | 2 (2.07%) | 3 (3.61%) | 2 (2.32% ) | 0 | 0 | 26 (3.38%) |
| 4 | ആകെ | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100) |

നിയമത്തിലുള്ള അറിവ് ലഭിച്ചത് നാലിലൊന്ന് കുടുംബങ്ങൾക്കാണ്. (27.31%). ഭൂരിപക്ഷം കുടുംബങ്ങളും അജ്ഞരാണ്.(69.31%).നിയമത്തെക്കുറിച്ചുള്ള അറിവ് കൂടുതൽ ഉള്ളത് തച്ചനാടൻ മൂപ്പൻ (66.67%) , കുറിച്ച്യൻ(56.58%), മുള്ളുകുറുമൻ(49.48%) എന്നീ മൂന്ന് സമുദായങ്ങൾക്കാണ്. ഏറ്റവും കുറഞ്ഞ അറിവ് ലഭിച്ചത് വെട്ടക്കുറുമൻ(8.44%), അടിയാൻ(12.50%) കാട്ടുനായിക്കൻ(18.75%) , പണിയൻ(19.88%) സമുദായങ്ങൾക്കാണ്.

### 4.6.1നിയമത്തെ കുറിച്ചുള്ള അറിവിന്റെ ഉറവിടം

അറിവ് ലഭിച്ച 210 ം കുടുംബങ്ങൾ അവയുടെ ഉറവിടം വ്യക്തമാക്കുകയുണ്ടായി. ടി.ഇ.ഒ പ്രൊമോട്ടർ , വാർഡ് മെമ്പർ, ബന്ധുക്കൾ, പ്രാദേശിക രാഷ്ട്രീയ നേതൃത്വം എന്നിവയിൽ നിന്നാണ് കൂടുതൽ പേർക്കും നിയമത്തെ കുറിച്ചുള്ള അറിവ് ലഭിച്ചിരിക്കുന്നത് (210). വിശദാംശങ്ങൾ പട്ടികരൂപത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക: 4.16 **അറിവ് ലഭിച്ചതിന്റെ ഉറവിടം**

| ക്രമനം | ഉറവിടം | കുടുംബങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്യൻ | തച്ചനാടൻ | അടിയാൻ | |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** |
| 1 | ടി.ഇ.ഒ | 8 | – | 4 | 1 | 7 | 1 | | 21(10.00%) |
| 2 | പ്രമോർട്ടർ | 7 | 11 | 9 | | 3 | 2 | | 32(15.24%) |
| 3 | വാർഡ് മെമ്പർ | | 2 | | | | | | 2(0.95%) |
| 4 | ബന്ധുക്കൾ | | | | 1 | 1 | | | 2(0.95%) |
| **5** | ടി.ഇ.ഒ പ്രൊമോട്ടർ | 9 | 6 | 17 | 3 | 7 | 12 | | 54(25.71%) |
| 6 | ടി.ഇ.ഒ പ്രൊമോട്ടർ, വാർഡ് മെമ്പർ | 5 | | 1 | | | 1 | | 7(3.33%) |
| 7 | ടി.ഇ.ഒ, പ്രൊമോട്ടർ, ബന്ധുക്കൾ, മറ്റുള്ളവ | 1 | | 1 | | 7 | | 1 | 10(4.76%) |
| 8 | പ്രൊമോട്ടർ, വാർഡ് മെമ്പർ | 4 | 4 | 3 | | | | | 11(5.24%) |
| 9 | പ്രൊമോട്ടർ, ബന്ധുക്കൾ, മറ്റുള്ളവ | 1 | | 2 | | | | | 3(1.43%) |
| 10 | ടി.ഇ.ഒ, വാർഡ് മെമ്പർ | 2 | | | | | | | 2(0.95%) |
| 11 | മറ്റുള്ളവ | 20 | 11 | 11 | 2 | 18 | 4 | | 66(31.43%) |
| ആകെ | | 57 | 34 | 48 | 7 | 43 | 20 | 1 | 210(100%) |

210 കുടുംബങ്ങളിൽ ഔദ്യോഗിക സംവിധാനത്തിൽ കൂടിയാണ് കൂടുതൽ പേർക്കും അറിവ് ലഭിച്ചത്. ഇതിൽ പ്രൊമോട്ടർമാർക്ക് ഒരു വലിയ പങ്ക് വഹിക്കാനാവുന്നതാണ്.

നെല്ലേരി, വിജയൻകുന്ന്, കൃഷ്ണൻകുന്ന്, അത്തിക്കടവ്, പനവല്ലി, സങ്കേതങ്ങളിൽ നിയമത്തെ കുറിച്ച് അറിവ് നൽകിയിരിക്കുന്നത് പ്രാദേശിക നേതൃത്വം ആണ്. വനാവകാശത്തിൽ ഉൾപ്പെടുത്തി കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ അവകാശം ലഭിക്കുന്നതിനു വേണ്ടി പ്രവർത്തിച്ചത് പ്രാദേശിക രാഷ്ട്രീയ നേതൃത്വം ആണ്. എന്നാൽ സങ്കേതങ്ങളിൽ വനംവകുപ്പ് ഉദ്യോഗസ്ഥരാണ് ഗുണഭോക്താക്കൾക്ക് നിയമത്തെ കുറിച്ച് അറിവ് നൽകിയിരിക്കുന്നത്. ഇത്തരം സങ്കേതങ്ങളിൽ വനംവകുപ്പ് ഉദ്യോഗസ്ഥരാണ് നിയമത്തിലുൾപ്പെടുത്തി കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ അവകാശം നൽകാൻ പ്രവർത്തിച്ചതെന്ന് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നു. ചേകാടി ചക്കിണി , തിരുമുഖം, ഊരാളി, പാമ്പ്രമൂല കാട്ടുനായിക്ക, എടത്തറ (പണിയ) തുടങ്ങിയ സങ്കേതങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

പ്രൊമോട്ടർ, ടി.ഇ.ഒ എന്നിവരിൽ നിന്നാണ് 25.71 ശതമാനം പേർക്ക് അറിവ് ലഭിച്ചിരിക്കുന്നത്. ടി.ഇ.ഒ യിൽ നിന്ന് മാത്രമായി 10 ശതമാനം പേർക്കും, പ്രൊമോടട്ടർമാരിൽ നിന്ന് മാത്രമായി 15.24 ശതമാനം പേർക്കുമാണ് നിയമത്തെ കുറിച്ച് അറിവ് ലഭിച്ചിരിക്കുന്നത്. ബന്ധുക്കളിൽ നിന്നും , വാർഡ് മെമ്പർമാരിൽ നിന്നും നിയമത്തെ കുറിച്ച് അറിവ് ലഭിച്ചവരും ഉണ്ട്. അത്തിക്കടവ് തേക്കിൻകാട് സങ്കേതം, കൃഷ്ണൻകുന്ന് , കോളയോട്ട്, വിജയൻകുന്ന്, മാറോട്, പങ്കളത്ത്, സ്കൂൾകുന്ന്, നീലിമല, പൂളക്കുന്ന്, ചോയിമൂല, പുന്നശ്ശേരി, നെയ്ക്കുപ്പ മണൽവയൽ എന്നീ സങ്കേതങ്ങളിലെല്ലാം ടി.ഇ.ഒ, പ്രൊമോട്ടർ എന്നിവർ മുഖേനയാണ് നിയമത്തെ കുറിച്ച് അറിവ് ലഭിച്ചിട്ടുള്ളത്. എന്നാൽ, നിയമത്തെ കുറിച്ച് അറിവ് ലഭിക്കാത്തവരുടെ എണ്ണം പകുതിയിലധികമുണ്ട്. കൈവശം വെച്ചിരിക്കുന്ന ഭൂമിക്ക് അവകാശം ലഭിക്കുമ്പോൾ അതേതു നിയമത്തിലുൾപ്പെടുത്തിയാണെന്നും, തങ്ങൾക്ക് ഏതെല്ലാം അവകാശങ്ങൾ നിയമം ഉറപ്പു വരുത്തുന്നുണ്ടെന്നും അറിയാതെയാണ് പല ഗുണഭോക്താക്കളുമുള്ളത്.

210 പേർ നിയമത്തെ കുറിച്ച് അറിവുണ്ടെന്ന് സമ്മതിക്കുമ്പോഴും നിയമത്തെ കുറിച്ച് പൂർണ്ണമായ ധാരണ ആർക്കും തന്നെയില്ല. വനാവകാശ നിയമത്തിലുൾപ്പെടുത്തി അവകാശം ലഭിച്ചുവെന്ന പരിമിതമായ അറിവ് മാത്രമാണ് ഇവർക്കുള്ളത്. അതിലുപരി, തങ്ങളുടെ അവകാശങ്ങളെ കുറിച്ച് വനാവകാശ നിയമം നൽകുന്ന പരിരക്ഷയെ കുറിച്ചോ, നടപ്പിലാക്കേണ്ട രീതിയെ കുറിച്ചോ ഗുണഭോക്താക്കൾക്ക് അറിവില്ല. വിവരശേഖരണത്തിനും, ക്രോഡീകരണത്തിനുമായി സംഘടിപ്പിച്ച ശിൽപശാലകളിലും, നിയമത്തെ കുറിച്ചുള്ള അജ്ഞത ഗുണഭോക്താക്കൾ പങ്കുവെച്ചിരുന്നു.

ജനപ്രതിനിധികൾക്ക് പോലും നിയമത്തെ കുറിച്ച് കൃത്യമായി അറിവില്ല. എസ്.ഡി.എൽ.സി.കമ്മിറ്റിയിൽ അംഗമായ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺനും ഉത്തരവ് ലഭിച്ചപ്പോൾ മാത്രമാണ് എസ്.ഡി.എൽ.സി. എന്ന കമ്മിറ്റിയുള്ളതായി അറിയുന്നത് എന്ന് ശിൽപ്പശാലയിൽ അഭിപ്രായപ്പെട്ടിരുന്നു. എസ്.ഡി.എൽ.സി.കമ്മിറ്റിയുടെ ഈ രൂപീകരണത്തിനപ്പുറം പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലെന്നും അവർ പറയുന്നു.

### 4.6.2.വനാവകാശനിയമത്തെ കുറിച്ചുള്ള അറിവ് സൂക്ഷ്മപഠനങ്ങൾ:

**4.സി.1** നിയമത്തെ കുറിച്ച് ഒട്ടും അറിവില്ലാത്ത സങ്കേതങ്ങൾ: **അണ്ണിമൂല പണിയ**.

നൂൽപ്പുഴ പഞ്ചായത്തിലെ വടക്കനാടിനു സമീപം ഈച്ചക്കുന്നിൽ സ്ഥിതി ചെയ്യുന്ന സങ്കേതമാണ് അണ്ണിമൂല പണിയ. 17 വീടുകളിലായി ഉപകുടുംബങ്ങളടക്കം 25 കുടുംബങ്ങളാണ് ഇവിടെ താമസം. 2011 ൽ അപേക്ഷ സമർപ്പിച്ച 10 പേരിൽ 9 പേർക്കാണ് വനാവകാശ നിയമപ്രകാരം ഭൂമിക്കു മേൽ കൈവശാവകാശം ലഭിച്ചിരിക്കുന്നത്. ഇവർക്കൊപ്പം അപേക്ഷ നൽകിയ ഒരു വ്യക്തിക്ക് അവകാശം ലഭിച്ചിട്ടില്ല.

രേഖ ലഭിക്കാനായി അപേക്ഷ സമർപ്പിച്ചത് പ്രൊമോട്ടർമാരാണെന്ന് സങ്കേതവാസികൾ പറയുന്നു. ഓരോ ഗുണഭോക്താക്കളുടെയും അപേക്ഷ പ്രൊമോട്ടർമാർ അവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചതിനു ശേഷം പൂരിപ്പിച്ച് ട്രൈബൽ ഓഫീസിൽ സമർപ്പിക്കുകയാണ് ചെയ്തത്. അപേക്ഷ സമർപ്പിക്കാനും, തുടർനടപടികൾക്കും ഊരുസഭ കൂടിയിട്ടില്ല. വനാവകാശ സമിതിയെ കുറിച്ചും സങ്കേതവാസികൾക്ക് ധാരണയില്ല. അവകാശത്തിനായി അപേക്ഷ പ്രൊമോട്ടർ മുഖാന്തിരം സമർപ്പിച്ചുവെന്നല്ലാതെ പ്രസ്തുത അപേക്ഷ വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയാണെന്നോ, നിയമത്തിൽ നിഷ്കർഷിക്കുന്ന അവകാശങ്ങളെ കുറിച്ചോ സങ്കേതവാസികൾക്ക് അറിയില്ല. സാമൂഹ്യാവകാശം, വികസനാവശ്യങ്ങൾക്കുള്ള അവകാശം, സാമൂഹ്യ വിഭവങ്ങളുടെ വിപണനം, സാമൂഹ്യവനവിഭവ മേഖല കമ്മിറ്റിയുടെ ഉത്തരവാദിത്തങ്ങൾ തുടങ്ങി നിയമത്തിലുള്ള വ്യവസ്ഥകളെ കുറിച്ച് സങ്കേതവാസികൾക്ക് അറിവില്ല.

വനാവകാശസമിതിയിൽ സങ്കേതത്തിലെ രണ്ടുപേർ അംഗങ്ങളാണെന്ന് പ്രൊമോട്ടർ പറഞ്ഞെങ്കിലും, സങ്കേതവാസികൾ ആരും തന്നെ വനാവകാശസമിതിയിലെ അംഗങ്ങളാണെന്ന് പറഞ്ഞിട്ടില്ല. വനാവകാശ സമിതി എന്ന സംവിധാനത്തെ കുറിച്ച് പോലും സങ്കേതവാസികൾ അജ്ഞരാണ്.

**4.സി.2 മണ്ണുണ്ടി:**

തിരുനെല്ലി പഞ്ചായത്തിലെ മുള്ളൻകൊല്ലിക്കടുത്ത് വെട്ടക്കുറുമ, കാട്ടുനായിക്കൻ വിഭാഗങ്ങൾ പരമ്പരാഗതമായി താമസിക്കുന്ന സങ്കേതമാണ് മണ്ണുണ്ടി. സങ്കേതത്തിൽ അപേക്ഷ സമർപ്പിച്ച 17 പേർക്കും കൈവശരേഖ ലഭിച്ചിട്ടുണ്ട്. എന്നാൽ, കൈവശരേഖയ്ക്കായി അപേക്ഷ

നൽകിയതിനെ കുറിച്ചോ, വനാവകാശ സമിതിയെ കുറിച്ചോ, ഊരുസഭയെ കുറിച്ചോ സങ്കേതവാസികൾക്ക് അറിവില്ല. വനാവകാശ നിയമത്തെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളൊന്നും സങ്കേതവാസികൾക്കാർക്കും തന്നെ അറിയില്ല. അതുകൊണ്ട് തന്നെ, പൊതു ആവശ്യങ്ങൾക്കായുള്ള വികസനാവകാശത്തതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ല. കൂടാതെ, സാമൂഹ്യവനവിഭവങ്ങളുടെ മേലുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതിനും അപേക്ഷ സമർപ്പിച്ചിട്ടില്ല.

#### 4.6.2.2 **വനാവകാശനിയമത്തെ കുറിച്ച് ഭാഗികമായി അറിവുള്ള സങ്കേതങ്ങൾ** :-

**(സൂക്ഷ്മപഠനങ്ങൾ )**

കൈവശരേഖയ്ക്ക് അപേക്ഷ സമർപ്പിക്കാനും, ഭൂമി അളക്കുന്നതിനും രേഖ ലഭ്യമാക്കുന്നതിനുമെല്ലാം ഊരുസഭ വിളിച്ചു കൂട്ടുകയും, വനാവകാശസമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വനാവകാശസമിതിയിൽ സങ്കേതത്തിൽ നിന്ന് ആറുപേരാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 4 പുരുഷന്മാരും, 2 സ്ത്രീകളും ഇതിലുൾപ്പെടുന്നു. സങ്കേതവാസികൾക്കെല്ലാം തന്നെ വനാവകാശ സമിതിയെ കുറിച്ചും, ഊരുസഭയെ കുറിച്ചും ധാരണയുണ്ട്. താരതമ്യേന നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ വനാവകാശസമിതി നടത്തിയിട്ടുണ്ട്. സാമൂഹ്യാവകാശങ്ങൾക്കും, വികസനാവശ്യങ്ങൾക്കും എഫ്.ആർ.സി യുടെ നേതൃത്വത്തിൽ 2016 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. വനാവകാശ നിയമത്തെ കുറിച്ചും, നിയമം ഉറപ്പുവരുത്തുന്ന അവകാശങ്ങളെ കുറിച്ചുമുള്ള അടിസ്ഥാന വിവരങ്ങൾ സങ്കേതവാസികൾക്കുണ്ടെങ്കിലും, നിയമത്തെ കുറിച്ചുള്ള സമഗ്രമായ അറിവ് ആർക്കുമില്ല.

#### **4.സി.3 നടുവിൽമുറ്റം**

പനമരം പഞ്ചായത്തിലെ നീർവാരത്തിനടുത്ത് വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന കുറിച്യ സങ്കേതമാണ് നടുവിൽമുറ്റം. അമ്മാനി വനാവകാശ സമിതിയിലുൾപ്പെട്ട ഒരേയൊരു സങ്കേതമാണിത്. ഏഴു പേർക്കാണ് സങ്കേതത്തിൽ വനാവകാശരേഖ ലഭിച്ചിരിക്കുന്നത്. സങ്കേതം മാത്രമുൾപ്പെട്ട വനാവകാശസമിതിയായതിനാൽ 11 അംഗങ്ങളും ഇവിടെ നിന്നുള്ളവർ തന്നെയാണ്. സങ്കേതത്തിലുള്ളവരെ ഉൾപ്പെടുത്തി ഊരുസഭ നടത്തുകയും, വനാവകാശസമിതി രൂപീകരിക്കുകയുമാണ് ചെയ്തത്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രൊമോട്ടർ എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. കൈവശരേഖയ്ക്ക് അപേക്ഷ സമർപ്പിച്ചതും,, ഭൂമി അളന്നതും വനാവകാശസമിതിയുടെ നേതൃത്വത്തിലാണ്. സാമൂഹ്യാവകാശങ്ങൾക്കും, വികസനാവശ്യങ്ങൾക്കും യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല.

#### **4.സി.4 ഊരംകുന്ന് കുറുമൻ സങ്കേതം :**

നൂൽപ്പുഴ പഞ്ചായത്തിലെ നമ്പിക്കൊല്ലിക്കടുത്തുള്ള സങ്കേതമാണ് ഊരംകുന്ന്. പരമ്പരാഗതമായി മുള്ളുകുറുമൻ വിഭാഗത്തിലുൾപ്പെട്ടവർ

താമസിക്കുന്ന സങ്കേതമാണിത്. സങ്കേതത്തിലെ 2 വ്യക്തികൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരാണ്. കൃഷിയാണ് പ്രധാന ഉപജീവനമാർഗ്ഗം. അതുകൊണ്ട് തന്നെ, വനാവകാശനിയമത്തെ കുറിച്ചും, കൈവശരേഖയെ കുറിച്ചും സാമാന്യധാരണ ഉള്ളവരാണ് സങ്കേതവാസികൾ. വനാവകാശ സമിതിയിൽ സങ്കേതത്തിൽ നിന്നുള്ള മൂന്ന്പേർ അംഗങ്ങളാണ്.

## 4.സി.5 അത്തിക്കടവ് തേക്കിൻകാട് സങ്കേതം

മീനങ്ങാടി പഞ്ചായത്തിലെ അപ്പാട് സ്ഥിതി ചെയ്യുന്ന സങ്കേതമാണ് അത്തിക്കടവ് തേക്കിൻകാട് സങ്കേതം. പണിയൻ, കാട്ടുനായിക്കൻ, വെട്ടക്കുറുമൻ സമുദായങ്ങളിലുൾപ്പെടുന്നവർ താമസിക്കുന്ന സങ്കേതമാണിത്. പരമ്പരാഗതമായി താമസിച്ചു വരുന്ന കാട്ടുനായിക്കൻ, പണിയൻ വിഭാഗത്തിൽപ്പെട്ട 10 ഓളം കുടുംബങ്ങളും 2003–2005 കാലയളവിൽ ഭൂമി വെട്ടിപ്പിടിച്ച് താമസമാക്കിയവരുമാണ് ഇവിടെയുള്ളത്. പരമ്പരാഗതമായി സങ്കേതത്തിലുള്ളവർക്ക് വനാവകാശരേഖ ലഭിക്കുന്നതിനു മുമ്പ് കൈവശഭൂമിക്ക് യാതൊരു രേഖയുമുണ്ടായിരുന്നില്ല. 2005 നു മുമ്പ് താമസമാക്കിയവർക്കും, പരമ്പരാഗതമായി താമസിച്ചിരുന്നവർക്കും ഒരേ സമയത്താണ് വനാവകാശരേഖ ലഭിച്ചത്. എന്നാൽ, ഇതിനായി അപേക്ഷ സമർപ്പിച്ചതിനെ കുറിച്ചോ, ഊരുസഭ , വനാവകാശസമിതി എന്നിവയുടെ രൂപീകരണം, പ്രവർത്തനം എന്നിവയെ കുറിച്ചോ സങ്കേതവാസികളിൽ ഭൂരിഭാഗത്തിനും അറിവില്ല.

എന്നാൽ, വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയാണ് ഭൂമിക്ക് കൈവശരേഖ ലഭിച്ചതെന്ന അറിവ് 2003–2005 കാലയളവിൽ സങ്കേതത്തിൽ താമസമാക്കിയവർക്കുണ്ട്. പ്രാദേശിക രാഷ്ട്രീയ നേതാക്കളിൽ നിന്നാണ് ഈ അറിവി ലഭിച്ചിരിക്കുന്നത്. എന്നാൽ, പരമ്പരാഗതമായി സങ്കേതത്തിൽ താമസിക്കുന്നവർക്ക് വനാവകാശനിയമത്തെ കുറിച്ച് യാതൊരറിവുമില്ല. 2005 നു മുമ്പ് താമസമാക്കിയവർക്ക് രേഖ ലഭിക്കാൻ അപേക്ഷ സമർപ്പിച്ചതിനൊപ്പം ഇവരും അപേക്ഷ സമർപ്പിച്ചു. എന്നാൽ സങ്കേതവാസികൾക്ക് നിയമം നടപ്പിലാക്കിയ നടപടിക്രമങ്ങളെ കുറിച്ച് അറിവില്ല.

## 4.സി.6 പനവല്ലി മിച്ചഭൂമി

തിരുനെല്ലി പഞ്ചായത്തിലെ പനവല്ലിയിലുള്ള സങ്കേതമാണ് പനവല്ലി മിച്ചഭൂമി. പ്രസ്തുത സങ്കേതത്തിനോട് അടുത്തുള്ള പ്രദേശങ്ങളിൽ നിന്നും സ്ഥലപരിമിതി മൂലം മിച്ചഭൂമിയിലേക്ക് കുടിയേറിയവരാണ് സങ്കേതവാസികൾ. കാട്ടുനായിക്കൻ, പണിയൻ, അടിയാൻ, വെട്ടക്കുറുമൻ, എന്നീ സമുദായങ്ങളിൽപ്പെട്ടവരാണ് ഇവർ. 1994 മുതൽ ആരംഭിച്ച കുടിയേറ്റം 2002 വരെ തുടർന്നു. ഓരോ കുടുംബവും കുടിയേറി താമസിച്ച് കൃഷിയുമാരംഭിച്ച ഭൂമിക്ക് അവകാശം ലഭിക്കുന്നത് 2012 ലാണ്. കൈവശമുള്ള ഭൂമിക്ക് വനാവകാശ നിയമപ്രകാരം രേഖ ലഭിക്കുമെന്ന അറിവ് സങ്കേതവാസികൾക്ക് നൽകിയത് പ്രാദേശിക രാഷ്ട്രീയ നേതാക്കളാണ്. ഇതുപ്രകാരമാണ് അപേക്ഷ സമർപ്പിച്ചതും, തുടർനടപടികൾ സ്വീകരിച്ചതും. എന്നാൽ ഊരുസഭ,, വനാവകാശസമിതി എന്നിവയെ

കുറിച്ച് സങ്കേതവാസികൾക്ക് അറിവില്ല. സാമൂഹ്യാവകാശത്തിന് സങ്കേതത്തിൽ നിന്നും അപേക്ഷ നൽകിയിട്ടില്ല.

### 4.സി.7 തിരുമുഖം ഊരാളി

പുൽപ്പള്ളി പഞ്ചായത്തിലെ പാക്കത്ത് സ്ഥിതി ചെയ്യുന്ന വെട്ടക്കുറുമ സങ്കേതമാണ് തിരുമുഖം ഊരാളി. വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി എട്ട് കുടുംബങ്ങൾക്കാണ് കൈവശാവകാശം ലഭിച്ചിരിക്കുന്നത്. എന്നാൽ ഭൂമി അളക്കാൻ വന്നതും, കൈവശം വെച്ചിരിക്കുന്ന ഭൂമിക്ക് അവകാശം ലഭിക്കുമെന്ന അറിവ് നൽകിയതും, വനംവകുപ്പ് ഉദ്യോഗസ്ഥരാണെന്ന് സങ്കേതവാസികൾ പറയുന്നു. വനാവകാശ നിയമത്തെ കുറിച്ചുള്ള ബോധവത്കരണമോ, പരിശീലനമോ സങ്കേതവാസികൾക്ക് ലഭിച്ചിട്ടില്ല.

### 4.സി.8 – ചക്കിണി

നാലുപേർ അവകാശത്തിനായി അപേക്ഷ നൽകിയെങ്കിലും ഇവിടെ മൂന്ന്പേർക്കാണ് വനാവകാശ നിയമപ്രകാരം കൈവശാവകാശം ലഭിച്ചിരിക്കുന്നത്. അവശേഷിക്കുന്നവർക്ക് റവന്യൂഭൂമിയുണ്ട്. അടിയാൻ സമുദായങ്ങളിലെ അംഗങ്ങൾ അധിവസിക്കുന്ന സങ്കേതമാണ് ചേകാടി ചക്കിണി കോളനി. ബേഗൂർ ഫോറസ്റ്റ് റേഞ്ചിലുൾപ്പെടുന്ന ഈ സങ്കേതം പൂർണ്ണമായും വനത്തോടു ചേർന്നു കിടക്കുന്നു. പരമ്പരാഗതമായി അധിവസിച്ചു വരുന്ന സങ്കേതമാണിത്. 28 അടിയാൻ കുടുംബങ്ങളും, 11 കാട്ടുനായിക്കൻ കുടുംബങ്ങളും അടക്കം 39 കുടുംബങ്ങളാണ് പ്രസ്തുത സങ്കേതത്തിൽ ഉള്ളത്. എന്നാൽ നാലു കുടുംബങ്ങളൊഴികെ ബാക്കിയുള്ളവരെല്ലാം റവന്യൂ ഭൂമിയിലാണ് താമസിച്ചു വരുന്നത്. ഇത് പരമ്പരാഗതമായി കൈവശം വച്ച് അനുഭവിച്ചു വരുന്ന ഭൂമിയാണ്. ഇവിടെ പട്ടയഭൂമിയില്ലാതിരുന്ന നാല് കുടുംബങ്ങൾക്ക് ( 3 അടിയാൻ, 1 കാട്ടുനായിക്കൻ) വനാവകാശത്തിൽ ഉൾപ്പെടുത്തി വനംവകുപ്പ് തന്നെ ഭൂമി നൽകുകയായിരുന്നു. വീട് പാസായപ്പോൾ ഇവിടെ മരം മുറിച്ച് വീടു വെക്കാനുള്ള അനുവാദം നൽകി. അടിയാൻ സമുദായത്തിലെ ബാലകൃഷ്ണൻ, കാളൻ, മണിയൻ എന്നിവർക്കാണ് വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചത്. ഇവരോടൊപ്പം അപേക്ഷ സമർപ്പിച്ച കാട്ടുനായിക്കൻ സമുദായത്തിലെ 'വാസു' എന്ന വ്യക്തിക്ക് രേഖ ലഭിച്ചിട്ടില്ല. ഇതിനായി ഫോട്ടോ സമർപ്പിച്ചിട്ടുണ്ട്.

വനാവകാശ സമിതിയുമായി ബന്ധപ്പെട്ട ഊരുസഭയോ, വനാവകാശസമിതിയുടെ രൂപീകരണമോ, പ്രവർത്തനങ്ങളോ സങ്കേതത്തിൽ നടന്നിട്ടില്ലെന്ന് സങ്കേതവാസസികൾ പറയുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ അളന്ന് രേഖ നൽകിയെന്ന് മാത്രമാണ് വനാവകാശ നിയമത്തെ കുറിച്ച് സങ്കേതവാസികൾക്കുള്ള അറിവ്.

### 4.സി.9 അയനിമല കുറുമ

പൂതാടി പഞ്ചായത്തിലെ ചീങ്ങോട് പ്രദേശത്തുൾപ്പെടുന്ന കോളനിയാണ് അയനിമല കുറുമ. ആകെ നാല് കുടുംബങ്ങളാണ് ഇവി

ടുള്ളത്. നാലുപേർക്കും വനാവകാശം ലഭിച്ചിട്ടുണ്ട്. 55 വർഷമായി ഈ കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. പിതാവായ ചോമൻ തറവാടായ തിരുമുഖം കോളനിയിൽ നിന്ന് (പാക്കം, പുൽപ്പള്ളി) അയനിമലയിലെത്തി സ്ഥലം വെട്ടിപ്പിടിച്ചതാണ്. തിരുമുഖം കോളനിയിൽ ചോമന് 15 ഏക്കർ ഭൂമിയും, സ്ഥലവുമെല്ലാമുണ്ടായിരുന്നു. കടം വാങ്ങിയ പണം തിരികെ നൽകാൻ കഴിയാതെ വന്നതോടെ ഒരാൾ അത് തീറെഴുതി വാങ്ങുകയായിരുന്നു. ഭൂമി നഷ്ടപ്പെട്ടതോടെ ചോമൻ ബന്ധുക്കൾ താമസമുള്ള നെല്ലിയമ്പം കോളനിയിലെത്തി അവിടെ നിന്നും പത്തു വർഷങ്ങൾക്ക് ശേഷമാണ് അയനിമല എത്തി ഭൂമി വെട്ടിപ്പിടിക്കുന്നത്. അന്ന് വനംവകുപ്പിന്റെ ഭാഗത്തു നിന്ന് എതിർപ്പൊന്നുമുണ്ടായിരുന്നില്ല. വെട്ടിപ്പിടിച്ച ഭൂമിയിൽ കൃഷിയും നടത്തി പോന്നിരുന്നു.

വർഷങ്ങൾക്കു ശേഷം , വനംവകുപ്പ് വനഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമം കർശനമാക്കിയതോടെ ചെറിയ തോതിലുള്ള തടസ്സങ്ങൾ നേരിട്ടു. പിന്നീട്, 1997 ൽ വനംവകുപ്പും, റവന്യൂവും ചേർന്ന് ഭൂമി അളന്ന് ഒരു അവകാശരേഖ നൽകി-Extract of Record of Rights. ഈ രേഖ ലഭിച്ചതോടെ വനംവകുപ്പിൽ നിന്നുള്ള പ്രശ്നങ്ങൾ ഇല്ലാതായി. വീടുണ്ടാക്കാനും, മറ്റു ആനുകൂല്യങ്ങൾക്കുമൊക്കെ ഈ രേഖ ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഈ രേഖയിൽ ഭൂമിയുടെ അളവും, കൃഷികളെന്തൊക്കെയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രേഖ ഉപയോഗിച്ച് വൈദ്യുതി ലഭിച്ചിരുന്നില്ല. 2007 ൽ ഇപ്രകാരം നൽകിയ അപേക്ഷയിൽ വനംവകുപ്പ് തടസ്സം നിന്നു. പിന്നീട് 2010 ൽ വനാവകാശ നിയമം വഴി അപേക്ഷിച്ചപ്പോഴാണ് വനംവകുപ്പ് വൈദ്യുതിയ്ക്ക് അനുമതി നല്കിയത്..

ചോമൻ തന്റെ ഭൂമി നാല് ആൺമക്കൾക്ക് (രാഘവൻ, അച്യുതൻ, ഭാസ്കരൻ, കേശവൻ) എന്നിവർക്ക് വീതിച്ചു നൽകി. വനാവകാശ നിയമം നടപ്പിലാക്കുമ്പോൾ നാലുപേരും അപേക്ഷ നൽകി. കൈയിലുള്ള ഭൂമിക്ക് മുഴുവൻ അവകാശരേഖ ലഭിച്ചു. രാഘവന്റെ മക്കളുടെ പേരിൽ അപേക്ഷ നൽകിയെങ്കിലും ഭൂമി മുഴുവൻ രാഘവന്റെ പേരിൽ തന്നെ ആയതിനാൽ രേഖ അനുവദിച്ചു കിട്ടിയില്ല. കോളനിയിലെ നാലുപേർക്കും കരഭൂമിയും വയലുമുണ്ട്. കാപ്പിയാണ് പ്രധാന കൃഷി. ഒരു കുടുംബം നെൽകൃഷിയും ചെയ്യുന്നുണ്ട്. രണ്ട് കുടുംബങ്ങൾ (ഭാസ്കരൻ, കേശവൻ) കോളനിയിൽ താമസമില്ല. ഭൂമി മാത്രമേയുള്ളൂ. കവുങ്ങ്, വാഴ, കാപ്പി, കുരുമുളക്, ചേന എന്നിവയാണ് പ്രധാന കൃഷികൾ. വനാവകാശം ലഭിക്കുന്നതിന് മുമ്പ് കരകൃഷി ചെയ്യാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അവകാശം ലഭിച്ചതിനു ശേഷം കരകൃഷി ചെയ്യാനാവുന്നുണ്ട്.

. ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ കോളനിവാസികളെ വിളിച്ചുകൂട്ടി. അയനിമല പണിയൻ, കുറുമൻ കോളനികളും, കേളമംഗലം മുള്ളുകുറുമൻ, വെട്ടകുറുമൻ, കാട്ടുനായിക്കൻ കോളനികളും ഒരുമിച്ചായിരുന്നു ഊരുസഭ കൂടിയത്. ഇതിൽ നിന്ന് FRC രൂപീകരിച്ചു. കേളമംഗലം കോളനിയിലെ രുക്മിണിയെ പ്രസിഡന്റായും, അയനിമല കുറുമ കോളനിയിലെ അച്യുതനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. ആകെ 15 അംഗങ്ങളുമുണ്ടായിരുന്നു. പ്രമോട്ടർമാരാണ് പിന്നീട് അവ

കാശരേഖയ്ക്കായുള്ള അപേക്ഷ ശേഖരിച്ചത്. ഇത് FRC അംഗങ്ങളുടെ അറിവോടെ അല്ലാത്തതിനാൽ സബ്കളക്ട്രേറ്റിൽ നിന്നും തിരിച്ചയച്ചു. പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും ഒപ്പില്ലാത്തതായിരുന്നു കാരണം. പിന്നീട്, അപേക്ഷകളിൽ , പ്രസിഡന്റും, സെക്രട്ടറിയും ഒപ്പിട്ട് തിരിച്ചയച്ചു. എല്ലാവർക്കും കേണിച്ചിറ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും രേഖ ലഭിച്ചു.

2014 ലാണ് സാമൂഹ്യാവകാശത്തിന് അപേക്ഷ നൽകിയത്. വനവിഭവശേഖരണം, ശ്മശാനം,ആരാധന എന്നിവയ്ക്കാണ് അപേക്ഷ നൽകിയത്. 2016 ൽ അപേക്ഷിച്ച എല്ലാ സാമൂഹ്യാവകാശങ്ങൾക്കും രേഖ ലഭിച്ചു. അയനിമല പണിയൻ, കുറുമ, കാട്ടുനായിക്കൻ കോളനികൾക്കായാണ് സാമൂഹ്യാവകാശരേഖ കിട്ടിയിരിക്കുന്നത്. എന്നാൽ മൂന്ന് ഇനങ്ങൾക്കുമായി രണ്ട് ഏക്കർ ഭൂമി മാത്രമാണ് ലഭിച്ചിരിക്കുന്നത്. മുമ്പ് കാട് മുഴുവൻ വനം ഉപയോഗിച്ച ഇവർക്ക് ഇപ്പോൾ ഈ ഭൂമി അപര്യാപ്തമാണ്. സാമൂഹികാവകാശം നൽകിയപ്പോൾ ഭൂമി അളന്നില്ലെന്ന് ഇവർ ആക്ഷേപിക്കുന്നുണ്ട്. അളക്കാതെ രേഖ തന്നതിനാലാണ് ഇത്ര കുറഞ്ഞുപോയതെന്ന് ഇവർ പറയുന്നു.

സാമൂഹ്യവിഭവങ്ങൾക്ക് മേലുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതിന് CFRMC (സാമൂഹിക വനവിഭവ മേഖല കമ്മിറ്റി) രൂപീകരിച്ചിട്ടുണ്ട്. 2015 ലാണ് രൂപീകരിച്ചത്. 5 സ്ത്രീകളും, 6 പുരുഷന്മാരുമാണ് അംഗങ്ങൾ. കമ്മിറ്റി രൂപീകരിച്ചതല്ലാതെ പിന്നീട് മറ്റു കാര്യങ്ങളൊന്നും ചർച്ച ചെയ്യുകയോ, തീരുമാനിക്കുകയോ ചെയ്തിട്ടില്ല. ട്രൈബൽ വകുപ്പ് ഇതിന് മുൻകൈയെടുക്കുന്നില്ലെന്നാണ് ഇവരുടെ പരാതി.

ഗുണഭോക്താക്കളിലെ ഭൂരിപക്ഷത്തിനുമുള്ള വനാവകാശനിയമത്തെകുറിച്ചുള്ള അജ്ഞതയ്ക്ക് കാരണം, നിയമം നടപ്പിലാക്കുന്ന സമയത്ത് നടത്തിയ പരിശീലനങ്ങളുടെയും, ബോധവത്കരണങ്ങളുടെയും അപര്യാപ്തതയാണ് വ്യക്തമാക്കുന്നത്.

## ഭാഗം 1 – വ്യക്തിഗത അവകാശം

### 4.7.വനാവകാശനിയമവും, ഭൂമിയും

വ്യക്തിഗത അവകാശം, സാമൂഹികാവകാശം, ഊരിലെ വികസനപ്രവർത്തനങ്ങൾക്കുള്ള അനുമതി എന്നിങ്ങനെ മൂന്നു വിധത്തിലാണ് വനാവകാശ നിയമം ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നത്.

വ്യക്തിഗത അവകാശപ്രകാരം, ഓരോ കുടുംബവും അനുഭവിച്ചു പോന്നിരുന്ന വനഭൂമി 2005 ഡിസംബർ 13 ന് ഏതാണോ അതിന് കുടുംബത്തിന്റെ പേരിൽ കൈവശാവകാശം ലഭിക്കും. എന്നാൽ പരമാവധി 4 ഹെക്ടർഭൂമി വരെ മാത്രമേ ഇപ്രകാരം കൈവശം ലഭിക്കുകയുള്ളൂ. അവകാശികൾ വിവാഹിതരാണെങ്കിൽ ഭാര്യാഭർത്താക്കൻമാരുടെ മേൽകൂട്ടായോ, അതല്ലെങ്കിൽ സ്വന്തം പേരിലോ, അല്ലെങ്കിൽ അടുത്ത ബന്ധുക്കളുടെ പേരിലോ അവകാശ രേഖ ലഭിക്കും. അവകാശികളുടെ മക്കൾക്ക് ഈ ഭൂമിയിൽ പാരമ്പര്യമായി അവകാശം ലഭിക്കും. വ്യക്തിഗതമായ അവകാശം ലഭിച്ചാൽ ഈ ഭൂമിയിൽ താമസിക്കാനും, കൃഷി ചെയ്ത് വിഭവങ്ങളെടുക്കാനും കഴിയും. എന്നാൽ ഈ ഭൂമിയുമായി ബന്ധപ്പെട്ട മറ്റേതു തരത്തിലുള്ള കൈമാറ്റവും നിയമവിരുദ്ധവും നിയമസാധുത ഇല്ലാത്തതുമാണ്.

### 4.7.1. വനാവകാശനിയമപ്രകാരം വ്യക്തിഗതവകാശം ലഭിച്ച വർഷം

2007 മുതൽ 2015 വരെയുള്ള വർഷങ്ങളിലാണ് വനാവകാശനിയമപ്രകാരം അവകാശ രേഖ നൽകിയിട്ടുള്ളത്. അതിൽ 2010 മുതൽ 2012 വരെയുള്ള വർഷങ്ങളിലാണ് ഏറ്റവും കൂടുതൽ ഉപഭോക്താക്കൾക്ക് രേഖ നൽകിയിട്ടുള്ളത്. വിശദമായ വിവരങ്ങൾ പട്ടികയിൽ നല്കിയിട്ടുണ്ട്.

പട്ടിക: 4.17 **അവകാശം ലഭിച്ച വർഷം സമുദായടിസ്ഥാനത്തിൽ**

| | | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| ക്രമനം | വർഷം | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| **1** | **2** | **3** | **4** | **6** | **7** | **8** | **9** | **10** | **11** | **12** |
| 1 | -2009 | 24 | 15 | 51 | - | 7 | - | - | 97 | 12.6 |
| 2 | 2010-2012 | 266 | 155 | 46 | 83 | 59 | 8 | 8 | 625 | 81.2 |
| 3 | 2013-2015 | 14 | 1 | - | -- | 10 | 22 | - | 47 | 6.11 |
| 4 | 2016-2017 | - | -- | - | - | - | - | - | - | 0 |
| 5 | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** | **100** |

പരമ്പരാഗതമായി കൈവശം വച്ച് അനുഭവിക്കുന്നതും, മറ്റേതെങ്കിലും വിധത്തിൽ അനുഭവിച്ചുവരുന്നതുമായ , എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ വനപ്രദേശങ്ങൾക്കാണ് വനാവകാശ നിയമം വഴി കൈവശരേഖ നൽകേണ്ടത്. ഊരുകൂട്ടങ്ങൾ വഴി അപേക്ഷ സ്വീകരിച്ച് , വനാവകാശസമിതിയിലൂടെ ഭൂമി അളന്നു തിട്ടപ്പെടുത്തിയാണ് ജില്ലാതല കമ്മിറ്റികൾ മുഖാന്തിരം രേഖകൾ നൽകിയത്. വനഭൂമി വനംവകുപ്പ് പാട്ടത്തിന് നൽകിയ 58 മുള്ളുക്കുറുമ സമുദായക്കാരൊഴികെ മറ്റാർക്കും, അവർ കൈവശം വച്ചനുഭവിച്ചിരുന്ന ഭൂമിയിൻമേൽ യാതൊരു രേഖയും മുൻപുണ്ടായിരുന്നില്ല. കൈവശം വച്ചിരുന്ന ഭൂമിയെ സംബന്ധിച്ച് ഓരോരുത്തരും, അവകാശമുന്നയിക്കും പ്രകാരമാണ് ഭൂമി അളന്നു തിട്ടപ്പെടുത്തേണ്ടത്. എന്നാൽ ഇത്തരത്തിൽ അവകാശപ്പെടാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നതായും, അവകാശം ഉന്നയിച്ച മുഴുവൻ ഭൂമിക്കും അവകാശരേഖ ലഭിച്ചിട്ടില്ലെന്നും അഭിപ്രായപ്പെട്ടവരുണ്ട്. ഇത്തരത്തിൽ കൈവശം വച്ചിരുന്ന മുഴുവൻ ഭൂമിക്കും, വനാവാകാശ നിയമപ്രകാരം അവകാശം ഉന്നയിക്കാൻ സാധിച്ചിട്ടില്ലാത്ത 15 (2%) പേരാണുള്ളത്.

പൂതാടി പഞ്ചായത്തിലെ കേളമംഗലം കാട്ടുനായിക്കൻ സങ്കേതത്തിൽ 13 കുടുംബങ്ങളാണ് ഉള്ളത്. സങ്കേതവാസികൾ കൂട്ടായി ഭൂമി ഉപയോഗിച്ചു വന്നിരുന്നവരാണ്. വ്യക്തിപരമായി ആർക്കും ഭൂമിയുണ്ടായിരുന്നില്ല. പുതുതായി സങ്കേതത്തിൽ താമസമാരംഭിച്ച ഒരു കുടുംബമൊഴികെ ബാക്കിയുള്ള 12 കുടുംബങ്ങളും വ്യക്തിഗത അവകാശരേഖയ്ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ വ്യക്തിഗതമായി ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടില്ലാ

യിരുന്നതിനാൽ ഏകദേശ ഊഹം വച്ച് ഭൂമി അളന്നു കൈവശരേഖ നൽകുകയായിരുന്നു. കൃഷ്ണൻകുന്ന് സങ്കേതത്തിലെ രണ്ട് ഗുണഭോക്താക്കളായ ഭൂമി അവകാശരേഖക്കായി അവകാശവാദമുന്നയിച്ചിരുന്നോ എന്നതിനെ സംബന്ധിച്ച് യാതൊരറിവും ഇല്ല എന്ന് വ്യക്തമാക്കി.

മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് തേക്കിൻകാട് സങ്കേതത്തിലെ രണ്ട് പേർ അയൽവാസികളുമായി ഭൂമി സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ കൈവശമുണ്ടായിരുന്ന മുഴുവൻ ഭൂമിക്കും, അവകാശമുന്നയിക്കാൻ സാധിച്ചിരുന്നില്ല എന്നഭിപ്രായപ്പെട്ടു. നൂൽപ്പുഴ പഞ്ചായത്തിലെ മാറോഡ് സങ്കേതത്തിലെ ഒരു ഗുണഭോക്താവും ഇത്തരത്തിൽ സഹോദരിയുമായി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ , അവകാശമുന്നയിക്കാൻ സാധിച്ചില്ല എന്നറിയിച്ചു.

പട്ടിക.4.18 **പരമ്പരാഗതമായി കൈവശം വച്ചിരുന്ന മുഴുവൻ ഭൂമിയ്ക്കും അവകാശവാദം– സമുദായടിസ്ഥാനത്തിൽ**

| ക്രമനം | അവകാശം ഉന്നയിച്ച കുടുംബങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | അവ കാശം | കാട്ടു നായി ക്കൻ | പണി യൻ | മുള്ളു കുറു മൻ | വെട്ട ക്കുറു മൻ | കുറി ച്ച്യൻ | തച്ചനാ ടൻ മൂപ്പൻ | അടിയ ാൻ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഉന്ന യിച്ചു | 296 | 170 | 96 | 81 | 76 | 30 | 8 | 757 (98.43%) |
| 2 | ഇല്ല | 5 | – | 1 | 2 | – | – | – | 8 (1.04 %) |
| 3 | അറി യില്ല | 3 | 1 | – | – | – | – | – | 4 (0.39 %) |
| 4 | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** |

98.43% പരമ്പരാഗതമായി കൈവശം വച്ചിരുന്ന മുഴുവൻ ഭൂമിക്കും വനാവകാശ നിയമ പ്രകാരം വ്യക്തിഗത അവകാശം ഉന്നയിച്ചവരാണ്.

വനാവകാശരേഖ നൽകുന്നതിനു വേണ്ടി സ്ഥലമളന്നപ്പോൾ കൈവശമുണ്ടായിരുന്ന മുഴുവൻ ഭൂമിയും അളക്കാതെ പോയതായി പരാതിപ്പെട്ടത് 12 പേരാണ്. അതിൽ 7 പേരും,

പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന് സങ്കേതത്തിലുൾപ്പെടുന്നവരാണ്. പ്രസ്തുത സങ്കേതത്തിലെ 7 പേരും ഇതു സംബന്ധിച്ച് ഒരേ അഭിപ്രായം പറഞ്ഞിട്ടുള്ളത്. തിരുനെല്ലി പഞ്ചായത്തിലുൾപ്പെടുന്ന പനവല്ലി സങ്കേതത്തിലെ ഒരാളും, മണൽവയൽ സങ്കേതത്തിലെ മറ്റൊരാളും ഇതേ അഭിപ്രായം തന്നെ പറയുകയുണ്ടായി.

തിരുനെല്ലി പഞ്ചായത്തിലെ മദ്ധ്യപ്പാടി സങ്കേതത്തിൽ നിന്ന് രണ്ട് സങ്കേതവാസികളുടെ അഭിപ്രായത്തിൽ വനാവകാശരേഖ നൽകുന്നതിനു വേണ്ടി ഭൂമി അളന്നത് തികച്ചും അശാസ്ത്രീയമായ രീതിയിലായിരുന്നു. സങ്കേതത്തിലെ ഒരു ഗുണഭോക്താവ് കൃഷി ചെയ്തിരുന്ന ഭൂമി മാത്രമേ അളന്നിരുന്നുള്ളൂ. കൃഷി ചെയ്യാതെ ഇട്ടിരുന്ന ഭൂമി വനഭൂമിയാണെന്ന് പറഞ്ഞ് നിഷേധിക്കുകയായിരുന്നു. പ്രസ്തുത സങ്കേതത്തിലെ വേറൊരാളുടെ ഭൂമി അളന്നു തിട്ടപ്പെടുത്തുക പോലും ചെയ്തില്ലെന്ന് പരാതി ഉന്നയിക്കുന്നു. അളവെടുക്കാൻ വന്ന ഉദ്യോഗസ്ഥർ ഭൂമി നോക്കി തിട്ടപ്പെടുത്തി പോവുകയാണുണ്ടായതെന്ന് ഗുണഭോക്താവ് അഭിപ്രായപ്പെട്ടു. ഇതേ പഞ്ചായത്തിലുൾപ്പെട്ട കൂപ്പ് സങ്കേതവാസിയായ മറ്റൊരാളുടെ ഭൂമി മുഴുവൻ അളന്നു തിട്ടപ്പെടുത്തിയിരുന്നുവെങ്കിലും രേഖയിൽ മുഴുവനും രേഖപ്പെടുത്തിയിട്ടില്ല.

പുൽപ്പള്ളി പഞ്ചായത്തിലെ കണ്ടാമല സങ്കേതത്തിലുൾപ്പെട്ട ഒരു ഗുണഭോക്താവിന് കൈവശമുണ്ടായിരുന്ന വനംവകുപ്പിൽ നിന്നു പാട്ടത്തിനുപയോഗിച്ചിരുന്ന കരഭൂമിക്ക് രേഖ ലഭിച്ചിട്ടില്ലെന്ന് പരാതിപ്പെടുന്നു. കരഭൂമിയും, വയൽഭൂമിയും കൈവശമുണ്ടായിരുന്നുവെങ്കിലും വയലിനു മാത്രമാണ് അവകാശരേഖ ലഭിച്ചത്. ഇതിന്റെ വ്യക്തമായ കാരണം മേലുദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിട്ടില്ലെന്നും, അദ്ദേഹം അഭിപ്രായപ്പെട്ടു. അളന്നു പോയ ഭൂമി മുഴുവൻ രേഖ ലഭിച്ചതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കുകയുണ്ടായി. ഇതിന്റെ അഭിപ്രായം ആണ് പട്ടിക 4.19 ൽ നൽകിയിട്ടുള്ളത്.

പട്ടിക :4.19 **അവകാശവാദം ഉന്നയിച്ച മുഴുവൻ ഭൂമിക്കും അവകാശം**

| ക്രമനം | കുടുംബങ്ങൾ സമുദായടിസ്ഥാനത്തിൽ | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | അവകാശം | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | [illegible] മൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഉണ്ട് | 293 | 160 | 94 | 80 | 76 | 30 | 7 | 740 (96.22%) |
| 2 | ഇല്ല | 8 | 9 | 3 | 2 | 0 | 0 | 1 | 23 (2.99 %) |
| 3 | അറിയില്ല | 3 | 2 | 0 | 1 | 0 | 0 | 0 | 6 (0.79 %) |
| 4 | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** |

അളന്നുപോയ ഭൂമി മുഴുവൻ രേഖ ലഭിച്ചതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചോ , രേഖയിൽ എത്ര ഭൂമിയാണ് രേഖപ്പെടുത്തിയത് എന്നതിനെ സംബന്ധിച്ചോ യാതൊരറിവുമില്ലാത്തവർ ഉണ്ട്. കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ സമുദായത്തിൽപ്പെട്ടവരാണ്. കുറിച്ച്യൻ സമുദായത്തിലും,, തച്ചനാടൻ മൂപ്പൻ സമുദായത്തിലുംപ്പെട്ടവർക്ക്, മുഴുവൻ ഭൂമിക്കും അവകാശരേഖ ലഭിച്ചിട്ടുണ്ട്.

അവകാശവാദമുന്നയിച്ച (2%) പേരുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തിയത് അവരുടെയോ, കുടുംബാംഗങ്ങളുടെയോ സാന്നിദ്ധ്യത്തിലായിരുന്നില്ല. വിശദാംശങ്ങൾ പട്ടിക4.20 ൽ നൽകിയിട്ടുണ്ട്. പണിക്കു പോയ ദിവസം യാതൊരു മുന്നറിയിപ്പും കൂടാതെ, വനംവകുപ്പിലെയും, റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ വന്ന് സ്ഥലമളക്കുകയാണുണ്ടായതെന്ന് ലക്ഷംവീട് സങ്കേതത്തിലെ സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്. പ്രസ്തുത സങ്കേതത്തിലെ തന്നെ രണ്ട് പേർക്കും തിരുനെല്ലി പഞ്ചായത്തിലെ ചക്കിണി സങ്കേതത്തിലെ ഒരാൾക്കും പനവല്ലി സങ്കേതത്തിലെ മൂന്ന് പേർക്കും വെള്ളറോഡി സങ്കേതത്തിലെ

ഒരാൾക്കും നൂൽപ്പുഴ പഞ്ചായത്തിലെ ഊരംകുന്ന് സങ്കേതത്തിലെയും ചുക്കാലിക്കുനി സങ്കേതത്തിലെയും ഒരോരുത്തർക്കും മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ സങ്കേതത്തിലുള്ള മൂന്ന് പേർക്കും ശേഖരൻകുണ്ട് സങ്കേതത്തിലെ ഒരാൾക്കും സമാനമായ പ്രശ്നം നേരിടേണ്ടി വന്നിട്ടുണ്ട്.

പുൽപ്പള്ളി പഞ്ചായത്തിലെ ഫോറസ്റ്റ് വയൽ സങ്കേതത്തിലുള്ള വെള്ളി, ചന്ദ്രൻ, പൂതാടി പഞ്ചായത്തിലെ കേളമംഗലം സങ്കേതത്തിലുള്ള കുള്ളി എന്നിവരാണ് അളവെടുപ്പുമായി ബന്ധപ്പെട്ട് യാതൊരു അറിവും ഇല്ല എന്ന് അഭിപ്രായപ്പെട്ടത്. വിശദാംശങ്ങൾ സമുദായടിസ്ഥാനത്തിൽ പട്ടിക 4.20 ൽ നൽകുന്നു.

പട്ടിക:4.20 **ഭൂമി അളന്ന് തിട്ടപ്പെടുത്തിയത് കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ**

| | അവകാശം ഉന്നയിച്ച കുടുംബങ്ങൾ സമുദായടിസ്ഥാനത്തിൽ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമനം | സാന്നിദ്ധ്യം | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | [illegible]മൻ | കുറിച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ആയിരുന്നു | 296 | 161 | 95 | 80 | 75 | 30 | 6 | 748 (97.26%) |
| 2 | അല്ല | 4 | 6 | 2 | 3 | 1 | 0 | 2 | 18 (2.35 %) |
| 3 | ഓർമ്മയില്ല | 4 | 4 | 0 | 0 | 0 | 0 | 0 | 3 (0.39 %) |
| 4 | **ആകെ** | **304** | **171** | **97** | **83** | **83** | **30** | **8** | **769** |

### 4.7.2 <u>ഭൂമിയുടെ വിസ്തീർണ്ണം</u>

വനാവകാശനിയമപ്രകാരം കൈവശരേഖ ലഭിക്കുന്നതിനു മുൻപ് കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ് 98.4% ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്. (അധ്യായം 3 ൽ പ്രതിപാദിച്ചിട്ടുണ്ട്) 1.56 ശതമാനം കുടുംബങ്ങൾ മുൻപ് എത്ര ഭൂമി കൈവശം വച്ചിരുന്നു

എന്നതിൽ ധാരണയില്ലാത്തവരാണ് . പൂതാടി പഞ്ചായത്തിലെ കേളമംഗലം കാട്ടുനായിക്കൻ സങ്കേതത്തിൽ നിന്നാണ് മേൽപ്പറഞ്ഞ 1.56 ശതമാനം കുടുംബങ്ങൾ മുൻപ് കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ് അറിയില്ല എന്നഭിപ്രായപ്പെട്ടത്. 12 കുടുംബങ്ങളാണ് കേളമംഗലം സങ്കേതത്തിൽ താമസിച്ചു വരുന്നത്. സങ്കേതവാസികൾ അവരുപയോഗിച്ച് വന്ന കരയും, വയലുമടങ്ങിയ ഭൂമി കൂട്ട ഉടമസ്ഥതയിൽ ഉപയോഗിച്ചു വരികയായിരുന്നു. ഓരോ കുടുംബവും കൃത്യമായി വീതിച്ചെടുത്തിരുന്നില്ല. എന്നാൽ , ഏകദേശ ധാരണയിൽ ഭൂമി ഓരോ കുടുംബവും ഉപയോഗിച്ചു വന്നിരുന്നു. വനാവകാശ നിയമപ്രകാരം രേഖ ലഭിക്കുന്നതിനു വേണ്ടി, സ്ഥലം അളന്നതും, ഈ ഏകദേശ കണക്കു പ്രകാരമാണ്.

**4.8 ഭൂമിയുടെ വിസ്തീർണ്ണം വനാവകാശനിയമത്തിന് ശേഷം**

ഒരു സെന്റ് ഭൂമി പോലും, തികച്ച് കൈവശമില്ലാതിരുന്നവരും, 5 ഏക്കറു വരെ ഭൂമി ഉപയോഗിച്ചിരുന്നവർ വരെ പഠനത്തിന് വിധേയമാക്കിയവരിൽ ഉണ്ട്. ഒരു സെന്റിൽ താഴെ മാത്രം ഭൂമി കൈവശം വച്ചിരുന്നത് കാട്ടുനായിക്കൻ, പണിയൻ സമുദായങ്ങളിലെ രണ്ട് കുടുംബങ്ങളാണ്. 5 സെന്റിൽ ഭൂമി കൈവശമുണ്ടായിരുന്നത് 35 കുടുംബങ്ങൾക്കാണ്. പണിയൻ, കാട്ടുനായിക്കൻ, അടിയാൻ , തച്ചനാടൻ മൂപ്പൻ എന്നീ സമുദായങ്ങളിൽ മാത്രമാണ് 5 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുണ്ടായിരുന്ന കുടുംബങ്ങളെ കാണാൻ സാധിച്ചത്.

കൂടുതൽ കുടുംബങ്ങളും 50 സെന്റിനു മുകളിലും, 1 ഏക്കറിൽ താഴെയും ഭൂമി കൈവശമുണ്ടായിരുന്നവരാണ്. 3 ഏക്കറും, അതിനു മുകളിലും ഭൂമി കൈവശം വച്ചിരുന്നവർ മുള്ളുകുറുമൻ സമുദായത്തിലും, കുറിച്ച്യൻ സമുദായത്തിലും മാത്രം ഉൾപ്പെടുന്ന കുടുംബങ്ങളാണ്. വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടിണ്ട്.

**പട്ടിക:4.21 വനാവകാശനിയമപ്രകാരം അവകാശം ലഭിച്ച ഭൂമി**

| ക്രമനംബർ | ഭൂമിയുടെ വിസ്തീർണ്ണംസമുദായടിസ്ഥാനത്തിൽ | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | ഭൂമിയുടെ വിസ്തീർണ്ണം (സെന്റിൽ) | കാട്ടുനായകൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| 1 | 0-04 | 185 (5.92%) | 13 (7.60%) | 0 | 0 | 0 | 1 (3.33%) | 1 (12.5%) | 33 (4.29%) |
| 2 | 05—09 | 19 (6.25%) | 10 (5.85%) | 6 (6.19%) | 8 (9.64%) | 1 (1.32%) | 0 | 1 (12.5%) | 45 (5.85%) |
| 3 | 10—19 | 48 (15.79%) | 20 (11.70%) | 4 (4.12%) | 11 (13.25%) | 3 (3.95%) | 0 | 3 (37.5%) | 89 (11.57%) |
| 4 | 20-29 | 47 (15.46%) | 6 (3.51%) | 2 (2.06%) | 14 (16.87%) | 6 (7.89%) | 1 (3.33%) | 2 (25%) | 78 (10.14%) |
| 5 | 30-39 | 36 (11.84%) | 14 (8.19%) | 8 (8.25%) | 10 (12.05%) | 6 (7.89%) | 4 (13.33%) | 0 | 78 (10.14%) |
| 6 | 40-49 | 25 (8.22%) | 12 (7.02%) | 6 (6.19%) | 9 (10.84%) | 3 (3.95%) | 1 (3.33%) | 0 | 56 (7.28%) |
| 7 | 50-99 | 71 (23.36%) | 65 (38.01%) | 21 (21.65%) | 20 (24.10%) | 32 (42.11%) | 14 (46.67%) | 1 (12.5%) | 224 (29.13%) |
| 8 | 100-149 | 22 (7.24%) | 22 (12.87%) | 16 (16.49%) | 8 (9.64%) | 16 (21.05%) | 7 (23.3%) | 0 | 91 (11.83%) |
| 9 | 150-199 | 13 (4.28%) | 9 (5.26%) | 15 (15.46%) | 1 (1.20%) | 6 (7.89%) | 2 (6.67%) | 0 | 46 (5.98%) |
| 10 | 200-249 | 5 (1.64%) | 0 | 5 (5.15%) | 1 (1.20%) | 2 (2.63%) | 0 | 0 | 13 (1.69%) |
| 11 | 250-299 | 0 | 0 | 6 (6.19%) | 1 (1.20%) | 0 | 0 | 0 | 7 (0.91%) |
| 12 | 300+ | 0 | 0 | 8 (8.25%) | 0 | 1 (1.32%) | 0 | 0 | 9 (1.17%) |
| ആകെ | | 304 (100%) | 171 (100%) | 97(100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) |

കാട്ടുനായിക്കൻ വിഭാഗത്തിന് ഒരേക്കറിനു താഴെ ഭൂമിയുള്ളവർ 264 കുടുംബങ്ങൾ ആണ്. (86.84%).പണിയൻ വിഭാഗത്തിൽ ഇത് 140 കുടുംബങ്ങളാണ ്(81.87%). വെട്ടക്കുറുമൻ വിഭാഗത്തിൽ 72 കുടുംബങ്ങളാണ് ഉള്ളത് (86.75%). അടിയാൻ വിഭാഗത്തിൽ 7 കുടുംബങ്ങളും (87.50%) തച്ചനാടൻ മൂപ്പൻ വിഭാഗത്തിൽ, 20 കുടുംബങ്ങളുമാണ്(66.67%) ഉള്ളത്. എന്നാൽ കുറിച്ച്യൻ സമുദായത്തിലും മുള്ളുകുറുമൻ സമുദായത്തിലും ഒരേക്കറിനു താഴെ ഭൂമിയുള്ളവർ യഥാക്രമം 51 കുടുംബങ്ങളും (67.10%) 47 കുടുംബങ്ങളും (48.45%)ആണ്.

കാട്ടുനായിക്കൻ, പണിയൻ സമുദായങ്ങളിൽ 2 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുള്ളത് രണ്ട് വീതം കുടുംബങ്ങൾക്കാണ്. 5 സെന്റിൽ താഴെ ഭൂമിക്ക് രേഖ ലഭിച്ചിട്ടുള്ളത് കാട്ടുനായിക്കൻ സമുദായത്തിലെ 20 കുടുംബങ്ങൾക്കും,, പണിയൻ സമുദായത്തിൽ 13 കുടുംബങ്ങൾക്കും, തച്ചനാടൻ മൂപ്പൻ, അടിയാൻ സമുദായക്കാരിൽ ഓരോ കുടുംബങ്ങൾക്കും ആണ്. 5 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവർ വെട്ടക്കുറുമൻ, കുറിച്ച്യൻ, മുള്ളുക്കുറുമൻ സമുദായങ്ങളിൽ ഇല്ലെന്നുള്ളതാണ് മറ്റൊരു വസ്തുത.

മറ്റൊരു വിധത്തിൽ നോക്കിയാൽ ഒരേക്കറിൽ കൂടുതൽ ഭൂമി ഉള്ള മുള്ളുകുറുമൻ സമുദായത്തിലെ 50 കുടുംബങ്ങൾ ഉണ്ട്(51.55%). 3 ഏക്കറിനു മുകളിൽ ഭൂമിക്ക് രേഖ ലഭിച്ചിട്ടുള്ളത് മുള്ളുകുറുമൻ സമുദായത്തിലുൾപ്പെടുന്ന 8 കുടുംബങ്ങൾക്കും(8.25%), കുറിച്ച്യൻ സമുദായത്തിലെ 1 കുടുംബത്തിനും (1.32%) മാത്രമാണ്.

ചുരുക്കത്തിൽ 50 സെന്റിന് താഴെ ഭൂമിയുള്ളവർക്ക് വീടും ചുറ്റുമുള്ള സ്ഥലമൊഴിച്ച് കാർഷിക വൃത്തിയ്ക്കുള്ള സ്ഥലം ഇല്ലായെന്നതാണ്. ഈ ഗണത്തിൽ ഏറ്റവും രൂക്ഷമായ പ്രശ്നം അനുഭവിക്കുന്നവർ കാട്ടുനായിക്കൻ(65.14%), വെട്ടക്കുറുമൻ,(62.65%), അടിയാൻ(62.65%), എന്നീ വിഭാഗങ്ങളാണ്.ശരാശരി 50 സെന്റിന് താഴെ ഭൂമിയുള്ളവർ 49.28 ശതമാനമാണ്.

രേഖയുമായി ബന്ധപ്പെട്ട് പരാതികൾ ഉന്നയിച്ച ഗുണഭോക്താക്കൾ നിരവധിയാണ്. തിരുനെല്ലി പഞ്ചായത്തിലെ മദ്ധ്യപ്പാടി സങ്കേതവാസികൾ കൈവശമുണ്ടായിരുന്ന മുഴുവൻ ഭൂമിയും, അളന്നിട്ടില്ല എന്നഭിപ്രായപ്പെടുന്നുണ്ട്. റവന്യൂ ഉദ്യോഗസ്ഥരും, ഫോറസ്റ്റുകാരും ഭൂമി അളക്കാൻ വന്നപ്പോൾ അവരുടെ ഏകപക്ഷീയമായ തീരുമാനപ്രകാരം സ്ഥലം തിട്ടപ്പെടുത്തിയ സാഹചര്യം ഉണ്ടായി എന്ന് സങ്കേതവുമായി വളരെ അടുത്തിടപെടുന്ന വ്യക്തി അഭിപ്രായപ്പെടുകയുണ്ടായി. തങ്ങളുടെ അസാന്നിദ്ധ്യത്തിലാണ് ഭൂമി അളന്നതെന്ന് പൂതാടി പഞ്ചായത്തിലെ ലക്ഷം വീട് സങ്കേതവാസികളിൽ വളരെ പേർ അഭിപ്രായപ്പെട്ടു. കൈവശം വച്ചിരുന്നത് 60 സെന്റ് സ്ഥലമാണ് എന്നാൽ രേഖയിൽ 25 സെന്റ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് പനവല്ലി സങ്കേതത്തിലെ കാട്ടുനായിക്കൻ വിഭാഗത്തിലെ ഗുണഭോക്താവ് അഭിപ്രായപ്പെടുകയുണ്ടായി.

ഭൂമിയുടെ അളവുമായി ബന്ധപ്പെട്ടതല്ലാതെ, രേഖയിൽ വന്നിട്ടുള്ള സാങ്കേതികമായ തെറ്റുകളെ സംബന്ധിച്ചും, നിരവധി പരാതികൾ ഉപഭോക്താക്കൾ പങ്കു വച്ചു. രേഖയിൽ ഉടമസ്ഥരുടെ

ആശ്രിതരുടെ പേരു ചേർത്തിരിക്കുന്നത് തെറ്റായിട്ടാണെന്നഭിപ്രായപ്പെട്ടത് 4 സങ്കേതങ്ങളിൽ നിന്നാണ്. ഭാര്യയുടെ പേരിനു പകരം മകളുടെ പേരു രേഖപ്പെടുത്തിയതായി 4 ഗുണഭോക്താക്കളും, ആശ്രിതരായ മക്കളുടെ പേര് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി 2 ഗുണഭോക്താക്കളും അഭിപ്രായപ്പെടുകയുണ്ടായി.

രേഖയിൽ ഭൂമിയുടെ അളവ് ഹെക്ടറിൽ രേഖപ്പെടുത്തിയത് വലിയ പോരായ്മയായി ചൂണ്ടിക്കാണിച്ച ഉപഭോക്താക്കളുണ്ട്. മുൻപ് കൈവശം വച്ചിരുന്ന ഭൂമി അതേ അളവിൽ തന്നെ, ലഭിച്ചിട്ടുണ്ടോ എന്നും, കൈവശമുണ്ടായിരുന്ന ഭൂമിയുടെ അളവിനെ സംബന്ധിച്ച് കൃത്യമായ ധാരണയില്ലാതിരുന്നതിനാൽ കൈവശം എത്ര ഭൂമിയുണ്ടെന്നന്നറിയുന്നതിനും, ഇതു തടസ്സമായി ചൂണ്ടിക്കാണിക്കുന്നു.

**4.9.ഭൂമിയുടെ തരം:**

വനാവകാശനിയമപ്രകാരം കൈവശരേഖ നൽകിയതിൽ, ഭൂമിയുടെ തരം വ്യക്തമാക്കിയിട്ടുണ്ട്. രേഖ നൽകിയിരിക്കുന്ന ഭൂമി താമസയിടമാണോ, കൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയാണോ എന്നതും, ഇവ രണ്ടിനും രേഖ നൽകിയിട്ടുണ്ടെങ്കിൽ അതും രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. താമസയിടത്തിനു മാത്രം കൈവശരേഖ നൽകിയിട്ടുള്ളത് 77.89 ശതമാനം ഗുണഭോക്താക്കൾക്കാണ്. കൃഷിഭൂമിക്കു മാത്രം കൈവശരേഖ ലഭിച്ചിട്ടുള്ളത് 1.69 ശതമാനം ഗുണഭോക്താക്കൾക്കും, താമസയിടവും, കൃഷിഭൂമിയും രേഖയിൽ ഉൾപ്പെട്ടിട്ടുള്ളത് 20.42 ശതമാനം പേർക്കുമാണ്. സമുദായാടിസ്ഥാനത്തിൽ കാട്ടുനായിക്കൻ, പണിയൻ, വെട്ടകുറുമൻ , തച്ചനാടൻമൂപ്പൻ , എന്നി സമുദായത്തിൽ 80% നും മുകളിൽ താമസയിടത്തിനു മാത്രമാണ് കൈവശരേഖ ലഭിച്ചിട്ടുള്ളത്. പ്രസ്തുത സമുദായത്തിൽ ആർക്കും കൃഷിഭൂമിക്ക് കൈവശരേഖ നൽകിയിട്ടില്ല. അടിയാൻ സമുദായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും താമസയിടത്തിനു മാത്രം കൈവശരേഖ ലഭിച്ചവരാണ്. വിവരങ്ങൾ അടങ്ങിയ ബന്ധപ്പെട്ട പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക: 4.22ഭൂമിയുടെ തരം

| ക്രമനം | തരം | കാട്ടുനായകൻ | പണിയൻ | മുള്ളു കുറുമ | വെട്ട കുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | താമസയിടം | 250 | 143 | 46 | 68 | 56 | 28 | 8 | 599 | 77.89 |
| 2 | കൃഷിസ്ഥലം | 2 | 0 | 8 | 0 | 3 | 0 | 0 | 13 | 1.69 |
| 3 | താമസയിടം, കൃഷിസ്ഥലം | 52 | 28 | 43 | 15 | 17 | 2 | 0 | 157 | 20.42 |
| 4 | ആകെ | 304 | 171 | 97 | 83 | 76 | 30 | 8 | 769 | 100 |

4.10 **രേഖ ലഭിച്ചതരം.**

അവകാശരേഖയിൽ ഉടമസ്ഥത വ്യത്യസ്ത രീതികളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭാര്യയുടെയും, ഭർത്താവിന്റെയും പേരിൽ സംയുക്തമായി ഉടമസ്ഥത നൽകിയതും, കുടുംബനാഥന്റെയോ, കുടുംബനാഥയുടെയോ പേരിൽ മാത്രം നൽകിയ രേഖകളും ഉണ്ട്. ഇവ കൂടാതെ, അടുത്ത അവകാശിയുടെ പേരിലും, കുടുംബനാഥന്റെയോ, നാഥയുടെയോ പേരിനൊപ്പം അടുത്ത അവകാശിയുടെ പേരും ചേർത്ത് ഉടമസ്ഥത നൽകിയ രേഖകളും ഉണ്ട്.

ഇതു സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.23 :**അവകാശരേഖയുടെ ഉടമസ്ഥത– സമുദായടിസ്ഥാനത്തിൽ**

| ക്രമനം | ഉടമ സ്ഥതയുടെ തരം | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | ഭാര്യ/ ഭർത്താവ് സംയുക്തമായി | 155 | 76 | 42 | 35 | 40 | 16 | 3 | 367 | 47.7 |
| 2 | ഏക കുടുംബ നാഥ/ നാഥൻ | 149 | 93 | 55 | 48 | 36 | 14 | 5 | 400 | 55.2 |
| 3 | അടുത്ത അവകാശം/ കുടുംബ നാഥൻ/നങ്ങ്യ | – | 1 | – | – | – | – | – | 1 | 0.13 |
| 4 | മകൻ/ മകൾ | – | 1 | – | – | – | -– | – | 1 | 0.13 |
| 5 | അടുത്ത അവകാശി | – | – | – | – | – | – | – | – | 0 |
| **6** | **ആകെ** | **304** | **171** | **97** | **83** | **76** | **30** | **8** | **769** | **100** |

47.7 ശതമാനം ഗുണഭോക്താക്കൾക്കും,, കൈവശാവകാശരേഖ നൽകിയിരിക്കുന്നത് ഭാര്യയുടെയും, ഭർത്താവിന്റെയും പേരിൽ സംയുക്തമായിട്ടാണ്. ആശ്രിതരായി മക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുടുംബനാഥന്റെയോ, കുടുംബനാഥയുടെയോ

പേരിൽ മാത്രം ഉടമസ്ഥത നൽകിയിട്ടുള്ളത് 55.20 ശതമാനം കുടുംബങ്ങൾക്കാണ്. വിധവ, വിഭാര്യൻ, അവിവാഹിതർ, എന്നിവരെ കൂടാതെ, ദമ്പതികൾ രണ്ടുപേരും ജീവിച്ചിരിക്കെ, ഒരാളുടെ പേരിൽ അവകാശരേഖ ലഭിചച്ചവരും ഉണ്ട്. ഭാര്യയും, ഭർത്താവും ജീവിച്ചിരിക്കെ തന്നെ,, അവകാശരേഖയിൽ കുടുംബനാഥയുടെ പേരിനൊപ്പം ചെറുമകന്റെ പേരു കൂടെ ഉടമസ്ഥരായി ചേർത്തിട്ടുള്ളതായി ഒരു ഗുണഭോക്താവ് അഭിപ്രായപ്പെട്ടു. മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ സങ്കേതത്തിലാണ് അവകാശരേഖയിൽ ഇത്തരത്തിലുള്ളത്. മാതാപിതാക്കൾ ജീവിച്ചിരിക്കുന്നു എങ്കിലും മകന്റെ പേരിൽ ഉടമസ്ഥത നൽകിയിട്ടുള്ള ഒരു കുടുംബവും ഇതേ സങ്കേതത്തിൽ തന്നെ ഉണ്ട്.

**4.11.വ്യക്തിഗതവകാശരേഖയിലെ ക്രമക്കേടുകൾ**

കൈവശരേഖയുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് വിവിധ സങ്കേതങ്ങളിൽ നിന്നു ലഭിച്ചത്. കൈവശമുണ്ടായിരുന്ന സ്ഥലത്തിന് രേഖ കിട്ടാത്ത 138 അപേക്ഷകരാണുള്ളത്. ഇതിൽ അധികം പേരും എന്തുകൊണ്ടാണ് രേഖ നിരസിക്കപ്പെട്ടത് എന്ന കാരണം പോലും ലഭിക്കാത്തവരാണ്. ഒരേ രേഖ തന്നെ, 2 തവണ ലഭിച്ച ഗുണഭോക്താക്കൾ ഉണ്ട്. 2 ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ കൈവശരേഖ രണ്ട് തവണ ലഭിച്ചത്. അണ്ണിമൂല സങ്കേതത്തിലെ പണിയൻ സമുദായക്കാരനായ ഗുണഭോക്താവിന്റെ അഭിപ്രായത്തിൽ , രേഖ 2010 ലും, 2011 ലും ലഭിച്ചു. ഒരേ രേഖ തന്നെയാണ് ലഭിച്ചത്. വർഷമൊഴികെ മറ്റ് വ്യത്യാസങ്ങളില്ല. എന്നാൽ 2010 ൽ ലഭിച്ച രേഖക്കൊപ്പം സ്കെച്ച് ഉണ്ട്. 2011 ൽ ലഭിച്ച രേഖക്കൊപ്പം സ്കെച്ച് ലഭിച്ചിട്ടില്ല. എന്നാൽ സങ്കേതത്തിലെ ശേഷിക്കുന്ന 8 പേർക്കും, 2011 ൽ മാത്രമാണ് രേഖ ലഭിച്ചിട്ടുള്ളത്. ഇവർക്കാർക്കും തന്നെ രേഖയോടൊപ്പം, ഭൂമിയുടെ രേഖാചിത്രം ലഭിച്ചിട്ടില്ല. കരിയാത്തൻപാറ, നെല്ലേരി, നെച്ചുണ്ടി, പനവല്ലി, കൂപ്പ്, കണ്ടാമല, പണപ്പാടി, എടാറകൊല്ലി, മദ്ധ്യപ്പാടി, ശേഖരൻകുണ്ട് തുടങ്ങിയ നിരവധി സങ്കേതങ്ങളിൽ നിന്ന് കൈവശരേഖയോടൊപ്പം ഭൂമിയുടെ രേഖാചിത്രം ലഭിച്ചിട്ടില്ലെന്ന് ഗുണഭോക്താക്കൾ പരാതിപ്പെടുകയുണ്ടായി.

തവിഞ്ഞാൽ പഞ്ചായത്തിലെ ചോയിമൂല സങ്കേതത്തിൽ രണ്ട് ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവ് പരസ്പരം മാറിപ്പോയിട്ടുണ്ട്. സങ്കേതത്തിലെ ഒരേ പേരുള്ളവരുടെ (ഇനീഷ്യലിൽ മാത്രം വ്യത്യാസം) പേരിൽ നൽകിയ അപേക്ഷയിൽ, രേഖ ലഭിച്ചപ്പോൾ രണ്ട് അപേക്ഷകരുടെയും ഭൂമിയുടെ അളവ് പരസ്പരം മാറി രേഖപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. ഇതേ സംബന്ധിച്ച് പരാതി നൽകിയിരുന്നെങ്കിലും ഇതുവരെ പുതിയ രേഖ ലഭിച്ചിട്ടില്ല.

ആശ്രിതരുടെയും, അനന്തരാവകാശികളുടെയും പേര് തെറ്റായി രേഖയിൽ നൽകിയിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടവരുണ്ട്. നീലിമല സങ്കേതത്തിന്റെ മരണപ്പെട്ട ഒരാളുടെ രണ്ട് ഭാര്യമാരുടെയും പേരിൽ കൈവശരേഖയ്ക്ക് അപേക്ഷ നൽകിയിരുന്നു.

എന്നാൽ ഒരാളുടെ പേരിലാണ് രേഖ നൽകിയിട്ടുള്ളത് . രേഖയിൽ രണ്ടുപേരുടെയും ഫോട്ടോ ഉണ്ട്. ഉടമസ്ഥയായി പേരു ചേർത്തിട്ടുള്ള വ്യക്തി നിലവിൽ മറ്റൊരു സങ്കേതത്തിൽ ആദ്യ ഭർത്താവിനൊടൊപ്പം താമസിക്കുന്നു. പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവരുടെ കൈവശമാണ് രേഖയുള്ളത് എങ്കിലും അവരുടെ പേരിലല്ല ഉടമസ്ഥത.

മേപ്പാടി പഞ്ചായത്തിലെ കുപ്പച്ചി സങ്കേതത്തിൽ നിന്നും രേഖയിൽ വന്നിട്ടുള്ള സാങ്കേതിക തകരാറുകളെ സംബന്ധിച്ച് മൂന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെടുകയുണ്ടായി. സങ്കേതത്തിലെ കൈവശരേഖ ലഭിച്ച ആൾ മരണപ്പെട്ടു. എന്നാൽ, രണ്ടാം ഭാര്യയുടെ പേരു മാത്രമാണ് ആശ്രിതരുടെതായി നൽകിയിട്ടുള്ളൂ. ആദ്യഭാര്യയിലെ ഏകപുത്രി പ്രസ്തുത സ്ഥലത്ത് വീടു നിർമ്മിച്ച് താമസിക്കുന്നുണ്ട് . എങ്കിൽ പോലും അവരുടെ പേര് രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സങ്കേതത്തിൽ നിന്ന് തന്നെ ആശ്രിതരുടെ പേരു ചേർത്തതിൽ മകന്റെ പേര് തെറ്റായി രേഖപ്പെടുത്തിയതായി ആക്ഷേപം വന്നിട്ടുണ്ട്. സങ്കേതത്തിലെ ഒരു ഗുണഭോക്താവിന്റെ പേരിൽ ലഭിച്ച കൈവശരേഖയിൽ ആശ്രിതരുടെ പേരിൽ ഭർത്താവിന്റെ പേരിനു പകരം അച്ഛന്റെ പേരു ചേർത്തിരിക്കുന്നതായി പരാതിയുണ്ട്. പ്രസ്തുത ഗുണഭോക്താവിന്റെ യും, ഭർത്താവിന്റെയും ഫോട്ടോയാണ് ഉള്ളതെങ്കിലും രേഖയിൽ ഒരിടത്തു പോലും ഭർത്താവിന്റെ പേര് പരാമർശിച്ചിട്ടില്ല എന്ന് ഇവർ അഭിപ്രായപ്പെട്ടു.

ഗോവിന്ദൻപാറ സങ്കേതത്തിൽ ഒരു ഗുണഭോക്താവിന്റെ പേരിൽ ലഭിച്ച രേഖയിൽ, പേരമകന്റെ ഭാര്യയുടെ പേരാണ് ടിയാന്റെ ഭാര്യയുടെതായി നൽകിയിരിക്കുന്നത്. എന്നാൽ, ഈ സ്ത്രീ നിലവിൽ മറ്റൊരാളെ വിവാഹം ചെയ്ത് മുട്ടിൽ എന്ന പ്രദേശത്ത് താമസിച്ചു വരികയാണ്. SDLC ശുപാർശ ചെയ്ത ഭൂമിയല്ല രേഖയിൽ ലഭിച്ചത് എന്ന് ഊരംകുന്ന് സങ്കേതത്തിൽ നിന്ന് അഭിപ്രായമുണ്ടായി. മകനു നൽകിയ ഭൂമിയാണ് അളന്നെടുത്തതെങ്കിലും രേഖയിൽ അമ്മയുടെ ഭൂമിയാണ് അടയാളപ്പെടുത്തിയിട്ടുള്ളത്.

കൈവശരേഖ ലഭിച്ച ഭൂമി പുറമെ നിന്നുള്ള വ്യക്തികൾ കൈയ്യേറാൻ ശ്രമിക്കുന്നതായി മൂന്നു സങ്കേതങ്ങളിൽ നിന്നാണ് അഭിപ്രായമുണ്ടായത്. പാരമ്പര്യമായി കൈവശം വച്ച് അനുഭവിച്ച് വന്ന ഭൂമി , പൊതുവിഭാഗങ്ങളിലുള്ളവർ കൈയ്യേറി അവകാശപ്പെടുത്തിയിട്ടുണ്ടെന്ന് മേപ്പാടി പഞ്ചായത്തിലെ ശേഖരൻകുണ്ട് സങ്കേതത്തിലെ മൂപ്പൻ അഭിപ്രായപ്പെട്ടു. കൈവശരേഖ ലഭിച്ച ഭൂമി വാർഡു മെമ്പറുടെ നേതൃത്വത്തിൽ അതിക്രമിച്ച് കടന്ന് പഞ്ചായത്തു വക ക്ലബ് നിർമ്മിക്കാൻ ശ്രമിക്കുന്നതായി അത്തിക്കടവ് സങ്കേതത്തിലെ ഒരു ഗുണഭോക്താവ് പരാതിപ്പെട്ടു. പൊതുകാര്യങ്ങൾക്കായി സങ്കേതത്തിൽ 1 ഏക്കർ ഭൂമി മാറ്റിവെച്ചിരിക്കെയാണിത്. ഇതു സംബന്ധിച്ച് ITDP ഓഫീസർക്ക് പരാതി നൽകിയിട്ടുണ്ട്. കൈവശരേഖ ലഭിച്ച ഭൂമി സമീപത്തുള്ള ആദിവാസിയല്ലാത്ത സമുദായത്തിലെ വ്യക്തി കൈയ്യേറാൻ ശ്രമിക്കുന്നു എന്നും, ഇതിനെതിരെ പരാതി നൽകിയിട്ടും നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാളങ്കണ്ടി സങ്കേതവാസിയായ ഗുണഭോക്താവ് അഭിപ്രായപ്പെട്ടു.

പൂതാടി പഞ്ചായത്തിലെ ലക്ഷംവീട് സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് 4 സെന്റ് പട്ടയമുള്ള ഭൂമിയുണ്ട്. അതിനു നികുതിയടച്ചു വരുന്നുണ്ട്. ഇതല്ലാതെ, അവകാശ രേഖയില്ലാത്ത ഭൂമിയില്ല. എന്നാൽ, 42 സെന്റ് ഭൂമി അടയാളപ്പെടുത്തി , ഇവർക്ക് കൈവശ രേഖ ലഭിച്ചിട്ടുണ്ട്. SDLC യിൽ നിന്നു ലഭിച്ച പട്ടികയിൽ ഇവർക്ക് 4 സെന്റ്, 11 സെന്റ് വീതം ഭൂമി ശുപാർശ ചെയ്തതായി കാണിക്കുന്നു. എന്നാൽ, പട്ടയമുള്ള 4 സെന്റ് ഭൂമിയ ല്ലാതെ മറ്റ് ഭൂമിയൊന്നും ഇല്ലെന്ന് മാതി പറയുന്നു. രേഖ ലഭിക്കുന്നതിനു വേണ്ടി അപേക്ഷ നൽകിയിട്ടില്ലെന്നും, വീട്ടിൽ ആരുമില്ലാത്ത സമയത്ത് ഉദ്യോഗസ്ഥർ സ്ഥലമളന്ന് പോവുകയായിരുന്നു എന്നും ഗുണഭോക്താവ് അഭിപ്രായപ്പെട്ടു.

മേൽ സൂചിപ്പിച്ച തരത്തിൽ രേഖയുടെ സാങ്കേതിക തകരാറുകൾ കൂടാതെ, കൈവശം വച്ചിരുന്ന ഭൂമി ഉപയോഗിക്കാൻ കഴിയാത്ത നിരവധി സാഹചര്യങ്ങളും നില വിൽ നിലനിൽക്കുന്നതായി അഭിപ്രായപ്പെട്ട സങ്കേതവാസികൾ ഉണ്ട്. സങ്കേതത്തോട് ചേർന്ന് കാട്ടിൽ തലമുറകൾക്കു മുൻപ് തന്നെ ആരാധന നടത്തിയിരുന്ന ഒരു മുനിക്ഷേത്രം ഉണ്ട്. പൂർവ്വികർ ഉപയോഗിച്ച് വന്ന 12 ഏക്കർ ഭൂമി അതിനോട് ചേർന്ന് സങ്കേതവും ഉൾപ്പെട്ട് നിലനിന്നിരുന്നു. ഏകദേശം രണ്ട് തലമുറ മുൻപ് വനംവകുപ്പ് അത് കൈവശപ്പെ ടുത്തി. ഇപ്പോൾ ആരാധന നടത്തുന്നതിനോ, അവിടേക്ക് പോകാനോ വനംവകുപ്പ് അനു വദിക്കുന്നില്ല എന്ന് തിരുനെല്ലി പഞ്ചായത്തിലെ വെള്ളറോടി സങ്കേതവാസികൾ അഭിപ്രാ യപ്പെടുന്നു. നൂൽപ്പുഴ പഞ്ചായത്തിലുൾപ്പെട്ട പണപ്പാടി, കാളങ്കണ്ടി, എന്നീ രണ്ടു സങ്കേത ങ്ങളിൽ വ്യക്തിഗത അവകാശം കൊടുത്ത രണ്ടു വ്യക്തികളുടെ ഭൂമിയിൽ നിലവിൽ അംഗ നവാടി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ സങ്കേതത്തിൽ താമസമി ല്ലാത്തതിനാൽ , വീടു വാടകക്കെടുത്താണ് അംഗനവാടി പ്രവർത്തിച്ചു വരുന്നത്.

### 4.11.1 സൂക്ഷ്മ പഠനം

### 4. സി 10 എടത്തറ പണിയ

നൂൽപ്പുഴ പഞ്ചായത്തിൽ മുത്തങ്ങക്കടുത്തുള്ള സങ്കേതമാണ് എടത്തറ പണിയ. ബത്തേരി- മൈസൂരു ദേശീയപാതക്കരികിൽ തന്നെയാണ് പരമ്പരാഗത മായി പണിയ വിഭാഗങ്ങൾ താമസിക്കുന്ന ഈ സങ്കേതം. സങ്കേതത്തിലേക്ക് വയ ലിലൂടെ നടപ്പാത മാത്രമാണുള്ളത്. സങ്കേതത്തിന്റെ പിറകുവശത്ത് വനമാണ്.

ആകെ എട്ടു വീടുകളാണ് സങ്കേതത്തിലുള്ളത്. എട്ടു കുടുംബങ്ങൾ ഇവിടെ താമസമുണ്ട്. വനാവകാശ പ്രകാരം നാലുപേർക്ക് മാത്രമേ അവകാശം ലഭിച്ചിട്ടുള്ളൂ. ഇവർക്കൊപ്പം തന്നെ, അവകാശരേഖ ലഭിക്കാൻ അപേക്ഷ നൽകിയ ചൊട്ട, കുങ്കി, കാവലൻ എന്നിവർക്ക് വനാവകാശരേഖ ലഭിച്ചിട്ടില്ല. കുങ്കിക്ക് രേഖ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ എത്തിയിരുന്നു. എന്നാൽ, ആ സമയത്ത് സ്ഥലത്ത് ഇല്ലാത്തതിനാൽ പോവാൻ കഴിഞ്ഞില്ല. പിന്നീട് ഈ രേഖ ലഭിച്ചില്ല.

എന്നാൽ ചൊട്ട, കാവലൻ എന്നിവർക്ക് എന്തുകൊണ്ടാണ് രേഖ ലഭിക്കാത്തതെന്ന് വ്യക്തമല്ല. സങ്കേതത്തിലെ തന്നെ വെള്ളച്ചിക്കും രേഖ ലഭിച്ചിട്ടില്ല. ഇവർ അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

സങ്കേതത്തിന്റെ ആകെ വിസ്തീർണ്ണം 0.1219 ഹെക്ടർ ആണ്. എല്ലാവർക്കും വീടിരിക്കുന്ന സ്വൽപം സ്ഥലം മാത്രമേയുള്ളൂ. അതുകൊണ്ട് കൃഷി യാതൊന്നുമില്ല. കൂലിപ്പണിയാണ് പ്രധാന വരുമാന മാർഗ്ഗം. വനവിഭവങ്ങൾ സൊസൈറ്റിയുടെ ആവശ്യാനുസരണം മാത്രം എടുത്ത് വിൽക്കാറാണ് പതിവ്. കുറുന്തോട്ടി മാത്രമാണ് വിൽക്കാറുള്ളത്. എന്നാൽ, വിറകിനായും കിഴങ്ങുവർഗ്ഗങ്ങൾക്കായും വനത്തെ ആശ്രയിക്കാറുണ്ട്.

സങ്കേതത്തിലെ എല്ലാ വീടുകളും താമസയോഗ്യമാണ്. എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. കുടിവെള്ളത്തിന് പൊതുകിണറിനെയാണ് ആശ്രയിക്കുന്നത്. വനഭൂമിക്കായി അപേക്ഷ നൽകിയതിനെ കുറിച്ചോ മീറ്റിംഗ് നടത്തിയതിനെ കുറിച്ചോ സങ്കേതവാസികൾക്ക് ധാരണയില്ല. ഊരുസഭ, വനാവകാശ സമിതി, ഇഎഞങഇ എന്നീ സമിതികളെ കുറിച്ച് സങ്കേതത്തിലാർക്കും തന്നെ അറിവില്ല.

സാമൂഹ്യാവകാശത്തിന് രേഖ കൊടുത്തതായി ആർക്കുമറിയില്ല. അപേക്ഷ നൽകിയോ എന്ന കാര്യത്തിലും അറിവായിട്ടില്ല. വികസനാവശ്യങ്ങൾക്കും അപേക്ഷ നൽകിയതിനെ കുറിച്ച് സങ്കേതത്തിലുള്ളവർക്ക് അറിവില്ല. ഭൂമി വളരെ കുറവായതിനാൽ തന്നെ കൃഷി ഒന്നുമില്ല. പരമ്പരാഗതമായി തന്നെ സമീപത്തുള്ളവരുടെ സ്ഥലങ്ങളിൽ കൃഷിപ്പണി എടുത്ത് ജീവിക്കുന്നവരാണിവർ. മുമ്പ് തന്നെ, സ്വന്തമായി കൃഷിയില്ലായിരുന്നു. വനാവകാശരേഖ കിട്ടിയിട്ടും യാതൊരു മെച്ചവും ജീവിതനിലവാരത്തിലുണ്ടായിട്ടില്ല എന്നാണ് സങ്കേതവാസികളുടെ നിരീക്ഷണം.

ഭൂമി കൃഷിയ്ക്കും കൂടി പ്രയോജനപ്പെടുത്തി സാമ്പത്തിക മുന്നേറ്റവും അതിജീവനവും സാധ്യമാക്കാനാണ് വനാവകാശനിയമം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ബഹു ഭൂരിപക്ഷം പേർക്കും നിഷേധിച്ചിരിക്കുകയാണ്. ഭൂമിയുടെ വിസ്തീർണ്ണം (പട്ടിക.4.21) കാണിച്ചപ്രകാരം ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവർ 21.72 ശതമാനമാണ്. അതായത ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവർ മാത്രം കൃഷി ചെയ്താൽ മതിയെന്ന് പറയാതെ പറഞ്ഞുവെച്ചിരിക്കുന്നു.

## <u>പാർട്ട് 2 സാമൂഹ്യാവകാശം</u>

വ്യക്തിഗത അവകാശത്തിലൂടെ കൈവശം വച്ചിരുന്ന കൃഷിയിടത്തിന്മേലും, താമസയിടത്തിന്മേലും അവകാശം ഉറപ്പാക്കാൻ സാധിക്കും. എന്നാൽ വ്യക്തിഗത അവകാശത്തിലൂടെ ലഭിച്ചിരുന്ന അവകാശം പരിമിതമായ സ്ഥലത്തിന്മേൽ ആയതിനാൽ, സുരക്ഷിതമായ ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുവാൻ ഇതിലൂടെ സാധിക്കുന്നില്ല. ആയതിനാൽ, ഗോത്രവർഗ്ഗക്കാരുടെ ഉപജീവനമാർഗ്ഗവും, ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിന് പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന എല്ലാ വനവിഭവങ്ങൾക്കും പരിധി നിർണ്ണയിക്കാതെ നല്കേണ്ടതാണ്. വയനാട് ജില്ലയിൽ സബ്ഡിവിഷണൽ തല കമ്മിറ്റി 100 അപേക്ഷകളാണ് പാസാക്കിയത്. ചെതലയം റേഞ്ചിൽ 72 ഉം, മാനന്തവാടി റേഞ്ചിൽ 8 ഉം, മേപ്പാടി റേഞ്ചിൽ ഒന്നും ആണ് പാസാക്കിയത്. ചെതലയം റേഞ്ചിൽ കൂടുതലും, 2 ഏക്കർ മുതൽ 10 ഏക്കർ വരെയാണ് നല്കിയിട്ടുള്ളത്. ചെട്ടി പാമ്പ്ര കാട്ടുനായിക്കൻ സങ്കേതത്തിന് മാത്രമാണ് ചെതലയം റേഞ്ചിൽ 100 ഏക്കറിൽ കൂടുതൽ നല്കിയിട്ടുള്ളത്. എന്നാൽ, മേപ്പാടി റേഞ്ചിൽ കൂടുതലും 100 ഏക്കറിന് മുകളിലാണ് സബ്ഡിവിഷണൽ തല കമ്മിറ്റി പാസാക്കിയത്.

വയനാട് ജില്ലയുടെ ഔദ്യോഗിക സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 100 അവകാശ രേഖകൾ അന്തിമായി നല്കിയതിന്റെ വിശദവിവരങ്ങൾ **<u>അനുബന്ധം 5</u>** ൽ നല്കിയിട്ടുണ്ട്. അതിൽ പുല്പ്പള്ളി പഞ്ചായത്തിൽ 42 ഉം, പൂതാടി പഞ്ചായത്തിൽ 28 രേഖകളും നല്കിയിട്ടുണ്ട്. ഈ രണ്ട് പഞ്ചായത്തിലും സാമൂഹികാവകാശം നൽകിയിട്ടുള്ളത് 2 ഏക്കർ മുതൽ 55 ഏക്കർ വരെയാണ്.

ഇതിൽ 7 എണ്ണം 2 ഏക്കറിൽ മാത്രമാണ് വനവിഭവശേഖരണവും, കാലി മേയ്ക്കുന്നതിനും മറ്റും ആയി നല്കിയിട്ടുള്ളത്. മേപ്പാടി, മുപ്പൈനാട് പഞ്ചായത്ത് ഒഴികെ ഉള്ള എല്ലായിടത്തും രണ്ടോ, മൂന്നോ പേരുടെ പേരിലാണ് അവകാശരേഖ നല്കിയിട്ടുള്ളത്. ഏറ്റവും കൂടുതൽ വനഭൂമിയിന്മേൽ പൊതുഅവകാശം നല്കിയിട്ടുള്ളത് കല്പ്പറ്റ മുനിസിപ്പാലിറ്റിയിലെ മേപ്പാടി റേഞ്ചിൽ ഉൾപ്പെടുന്ന അരുണമല സങ്കേതത്തിനാണ്. 347.82 ഹെക്ടർ വനവിഭവശേഖരണത്തിനും, ശ്മശാനത്തിനും വേണ്ടിയാണ് അവകാശം. മേപ്പാടി റേഞ്ചിൽ ഉൾപ്പെട്ട സങ്കേതങ്ങൾക്ക് മാത്രമാണ് 100 ഏക്കറിന് മുകളിൽ സങ്കേതത്തിന് മൊത്തമായിട്ട് അവകാശം നല്കിയിട്ടുള്ളത്. അതുപോലെ വയനാട് ജില്ലയിൽ വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം, ശ്മശാനം, ആരാധനയ്ക്കുള്ള അവകാശം എന്നിങ്ങനെ 5 അവകാശങ്ങൾക്കു മാത്രമാണ് രേഖ നൽകിയിട്ടുള്ളത്.

## 4.12 സാമൂഹ്യാവകാശം വ്യക്തികളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

വ്യക്തിഗത അവകാശത്തിനു അർഹരാവുന്നതു പോലെ സാമൂഹികമായ അവകാശങ്ങൾക്കും, വനത്തിൽ അധിവസിക്കുന്ന ഗോത്രവിഭാഗങ്ങൾ അർഹരാവുന്നുണ്ട്. മുൻകാല നിയമങ്ങളും, വനനയങ്ങളും, വനവിഭവങ്ങൾക്കും, വനത്തിനും മേലുള്ള ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളെ മാറ്റി നിർത്താൻ ശ്രമിച്ചതിന് കൂടി പരിഹാരമായാണ് വനാവകാശ നിയമത്തിൽ പൊതുവായുള്ള അവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പരമ്പരാഗതമായി അനുഭവിച്ചു വരുന്ന ഏതുതരം സാമൂഹികാവകാശങ്ങളും(വന്യമൃഗങ്ങളെ നായാടാനുള്ള അവകാശം ഒഴികെ) ഈ നിയമപ്രകാരം അനുവദനീയമാണ്. ആവാസമേഖലകളിൽ സ്വന്തമായി വ്യാപരിക്കുന്നതിനുള്ള അവകാശം, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള അവകാശം, കന്നുകാലി മേയ്ക്കൽ, ദേശാടനവിഭാഗങ്ങളുമായി ബന്ധപ്പെട്ട അവകാശങ്ങൾ , പരമ്പരാഗതമായി സംരക്ഷിച്ചു വരുന്ന വനവിഭവങ്ങളും, മറ്റ് പാരമ്പര്യ അറിവുകളും സമൂഹത്തിന്റെ പൊതു സ്വത്തായി വയ്ക്കാനുള്ള അവകാശം എന്നിവയെല്ലാം ഈ നിയമത്തിലുൾപ്പെടുത്തി ഗോത്രവിഭാഗങ്ങൾക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ, പരമ്പരാഗതവും, സാമുദായികവുമായ ഏതുതരം അവകാശങ്ങളും ഈ നിയമപ്രകാരം ഗോത്രവർഗ്ഗ വിഭാഗക്കാരായ വനവാസികൾക്ക് ലഭിക്കുന്നു.

വ്യക്തിഗത അവകാശത്തിന് അപേക്ഷ സമർപ്പിക്കുന്നതു പോലെ തന്നെ, കൃത്യമായ തെളിവുകൾക്കൊപ്പം സാമൂഹ്യാവകാശത്തിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. വനാവകാശത്തിലെ ചട്ടം 11(1) ഉം, 4(എ)യും അനുസരിച്ചുള്ള ഫോറം. സിയിലാണ് പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടത്. സങ്കേതത്തിന്റെ പേരിലോ, ഊരുമൂപ്പന്റെ പേരിലോ, സങ്കേതത്തിലെ തന്നെ ഒന്നിലധികം പേരുടെയോ പേരിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. രേഖയും ഇവരുടെ പേരിൽ തന്നെയാണ് അനുവദിക്കുക.

### 4.12 .1 .സാമൂഹ്യാവകാശം അറിവ്

വ്യക്തിഗത അവകാശം കൂടാതെ പൊതുവായ ആവശ്യങ്ങൾക്ക് ലഭിച്ച സാമൂഹ്യാവകാശങ്ങളെ കുറിച്ചാണ് വിവരശേഖരണത്തിൽ ഓരോ വ്യക്തികളോടും ചോദിച്ചത്. എന്നാൽ, പ്രസ്തുത അവകാശത്തെ കുറിച്ച് അറിവുള്ളവർ കുറവാണ്. വനാവകാശ നിയമപ്രകാരം , സാമൂഹിക വിഭവങ്ങൾക്കും, പരമ്പരാഗത ഭൂമിക്കും മേൽ പൊതുവായ അവകാശം ലഭിക്കുമെന്ന അറിവ് ഏറെപ്പേർക്കുമില്ല. എടത്തറ, ചുക്കാലിക്കുനി, കരിയാത്തൻപാറ, മണൽവയൽ, എടാറകൊല്ലി,, പണപ്പാടി, മണഅണുണ്ടി, ചന്ത്രോത്ത്, മൊടവങ്കര എന്നീ സങ്കേതങ്ങളിലുള്ളവർക്ക് സാമൂഹികാവകാശത്തെ കുറിച്ച് യാതൊരറിവുമില്ല. ഗോവിന്ദൻപാറ സങ്കേതത്തിൽ മുള്ളുകുറുമൻ വിഭാഗത്തിലുള്ളവർ രേഖ സൂക്ഷിക്കുന്നതിനാൽ പണിയൻ വിഭാഗങ്ങൾക്ക് സാമൂഹ്യരേഖയെ കുറിച്ച് അറിയില്ല. കേളമംഗലം, അയ

നിമല പണിയ, ലക്ഷംവീട് പോലുള്ള സങ്കേതങ്ങളിൽ സാമൂഹ്യരേഖ ലഭിച്ചെങ്കിലും സങ്കേതവാസികൾക്ക് അതിനെപ്പറ്റി അറിവില്ല. എന്നാൽ, പുലയൻമൂല ബൊമ്മൻ, റാട്ടക്കൊല്ലി മല തുടങ്ങിയ സങ്കേതങ്ങളിൽ സാമൂഹ്യാവകാശരേഖ കിട്ടിയതായി സങ്കേതവാസികൾക്ക് അറിയാമെങ്കിലും പലർക്കും ഏതൊക്കെ അവകാശങ്ങളാണ് ലഭിച്ചതെന്ന് അറിയില്ല.

മാത്രവുമല്ല , അവകാശം ലഭിച്ചവർക്കു തന്നെ, മൃഗശല്യം മൂലവും അനുവദിച്ച ഭൂമിയുടെ കുറഞ്ഞ അളവ് മൂലം പ്രസ്തുത ഭൂമി ഉപയോഗിക്കാൻ പൂർണ്ണമായും സാധിക്കുന്നില്ല. നെല്ലിപ്പറ്റ, ഓടമൂല, കൂപ്പ്, മാറോട്, കോളയോട്ട് തുടങ്ങിയ സങ്കേതങ്ങളിലുള്ളവർ സാമൂഹ്യാവകാശത്തിനായി അപേക്ഷ നൽകിയതായി ചൂണ്ടിക്കാണിക്കുന്നു. 2014, 2015 വർഷങ്ങളിലാണ് ഏറെ പേരും അപേക്ഷ നൽകിയിരിക്കുന്നത്. സാമൂഹ്യാവകാശം ലഭിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചുള്ള സങ്കേതവാസികളുടെ അഭിപ്രായം സമുദായങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

<u>**പട്ടിക:4.24 സാമൂഹ്യാവകാശം**</u> അറിവ് -സമുദായടിസ്ഥാനത്തിൽ

| ക്രമനം | ഗുണഭോക്താവ് | സമുദായങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | ആകെ | ശതമാനം |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 10 | 11 |
| 1 | ഉണ്ട് | 35 | 32 | 10 | 4 | 8 | 15 | 0 | 104 | 13.52 |
| 2 | ഇല്ല | 121 | 60 | 35 | 31 | 35 | 3 | 4 | 289 | 37.58 |
| 3 | അറിയില്ല | 148 | 79 | 52 | 48 | 33 | 12 | 4 | 376 | 48.89 |
| 5 | ആകെ | 304(**39.53%**) | 171 **22.23%** | 97 **12.61%** | 83(10.79%) | 76(9.88 %) | 30 **3.90%** | 8(1.04 %) | 769 | 100 |

സാമൂഹ്യാവകാശത്തെ കുറിച്ച് ഒരു സമുദായത്തിനും വ്യക്തമായി അറിവില്ല എന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. തച്ചനാടൻ മൂപ്പൻ സമുദായത്തിൽ മാത്രമാണ് താരതമ്യേന കൂടുതൽപേർ സാമൂഹ്യാവകാശം തങ്ങൾക്ക് ലഭിച്ചത് അറിയാമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. . ലഭിച്ചിട്ടില്ല എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നവരിൽ ഏറെ പേരും സങ്കേതത്തിന് സാമൂഹ്യാവകാശം ലഭിച്ചതിനെ കുറിച്ച് അറിയാത്തവരാണ്. സാമൂഹ്യാവകാശത്തെ കുറിച്ചോ, രേഖയെ കുറിച്ചോ ഒട്ടും അറിവില്ലാത്ത ഇവർ 46.5 ശതമാനം പേരാണ്.

വയനാട് ജില്ലയിൽ 2009 മുതലാണ് വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചത്. എന്നാൽ , 2012 മുതലാണ് സാമൂഹികാവകാശം അനുവദിക്കുന്ന

തിന്റെ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. അപേക്ഷ സമർപ്പിച്ച എല്ലാ സങ്കേതത്തിനും, സാമൂഹ്യാവകാശരേഖ ലഭിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കാത്ത സങ്കേതങ്ങളുമുണ്ട്. വിവര ശേഖരണത്തിനായി തിരഞ്ഞെടുത്ത 57 സങ്കേതങ്ങളിൽ 26 ഇടങ്ങളിലാണ് സാമൂഹ്യാവകാശരേഖ അനുവദിച്ചിരിക്കുന്നത്. അവശേഷിക്കുന്ന 31 സങ്കേതങ്ങളിൽ സാമൂഹ്യാവകാശരേഖ ലഭിച്ചിട്ടില്ല.

സ്കൂൾകുന്ന്, പുലയൻമൂല ബൊമ്മൻ, കാർമൽകുന്ന്, കൃഷ്ണൻകുന്ന്, കേളമംഗലം, നെയ്ക്കുപ്പ്, മണൽവയൽ, നെല്ലേരി, കുപ്പച്ചി, വെള്ളക്കെട്ട്, അയനിമല പണിയ, അയനിമല കുറുമ, റാട്ടക്കൊല്ലിമല, വിജയൻകുന്ന്, കൂടല്ലൂർ കുറുമ, ഗോവിന്ദൻപാറ, ശേഖരൻകുണ്ട്, മമ്മിക്കുന്ന് എന്നീ സങ്കേതങ്ങളാണ് സാമൂഹ്യാവകാശരേഖ കൈപ്പറ്റിയിരിക്കുന്നത്. ഇതിൽ കൃഷ്ണൻകുന്ന്, വിജയൻകുന്ന്, എന്നീ സങ്കേതങ്ങളുടെ സാമൂഹ്യാവകാശരേഖ കാണാൻ കഴിഞ്ഞിട്ടില്ല. പ്രൊമോട്ടർ നൽകിയ വിവരപ്രകാരം , രേഖ ലഭിച്ചിട്ടുണ്ട്.വനംവകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിച്ച പട്ടികയനുസരിച്ച് നടുവിൽമുറ്റം, ലക്ഷംവീട് ഊരാളി എന്നീ സങ്കേതങ്ങൾക്ക് സാമൂഹ്യരേഖ ലഭിച്ചിട്ടുണ്ട്. എന്നാൽ, സങ്കേതവാസികൾക്ക് സാമൂഹികാവകാശങ്ങളെ കുറിച്ചോ, രേഖയെ കുറിച്ചോ അറിവില്ല. പ്രസ്തുത പട്ടിക പ്രകാരം, പുൽപ്പള്ളി പഞ്ചായത്തിലെ സങ്കേതങ്ങളിൽ സാമൂഹ്യാവകാശരേഖ അനുവദിച്ചതായി കാണാം. എന്നാൽ , വിവരശേഖരണത്തിന് പഠനവിധേയമാക്കിയ പുൽപ്പള്ളി പഞ്ചായത്തിലെ മേലെ കുണ്ടുവാടി, മൊടവങ്കര, കണ്ടാമല, ഫോറസ്റ്റ് വയൽ പണിയ, ബസവൻകൊല്ലി, തിരുമുഖം ഊരാളി, ചന്ദ്രോത്ത് എന്നീ സങ്കേതങ്ങളിലൊന്നും തന്നെ രേഖ ലഭിച്ചിട്ടില്ല. അപേക്ഷ നൽകിയതു പ്രകാരം , വനംവകുപ്പ് ഉദ്യോഗസ്ഥർ വനഭൂമി അളക്കുക മാത്രമാണ് ചെയ്തതെന്നും, രേഖ അനുവദിച്ചിട്ടില്ലെന്നും സങ്കേതവാസികൾ പറയുന്നു.

സാമൂഹ്യാവകാശം ലഭിച്ചിരിക്കുന്ന കൽപ്പറ്റ, മേപ്പാടി, മുപ്പൈനാട്, പഞ്ചായത്തുകളിലെ സങ്കേതങ്ങളിൽ മാത്രമാണ് നിയമത്തിൽ നിഷ്കർഷിച്ചപ്രകാരം സങ്കേതത്തിന് മുഴുവനായിട്ടാണ് അവകാശം നല്കിയിട്ടുള്ളത്. സാമൂഹ്യാവകാശരേഖ ലഭിച്ചിരിക്കുന്ന മറ്റു സങ്കേതങ്ങളിൽ ലഭിച്ചിരിക്കുന്ന ഭൂമിയുടെ അളവ് വളരെ കുറവാണ്. വനവിഭവശേഖരണത്തിനു പോലും_രണ്ട് ഏക്കറാണ് അളന്നു നൽകിയിരിക്കുന്നത്. ഇത് ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമല്ല. മാത്രവുമല്ല വനാവകാശ നിയമത്തിൽ ഇത്തരത്തിൽ നിജപ്പെടുത്താൻ പറഞ്ഞിട്ടുമില്ല. കുറഞ്ഞ ഭൂമി ലഭിച്ചത് ഫലത്തിൽ അവകാശം ലഭിക്കാത്തതിന് തുല്യമാണ്. പാരമ്പര്യമായി ഉപയോഗിച്ചിരുന്ന വനഭൂമിയേക്കാൾ എത്രയോ കുറവാണ് അവകാശം ലഭിച്ച ഭൂമി എന്നതാണ് കാരണം.

സാമൂഹ്യാവകാശരേഖ കൈപ്പറ്റിയ സങ്കേതങ്ങൾക്ക് ലഭിച്ച അവകാശങ്ങൾ, സമുദായം, ഭൂമിയുടെ അളവ്, വർഷം എന്നിവ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക: 4.25 **സാമൂഹ്യാവകാശരേഖ കൈപ്പറ്റിയ സങ്കേതങ്ങൾ**

| ക്രമനം | സങ്കേതം | സമുദായം | ലഭിച്ച അവകാശങ്ങൾ | ഭൂമിയുടെ അളവ് ( ഏക്കർ) | വർഷം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | സ്കൂൾ കുന്ന് | തച്ചനാടൻ മൂപ്പൻ | വനവിഭവശേഖരണം, ശ്മശാനം | 600.8028 | 2012 |
| 2 | പുലയൻമൂല ബൊമ്മൻ | കാട്ടുനായി ക്കൻ | വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചിൽ, മത്സ്യബന്ധനം | 2 ഏക്കർ | 2014 |
| 3 | കാർമൽകുന്ന് | തച്ചനാടൻ മൂപ്പൻ | വനവിഭവശേഖരണം, ശ്മശാനം | 9 ഹെക്ടർ | 2012 |
| 4 | മമ്മിക്കുന്ന് | പണിയൻ | വനവിഭവശേഖരണം, കാലിമേച്ചചന്റ | 2.78 ഹെക്ടർ | 2012 |
| 5 | കേളമംഗലം | കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചിൽ, മത്സ്യബന്ധനം | 2 ഏക്കർ | 2014 |
| 6 | നെയ്ക്കുപ്പ് മണൽവആന്റ | കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചിൽ, മത്സ്യബന്ധനം | 23 ഏക്കർ | 2014 |
| 7 | നെല്ലേരി | കുറിച്ച്യൻ, പണിയൻ | വനവിഭവശേഖരണം, കാലിമേച്ചചന്റ | 50 ഏക്കർ | 2015 |
| 8 | കുപ്പച്ചി | പണിയൻ | വനവിഭവശേഖരണം, കാലിമേച്ചിൽ | 8.81 ഹെക്ടർ | 2012 |
| 9 | വെള്ളക്കെട്ട് | പണിയൻ, കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, മത്സ്യബന്ധനം | 93.6 ഹെക്ടർ | 2012 |
| 10 | അയനിമല | പണിയൻ, കാട്ടുനാ യിക്കൻ, മുള്ളു കുറുമൻ | വനവിഭവശേഖരണം, ആരാധനയ്ക്കുള്ള അവ കാശം, ശ്മശാനം | 2 ഏക്കർ | 2014 |
| 11 | റാട്ടക്കൊല്ലിമല | കാട്ടുനായ യിക്കൻ | വനവിഭവശേഖരണം, ശ്മശാനം | 75.51 ഹെക്ടർ | 2012 |

| | | | | | |
|---|---|---|---|---|---|
| 12 | കൂടല്ലൂർകുറുമ | മുള്ളുകുറുമൻ | വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചചന്റ | 50 ഏക്കർ | 2014 |
| 13 | ഗോവിന്ദൻപാറ | മുള്ളുകുറുമൻ, പണിയൻ, കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, കാലിമേച്ചിൽ | 54.64 ഹെക്ടർ | 2012 |
| 14 | ശേഖരൻകുണ്ട് | കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, മത്സ്യബന്ധനം | 8.8 ഹെക്ടർ | 2012 |
| 15 | കൃഷ്ണൻകുന്ന് വിജയൻകുന്ന് | പണിയൻ കാട്ടുനാ യിക്കൻ | വനവിഭവശേഖരണം, ശ്മ ശാനം, ആരാധന യ്ക്കുള്ള അവകാശം , മത്സ്യബന്ധനം | 2 ഏക്കർ | 2014 |

ഈ പട്ടികയിലുൾപ്പെടാത്തവ(16) ലക്ഷംവീട്, (17)നടുവിൽമുറ്റം, (18)മേലേ കുണ്ടുവവാടി, (19)ചന്ദ്രോത്ത്, (20)മൊടവങ്കര, (21)കണ്ടാമല, (22)ഫോറസ്റ്റ് വയൽ, (23)ബസവൻകൊല്ലി, (24)തിരുമുഖം ഊരാളി എന്നിവയാണ് . പ്രസ്തുത സങ്കേതങ്ങളിലെ സാമൂഹിക അവകാശത്തിന്റെ സാഹചര്യം താഴെ പറയും വിധമാണ്.

## 4.12 .2 സൂക്ഷ്മ പഠനം സാമൂഹിക അവകാശത്തിലെ അപാകതകൾ

### 4.സി.11 ലക്ഷംവീട് ഊരാളി

പൂതാടി പഞ്ചായത്തിലെ കൂടല്ലൂർ വനാവകാശ സമിതിയിൽ ഉൾപ്പെട്ട വെട്ടക്കുറുമ വിഭാഗത്തിൽ ഉൾപ്പെട്ടവർ താമസിക്കുന്ന സങ്കേതമാണിത്. സാമൂഹ്യാവകാശത്തിന് അപേക്ഷ സമർപ്പിച്ചതിനെ കുറിച്ചോ, രേഖ ലഭിച്ചതിനെ കുറിച്ചോ സങ്കേതവാസികൾക്ക് ധാരണയില്ല. വനാവകാശ സമിതിയിൽ സങ്കേതത്തിലെ ആരും അംഗങ്ങളല്ല. എന്നാൽ പ്രസ്തുത സങ്കേതത്തിന് വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചിൽ എന്നീ ഇനങ്ങളിലായി മൂന്ന് ഏക്കർ വനഭൂമി അനുവദിച്ചിട്ടുണ്ട്. 2014 ലാണ് ഈ രേഖ ലഭിച്ചത്. നിലവിൽ ഈ രേഖ കൈവശമുള്ളത് ലക്ഷംവീട് സങ്കേതവും ഉൾപ്പെടുന്ന വനാവകാശ സമിതിയുടെ ഊരുമൂപ്പന്റെ പക്കലാണ്. എന്നാൽ, ഈ രേഖ ലക്ഷംവീട് സങ്കേതവാസികൾ കണ്ടിട്ടില്ല.

### 4.സി.12 നടുവിൽമുറ്റം

പനമരം പഞ്ചായത്തിൽ വനാവകാശ നിയമപ്രകാരം അവകാശം ലഭിച്ച ഒരേയൊരു സങ്കേതമാണ് നടുവിൽമുറ്റം, പുതുശ്ശേരി. നടുവിൽമുറ്റം, പുതുശ്ശേരി എന്നീ 2 കുറിച്യത്തറവാടുകൾ പരമ്പരാഗതമായി താമസി

ക്കുന്ന സങ്കേതമാണിത്. നടുവിൽ മുറ്റം തറവാട്ടിൽ 12 കുടുംബങ്ങളും, പുതുശ്ശേരിയിൽ ആറു കുടുംബങ്ങളുമാണുള്ളത്. ഇരു തറവാടുകളിലും നാലുപേർക്ക് വീതമാണ് വനാവകാശം ലഭിച്ചിരിക്കുന്നത്.

അണ്ണൻ-തേയി ദമ്പതികളുടെ മക്കളും, ഇവരുടെ മരുമക്കളും ( അണ്ണന്റെ സഹോദരീ പുത്രന്മാർ) ആണ് ഇവിടെ താമസി ക്കുന്നത്. മരുമക്കത്തായ സമ്പ്രദായമനുസരിച്ചാണ് ഇവിടെ സ്വത്തും, പിന്തുടർച്ചാവകാശവും വീതം വെച്ചിരിക്കുന്നത്. 1959 ലാണ് അണ്ണന്റെ മരുമക്കളായ അച്ചപ്പൻ, കുഞ്ഞിരാമൻ, ചന്തു, രാമൻ, ബാലൻ എന്നിവർ സങ്കേതത്തിലെത്തിയത്. ഇവർക്കാണ് വനാവകാശരേഖ ലഭിച്ചിരിക്കുന്ന ത്. അണ്ണന്റെ മക്കൾക്ക് വനാവകാശരേഖ ലഭിച്ചിട്ടില്ല. സങ്കേതത്തിലെ എല്ലാവർക്കും റവന്യൂ ഭൂമിയുണ്ട്.

നീർവാരത്തു നിന്നു വനത്തിനുള്ളിലാണ് സങ്കേതമുള്ളത്. സങ്കേതം വരെയെത്താൻ മണ്ണിട്ട റോഡുണ്ട്. സങ്കേതം വരെ വാഹനമെ ത്തും. സങ്കേതത്തിലെ താമസസ്ഥലവും, വയൽഭൂമിയും റവന്യൂ വിൽപ്പെട്ടതാണ്. ഇതിന് നികുതി കൊടുക്കണം. അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തത സങ്കേതത്തിലില്ല. കുടിവെള്ളം, താമസയോഗ്യ മായ വീടുകൾ, വൈദ്യുതി എന്നിവയുണ്ട്.

അമ്മാനി വനാവകാശ സമിതിയിൽ ഉൾപ്പെട്ട നടുവിൽമുറ്റം സങ്കേതത്തിൽ നിന്ന് 16 വ്യക്തികളാണ് വ്യക്തിഗത അവകാശത്തിനായി അപേക്ഷ സമർപ്പിച്ചത്. എന്നാൽ, ഉപകുടുംബങ്ങളായതിനാലും, കൈവശം ഭൂമിയില്ലാത്തതിനാലും 9 പേർക്ക് അവകാശരേഖ ലഭിച്ചിട്ടില്ല. സങ്കേതത്തിൽ നിന്നും എഞ്ഞഇ യിൽ 11 അംഗങ്ങളാണുള്ളത്. എല്ലാവ രുടെയും ഉപജീവനമാർഗ്ഗം കൃഷിയാണ്. റവന്യൂഭൂമിയിൽ നെല്ല്, വനഭൂ മിയിൽ കാപ്പി, കുരുമുളക് എന്നിവയാണ് പ്രധാന കൃഷികൾ.

ശ്മശാനം, കാലിമേക്കൽ, വിറകുശേഖരണം, വനവിഭവശേഖര ണം, ആരാധനസ്ഥലം എന്നീ ഇനങ്ങളിൽ സാമൂഹ്യാവകാശത്തിനായി അപേക്ഷ സമർപ്പിച്ചെങ്കിലും ലഭിച്ചിട്ടില്ല. ട്രൈബൽ വകുപ്പ് മാപ്പ് തയ്യാ റാക്കിയെങ്കിലും അവകാശരേഖ ലഭിച്ചിട്ടില്ല. വികസനാവശ്യ ങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് വനാവകാശ ത്തിൽ ഉൾപ്പെടുത്തിയാണോ എന്നറിവില്ല. സാമൂഹ്യ വനവിഭവ മേഖ ലാകമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സാമൂഹ്യാവകാശം ലഭിച്ചതിനെ കുറിച്ച് സങ്കേതവാസികൾക്ക് അറിവില്ല. എന്നാൽ, 2012 ൽ 10 ഏക്കർ വനഭൂമി വനവിഭവശേഖരണ ത്തിന് അനുവദിച്ചതായി വനംവകുപ്പിന്റെ വെബ്സൈറ്റിൽ കാണുന്നു. രേഖ സങ്കേതം സന്ദർശിച്ചപ്പോൾ കാണാനും കഴിഞ്ഞിട്ടില്ല.

**4.സി.13 ബസവൻകൊല്ലി**

പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി സങ്കേതത്തിൽ നാല് സാമൂഹ്യാവകാശങ്ങളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇതിന്റെ രേഖ നൽകിയിട്ടില്ല. സങ്കേതത്തിലെ കാട്ടുനായിക്കൻ വിഭാഗ

ത്തിന് രണ്ടും, വെട്ടക്കുറുമൻ, പണിയൻ വിഭാഗങ്ങൾക്ക് ഒന്നു വീതവുമാണ് സാമൂഹ്യാവകാശങ്ങൾ അനുവദിച്ചിരിക്കുന്നത്. വനവിഭവശേഖരണം, കാലിമേച്ചിൽ എന്നീ ഇനങ്ങളിലാണ് വനഭൂമി അളന്നു നൽകിയിരിക്കുന്നത്. പണിയൻ വിഭാഗത്തിലെ ജാനു, കുള്ളൻ, കരിയൻ എന്നവരുടെ പേരിൽ 5 ഏക്കറും, വെട്ടക്കുറുമൻ വിഭാഗത്തിലെ കൃഷ്ണൻ, ശാന്ത, ചന്ദ്രൻ എന്നിവരുടെ പേരിൽ 10 ഏക്കറും അനുവദിച്ചിരിക്കുന്നു. കാട്ടുനായിക്കൻ വിഭാഗത്തിലെ ചിക്കൻ, രാജു, കല്ല്യാണി എന്നിവരുടെ പേരിൽ 8 ഏക്കറും, മോഹനൻ, മീനാക്ഷി, തെണ്ടുക്കൻ എന്നിവരുടെ പേരിൽ 5 ഏക്കറും അളന്നിട്ടുണ്ട്. രേഖയിൽ നാലിടങ്ങളിലായി 28 ഏക്കർ അളന്നതായി കാണുന്നുണ്ടെങ്കിൽ ആകെ 13 ഏക്കർ മാത്രമേ അളന്നിട്ടുള്ളൂവെന്ന് സങ്കേതവാസിയായ രാജു പറയുന്നു. രണ്ടിടത്ത് അഞ്ച് ഏക്കറും, ഒരു സ്ഥലത്ത് 3 ഏക്കറും മാത്രമാണ് അളന്നതെന്ന് രാജു പറയുന്നു. സ്ഥലം അളന്നിരിക്കുന്ന മോഹനൻ, ജാനു, മീനാക്ഷി, ചന്ദ്രൻ, കൃഷ്ണൻ എന്നിവർക്ക് തങ്ങളുടെ പേരിൽ സ്ഥലം അളന്നതിനെ കുറിച്ച് യാതൊരറിവുമില്ല. എന്നാൽ രേഖ ലഭിച്ചില്ലെങ്കിലും വനവിഭവങ്ങൾ ശേഖരിക്കുന്നതിനും, കാലിമേയ്ക്കുന്നതിനും തടസ്സങ്ങളില്ലെന്ന് സങ്കേതവാസികൾ പറയുന്നു.

### 4.സി.14 അയനിമല കുറുമ

അയനിമല പണിയൻ, മുള്ളുകുറുമൻ, കാട്ടുനായിക്കൻ സങ്കേതങ്ങളിലായാണ് സാമൂഹികാവകാശരേഖ അനുവദിച്ചിരിക്കുന്നത്. വനവിഭവശേഖരണം, ശ്മശാനം, ആരാധനയ്ക്കുള്ള അവകാശം എന്നിവയ്ക്കായി മൂന്നു സമുദായത്തിനും കൂടി അനുവദിച്ചിരിക്കുന്നത് 2 ഏക്കർ ഭൂമി മാത്രമാണ്. വനാവകാശ നിയമം നടപ്പിലാക്കും മുന്നേ വനത്തിന്റെ ഏറിയ പങ്കും ഉപയോഗിക്കാൻ കഴിഞ്ഞിരുന്ന തങ്ങൾക്കിപ്പോൾ ചുരുങ്ങിയ അളവിലുള്ള ഭൂമിയേ തന്മൂലം ഉപയോഗിക്കാനാവുന്നുള്ളൂവെന്ന് അയനിമല കുറുമ സങ്കേതത്തിലെ അച്യുതൻ പറയുന്നു. വനത്തിൽ നിന്ന് ഗോത്രവിഭാഗങ്ങളെ അകറ്റുകയാണ് രേഖയിലൂടെ ഉണ്ടായതെന്നും അദ്ദേഹം പറയുന്നു.

### 4.സി.15 റാട്ടക്കൊല്ലിമല

കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ വനാവകാശനിയമം നടപ്പിലാക്കിയ ഏക സങ്കേതമാണ് റാട്ടക്കൊല്ലിമല. പരമ്പരാഗതമായി കാട്ടുനായിക്കൻ സമുദായത്തിൽപ്പെട്ടവരാണ് ഇവിടെ താമസിക്കുന്നത്. ആകെ എട്ടു കുടുംബങ്ങളാണ് ഇവിടുള്ളത്. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ഏക വനാവകാശസമിതി ആയതിനാൽ സമീപത്തുള്ള മറ്റ് രണ്ട് സങ്കേതങ്ങളിലെ വ്യക്തികൾ കൂടി ഈ വനാവകാശസമിതിയിൽ ഉൾപ്പെടുത്തി

യാണ് അപേക്ഷ നൽകിയത്. 11 അപേക്ഷകൾ ആകെ സമർപ്പിച്ചെങ്കിലും ആർക്കും വ്യക്തിഗത അവകാശം ലഭിച്ചിട്ടില്ല. . വ്യക്തിഗത അവകാശം ലഭിച്ചില്ലെങ്കിലും സാമൂഹ്യാവകാശം ലഭിച്ചിട്ടുണ്ട്.

റാട്ടക്കൊല്ലി മലക്കടുത്തുള്ള നാലുകെട്ടു ചോലയിൽ നിന്നാണ് ഇവർ ഇങ്ങോട്ടേക്ക് മാറിയത്. വനത്തിനുള്ളിൽ മണിക്കുന്ന് മലയിലായിരുന്നു ഈ സങ്കേതം. ഇവിടെ പാറക്കെട്ടുകളിലും മറ്റുമായിരുന്നു താമസം. പിന്നീട് വനം കത്തിയപ്പോഴാണ് നിലവിൽ താമസിക്കുന്ന സ്ഥലത്തേക്ക് മാറ്റി പാർപ്പിച്ചത്. ഒരു സ്വകാര്യ വ്യക്തി സങ്കേതത്തിലെ രണ്ടുപേർക്കായി പതിച്ചു നൽകിയ ഭൂമിയാണിത്. അമ്മിണി കുള്ളന്റെയും, ശാന്ത നാരായണന്റെ അമ്മയുടെ പേരിലുമാണ് ഈ റവന്യൂ ഭൂമിയുള്ളത്. ഈ സങ്കേതത്തിലെത്തിയതിനു ശേഷം സമീപത്തുള്ള നീലഗിരി എസ്റ്റേറ്റിലും , സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും കൂലിപ്പണിക്ക് പോയാണ് ഉപജീവനം നടത്തിയിരുന്നത്. സ്വന്തം ആവശ്യത്തിന് മാത്രമാണ് തുടക്കം മുതൽ തന്നെ ഇവർ വനവിഭവശേഖരണം നടത്തിയിട്ടുള്ളത്. ഇപ്പോഴും തേൻ, കാട്ടുകിഴങ്ങ്, എന്നിവ ശേഖരിക്കാറുണ്ട്. വനവിഭവങ്ങൾ വിൽക്കാൻ സൊസൈറ്റി സ്ഥിതി ചെയ്യുന്ന നെല്ലിമാളത്ത് എത്തേണ്ടതിനാൽ സങ്കേതത്തിലാരും പ്രധാനമായി ഇത് വരുമാനമാർഗമാക്കുന്നില്ല.

അമ്മിണി കുള്ളന്റെ സ്ഥലത്ത് 5 വീടുകളും, ശാന്ത നാരായണന്റെ സ്ഥലത്ത് മൂന്ന് വീടുകളുമാണുള്ളത്. ഇവിടെ കൃഷി ചെയ്യാനുള്ള ഭൂമിയില്ലാത്തതിനാൽ 2002 ലാണ് സങ്കേതത്തിന് സമീപമുള്ള മിച്ച ഭൂമി ആദിവാസി ക്ഷേമസഭയുടെ നേതൃത്വത്തിൽ വെട്ടിപ്പിടിച്ചത്. ഇത് വനംവകുപ്പ് ഒഴിവാക്കിയിട്ട ഭൂമിയായിരുന്നതിനാൽ തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല.

പിന്നീട് 2009 ലാണ് വനാവകാശസമിതി രൂപീകരിച്ച് ഈ ഭൂമിക്ക് അവകാശം ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. വനഭൂമി വെട്ടിപ്പിടിച്ച വിനായക കോളനിയിലെ ലത, ചിമ്പ്രൻ, പുൽപ്പാറ സങ്കേതത്തിലെ ചന്ദ്രൻ എന്നിവർക്കൊപ്പം ഈ സങ്കേതത്തിലെ രാജൻ നാരായണി, ബിന്ദു കേശവൻ, അമ്മിണി കുള്ളൻ, അമ്മു മാതൻ, രാധ ബാലൻ, നാരായണൻ ശാന്ത, ജാനകി, പുഷ്പ മാധവൻ എന്നിവരും അപേക്ഷ നൽകി. സങ്കേതത്തിലെ ജാനകിയുടെ വീട്ടിൽ വെച്ചാണ് വനാവകാശസമിതി യോഗം ചേർന്നത്. വാർഡ് മെമ്പർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ , പ്രൊമോട്ടർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു യോഗം. വനാവകാശസമിതിയുടെ പ്രസിഡന്റായി ലതയെയും, സെക്രട്ടറിയായി ബാലനെയും തെരഞ്ഞെടുത്തു. സമിതിയിൽ അഞ്ച് പുരുഷന്മാരും, അഞ്ച് സ്ത്രീകളുമാണുണ്ടായിരുന്നത്. സമിതിയുടെ യോഗത്തിൽ നേരിട്ട് ടി.ഒ ക്ക് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്തത്.

വ്യക്തിഗത അവകാശത്തിനുള്ള അപേക്ഷക്കൊപ്പം തന്നെ സാമൂഹികാവകാശത്തിനുള്ള അപേക്ഷയും നൽകി. അപേക്ഷ നൽകി ഒരു മാസത്തിനു ശേഷമാണ് റവന്യൂ വകുപ്പിലെ സർവേ ഉദ്യോഗസ്ഥർ സ്ഥലമളക്കാൻ വന്നത്. രേഖയ്ക്കായുള്ള ഫോട്ടോ ചിലർ ട്രൈബൽ

ഓഫീസിൽ നൽകുകയും, ശേഷിച്ചവർ ഫോട്ടോ നേരിട്ട് നൽകുകയുമാണ് ചെയ്തത്.

റവന്യൂ വകുപ്പ് അളന്നതിനു ശേഷം വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം അളക്കാനെത്തി. അളന്നപ്പോഴാണ് വനഭൂമി ഉൾപ്പെടുന്നത് മേപ്പാടി പഞ്ചായത്തിലാണെന്ന് കണ്ടെത്തിയത്. ഉറപ്പു വരുത്താൻ വില്ലേജ് ഓഫീസറെ ഇങ്ങോട്ടേക്ക് വിളിപ്പിക്കുകയും ചെയ്തു. അപ്പോഴാണ്, മേപ്പാടി പഞ്ചായത്തിലുൾപ്പെട്ട ഭൂമിയാണെന്ന് ഉറപ്പിച്ചത്. ഇതോടെ , വ്യക്തിഗത അവകാശം നൽകാൻ കഴിയില്ലെന്ന് വനംവകുപ്പ് അറിയിച്ചു. ട്രൈബൽ ഓഫീസ് മുഖാന്തിരം ശ്രമിച്ചെങ്കിലും ഇതുവരെ രേഖ ലഭിച്ചിട്ടില്ല. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്ഥലം മാറി പോയതോടെ രേഖ കിട്ടാനുള്ള കാലതാമസം വർധിച്ചു.

എന്നാലിവിടെ വ്യക്തിഗത അവകാശം ലഭിച്ചിട്ടില്ല. സാമൂഹ്യ അവകാശരേഖ 2013 ലാണ് ലഭിച്ചത്. . വനവിഭവശേഖരണത്തിനും, ശ്മശാനത്തിനുമായി 75.51 ഹെക്ടർ ഭൂമി ഇവർക്കനുവദിച്ചിട്ടുണ്ട്. പ്രസ്തുത രേഖയുടെ ഫോട്ടോകോപ്പിയാണ് സങ്കേതവാസികളുടെ പക്കലുള്ളത്. റവന്യൂ സ്ഥലത്ത് വീടിനു മാത്രമുള്ള ഭൂമിയിൽ കഴിയുന്ന ഇവർക്ക് സ്ഥലപരിമിതി മൂലം കൃഷിയും, മൃഗപരിപാലനം പോലുള്ള ഉപജീവനമാർഗ്ഗങ്ങളിൽ ഏർപ്പെടാൻ കഴിയുന്നില്ല.

വികസനാവശ്യങ്ങൾക്കായി ഇവർ രേഖ സമർപ്പിച്ചിട്ടില്ല. മറ്റു പദ്ധതികളിൽ നിന്നായി സങ്കേതത്തിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ പാസായിട്ടുണ്ട്. സങ്കേതത്തിലെത്താൻ ടാർ റോഡ്, സമ്പൂർണ്ണ വൈദ്യുതീകരണം, ജഢഠഎ യിൽ ഉൾപ്പെടുത്തി ഗൃഹനിർമ്മാണം, ജലശേചനം എന്നിവ സങ്കേതത്തിലുണ്ട്.

### 4.സി.16 താഴെ തലപ്പുഴ

തവിഞ്ഞാൽ പഞ്ചായത്തിലെ താഴെ തലപ്പുഴ സങ്കേതത്തിൽ സാമൂഹ്യാവശ്യങ്ങൾക്കുള്ള അവകാശം രണ്ടു വ്യക്തികളുടെ പേരിൽ വ്യക്തിഗത അവകാശമായാണ് നൽകിയിരിക്കുന്നത്.

തവിഞ്ഞാൽ പഞ്ചായത്തിലെ 'മക്കിമല' പ്രദേശത്തോട് ചേർന്നു കിടക്കുന്ന കുറിച്യസങ്കേതമാണ് 'താഴേതലപ്പുഴ സങ്കേതം'. ''താഴേതലപ്പുഴ'' തറവാട്ട് കുടുംബാംഗങ്ങളാണ് സങ്കേതത്തിൽ അധിവസിച്ചു വരുന്നത്. തറവാട്ടു പേരിൽ നിന്നാണ് ഈ പ്രദേശത്തിനും താഴേതലപ്പുഴ എന്ന പേര് കൈവന്നത്. പ്രസ്തുത പഞ്ചായത്തിലുൾപ്പെടുന്ന 'പൊയിൽ' പ്രദേശത്തു നിന്നും ഉദ്ദേശം 250 വർഷങ്ങൾക്കു മുൻപ് കുടിയൊഴിഞ്ഞ് പ്രസ്തുത ദേശത്ത് താമസം തുടങ്ങിയവരാണ് ഇവരുടെ പൂർവ്വികർ. പൊയിലിൽ ഇവർ താമസിച്ചിരുന്ന പ്രദേശം ബ്രിട്ടീഷുകാർ എസ്റ്റേറ്റാക്കി മാറ്റിയതിനെ തുടർന്നാണ് ഇവർക്ക് സ്ഥലം നഷ്ടമായത്.

നിലവിൽ 33 കുടുംബങ്ങളാണ് സങ്കേതത്തിൽ അധിവസിക്കുന്നത്. അതിൽ ഭൂരിഭാഗം കുടുംബങ്ങളും തറവാട്ടുവക കൂട്ടുപട്ടയമുള്ള ഭൂമിയിലാണ് അധിവസിക്കുന്നത്. ഏതാനും ചില അണുകുടുംബങ്ങൾ മാത്രമാണ് വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച സ്ഥലത്ത് അധിവസിക്കുന്നുള്ളൂ. കൂട്ടു പട്ടയമുള്ള സ്ഥലത്തിനു പുറമേ, 15 വർഷത്തോളമായി കൈവശം വച്ച് കൃഷി ചെയ്തു വന്ന വനത്തോട് ചേർന്ന ഭൂമിക്കാണ് വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി കൈവശരേഖ ലഭിച്ചത്. പ്രസ്തുത രേഖക്കു വേണ്ടി 21 പേരാണ് സങ്കേതത്തിൽ നിന്നും അപേക്ഷ സമർപ്പിച്ചത്. അപേക്ഷ നൽകിയ മുഴുവൻപേർക്കും കൈവശരേഖ ലഭിച്ചു. കൈവശരേഖ ലഭിച്ചവരെല്ലാവരും തന്നെ സങ്കേതത്തിനടുത്തുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പമല തേയില എസ്റ്റേറ്റിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുമാണ്.

വനാവകാശ നിയമപ്രകാരം സാമൂഹ്യ അവകാശങ്ങൾ അംഗീകരിക്കുന്നതിനും, സാമൂഹ്യ അവകാശരേഖക്കു വേണ്ടിയും പ്രത്യേകം അപേക്ഷ സമർപ്പിച്ചു. ശ്മശാനത്തിനും, ആരാധനാ സ്ഥലത്തിനും വേണ്ടി 2012-ൽ അപേക്ഷ നൽകി. എന്നാൽ ഇവ വ്യക്തിഗത അവകാശരേഖയായിട്ടാണ് നൽകിയിട്ടുള്ളത് എന്നാണ് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്. ശ്മശാനത്തിനുള്ള സ്ഥലം കുഞ്ഞാമൻ എന്ന വ്യക്തിയുടെ പേരിലും ആരാധനയ്ക്കുള്ള 5 സെന്റ് സ്ഥലം അദ്ദേഹത്തിന്റെ ഭാര്യ അമ്മിണിയുടെ പേരിലുമാണ് ലഭിച്ചത്., ഈ രണ്ടു വ്യക്തികളും ഇപ്പോൾ ജീവിച്ചിരിപ്പില്ല. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ മേൽ സങ്കേതവാസികൾക്കെല്ലാം തുല്യ അവകാശം പരമ്പരാഗതമായി കൽപിച്ചു വരുന്നു. സങ്കേതത്തിൽ സാമൂഹ്യ വനവിഭവ മേഖല കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ സാമൂഹ്യ വിഭവങ്ങളുടെ മേലുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സങ്കേതത്തിൽ നിന്ന് രാധ, ബാലകൃഷ്ണൻ, ഗോപി എന്നീ മൂന്നംഗങ്ങളാണ് വനാവകാശ സമിതിയിൽ ഉള്ളത്.

### 4.സി.17 മമ്മിക്കുന്ന്

മേപ്പാടിയിൽ നിന്നും ചൂരൽമലയിലേക്ക് പോവുന്ന റൂട്ടിലാണ് പണിയ സമുദായം താമസിക്കുന്ന മമ്മിക്കുന്ന് സങ്കേതം. ആകെ 14 കുടുംബങ്ങളാണ് ഇവിടുള്ളത്. ഇതിൽ 2010 ൽ വനാവകാശനിയമപ്രകാരം കൈവശാവകാശത്തിനായി അപേക്ഷ നൽകിയ ഒൻപത് പേർക്കും അവകാശം ലഭിച്ചിട്ടുണ്ട്.

300 ഏക്കർ എന്ന സ്വകാര്യ തേയില എസ്റ്റേറ്റിന്റെ തൊഴിലാളികളായാണ് ഈ സങ്കേതത്തിലെ പണിയൻ സമുദായക്കാർ ഇവിടെ താമസമാരംഭിച്ചത്. തമിഴ്നാട്ടിൽ നിന്നെത്തിയ തേയില തൊഴിലാളികളുടെ സങ്കേതവും, പണിയൻ സങ്കേതവും എസ്റ്റേറ്റിനോട് ചേർന്ന് ഭാഗത്തുണ്ടായിരുന്നു. പിന്നീട് എസ്റ്റേറ്റ് അളന്നപ്പോൾ മുന്നൂറ് ഏക്കറിലധികമുള്ള ഭൂമി മിച്ചഭൂമിയായി. പണിയൻ വിഭാഗക്കാർ പ്രസ്തുത മിച്ചഭൂമിയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. മമ്മിക്കുന്ന് സങ്കേതവാസികൾക്ക് വനവിഭവശേഖരണം, കാലിമേച്ചിൽ എന്നിവയ്ക്ക് 2.78 ഹെക്ടർ ഭൂമിയാണ് നൽകിയിരിക്കുന്നത്. കൈവശരേഖ ലഭിച്ചത് സങ്കേതത്തിലെ മൂപ്പനായ

ബാലനാണ് .സങ്കേതത്തിന് മുന്നിലൂടെയുള്ള പുഴയിലെ ജലവിഭവങ്ങൾ ഉപയോഗിക്കുന്നതിനോ, സങ്കേതത്തിന് ഉള്ളിൽ തന്നെയുള്ള ആരാധന സ്ഥലത്തിന്മേലോ അവകാശം നൽകിയിട്ടില്ല. ഇതിന് അവർ അപേക്ഷ സമർപ്പിച്ചിട്ടുമില്ല.ഏതെക്കെ അവകാശങ്ങളാണ് തങ്ങൾക്ക് ഉള്ളതെന്നും , എങ്ങനെ അപേക്ഷ കൊടുക്കണമെന്നും എന്നുള്ളതിൽ ഉള്ള അറിവിന്റെ അപര്യാപതത ആണ് ഇതിന് കാരണമായി ഊരുമൂപ്പൻ ചൂണ്ടികാണിക്കുന്നത്.

**4.സി.18 ഗോവിന്ദൻപാറ**

മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ സങ്കേതവാസികളിൽ മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമേ സാമൂഹ്യാവകാശത്തെ കുറിച്ച് അറിവുള്ളൂ. സങ്കേതത്തിൽ മലയ്ക്ക് മുകളിൽ താമസിക്കുന്ന പണിയൻ വിഭാഗത്തിന് രേഖയെ കുറിച്ചും, അവകാശങ്ങലെ കുറിച്ചും അറിവില്ല. ഇവരാണ് വനഭൂമിയിൽ താമസിക്കുന്നത്. മുള്ളുകുറുമൻ വിഭാഗത്തിൽപെട്ടവർ റവന്യൂ ഭൂമിയിലാണ് താമസിക്കുന്നത്. ഇവർ വനഭൂമി ഉപയോഗിക്കാറില്ല.

**4.സി.19 കേളമംഗലം കാട്ടുനായിക്കൻ**

പൂതാടി പഞ്ചായത്തിലെ കേളമംഗലം കാട്ടുനായിക്കൻ സങ്കേതവാസികൾക്ക് സാമൂഹികാവകാശത്തെ കുറിച്ച് അറിവില്ല. ഈ സങ്കേതത്തിന്റെ സാമൂഹ്യാവകാശരേഖ, പ്രസ്തുത സങ്കേതമുൾപ്പെടുന്ന അയനിമല വനാവകാശ സമിതിയുടെ സെക്രട്ടറി അച്യുതന്റെ കൈവശ മാണുള്ളത്.

**4.12 .3 സങ്കേതങ്ങൾ –സാമൂഹ്യാവകാശം ലഭിക്കാത്തവ**

വിവരശേഖരണത്തിനായി തിരഞ്ഞെടുത്ത 57 സങ്കേതങ്ങളിൽ_____31 സങ്കേതങ്ങൾക്കും സാമൂഹ്യാവകാശരേഖ ലഭിച്ചിട്ടില്ല. മേലെ കുണ്ടുവാടി, ചന്ത്രോത്ത്, മൊടവങ്കര, തിരുമുഖം ഊരാളി എന്നീ സങ്കേതങ്ങളിലുള്ളവർക്ക് സാമൂഹ്യാവകാശത്തിന് അപേക്ഷ സമർപ്പിച്ച തിനെ കുറിച്ച് പോലും അറിവില്ല. അതേ സമയം, കണ്ടാമല കുറുമ, ഫോറസ്റ്റ് വയൽ സങ്കേതങ്ങളിലുള്ളവർ അപേക്ഷ സമർപ്പിച്ചെങ്കിലും രേഖ ലഭിച്ചില്ലയെന്ന് അഭിപ്രായപ്പെടു ന്നു. നൂൽപ്പുഴ, ബത്തേരി, മീനങ്ങാടി, തവിഞ്ഞാൽ, തിരുനെല്ലി, മുട്ടിൽ എന്നീ പഞ്ചായ ത്തുകളിലെ സങ്കേതങ്ങളാണിവ. എന്നാൽ, ഈ സങ്കേതങ്ങളിലുള്ളവർ വിവിധ അവകാശ ങ്ങൾക്കായി അപേക്ഷ സമർപ്പിച്ചവരാണ്. സാമൂഹ്യാവകാശങ്ങളിൽ ഉൾപ്പെട്ട ശ്മശാനം ഇല്ലാത്ത സങ്കേതങ്ങളുണ്ട്. ഇവർ വ്യക്തിഗത അവകാശം ലഭിച്ച സ്ഥലം തന്നെയാണ് ഇതി നായി ഉപയോഗിക്കുന്നത്. പരിമിതമായ സ്ഥലം മാത്രമുള്ളവർ ഇക്കാരണം കൊണ്ട് ബുദ്ധി മുട്ടനുഭവിക്കുന്നുണ്ട്.

## 4.13 സാമൂഹ്യാവകാശവും, സങ്കേതവും(സങ്കേത സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ)

സാമൂഹ്യാവകാശങ്ങൾക്കായി ഏതെല്ലാം അവകാശങ്ങൾക്ക് അപേക്ഷ നൽകി, എത്ര അവകാശങ്ങൾക്ക് രേഖ ലഭിച്ചു , ലഭിച്ച ഭൂമിയുടെ അളവ്, ഭൂമി ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ എന്നിവയാണ് വിവരശേഖരണം നടത്തിയത്. സാമൂഹ്യാവകാശം ലഭിച്ചതുമായി ബന്ധപ്പെട്ട് വ്യക്തിഗതവിവര പട്ടികയിൽ നിന്നും ലഭിച്ച വിവരങ്ങളുമായി പൊരുത്തപ്പെടാത്തതാണ് സങ്കേത വിവര പട്ടികയിൽ ലഭിച്ച വിവരങ്ങൾ. ഇതിന് പ്രധാന കാരണം സാമൂഹ്യാവകാശ.രേഖ നിയമത്തിന്റെ ചട്ടങ്ങളിലും മാനദണ്ഡങ്ങളിലും അനുശാസിക്കുന്ന പ്രകാരം പൊതു ചടങ്ങിൽ വെച്ചല്ല വിതരണം ചെയ്തിട്ടുള്ളത് എന്നതിനാലും , ഊരുമൂപ്പന്റെ കൈവശമോ,അല്ലെങ്കിൽ ... എഫ്.ആർ.സി സെക്രട്ടറിയുടെ കൈവശമോ ആണ് രേഖ എന്നതിനാൽ സങ്കേതവാസികൾക്ക് ഇതിനെകുറിച്ച് അറിയില്ല.

സങ്കേതവിവര പട്ടിക പ്രകാരം 14 സങ്കേതങ്ങളാണ് സാമൂഹ്യാവകാശരേഖ ലഭിച്ചതായി പറഞ്ഞിരിക്കുന്നത്. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ റാട്ടക്കൊല്ലിമല, പൂതാടി പഞ്ചായത്തിലെ വിജയൻകുന്ന് , കൃഷ്ണൻകുന്ന്, പുലയൻമൂല, ലക്ഷംവീട്, കൂടല്ലൂർ, നെയ്ക്കുപ്പ മണൽവയൽ , അയനിമല കുറുമ/ പണിയ, തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ, മമ്മിക്കുന്ന് , കാർമൽകുന്ന്, ശേഖരൻകുണ്ട്, എന്നീ സങ്കേതങ്ങളാണവ. എന്നാൽ, സാമൂഹ്യാവകാശരേഖ ലഭിച്ചിട്ടുള്ള അഞ്ച് സങ്കേതങ്ങൾ രേഖ ലഭിച്ചിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. സാമൂഹ്യാവകാശരേഖ ലഭിച്ചതിനെ കുറിച്ചോ, ഈ രേഖ നിലവിൽ എവിടെയാണെന്നതിനെ കുറിച്ചോ, ഇവർക്ക് യാതൊരറിവുമില്ല. മേപ്പാടി പഞ്ചായത്തിലെ വെള്ളക്കെട്ട്, കുപ്പച്ചി, സ്കൂൾകുന്ന്, പൂതാടി പഞ്ചായത്തിലെ കേളമംഗലം, പനമരം പഞ്ചായത്തിലെ നടുവിൽമുറ്റം എന്നീ സങ്കേതങ്ങളാണിവ.

21 സങ്കേതങ്ങളാണ് രേഖ ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് ഉത്തരം നൽകിയിരിക്കുന്നത്. എന്നാൽ, സാമൂഹ്യാവകാശരേഖ ഇതുവരെ ലഭിച്ചിട്ടില്ല. നൂൽപ്പുഴ പഞ്ചായത്തിലെ കരടിമാട്, കോളയോട്ട്, കാളങ്കണ്ടി, അണ്ണിമൂല, മാറോട്, പണപ്പാടി, പുൽപ്പള്ളി പഞ്ചായത്തിലെ തിരുമുഖം, കണ്ടാമല, മൊടവങ്കര, ഫോറസ്റ്റ് വയൽ, ബസവൻകൊല്ലി, തിരുനെല്ലി പഞ്ചായത്തിലെ കൂപ്പ്, ചേകാടി ചക്കിണി, തവിഞ്ഞാൽ പഞ്ചായത്തിലെ ചോയിമൂല, പുന്നശ്ശേരി, മുട്ടിൽ പഞ്ചായത്തിലെ കരിയാത്തൻപാറ, ബത്തേരി മുനിസിപ്പാലിറ്റിയിലെ നെല്ലിപ്പറഅറ, ഓടമൂല, പാമ്പ്രമൂല, മേപ്പാടി പഞ്ചായത്തിലെ പൂളക്കുന്ന്, പഞ്ചമിക്കുന്ന് എന്നീ സങ്കേതങ്ങളാണിത്. 2014-16 വർഷ കാലയളവിലാണ് പ്രസ്തുത സങ്കേതങ്ങളിൽ നിന്ന് സാമൂഹ്യാവകാശത്തിനായി അപേക്ഷ നൽകിയത്.

ഇവയിൽ പുൽപ്പള്ളി പഞ്ചായത്തിലെ സങ്കേതങ്ങളായ ഫോറസ്റ്റ് വയൽ, തിരുമുഖം, മൊടവങ്കര, കണ്ടാമല, ബസവൻകൊല്ലി എന്നിവിടങ്ങളിൽ സാമൂഹ്യാവകാശത്തിനായി ഭൂമി അളന്നതായി വനംവകുപ്പ് രേഖകളിൽ കാണാം. എന്നാൽ സങ്കേതവാസികൾ

അപേക്ഷ നൽകിയ ഇനങ്ങളിലല്ല ഭൂമി അളന്നിരിക്കുന്നത്. ഫോറസ്റ്റ് വയൽ സങ്കേതത്തിലുള്ളവർ ശ്മശാനത്തിനാണ് അപേക്ഷ നൽകിയതെങ്കിലും ഭൂമി നൽകിയിരിക്കുന്നത് വനവിഭവശേഖരണം, കാലിമേച്ചിൽ എന്നീ ഇനങ്ങളിലാണ്. തിരുമുഖം, ബസവൻകൊല്ലി, കണ്ടാമല, മൊടവങ്കര സങ്കേതങ്ങളിലെല്ലാം വനവിഭവശേഖരണം, കാലിമേച്ചിൽ എന്നീ ഇനങ്ങളിലാണ് ഭൂമി അളന്നിരിക്കുന്നത്. മൊടവങ്കര സങ്കേതവാസികൾ ആരാധനസ്ഥലം, മത്സ്യബന്ധനം, ശ്മശാനം എന്നിവയ്ക്ക് കൂടി അപേക്ഷ സമർപ്പിച്ചിരുന്നു. കണ്ടാമല സങ്കേതത്തിലുള്ളവർ വിറകുശേഖരണത്തിനും, ബസവൻകൊല്ലി സങ്കേതവാസികൾ ശ്മശാനത്തിനും കൂടി സാമൂഹ്യാവകാശരേഖ ലഭിക്കാൻ അപേക്ഷ നൽകിയിരുന്നു. എന്നാൽ, ഇവയ്ക്കായി ഭൂമി അളന്നിട്ടില്ല.

16 സങ്കേതങ്ങൾക്കാണ് സാമൂഹ്യാവകാശത്തെ കുറിച്ച് യാതൊരു അറിവുമില്ലാത്തത്. പ്രസ്തുത രേഖ ലഭിക്കാൻ സ്ഥലം അളന്നതായോ, അപേക്ഷ നൽകിയതായോ സങ്കേതവാസികൾക്ക് അറിയില്ല. വനാവകാശനിയമപ്രകാരം, പൊതുഅവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി സാമൂഹ്യാവകാശരേഖയുള്ളതായി പോലും, സങ്കേതത്തിലുള്ളവർക്ക് അറിവില്ല. മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ്, നൂൽപ്പുഴ പഞ്ചായത്തിലെ ഊരംകുന്ന്, ചുക്കാലിക്കുനി, കുറിച്യാട്, എടത്തറ, പങ്കളത്ത്, ബത്തേരി മുനിസിപ്പാലിറ്റിയിലെ മണൽ വയൽ, പുൽപ്പള്ളി പഞ്ചായത്തിലെ ചന്ത്രോത്ത്, മേലെ കുണ്ടുവാടി, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി, മിച്ചഭൂമി, വെള്ളറോടി, മധ്യപാടി, നച്ചുകണ്ടി, മണ്ണുണ്ടി, തവിഞ്ഞാൽ പഞ്ചായത്തിലെ എടാറകൊല്ലി, മുപ്പൈനാട് പഞ്ചായത്തിലെ നീലിമല എന്നീ സങ്കേതങ്ങളാണ് സാമൂഹ്യാവകാശരേഖയെ കുറിച്ച് യാതൊരറിവുമില്ലാത്തത്. ഇതിൽ ഏഴ് സങ്കേതങ്ങൾ കാട്ടുനായിക്കൻ വിഭാഗത്തിൽപ്പെട്ടവർ മാത്രം താമസിക്കുന്ന സങ്കേതങ്ങളാണ്.

ചില സങ്കേതങ്ങളിൽ ഓരോ സമുദായത്തിനും പ്രത്യേകമായോ, ചിലയിടങ്ങളിൽ സങ്കേതത്തിന് മുഴുവനുമായോ ആണ് സാമൂഹ്യാവകാശം നൽകിയിരിക്കുന്നത്. വനവിഭവശേഖരണം, മേച്ചിൽപുറം, ആരാധനസ്ഥലം, മീൻപിടുത്തം, ശ്മശാനം മറ്റുള്ളവ എന്നിങ്ങനെയാണ് സാമൂഹ്യാവകാശം അനുവദിച്ചിരിക്കുന്നത്. നൽകിയിരിക്കുന്ന വനഭൂമിയുടെ അളവ് ചില സങ്കേതങ്ങളിൽ വളരെ കുറവാണ്. ഒന്നിലധികം സാമൂഹിക അവകാശങ്ങൾക്കായി രണ്ട് ഏക്കർ ഭൂമി മാത്രം അനുവദിച്ചു കിട്ടിയ സങ്കേതങ്ങളുണ്ട്. (ഉദാ:- അയനിമല, കേളമംഗലം, പുലയൻമൂല)

സാമൂഹ്യാവകാശരേഖ അനുവദിച്ചിരിക്കുന്ന പൂതാടി, തൊണ്ടർനാട്, പനമരം, പുൽപ്പള്ളി പഞ്ചായത്തുകളിൽ അനുവദിച്ച വനഭൂമിയുടെ അളവ് വളരെ കുറവാണ്. എന്നാൽ മേപ്പാടി, മുപ്പൈനാട്, കൽപ്പറ്റ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽപ്പെട്ട സങ്കേതങ്ങൾക്ക് അളവിന്റെ കാര്യത്തിൽ നിയമം അനുശാസിക്കും പ്രകാരം തന്നെ ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളത്. (ഉദാ: കുപ്പച്ചി, മമ്മിക്കുന്ന്, ശേഖരൻകുണ്ട്)

## 4.14 സാമൂഹ്യാവകാശം ഉപയോഗിക്കുന്ന മേഖലകൾ

സാമൂഹ്യാവകാശം ലഭിച്ചുവെന്ന് പറയുന്ന 104 വ്യക്തികൾ ഏതൊക്കെ അവകാശ ങ്ങളിലായാണ് തങ്ങൾക്ക് അവകാശം ലഭിച്ചതെന്ന് പറയുന്നു. ഇതിന്റെ പട്ടിക സാമുദായി കാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക : 4.26 **സാമൂഹ്യാവകാശം– സമുദായടിസ്ഥാനത്തിലും മേഖല തിരിച്ചും**

| ക്രമനം | സാമൂഹ്യാവ കാശങ്ങൾ | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായ്ക്കൻ | പണിയൻ | മുള്ളുക്കുറുമൻ | വെട്ടക്കുറുമൻ | കുറിച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| 1 | വനവിഭവ ശേഖരണം | | | 1 | | | | | 1 |
| 2 | മീൻപിടുത്തം | | 1 | | | | | | 1 |
| 3 | വനവിഭവ ശേഖരണം, മീൻപിടുത്തം | 2 | 3 | | | | | | 5 |
| 4 | ശ്മശാനം, ആരാധന സ്ഥലം, മറ്റുള്ളവ | 1 | | | | | 1 | | 2 |
| 5 | വനവിഭവശേഖരണം, മീൻപിടുത്തം, മേച്ചിൽപുറം, ശ്മശാനം, ആരാധന സ്ഥലം | 3 | 1 | | | | 5 | | 9 |
| 6 | വനവിഭവശേഖരണം, മേച്ചിൽപുറം | | | | | | 2 | | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | , ശ്മശാനം, ആരാധന സ്ഥലം | | | | | | | | |
| 7 | വനവിഭവശേഖരണം, ശ്മശാനം, ആരാധന സ്ഥലം | 8 | 3 | 2 | | | 5 | | 18 |
| 8 | മീൻപിടുത്തം, ശ്മശാനം, ആരാധന സ്ഥലം | | | | | | 1 | | 1 |
| 9 | ശ്മശാനം, ആരാധന സ്ഥലം | 1 | 3 | | | | 1 | | 5 |
| 10 | വനവിഭവശേഖരണം, മേച്ചിൽപ്പുറം | | 16 | 3 | | 8 | | | 27 |
| 11 | വനവിഭവശേഖരണം, മേച്ചിൽപ്പുറം, ശ്മശാനം | 6 | | 4 | 1 | | | | 11 |
| 12 | മേച്ചിൽപ്പുറം, ശ്മശാനം, ആരാധന സ്ഥലം | 1 | | | 3 | | | | 4 |
| 13 | വനവിഭവശേഖരണം, മീൻപിടുത്തം, മേച്ചിൽപ്പുറം, | | 1 | | | | | | 1 |
| 14 | വനവിഭവ ശേഖരണം, | 2 | 4 | | | | | | 6 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മീൻപിടുത്തം, ശ്മശാനം, ആരാധന സ്ഥലം | | | | | | | | |
| 15 | വനവിഭവശേഖരണം, മീൻപിടുത്തം, മേച്ചിൽപുറം, ശ്മശാനം | 8 | | | | | | | 8 |
| 16 | വനവിഭവശേഖരണം, ശ്മശാനം | 1 | | | | | | | 1 |
| 17 | മേച്ചിൽപുറം, ശ്മശാനം | 1 | | | | | | | 1 |
| 18 | മീൻപിടുത്തം, മേച്ചിൽപുറം, ശ്മശാനം | 1 | | | | | | | 1 |
| 19 | | **35** | **32** | **10** | **4** | **8** | **15** | **0** | **104** |

ഒരേ സങ്കേതത്തിലെ തന്നെ വ്യക്തികൾ സാമൂഹ്യാവകാശം ലഭിച്ചിരിക്കുന്നതായി പറയുന്നത് വ്യത്യസ്ത ഇനങ്ങളിലാണ്. സൂക്ഷ്മപഠനങ്ങൾ ചുവടെ നൽകുന്നു -

**4.14.1 സൂക്ഷ്മപഠനം**

**4.സി.20** സ്കൂൾകുന്ന്:

മേപ്പാടി ടൗണിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് സമീപമാണ് സ്കൂൾക്കുന്ന് സങ്കേതം. മേപ്പാടി പഞ്ചായത്തിലെ തന്നെ കുന്ദമംഗലം വയൽ സങ്കേതത്തിൽ നിന്ന് എത്തിയവരാണ് സ്കൂൾക്കുന്ന് നിവാസികൾ, തച്ചനാടൻ മൂപ്പൻ സമുദായത്തിൽപ്പെട്ട സ്കൂൾക്കുന്ന് നിവാസികൾക്ക് വനാവകാശ നിയമപ്രകാരം അവകാശ രേഖ ലഭിച്ചത് 2014-ൽ ആണ്. നിലവിൽ ഇവിടെ താമസിക്കുന്നവരുടെ പൂർവ്വികർ വർഷ

ങ്ങൾക്ക് മുമ്പേ താമസിച്ചിരുന്ന പ്രദേശമായിരുന്ന ഇവിടം, പിന്നീട് കുന്നമംഗലം വയലിലേക്ക് പോയ ഇവർ വനാവകാശനിയമപ്രകാരം അവകാശരേഖക്കുവേണ്ടി ഇവിടെ അപേക്ഷ നൽകുകയായിരുന്നു.

സ്കൂൾകുന്ന് സങ്കേതത്തിന് സാമൂഹ്യാവകാശം ലഭിച്ചിരിക്കുന്നത് വന വിഭവശേഖരണം, ശ്മശാനം എന്നിവയ്ക്കാണ്. എന്നാൽ സങ്കേത ത്തിലെ നാലു വ്യക്തികൾ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന അവകാശങ്ങൾ നാലു രീതിയിലാണ് പറഞ്ഞിട്ടുള്ളത്. സങ്കേതത്തിലെ ഒരു ഗുണഭോക്താവിന്റെ അഭിപ്രായപ്രകാരം വനവിഭവശേഖരണം , മീൻപി ടുത്തം, കാലിമേച്ചിൽ, ശ്മശാനം, ആരാധനസ്ഥലം എന്നിവയ്ക്ക് അവ കാശം ലഭിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. അതേ സമയം, മീൻപിടു ത്തം, ആരാധനസ്ഥലം, ശ്മശാനം എന്നിവയ്ക്ക് അവകാശം കിട്ടിയെ ന്നാണ് സങ്കേതത്തിൽ മറ്റൊരാൾ പറയുന്നത്. വനവിഭവശേഖരണം, ശ്മശാനം, ആരാധന സ്ഥലം എന്നിവയിലാണ് പൊതു അവകാശമെന്ന് വേറൊരാളും, മേച്ചിൽപുറം , ശ്മശാനം എന്നിവയിലാണെന്ന് മറ്റൊരു ഗുണഭോക്താവും പറയുന്നു.

ഒരേ സങ്കേതത്തിലെ തന്നെ നാലുപേർ വ്യത്യസ്ത ഇനങ്ങളിലായി അവകാശം ലഭിച്ചുവെന്ന് പറഞ്ഞിരിക്കുന്നതിൽ നിന്ന് സങ്കേതവാസി കൾക്ക് സാമൂഹ്യാവകാശത്തിലുള്ള അജ്ഞത ആണ് വ്യക്തമാക്കുന്നത്. കാലിമേച്ചിലിന് വനമോ, മീൻപിടുത്തത്തിന് ജലാശ യമോ ഇല്ലെന്നിരിക്കെയാണ് സങ്കേതവാസികൾ ഇവയ്ക്ക് രണ്ടിനും അവകാശം ലഭിച്ചതായി പറയുന്നത്.

**4.സി.21 ശേഖരൻകുണ്ട്:-**

മുപ്പൈനാട് പഞ്ചായത്തിലെ ശേഖരൻകുണ്ട് സങ്കേതത്തി ലും, സമാനമായ അവസ്ഥ ആണ് ഉള്ളത്. വനവിഭവശേഖരണം, മത്സ്യ ബന്ധനം എന്നീ ഇനങ്ങളിലാണ് സങ്കേതവാസികൾക്ക് അവകാശം ലഭി ച്ചിരിക്കുന്നത്. എന്നാൽ സങ്കേതത്തിലെ മൂന്ന് വ്യക്തികൾ മൂന്ന് രീതിയി ലാണ് സാമൂഹ്യാവകാശത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്. സങ്കേതത്തിലെ ഒരാൾ മത്സ്യബന്ധനത്തിന് മാത്രം അവകാശം ലഭി ച്ചതായി പറയുമ്പോൾ , മറ്റൊരാൾ വനവിഭവശേഖരണത്തിനും, മത്സ്യ ബന്ധനത്തിനും സാമൂഹ്യാവകാശം ലഭിച്ചതായി പറയുന്നു. എന്നാൽ, മറ്റൊരുസങ്കേതവാസിയുടെ അഭിപ്രായത്തിൽ വനവിഭവശേഖരണം, മത്സ്യബന്ധനം , കാലിമേച്ചിൽ ,ശ്മശാനം, ആരാധന സ്ഥലം എന്നീ ഇനങ്ങളിൽ സാമൂഹ്യാവകാശം ലഭിച്ചിരിക്കുന്നു. ഇവിടെയും സാമൂ ഹിക അവകാശങ്ങൾ ഏതൊക്കെ ഇനങ്ങളിലാണ് ലഭിച്ചിരിക്കുന്നതെന്ന സങ്കേതവാസികളുടെ അറിവില്ലായ്മ കാണാൻ കഴിയും.

എന്നാൽ സാമൂഹ്യാവകാശം ലഭിച്ചിരിക്കുന്ന നെല്ലേരി, അയ നിമല കുറുമ, കൂടല്ലൂർ , നെയ്ക്കുപ്പ് മണൽവയൽ, കാർമൽകുന്ന്, ഗോ വിന്ദൻപാറ (കുറുമവിഭാഗം മാത്രം) സങ്കേതവാസികൾക്ക് ഇതിനെപ്പറ്റി ധാരണയുണ്ട്. ഈ സങ്കേതങ്ങളിൽ സാമൂഹ്യാവകാശം ലഭിച്ചതിനെ

കുറിച്ച് അറിവുള്ള വ്യക്തികൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നും അറിയാം.

## 4.15 പ്രത്യേക ദുർബ്ബലവിഭാഗത്തിന്റെ അവകാശം

പ്രത്യേക ദുർബല ഗോത്രവിഭാഗത്തിനും മറ്റ് പൂർവ്വ-കാർഷിക സമൂഹങ്ങൾക്കും അവരുടെ ആവാസ മേഖലകളിൽ സ്വതന്ത്രമായി വ്യാപരിക്കുന്നതിനുള്ള അവകാശം നിയമത്തിലെ വകുപ്പ് 3(e) യിൽ നല്കുന്നുണ്ട്. വയനാട്ടിലെ ഏക പ്രത്യേക ദുർബല ഗോത്രവിഭാഗമാണ് കാട്ടുനായിക്കൻ. ഉപജീവന ത്തിനായി വനത്തെ മാത്രമാശ്രയിക്കുന്നവരാണ് സമുദായത്തിലെ കൂടുതൽ പേരും. വനാവകാശ നിയമത്തിൽ കൂടുതൽ ഉൾപ്പെട്ടിരിക്കുന്നതും ഇവർ തന്നെ. വനവിഭവശേ ഖരണം, മത്സ്യബന്ധനം, ആരാധനാലയങ്ങൾ, കാലിമേച്ചിൽ തുടങ്ങി വിവിധ ആവശ്യ ങ്ങൾക്കായി ഇവർ വനത്തെ ആശ്രയിക്കുന്നുമുണ്ട്. വനാവകാശനിയമം പാരമ്പര്യ വന ഗോത്രവിഭാഗങ്ങളുടെ വനഉപയോഗവും, വനവിഭവത്തിന്മേലുള്ള അവകാശവും, സ്വത ന്ത്രമായി വ്യാപരിക്കുന്നതിനുള്ള അവകാശവും ഉറപ്പു നൽകുന്നുണ്ട്. എന്നാൽ ഇയൊരു അവകാശം നടപ്പിലാക്കിയിട്ടില്ല. ഈ അവകാശം നല്കിയാൽ മാത്രമേ ഉപജീവനമാർഗ്ഗങ്ങളും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും വനാവകാശനിയമം നടപ്പിൽ വന്നതിനു ശേഷം വയനാട്ടിലെ ഏക പ്രത്യേക ദുർബല ഗോത്രവിഭാഗത്തിന് വനം ഉപയോഗിക്കുന്നതിന് ഏതെങ്കിലും രീതി യിലുള്ള തടസ്സങ്ങളുണ്ടോ എന്നത് പഠനവിധേയമാക്കി. 92% തടസ്സങ്ങളില്ലെന്ന് അഭിപ്രായപ്പെട്ടു. കാട്ടുനായിക്കൻ വിഭാഗത്തിൽപ്പെട്ട 18.75% മാത്രമാണ് നിയമത്തെ കുറിച്ച് അറിവുള്ളവർ. വനാവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള അവകാശങ്ങൾ എന്തൊക്കെയാണെന്നും 66% പേർക്ക് വനാവകാശ നിയമത്തെ കുറിച്ച് അറിയില്ല എന്നാണ് . ഇങ്ങനെയുള്ള അഭിപ്രായം കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് വരാൻ കാരണം വനാവകാശനിയമത്തെ കുറിച്ച് യാതൊരു ധാരണയില്ലാതെയാണെന്ന് മനസിലാക്കപ്പെടേണ്ടതാണ്.

വനത്തിൽ പോവാൻ തടസ്സങ്ങളായിട്ടുള്ള കാരണങ്ങളിൽ കൂടുതൽ പേരും മൃഗശല്യമാണ് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. പുൽപ്പള്ളി പഞ്ചായത്തിലെ ബസ വൻകൊല്ലി സങ്കേതത്തിലെ മൂന്ന് പേർ മൃഗശല്യമാണ് വനത്തിൽ പോവുന്നതിന് തടസ്സ മായി ചൂണ്ടിക്കാണിക്കുന്നത്.

പൂതാടി പഞ്ചായത്തിലെ വിജയൻകുന്ന് സങ്കേതത്തിലെ ഒരു സങ്കേ തവാസി , ഉൾക്കാട്ടിൽ പോവാൻ വനംവകുപ്പിന്റെ തടസ്സമുണ്ടെന്നും, ഓരോ തവ ണയും പാസ് എടുക്കേണ്ടി വരുന്നുവെന്നും പറയുന്നു. മുള എടുക്കാനും, വലിയ വിറ

കുകൾ വെട്ടിയെടുക്കുവാനും വനംവകുപ്പ് തടസ്സം നിൽക്കുന്നതായി പുൽപ്പള്ളി പഞ്ചായത്തിലെ മൊടവങ്കര സങ്കേതത്തിലെ ഒരു ഗുണഭോക്താവ് വ്യക്തമാക്കുന്നു. സമാനമായ കാരണങ്ങളാണ് മേപ്പാടി പഞ്ചായത്തിലെ പൂളക്കുന്ന് സങ്കേതത്തിലെ ഒരു സങ്കേതവാസി പറയുന്നത്. പൂളക്കുന്നിലെ തന്നെ വേറൊരു സങ്കേതവാസി പറയുന്നത് സങ്കേതം ഫെൻസിങ്ങിന്റെ ഉള്ളിലായതിനാൽ അതിനകത്തുള്ള വിഭവങ്ങൾ മാത്രമേ എടുക്കാൻ കഴിയൂവെന്നാണ് . വനംവകുപ്പിന്റെ ഭാഗത്തു നിന്നുള്ള നിയന്ത്രണമുള്ളതിനാൽ വനത്തിൽ പ്രവേശിക്കാൻ കഴിയുന്നില്ല എന്നു പറയുന്നത് ഏഴുപേരാണ്. കുറിച്യാട്, പനവല്ലിമിച്ചഭൂമി എന്നീ സങ്കേതങ്ങളിലെ രണ്ടുപേർ വീതവും എടാറകൊല്ലി, നീലിമല, ചന്ത്രോത്ത് എന്നീ സങ്കേതങ്ങളിലെ ഒരാൾ വീതവും വനംവകുപ്പിന്റെ ഭാഗത്തുള്ള തടസ്സം മൂലം വനത്തിൽ പോവാത്തത്.

അതുപോലെ തന്നെ, പുതിയ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ മേച്ചിൽ പുല്ല്, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വനത്തിൽ നിന്ന് ശേഖരിക്കുവാൻ സാധിക്കുന്നില്ല എന്നും സങ്കേതവാസികൾ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അടുത്ത കാലത്തായി കേന്ദ്രസർക്കാർ മുളയെ സംരക്ഷിത വൃക്ഷം എന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**4.16.വനാതിർത്തിക്കുള്ളിലെ പരമ്പരാഗതമായി അനുവർത്തിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ**

പഠനത്തിന് വിധേയമാക്കിയ സങ്കേതങ്ങളിൽ വനത്തിനുള്ളിലോ, വനാതിർത്തിയിലോ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങളുടെ ആരാധന സ്ഥലങ്ങൾ സങ്കേതത്തിനോട് ചേർന്നോ അല്ലെങ്കിൽ വനത്തിനുള്ളിലോ ആണ് സ്ഥിതി ചെയ്യുന്നത്. സാമൂഹ്യാവകാശം പ്രസ്തുത പ്രദേശത്തിന് ലഭിച്ചില്ലെങ്കിലും ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നതിന് തടസ്സങ്ങളില്ലാത്ത സങ്കേതങ്ങളുണ്ട്. (ഉദാ:- കാളങ്കണ്ടി, മാറോട്, കരടിമാട്, പാമ്പ്രമൂല മുതലായവ). എന്നാൽ, ചില സങ്കേതങ്ങളിൽ ആരാധനാ സ്ഥലങ്ങൾ ഇല്ല. (ഉദാ:- അത്തിക്കടവ് (കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ), മണൽ വയൽ (കാട്ടുനായിക്കൻ), നെല്ലിപ്പറ്റ (പണിയൻ), ഓടമൂല (പണിയൻ) മുതലായവ).

വനത്തിനോട് ചേർന്ന് ആരാധനാസ്ഥലങ്ങൾ ഉണ്ടായിട്ടും , പരമ്പരാഗതമായി ആചാരാനുഷ്ഠാനങ്ങൾ നടത്തുന്ന സ്ഥലമായിട്ടും വനാവകാശ നിയമം നടപ്പിലാക്കിയതിനു ശേഷം, അത് തുടരാൻ ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങളുണ്ടോ എന്നതാണ് പഠനത്തിന് വിധേയമാക്കിയത്. ഇത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കിയത് 18 പേരാണ്(2.3%). 692 (90%) പേർക്ക് പ്രശ്നങ്ങളൊന്നും നേരിടുന്നില്ല.ബാധകമല്ല എന്നതിൽ ഉൾപ്പെടുന്നത് സങ്കേതത്തിൽ ആരാധനസ്ഥലങ്ങൾ ഇല്ലാത്തവരാണ്.

#### 4.17 <u>സാമൂഹ്യ വനവിഭവ മേഖലാ കമ്മിറ്റി</u>

വയനാട് ജില്ലയിൽ വനാവകാശനിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള ഭാഗമായി വനാവകാശ നിയമത്തിലെ വകുപ്പ് 3(1)(b) ചട്ടം 4 (1)(ല)) പ്രകാരം സാമൂഹ്യ വനവിഭവ മേഖല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും, വനത്തെ ആശ്രയിച്ചു ജീവിക്കുന്ന ഗോത്രജന തയ്ക്കു മുൻകാലങ്ങളിൽ അനുഭവിച്ചു വന്നിരുന്ന വനത്തിന്മേലും, വനവിഭവങ്ങൾ ശേഖരി ക്കുന്നതിനുമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, വനവിഭവങ്ങൾ ശേഖരിച്ച് ഉപജീ വനമാർഗ്ഗം കണ്ടെത്തുന്നതിനും, വനവിഭവമേഖലകളുടെ പരിപാലനവും, സംരക്ഷണവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതെന്നും സബ്ഡിവിഷണൽതല കമ്മിറ്റി ചെയർമാൻ അറിയിച്ചിട്ടുണ്ട്. വനവിഭവങ്ങൾ ശേഖരിക്കു ന്നതിനോടൊപ്പം ഇവയുടെ സംസ്കരണം, വിപണനം എന്നിവയും ഈ കമ്മിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്നതാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി ഊരുകൂട്ടങ്ങളിൽ നിന്ന് അംഗങ്ങളെ തിരഞ്ഞെടുത്ത് കമ്മിറ്റി രൂപീകരിക്കുകയും, ഓരോ കമ്മിറ്റിക്കും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നു പ്രസ്തുത റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. ജില്ലയിൽ ഇതുവരെ രൂപീകരിച്ച 49 കമ്മിറ്റികളു ടെയും രൂപീകരിച്ച തീയ്യതി, ചെയർമാൻ, സെക്രട്ടറി, ട്രഷറർ, മെമ്പർമാർ, ശേഖരിക്കുന്ന വനവിഭവങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. രൂപീകരിച്ച തീയ്യതി, ശേഖരിക്കുന്ന വിഭവ ങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള **പട്ടിക <u>അനുബന്ധം –7</u> ൽ** കാണാവുന്നതാണ്.

സാമൂഹ്യ വനവിഭവമേഖലാ കമ്മിറ്റിയുടെ രൂപീകരണത്തെപ്പറ്റിയോ, പ്രവർത്തനങ്ങളെപ്പ റ്റിയോ ഗുണഭോക്താക്കളിൽ ഏറെപ്പേർക്കും ധാരണയില്ല. പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ്യ ങ്ങളെ കുറിച്ചും, ആവശ്യകതയെ കുറിച്ചും കൃത്യമായ വിവരങ്ങൾ ഇവർക്ക് ലഭിച്ചിട്ടുമില്ല. സി.എഫ്.ആർ.എം.സി. രൂപീകരിച്ചതായി അറിവുള്ളത് 11% ന് മാത്രമാണ്. 89% കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നും ഈ കമ്മിറ്റിയെ കുറിച്ച് യാതൊരറിവുമില്ലാത്തവരും. 23 പേരാണ് സി.എഫ്.ആർ.എം.സിയിൽ അംഗങ്ങളായിട്ടുള്ളത്. എന്നാൽ, കമ്മിറ്റി പ്രവർത്തനങ്ങളൊ ന്നുംആരംഭിച്ചിട്ടില്ലയെന്ന് ഗുണഭോക്താക്കൾ പറയുന്നു. നൂൽപ്പുഴ പഞ്ചായത്തിലെ കോള യോട്ട് കുറുമ സങ്കേതത്തിൽ വനാവകാശ സമിതി തന്നെയാണ് സി.എഫ്.ആർ.എം. സി.യായി രൂപീകരിച്ചിരിക്കുന്നത്.

പട്ടിക:4. 4.27 **CFRMCരൂപീകരണം- അറിവ്- സമുദായടിസ്ഥാനത്തിൽ**

| ക്രമനം | **CFRMC രൂപീകരണം** | സമുദായങ്ങൾ | | | | | | | **ആകെ** | **ശതമാനം** |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | | |
| 1 | **2** | 3 | 4 | 5 | 6 | 7 | 8 | 9 | **10** | **11** |
| 1 | **ഉണ്ട്** | 33 | 20 | 24 | 2 | 3 | 2 | 1 | 85 | 11.05 |
| 2 | **ഇല്ല** | 110 | 85 | 32 | 49 | 46 | 6 | 6 | 334 | 43.43 |
| 3 | **അറിയില്ല** | 161 | 66 | 41 | 32 | 27 | 22 | 1 | 350 | 45.51 |
| 4 | **ആകെ** | 304 | 171 | 97 | 83 | 76 | 30 | 8 | 769 | 100 |

**4.16.1സൂക്ഷ്മപഠനം**

**4.സി.22** കോളോട്ട് കുറുമ

നൂൽപ്പുഴ പഞ്ചായത്തിലെ നൂൽപ്പുഴയിൽ (നമ്പികൊല്ലി) സ്ഥിതി ചെയ്യുന്ന സങ്കേതമാണിത്. പരമ്പരാഗതമായി മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന സങ്കേതമാണിത്. മൂക്കുത്തിക്കുന്ന് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സങ്കേതത്തിൽ ഗതാഗത സൗകര്യം ബുദ്ധിമുട്ടാണ്. പുഴ കടന്ന് വനത്തിനുള്ളിൽ ഉള്ള സങ്കേതത്തിലേക്ക് എത്താൻ നടപ്പാത മാത്രമേയുള്ളൂ. പാലത്തിനടുത്ത് വരെയെത്താൻ റോഡുണ്ടെങ്കിലും പകുതി ഭാഗം മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. മഴക്കാലത്ത് പുഴയിൽ വെള്ളം കയറിയാൽ സങ്കേതവാസികൾക്ക് പുറത്ത് കടക്കാനാവില്ല.

നിലവിൽ മുള്ളുകുറുമൻ വിഭാഗത്തിലെ ഏഴു കുടുംബങ്ങളാണ് ഇവിടെ താമസം. വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച 15 പേർക്കും കൈവശരേഖ ലഭിച്ചിട്ടുണ്ട്. ഊരുസഭ കൂടി എല്ലാവരും അപേക്ഷക്ക് വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുകയും, വനാവകാശ സമിതി രൂപീകരിക്കുകയും ചെയ്തു. സങ്കേതത്തിൽ നിന്ന് 3 അംഗങ്ങളാണ് വനാവകാശ സമിതിയിലുണ്ടായിരുന്നത്. വേണു (പ്രസിഡന്റ്), ഗീത (സെക്രട്ടറി), ബാലൻ (ഖജാൻജി). ഇവരുടെ നേതൃത്വത്തിലാണ് അപേക്ഷ സ്വീകരിച്ചതും , നായ്ക്കട്ടി ട്രൈബൽ എക്സറ്റൻഷൻ ഓഫീസിൽ എത്തിച്ചതും. ശേഷം ഭൂമി അളക്കാനെത്തുകയും, അളക്കുകയും ചെയ്തു. പിന്നീട് TEO ഓഫീസിൽ വിൽ

വെച്ച് ഫോട്ടോയെടുക്കുകയും ചെയ്തു. രേഖ പൊതുചടങ്ങിൽ വെച്ച് നൽകുകയായിരുന്നു.

കാലിമേച്ചിൽ, വനവിഭവശേഖരണം, ശ്മശാനം, വിറകുശേഖരണം എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി 2009 ൽ അപേക്ഷ നൽകിയെങ്കിലും ഇതുവരെ സാമൂഹികരേഖ ലഭിച്ചിട്ടില്ല. ഇതോടൊപ്പം തന്നെ , റോഡ്, കളിസ്ഥലം എന്നീ വികസനാവശ്യങ്ങൾക്കായി അപേക്ഷ നൽകിയിരുന്നു. എന്നാൽ ഇവക്കൊന്നും അനുമതി ലഭിച്ചിട്ടില്ല.

FRC കമ്മിറ്റിയെ തന്നെയാണ് വനവിഭവമേഖലാ കമ്മിറ്റിയായി തിരഞ്ഞെടുത്തിരിക്കുന്നത്. വനാവകാശസമിതിയിലെ അംഗങ്ങൾ തന്നെയാണ് ഇതിലേയും അംഗങ്ങൾ. ഇതുവരെ CFMRC യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ 2016 ൽ 'വനവിഭവങ്ങൾ കൊണ്ടുപോവുന്നതിനുള്ള അനുമതി പത്രം' എന്ന രസീത് ബുക്ക് FRC സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ട്. 25 പേർക്ക് പെർമ്മിറ്റ് നൽകാനുള്ള രസീതാണ് ഇതിലുള്ളത്. റെയിഞ്ചിൽ നിന്ന് CFMRC മുഖേന ശേഖരിച്ചിരിക്കുന്ന വനവിഭവങ്ങൾ ശേഖരിച്ച സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവുന്നതിനുള്ള അനുമതി പത്രമാണിത്. വനവിഭവങ്ങൾ , എടുത്തതിന്റെ അളവ്, എടുക്കുന്ന വ്യക്തിയുടെ പേര്, വിലാസം എന്നിവയെഴുതി സെക്രട്ടറിയാണ് സാക്ഷ്യപ്പെടുത്തി പെർമ്മിറ്റ് നല്കേണ്ടത്. എന്നാൽ, ഇതുവരെ ഈ രസീതി ഉപയോഗപ്പെടുത്തിയിട്ടില്ല.

## ഭാഗം 3

## 4.17 വികസനാവശ്യങ്ങൾക്കുള്ള അവകാശം

വനാവകാശനിയമപ്രകാരം വ്യക്തിഗത അവകാശം, സാമൂഹികാവകാശം, എന്നിവ പോലെ തന്നെ സങ്കേതത്തിന്റെ വികസനപ്രവർത്തനങ്ങൾക്കും ഭൂമി അനുവദിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഓരോ സങ്കേതത്തിനും പതിമൂന്ന് വികസന ആവശ്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കാം **അനുബന്ധം (1)** ൽ നൽകിയിട്ടുണ്ട്.

വികസനഅവകാശത്തിന് അപേക്ഷ സമർപ്പിക്കാൻ ഗ്രാമസഭ മുഖാന്തിരം നേരിട്ട് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്ക് ആണ് നൽകേണ്ടത്. അപേക്ഷ സബ് ഡിവിഷണൽ തല കമ്മിറ്റി യ്ക്ക് പോകേണ്ട ആവശ്യം ഇല്ല. വിവരശേഖരണം നടത്തിയ 57 സങ്കേതങ്ങളിൽ 26 സങ്കേതങ്ങളിലാണ് വികസനാവശ്യങ്ങൾക്കുള്ള അവകാശം നൽകിയിരിക്കുന്നത്. 12 സങ്കേതങ്ങളിൽ അപേക്ഷ നൽകിയെങ്കിലും ലഭിച്ചിട്ടില്ല.

അപേക്ഷ നൽകാത്ത 19 സങ്കേതങ്ങളുമുണ്ട്. വികസനാവശ്യങ്ങൾക്കുള്ള അവകാശം ലഭിച്ച 26 സങ്കേതങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-4.28 **വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ**

| ക്രമനം | സങ്കേതം | സമുദായം | ലഭിച്ച വികസനാവകാശ ങ്ങൾ | ലഭിച്ച വർഷം | ഭൂമിയുടെ വിസ്തൃതി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പനവല്ലി മിച്ചഭൂമി | കാട്ടുനായിക്കൻ<br>പണിയൻ<br>അടിയാൻ<br>വെട്ടക്കുറുമൻ<br>കുറിച്ച്യൻ | പനവല്ലി- കാളിന്ദി റോഡ് സോളിംഗ് | 2013 | 850 മീറ്റർ |
| 2 | ബസവൻകൊല്ലി | കാട്ടുനായിക്കൻ<br>വെട്ടക്കുറുമൻ<br>പണിയൻ | വൈദ്യുതി<br>റോഡ്<br>കൂപ്പ് റോഡ് ഇന്റർലോ ക്കിംഗ് | 2012<br>2012<br>2015 | 0.9000 ഹെക്ടർ<br>0.1500 ഹെക്ടർ<br>0.5180 ഹെക്ടർ |
| 3 | വിജയൻകുന്ന് | കാട്ടുനായിക്കൻ<br>പണിയൻ | വൈദ്യുതി | 2015 | ലഭ്യമല്ല |
| 4 | കൃഷ്ണൻകുന്ന് | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | വൈദ്യുതി | 2015 | ലഭ്യമല്ല |
| 5 | കൂപ്പ് | വെട്ടക്കുറുമൻ | റോഡ് കോൺക്രീറ്റ് | 2015 | 80 മീറ്റർ |
| 6 | താഴെ തലപ്പുഴ | കുറിച്ച്യൻ | റോഡ് (കമ്പമല-താഴെ തലപ്പുഴ) | 2012 | ലഭ്യമല്ല |
| 7 | പഞ്ചമിക്കുന്ന് | പണിയൻ<br>വെട്ടക്കുറുമൻ | കുടിവെള്ളം<br>കുടിവെള്ളം<br>റോഡ്<br>വൈദ്യുതി | 2010<br>2012<br>2012<br>2017 | 0.554 ഹെക്ടർ<br>0.2790 ഹെക്ടർ<br>0.1050 ഹെക്ടർ<br>ലഭ്യമല്ല |
| 8 | കരിയാത്തൻപാറ | കാട്ടുനായിക്കൻ | വൈദ്യുതി | 2012 | 0.588 ഹെക്ടർ |
| 9 | നീലിമല | കാട്ടുനായിക്കൻ<br>പണിയൻ<br>തച്ചനാടൻ മൂപ്പൻ | വൈദ്യുതി<br>റോഡ് | 2014<br>2016 | 0.7850 ഹെക്ടർ<br>0.4533 ഹെക്ടർ |
| 10 | അത്തിക്കടവ് | കാട്ടുനായിക്കൻ<br>പണിയൻ<br>വെട്ടക്കുറുമൻ | റോഡ്<br>പകൽവീട്<br>സാംസ്കാരിക നിലയം<br>കോൺക്രീറ്റ് ഫുട്പാത്ത് | 2013<br>2013<br>2016<br>2017 | 0.0126 ഹെക്ടർ<br>0.2434 ഹെക്ടർ<br>0.0242 ഹെക്ടർ<br>0.01995 ഹെക്ടർ |
| 11 | കേളമംഗലം | കാട്ടുനായിക്കൻ | വൈദ്യുതീകരണം<br>ജലനിധി | 2012<br>2015 | 0.3325 ഹെക്ടർ<br>ലഭ്യമല്ല |
| 12 | എടാറകൊല്ലി | കാട്ടുനായിക്കൻ | വൈദ്യുതീകരണം | 2013 | 1 1/2 കി.മീ |
| 13 | ശേഖരൻകുണ്ട് | കാട്ടുനായിക്കൻ<br>പണിയൻ | റോഡ് കോൺക്രീറ്റ്<br>കുടിവെള്ളം | 2016<br>2016 | 0.4533 ഹെക്ടർ<br>ലഭ്യമല്ല |
| 14 | പുലയൻമൂല | കാട്ടുനായിക്കൻ | കുടിവെള്ളം<br>റോഡ് ഇന്റർലോക്ക് | 2012<br>2017 | ലഭ്യമല്ല<br>ലഭ്യമല്ല |
| 15 | സ്കൂൾകുന്ന് | തച്ചനാടൻ മൂപ്പൻ | റോഡ് | 2017 | ലഭ്യമല്ല |
| 16 | മധ്യപാടി | കാട്ടുനായിക്കൻ | വൈദ്യുതീകരണം<br>മധ്യപാടി- അരണപ്പാറ റോഡ്<br>പകൽവീട്<br>റോഡ് ഇന്റർലോക്ക് | 2016<br>2016<br>2017<br>2017 | ലഭ്യമല്ല<br>670 മീറ്റർ<br>ലഭ്യമല്ല<br>ലഭ്യമല്ല |
| 17 | മേലെ കുണ്ടു വാടി | കാട്ടുനായിക്കൻ | ആൾട്ടർനേറ്റ് സ്കൂൾ (കാരങ്കണ്ടി, പൊളന്ന, കുണ്ടുവാടി സങ്കേത | 2014 | 0.3643 |

| | | | | | |
|---|---|---|---|---|---|
| | | | ങ്ങൾക്കൊപ്പം) | | |
| 18 | കാർമൽകുന്ന് | തച്ചനാടൻ മൂപ്പൻ | റോഡ് | 2016 | ലഭ്യമല്ല |
| 19 | മമ്മിക്കുന്ന് | പണിയൻ | കിണർ<br>വൈദ്യുതീകരണം | 2015<br>2015 | ലഭ്യമല്ല<br>ലഭ്യമല്ല |
| 20 | കുപ്പച്ചി | പണിയൻ | റോഡ് | 2016 | ലഭ്യമല്ല |
| 21 | കാളങ്കണ്ടി | കാട്ടുനായിക്കൻ | കുടിവെള്ളം<br>റോഡ് സോളിംഗ് | 2013<br>2016 | ലഭ്യമല്ല<br>ലഭ്യമല്ല |
| 22 | ചോയിമൂല | കുറിച്ച്യൻ | പേര്യ34-ചോയിമൂല നിലിയോട്ട് റോഡ് | 2013<br>2017 | 0.294 ഹെക്ടർ<br>ലഭ്യമല്ല |
| 23 | നെയ്ക്കുപ്പ മണൽവയൽ | കാട്ടുനായിക്കൻ | റോഡ് സോളിംഗ് | 2016 | 0.2001 ഹെക്ടർ |
| 24 | ഫോറസ്റ്റ് വയൽ | പണിയൻ | ഇന്റർലോക്കിംഗ് കൂപ്പ് റോഡ് | 2015 | 0.2340 ഹെക്ടർ |
| 25 | കൂടല്ലൂർ | മുള്ളുകുറുമൻ | ഇന്റർലോക്കിംഗ് | 2016 | 0.0792 ഹെക്ടർ |
| 26 | റാട്ടക്കൊല്ലിമല | കാട്ടുനായിക്കൻ | കുടിവെള്ളം | 2011 | 0.1214 ഹെക്ടർ |

വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ നൽകിയതിൽ പണിയൻ, കാട്ടു നായിക്കൻ, വെട്ടക്കുറുമൻ, തുടങ്ങിയ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ പരിഗണി ച്ചതായി പട്ടികയിൽ നിന്നും മനസ്സിലാക്കാം. കുറിച്ച്യൻ, മുള്ളുകുറുമൻ സങ്കേതങ്ങൾ നിലവിൽ അടിസ്ഥാനസൗകര്യങ്ങൽ മെച്ചപ്പെട്ട നിലയിൽ തന്നെ ഉള്ളവരാണ്. അതേസമ യം, യാതൊരുവിധ വികസനപ്രവർത്തനങ്ങളും എത്താത്ത സങ്കേതങ്ങളുമുണ്ട്.

തങ്ങളുടെ സങ്കേതത്തിൽ വികസനപ്രവൃത്തി നടക്കുന്നതായി സങ്കേതവാസി കൾക്ക് അറിവുണ്ടെങ്കിലും അത് വനാവകാശനിയമത്തിലുൾപ്പെടുത്തിയാണെന്ന് ആർക്കും ധാരണയില്ലെന്ന് പഠനത്തിൽ കണ്ടെത്തി. വികസനപ്രവൃത്തികൾക്ക് ചട്ടപ്ര കാരം വ്യവസ്ഥയുണ്ടെന്ന വിവരം ഭൂരിഭാഗം ഗുണഭോക്താക്കൾക്കും അറിവില്ല. നിയമ ത്തിൽ അനുശാസിക്കുന്ന പതിമൂന്ന് ആവശ്യങ്ങളിൽ പലതിനും കിലോമീറ്ററുകൾ സഞ്ച രിക്കണമെന്നിരിക്കെ ആണിത്.

അതേസമയം, നടപ്പിൽ വരുത്തിയ വികസനാവകാശങ്ങൾ സങ്കേതവാസി കൾക്ക് ഉപയോഗപ്രദമല്ലാത്ത സ്ഥിതിയുണ്ട്. കുടിവെള്ള പദ്ധതികളാണ് പ്രധാനമായും ഇത്തരത്തിൽ ഉള്ളത്. വനംവകുപ്പ് അനുമതി ലഭിച്ച് പദ്ധതി നടപ്പാക്കിയിട്ടും സങ്കേതത്തി ലുള്ളവർക്ക് കുടിവവെള്ളം ലഭ്യമാകുന്നില്ല. കേളമംഗലം, പഞ്ചമിക്കുന്ന്, പുലയൻമൂല എന്നിവ ഉദാഹരണങ്ങളാണ്. നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ പ്രവർത്തനരഹിതമായ തിന്റെ ഉദാഹരണമാണ് പഞ്ചമിക്കുന്ന്.

### 4.17.1. സൂക്ഷ്മപഠനം

#### 4.സി.23 വികസനാവകാശം ഗുണപരമായത്: മദ്ധ്യപാടി:

തിരുനെല്ലി പഞ്ചായത്തിലെ തോൽപ്പെട്ടിക്കടുത്ത് അരണപ്പാറയിൽ സ്ഥിതി ചെയ്യുന്ന സങ്കേതമാണ് മദ്ധ്യപാടി. വ്യക്തിഗതവകാശത്തിന് അപേക്ഷ സമർപ്പിച്ച എല്ലാവർക്കും ഉപകുടുംബങ്ങൾ ഒഴികെ രേഖ ലഭിച്ചിട്ടുണ്ട്. വനാവകാശ സമിതി മികച്ച രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. വനത്തിനോട് തൊട്ടു കിടക്കുന്ന സങ്കേതം ഉയർന്ന പ്രദേശത്താണ്

സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് തന്നെ, സങ്കേതവാസികൾക്ക് അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ദൂരം കൂടുതലായിരുന്നു. വിദ്യാലയങ്ങൾ, ആശുപത്രി എന്നിവയ്ക്ക് 8, 10 കിലോമീറ്റർ അകലെയുള്ള തോൽപ്പെട്ടിയിലോ, അരണപ്പാറയിലോ വരണമായിരുന്നു.

2016, 2017 വർഷങ്ങളിലാണ് സങ്കേതവാസികൾക്ക് വികസനാവശ്യത്തിനുള്ള അവകാശങ്ങൾ ലഭിച്ചത്. മദ്ധ്യപാടി അരണപ്പാറ റോഡ്, റോഡ് ഇന്റർലോക്ക് എന്നിവ വഴിസൗകര്യം വർദ്ധിപ്പിച്ചു. 2017 ൽ പാസായ പകൽവീട് നിർമ്മാണം തുടങ്ങിയിട്ടില്ല. എങ്കിലും, ഇത് പൂർത്തിയാവുന്നത് ഗുണഭോക്താക്കൾക്ക് ഗുണം ചെയ്യും. 2016-ൽ വൈദ്യുതി കൂടി ലഭിച്ചതോടെ സങ്കേതത്തിലെ എല്ലാ വീടുകളിലും വൈദ്യുതി ആയി. വികസനാവശ്യത്തിന്റെ അവകാശങ്ങൾ ഫലപ്രദമായി നൽകിയതിന്റെ മികച്ച ഉദാഹരണമാണ് മദ്ധ്യപാടി സങ്കേതം.

## 4.സി.24 സ്കൂൾക്കുന്ന് സങ്കേതം

മേപ്പാടി ടൗണിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് സമീപമാണ് സ്കൂൾക്കുന്ന് സങ്കേതം. മേപ്പാടി പഞ്ചായത്തിലെ തന്നെ കുന്ദമംഗലം വയൽ സങ്കേതത്തിൽ നിന്ന് എത്തിയവരാണ് സ്കൂൾക്കുന്ന് നിവാസികൾ, തച്ചനാടൻ മൂപ്പൻ സമുദായത്തിൽപ്പെട്ട സ്കൂൾക്കുന്ന് നിവാസികൾക്ക് വനാവകാശ നിയമപ്രകാരം അവകാശ രേഖ ലഭിച്ചത് 2014-ൽ ആണ്. നിലവിൽ ഇവിടെ താമസിക്കുന്നവരുടെ പൂർവ്വികർ വർഷങ്ങൾക്ക് മുമ്പേ താമസിച്ചിരുന്ന പ്രദേശമായിരുന്ന ഇവിടം, പിന്നീട് കുന്നമംഗലം വയലിലേക്ക് പോയ ഇവർ വനാവകാശനിയമപ്രകാരം അവകാശരേഖക്കുവേണ്ടി ഇവിടെ അപേക്ഷ നൽകുകയായിരുന്നു.

ആകെ 26 കുടുംബങ്ങളുള്ള സങ്കേതത്തിൽ 25 പേർക്കാണ് അവകാശം ലഭിച്ചിരിക്കുന്നത്. ഒരു അപേക്ഷക്ക് അംഗീകാരം കിട്ടാത്തതിന് വ്യക്തമായ മറുപടി അവർക്ക് ലഭിച്ചിട്ടില്ല. 2014 ൽ അവകാശരേഖ ലഭിച്ചതിനാൽ ഇവിടുത്തുകാർ കൃഷി ആരംഭിച്ചിരുന്നു. കാപ്പി, കുരുമുളക് എന്നിവയാണ് പ്രധാനമായും കൃഷി ചെയ്തു വന്നിരിക്കുന്നത്. അവകാശം ലഭിച്ചപ്പോൾ നിർമ്മിച്ച ടാർപ്പായ് കൊണ്ടുള്ള കുടിലുകളിലാണ് ഇവർ താമസിക്കുന്നത്. വീടുകൾ താമസയോഗ്യമല്ല. മൂന്നുമാസം മുൻപാണ് വൈദ്യുതി ലഭിച്ചത്. ഇന്ദിരാഗാന്ധി ആവാസ് യോജനയിൽ ഉൾപ്പെടുത്തി കോളനിയിൽ എല്ലാ കുടുംബങ്ങൾക്കും വീട് അനുവദിച്ചിട്ടുണ്ട്. അവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

സങ്കേതത്തിൽ സാമൂഹ്യ അവകാശരേഖ ലഭിച്ചിട്ടുണ്ട്. ശ്മശാനം, കാലിമേയ്ക്കൽ, വന വിഭവശേഖരണം ആരാധനാ സ്ഥലം എന്നിവക്കാണ് സാമൂഹ്യ അവകാശം ലഭിച്ചിരിക്കുന്നത്. ബാലകൃഷ്ണൻ എന്ന വ്യക്തിയുടെ പേരിലാണ് സാമൂഹ്യ അവകാശരേഖ ലഭിച്ചിരിക്കുന്നത്. കുടിവെള്ള പദ്ധതി, റോഡ് എന്നീ വികസനാവശ്യങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ അംഗീകാരം ലഭിച്ചിട്ടില്ല.

വനാവകാശ രേഖ ലഭിച്ചതിലൂടെ ധാരാളം നേട്ടങ്ങളുണ്ടെന്ന് സങ്കേതവാസികൾ പറയുന്നു, ടൗണിന് അടുത്തായതിനാൽ സ്കൂൾ, ആശുപത്രി മറ്റാവശ്യങ്ങൾ എന്നിവർക്ക് ഏറെ സൗകര്യമുണ്ടെന്ന് എല്ലാവരും സാക്ഷ്യപ്പെടുത്തുന്നു. കൃഷി ചെയ്യാൻ കഴിയുന്നു എന്നും മൃഗപരിപാലനത്തിന് സൗകര്യമുണ്ടെന്നും സങ്കേതവാസികൾ പറയുന്നു. എന്നാൽ ചന്ദനമരങ്ങളുടെ എസ്റ്റേറ്റ് ആയതിനാൽ അവയുടെ സംരക്ഷണം ഇവർക്ക് വെല്ലുവിളിയാണ്.

സങ്കേതം രണ്ട് വാർഡുകളിലായി സ്ഥിതി ചെയ്യുന്നതിനാൽ (15-ാം വാർഡ്, 7-ാം വാർഡ്) ഊരുകൂട്ടത്തിൽ പങ്കെടുക്കാനും മറ്റ് കഴിയുന്നില്ലെന്ന് സങ്കേതത്തിന്റെ മൂപ്പൻ പറയുന്നു. മൂപ്പന്റേതടക്കം രണ്ട് വീടുകളാണ് 15-ാം വാർഡിലുളളത് FRC രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. CFRMC സങ്കേതത്തിൽ രൂപീകരിച്ചിട്ടില്ല.

**<u>വികസനാവകാശം നടപ്പിലാക്കിയത് പ്രവർത്തനരഹിതമായത്:</u>**

<u>**4.സി.25** പഞ്ചമിക്കുന്ന്:</u>

മേപ്പാടി പഞ്ചായത്തിലെ പണിയൻ, വെട്ടക്കുറുമൻ സമുദായങ്ങൾ താമസിച്ചു വരുന്ന സങ്കേതമാണ് പഞ്ചമിക്കുന്ന്. സങ്കേതവാസികൾ 2005 ഡിസംബർ 13 ന് മുമ്പ് പ്രസ്തുത സങ്കേതത്തിൽ താമസം തുടങ്ങിയവരാണ്. സങ്കേതവാസികൾക്കെല്ലാവർക്കും വ്യക്തിഗത അവകാശം ലഭിച്ചിട്ടില്ല. സങ്കേതത്തിന് സാമൂഹികാവകാശവും ലഭിച്ചിട്ടില്ല. എന്നാൽ, നാല് വികസനാവശ്യങ്ങൾക്കുള്ള അവകാശം ലഭിച്ചിട്ടുണ്ട്. 2010, 2012 വർഷങ്ങളിൽ കുടിവെള്ളം, 2012 ൽ റോഡ്, 2017 ൽ വൈദ്യുതി എന്നിങ്ങനെയാണിത്. ഇതിൽ, കുടിവെള്ള പദ്ധതി ഇപ്പോൾ ഉപയോഗിക്കാനാവുന്നില്ല. ഇതിനായി നിർമ്മിച്ച ടാങ്കും, പമ്പ് ഹൗസും ഇപ്പോൾ ഉപയോഗശൂന്യമാണ്. വെള്ളം അടിക്കാനുപയോഗിച്ചിരുന്ന മോട്ടോർ കേടുവന്നതാണ് കാരണം. സങ്കേതവാസികൾ പരാതി നൽകിയിട്ടും, ഫലമുണ്ടായിട്ടില്ല. മേപ്പാടി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിന് തൊട്ടടുത്ത് തന്നെയാണ് സങ്കേതം സ്ഥിതി ചെയ്യുന്നത്. നിലവിൽ സങ്കേതവാസികൾ കുടിവെള്ളത്തിനായി ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

**<u>4.17.2 അപേക്ഷ സമർപ്പിച്ച സങ്കേതങ്ങൾ</u>**

12 സങ്കേതങ്ങളാണ് അപേക്ഷ സമർപ്പിച്ചിട്ടും ഇതുവരെ വികസനാവകാശം ലഭിക്കാത്തതായുള്ളത്. അടിസ്ഥാന ആവശ്യങ്ങളായ റോഡ്, കുടിവെള്ളം എന്നിവയ്ക്കാണ് ഇതിൽ ഏറിയ സങ്കേതങ്ങളും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ, ഇതുവരെ ഇവ അനുവദിച്ചിട്ടില്ല . സങ്കേതം, അപേക്ഷ നൽകിയ ഇനങ്ങൾ , സമുദായം, വർഷം എന്നിവ സൂചിപ്പിക്കുന്ന പട്ടിക ചുവടെ:

പട്ടിക : 4.29 വികസനാവകാശത്തിന് അപേക്ഷ സമർപ്പിച്ചതിന്റെ വിവരങ്ങൾ

| ക്രമനം | സങ്കേതം | സമുദായം | അപേക്ഷ നൽകിയ വികസനാവശ്യങ്ങൾ | വർഷം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ചേകാടി ചക്കിണി | അടിയാൻ<br>കാട്ടുനായിക്കൻ | അംഗനവാടി | 2013 |
| 2 | നടുവിൽമുറ്റം | കുറിച്ച്യൻ | കുടിവെള്ളം, റോഡ് | 2012 |
| 3 | പണപ്പാടി | വെട്ടക്കുറുമൻ<br>കാട്ടുനായിക്കൻ<br>പണിയൻ | അംഗനവാടി<br>ററാഡ് | 2015 |
| 4 | പൂളക്കുന്ന് | കാട്ടുനായിക്കൻ | കുടിവെള്ളം, റോഡ് | 2016 |
| 5 | പാമ്പ്രമൂല | കാട്ടുനായിക്കൻ | കളിസ്ഥലം | 2015 |
| 6 | നെല്ലേരി | കുറിച്ച്യൻ<br>പണിയൻ | സാമൂഹ്യകേന്ദ്രം<br>അംഗനവാടി | അറിയില്ല |
| 7 | അയനിമല കുറുമ | മുള്ളുകുറുമൻ | ജലസംഭരണി | 2015 |
| 8 | കരടിമാട് കുറുമ | മുള്ളുകുറുമൻ | കുടിവെള്ളം | 2015 |
| 9 | അയനിമല പണിയ | കാട്ടുനായിക്കൻ<br>പണിയൻ | ജലസംഭരണി | 2015 |
| 10 | മണൽവയൽ കാട്ടു നായിക്ക | കാട്ടുനായിക്കൻ | സാമൂഹ്യകേന്ദ്രം<br>റോഡ്<br>അംഗനവാടി | 2014 |
| 11 | കോളയോട്ട് | മുള്ളുകുറുമൻ | റോഡ്, കളിസ്ഥലം | 2009 |
| 12 | പുന്നശ്ശേരി | കുറിച്ച്യൻ | കുടിവെള്ളം<br>സാമൂഹ്യകേന്ദ്രം<br>അംഗനവാടി<br>ററാഡ് | 2016 |

മേൽപ്പറഞ്ഞ സങ്കേതങ്ങളിൽ വികസനം തീരെയില്ലാത്ത സങ്കേതങ്ങളുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്ക് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രസ്തുത സങ്കേതങ്ങളിൽ പോലും വികസനാവശ്യങ്ങൾ അംഗീകരിച്ചു നൽകിയിട്ടില്ല.

ഉദാ : മണൽവയൽ

### 4.17.2.1 സൂക്ഷ്മപഠനം

**4.സി.26 മണൽവയൽ കാട്ടുനായിക്ക** സങ്കേതം

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ പഴുപ്പത്തൂരിനടുത്ത കാട്ടു നായിക്കൻ സങ്കേതമാണിത് . പരമ്പരാഗതമായി കാട്ടുനായിക്കൻ വിഭാഗതത്തിലുള്ളവരാണ് ഇവിടെ താമസിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പിന്നോക്കമുള്ള സങ്കേതമാണിത്. സങ്കേത ത്തിലെ രണ്ട് കുടുംബങ്ങൾക്കൊഴികെ മറ്റാർക്കും റേഷൻകാർഡില്ല. താമസയോഗ്യമായ വീടുകളും സങ്കേതത്തിലില്ല.

2014 ലാണ് ഗുണഭോക്താക്കൾ വികസനാവശ്യത്തിനുള്ള അവ കാശത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. സാമൂഹ്യകേന്ദ്രം, അംഗനവാടി, റോഡ് എന്നിവയ്ക്കാണ് പ്രൊമോട്ടർ മുഖാന്തിരം അപ പേക്ഷ നൽകിയത്. എന്നാൽ, ഒരു വികസനാവശ്യത്തിനും അനുമതി ലഭിച്ചിട്ടില്ല. സങ്കേതത്തിലേക്ക് വഴി സൗകര്യമില്ല. വയലിലൂടെയുള്ള നടപ്പാതയാണ് സങ്കേതത്തിലേക്കുള്ള ഗതാഗതമാർഗ്ഗം. അതിനാൽ റോഡ്, സങ്കേതത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ, ഇതിന് നട പടി സ്വീകരിച്ചിട്ടില്ല.

സാക്ഷരതാ ക്ലാസ്സ് നടത്തുന്നതിനായി താൽക്കാലിക ഷെഡ് സങ്കേതത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഇതിനായി ദീർഘകാലാടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുകയെന്ന ആവശ്യവും നടന്നിട്ടില്ല. സങ്കേതത്തിൽ നിന്നും , ആശുപത്രി, സ്കൂൾ എന്നിവയ്ക്ക് മൂന്നു കിലോമീറ്ററെങ്കിലും ദൂരമുണ്ട്. അതിനാൽ, ഈ ആവശ്യങ്ങളും പ്രധാനമാണ്. എന്നാൽ, ഒരു അടിസ്ഥാന സൗകര്യങ്ങൾക്കും സങ്കേതത്തിന് അനുമതി ലഭിച്ചിട്ടി ല്ല

### 4.17.3 അപേക്ഷ സമർപ്പിക്കാത്ത സങ്കേതങ്ങൾ

19 സങ്കേതങ്ങളാണ് വികസനാവശ്യത്തിനുള്ള അവകാശത്തിനായി അപേക്ഷ സമർപ്പിക്കാത്തത്. വനാവകാശ നിയമത്തിലെ ഈ ചട്ടത്തെ കുറിച്ച് അറിവില്ലാത്തതാണ് അപേക്ഷ സമർപ്പിക്കാത്തതിന്റെ പ്രധാന കാരണം. ഊരുകൂട്ടത്തിൽ അപേക്ഷ സമർപ്പി ക്കുന്നുണ്ടെങ്കിൽ തന്നെയും ഈ നിയമത്തിലുൾപ്പെടുത്തി അനുവദിക്കണമെന്ന് കാണിച്ചല്ല അപേക്ഷിക്കുന്നത്. അതുകൊണ്ട്, പല സങ്കേതങ്ങളിലും വികസനപ്രവൃത്തികൾ അന്യമാ ണ്.

പുൽപ്പള്ളി പഞ്ചായത്തിലെ കണ്ടാമല, തിരുമുഖം, ചന്ദ്രോത്ത്, മൊടവങ്കര, നൂൽപ്പുഴ പഞ്ചായത്തിലെ ഊരംകുന്ന് , എടത്തറ, കുറിച്യാട്, ചുക്കാലിക്കുനി , പങ്കളത്ത് , മാറോട്, അണ്ണിമൂല, സുൽത്താൻബത്തേരി പഞ്ചായത്തിലെ നെല്ലിപ്പറ്റ, ഓടമൂല, മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ, വെള്ളക്കെട്ട് , തിരുനെല്ലി പഞ്ചായത്തിലെ മണ്ണുണ്ടി,

വെള്ളറോടി, നച്ചുകണ്ടി, പൂതാടി പഞ്ചായത്തിലെ ലക്ഷംവീട് എന്നിവയാണ് വികസനാവശ്യത്തിനുള്ള അവകാശം ലഭിക്കാൻ അപേക്ഷ സമർപ്പിക്കാത്ത സങ്കേതങ്ങൾ.

പ്രസ്തുത സങ്കേതങ്ങളിൽ കണ്ടാമല (മുള്ളുക്കുറുമൻ), മാറോട് (മുള്ളുക്കുറുമൻ), നച്ചുകണ്ടി ( വെട്ടക്കുറുമൻ) , ഊരംകുന്ന് (മുള്ളുക്കുറുമൻ) തുടങ്ങിയ സങ്കേതങ്ങൾ അടിസ്ഥാന സൗകര്യങ്ങളിൽ മുന്നിട്ടു നിൽക്കുന്ന സങ്കേതങ്ങളാണ്. ശേഷിക്കുന്ന സങ്കേതങ്ങളെല്ലാം കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ സമുദായങ്ങൾ ജീവിച്ചു വരുന്ന സങ്കേതങ്ങളാണ്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പിന്നോട്ടാണ്. എന്നാൽ, നൂൽപ്പുഴ പഞ്ചായത്തിലെ കുറിച്യാട് (കാട്ടുനായിക്കൻ), പങ്കളത്ത് (മുള്ളുക്കുറുമൻ) സങ്കേതങ്ങൾ വനംവകുപ്പിന്റെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുന്നതിനാൽ വികസനാവശ്യത്തിന് അപേക്ഷ സമർപ്പിക്കാനാവാത്ത സങ്കേതങ്ങളാണ്. ശേഷിക്കുന്ന സങ്കേതങ്ങളിൽ ചന്ത്രോത്ത്, മൊടവങ്കര, ഗോവിന്ദൻപാറ, വെള്ളക്കെട്ട്, മണ്ണുണ്ടി തുടങ്ങിയ സങ്കേതങ്ങൾ വാഹനസൗകര്യമോ, വഴിസൗകര്യമോ പോലുമില്ലാത്ത സങ്കേതങ്ങളാണ്.

### 4.17.3.1 സൂക്ഷ്മപഠനം

### 4.സി.27 ഗോവിന്ദൻപാറ

മേപ്പാടി പഞ്ചായത്തിലെ നെല്ലിമാളത്തിനടുത്തുള്ള സങ്കേതമാണ് ഗോവിന്ദൻപാറ. കാട്ടുനായിക്കൻ, പണിയൻ, മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവരാണ് ഇവിടെ താമസിക്കുന്നത്. സങ്കേതത്തിന്റെ താഴ്ഭാഗത്ത് റോഡരികിലായി മുള്ളുകുറുമൻ വിഭാഗത്തിലുള്ളവരും, അതിനു മുകളിലായി റോഡവസാനിക്കുന്നിടത്ത് കാട്ടുനായിക്കൻ കുടുംബങ്ങളും, മലയ്ക്ക് മുകളിലായി പണിയ കുടുംബങ്ങളുമാണ് താമസം. കാട്ടുനായിക്കൻ വിഭാഗത്തിന്റെ വീടിന് മുൻവശം വരെ കോൺക്രീറ്റ് റോഡ് നിർമ്മിച്ചിട്ടുണ്ട്.

ഗോവിന്ദൻപാറ സങ്കേതത്തിന്റെ താഴ്ഭാഗത്ത് റോഡരികിൽ താമസിക്കുന്ന മുള്ളുക്കുറുമൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്ക് ബുദ്ധിമുട്ടുകളൊന്നുമില്ല. മുള്ളുകുറുമൻ, കാട്ടുനായിക്കൻ, വിഭാഗങ്ങൾക്ക് റോഡ്, കുടിവെള്ളം, വീട് തുടങ്ങിയ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും, ജീവിതനിലവാരവുമുണ്ട്. എന്നാൽ പണിയ വിഭാഗത്തിലുള്ളവർക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ല. കുറുമരുടെയും, കാട്ടുനായിക്കരുടെയും താമസസ്ഥലം റവന്യൂ ഭൂമിയിലാണ്. ഇവർക്ക് മലയുടെ മുകളിലുള്ള വനഭൂമിയിലാണ് അവകാശമുള്ളത്. എന്നാൽ, പണിയ വിഭാഗത്തിലുള്ളവർ അവർക്ക് ലഭിച്ച വനഭൂമിയിൽ തന്നെയാണ് താമസിക്കുന്നത്. എന്നാൽ, പാറക്കെട്ടിനു മുകളിലേക്കാണ് പണിയ കുടുംബങ്ങൾ താമസിക്കുന്നത്. മുകളിൽ താമസിക്കുന്ന പണിയൻ ഗുണഭോക്താക്കൾക്ക് യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ല. വീടുനിർമ്മാണത്തിനുള്ള സാമഗ്രികളോ, വൈദ്യുതി കാലുകളോ

എത്തിക്കാനുള്ള സൗകര്യങ്ങളില്ലാത്തതിനാൽ താമസയോഗ്യമായ വീടുകൾ ഗുണഭോക്താക്കൾക്കില്ല പാറക്കെട്ടുകൾ നിറഞ്ഞ വഴിയിലൂടെ വേണം സങ്കേതത്തിലെത്താൻ. ഇവിടെ ഒരു വീടും താമസയോഗ്യമല്ല. വെള്ളം, വൈദ്യുതി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും പണിയ വിഭാഗത്തിനില്ല. പഞ്ചായത്തിന്റെയോ, കൃഷിഭവന്റെയോ സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. ആനുകൂല്യങ്ങൾ ഒന്നും തങ്ങൾക്ക് ലഭിക്കുന്നില്ലെന്നാണ് പണിയ വിഭാഗത്തിന്റെ പരാതി.. . കുടിവെള്ളത്തിനും, ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. മഴക്കാലത്ത് മാത്രമാണ് വെള്ളം സുലഭമായി ലഭിക്കുക. വേനൽക്കാലത്ത് നേരിടുന്നത് കനത്ത വരൾച്ചയാണ്. വെള്ളം എത്തിക്കാൻ റോഡു പോലുമില്ലാത്തത് കുടിവെള്ള ദൗർലഭ്യം രൂക്ഷമാക്കുന്നു.

സങ്കേതത്തിലെ എല്ലാ വിഭാഗങ്ങളും പരമ്പരാഗതമായി ഇവിടെ തന്നെ താമസിക്കുന്നവരാണ്. 1980 ൽ വനംവകുപ്പ് ഈ ഭൂമി പ്ലാന്റേഷൻ ആക്കിയതോടെയാണ് പണിയൻ വിഭാഗത്തിലുള്ളവർ പാറയുടെ മുകളിലെത്തിയത്. ഗതാഗത സൗകര്യത്തിന്റെയും, മറ്റ് അടിസ്ഥാന ആവശ്യങ്ങളുടെയും അഭാവത്തിൽ ഗോവിന്ദൻപാറയിലെ പണിയ സങ്കേതത്തിലുള്ളവരെ പ്രിയദർശിനി എസ്റ്റേറ്റിൽ പുനരധിവസിപ്പിക്കാൻ ശ്രമിച്ചെങ്കിലും, ഈ പദ്ധതി നടപ്പായിട്ടില്ല. തങ്ങൾക്ക് ജനിച്ചു വളർന്ന മണ്ണ് വിട്ടുപോവാൻ താൽപര്യമില്ലെന്നാണ് ഇവരുടെ നിലപാട്.

ഇടിഞ്ഞകൊല്ലി കേന്ദ്രീകരിച്ചാണ് വനാവകാശസമിതി രൂപീകരിച്ചിരിക്കുന്നത്. ഗോവിന്ദൻപാറയിലെ രണ്ടുപേർ വനാവകാശസമിതിയിൽ അംഗങ്ങളാണ്. രാമകൃഷ്ണൻ ആയിരുന്നു ചെയർമാൻ. സങ്കേതത്തിലെ തന്നെ പങ്കജമാണ് മറ്റൊരംഗം. അപേക്ഷ വെച്ചിട്ടില്ല, എന്നും റവന്യൂ ഉദ്യോഗസ്ഥർ അളക്കാൻ വന്നപ്പോൾ ഓരോരുത്തരും അവരുടെ സ്ഥലമെത്രയാണെന്ന് പറഞ്ഞുകൊടുക്കുകയും ചെയ്യുകയായിരുന്നുവെന്ന് സങ്കേതവാസി പറയുന്നു. വനാവകാശ സമിതിയുടെ നേതൃത്വത്തിലാണ് സ്ഥലം അളന്നത്. പിന്നീട് ഫോട്ടോ എടുക്കുകയും, രേഖ നൽകുകയും ചെയ്തു.

എന്നാൽ, അടിസ്ഥാന സൗകര്യങ്ങളുടെ ഇത്രയധികം അപര്യാപ്തത നിലനിൽക്കെ, അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു ഇടപെടലുകളും ഉണ്ടാകുന്നില്ലെന്ന് സങ്കേതവാസികൾ പറയുന്നു. മാത്രവുമല്ല, സങ്കേതത്തിലെ മുള്ളുകുറുമൻ വിഭാഗത്തിൽപ്പെട്ടവരാണ് സങ്കേതവികസനവുമായി ബന്ധപ്പെട്ട ചർച്ചകളിലും, യോഗങ്ങളിലും പങ്കെടുക്കുന്നതെന്നും, തങ്ങൾ ഒന്നും അറിയാറില്ലെന്നും, ഗോവിന്ദൻപാറയിലെ പണിയവിഭാഗക്കാർ പറയുന്നു. മാത്രവുമല്ല, വനാവകാശനിയമത്തെ കുറിച്ചും, നിയമം ഉറപ്പുനരുത്തുന്ന അവകാശങ്ങളെ കുറിച്ചുമുള്ള അജ്ഞതയും, ഗുണഭോക്താക്കൾക്ക് നിയമത്തിന്റെ ഗുണഫലം അനുഭവിക്കാനാവാത്തതിന് കാരണമാകുന്നുണ്ട്.

### 4.സി.28 വെള്ളക്കെട്ട്

മേപ്പാടി പഞ്ചായത്തിലെ നെല്ലിമാളം എന്ന പ്രദേശത്തോട് ചേർന്നു കിടക്കുന്ന സങ്കേതമാണ് വെള്ളക്കെട്ട് സങ്കേതം. പണി

യൻ, കാട്ടുനായിക്കൻ സമുദായങ്ങളിലുൾപ്പെടുന്ന ഗോത്രജനങ്ങൾ അധിവസിച്ചു വരുന്ന ഇവിടെ അഞ്ച് കാട്ടുനായിക്ക കുടുംബങ്ങളും, ഏഴു പണിയൻ കുടുംബങ്ങളുമടക്കം ആകെ പതിനാലു കുടുംബങ്ങളാണ് വെള്ളക്കെട്ടിൽ ഉള്ളത്. സങ്കേതം മേപ്പാടി ഫോറസ്റ്റ് റേഞ്ചിലുൾപ്പെടുന്ന നിക്ഷിപ്ത വനമേഖലയോട് ചേർന്നു കിടക്കുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന സങ്കേതമാണിത്. കാട്ടിലൂടെ പാറക്കെട്ടുകൾ നിറഞ്ഞ ഒറ്റയടിപ്പാതയിലൂടെ വേണം സങ്കേതത്തിൽ എത്തിപ്പെടാൻ. വനത്തിനുള്ളിൽ മലയുടെ പല ഭാഗങ്ങളിലായിട്ടാണ് വീടുകൾ ഉള്ളത്. ഒരു വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേയ്ക്ക് പോകണമെങ്കിൽ കാട്ടിലൂടെ പാറക്കെട്ടുകൾ നിറഞ്ഞ വഴിയിലൂടെ വേണം എത്തിച്ചേരാൻ. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും, രോഗികളായവരെ ആശുപത്രിയിലെത്തിക്കുന്നതുമെല്ലാം തന്മൂലം സങ്കേതവാസികൾ നന്നേ പാടുപെടുന്നു. വാഹനം എത്തിച്ചേരാൻ യാതൊരു സാധ്യതയുമില്ലാത്തതു കൊണ്ടു തന്നെ വീടുനിർമ്മാണത്തിനും മറ്റുമായി ആവശ്യം വരുന്ന അസംസ്കൃത വസ്തുക്കൾ പോലും സങ്കേതത്തിലെത്തിക്കുന്നതിന് യാതൊരു നിർവ്വാഹവും ഇല്ല. ദുർഘടമായ വഴിയിലൂടെ ചുമന്ന് മുകളിൽ, സങ്കേതത്തിൽ എത്തിക്കേണ്ട അവസ്ഥയാണ്.

താമസയോഗ്യമായ വീടുകളുടെയും, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തീവ്രമാണ്. മഴക്കാലങ്ങളിൽ തന്മൂലം സങ്കേതം ഒറ്റപ്പെട്ട അവസ്ഥയിലാവുന്നു. ഗുണഭോക്താക്കളുടെ ദൈനംദിന ജീവിതത്തെയും ഇത് സാരമായി ബാധിക്കുന്നു. ആശുപത്രി, വിദ്യാലയം തുടങ്ങിയ ആവശ്യങ്ങൾക്കും സങ്കേതവാസികൾ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നുണ്ട്.

**ഭാഗം 4**

## 4.18 വനാവകാശനിയമവും, പുനരധിവാസവും

വനാവകാശനിയമത്തിലെ സെഷൻ4(2) പ്രകാരം ദേശിയ പാർക്ക്, വന്യമൃഗസംരക്ഷണ കേന്ദ്രം, സന്നിഗ്ദ്ധാവസ്ഥയിലുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാമെന്ന് നിയമത്തിൽ പറയുന്നുണ്ട്. പക്ഷെ ഇതിന് വേണ്ടിയിട്ടുള്ള നടപടിക്രമങ്ങളും, പാക്കേജുകളും പാലിച്ചതിന് ശേഷമെ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളു. ഗ്രാമസഭയുടെ തീരുമാനം സുപ്രധാനമാണ്. പ്രായോഗിക തലത്തിൽ നിയമത്തിലെ വ്യവസ്ഥകൾ പാലിയ്ക്കാത്തത് മനുഷ്യാവകാശ ലംഘനം കൂടിയാണ്.

### 4.18.1 സൂക്ഷ്മപഠനം

#### 4.സി.29 കുറിച്യാട്

നൂൽപ്പുഴ പഞ്ചായത്തിൽ, കുറിച്യാട് റെയ്ഞ്ചിൽ വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന സങ്കേതമാണ് കുറിച്യാട്. പണിയൻ, കാട്ടുനായിക്കൻ വിഭാഗത്തിലുൾപ്പെട്ടവർ താമസിച്ചിരുന്ന സങ്കേതമാണ് കുറിച്യാട്. പണിയൻ വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങളെയും സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിച്ചു. നിലവിൽ കാട്ടുനായിക്കൻ വിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. എസ്.ഡി.എൽ.സി പാസാക്കിയ ലിസ്റ്റ് പ്രകാരം 36 പേർക്കാണ് വനാവകാശം ലഭിച്ചിരിക്കുന്നത്. ഇതിൽ 10 പേർ മാത്രമാണ് നിലവിൽ ഇവിടെ താമസിക്കുന്നത്. 26 കുടുംബങ്ങളെ സുൽത്താൻബത്തേരി പഞ്ചായത്തിലെ ചൂരിക്കുനി, ഏഴിച്ചാൽ കുന്ന്, ഗാന്ധിനഗർ എന്നീ പ്രദേശങ്ങളിലാണ് പുനരധിവസിപ്പിച്ചിരിക്കുന്നത്. ബാക്കിയുള്ള 10 കുടുംബങ്ങളെ നൂൽപ്പുഴ പഞ്ചായത്തിലെ പള്ളിവയലിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനു വേണ്ടി വനംവകുപ്പ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

സങ്കേതത്തിലെ ആർക്കും തന്നെ, വനാവകാശപ്രകാരം, അപേക്ഷ നൽകിയതിനെ സംബന്ധിച്ചോ, ഊരുസഭ വിളിച്ചു ചേർത്തതിനെ സംബന്ധിച്ചോ അറിവില്ല. വനാവകാശസമിതിയെ കുറിച്ചും സങ്കേതവാസികൾക്ക് ധാരണയില്ല. സാമൂഹികാവകാശം, വികസനാവശ്യങ്ങൾക്കുള്ള അവകാശം എന്നിവ സങ്കേതത്തിൽ അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടുമില്ല. 2010 ലാണ് കുറിച്യാട് നിവാസികൾക്ക് വനാവകാശ നിയമപ്രകാരം കൈവശഭൂമിക്ക് അവകാശം ലഭിച്ചത്. ഇവയിലെല്ലാം തന്നെ അവകാശികൾക്ക് കൈവശാവകാശവുമുണ്ട്. അതുകൊണ്ട് തന്നെ, മാറ്റിപാർപ്പിച്ചതിൽ 18 വയസ്സ് കഴിഞ്ഞ് , കുടുംബമായി താമസിക്കുന്നവരെ, 10 ലക്ഷം രൂപ നൽകുന്നതിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 2014 മുതൽ സങ്കേതവാസികളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വനംവകുപ്പ് സ്വീകരിച്ചു. അത്തരത്തിൽ മാറ്റിപാർപ്പിച്ചവർക്ക് പിന്നീട് സങ്കേതത്തിലേക്ക് പോവാൻ കഴിഞ്ഞിട്ടില്ല. പുനരധിവസിപ്പിക്കപ്പെട്ടപ്പോൾ ലഭിച്ച വനാവകാശരേഖ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിൽ തിരികെ ഏൽപ്പിച്ചിരുന്നു. അതിനു പകരം റവന്യൂഭൂമി നൽകിയിട്ടുള്ളത് എന്നാണ് വനംവകുപ്പ് അറിയിച്ചിട്ടുള്ളത്. അതിനാൽ വനാവകാശം ലഭിച്ച ഭൂമിയിൽ നിലവിൽ ഇവർക്ക് അവകാശമില്ല. സ്വകാര്യവ്യക്തികളിൽ നിന്ന് റവന്യൂഭൂമി വാങ്ങി രജിസ്ട്രേഷൻ നടത്തിയാണ് സങ്കേതവാസികളെ മാറ്റിപാർപ്പിച്ചിരിക്കുന്നത്. 2014 ൽ മാറിയതാണെങ്കിലും ഇതുവരെ, അടിസ്ഥാനസൗകര്യങ്ങളൊന്നും ഇവർക്ക് ലഭ്യമാക്കിയിട്ടില്ല. വീടുപണി പോലും പൂർത്തീകരിച്ചിട്ടില്ല. ഏഴുചാൽകുന്നിൽ

രണ്ടിടങ്ങളിലായി ഒമ്പത്, അഞ്ച് കുടുംബങ്ങളെയും, ചൂരിക്കുനിയിൽ മൂന്ന് കുടുംബ ങ്ങളെയുമാണ് മാറ്റിപ്പാർപ്പിച്ചിരിക്കുന്നത്.

10 ലക്ഷം രൂപ വീതമാണ് ഓരോ കുടുംബത്തിന് അനുവദിച്ചത്. ഇതിൽ സ്ഥലം വാങ്ങാനും, രജിസ്ട്രേഷനുമായി പണം ചിലവഴിച്ചു. നിത്യേനയുള്ള ആവശ്യ ങ്ങൾക്കായി പണമെടുത്തതിനാലും പണം അവശേഷിക്കുന്നില്ല. . പണി ലഭിക്കാത്ത സമയങ്ങളിൽ കടുത്ത ദാരിദ്ര്യമാണുള്ളതെന്നും ഇവർ സാക്ഷ്യപ്പെടുത്തുന്നു.

നിലവിൽ ഇവിടെ താമസിക്കുന്നവർ ഉപജീവനത്തിനായി വനത്തെ ആശ്രയി ക്കുന്നു. ഒപ്പം, മൃഗപരിപാലനവുമുണ്ട്. ഇവർ വാങ്ങിയ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. വനാവകാശനിയമപ്രകാരം ഭൂമി ലഭിച്ച് പി ന്നീട് മാറ്റി പാർപ്പിക്കുമ്പോൾ നൽകേണ്ട യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇവർക്ക് ലഭിച്ചിട്ടില്ല എന്നതാണ് കുറിച്യാടിന്റെ പുനരധിവാസം സാക്ഷ്യപ്പെടുത്തുന്നത്. മാത്രവുമല്ല, മറ്റു ജനറൽ വിഭാഗങ്ങൾക്കിടയിലേക്ക് ഓരോ കുടുംബങ്ങളെയായി മാറ്റി പാർപ്പിച്ചതിനാൽ സാമൂഹികമായ അസുരക്ഷിതത്വം അനുഭവിക്കുന്നുണ്ടെന്ന് ചൂരിക്കു നിയിലെ ഗുണഭോക്താവ് പറയുന്നു. എന്നാൽ മക്കളുടെ വിദ്യാഭ്യാസമാലോചിച്ചാണ് പുനരധിവാസത്തിന് തയ്യാറായതെന്നാണ് ഇവരുടെ അഭിപ്രായം. വനത്തെ ആശ്രയി ച്ചുള്ള സാമൂഹിക പരിസരത്തു നിന്നും വരുന്നതിനാൽ ഇവരുടെ സംസ്കാരവും,, ആചാരാനുഷ്ഠാനങ്ങളുമെല്ലാം വനവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ മാറ്റിപാർപ്പിച്ച തോടെ, വനവുമായി ചേർന്നുനിന്ന ജീവിത, സാംസ്കാരിക പരിസരങ്ങളാണ് ഇവർക്ക് നഷ്ടമായിരിക്കുന്നത്.

## 4.19..വനാവകാശനിയമവും, ജീവിതനിലവാരവും

വനാവകാശം ലഭിച്ചതിലൂടെ ജീവിതനിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യ ത്തിന് 358 (46.55%)പേരാണ് അനുകൂലമായി മറുപടി പറഞ്ഞത്. എന്നാൽ 385 (50.07%)പേർ ജീവിത നിലവാരത്തിൽ യാതൊരു മാറ്റവും അവകാശം ലഭിച്ചതു മൂലം ഉണ്ടായിട്ടില്ല എന്നാണ് പ്രതികരിച്ചത്. ജീവിത നിലവാരത്തിൽ മാറ്റമുണ്ടെന്ന് പ്രതികരിച്ച വർ താഴെ പറയുന്നവയാണ് അതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിച്ചത്.

1. ഭൂമിയിന്മേൽ അവകാശം ലഭിച്ചു.
2. രേഖയുള്ളതിനാൽ വീട്, വൈദ്യുതി റോഡ്, കിണർ എന്നീ അടിസ്ഥാന സകര്യങ്ങൾ ലഭിച്ചു.
3. താമസിക്കുന്ന ഭൂമിയിൽ രേഖാമൂലമുള്ള ഉടമസ്ഥത ലഭിച്ചതിനാൽ ആർക്കും മാറ്റിപാർപ്പിക്കാൻ സാധിക്കില്ല.
4. രേഖ ലഭിച്ചതു കൊണ്ട് അവകാശബോധമുണ്ട്.

5. വനംവകുപ്പിന്റെ ഭാഗത്തു നിന്നും താമസത്തിനോ, കൃഷി ചെയ്യുന്നതിനോ തടസ്സങ്ങ ളില്ല.
6. ഭൂമി ലഭിച്ചതിനാൽ കൃഷി ചെയ്യാൻ സാധിക്കും.
7. വനാവകാശരേഖ ഉപയോഗിച്ച് ഭൂമിയിൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ജോലിക ളെടുപ്പിക്കാം.
8. വനാവകാശരേഖ സമർപ്പിച്ചാൽ വിളകൾ ഇൻഷുർ ചെയ്യാൻ പറ്റും. ഇതുപ്രകാരം വിളവ് നശിച്ചാലോ, വന്യമൃഗങ്ങൾ നശിപ്പിച്ചാലോ നഷ്ടപരിഹാരം കിട്ടും.
9. ജീവിതസൗകര്യങ്ങൾ മെച്ചപ്പെട്ടു.

എന്നാൽ ഓരോ സമുദായങ്ങൾ എടുത്ത് പരിശോധിക്കുമ്പോൾ ജീവിത നിലവാരം മെച്ചപ്പെട്ടുവെന്ന് അഭിപ്രായപ്പെട്ടവരുടെ തോത് വ്യത്യാസപ്പെട്ടിരിക്കുന്നു. തച്ചനാടൻ മൂപ്പൻ, പണിയ, കുറിച്യ എന്നീ സമുദായങ്ങളിൽ ഉൾപ്പെടുന്നവരിൽ കൂടുതൽ പേർ വനാവകാശത്തിലൂടെ ജീവിതനിലവാരം മെച്ചപ്പെട്ടുവെന്നാണ് അഭി പ്രായപ്പെട്ടിരിക്കുന്നത്. എന്നാൽ, മുള്ളുക്കുറുമ, വെട്ടക്കുറുമ, കാട്ടുനായിക്ക വിഭാഗ ങ്ങളിൽ ഉൾപ്പെട്ടവർ ജീവിത നിലവാരത്തിൽ മെച്ചങ്ങളില്ലെന്ന അഭിപ്രായത്തോടാണ് കൂടുതൽ യോജിക്കുന്നത്.താരതമ്യേന ഉയർന്നുനില്ക്കുന്ന മുള്ളുകുറുമൻ സമുദാ യത്തെ സംബന്ധിച്ച് വനാവകാശ രേഖ ഒരു അവകാശരേഖ മാത്രമാണെന്നും അത് ബാങ്ക് ലോണിന് അപേക്ഷിക്കുന്നതിന് വേണ്ടിയോ സ്വതന്ത്രമായി ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നതിനോ സാധിക്കുന്നില്ല. ഓരോ സമുദായവും വികസിക്കുന്നതിനനുസരിച്ച് പുതിയ വികസന മേഖലകൾ സ്വയം തേടുമ്പോളുണ്ടാകുന്ന പ്രതിസന്ധിയാണ് ഇവിടെ ചൂണ്ടികാണിക്കപ്പെട്ടത്.

അടിയ വിഭാഗത്തിൽ ജീവിതനിലവാരത്തിൽ മാറ്റമുണ്ടെന്നും, ഇല്ലെന്നും അഭിപ്രായപ്പെട്ടത് തുല്യമായിട്ടാണ്. വിശദാംശങ്ങൾ പട്ടിക 4.30 ൽ നൽകിയിട്ടുണ്ട്.

പട്ടിക 4.30 **ജീവിതനിലവാരത്തിൽ മാറ്റം – സമുദായടിസ്ഥാനത്തിൽ**

| ക്രമനം | മാറ്റം | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | അടിയാൻ | |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** |
| 1 | ജീവിതനിലവാരം മെച്ചപ്പെട്ടു | 121 (39.80%) | 93 (54.36 %) | 39 (40.21 %) | 28 (33.73%) | 48 (57.83%) | 25 (83.33%) | 4 (50%) | 358 (46.55%) |
| 2 | മെച്ചപ്പെട്ടില്ല | 168 (55.26%) | 74 (43.27 %) | 56 (57.73 %) | 52 (62.65%) | 26 (31.33%) | 5 (16.67%) | 4 (50%) | 385 (50.07%) |
| 3 | ബാധകമല്ല | 15 (4.94%) | 4 (2.34%) | 2 (2.06%) | 3 (3.61%) | 2 (2.41%) | 0 | 0 | 26 (3.38%) |
| 4 | **ആകെ** | 304 (100%) | 171 (100%) | 97 | 83 | 76 | 30 | 8 | 769 (100%) |

സമുദായടിസ്ഥാനത്തിൽ ജീവിതനിലവാരം മെച്ചപ്പെട്ടതിന്റെ തോത്, കാരണങ്ങൾ വ്യത്യാസപ്പെടുന്ന പോലെ തന്നെ സങ്കേതങ്ങളുടെ അടിസ്ഥാനത്തിലും ഇത് പ്രകടമാണ്. പാരമ്പര്യമായി അധിവസിച്ചു വന്നിരുന്ന ഭൂമിയിൽ അവകാശം ലഭിച്ച വ്യക്തികൾ ജീവിത നിലവാരം മെച്ചപ്പെട്ടതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത് ഉടമസ്ഥത, അവകാശ ബോധം എന്നിവയാണ്. വനംവകുപ്പിന്റെ ഭാഗത്തു നിന്നും തടസ്സങ്ങളില്ലയെന്നതും ഇവർ കാരണമായി പറയുന്നു. വനാവകാശം ലഭിച്ചതോടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടതായി അഭിപ്രായപ്പെടുന്നത് ഭൂസമരത്തിൽ ഉൾപ്പെട്ടവരാണ്. സ്വന്തമായി ഭൂമി ലഭിച്ചു, വൈദ്യുതി, വീട്, എന്നിവ ലഭിച്ചുവെന്ന് ഇവർ അഭിപ്രായപ്പെടുന്നു.

## അദ്ധ്യായം 5

## വനാവകാശനിയമവും ഉപജീവനമാർഗ്ഗവും

കാടിനുള്ളിൽ അന്യരായിത്തീർന്ന ഗോത്രജനതയുടെ ദൈനംദിനജീവിതം ക്ലേശകരമായി മാറികൊണ്ടിരിക്കുന്നു. വനവിഭവശേഖരണത്തിനും, കൃഷിയ്ക്കും, മാറ്റകൃഷിക്കും (Shifting cultivation) ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ അവരുടെ ജീവിതമാർഗ്ഗങ്ങളെ തടസ്സപ്പെടുത്തി. കിഴങ്ങുവർഗ്ഗങ്ങൾ, കാട്ടിറച്ചി, തേൻ, മറ്റ് ഫലമൂലങ്ങൾ എന്നിവയുടെ ലഭ്യതക്കുറവും പരമ്പരാഗത കൃഷികളായ പഞ്ഞപ്പുല്ല് (Ragi) , കമ്പച്ചോളം (Corn), ചാമ (Little millet), കാച്ചിൽ, ചേമ്പ്, ഇലകൾ എന്നിവയുടെ കൃഷി തുടരാൻ കഴിയാത്ത അവസ്ഥയും, അവരെ കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങാൻ നിർബന്ധിതരാക്കി. നാട്ടിലെ കൃഷിപണിയിലും, കൂലിപ്പണിയിലും ഏർപ്പെടുന്നതോടെ നാട്ടിലെ ആഹാരശീലങ്ങളും , മദ്യം, പുകയില തുടങ്ങിയ ദു:ശ്ശീലങ്ങളും അവർക്ക് സ്വായത്തമാവാൻ തുടങ്ങി. പരിഷ്കൃത ജനസമൂഹവുമായുള്ള ഇടപെടൽ അവരുടെ സ്വത്വത്തെ പ്രതിസന്ധിയിലാക്കുകയും (Crisis in Identity), ചെയ്തു. ഈ പശ്ചാത്തലത്തിലാണ് ജൈവവൈവിദ്ധ്യം സംരക്ഷിക്കുകയും, പരിസ്ഥിതി സന്തുലനം നിലനിർത്തുകയും ചെയ്യുന്നതിലൂടെ വനവാസികളായ പട്ടികഗോത്രവർഗ്ഗ ജനതയുടെ ഉപജീവനവും, ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് വനങ്ങളുടെ സംരക്ഷണ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനായി എന്ന മുഖവുരയോടെ 2006 ലെ വനാവകാശനിയമം പ്രാബല്യത്തിൽ വരുന്നത്.

ഗോത്രവർഗ്ഗ വിഭാഗക്കാരുടെ ഉപജീവനമാർഗ്ഗങ്ങൾ വനവുമായി ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത്. വനത്തിൽ നിന്ന് ലഭിക്കുന്ന പൂപ്പൽ, ചീനിക്ക, തേൻ മുതലായ വിഭവങ്ങൾ തന്നെ ആയിരുന്നു ഇവരുടെ ഉപജീവനമാർഗ്ഗത്തിനായുള്ള പ്രധാന ഉറവിടങ്ങൾ. സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എനന്നതായിരുന്നു വനാവകാശം നടപ്പാക്കുന്നതിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. വനാവകാശനിയമം നടപ്പിൽ വരുന്നതിന് മുൻപ് പരമ്പരാഗത കൃഷിരീതിയിലൂടെയും, വനവിഭവശേഖരണത്തിലൂടെയും ആയിരുന്നു ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തിയിരുന്നത്. ഒരു കാലത്ത് മാറ്റകൃഷി ചെയ്യുന്നതിലൂടെ ഇഷ്ടഭക്ഷ്യവിഭവമായ റാഗി, ചാമ, മുത്താറി തുടങ്ങിയവ കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് വനഭൂമി യഥേഷ്ടം ഉപയോഗിക്കാൻ സാധിയ്ക്കാതെ വന്നതിനാൽ അവരുടെ പരമ്പരാഗത കൃഷിരീതിയും, വിളകളും ഉപേക്ഷിച്ച് ഇവർക്ക് പരിചയമില്ലാത്ത പുതിയ കൃഷിരീതി സ്വീകരിക്കേണ്ടി വരികയും, നെല്ല്, കുരുമുളക് മുതലായ

കൃഷികൾ ചെയ്യേണ്ടി വരുന്നു. അതുപോലെ തന്നെ ആടുവളർത്തൽ, പശുവളർത്തൽ മുതലായ പുതിയ ഉപജീവനമാർഗ്ഗങ്ങൾ പിൻതുടരേണ്ടതായും വന്നു.

പരമ്പരാഗത ഉപജീവനമാർഗ്ഗങ്ങളിൽ വ്യതിചലിച്ച ആധുനിക രീതിയിലുള്ള ഉപജീവനമാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് അതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഒന്നും തന്നെ നടപപ്പിൽ വരുത്തിയിട്ടില്ല. വനാവകാശനിയമം നടപ്പിൽ വന്നതോടു കൂടി വനഭൂമിയുടെ ഉപയോഗത്തിൽ പരിധി നിർണ്ണയിക്കുകയും, അവകാശം നൽകിയ ഭൂമി താമസയിടത്തിന് മാത്രമായി ചുരുങ്ങുകയും ചെയ്തതോടു കൂടി ഇവരുടെ ഉപജീവനമാർഗ്ഗത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടായി. കുറിച്യാട് നിന്ന് പുനരധിവസിക്കപ്പെട്ട ഒരു സങ്കേതവാസിയുടെ അഭിപ്രായത്തിൽ ''വനത്തിൽ അധിവസിച്ചിരുന്ന ഞങ്ങൾക്ക് വനം എല്ലാം തരുമായിരുന്നു. പൊതുവിപണിയിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ ഇല്ലെങ്കിൽ തന്നെ ഞങ്ങൾക്ക് ദാരിദ്ര്യം ഇല്ലായിരുന്നു. എന്നാൽ ഇന്ന് കൂലിപ്പണിയ്ക്കു പോയി കിട്ടുന്ന പണം മുഴുവൻ പൊതുവിപണിയിൽ കൊടുക്കണമെന്നും, ദാരിദ്ര്യം കൂടുതലാണെന്നും'' ആണ് അഭിപ്രായപ്പെട്ടത്.

വനവിഭവങ്ങളുടെ ലഭ്യത കുറവാണെന്നും, ശേഖരിക്കാനറിയാവുന്ന സമുദായംഗങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു എന്നും, ഇതരവിഭാഗക്കാർ നുഴഞ്ഞുകയറി വനവിഭവങ്ങൾ ശേഖരിക്കുന്നു എന്നും, പൊതുവിപണിയിൽ ലഭിക്കുന്ന വിലയെ കുറിച്ചുള്ള അറിവില്ലായ്മയും, സ്വതന്ത്രമായ ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള അവകാശത്തെ കുറിച്ചുള്ള അപര്യാപ്തതയും വിഭവങ്ങളുടെ വിപണനത്തിലൂടെ ഫലപ്രദമായ രീതിയിലുള്ള വരുമാന മാർഗ്ഗം കണ്ടെത്താൻ കഴിയാതെ പോകുന്നു എന്ന് കിർടാഡ്സ് ക്യാമ്പസ്സിൽ വച്ച് നടന്ന രണ്ടാംഘട്ട ശിൽപ്പശാലയിൽ പങ്കെടുത്ത ഗോത്രവർഗ്ഗ പ്രതിനിധികൾ ഉന്നയിച്ചിരുന്നു

## 5.1.ഉപജീവനമാർഗ്ഗങ്ങൾ, വനാവകാശ നിയമത്തിനു മുൻപ്

വിവിധ ഗോത്രസമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളെ വനാവകാശത്തിന് മുൻപ് , ശേഷം എന്നിങ്ങനെ രണ്ട് കാലഘട്ടങ്ങളിൽ വർഗ്ഗീകരിക്കുമ്പോൾ , ഉപജീവനവുമായി ബന്ധപ്പെട്ട് വനാശ്രയത്വത്തിൽ ഉണ്ടായിട്ടുള്ള മാറ്റം പ്രകടമാണ്. ആദ്യകാലഘട്ടങ്ങളെ അപേക്ഷിച്ച് , കാട്ടുനായിക്കൻ സമുദായം അടക്കമുള്ള , വനവുമായി അത്ര അധികം ഇടപഴകുന്ന സമുദായങ്ങളിൽ പോലും നിലവിൽ ഉപജീവനത്തിനായി വനത്തെ മാത്രം ആശ്രയിക്കുന്നവരിൽ കുറവ് വന്നിട്ടുണ്ട്. മുൻപുണ്ടായിരുന്നത്ര വനവിഭവങ്ങൾ നിലവിൽ ലഭ്യമല്ല എന്നതും, വന്യമൃഗശല്യം കൂടുതലായതുമാണ് പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് വനത്തിൽ പ്രവേശിക്കുന്നതിനും, വിഭവങ്ങൾ ശേഖരിക്കുന്നതിനും നേരിടുന്ന എതിർപ്പും, മറ്റൊരു കാരണമായി അഭിപ്രായപ്പെട്ടവരുണ്ട്.

മേപ്പാടി പഞ്ചായത്തിലുൾപ്പെട്ട കാർമ്മൽകുന്ന് സങ്കേതത്തിലെ സങ്കേതവാസിയുടെ അഭിപ്രായത്തിൽ ; " വനത്തിൽ നിന്ന് കിഴങ്ങുകളും, മരുന്നു ചെടികളും ശേഖരിക്കുന്ന തിന് വനംവകുപ്പിന്റെ നിയന്ത്രണമുണ്ട്. വനംവകുപ്പ് ഓഫീസ് സമീപത്തു തന്നെ ആയതി നാൽ എപ്പോഴും നിരീക്ഷണത്തിലുമാണ്". മാൻ ഭക്ഷിക്കുന്ന വിഭവമായതിനാൽ വന ത്തിൽ നിന്ന് ചീനിക്ക എടുക്കാൻ അനുവദിക്കുന്നില്ലെന്ന് സ്കൂൾകുന്ന് സങ്കേതത്തിലെ സങ്കേതവാസി അഭിപ്രായപ്പെടുന്നു. മേപ്പാടി പഞ്ചായത്തിൽ തന്നെ ഉൾപ്പെടുന്ന പൂള ക്കുന്ന് സങ്കേതത്തിന് വനംവകുപ്പിന്റെ ഫെൻസിംഗ് ഉള്ളതിനാൽ അതിനുള്ളിൽ ഉൾപ്പെട്ടി ട്ടുള്ള നിശ്ചിത സ്ഥലത്തെ വനവിഭവങ്ങൾ മാത്രമേ ശേഖരിക്കാൻ അനുവാദമുള്ളൂ. തന്മൂ ലം, ഭക്ഷിക്കാനോ, വിൽപ്പനയ്ക്കോ യാതൊന്നും വനത്തിൽ നിന്ന് ലഭിക്കാത്ത അവസ്ഥ യാണ്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ, വനവിഭവശേഖരണം നടത്താൻ കഴിയാത്തതിനാ ലും, മുൻപത്തേക്കാൾ അധികമായി വന്യമൃഗങ്ങൾ , കൃഷിഭൂമിയിലേക്ക് ഇറങ്ങുന്നതു കാരണം കൃഷി ചെയ്യാൻ കഴിയാത്തതിനാലും, അധികമാളുകളും, നിലവിൽ കാർഷിക കൂലിപ്പണികളെയാണ് ഉപജീവനത്തിനായി ആശ്രയിക്കുന്നത്.

**5.2.പ്രധാന വരുമാനമാർഗ്ഗങ്ങൾ**

വനാവകാശം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് കാട്ടുനായിക്കൻ, പണിയൻ, അടിയാൻ തുടങ്ങിയ സമുദായക്കാർ വനവിഭവശേഖരണം നടത്തിയും, വനത്തിലെ ഭക്ഷ്യ വിഭവങ്ങൾ ഉപയോഗിച്ചും ആണ് ഉപജീവനം നടത്തിയിരുന്നത്. ശേഖരൻകുണ്ട് സങ്കേത ത്തിലെ ഊരുമൂപ്പന്റെ അഭിപ്രായത്തിൽ കുറുന്തോട്ടി, പാടക്കിഴങ്ങ് തുടങ്ങിയ മരുന്നുകൾ സൊസൈറ്റിയിൽ കൊടുക്കുകയുംം, കിലോയ്ക്കു 1.50 രൂപ മുതൽ 2 രൂപ ലഭിക്കുകയും ചെയ്തിരുന്നു എന്നും, അക്കാലത്ത് ഈ രൂപയ്ക്കു വീട്ടിലേക്കു ആവശ്യമുള്ളവ ലഭിച്ചി രുന്നു എന്നും ആണ് ശേഖരൻകുണ്ട് സങ്കേതത്തിലെ ഊരുമൂപ്പൻ അഭിപ്രായപ്പെടുന്നത്.

മഴക്കാലത്ത് ആണ് ഇവ ശേഖരിച്ചത് എന്നും, സ്ത്രീകളും, പുരുഷന്മാരും ശേഖരി ക്കാൻ പോയിരുന്ന എന്നും 50 കിലോ വരെ ലഭിച്ചിരുന്നു എന്നും ഊരുമൂപ്പൻ സാക്ഷ്യ പ്പെടുത്തുന്നുണ്ട്. അതുപോലെ പാടക്കിഴങ്ങ്, (വയറുവേദനയ്ക്കു ഉപയോഗിക്കുന്ന കയ്പേറിയ ഒരു തരം പച്ചമരുന്ന് ആണ്.) 5 കിലോഗ്രാം മുതൽ 8 കിലോഗ്രാം വരെ ലഭിച്ചി രുന്നു എന്നും സൊസൈറ്റിയിൽ കൊടുത്താൽ 1.50 രൂപ മുതൽ 2 രൂപ വരെ ലഭിച്ചിരുന്നു എന്നും ഊരുമൂപ്പൻ സാക്ഷ്യപ്പെടുത്തുന്നു. ഇതും മഴക്കാലത്ത് ആണ് ലഭിച്ചിരുന്നത്. ചീനിയ്ക്ക (സോപ്പുംകായ) മകരം, കുംഭം മാസങ്ങളിൽ ലഭിയ്ക്കുന്നതാണെന്നും, വർഷ ത്തിലൊരിക്കൽ മാത്രം ലഭിക്കുകയുള്ളൂ എന്നും 50 കിലോ വരെ ഒരു സീസണിൽ കിട്ടിയി രുന്നു എന്നും, ഒരു കിലോയ്ക്കു 10 രൂപ നിരക്കിൽ സൊസൈറ്റിയിൽ നിന്നു ലഭിച്ചിരുന്നു എന്നും, ശേഖരൻകുണ്ട് ഊരുമൂപ്പൻ പറയുന്നു. കർക്കിടമാസം മീൻമുട്ടി, ചാലിയാർ പുഴ

യിൽ നിന്ന് മൂന്നും,നാലും ദിവസം പുഴയുടെ തീരത്ത് താമസിച്ച് മീൻ, ഞണ്ട് എന്നിവയെ പിടിച്ച് ഭക്ഷണമായി ഉപയോഗിച്ചിരുന്നു എന്നും ഊരുമൂപ്പൻ പറയുന്നു. ഇതിൽ നിന്ന് മുമ്പ് വനവിഭവങ്ങളെ തന്നെയായിരുന്നു ഗോത്രവർഗ്ഗക്കാർ ഉപജീവനത്തിനായി പ്രധാന മായും ആശ്രയിച്ചിരുന്നത്. മൃഗപരിപാലനത്തിലൂടെയും, കൃഷിയെയും ഉപജീവനത്തി നായി പൂർണ്ണമായും ആശ്രയിച്ചിരുന്ന മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായക്കാര് കന്നുകാ ലികളെ മേയ്ച്ചിരുന്നത് വനത്തിൽ തന്നെ ആയിരുന്നു. വനത്തിലെ പുല്ലുകളും, മറ്റും ആയിരുന്നു വളർത്തുമൃഗങ്ങളുടെ തീറ്റയ്ക്കായി ആശ്രയിച്ചിരുന്നത്. പഠനത്തിന് വിധേയ മാക്കിയ എല്ലാ സമുദായങ്ങളും അവരുടെ ഉപജീവനത്തിനായി വനത്തെ മാത്രം ആശ്രയി ച്ചിരുന്നവരും, അവരുടെ ജീവിതചര്യ പ്രകൃതിയുടെ കാലക്രമത്തിന് അനുസരിച്ച് കോർത്തി ണക്കിയതും ആയിരുന്നു.

വനാവകാശരേഖ ലഭിക്കുന്നതിന് മുൻപ് വനവിഭവശേഖരണത്തെ മാത്രം ആശ്ര യിച്ച് ഉപജീവനം നടത്തിയിരുന്നത് 44 (5.72%) കുടുംബങ്ങളും, വനവിഭവശേഖരണത്തോ ടൊപ്പം കാർഷിക കൂലിപ്പണിയും, ചെയ്തിരുന്നത് 308 (38.11%) കുടുംബങ്ങളുമാണ്. കൃഷിയെ മാത്രം ആശ്രയിച്ചിരുന്നവർ 40(5%)ഉം, കൃഷിയോടൊപ്പം കൂലിപ്പണിയും, വനവിഭ വശേഖരണവും ചെയ്തിരുന്നവർ 57(7.05%) കുടുംബങ്ങളാണ്. കൂലിപ്പണിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്നവർ 181 (22.4%) പേരാണ്. പ്രധാന ഉപജീവനമാർഗ്ഗ ത്തിനായി കൃഷി, കൂലിപ്പണി, മൃഗപരിപാലനം എന്നീ മൂന്ന് രീതികളും അവലംബിച്ചിരുന്ന വർ 104 (12.8%) പേരാണ്. 3 (0.3%) പേർ മാത്രമാണ് സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നവർ. 32 (4%) പേർ വനവിഭവശേഖരണവും, കൃഷിയും ആശ്രയിച്ചിരു ന്നവരാണ്. ഇതുമായി ബന്ധപ്പെട്ട പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക:5.1 **ഉപജീവനമാർഗ്ഗങ്ങൾ സമുദായടിസ്ഥാനത്തിൽ**

| ക്രമനം | ഉപജീവന മാർഗ്ഗങ്ങൾ | സമുദായങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
| 1 | വനവിഭവശേഖരണം | 28 (9.21%) | 10 (5.85%) | 0 (00%) | 6 (7.23%) | 0 (00%) | 0 (00%) | 0 | 44 (5.72%) |
| 2 | കൃഷി | 0 (00%) | 0 (00%) | 24 (24.74%) | 1 (1.20%) | 14 (18.42%) | 1 (3.33%) | 0 (00%) | 40 (5.20%) |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | കൂലി | 45 (14.80%) | 62 (36.26%) | 3 (3.09%) | 31 (37.35%) | 21 (27.63%) | 17 (56.67%) | 2 (12.5%) | 181 (23.54%) |
| 4 | വനവിഭവശേഖരണം / കൃഷി | 15 (4.93%) | 0 (00%) | 7 (7.22%) | 2 (2.41%) | 7 (9.21%) | 1 (3.33%) | 0 (00%) | 32 (4.16%) |
| 5 | വനവിഭവശേഖരണം / കൃഷി/ കൂലി | 22 (7.24%) | 9 (5.26%) | 15 (15.46%) | 7 (8.43%) | 4 (5.26%) | 0 (00%) | 0 (00%) | 57 (7.41%) |
| 6 | വനവിഭവശേഖരണം /കൂലി | 179 (58.88%) | 79 (46.20%) | 5 (5.15%) | 31 (37.35%) | 5 (6.58%) | 6 (20%) | 3 (37.5%) | 308 (40.05%) |
| 7 | കൃഷി/ കൂലി/ മൃഗപരിപാലനം | 15 (4.93%) | 11 (6.43%) | 42 (43.30%) | 4 (4.82%) | 25 (32.89%) | 5 (16.67%) | 2 (25%) | 104 (13.52%) |
| 8 | സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നവർ | 0 (00%) | 0 00%) | 1 (1.03%) | 1 (1.20%) | 0 (00%) | 0 (00%) | 1 (12.5%) | 3 (0.39%) |
| **ആകെ** | | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) (100%) |

കാട്ടുനായിക്കൻ സമുദായത്തിലെ 28 കുടുംബവും(9.21%) വനാവകാശരേഖ ലഭിക്കുന്നതിനു മുമ്പ് വനവിഭവശേഖരണത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വന്ന

വരാണ്. വനവിഭവശേഖരണത്തെയും, കാർഷിക കൂലിപ്പണികളെയും ഒരുപോലെ ആശ്രയിച്ചിരുന്നത് 179 (58.88%)ഉം, കൂലിപ്പണിയെ മാത്രമാശ്രയിച്ചിരുന്നവർ 45(14.80%) ഉം ആണ്. ഇവ രണ്ടിനുമൊപ്പം കൃഷി ചെയ്തിരുന്നവർ 22(7.24%) പേരാണ്. 15(4.93%) കുടുംബങ്ങളാണ് പൂർണ്ണമായും കൃഷി, കൂലിപ്പണി, മൃഗപരിപാലനം, എന്നീ മൂന്നു മേഖലകളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വന്നിരുന്നത്.

പണിയൻ സമുദായത്തിലെ 10(5.85%) കുടുംബങ്ങൾ പൂർണ്ണമായും വനവിഭവശേഖരണത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വന്നവരാണ്. വനവിഭവശേഖരണത്തോടൊപ്പം കൂലിപ്പണി ചെയ്തിരുന്നവർ 79 (46.20%)ഉം, ഇവ രണ്ടിനുമൊപ്പം കൃഷി കൂടെ ചെയ്തിരുന്നവർ 9 (5.26%)കുടുംബങ്ങളുമാണ്. കൂലിപ്പണിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്നത് 62 (36.26%)കുടുംബങ്ങളാണ്. 11 (6.43%)കുടുംബങ്ങൾ കൂലിപ്പണി, കൃഷി, മൃഗപരിപാലനം എന്നീ മൂന്നു സ്രോതസ്സുകളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വന്നവരാണ്.

അടിയാൻ സമുദായത്തിൽ 3 (37.5%)കുടുംബങ്ങൾ വനവിഭവശേഖരണത്തെയും, കൂലിപ്പണിയെയും ആശ്രയിച്ചിരുന്നവരും 2 (25%)കുടുംബങ്ങൾ കൂലിപ്പണിയെ മാത്രമാശ്രയിച്ച് ഉപജീവനം നടത്തിയിരുന്നവരുമാണ്. കൃഷി, കൂലി, മൃഗപരിപാലനം എന്നീ മൂന്നു മാർഗ്ഗങ്ങളെ ആശ്രയിച്ചിരുന്നവർ 2(25%) കുടുംബങ്ങളും, സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന 1 (12.5%)കുടുംബവുമാണ്. വെട്ടകുറുമൻ സമുദായത്തിലെ 6(7.23%) കുടുംബങ്ങൾ വനാവകാശരേഖ ലഭിക്കുന്നതിനു മുമ്പ് വനവിഭവശേഖരണത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വന്നവരാണ്. വനവിഭവശേഖരണത്തേയും, കൂലിപ്പണിയേയും പോലെ ആശ്രയിച്ചു വന്ന കുടുംബങ്ങളും,, ഇവ രണ്ടിനുമൊപ്പം കൃഷി കൂടി ചെയ്തിരുന്നവർ 7 (8.43%)കുടുംബങ്ങളുമാണ്. വനവിഭവശേഖരണവും, കൃഷിയും പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നത് 2 (2.41%)കുടുംബങ്ങളാണ്. കൂലിപ്പണിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്നവർ 31(37.35%) പേരാണ്. 1 (1.20%)കുടുംബം മാത്രമാണ് പൂർണ്ണമായും കൃഷിയെ മാത്രം ആശ്രയിച്ചിരുന്നതായി അഭിപ്രായപ്പെട്ടത്. കൃഷി, കൂലിപ്പണി, മൃഗപരിപാലനം എന്നീ മൂന്നു മാർഗ്ഗങ്ങളെയും ഒരേപോലെ ആശ്രയിച്ചിരുന്ന 4 (4.82%)കുടുംബങ്ങളാണ് ഉള്ളത്. സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന 1.20% മാത്രമാണ് ഉള്ളത്.

മുള്ളുകുറുമൻ, കുറിച്ച്യൻ, തച്ചനാടൻ മൂപ്പൻ സമുദായങ്ങളിൽ വനവിഭവശേഖരണത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്നവർ ഇല്ല. വനവിഭവശേഖരണത്തെയും, കൂലിപ്പണിയെയും ആശ്രയിച്ചിരുന്നവർ മുള്ളുകുറുമൻ സമുദായത്തിലും, കുറിച്ച്യൻ സമുദായത്തിലും 5 കുടുംബങ്ങൾ വീതവും,(5.15%, 6.58%) തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 6 (20%)കുടുംബങ്ങളുമാണ്. വനവിഭവശേഖരണം , കൃഷിയും ചെയ്തിരുന്നവർ മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളിൽ 7 കുടുംബങ്ങൾ വീതവും (7.22%,

9.21%), തച്ചനാടൻ മൂപ്പൻ സമുദായങ്ങളിൽ 1 (3.33%)കുടുംബവുമാണ്. വനവിഭവശേഖരണം, കൃഷി , കൂലി മൂന്നു മാർഗ്ഗങ്ങളിലും ഉപജീവനം നടത്തിയിരുന്നവർ മുള്ളുകുറുമൻ സമുദായത്തിൽ 15 ഉം(15.46%), കുറിച്ച്യൻ സമുദായത്തിൽ 4 (5.26%)ഉം ആണ്. 3 (3.09%)കുടുംബങ്ങളാണ് മുള്ളുകുറുമൻ സമുദായത്തിൽ കൂലിപ്പണിയെ മാത്രം ആശ്രയിച്ചിരുന്നവർ. കുറിച്ച്യൻ സമുദായത്തിൽ അത് 21 (27.63%)ഉം, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 17 (56.67%)ഉം ആണ്. കൃഷി, കൂലി, മൃഗപരിപാലനം എന്നിവയെ ആശ്രയിച്ചിരുന്നവർ മുള്ളുകുറുമൻ സമുദായത്തിൽ 42 ഉം,(43.30%) കുറിച്ച്യൻ സമുദായത്തിൽ 25(32.89%) ഉം, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 5 (16.67%)ഉം ആണ്. 1 (1.03%)കുടുംബമാണ് മുള്ളുകുറുമൻ സമുദായത്തിൽ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് ഉപജീവനം നടത്തിയിരുന്നത്. കുറിച്ച്യൻ സമുദായത്തിലോ , തച്ചനാടൻ മൂപ്പൻ സമുദായത്തിലും ഇത്തരത്തിൽ ആരും ഉണ്ടായിരുന്നില്ല.

വനവിഭവശേഖരണം മുഖ്യതൊഴിലായോ, ഭാഗികമായോ സ്വീകരിച്ചിരുന്ന419 പേർ വിവിധ മാർഗ്ഗങ്ങളിൽ വിപണനം ചെയ്തിരുന്നു. ബാക്കിയുള്ളവർ സ്വന്തം ആവശ്യത്തിനുവേണ്ടിയായിരുന്നു വനവിഭവങ്ങൾ ശേഖരിച്ചിരുന്നത് . കൂടുതലും സങ്കേതങ്ങളോട് ചേർന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ ആണ് വിൽപന നടത്തിയിരുന്നത്. ഇതു സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 5.2. വനവിഭവങ്ങളുടെ വിപണനം**

| ക്രമ നം. | വിപണനം | എണ്ണം | ശതമാനം |
|---|---|---|---|
| | 1 | 2 | 3 |
| 1 | പട്ടികവർഗ്ഗ സഹകരണസംഘം | 264 | 63.01 |
| 2 | പൊതുമാർക്കറ്റുകളെ ആശ്രയിച്ചിരുന്നവർ | 82 | 19.57 |
| 3 | ഇടനിലക്കാരെ ആശ്രയിച്ചിരുന്നവർ | 13 | 3.10 |
| 4 | പട്ടികവർഗ്ഗ സഹകരണസംഘം , പൊതുമാർക്കറ്റ്, ഇടനിലക്കാർ | 50 | 11.93 |
| 5 | പൊതുമാർക്കറ്റ്/ ഇടനിലക്കാർ | 10 | 2.39 |
| | **ആകെ** | 419 | 100 |

മേപ്പാടി പഞ്ചായത്തിൽ ചെമ്പ്രമലയ്ക്കടുത്ത് സ്ഥിതി ചെയ്യുന്ന സങ്കേതമാണ് പൂളക്കുന്ന്. പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽ ഉൾപ്പെട്ട കാട്ടുനായിക്കൻ വിഭാഗമാണ് ഇവിടുള്ള

ത് .തേൻ, കിഴങ്ങുവർഗങ്ങൾ (നൂറ, ചവല), ഇലകൾ (ചീര, ചികൂട്ടി, സുരണസുപ്പ്), പച്ചമരുന്നുകൾ (തൊട്ടാവാടി, കൂമ്പ, അപ്പ, മുളയുടെ ചൊടി, കരളകം, ചീനിക്ക) എന്നിവയാണ് വനത്തിൽ നിന്ന് ശേഖരിക്കുന്ന പ്രധാന വിഭവങ്ങൾ. വനാവകാശനിയമം നടപ്പിലാവുന്നതിന് മുമ്പും ശേഷവും സങ്കേതത്തിൽ തേൻ ചോദിച്ചെത്തുന്നവർക്ക് നേരിട്ട് വിൽക്കാറുണ്ട്. മുമ്പ് ചീനിക്ക, കുറുന്തോട്ടി, ചുണ്ടവേര് എന്നിവ സഹകരണ സംഘത്തിൽ മാത്രമായിരുന്നു നൽകിയിരുന്നത്എന്നും ഊരുമൂപ്പൻ അഭിപ്രായപ്പെട്ടു.

ഭൂരിപക്ഷം കുടുംബങ്ങളും രേഖ ലഭിക്കുന്നതിന് മുൻപ് വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നതിനു പ്രശ്നങ്ങൾ നേരിട്ടിരുന്നില്ല എന്ന് അഭിപ്രായപ്പെട്ടവരാണെങ്കിലും പ്രശ്നങ്ങൾ നേരിട്ടിരുന്നവരും ഉണ്ട് . കാപ്പി, കുരുമുളക് തുടങ്ങിയ കൃഷികൾ ചെയ്യുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ വിലക്കിയിരുന്നതായും, തൈകൾ നശിപ്പിച്ചിരുന്നതായും തിരുനെല്ലി പഞ്ചായത്തിലെ മദ്ധ്യപാടി സങ്കേതവാസികളും, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് സങ്കേതവാസികളും പറയുന്നു.

വനാവകാശരേഖ ലഭിക്കുന്നതിന് മുൻപ് ഭക്ഷ്യ ആവശ്യങ്ങൾക്കായും, വിപണനത്തിനായും, വനവിഭവങ്ങൾ ശേഖരിക്കുന്നതിനും, ഉൾക്കാട്ടിൽ പോകുന്നതിനും, ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിച്ചത് കാട്ടുനായിക്കൻ, പണിയൻ സമുദായത്തിൽ നിന്നുള്ളവരാണ്. ഏറ്റവും കുറവ് മുള്ളുകുറുമൻ, കുറിച്ച്യൻ, അടിയാൻ സമുദായത്തിൽ നിന്നുള്ളവരാണ്. ഇതിന് കാരണം രണ്ടാമത്തെ ഗ്രൂപ്പ് കൂടുതൽ കൃഷിയെയും, മൃഗപരിപാലനത്തിനെയും ആണ് ഉപജീവനത്തിനായി ആശ്രയിച്ചിരുന്നത്. വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ കൂടുതൽ വ്യാപൃതരായിരുന്നില്ല. മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ് സങ്കേതം, നൂൽപ്പുഴ പഞ്ചായത്തിലെ കാളങ്കണ്ടി, ചുക്കാലിക്കുനി, പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, കേളമംഗലം, വിജയൻകുന്ന് സങ്കേതങ്ങൾ, തിരുനെല്ലി പഞ്ചായത്തിലെ മദ്ധ്യപ്പാടി, പുൽപ്പള്ളി പഞ്ചായത്തിലെ മൊടവങ്കര തുടങ്ങിയ സങ്കേതങ്ങളിൽ നിന്നെല്ലാം കാട്ടുനായിക്കൻ സമുദായത്തിൽപ്പെട്ട ആളുകൾ ഉപജീവനത്തിനായി വനത്തെ ആശ്രയിക്കുന്നതിനു പലവിധ തടസ്സങ്ങൾ നേരിട്ടിരുന്നു.

മേപ്പാടി പഞ്ചായത്തിലെ വെള്ളക്കെട്ട്, കുപ്പച്ചി, ഗോവിന്ദൻപാറ, മമ്മിക്കുന്ന് തുടങ്ങിയ സങ്കേതങ്ങളിലും, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ്, തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, നൂൽപ്പുഴ പഞ്ചായത്തിലെ പണപ്പാടി, എടത്തറ എന്നീ സങ്കേതങ്ങളിലും ഉൾപ്പെടുന്ന പണിയൻ സമുദായ അംഗങ്ങളും, വനത്തെ ആശ്രയിക്കുന്നതിനു പലവിധ തടസ്സങ്ങൾ നേരിട്ടിരുന്നു.

1995-2000 കാലഘട്ടങ്ങളിൽ, നിലവിൽ അധിവസിക്കുന്ന പ്രദേശത്തേക്ക്, താമസം തുടങ്ങുകയും കൃഷി ചെയ്യാൻ ആരംഭിക്കുകയും ചെയ്ത സങ്കേതങ്ങളിലാണ് വനംവകുപ്പിന്റെ ഭാഗത്തു നിന്നും ഉപജീവനത്തിനായി വനത്തെ ആശ്രയിക്കുന്നതിനു വലിയ

തോതിലുള്ള എതിർപ്പ് പ്രകടമായിട്ടുള്ളത്. തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി, പൂതാടി പഞ്ചായത്തിലെ കൃഷ്ണൻകുന്ന്, വിജയൻകുന്ന് എന്നീ സങ്കേതങ്ങളിൽ എല്ലാ സമുദായങ്ങളിലും ഉള്ള ആളുകൾ ഈ പ്രശ്നത്തെ സംബന്ധിച്ച് ഒരേ അഭിപ്രായം പറയുകയുണ്ടായി.

വനാവകാശം നടപ്പിലാക്കുന്നതിന് മുമ്പ് വനത്തിൽ നിന്നുള്ള വിഭവങ്ങൾ രണ്ട് തരത്തിൽ പ്രയോജനപ്പെട്ടിട്ടുള്ളതായി കാണാം. ഒന്നാമതായി അവരുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയും, രണ്ടാമതായി ഒരു വരുമാനദായകമാർഗ്ഗവുമായിരുന്നു .

## 5.3. ഉപജീവനം -വനാവകാശനിയമത്തിന് ശേഷം

വനത്തിൽ താമസിക്കുന്ന ഗോത്രവർഗ്ഗങ്ങളുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നതായിരുന്നു വനവകാശനിയമത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. വനത്തിനകത്തും, വനത്തിനോട് ചേർന്നും, അധിവസിച്ചിരുന്ന ഗോത്രസമൂഹങ്ങളിൽ വരുമാനത്തിനായി വനവിഭവങ്ങൾ ശേഖരിക്കുന്നവരുടെ എണ്ണത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. വനവുമായി ബന്ധപ്പെട്ട് വരുമാനം കണ്ടെത്തിയിരുന്നവരിൽ നല്ലൊരു ശതമാനവും കാർഷിക- ഇതര കൂലിപ്പണികളെ ആണ് ഇപ്പോൾ ആശ്രയിച്ചുവരുന്നത്. മാത്രവുമല്ല കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ വ്യക്തിഗത അവകാശം ലഭിച്ചതോടുകൂടി തടസ്സങ്ങളില്ലാതെ കൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. അതിലുടെ ഒരു വിഭാഗം കുടുംബങ്ങൾക്ക് അഭിവൃദ്ധി നേടാൻ കഴിഞ്ഞിട്ടുണ്ട്. നിയമം നടപ്പിൽ വന്നതോടുകൂടി ഉപജീവനമാർഗ്ഗത്തിൽ മാറ്റം വന്നതിനെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ നല്കിയിട്ടുണ്ട്.

**പട്ടിക 5.3. ഉപജീവനമാർഗ്ഗത്തിൽവന്ന മാറ്റം**

| ക്രമ നം. | മാറ്റം | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 49 | 10 | 4 | 2 | 0 | 3 | 2 | 70 (9.10%) |
| 2 | ഇല്ല | 255 | 161 | 93 | 81 | 76 | 27 | 6 | 699 (90.90%) |
| **ആകെ** | | 304 | 171 | 97 | 83 | 76 | 30 | 8 | 769 (100%) |

വനാവകാശ നിയമപ്രകാരം അവകാശം ലഭ്യമായതിനു ശേഷം കുടുംബ ത്തിന്റെ പ്രധാന ഉപജീവനമാർഗ്ഗത്തിൽ മാറ്റം വന്നിട്ടുണ്ട് എന്ന് അഭിപ്രായപ്പെ ട്ടത്9.10%കുടുംബങ്ങൾ മാത്രമാണ്. അതിൽ 34% കുടുംബങ്ങളും രേഖ ലഭിച്ചതിനു ശേഷം തങ്ങളുടെ ഭൂമിയിൽ തടസ്സമില്ലാതെ കൃഷി ചെയ്തു തുടങ്ങിയവരും, അതിലൂടെ വരുമാനം നേടി തുടങ്ങിയവരുമാണ്. രേഖ ലഭിക്കുന്നതിനു മുമ്പ് കൈവശമുള്ള ഭൂമിയിൽ കൃഷി ചെയ്യാൻ സാഹചര്യമില്ലാതിരുന്നവരാണിവർ.

13 സങ്കേതങ്ങളിലുള്ള 24 കുടുംബങ്ങളാണ് ഇത്തരത്തിൽ രേഖ ലഭിച്ചതിനു ശേഷം കൃഷിയിൽ നിന്ന് അധികവരുമാനം നേടിത്തുടങ്ങിയത് എന്നഭിപ്രായപ്പെട്ടത്. മേപ്പാടി പഞ്ചായത്തിലെ പൂളക്കുന്ന്, മമ്മിക്കുന്ന്, പഞ്ചമിക്കുന്ന്, കാർമ്മൽകുന്ന്, കുപ്പച്ചി എന്നീ സങ്കേതങ്ങളും, പൂതാടി പഞ്ചായത്തിലെ കൂടല്ലൂർ, അയനിമല, കൃഷ്ണൻകുന്ന്, വിജ യൻകുന്ന്, നെയ്ക്കുപ്പ മണൽവയൽ, പുൽപ്പള്ളി പഞ്ചായത്തിലുൾപ്പെടുന്ന ബസ വൻകൊല്ലി സങ്കേതവും, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി, മദ്ധ്യപ്പാടി എന്നീ സങ്കേതങ്ങളും ഇതിലുൾപ്പെടുന്നു.

കാട്ടുനായിക്കൻ സമുദായത്തിലുൾപ്പെടുന്ന കുടുംബങ്ങൾ പരമ്പരാഗതമായി അധിവ സിച്ചു വരുന്ന സങ്കേതമാണ് മദ്ധ്യപ്പാടി. പരമ്പരാഗത സങ്കേതമായിരുന്നിട്ടു കൂടി ഇവിടെ ഇവർക്കു കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യാൻ ശ്രമിച്ചിരുന്നുവെങ്കിലും വനംവ കുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന തടസ്സങ്ങളെ അതിജീവിക്കാൻ സങ്കേതവാസികൾക്ക് സാധിച്ചിരുന്നില്ല. തന്മൂലം കൃഷി ചെയ്യാതെ കിടന്ന ഭൂമിക്ക് വനാവകാശനിയമപ്രകാരം രേഖ നൽകുന്നതിനു പോലും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എതിർപ്പുണ്ടായി. നില വിൽ രേഖ ലഭിച്ച ഭൂമിയിൽ നിന്ന് കാപ്പികുരുവും, കുരുമുളകും ലഭിക്കുന്നുണ്ട്. ഇപ്പോൾ എല്ലാ കുടുംബങ്ങളും അവകാശം ലഭിച്ച സ്ഥലത്ത് കാപ്പി, കുരുമുളക്, വാഴ, പച്ചക്കറികൾ എന്നിവ ധാരാളമായി കൃഷി ചെയ്തുവരുന്നുണ്ട്.


വനാവകാശരേഖ ലഭിച്ചതിനു ശേഷം ഉപജീവനമാർഗ്ഗത്തിൽ മാറ്റമുണ്ടായതായി അഭിപ്രായപ്പെട്ട കുടുംബങ്ങളിൽ കൃഷിയിലൂടെ അധികവരുമാനം നേടിത്തുടങ്ങിയ കുടുംബങ്ങളൊഴികെ ശേഷിക്കുന്ന കുടുംബങ്ങൾ, നിലവിൽ കൂലിപ്പണിയെ ആശ്രയി ക്കുന്നവരാണ്. മൃഗശല്യം മുൻപത്തേതിലും, കൂടിയതിനാൽ കൃഷി ഉപേക്ഷിച്ചവരും, ഭൂമി കുറവായതിനാൽ കൃഷി ചെയ്യാൻ സാധിക്കാത്തവരും, വനവിഭവശേഖരണത്തെ മുൻപ ത്തേതു പോലെ ആശ്രയിക്കാൻ കഴിയാത്തവരും ഇതിലുൾപ്പെടുന്നു. 86.5% കുടുംബ ങ്ങളും വനാവകാശരേഖ ലഭിച്ചിട്ടുണ്ടെങ്കിലും ഉപജീവനമാർഗ്ഗത്തിൽ മാറ്റം വന്നിട്ടില്ല എന്ന ഭിപ്രായപ്പെട്ടവരാണ്.

ഉപജീവനമാർഗ്ഗങ്ങളിൽ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതിൽ എറ്റവും കൂടുതൽ കാട്ടുനായിക്കൻ സമുദായത്തിൽപെട്ടവർക്കാണ്. കുറിച്ച്യൻ സമുദായത്തിൽപ്പെട്ട ആർക്കും മാറ്റം ഉണ്ടായിട്ടില്ല..ഇ സമുദായത്തിൽപ്പെട്ട ഒരു കുടുംബവും ഉപജീവന ത്തിനായി വനവിഭവങ്ങളെ മാത്രം ആശ്രയിച്ചിരുന്നവർ ആയിരുന്നില്ല .

## 5.4. വനവിഭവശേഖരണവും, വരുമാനമാർഗ്ഗവും (വനാവകാശനിയമത്തിന് ശേഷം)

നിലവിൽ വരുമാനമാർഗ്ഗമായി വനവിഭവശേഖരണം നടത്തി വരുന്ന കുടുംബാംഗങ്ങൾ 33.4% ആയി കുറഞ്ഞു. വനാവകാശനിയമം നിലവിൽ വരുന്നതിന് മുമ്പ് വനവിഭവശേഖരണം ആയിരുന്നു ഭൂരിപക്ഷം കുടുംബങ്ങളുടെയും പ്രാധാന വരു മാനമാർഗ്ഗം പ്രത്യേകിച്ച് കാട്ടുനായിക്കൻ, പണിയൻ സമുദായക്കാരുടെത്. **(പട്ടിക..5.1 . കാണുക)** . ഔഷധസസ്യങ്ങളായ കുറുന്തോട്ടി,, പാടവേര്, ശതാവേരി കിഴങ്ങ്, ചീനിക്ക, മരത്തിൽ നിന്നു ശേഖരിക്കുന്ന പൂപ്പൽ, തുടങ്ങിയവയാണ് വനത്തിൽ നിന്നു ശേഖരി ക്കുന്ന ഔഷധസസ്യങ്ങൾ. എന്നാൽ ഏറ്റവും അധികം ശേഖരിക്കപ്പെടുന്നത് തേൻ ആണ്. കാട്ടുനായിക്കൻ സമുദായക്കാരാണ് ഉൾക്കാടുകളിൽ നിന്നു തേൻ സംഭരിച്ച് വിൽപ്പന നടത്തിവരുന്നവർ.

**ചാർട്ട് 5.ജി.1**




വരുമാനത്തിനായി വനവിഭവങ്ങളെ ശേഖരിക്കുന്നതിൽ മുൻപന്തിയിലുള്ളത് കാട്ടു നായിക്കൻ സമുദായം ആണ് . 55% കുടുംബങ്ങളാണ് വരുമാനത്തിനായി വനവിഭവശേഖ രണത്തെ ആശ്രയിക്കുന്നത്.മുമ്പ് ഇവർ 80% ആയിരുന്നു. , തച്ചനാടൻ മൂപ്പൻ , മുള്ളു ക്കുറുമൻ, കുറിച്ച്യൻ, സമുദായത്തിൽ നിന്ന് വരുമാനത്തിനായി വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നവരുടെ എണ്ണം കുറവാണ്. ഇതുമായി ബന്ധപ്പെട്ട പട്ടിക ചുവടെ ചേർക്കു

ന്നു.വ്യക്തിഗതാവകാശത്തിലൂടെ അര ഏക്കർ മുതൽ മൂന്ന് ഏക്കറിന് മുകളിൽ ഏറ്റവും കൂടുതൽ അവകാശം ലഭിച്ചിട്ടുള്ളതും പ്രസ്തുത സമുദായക്കാർക്ക് തന്നെയാണ് (**70% ന് മുകളിൽ.അദ്ധ്യായം 4 പട്ടിക 4.21............. കാണുക**).

**പട്ടിക 5.4. വരുമാനത്തിനായി വനവിഭവശേഖരണം – സമുദായടിസ്ഥാനത്തിൽ**

| ക്രമ നം. | വന വിഭ വ ശേ ഖര ണം | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായ ക്കൻ | പണി യൻ | മുള്ളു കുറുമൻ | വെട്ടകു റുമൻ | കുറിച്ച്യൻ | തച്ചനാ ടൻമൂ പ്പൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 151 (46.97%) | 60 (35.09%) | 14 (14.43%) | 31 (37.35%) | 8 (10.53%) | 3 (10%) | 3 (37.5%) | 270 (35.11%) |
| 2 | ഇല്ല | 153 (50.33%) | 111 (64.91%) | 83 (85.57%) | 52 (62.65%) | 68 (89.47%) | 27 (90%) | 5 (62.5%) | 499 (64.89%) |
| | **ആകെ** | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) |

പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലാണ് ശേഖരിക്കുന്ന വിഭവങ്ങൾ കൂടുതലും വിൽപ്പന നടത്തി വരുന്നത്. കൂടാതെ, തേൻ പൊതുകടകളിലും, ഊരിൽആവശ്യപ്പെട്ടെത്തുന്നവർക്കും നൽകാറുണ്ടെന്നും കുറുന്തോട്ടി, ചീനിക്ക മുതലായവ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ മാത്രമാണ് വിൽപ്പന നടത്തുവാൻ സാധിക്കുകയുള്ളു എന്നും സങ്കേതവാസികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശേഖരിക്കുന്ന വിഭവങ്ങളുടെ മൂല്യം സ്വയമിടാനുള്ള അവകാശം നിയമം വഴി നൽകിയിട്ടുണ്ടെങ്കിൽകൂടി ഭൂരിഭാഗവും അത് സംബന്ധിച്ച് അജ്ഞരാണ്. വിശദവിവരം മുകളിൽ കൊടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ക്രമീകരിച്ചിട്ടുള്ള വിലക്കാണ് വിഭവങ്ങൾ നൽകുന്നത്.

## 5.5.വനാവകാശവും, സ്വതന്ത്രമായിട്ടുള്ള വിഭവങ്ങളുടെ വിപണനവും

വനാവകാശ നിയമം വന്നതിലൂടെ വനത്തിൽ നിന്നു ശേഖരിക്കുന്ന തേൻ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വിഭവങ്ങളുടെ വിൽപ്പനയ്ക്കായി , പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പൊതുമാർക്കറ്റുകൾ, ഊരിലെത്തുന്ന ആവശ്യക്കാർ എന്നിങ്ങനെ ഏതു മാർഗ്ഗത്തിലും, വിപണനം നടത്താനുള്ള സ്വാതന്ത്ര്യം കൈവന്നിട്ടുള്ളതായി 22.76 ശതമാനം കുടുംബങ്ങൾ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 20.55 ശതമാനം കുടുംബങ്ങൾക്ക് ഇത്തരത്തിൽ സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം കൈവന്നിട്ടില്ല . ഇതിനെ കുറിച്ച് ധാരണയില്ലാത്തവർ 56.70 ശതമാനം കുടുംബങ്ങളാണ്. വിശദവിവരങ്ങൾ പട്ടിക 5.5 ൽ നൽകിയിട്ടുണ്ട്

**പട്ടിക.5.5.വനാവകാശം വന്നതിലൂടെ വനവിഭവങ്ങൾ**

**സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം**

| ക്രമ നം. | അവകാശം | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായകൻ | പണിയൻ | അടിയാൻ | വെട്ടകുറുമൻ | മുള്ളുകുറുമ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | | |
| 1 | ഉണ്ട് | 106 | 33 | 1 | 22 | 9 | 4 | 0 | 175 | 22.76 |
| 2 | ഇല്ല | 50 | 52 | 2 | 13 | 19 | 13 | 9 | 158 | 20.55 |
| 3 | അറിയില്ല | 148 | 86 | 5 | 48 | 69 | 59 | 21 | 436 | 56.70 |
| | **ആകെ** | **304** | **171** | **8** | **83** | **97** | **76** | **30** | **769** | **100** |

കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 34.87% കുടുംബങ്ങൾ വനാവകാശനിയമം വന്നതിലൂടെ വനവിഭവങ്ങൾ സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം കൈവന്നിട്ടുണ്ട് എന്നഭിപ്രായപ്പെട്ടിട്ടുണ്ട്. തേൻ വിൽപ്പനയ്ക്കായി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ കൂടാതെ, ഊരിലെത്തുന്ന കച്ചവടക്കാർ, ഇടനിലക്കാർ, പൊതുവിപണി എന്നിവിടങ്ങളെയെല്ലാം ആശ്രയിച്ചു വരുന്നവരാണ് ഈ അഭിപ്രായമുന്നയിച്ചത്. വനവിഭവങ്ങൾ ശേഖരിച്ചു വിൽപ്പന നടത്തുന്നില്ലെങ്കിൽ കൂടെ അവകാശത്തിലെ ഈ സാധ്യതയെ കുറിച്ച് അറിവുള്ളവരും സമാന അഭിപ്രായം പറയുന്നുണ്ട്. കാട്ടുനായിക്കരെ കൂടാതെ പണിയൻ സമുദായത്തിലെ 19.30%, വെട്ടക്കുറുമൻ സമുദായത്തിലെ 26.51%, മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 28%, കുറിച്ച്യൻ സമുദായത്തിലെ 5.26% അടിയാൻ സമുദായത്തിൽ നിന്ന്

12.5%, വനവിഭവങ്ങൾ സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം കൈവന്നിട്ടുണ്ട് എന്നഭിപ്രായപ്പെട്ടിട്ടുണ്ട്.തച്ചനാടൻമൂപ്പൻ സമുദായത്തിൽ നിന്ന് സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം കൈവന്നിട്ടുണ്ട് എന്ന് ആരും അഭിപ്രായപ്പെട്ടിട്ടില്ല.

വനാവകാശ നിയമം വന്നതിലൂടെ വനവിഭവങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് യാതൊരു മാറ്റവും വന്നിട്ടില്ലെന്നും, പ്രത്യേക അവകാശങ്ങളൊന്നും ഇതുമായി ബന്ധപ്പെട്ട് കൈവന്നിട്ടില്ലെന്നും അഭിപ്രായപ്പെട്ടത് കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 16.45% കുടുംബങ്ങളും, പണിയൻ സമുദായത്തിൽ നിന്ന് 30.41% കുടുംബങ്ങളുമാണ്. കൂടാതെ, മുള്ളുകുറുമൻ സമുദായത്തിലെ 19.59% കുടുംബങ്ങൾ , വെട്ടക്കുറുമൻ, കുറിച്ച്യൻ എന്നീ രണ്ട് സമുദായങ്ങളിൽ നിന്നും യഥാക്രമം 15.66%, 17.11% കുടുംബങ്ങൾ വീതവും, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 30% ഉം, അടിയാൻ സമുദായത്തിൽ നിന്ന് 25% കുടുംബങ്ങളുമാണ്.

വനവിഭവങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശം വനാവകാശനിയമത്തിലൂടെ കൈവന്നിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് അറിയില്ല എന്നഭിപ്രായപ്പെട്ടത് കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 48.68% കുടുംബങ്ങളാണ്. പണിയൻ സമുദായത്തിൽ നിന്ന് 50.29% കുടുംബങ്ങളും, മുള്ളുക്കുറുമർ സമുദായത്തിലെ 71.13% കുടുംബങ്ങളും കൂടാതെ, അടിയാൻ സമുദായത്തിൽ നിന്ന് 62.5%, കുറിച്ച്യൻ സമുദായത്തിലെ 77.63%, വെട്ടക്കുറുമൻ സമുദായത്തിലെ 57.83%, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 70% ഉം കുടുംബങ്ങൾ സമാനരീതിയിൽ അഭിപ്രായപ്പെട്ടു. ഇവർ മുൻപേ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ വനവിഭവങ്ങളുടെ വിൽപ്പനയ്ക്കായി ആശ്രയിച്ചു വരുന്നവരും, ഇപ്പോഴും തുടരുന്നവരുമാണ്. പച്ചമരുന്നുകൾ (ശതാവരി, കുറുന്തോട്ടി, പാടക്കിഴങ്ങ്, ചീനിക്ക) തുടങ്ങിയവ സഹകരണസംഘത്തിൽ മാത്രമാണ് വിപണനം നടത്താൻ സാധിക്കുന്നത് എന്നും, മൂല്യം വർദ്ധിപ്പിച്ച് വിപണനം നടത്തുവാൻ സാധിക്കുന്നില്ലായെന്നും, ഗുണഭോക്താക്കൾ അഭിപ്രായപ്പെടുന്നുണ്ട്. വനവിഭവശേഖരണത്തിൽ കൂടിയുള്ള സാമ്പത്തികചശ പുരോഗതി കൈവരിയ്ക്കാൻ വനാവകാശം സഹായിച്ചിട്ടില്ല

### 5.5.1. <u>വിപണനം</u>

വനാവകാശം നിലവിൽ വന്നതിലൂടെ വനവിഭവങ്ങൾ സ്വതന്ത്രമായി വിൽക്കാൻ അവകാശം കൈവന്നിട്ടുണ്ട് എന്നഭിപ്രായപ്പെട്ടവരിൽ, ഇപ്പോൾ സഹകരണസംഘം വഴി വിഭവങ്ങൾ വിൽക്കാൻ സാധിക്കുന്നു എന്നഭിപ്രായപ്പെട്ടവർ 36.5 ശതമാനം കുടുംബങ്ങളാണ്. മുൻപ് ഇടനിലക്കാരെയും, പൊതുവിപണിയെയുമാണ് ഇവർ ആശ്രയിച്ചിരുന്നത്. 16 ശതമാനം ഗുണഭോക്താക്കൾ വനാവകാശനിയമം വന്നതിലൂടെ വനവിഭവങ്ങൾ പൊതുവിപണിയിൽ വിൽക്കാൻ കഴിയുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടു. സഹകരണസംഘത്തിൽക്കൂടി വിൽക്കാൻ സാധിക്കുന്നു എന്നഭിപ്രായപ്പെട്ടത് 37.7 ശതമാനം കുടുംബങ്ങളാണ്. 2.2 ശത

മാനം കുടുംബങ്ങൾ വനവിഭവങ്ങളുടെ വിപണനത്തിനായി പൊതുവിപണിയെയും, ഊരിൽ എത്തുന്ന ആവശ്യക്കാരെയും ആശ്രയിക്കുന്നവരാണ്. സഹകരണസംഘങ്ങളിലും, ഊരിലെത്തുന്ന ആവശ്യക്കാരെയും മാത്രം ആശ്രയിക്കുന്നവർ 4.5 ശതമാനമാണ്. 2.8 ശതമാനം കുടുംബങ്ങൾ മാത്രം വനവിഭവങ്ങളുടെ വിപണനത്തിനായി ഊരിൽ എത്തുന്ന ആവശ്യക്കാരെയും ആശ്രയിക്കുന്നവരാണ്. വിശദ വിവരങ്ങൾ പട്ടിക 5.6 ൽ നൽകിയിട്ടുണ്ട്.


**പട്ടിക .5.6 വനവിഭവങ്ങളുടെ വിപണനം**

| ക്രമ നം. | വിപണനം | ആകെ | ശതമാനം |
|---|---|---|---|
| 1 | പട്ടികവർഗ്ഗ സഹകരണസംഘം | 64 | 36.5 |
| 2 | പൊതുവിപണി | 28 | 16 |
| 3 | പട്ടികവർഗ്ഗ സഹകരണസംഘം, പൊതുവിപണി | 66 | 37.7 |
| 4 | പൊതുവിപണി, ഊരിലെത്തുന്ന ആവശ്യക്കാർ | 4 | 2.2 |
| 5 | സഹകരണസംഘം, ഊരിലെത്തുന്ന ആവശ്യക്കാർ | 8 | 4.5 |
| 6 | ഊരിലെത്തുന്ന ആവശ്യക്കാർ | 5 | 2.8 |
| | **ആകെ** | **175** | **100** |

## 5.8 വനവിഭവങ്ങളുടെ മൂല്യം വർദ്ധിപ്പിച്ചുള്ള വിൽപ്പന

ശേഖരിക്കുന്ന വനവിഭവങ്ങളുടെ മൂല്യം വർദ്ധിപ്പിച്ച് വിൽക്കുന്നതിനുള്ള അവകാശം വനാവകാശമായി നൽകുന്നു എന്നതിൽ ഊരുസഭകൾ മുഖേനയോ, മറ്റേതെങ്കിലും മാർഗ്ഗത്തിലോ അറിവു ലഭിച്ചിട്ടുള്ളവർ 3.38 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ്. 96.6 ശതമാനവും ഇതേ സംബന്ധിച്ച് യാതൊരറിവും ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയവരാണ്. വിശദ വിവരങ്ങൾ ചാർട്ട് **5.ജി.2** ൽ നൽകിയിട്ടുണ്ട്

ചാർട്ട് 5.ജി.2




മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് വനവിഭവശേഖരണം വരുമാനത്തിനായി നടത്തി വരുന്നവർ കൂടുതലുള്ളത് കാട്ടുനായിക്കൻ സമുദായത്തിലാണ്. എന്നിരുന്നാൽ കൂടി, ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് സ്വതന്ത്രമായി മൂല്യം വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള അവകാശം വനാവകാശമായി നൽകുന്നുണ്ടെന്നതിനെ സംബന്ധിച്ച് അറിവുള്ളത് 3.29 ശത മാനം ഗുണഭോക്താക്കൾക്ക് മാത്രമാണ്. 96.71 ശതമാനവും, ഇത് സംബന്ധിച്ച് യാതൊരറി വും ലഭിച്ചിട്ടില്ലാത്തവരാണ്. പണിയൻ സമുദായത്തിലെ 97 ശതമാനം കുടുംബങ്ങളും, അടിയാൻ സമുദായത്തിലെ 100 ശതമാനം കുടുംബങ്ങളും ഇത് സംബന്ധിച്ച് യാതൊരു ധാരണയുമില്ല എന്നഭിപ്രായപ്പെട്ടു. വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 97.59 ശതമാനം, മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 95.8 ശതമാനം, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 94.7 ശതമാനം, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 96.67 ശതമാനം എന്നിങ്ങനെയാണ് സ്വതന്ത്രമായി മൂല്യം വർദ്ധിപ്പിച്ച് വിൽക്കാനുള്ള അവകാശം വനാവകാശമായി നൽകുന്ന തിനെ സംബന്ധിച്ച് അറിവൊന്നും ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ. സുൽത്താൻബത്തേരി നഗരസഭയിൽ ഉൾപ്പെടുന്ന പാമ്പ്രമൂല, പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി, ചന്ദ്രോത്ത് എന്നീ സങ്കേതങ്ങളും, മുപ്പൈനാട് പഞ്ചായത്തിലെ നീലിമല, ശേഖരൻകുണ്ട്, മുട്ടിൽ പഞ്ചായത്തിലെ കരിയാത്തൻപാറ തുടങ്ങിയ 31 സങ്കേതങ്ങളിൽ നിന്ന് 743 കുടുംബങ്ങളാണ് പ്രസ്തുത അഭിപ്രായം ഉന്നയിച്ചത്.

സ്വതന്ത്രമായി മൂല്യം വർദ്ധിപ്പിച്ച് വനവിഭവങ്ങൾ വിൽക്കാനുള്ള അവകാശത്തെ സംബന്ധിച്ച് അറിയാം എന്ന് അഭിപ്രായപ്പെട്ടത്.3.29 ശതമാനം കാട്ടുനായിക്ക സമുദായ അംഗങ്ങളെ കൂടാതെ, പണിയൻ സമുദായത്തിലെ 3 ശതമാനം ഗുണഭോക്താക്കളും, വെട്ട ക്കുറുമൻ സമുദായത്തിലെ 2.5 ശതമാനവും ആണ്. മുള്ളുകുറുമൻ സമുദായത്തിൽ

നിന്ന് 4.12 ശതമാനവും, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 5.26 ശതമാനവും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 3.33 ശതമാനം കുടുംബങ്ങളും ഇത് സംബന്ധിച്ച് അറിവ് ലഭിച്ചിട്ടുണ്ട് എന്ന് അഭിപ്രായപ്പെട്ടു. നൂൽപ്പുഴ പഞ്ചായത്തിലെ കോളയോട്ട് കുറുമ, മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന്, പൂളക്കുന്ന്, പുൽപ്പള്ളി പഞ്ചായത്തിലെ കണ്ടാമല കുറുമ, തിരുനെല്ലി പഞ്ചായത്തിലെ കൂപ്പ്, പനവല്ലി തുടങ്ങിയ 15 സങ്കേതങ്ങളിലായിട്ടാണ് പ്രസ്തുത അഭിപ്രായം പറഞ്ഞിട്ടുള്ള 26 ഗുണഭോക്താക്കളുള്ളത്.

## 5.9 വനവിഭവശേഖരണത്തിൽ ഏർപ്പെടുന്ന കാലയളവ്

വ്യത്യസ്ത കാലങ്ങളിലാണ് വിവിധ വനവിഭവങ്ങളെ ശേഖരിക്കുക. തേൻശേഖരണം വിഷു കഴിഞ്ഞുള്ള കാലത്താണ് നടത്തി വരുന്നത് എന്ന് കാട്ടുനായിക്കൻ സമുദായത്തിലെ മുതിർന്ന ആളുകൾ പറയുന്നു. തേനും,നെല്ലിക്കയും വർഷത്തിൽ ഒരുതവണ മാത്രം ലഭ്യമാകുന്ന വനവിഭവങ്ങളാണ്. കുറുന്തോട്ടി നവംബർ മാസത്തിലാണ് ശേഖരിക്കുന്നത്. ശതാവേരി, പാടക്കിഴങ്ങ്, പൂപ്പൽ തുടങ്ങിയ ഔഷധസസ്യങ്ങൾ വർഷത്തിൽ എല്ലാ സമയത്തും ലഭ്യമാകുന്നവയാണ്. വിശദ വിവരങ്ങൾ പട്ടിക 5.7 ൽ നൽകിയിട്ടുണ്ട്.

**പട്ടിക-5.7 വനവിഭവശേഖരണത്തിൽ ഏർപ്പെടുന്ന കാലയളവ്**

| കാലയളവ് | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | കാട്ടുനായക്കൻ | പണിയൻ | മുള്ളുകുറുമൻ | വെട്ടകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | |
| വർഷം മുഴുവൻ | 55 (36.42%) | 10 (16.67%) | 1 (7.14%) | 2 (6.45%) | 2 (25%) | 0 (00%) | 0 (0%) | 70 (25.93%) |
| ആറ് മാസത്തിലൊരിക്കൽ | 38 (25,17%) | 13 (21.67%) | 0 (0.00%) | 6 (19.35%) | 4 (50%) | 0 (00%) | 1 (33.33%) | 62 (22.96%) |
| മൂന്ന് മാസത്തിലൊരി | 8 (5.305) | 2 (3.33%) | 0 (0.00%) | 0 (0.00%) | 0 (0.00%) | 0 (00%) | 0 (0.00%) | 10 (3.70%) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്കൽ | | | | | | | | |
| വർഷത്തിൽ ഒന്ന് | 50 (33.11%) | 35 (58.33%) | 13 (92.86%) | 23 (74.19%) | 2 (25%) | 3 (100%) | 2 (66.67%) | 128 (47.41%) |
| **ആകെ** | **151 (100%)** | **60(100)** | 14 (100%) | 31 (100%) | 8 (100%) | 3 (100%) | 3 (100%) | 270 (100%) |

വർഷത്തിൽ മുഴുവൻ സമയവും വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നവരിൽ കൂടുതലും കാട്ടുനായിക്കരാണ്.(79%) മുള്ളുകുറുമൻ, തച്ചനാടൻ മൂപ്പൻ എന്നീസമുദായ ങ്ങളിൽ നിന്ന് 93% 100% വും, വർഷത്തിലൊരു തവണ മാത്രം വനവിഭവശേഖരണത്തിൽ ഏർപ്പെട്ടു വരുന്നവരാണ്. വർഷത്തിൽ മുഴുവൻ സമയവും വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നത് 26% കുടുംബങ്ങളാണ്. 36% കാട്ടുനായിക്കൻ കുടുംബങ്ങളും , 17% പണിയൻ കുടുംബങ്ങളും , വെട്ടക്കുറുമൻ, മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളിൽ നിന്ന് യഥാക്രമം 6.45%,7.14%,25% കുടുംബങ്ങളും വർഷം മുഴുവൻ വനത്തിൽ നിന്ന് വിഭവ ങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നവരാണ്. 6 മാസത്തിലൊരിക്കൽ മാത്രം വനവിഭവശേ ഖരണം നടത്തി കൊണ്ടിരിക്കുന്നവർ 23% കുടുംബങ്ങളാണ്. 25.17% കാട്ടുനായിക്കൻ സമു ദായത്തിലെ കുടുംബങ്ങളും, പണിയൻ സമുദായത്തിലെ 21.67% കുടുംബങ്ങളും, വെട്ടക്കു റുമൻ സമുദായത്തിലെ19.35% കുടുംബങ്ങളും ഇതിലുൾപ്പെടുന്നു. കൂടാതെ, അടിയ സമു ദായത്തിലെ 33%ഉം കുറിച്ച്യൻ സമുദായത്തിലെ 50% കുടുംബങ്ങളും , 6 മാസത്തിൽ ഒരു തവണ വരുമാനത്തിനായി വനവിഭവശേഖരണത്തിൽ ഏർപ്പെട്ടു വരുന്നു. കാട്ടുനായിക്കൻ സമുദായത്തിലെ 5% ഉം, പണിയൻ സമുദായത്തിലെ 3% ഉം മാത്രമാണ് മൂന്നുമാസത്തി ലൊന്ന് വനവിഭവശേഖരണം നടത്തി വരുന്നവർ. ഇത് മുഴുവൻ 3.7% മാത്രമാണ്.

47.4% കുടുംബങ്ങളും വർഷത്തിൽ ഒരുതവണമാത്രം വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നവരാണ്. തേൻ, നെല്ലിക്ക, കുറുന്തോട്ടി തുടങ്ങിയ വനവിഭവങ്ങളാണ് വർഷ ത്തിൽ ഒരു തവണ മാത്രം ലഭ്യമാകുന്നവ. വെട്ടക്കുറുമൻ, അടിയാൻ സമുദായത്തിൽ നിന്ന് യഥാക്രമം 74%, 67% കുടുംബങ്ങൾ ഇതേ കാലയളവിൽ വനവിഭവശേഖരണത്തിൽ ഏർപ്പെടുന്നവരാണ്. വർഷം മുഴുവനും ലഭിക്കുന്നത് 25.93% വും ബാക്കിയുള്ളത് സീസണലുമാണ്.

## 5.10 വനവിഭവശേഖരണം ലഭ്യത

വനവിഭവശേഖരണത്തിൽ ഏർപ്പെട്ടിരുന്നവരും, നിലവിൽ ശേഖരണം നടത്താത്തവ രും, ഇപ്പോഴും വനവിഭവശേഖരണത്തിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്ന കുടുംബങ്ങളിൽ 77

ശതമാനവും അഭിപ്രായപ്പെട്ടത്, വനാവകാശരേഖ ലഭിക്കുന്നതിനു മുമ്പുള്ള കാലഘട്ട ത്തിൽ ആയിരുന്നു ശേഖരിക്കുന്ന വനവിഭവങ്ങളുടെ അളവ് കൂടുതൽ എന്നാണ്.അടിയാൻ സമുദായത്തിൽപ്പെട്ട 100% ഇത്തരത്തിൽ അഭിപ്രായപ്പെട്ടവരാണ് . 1 ശതമാനം കുടുംബങ്ങൾ മാത്രമാണ് വനാവകാശത്തിനു ശേഷം വനവിഭവങ്ങൾ കൂടുതല ളവിൽ ശേഖരിക്കുന്നതായി അഭിപ്രായപ്പെട്ടത്. 8.2 ശതമാനം കുടുംബങ്ങൾ വിഭവശേഖ രണം രണ്ടു കാലഘട്ടങ്ങളിലും ഒരേ അളവിലാണെന്നും 13 ശതമാനം കുടുംബങ്ങൾ വനാ വകാശരേഖ ലഭിക്കുന്നതിനു മുൻപോ, ശേഷമോ വരുമാനത്തിനായി വനവിഭവശേഖരണ ത്തിൽ ഏർപ്പെടാത്തവരുമാണ്. വിവരങ്ങളടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക5.8 വനവിഭവങ്ങളുടെ ലഭ്യത**

| ക്രമ നം. | ലഭ്യത | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായക്കൻ | പണിയൻ | അടിയാൻ | വെട്ടകുറുമൻ | മുള്ളുകുറുമൻ | കുറിച്ച്യൻ | തച്ചനാടൻമൂപ്പൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | വനാവകാശത്തിനു മുൻപ് | 221 | 129 | 8 | 60 | 82 | 70 | 29 | 599 (77.89%) |
| 2 | വനാവകാശത്തിനു ശേഷം | 5 | 0 | 0 | 0 | 0 | 1 | 1 | 7 (0.91%) |
| 3 | ഒരേപോലെ | 48 | 42 | 0 | 23 | 15 | 5 | 0 | 163 (21.20%) |
| | ആകെ | 304 | 171 | 8 | 83 | 97 | 76 | 30 | 769 (100%) |


ഏഴ് സമുദായങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് കൂടുതൽ കുടുംബങ്ങളും വനാവകാശത്തിനു മുൻപ് കൂടുതലളവിൽ വനവിഭവശേഖരണം നടത്തി വന്നവരാണ്. കാട്ടുനായിക്കൻ സമുദായത്തിലെ 221 (73%) കുടുംബങ്ങളും, പണിയൻ സമുദായത്തിലെ 129 (75%) കുടുംബങ്ങളും, വെട്ടക്കുറുമൻ സമുദായത്തിലെ 72% കുടുംബ ങ്ങളും അടിയ സമുദായത്തിലെ മുഴുവൻ കുടുംബങ്ങളും ഇതേ അഭിപ്രായം ഉന്നയി ച്ചവരാണ്. മുള്ളുകുറുമൻ, കുറിച്ച്യൻ ,തച്ചനാടൻ മൂപ്പൻ സമുദായങ്ങളിലെ 80% മുകളിൽ,

കുടുംബങ്ങളും വനാവകാശത്തിനു മുൻപ് കൂടുതൽ അളവിൽ വനവിഭവശേഖരണം നടത്തിയിരുന്നവരാണ്. വനാവകാശത്തിനു ശേഷം ശേഖരിക്കുന്ന വനവിഭവങ്ങളുടെ അളവ് കൂടുതലാണ് എന്നഭിപ്രായപ്പെട്ടവർ കാട്ടുനായിക്കൻ സമുദായത്തിൽ 5 കുടുംബങ്ങളും, കുറിച്ച്യൻ, തച്ചനാടൻ മൂപ്പൻ സമുദായങ്ങളിലെ ഓരോ കുടുംബങ്ങളും മാത്രമാണ് . ബാക്കിയുള്ളവർ എല്ലാവരും വരുമാനത്തിനായി വിഭവശേഖരണം നടത്തിയിരുന്നത് വനാവകാശത്തിനു മുൻപും, ശേഷവും ഒരേ അളവിൽത്തന്നെ ആണെന്ന് അഭിപ്രായപ്പെട്ടവരാണ്. നൂൽപ്പുഴ പഞ്ചായത്തിലെ മണൽവയൽ കാട്ടുനായിക്ക സങ്കേതം, തിരുനെല്ലി പഞ്ചായത്തിലെ മണ്ണുണ്ടി, പുൽപ്പള്ളി പഞ്ചായത്തിലെ പുലയൻമൂല എന്നിവിടങ്ങളിലെ കാട്ടുനായിക്കൻ സമുദായ അംഗങ്ങളും, നെല്ലേരി, ഓടമൂല, പണപ്പാടി, തുടങ്ങിയ സങ്കേതങ്ങളിൽ നിന്ന് പണിയൻ സമുദായ അംഗങ്ങളും സമാന അഭിപ്രായം ഉന്നയിച്ചവരാണ്. കോളയോട്ട്, കണ്ടാമല തുടങ്ങിയ സങ്കേതങ്ങളിൽ നിന്നും,, അത്തിക്കടവ്, ചോയിമൂല എന്നിവിടങ്ങളിൽ നിന്നുമാണ് പ്രസ്തുത സമുദായങ്ങളിലെ ആളുകൾ വനാവകാശത്തിനു മുൻപും, ശേഷവും ഒരേ അളവിൽത്തന്നെ വിഭവങ്ങൾ ശേഖരിക്കുന്നു എന്ന് വ്യക്തമാക്കിയത്.

## 5.11.വനവിഭവങ്ങളും, ഭക്ഷ്യസുരക്ഷയും .

കിഴങ്ങുവർഗ്ഗങ്ങളായ നൂറക്കിഴങ്ങ്, കാട്ടുകാച്ചിൽ, വള്ളിക്കിഴങ്ങ്, ഹെക്ക്, നാറ തുടങ്ങിയവയും, ഇലവർഗ്ഗങ്ങളായ ഞണക്ക, ചീര, സുള്ളി, തായചപ്പ്, തുടങ്ങിയവയുമെല്ലാമാണ് വനത്തിൽ നിന്നു ശേഖരിക്കുന്ന പ്രധാന ഭക്ഷ്യവസ്തുക്കൾ. കാട്ടുനായിക്കൻ സമുദായക്കാരും, പണിയൻ സമുദായക്കാരുമാണ് ഭക്ഷ്യവിഭവങ്ങൾക്കായി നിലവിൽ വനത്തെ കൂടുതൽ ആശ്രയിക്കുന്നത്. ഇവ കൂടാതെ, പെരുംകൂൺ, ഇമിക്കൂൺ, കോട്ടസുപ്പൻ തുടങ്ങിയ കൂൺവർഗ്ഗങ്ങളും ഭക്ഷണത്തിനായി ഉപയോഗിക്കുന്നു. ജലാശയങ്ങളിൽ നിന്നും, വയൽപ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന മത്സ്യങ്ങളും, ഞണ്ട് പോലുള്ള ചെറുജീവികളെയും ശേഖരിച്ച് ഭക്ഷിക്കുന്നവരുണ്ട്. ഭക്ഷണാവശ്യങ്ങൾക്കായി വനത്തെയും, വനവിഭവങ്ങളെയും ആശ്രയിക്കുന്നവർ 78% കുടുംബങ്ങളാണ്. 22% കുടുംബങ്ങൾ ഭക്ഷണാവശ്യങ്ങൾക്കു വേണ്ടി വനവിഭവങ്ങളെ ആശ്രയിക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ടു. വിശദ വിവരങ്ങൾ ചാർട്ട് **5.ജി.3** ൽ നൽകിയിട്ടുണ്ട്.

ചാർട്ട് 5.ജി.3




കാട്ടുനായിക്കൻ സമുദായക്കാരും, പണിയൻ സമുദായക്കാരുമാണ് ഭക്ഷ്യവിഭവങ്ങൾക്കായി നിലവിൽ വനത്തെ കൂടുതൽ ആശ്രയിക്കുന്നത്. സമുദായം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 5.9 ഭക്ഷണാവശ്യങ്ങൾക്കായി വനവിഭവങ്ങളുടെ ഉപയോഗം**

| ക്രമ നമ്പർ | ഉപയോഗം | സമുദായങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായകൻ | പണിയൻ | മുള്ളുക്കുറുമൻ | വെട്ടക്കുറുമൻ | കുറിച്യൻ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ |
| | | 1 | 2 | 5 | 4 | 6 | 7 | 3 | |
| 1 | ഉണ്ട് | 255 (83.88%) | 148 (86.55%) | 66 (68.04%) | 55 (66.27%) | 52 (68.42%) | 14 (46.67%) | 6 (75%) | 596 (77.5%) |
| 2 | ഇല്ല | 49 (16.12%) | 23 (13.45%) | 31 (31.96%) | 28 (33.73%) | 24 (31.58%) | 16 (53.335) | 2 (25%) | 173 (22.5%) |
| **ആകെ** | | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) |

84%കാട്ടുനായിക്കൻ സമുദായത്തിൽ പെട്ട കുടുംബങ്ങൾ ഭക്ഷ്യാവശ്യത്തിനായി നിലവിൽ വനത്തെ ആശ്രയിക്കുന്നുണ്ട്. പണിയൻ സമുദായത്തിൽ നിന്ന് 86%, അടിയാൻ സമുദായത്തിലെ 75% കുടുംബങ്ങൾ, ഭക്ഷണാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നു. വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 66% കുടുംബങ്ങളും, ഭക്ഷണാവശ്യത്തി

നായി വനത്തെ ആശ്രയിക്കുന്നു. മേൽപറഞ്ഞതുപോലെ ഭക്ഷണരീതിയിൽ വനവിഭവങ്ങളെ ആശ്രയിക്കുന്ന കുടുംബങ്ങൾ മുള്ളുകുറുമൻ, കുറിച്യൻ സമുദായത്തിൽ പെട്ട 68% ഉം, , തച്ചനാടൻ മൂപ്പൻ സമുദായത്തിൽ 46% കുടുംബങ്ങളുമാണ്ഭക്ഷണാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് .. വിശദാംശങ്ങൾപട്ടിക 5.7 ൽ നൽകിയിട്ടുണ്ട്.

**പട്ടിക 5.10 ശേഖരിക്കുന്ന ഭക്ഷ്യവിഭവങ്ങൾ**

| ക്രമ നം. | വനവിഭവങ്ങൾ | ശേഖരിക്കുന്നവരുടെ എണ്ണം | ശതമാനം |
|---|---|---|---|
| | 1 | 2 | 3 |
| 1 | കിഴങ്ങുവർഗ്ഗങ്ങൾ | 11 | 1.85 |
| 2 | തേൻ | 5 | 0.84 |
| 3 | ഇലകൾ | 21 | 3.52 |
| 4 | ജലവിഭവങ്ങൾ | 27 | 4.53 |
| 5 | കിഴങ്ങ്, ഇലകൾ, തേൻ | 151 | 25.34 |
| 6 | കിഴങ്ങ്, ജലവിഭവങ്ങൾ, ഇലകൾ | 217 | 36.41 |
| 7 | തേൻ, ഇലകൾ, ജലവിഭവങ്ങൾ, മറ്റുള്ളവ | 55 | 9.23 |
| 8 | കിഴങ്ങ്, തേൻ, ഇലകൾ, ഇലവർഗ്ഗങ്ങൾ, ജലവിഭവങ്ങൾ, മറ്റുള്ളവ | 109 | 18.29 |
| **ആകെ** | | **596** | 100 |

വനത്തിൽ നിന്ന് ഭക്ഷണത്തിനായി കിഴങ്ങ് വർഗ്ഗങ്ങളെ മാത്രം ആശ്രയിക്കുന്നത് 1.84% കുടുംബങ്ങളാണ്. ലഭ്യമായ അവസരങ്ങളിൽ തേൻ ശേഖരിച്ചു ഭക്ഷിക്കാറുണ്ടെന്നും, മറ്റൊന്നിനു വേണ്ടിയും, വനത്തെ ആശ്രയിക്കാറില്ലെന്നും അഭിപ്രായപ്പെട്ടത് 0.83% കുടുംബങ്ങളും, വനത്തിൽ നിന്നുള്ള ഇലവർഗ്ഗങ്ങൾ മാത്രം ആഹാരത്തിനായി ഉപയോഗിക്കാറുണ്ടെന്ന് അഭിപ്രായപ്പെട്ട 3.5 ശതമാനം കുടുംബങ്ങളുമാണുള്ളത്. മത്സ്യം, ഞണ്ട്, തുടങ്ങി പുഴകളിൽ നിന്നും, ചെറുതോടുകളിൽ നിന്നും ലഭ്യമായ ജലവിഭവങ്ങളെ മാത്രം ആഹാരത്തിനായി ഉപയോഗിച്ചു വരുന്ന കുടുംബങ്ങൾ 4.5 ശതമാനമാണ്.

കിഴങ്ങുവർഗ്ഗങ്ങൾ, തേൻ, ഇലവർഗ്ഗങ്ങൾ ഇവ മൂന്നും വനത്തിൽ നിന്ന് ശേഖരിക്കുകയും, ഭക്ഷണമായി ഉപയോഗിക്കുകയും ചെയ്യുന്നവർ 25.3 ശതമാനം കുടുംബങ്ങളും, ഇവയ്ക്കൊപ്പം ജലവിഭവങ്ങളും, കൂൺ പോലുള്ള മറ്റ് വസ്തതുക്കളും ഉപയോഗിക്കുന്ന 18.2% കുടുംബങ്ങളും ഉണ്ട്. വ്യത്യസ്ത കിഴങ്ങുകൾ , ഇലകൾ, ജലവിഭവങ്ങൾ എന്നിവ ശേഖരിച്ചു വരുന്ന 36.4 ശതമാനം കുടുംബങ്ങളും , തേൻ, ഇലവർഗ്ഗങ്ങൾ , ജലവിഭവങ്ങൾ എന്നിവ മാത്രം ശേഖരിക്കുന്ന 9.18% കുടുംബങ്ങളുമുണ്ട്.

26.2 ശതമാനം മാത്രമാണ് നിലവിൽ ഭക്ഷ്യ ആവശ്യത്തിനായി വനവിഭവങ്ങളെ ആശ്രയിക്കാത്തവർ. കൂലിപ്പണിയും, മറ്റ് ജോലികളുംം ആശ്രയിച്ച് ഉപജീവനം നടത്തുന്ന കുടുംബങ്ങളാണ് ഭക്ഷ്യാവശ്യത്തിനായി വനവിഭവങ്ങളെ ആശ്രയിക്കാറില്ലെന്ന് അഭിപ്രായ പ്പെട്ടത്. പൊതുവിപണന കേന്ദ്രങ്ങളെ ആശ്രയിച്ചും, മറ്റ് കടകളെ ആശ്രയിച്ചുമുള്ള ആഹാ രക്രമം സ്വീകരിച്ചിട്ടുള്ളവരാണ് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾ.

ഭക്ഷണാവശ്യങ്ങൾക്കായി വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി ദിവസേന വന ത്തിൽ പോകാറുണ്ട് എന്നഭിപ്രായപ്പെട്ടത് 10 ശതമാനം ഗുണഭോക്താക്കളാണ്. ഒന്ന്, രണ്ട്, ആഴ്ച ഇടവിട്ട് വനത്തിൽ വിഭവശേഖരണത്തിനായി പോകുന്നുണ്ട് എന്ന് 38.5 ശതമാനം കുടുംബങ്ങൾ അഭിപ്രായപ്പെട്ടു. മാസത്തിൽ ഒന്നോ, രണ്ടോ തവണ വനത്തിൽ പോയി ഭക്ഷ്യാവശ്യത്തിനുള്ള വിഭവങ്ങളും, ശേഖരിക്കാറുണ്ടെന്ന് ̆ വ്യക്തമാക്കിയത് 51.3 ശതമാനം ആണ്. വിശദ വിവരങ്ങൾ പട്ടിക 5.11 ൽ നൽകിയിട്ടുണ്ട്.

**പട്ടിക . 5.11 വിഭവങ്ങൾ, ശേഖരിക്കുന്ന കാലയളവ് –** സമുദായടിസ്ഥാനത്തിൽ

| ക്രമ നമ്പർ | രീതി | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായക്കൻ | പണിയൻ | അടിയാൻ | വെട്ടക്കുറുമൻ | മുള്ളുക്കുറുമ | കുറിച്യർ | ഊരാളിമൂപ്പൻ | |
| 1 | ദിവസേന | 43 | 11 | 0 | 2 | 0 | 2 | 2 | 60 (10.07%) |
| 2 | ഒന്ന്, രണ്ട് ആഴ്ച ഇട വിട്ട് | 110 | 72 | 3 | 22 | 6 | 11 | 6 | 230 38.59%) |
| 3 | മാസത്തിൽ ഒന്ന് , രണ്ട് തവണ | 102 | 65 | 3 | 31 | 60 | 39 | 6 | 306 (51.34%) |
| ആകെ | | 255 | 148 | 6 | 55 | 66 | 52 | 14 | 596 (100%) |

ഭക്ഷണാവശ്യത്തിനായി ദിവസേന വനത്തിൽ പോകാറുണ്ടെന്ന് കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 16.8 ശതമാനം കുടുംബങ്ങളാണ് അഭിപ്രായപ്പെട്ടത്. ഒന്ന്, രണ്ട്, ആഴ്ച ഇടവിട്ട് വനത്തിൽ പോയി വിഭവങ്ങൾ ശേഖരിക്കാറുണ്ട് എന്നഭിപ്രായപ്പെട്ടവർ 43.5

ശതമാനവും, മാസത്തിൽ ഒന്ന്,രണ്ട് തവണ മാത്രം പോകാറുള്ളവർ 40 ശതമാനം കുടുംബ ങ്ങളുമാണ്.

പണിയൻ സമുദായത്തിൽ നിന്ന് ഭക്ഷ്യവിഭവങ്ങൾ ശേഖരിക്കുന്നതിനായി ദിവസേന വനത്തെ ആശ്രയിക്കുന്നത് 7.5 ശതമാനം കുടുംബങ്ങളാണ്. 49.3 ശതമാനം ഒന്ന്, രണ്ട് ആഴ്ചകൾ ഇടവിട്ട് വനത്തിൽ പോകുന്നവരും, 43 ശതമാനം കുടുംബങ്ങൾ മാസത്തിൽ ഒന്നോ, രണ്ടോ തവണ വനത്തിൽ വിഭവശേഖരണത്തിനായി പോകുന്നവരുമാണ്. വെട്ട ക്കുറുമർ സമുദായത്തിൽ നിന്ന് 3.5 ശതമാനം കുടുംബങ്ങളും, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 3.7 ശതമാനവും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 13.3 ശതമാനം കുടുംബങ്ങളും, ഭക്ഷ്യാവശ്യത്തിനു വേണ്ടി ദിവസേന വനത്തെ ആശ്രയിക്കുന്നു. 50 ശതമാനം കുടുംബ ങ്ങളാണ് ഒന്ന്, രണ്ട് ആഴ്ച ഇടവിട്ടുള്ള അവസരങ്ങളിൽ ഭക്ഷ്യവിഭവങ്ങൾ ശേഖരിക്കുന്ന തിനായി വനത്തിൽ പോകാറുള്ളത്. വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 39.2 ശതമാനം കുടുംബങ്ങളും, മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 9.3 ശതമാനവും, കുറിച്ച്യൻ സമുദാ യത്തിൽ നിന്ന് 20.3 ശതമാനവും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 40 ശതമാനവുമാണ് അഭിപ്രായപ്പെട്ട കുടുംബങ്ങൾ.

ഒരു മാസത്തിൽ ഒന്നോ, രണ്ടോ തവണ മാത്രം ഭക്ഷ്യവിഭവങ്ങളുടെ ശേഖരണത്തി നായി വനത്തെ ആശ്രയിക്കുന്നത് , അടിയാൻ സമുദായത്തിൽ നിന്ന് 50 ശതമാനം കുടും ബങ്ങളാണ്. വെട്ടക്കുറുമൻ സമുദായത്തിലെ 57 ശതമാനം കുടുംബങ്ങളും, മുള്ളുകുറുമൻ സമുദായത്തിലെ 90.6 ശതമാനവും, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 76 ശതമാനം കുടും ബങ്ങളും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 46.6 ശതമാനവും ഇതേ അഭിപ്രായം നൽകി യവരാണ്.

### 5.11.1 ഭക്ഷ്യാവശ്യങ്ങൾക്കായി വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള തടസ്സങ്ങൾ

ഭക്ഷണാവശ്യത്തിനായി കിഴങ്ങുകളും, ദൈനംദിന ആവശ്യങ്ങൾക്കുള്ള മറ്റു വനവിഭവ ങ്ങളും ശേഖരിക്കുന്നതിന് തടസ്സം നേരിടുന്നതായി എല്ലാ സമുദായങ്ങളും അഭിപ്രായപ്പെട്ടി ട്ടുണ്ട്. നിലവിൽ വനത്തിൽ നിന്ന് കത്തി ഉപയോഗിച്ച് വിറക് ശേഖരിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർ അനുവദിക്കാറില്ലെന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കി. കൂടാതെ, മുള ശേഖരിക്കുന്നതിനും, ഇല്ലി വെട്ടുന്നതിനും വനംവകുപ്പ് അനുവദിക്കാറില്ല. പൂതാടി പഞ്ചാ യത്തിലെ വിജയൻകുന്ന് സങ്കേതം, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ്, തിരുനെല്ലി പഞ്ചായത്തിലെ ചക്കിണി തുടങ്ങിയ സങ്കേതങ്ങളിൽ നിന്നെല്ലാമാണ് ഇത്തരത്തിൽ അഭി പ്രായപ്പെട്ടത്.

സങ്കേതത്തോട് ചേർന്ന വനാതിർത്തിയിലുൾപ്പെട്ട ജലാശയങ്ങളിൽ നിന്ന് ഭക്ഷ്യാവ ശ്യത്തിനായി മീൻപിടിക്കാൻ അനുവദിക്കാറില്ല എന്ന് , തിരുനെല്ലി പഞ്ചായത്തിലുൾപ്പെട്ട പനവല്ലി, കൂപ്പ് എന്നീ സങ്കേതവാസികളിൽ ചിലരും, നൂൽപ്പുഴ പഞ്ചായത്തിലെ പണപ്പാടി


സങ്കേതത്തിലെ ഉപഭോക്താക്കളും അഭിപ്രായപ്പെട്ടു. 21 സങ്കേതങ്ങളിൽ നിന്ന് ഗുണഭോക്താക്കൾ ഇത്തരത്തിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിനു തടസ്സമുള്ളതായി അഭിപ്രായപ്പെട്ടു.

ഭക്ഷണാവശ്യത്തിനു വേണ്ടി കിഴങ്ങുകൾ, ഇലകൾ, തേൻ, ചെറുമത്സ്യങ്ങൾ എന്നിവയും, വിറകും ശേഖരിക്കുന്നതിന് വനത്തെ ആശ്രയിക്കാറുണ്ട് എന്ന് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

## 5.8 പച്ചമരുന്നു ശേഖരണവും, ഉപജീവനവും

സങ്കേതങ്ങളോട് ചേർന്ന വനപ്രദേശങ്ങളിൽ നിന്നും പച്ചമരുന്നുകൾ ശേഖരിക്കാറുള്ളത് 20.16 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ്.. ഉപജീവനമാർഗ്ഗമായി_ നിലവിൽ പച്ചമരുന്നുകൾ –ശേഖരിക്കുന്നവർ താരതമ്യേന ആദ്യകാലഘട്ടങ്ങളെ അപേക്ഷിച്ച് കുറവാണ. വിശദാംശങ്ങൾ˘ ചാർട്ട് **ചാർട്ട് 5.ജി.4**ൽ നൽകിയിട്ടുണ്ട്.

**ചാർട്ട് 5.ജി.4**





കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 17.76 ശതമാനം കുടുംബങ്ങൾ നിലവിൽ ഉപജീവനമാർഗ്ഗമായി വനത്തിൽ നിന്നും പച്ചമരുന്ന് ശേഖരിക്കാറുണ്ട് എന്നഭിപ്രായപ്പെട്ടു. . പണിയൻ സമുദായത്തിലെ 22.22 ശതമാനവും, അടിയ സമുദായത്തിൽ നിന്ന് 25 ശതമാനം, മുള്ളുകുറുമൻ സമുദായത്തിലെ 28.87 ശതമാനം കുടുംബങ്ങളും, കുറിച്യ്യൻ സമുദായത്തിൽ നിന്ന് 26.32 ശതമാനം കുടുംബങ്ങൾ, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 26.67 ശതമാനം കുടുംബങ്ങളും വനത്തിൽ നിന്നും പച്ചമരുന്ന് ശേഖരിക്കാറുണ്ട്. വെട്ടക്കുറുമൻ

സമുദായത്തിൽ നിന്നുമാണ് വളരെ കുറഞ്ഞ ശതമാനം കുടുംബങ്ങളാണ് നിലവിൽ പച്ചമരുന്നുകൾ ശേഖരിക്കാറുള്ളത്, 6 ശതമാനം കുടുംബങ്ങൾ.

## 5.12 പച്ചമരുന്നുകൾ ശേഖരിക്കുന്നതിന് തടസ്സം

പച്ചമരുന്നുകൾ ശേഖരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നതായി അഭിപ്രായപ്പെട്ടത് 14.5 ശതമാനം കുടുംബങ്ങളാണ്.

**ചാർട്ട് 5.ജി.5**




മേപ്പാടി പഞ്ചായത്തിലെ കാർമ്മൽകുന്ന്, നൂൽപ്പുഴ പഞ്ചായത്തിലെ കോളയോട്ട് കുറുമ, ഗോവിന്ദൻപാറ, തിരുനെല്ലി പഞ്ചായത്തിലെ വെള്ളറോടി, ചക്കിണി തുടങ്ങിയ സങ്കേതങ്ങളിൽ നിന്നെല്ലാം ഗുണഭോക്താക്കൾ ഇത്തരത്തിൽ തടസ്സം നേരിടുന്നതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉൾവനത്തിൽ പോയി മരുന്നു ശേഖരിക്കാൻ വനംവകുപ്പിന്റെ അനുമതിയില്ലെന്ന് കാർമ്മൽകുന്ന് സങ്കേതത്തിലെ ഗുണഭോക്താക്കൾ വ്യക്തമാക്കി. വന്യമൃഗശല്യം മറ്റൊരു കാരണമായി സങ്കേതവാസികൾ ചൂണ്ടികാണിക്കുന്നുണ്ട്.

കാട്ടുനായിക്കൻ സമുദായത്തിലെ 13 ശതമാനം പേരാണ് വനത്തിൽ നിന്നും പച്ചമരുന്നുകൾ ശേഖരിക്കുന്നതിനു തടസ്സം നേരിടുന്നതായി അഭിപ്രായപ്പെട്ടത്. പണിയൻ സമുദായത്തിൽ നിന്ന് 16 ശതമാനവും, അടിയ സമുദായത്തിൽ നിന്ന് 50 ശതമാനം പേരും സമാന രീതിയിൽ അഭിപ്രായപ്പെട്ടു. മുള്ളുക്കുറുമരിൽ നിന്ന് 21.43 ശതമാനവും, കുറിച്യരിൽ നിന്ന് 15 ശതമാനവും തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 13 ശതമാനം കുടുംബങ്ങളും ഇത്തരത്തിൽ വനത്തിൽ നിന്ന് പച്ചമരുന്നുകൾ ശേഖരിക്കുന്നതിന് തടസ്സം നേരിടുന്നതായി അഭിപ്രായപ്പെട്ടവരാണ്.

## 5.13 വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ജലാശയങ്ങൾ

വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ജലാശയങ്ങൾ ഉപയോഗിക്കാനും, അതിലുൾപ്പെടുന്ന ജലവിഭവങ്ങൾ ശേഖരിച്ചുപയോഗിക്കുവാനും, സാധിക്കുന്നുണ്ടോ എന്ന അന്വേഷണത്തിന് മത്സ്യമുൾപ്പെടെയുള്ള ജലവിഭവങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയത് 66.5 ശതമാനം ഗുണഭോക്താക്കളാണ്. 7.8 ശതമാനം ഗുണഭോക്താക്കൾ നിലവിൽ ജലവിഭവങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് അഭിപ്രായപ്പെട്ടു. പുഴ, തോട്, അരുവി തുടങ്ങിയ ഉറവിടങ്ങളൊന്നും സങ്കേതത്തോട് ചേർന്ന് നിലവിലില്ല എന്നതിനാൽ 25.6 ശതമാനം ഗുണഭോക്താക്കൾക്ക് നിലവിൽ ജലവിഭവങ്ങളെ ആശ്രയിക്കാൻ സാധിക്കുന്നില്ലെന്ന് വ്യക്തമാക്കി. വിശദ വിവരങ്ങൾ പട്ടിക 5.7 ൽ നൽകിയിട്ടുണ്ട്.

### പട്ടിക 5.12 ജലവിഭവങ്ങളുടെ ഉപയോഗം

| ക്രമനമ്പർ | ഉപയോഗം | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായകൻ | പണിയൻ | മുള്ളുക്കുറുമൻ | വെട്ടകുറുമൻ | കുറിച്യർ | തച്ചനാടൻമൂപ്പൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 179 (58.88%) | 132 (77.19%) | 61 (62.89%) | 48 (57.83%) | 70 (92.11%) | 16 (53.33%) | 6 (75%) | 512 (66.58%) |
| 2 | ഇല്ല | 21 (6.91%) | 6 (3.51%) | 17 (17.53%) | 13 (15.66%) | 0 (0.00%) | 2 (6.67%) | 1 (12.5%) | 60 (7.80%) |
| 3 | സങ്കേതത്തോട് ചേർന്ന് ജലാശയമില്ല | 104 (34.21%) | 33 (19.30%) | 19 (19.59%) | 22 (26.51%) | 6 (7.89%) | 12 (40.00%) | 1 (12.5%) | 197 (25.62%) |
| | ആകെ | 304 (100%) | 171 (100%) | 97 (100%) | 83 (100%) | 76 (100%) | 30 (100%) | 8 (100%) | 769 (100%) |

വനാതിർത്തിയോട് ചേർന്ന് ജലാശയങ്ങളും, ജലവിഭവങ്ങളും ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്നഭിപ്രായപ്പെട്ടത് കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന്6.9% കുടുംബങ്ങളും, മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 1.52% കുടുംബങ്ങളും, വെട്ടക്കുറുമൻ സമുദായത്തിലെ 15.66% കുടുംബങ്ങളും, പണിയൻ സമുദായത്തിൽ നിന്ന് 3.5% കുടുംബങ്ങളും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 6.6% കുടുംബങ്ങളും, അടിയാൻ സമുദായത്തിലെ 12.5% ആണ്.

സങ്കേതങ്ങളിൽ നിന്ന് ജലാശയങ്ങളിലേക്ക് ദൂരക്കൂടുതലുള്ളതിനാൽ ജലവിഭവങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്ന് ലക്ഷംവീട് സങ്കേതവാസികൾ അഭിപ്രായപ്പെട്ടു. മുപ്പൈനാട് പഞ്ചായത്തിലെ ശേഖരൻകുണ്ട് സങ്കേതത്തിൽ നിന്നും സമാന അഭിപ്രായമുന്നയിച്ചിട്ടുണ്ട്. വന്യജീവികളുടെ ഉപദ്രവമാണ് ഇവർ നേരിടുന്ന പ്രധാന വെല്ലുവിളി. ഇവരെ കൂടാതെ, പുൽപ്പള്ളി പഞ്ചായത്തിലെ തിരുമുഖം സങ്കേതത്തിൽ നിന്നും ഗുണഭോക്താക്കൾ സമാനരീതിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

25.6 ശതമാനം കുടുംബങ്ങൾ സങ്കേതത്തോട് ചേർന്നോ, സങ്കേതമുൾപ്പെടുന്ന വനമേഖലയിലോ, ജലസ്രോതസ്സുകൾ ഇല്ലാത്ത, ജലവിഭവങ്ങളെ ആശ്രയിക്കാൻ സാധിക്കാത്തവരാണ്. കാട്ടുനായിക്കൻ സമുദായത്തിലെ 34.21% കുടുംബങ്ങളും, പണിയ സമുദായത്തിലെ 19.29% കുടുംബങ്ങളും, വെട്ടക്കുറുമരിൽ നിന്ന് 26.50% കുടുംബങ്ങളും ഇത്തരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, മുള്ളുകുറുമൻ സമുദായത്തിലെ 19.58%, കുറിച്ച്യൻ സമുദായത്തിലെ7.89% കുടുംബങ്ങളും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 40% കുടുംബങ്ങളും ജലാശയമില്ലാത്തതിനാൽ ജലവിഭവങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്തവരാണ്.

മത്സ്യം, ഞണ്ട്, തുടങ്ങിയ ജലവിഭവങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ട 66.5 ശതമാനം കുടുംബങ്ങളും വിപണനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടാത്തവരും, സ്വന്തം ഭക്ഷ്യാവശ്യങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിച്ചു വരുന്നവരുമാണ്.

## 5.14 വനാവകാശ നിയമത്തിന് ശേഷമുള്ള കാർഷികാവസ്ഥ

വനാവകാശനിയമത്തിലൂടെ കൈവശാവകാശം ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യാനാവുന്നുണ്ടോ എന്നതും ഭൂമി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടോയെന്നതുമാണ് വിലയിരുത്തൽ പഠനത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്ന്. കൃഷി ആരംഭിച്ചതിലൂടെ ഉപജീവനമാർഗ്ഗത്തിലും, വരുമാനത്തിലും, ജീവിതനിലവാരത്തിലും മാറ്റമുണ്ടായിട്ടുണ്ടോ എന്നതും പ്രസക്തമാണ്.

വിവരശേഖരണം നടത്തിയതിൽ 624 പേരാണ്(81%). അവകാശം ലഭിച്ച ഭൂമിയിൽ ചെറിയതോതിലെങ്കിലും കൃഷി ചെയ്യത് വരുന്നവരാണ് 19% . 145 പേർ വിവിധ കാരണങ്ങൾ കൊണ്ട് കൃഷി ചെയ്യുന്നില്ല. പ്രസ്തുത ഭൂമിയിൽ താമസമില്ലാത്ത 39 പേർ ബാധകമല്ല എന്നതിലുൾപ്പെടുന്നു. സമുദായാടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക:5.13 അവകാശം ലഭിച്ച ഭൂമിയിൽ കൃഷി. സമുദായാടിസ്ഥാനത്തിൽ**

| ക്രമനമ്പർ | കൃഷി | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ട ക്കുറുമൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 237 (77.96%) | 133 (77.78 %) | 86 (88.66%) | 71 (93.42%) | 25 (83.33%) | 66 (79.52%) | 6(75%) | 624 (81%) |
| 2 | ഇല്ല | 67 (22.04%) | 38 (22.22 %) | 11 (11.34%) | 35 (46.05%) | 5 (16.67%) | 17 (20.48%) | 2(25%) | 145 (19%) |
| **ആകെ** | | **304 (100%)** | **171 (100%)** | **97 (100%)** | **76 (100%)** | **30 (100%)** | **83 (100%)** | **8(100%)** | **769 (100%)** |

എല്ലാ സമുദായങ്ങളിലും കൃഷി ചെയ്യുന്ന ഗുണഭോക്താക്കളാണ് കൂടുതൽ കൃഷി ചെയ്യാത്തവർ താരതമ്യേന കുറവാണ്. 57 സങ്കേതങ്ങളിൽ ഭൂരിഭാഗം സങ്കേതങ്ങളിലും കൃഷിയുണ്ട്. സ്ഥലമില്ലാത്തതിനാൽ കൃഷി ചെയ്യാത്ത 17 സങ്കേതങ്ങളാണുള്ളത്. നൂൽപ്പുഴ പഞ്ചായത്തിലെ അണ്ണിമൂല, കുറിച്യാട്, എടത്തറ, പുൽപ്പള്ളി പഞ്ചായത്തിലെ ചന്ത്രോത്ത്, ഫോറസ്റ്റ് വയൽ, മേലെ കുണ്ടുവാടി, പൂതാടി പഞ്ചായത്തിലെ കേളമംഗലം, ലക്ഷംവീട്, ബത്തേരി മുനിസിപ്പാലിറ്റിയിലെ മണൽ വയൽ, പാമ്പ്രമൂല, നെല്ലിപ്പറ്റ, ഓടമൂല, തിരുനെല്ലി പഞ്ചായത്തിലെ ചേകാടി ചക്കിണി, കൂപ്പ് എന്നീ സങ്കേതങ്ങളിലാണ് കൃഷി ചെയ്യാൻ ഭൂമിയില്ലാത്തതിനാൽ ആരും തന്നെ കൃഷി ചെയ്യാത്തത്. എന്നാൽ, മേപ്പാടി പഞ്ചായത്തിൽ ഗോവിന്ദൻപാറ , കുപ്പച്ചി, നൂൽപ്പുഴ പഞ്ചായത്തിലെ കാളങ്കണ്ടി, പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി പോലുള്ള സങ്കേതങ്ങളിൽ സ്ഥലമില്ലാത്തതിനാൽ കൃഷി ചെയ്യാത്ത ചില ഗുണഭോക്താക്കളുണ്ട്.

അതേ സമയം, വനാവകാശം ലഭിച്ച ഭൂമിക്കൊപ്പം റവന്യൂ ഭൂമിയിലും ഉടമസ്ഥതയുള്ള പ്രസ്തുത ഭൂമിയിലും കൃഷി ചെയ്യുന്ന സങ്കേതവാസികളുണ്ട്. മുള്ളുകുറുമൻ കുറിച്ച്യൻ സമുദായങ്ങളിലുള്ളവരാണ് ഇത്തരത്തിൽ റവന്യൂ ഭൂമിയിൽ, കൃഷി ചെയ്യുന്നത്. നൂൽപ്പുഴ പഞ്ചായത്തിലെ മാറോട്, ഊരംകുന്ന്, പുൽപ്പള്ളി പഞ്ചായത്തിലെ കണ്ടാമല , പനമരം പഞ്ചായത്തിലെ നടുവിൽമുറ്റം, തിരുനെല്ലി പഞ്ചായത്തിലെ വെള്ളറോടി, പൂതാടി

പഞ്ചായത്തിലെ കൂടല്ലൂർ, തവിഞ്ഞാൽ പഞ്ചായത്തിലെ ചോയിമൂല, പുന്നശ്ശേരി എന്നീ സങ്കേതങ്ങളാണിത്.

കൃഷി ചെയ്യുന്ന 624(81%) പേരിൽ പരമ്പരാഗതമായി കൃഷി ചെയ്യുന്നവരും, അവ കാശം ലഭിച്ചതിനു ശേഷം കൃഷി ആരംഭിച്ചവരുമുണ്ട്. സമുദായടിസ്ഥാനത്തിലുള്ള പ്രസ്തുത വിവരം പട്ടിക. **5.14** നൽകിയിട്ടുണ്ട്.

**പട്ടിക .5.14** കൃഷി സമുദായടിസ്ഥാനത്തിൽ

| ക്രമനം | കൃഷി | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനാ യിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്യർ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | പരമ്പരാഗത മായി | 185 78.06% | 105 (78.95%) | 83 (96.51%) | 66 (92.96%) | 23 (92%) | 50 (75.76%) | 4 (66.67%) | 495 (79.33%) |
| 2 | അവകാശം ലഭിച്ചതു മുതൽ | 52 21.94% | 28 (21.05) | 3 (3.49%) | 5 (7.04%) | 2 (8%) | 16 (24.24%) | 2 (33.33%) | 129 (20.67%) |
| 3 | ആകെ | **237 100%** | **133 (100%)** | **86 (100%)** | **71 (100%)** | **25 (100%)** | **66 (100%)** | **6 (100%)** | **624 (100%)** |

ഗുണഭോക്താക്കളിൽ പരമ്പരാഗതമായി കൃഷി ചെയ്യുന്ന 79.4 ശതമാനം കുടുംബ ങ്ങൾ ഉണ്ട്. അവകാശം ലഭിച്ചതിനു ശേഷം കൃഷി ആരംഭിച്ചിരിക്കുന്ന 20.6 ശതമാനം കുടുംബങ്ങളാണുള്ളത്. നെയ്ക്കുപ്പ മണൽവയൽ, ചുക്കാലിക്കുനി, കൂടല്ലൂർ , ചോയിമൂല, കുപ്പച്ചി തുടങ്ങിയവ പരമ്പരാഗതമായി കൃഷി ചെയ്യുന്ന സങ്കേതങ്ങൾക്ക് ഉദാഹരണങ്ങ ളാണ് . മധ്യപാടി, സ്കൂൾകുന്ന്, വിജയൻകുന്ന്, നെല്ലേരി എന്നിവ അവകാശം ലഭിച്ചതിനു ശേഷം കൃഷി തുടങ്ങിയ സങ്കേതങ്ങളാണ്.

ഇതിനൊപ്പം , പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന സങ്കേതങ്ങളിൽ ഇപ്പോൾ കൃഷിയില്ലാത്ത സങ്കേതങ്ങളുണ്ട്. സ്ഥലപരിമിതിയും, മൃഗശല്യവും ആണ് ഇതിനു കാര ണം. വനംവകുപ്പിന്റെ തന്നെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റിൽ സ്ഥിരതാമസമാക്കുകയും, പിന്നീട് കൃഷി ആരംഭിച്ച ഗുണഭോക്താക്കളുമുണ്ട്. ഇവരും പരമ്പരാഗതമായാണ് കൃഷി ആരംഭിച്ചിരിക്കുന്നതെന്ന് പറയുന്നത്.

#### 5.14.1 സൂക്ഷ്മപഠനങ്ങൾ

.റവന്യൂ ഭൂമിയിൽ കൃഷി ചെയ്യുന്ന സങ്കേതം

**5.സി 1. കൂടല്ലൂർ കുറുമ:**

പൂതാടി പഞ്ചായത്തിലെ മൂടക്കൊല്ലിക്കടുത്ത സങ്കേതമാണ് കൂടല്ലൂർ കുറുമ. ഇവിടെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ ഭൂമിയുണ്ട്. റവന്യൂ ഭൂമിക്കു പുറമെ വനഭൂമിയും ഉണ്ട്. 10 കുടുംബങ്ങൾക്കാണുള്ള ത്. ഈ ഭൂമിക്ക് വിസ്തൃതി കുറവായതിനാൽ റവന്യൂഭൂമിയിൽ കൃഷി ചെയ്യുന്നവരാണ്. വനാവകാശം ലഭിച്ച ഭൂമിയിൽ പ്രധാനമായും, കാപ്പി യാണ് കൃഷി ചെയ്തിരിക്കുന്നത്. മൃഗശല്യം കാരണം മറ്റ് കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. പരമ്പരാഗതമായി പ്രസ്തുത സങ്കേത ത്തിൽ തന്നെ താമസിക്കുകയും, കൃഷി ചെയ്തു വരുന്നവരും ആണ് ഇവിടുത്തെ സങ്കേതവാസികൾ . മൃൂഗശല്യം രൂക്ഷമായതിനാൽ കൃഷി ചെയ്യുന്നതിനും, വിളവെടുക്കുന്നതിനും തടസ്സങ്ങളുണ്ടെങ്കിലും സങ്കേതവാസികളുടെയെല്ലാം പ്രധാന ഉപജീവനമാർഗ്ഗം കൃഷിയാണ്. കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ അവകാശം ലഭിച്ചതു കൊണ്ട് ഉപജീ വനമാർഗ്ഗത്തിൽ നിലവാരം വർദ്ധിച്ചിട്ടില്ല. കാരണം, വനഭൂമിയിൽ നിന്ന ല്ല,കാർഷികാദായങ്ങളും, വിളവും ലഭിക്കുന്നത്. ഇത് അവകാശത്തിനു മുമ്പും ഉള്ളതാണ്. അതിനാൽ കൈവശരേഖ ലഭിച്ചതിനു ശേഷമുള്ള മാറ്റമാണെന്ന് പറയാനാവില്ല.

2. പരമ്പരാഗതമായി കൃഷി ചെയ്യുന്ന സങ്കേതം

**5.സി 2 ചുക്കാലിക്കുനി:**

നൂൽപ്പുഴ പഞ്ചായത്തിലെ മുത്തങ്ങയിൽ വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന സങ്കേതമാണ് ചുക്കാലിക്കുനി. പരമ്പരാഗതമായി ഇവിടെ താമസിക്കുകയും, കൃഷി ചെയ്തു വരുന്ന കാട്ടുനായിക്ക വിഭാഗ ത്തിൽപ്പെട്ടവർ താമസിച്ചു വരുന്ന സങ്കേതമാണ് ചുക്കാലിക്കുനി. ഭൂമി യുള്ള വ്യക്തികളെല്ലാം തന്നെ സ്വന്തം ആവശ്യത്തിനെങ്കിലും കൃഷി ചെയ്യുന്നവരാണ്. കാപ്പി, കുരുമുളക്, മഞ്ഞൾ എന്നിവയാണ് പ്രധാന പ്പെട്ട വിളകൾ. വനാവകാശരേഖ ലഭിക്കുന്നതിനു മുമ്പുള്ള കൃഷി തന്നെയാണ് സങ്കേതവാസികൾ ഇപ്പോഴും തുടരുന്നത്. രേഖ ലഭിച്ച പ്പോൾ ഭൂമിയുടെ അളവ് വർധിക്കുകയോ, കൃഷി വർധിക്കുകയോ ചെയ്തിട്ടില്ല. കാർഷികാവശ്യങ്ങൾക്കുള്ള സഹായങ്ങളും ലഭിച്ചിട്ടില്ല. അതിനാൽ കാർഷികമേഖലയിലും ഇതുമായി ബന്ധപ്പെട്ട ഉപജീവന മാർഗ്ഗത്തിലും രേഖ ലഭിച്ചതു കൊണ്ട് സങ്കേതവാസികൾക്ക് ഒരു മാറ്റവുമുണ്ടായിട്ടില്ല.

## 5.14.1.2 .അവകാശം ലഭിച്ചതു മുതൽ കൃഷി ആരംഭിച്ച സങ്കേതം

2005 ഡിസംബർ 13 ന് മുമ്പായി സ്ഥലപരിമിതി മൂലം സ്വന്തം സങ്കേതങ്ങളിൽ നിന്ന് നിലവിലുള്ള സങ്കേതങ്ങളിലേക്ക് മാറി താമസിച്ചവരാണ് പ്രധാനമായും അവകാശം ലഭിച്ച തിനു ശേഷം കൃഷി ആരംഭിച്ചിരിക്കുന്നത്. കൃഷി ചെയ്യാനും, മറ്റ് ഉപജീവനമാർഗ്ഗങ്ങൾക്കു മെല്ലാം സ്ഥലപരിമിതി തടസ്സമായവരാണിവർ. പഞ്ചമിക്കുന്ന്, നെല്ലേരി, പനവല്ലി, അത്തി ക്കടവ് തുടങ്ങിയ സങ്കേതങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഈ സ്വഭാവത്തിലുള്ളതല്ലെ ങ്കിലും മറ്റൊരു അവകാശം ലഭിച്ചതിനു ശേഷം കൃഷി ആരംഭിച്ച മറ്റൊരു സങ്കേതമാണ് മേപ്പാടി പഞ്ചായത്തിലെ സ്കൂൾകുന്ന്.

### 5.സി 3 സ്കൂൾകുന്ന്

മേപ്പാടി പഞ്ചായത്തിൽ ഗവ.ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള തച്ചനാടൻ മൂപ്പൻ സമുദായക്കാരുടെ സങ്കേതമാണ് സ്കൂൾകുന്ന്. 2014 ലാണ് സങ്കേതവാസികൾ ഇവിടെയെത്തുന്നത് അതിനുമുമ്പ് കുന്നമംഗലം വയൽ സങ്കേതത്തിലായിരുന്നു താമസം. ഇവിടെ ഭൂമി കുറവായതിനാലാണ് വനാവകാശ നിയമപ്രകാരം പരമ്പരാഗതമായി കൈവ ശം വച്ചിരുന്ന സ്കൂൾകുന്നിലെ ഭൂമിയിന്മേൽ വനാവകാശം 2014 ൽ ലഭിക്കുകയും, കൃഷി ആരംഭിക്കുകയും ചെയ്തത്.

വർഷങ്ങൾക്ക് മുമ്പ് ഇവർ താമസിച്ചിരുന്ന ഭൂമിയായിരുന്നു സ്കൂൾകുന്നിലേത്. പിന്നീട് ഇതുപേക്ഷിച്ച് കുന്നമംഗലം വയലിലേക്ക് പോയതാണ്. എന്നാൽ , അന്ന് ഈ ഭൂമിയിൽ കൃഷിയുണ്ടായിരുന്നില്ല. 2014 ൽ അവകാശം ലഭിച്ചതിനു ശേഷമാണ് സങ്കേതവാ സികൾ കൃഷി ആരംഭിച്ചത്. കാപ്പി, കുരുമുളക്, ഇഞ്ചി എന്നീ വിളകളാണ് കൃഷി ചെയ്തു വരുന്നത്. എന്നാൽ , വിളവെടുപ്പ് ഒന്നും നടത്തിയിട്ടില്ല.

കൈവശാവകാശം ലഭിച്ചതിനു ശേഷം കൃഷി ആരംഭിച്ചതിനാലും ഭൂമി ഫലപ്രദ മായി ഉപയോഗിക്കുന്നതിനാലും സ്കൂൾകുന്ന് വനാവകാശ നിയമപ്രകാരം ഗുണമനുഭ വിക്കുന്ന സങ്കേതമാണ്.

I. 5.12.1.3.പരമ്പരാഗതമായി കൃഷി ചെയ്ത് ഇപ്പോഴില്ലാത്തത്

### 5.സി 4 അണ്ണിമൂല

നൂൽപ്പുഴ പഞ്ചായത്തിലെ പരമ്പരാഗതമായി പണിയൻ വിഭാഗത്തിലുള്ളവർ താമ സിക്കുന്ന സങ്കേതങ്ങളിലൊന്നാണ് അണ്ണിമൂല. 9 പേർക്കാണ് ഇവിടെ കൈവശരേഖ ലഭി ച്ചിരിക്കുന്നത്. എന്നാൽ, സങ്കേതത്തിൽ നിലവിൽ ആരും ഈ ഭൂമിയിൽ കൃഷി ചെയ്യു ന്നില്ല. സ്ഥലപരിമിതിയാണ് പ്രധാന കാരണം. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചതിനാൽ

മുമ്പ് കൃഷി ചെയ്തിരുന്ന സ്ഥലം ഇപ്പോൾ സങ്കേതമായി വികസിച്ചിട്ടുള്ളതും, ഭൂമി താമസ യിടമായി ഉപയോഗിച്ചു  വരുന്നു.

കൃഷി സ്ഥലം ഇല്ലാത്തതിനാൽ പുതതിയ തലമുറയിൽപ്പെട്ടവർ കൂലിപ്പണിയെ പ്രധാന ഉപജീവനമാർഗ്ഗമാക്കിയതിനാലുമാണ് കൃഷി ഇല്ലാത്തതിന് മറ്റൊരു കാരണം. സങ്കേതത്തിലെ ഒരു ഗുണഭോക്താവിന്റെ പേരിലുള്ള റവന്യൂ ഭൂമി ആണെന്ന്  പറയപ്പെടുന്നു.  ഏകദേശം 50 സെന്റ് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്.  സ്ഥലം ഉടമ മരണപ്പെട്ടത്  ഈ ഭൂമിക്ക് നിലവിൽ നികുതി അടക്കുന്നില്ലാത്തത്

II. <u>5.12.1.4.കൃഷിയുള്ള സ്ഥലങ്ങളിൽ താമസമാക്കിയവർ</u>

1970 മുതൽ വനംവകുപ്പിന്റെ പ്ലാന്റേഷനായിരുന്ന മരിയനാട് എസ്റ്റേറ്റ് ഭൂമിയിൽ 2002 ൽ ആണ് വിവിധ ഗോത്രവിഭാഗങ്ങൾ താമസം തുടങ്ങിയത്. മരിയനാട് വനാവകാശ സമിതിയിലുൾപ്പെട്ട  ഈ സങ്കേതത്തിൽ വിജയൻകുന്ന്, കൃഷ്ണൻകുന്ന് എന്നീ സങ്കേതങ്ങളിലാണ് വിവരശേഖരണം നടത്തിയത്.  2002 ൽ ഇവർ താമസമാരംഭിക്കുമ്പോൾ  തന്നെ ഈ ഭൂമിയിൽ കാപ്പി, കുരുമുളക്  കൃഷിയുണ്ടായിരുന്നു.

**<u>5.സി 5 വിജയൻകുന്ന്/ കൃഷ്ണൻകുന്ന്</u>**

സങ്കേതവാസികൾ താമസമാരംഭിക്കുമ്പോൾ തന്നെ കൃഷിയുള്ള ഭൂമിയാണ് വിജയൻകുന്ന്/ കൃഷ്ണൻകുന്ന്  സങ്കേതങ്ങളിലേത്. പൂതാടി പഞ്ചായത്തിലെ ഇരുളത്തിനടുത്താണ് രണ്ട് സങ്കേതങ്ങളുമുള്ളത്. വനംവകുപ്പിന്റെ പ്ലാന്റേഷൻ ഭൂമിയായതിനാൽ കാപ്പി, കുരുമുളക്  എന്നിവ കൃഷി ചെയ്തിരുന്ന ഭൂമിയാണിത്. അതുകൊണ്ട് തന്നെ, 2002 ൽ സങ്കേതവാസികൾ എത്തിയപ്പോൾ മുതൽ ഇവയിൽ നിന്നും വിളവെടുക്കാൻ ആരംഭിച്ചിട്ടുണ്ട്.  വനാവകാശം ലഭിക്കുന്നതു വരെ ഇതു തുടർന്നു.  കാപ്പി, കുരുമുളക് എന്നിവയിൽ നിന്നും ഇപ്പോഴും സങ്കേതവാസികൾ ആദായമെടുക്കുന്നുണ്ട്.  ഇവയല്ലാതെ, മറ്റു വിളകൾ സങ്കേതവാസികൾ കാര്യമായി കൃഷി ചെയ്യുന്നില്ല.  സ്വന്തം ആവശ്യത്തിനുള്ള വാഴ, മഞ്ഞൾ, പച്ചക്കറികൾ എന്നിവ മാത്രമേ ചെയ്യുന്നുള്ളൂ.  രേഖ ലഭിച്ച ശേഷം കാര്യമായ രീതിയിൽ മറ്റു കൃഷികൾ ആരംഭിച്ചിട്ടില്ല.

**<u>5.15  കൃഷി ചെയ്യുന്ന വിളകൾ</u>**

വയനാടിന്റെ ഭൂപ്രകൃതിക്കനുയോജ്യമായ കാപ്പി, കുരുമുളക് എന്നിവയാണ്കൃഷി ചെയ്യുന്ന പ്രധാന വിളകൾ.  കൃഷി ചെയ്യുന്നവരിൽ 75 ശതമാനം വരുമാനത്തിനായി കൃഷി ചെയ്യുന്നത് കാപ്പിയും, കുരുമുളകുമാണ്.  ഇവ രണ്ടും ദീർഘകാലയളവിലേക്കുള്ള  വിളയായതുകൊണ്ട് തന്നെ ഗുണഭോക്താക്കൾ നിരന്തരമായി കൃഷി ചെയ്യുന്നതായും പ്രധാന ഉപജീവനമാർഗ്ഗമായി കൃഷിയെ കണക്കാക്കുന്നതായും കാണാൻ കഴിയില്ല.

നെല്ല്, തെങ്ങ്, കവുങ്ങ്, മരച്ചീനി, വാഴ, മുതതലായവയാണ് പ്രധാനപ്പെട്ട മറ്റു വിളകൾ. എന്നാൽ, ഇവ കൃഷി ചെയ്യുന്ന ഗുണഭോക്താക്കളുടെ എണ്ണം 15 ശതമാനം മാത്രമാണ്. നെല്ല് കൃഷി ചെയ്യുന്ന കുടുംബങ്ങൾ സ്വന്തം ആവശ്യത്തിനാണ് ഇതുപയോഗിക്കുന്നത്. തെങ്ങ്,, മരച്ചീനി, വാഴ, പച്ചക്കറികൾ, മഞ്ഞൾ എന്നിവയും വിപണനാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരില്ല. സ്വന്തം ആവശ്യത്തിനു മാത്രമാണ് ഇതുപയോഗിക്കുന്നത്. 10 % ആളുകൾ ഇഞ്ചി കൃഷി ചെയ്യുന്നുണ്ട്. സ്വന്തം ആവശ്യത്തിനും, വിൽപനയ്ക്കും വേണ്ടി ഇതുപയോഗിക്കുന്നു.

ഇവ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഓരോ വ്യക്തികളുടെയും വ്യത്യാസപ്പെട്ടിരിക്കുന്നു. വനാവകാശ നിയമപ്രകാരം കൃഷിയിടത്തിനു പ്രത്യേകമായി അവകാശം ലഭിച്ചവരുണ്ട്. താമസയിടത്തിന് മാത്രം അവകാശം ലഭിച്ചവരും , താമസയിടത്തിനും, കൃഷിയിടത്തിനുമായി അവകാശം ലഭിച്ചവരുമുണ്ട്. ഓരോ ഗുണഭോക്താക്കളും ലഭിച്ച ഭൂമി ഉപയോഗിക്കുന്നതിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു. ഭൂമി മുഴുവൻ ഉപയോഗപ്പെടുത്തി കൃഷി ചെയ്യുന്നവരും, ഭാഗികമായി പ്രയോജനപ്പെടുത്തുന്നവരുമുണ്ട്.

## 5.16 കൃഷി ചെയ്യാത്തതിന്റെ കാരണങ്ങൾ

കൈവശം ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യാത്ത 19% കുടുംബങ്ങളാണുള്ളത്. കൃഷി ചെയ്യാത്തതിന്റെ പ്രധാന കാരണങ്ങൾ സ്ഥലമില്ലാത്തത്, പണമില്ലാത്തത്, ജലശേചന സൗകര്യത്തിന്റെ അപപര്യാപ്തത, കൃഷിയോഗ്യമല്ലാത്തത്, മൃഗശല്യം എന്നിവയാണ്. ഇതിൽ തന്നെ ഒന്നോ, അതിലധികമോ കാരണങ്ങൾ കൊണ്ട് കൃഷി ചെയ്യാത്തവരുമുണ്ട്. കൃഷി ചെയ്യാനുള്ള തടസ്സകാരണങ്ങൾ വ്യക്തമാക്കുന്നത് 255 വ്യക്തികളാണ്. ഇതിൽ കൃഷി ചെയ്യാത്ത 145 പേർക്ക് പുറമെ കൃഷി ചെയ്യുന്ന 111 പേരും കൃഷിക്ക് തടസ്സമായ കാരണങ്ങൾ പറയുന്നു. വിശദ വിവരങ്ങൾ പട്ടിക 5.7 ൽ നൽകിയിട്ടുണ്ട്.

**പട്ടിക5.15 കൃഷി ചെയ്യാത്തതിന്റെ കാരണങ്ങൾ**

| ക്രമനമ്പർ | കൃഷി ചെയ്യാത്തതിന്റെ കാരണങ്ങൾ | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമ | അടിയ | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| 1 | മതിയായ സ്ഥലമില്ലാത്തത് | 20 | 22 | 3 | 3 | 0 | 10 | 2 | 60 | 23.4 |
| 2 | പണമില്ലാത്തത് | 3 | 1 | 1 | | 0 | | | 5 | 2 |
| 3 | ജലശേചനസൗകര്യമില്ലാത്തത് | | | | 1 | | 1 | | 2 | .7 |
| 4 | മൃഗശല്യം | 36 | 10 | 7 | 3 | | 7 | | 663 | 24.6 |
| 5 | മൃഗശല്യം, ജലശേചനമില്ലാ | 1 | | 12 | | | 2 | | 15 | 6 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ത്തത് | | | | | | | | | |
| 6 | മൃഗശല്യം, മറ്റുള്ളവ, പണമി ല്ലാത്തത് | 10 | 4 | 1 | | | | | 15 | 6 |
| 7 | പണമില്ലാത്തത്, ജലശേചന സൗകര്യമില്ലാത്തത്, മൃഗ ശല്യം, മറ്റുള്ളവ | | 2 | | 1 | | 1 | | 4 | 1.5 |
| 8 | മതിയായ സ്ഥലമില്ലാത്തത്, പണമില്ലാത്തത്, മറ്റുള്ളവ | | 3 | | | 1 | 1 | | 4 | 1.5 |
| 9 | മതിയായ സ്ഥലമില്ലാത്തത്, ജലശേചനസൗകര്യമില്ലാത്തത്, മൃഗശല്യം | 20 | 1 | 2 | 3 | 1 | 6 | | 33 | 13 |
| 10 | മതിയായ സ്ഥലമില്ലാത്തത്, പണമില്ലാത്തത്, ജലശേചന സൗകര്യമില്ലാത്തത് | 7 | 9 | 1 | | 1 | 5 | | 24 | 9.3 |
| 11 | മതിയായ സ്ഥലമില്ലാത്തത്, പണമില്ലാത്തത്,കൃഷിയോഗ്യമ ല്ലാത്തത്, മൃഗശല്യം, ജലശേച നസൗകര്യമില്ലാത്തത് | 2 | | | | 1 | 1 | | 4 | 1.5 |
| 12 | മറ്റുള്ളവ | 16 | 4 | 2 | | 1 | 4 | | 2 | 10.5 |
| **ആകെ** | | **115** | **56** | **29** | **11** | **5** | **38** | **2** | **256** | **100** |

24.6 ശതമാനം മൃഗശല്യം കൊണ്ട് വിളവ് ലഭിച്ചിട്ടില്ലാത്തതിനാൽ കൃഷി ചെയ്യുന്നില്ല. കാട്ടുനായിക്കൻ സമുദായത്തിൽപ്പെട്ടവരാണ് മൃഗശല്യം കൂടുതലായതിനാൽ കൃഷി ചെയ്യാത്തത്. 35 ശതമാനം പേരും വിവിധ കാരണങ്ങൾക്കൊപ്പം മൃഗശല്യം കാരണം കൃഷി ചെയ്യാൻ തടസ്സമായിട്ടുണ്ട്. എന്നുള്ളത് പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്.

23.4 ശതമാനം മതിയായ സ്ഥലമില്ല എന്ന കാരണത്താൽ കൃഷി ചെയ്യാത്തവരാണ്. പണിയ വിഭാഗത്തിൽ 22 പേരും , കാട്ടുനായിക്കൻ സമുദായത്തിൽ 20 പേരും സ്ഥലമില്ലാ ത്തതിനാലാണ് കൃഷി ചെയ്യാത്തത്. മറ്റു കാരണങ്ങൾക്കൊപ്പം സ്ഥല പരിമിതി കൃഷി ചെയ്യാത്തതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്ന 25 ശതമാനം പേരുണ്ട്. പണമിലല്ലാ ത്തതിനാൽ കൃഷി ചെയ്യാത്ത 2 ശതമാനം പേരും, ജലസേചന സൗകര്യമില്ലാത്തതിനാൽ കൃഷി ചെയ്യാത്ത 0.7 ശതമാനം ആളുകളും, മറ്റുള്ള കാരണങ്ങൾ കൊണ്ട് കൃഷി ചെയ്യാത്ത 10.5 ശതമാനം ആളുകളുമുണ്ട്. വനാവകാശം ലഭിച്ച ഭൂമി കൃഷിയോഗ്യമല്ലാത്തതു കൊണ്ട് കൃഷിയിലേർപ്പെടാത്തവർ ഇല്ല.

## 5.16 .1.സൂക്ഷ്മപഠനങ്ങൾ

കൃഷി ചെയ്യാത്തതിന് ഓരോ വ്യക്തികളും വിവിധ കാരണങ്ങളും, തടസ്സങ്ങളും ഉന്ന യിക്കുന്നു. വ്യക്തിപരമായ ഈ കാരണങ്ങൾ കൂടാതെ, സങ്കേതത്തിന്റെ സ്വഭാവത്തിനനു സരിച്ചും, കൃഷി ചെയ്യാത്തതിന്റെ കാരണങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. കൃഷി ചെയ്യാനാ വാത്ത കുടുംബങ്ങളുടെയും, സങ്കേതങ്ങളുടെയും സൂക്ഷ്മപഠനങ്ങൾ ചേർക്കുന്നു. സൂക്ഷ്മപഠനങ്ങൾ നടത്തിയിരിക്കുന്ന വ്യക്തികളുടെ യഥാർത്ഥ പേരല്ല റിപ്പോർട്ടിൽ നൽകിയിരിക്കുന്നത്.

### I. 5.12.3.വ്യക്തിപരമായ കാരണങ്ങൾ

**5.സി 6** നാരായണൻ, ബസവൻകൊല്ലി:

പുൽപ്പള്ളി പഞ്ചായത്തിലെ ബസവൻകൊല്ലി സങ്കേതത്തിലെ ഒരു സങ്കേതവാസിക്ക് കൃഷി ചെയ്യാനാവാത്തതിന്റെ കാരണം, സ്ഥലമില്ലാ ത്തതാണ്. വനാവകാശ നിയമപ്രകാരം , അരസെന്റ് ഭൂമി മാത്രമാണ് ലഭിച്ചിരിക്കുന്നത്. കാട്ടുനായിക്കൻ സമുദായത്തിലുൾപ്പെട്ട വ്യക്തി യാണ് ശേഖരൻ. ഇദ്ദേഹവും, കുടുംബവും ഈ ഭൂമിയിലാണ് വീട് വെച്ചിരിക്കുന്നത്. പത്തുവർഷത്തെ പഴക്കമുള്ള ഈ വീട് താമസയോ ഗ്യമല്ല. നിലവിൽ ഉപജീവനത്തിനായി കൂലിപ്പണിയെ ആശ്രയിക്കുന്നു. സ്വന്തം ആവശ്യങ്ങൾക്കായി മാത്രമായാണ് വനവിഭവങ്ങൾ ശേഖരിക്കു ന്നത്.

**5.സി 7** കേളു പൂളക്കുന്ന്

മേപ്പാടി പഞ്ചായത്തിലെ കാട്ടുനായിക്കൻ സമുദായത്തിന്റെ സങ്കേത മായ പൂളക്കുന്നിൽ സങ്കേതവാസികളായ 14 പേരും വീടുവെച്ചിരിക്കു ന്നത് രാജുവിന് അവകാശം ലഭിച്ച ഭൂമിയിലാണ്. മലയ്ക്ക് മുകളിലാണ് മറ്റ് സങ്കേതവാസികൾക്ക് അവകാശം ലഭിച്ച ഭൂമിയുള്ളത്. മുമ്പ് ഇവിടെ താമസിച്ചിരുന്ന സങ്കേതവാസികളെ ഉരുൾപൊട്ടിയതു മൂലം വർഷ ങ്ങൾക്കു മുൻപ് മാറ്റി പാർപ്പിക്കുകയായിരുന്നു. ഇതിനു ശേഷം സങ്കേ തവാസികൾക്ക് വീട് വെക്കാനായി രാജുവിന്റെ പേരിൽ 2 ഏക്കർ ഭൂമി വനാവകാശത്തിൽ ഉൾപ്പെടുത്തി പതിച്ചു നൽകുകയായിരുന്നു. വീടു നിർമ്മാണം കഴിഞ്ഞ് സ്ഥലമുണ്ടെങ്കിൽ കൃഷി ചെയ്യാമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ, നിലവിൽ കൃഷി ചെയ്യാൻ സ്ഥലമില്ല.

**5.സി 8 മണികണ്ഡൻ, പഞ്ചമിക്കുന്ന്:**

മേപ്പാടി പഞ്ചായത്തിലെ പഞ്ചമിക്കുന്നിലെ പണിയ സമുദായത്തി ലുൾപ്പെട്ട വ്യക്തിയാണ് ചന്ദ്രൻ. ഇദ്ദേഹത്തിന് അവകാശം ലഭിച്ച ഭൂമി യിൽ പൂർണ്ണമായും കൃഷി ചെയ്യാൻ സാധിക്കുന്നില്ല. മുറ്റമൊഴികെ ശേഷിക്കുന്ന സ്ഥലത്ത് മുളയായതിനാലാണ് കൃഷി ചെയ്യാനാവാത്തത്. ഈ മുള വെട്ടി നീക്കി കൃഷി ചെയ്യണമെങ്കിൽ വനംവകുപ്പിന്റെ അനു

മതി വേണം. എന്നാൽ, അനുമതിക്കായി ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല. അതുകൊണ്ട് കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

**5.സി 9 ബാലൻ മണൽവയൽ:**

സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിലെ പരമ്പരാഗത കാട്ടുനായിക്ക സങ്കേതങ്ങളിലൊന്നാണ് മണൽവയൽ. സങ്കേതത്തിലെ വെള്ളച്ചിക്ക് വനാവകാശ നിയമപ്രകാരം 99 സെന്റ് ഭൂമിക്കാണ് അവകാശം ലഭിച്ചിരിക്കുന്നത്. എന്നാൽ , ഈ സ്ഥലത്ത് നാലു വീടുകളാണുള്ളത്. വെള്ളച്ചിയുടെ വീടും, ബന്ധുക്കളുടെ മൂന്നു വീടുകളും പ്രസ്തുത ഭൂമിയിലായതിനാൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

**5.സി 10 വെളുമ്പി ഫോറസ്റ്റ് വയൽ:**

പുൽപ്പള്ളി പഞ്ചായത്തിലെ വനത്തിനോട് ചേർന്നു കിടക്കുന്ന ഫോറസ്റ്റ് വയൽ പണിയൻ സങ്കേതത്തിൽ സങ്കേതവാസികൾ കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ് കുറവായതിനാൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. വനാവകാശ നിയമപ്രകാരം കൃഷിക്ക് 15 സെന്റ് ഭൂമിയിന്മേലാണ് അവകാശം ലഭിച്ചിട്ടുള്ളത്. ഇതിൽ കറുപ്പിയുടെ വീട് ഉൾപ്പെടെ 3 വീടുകൾ ഉണ്ട്.

**5.സി 11 ഉത്തമ്മ ഓടമൂല:**

സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിലെ ഓടമൂല പണിയ സങ്കേതത്തിലെ ഒരു ഗുണഭോക്താവിന് വനാവകാശ പ്രകാരം 8 സെന്റ് ഭൂമിയിന്മേൽ മാത്രമാണ് അവകാശം ലഭിച്ചിട്ടുള്ളത്. ഈ ഭൂമിയിൽ കൃഷി ചെയ്യുന്നില്ല. സ്ഥലമില്ലാത്തതാണ് കാരണം. അതിനാൽ സങ്കേതത്തിനടുത്തുള്ള വനഭൂമിയിൽ രണ്ടുവർഷമായി കൃഷി ചെയ്തു വരുന്നു. ഇഞ്ചി, വാഴ എന്നിവയാണ് ഈ ഭൂമിയിൽ കൃഷി ചെയ്തിരിക്കുന്നത്.

**5.12.3.1.2.സ്ഥലപരിമിതി മൂലം കൃഷി ചെയ്യാത്ത സങ്കേതം**

**5.സി 12 എടത്തറ പണിയ:**

നൂൽപ്പുഴ പഞ്ചായത്തിൽ മുത്തങ്ങക്കടുത്ത് ദേശീയപാതയ്ക്ക് സമീപമുള്ള സങ്കേതമാണ് എടത്തറ. പരമ്പരാഗതമായി പണിയ സമുദായത്തിലുള്ളവർ താമസിക്കുന്ന പ്രസ്തുത സങ്കേതം വനത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. സങ്കേതത്തിലെ എല്ലാ കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗം കൂലിയാണ്. ആരും കൃഷി ചെയ്യുന്നില്ല. കൃഷഷി ചെയ്യാൻ ഭൂമിയില്ലാത്തതാണ് കാരണം. സങ്കേതമുൾപ്പെടുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം 0.1219 ഹെക്ടർ ആണ്. (30 സെന്റ്) ഈ ഭൂമിയിലാണ് എട്ട് വീടുകളുള്ളത്. ഇതിൽ നാലുപേർക്ക് മാത്രമേ വനാവകാശരേഖ ലഭിച്ചിട്ടുള്ളൂ. ഒരാൾ അപേക്ഷ നൽകിയിട്ടില്ല. അപേക്ഷ നൽകിയ മൂന്ന് പേർക്ക് രേഖ ലഭിച്ചിട്ടുമില്ല.

സ്ഥലമില്ലാത്തതിനാലാണ് സങ്കേതവാസികൾ കൃഷി ചെയ്യാത്തത്. എല്ലാ കുടുംബത്തിനും വീടിരിക്കുന്ന സ്ഥലം മാത്രമേയുള്ളൂ. പരമ്പരാ

ഗതമായി ഇത്രയും ഭൂമി മാത്രമാണ് കൈവശമുള്ളത്. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി കൃഷി ചെയ്യാൻ പോലും സങ്കേതവാസികൾക്ക് ഭൂമിയില്ല. മാത്രവുമല്ല, എല്ലാ വീടുകളിലും ഉപകുടുംബങ്ങളടക്കമാണ് താമസിക്കുന്നത്. പുതിയ വീട് നിർമ്മിക്കാനും സങ്കേതത്തിൽ സ്ഥലമില്ല. വനാവകാശരേഖ ലഭിച്ചിട്ടും സങ്കേതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. രേഖ ലഭിച്ചതുകൊണ്ട് , ഉപജീവനമാർഗ്ഗത്തിലോ, ജീവിതനിലവാരത്തിലോ മാറ്റങ്ങളുമുണ്ടായിട്ടില്ല.

**<u>5.12.3.1.3.വന്യമൃഗശല്യം മൂലം കൃഷി ചെയ്യാത്ത സങ്കേതം</u>**

**<u>5.സി 13 കണ്ടാമല കുറുമ:</u>**

പുൽപ്പള്ളി പഞ്ചായത്തിലെ വേലിയമ്പത്തിനടുത്ത് പരമ്പരാഗതമായി മുള്ളുകുറുമൻ സമുദായക്കാർ താമസിക്കുന്ന സങ്കേതമാണ് കണ്ടാമല കുറുമ. 45 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. എല്ലാവരും റവന്യൂ ഭൂമിയിലാണ് താമസിക്കുന്നത്. വനഭൂമി കൈവശമുള്ള 10 പേർക്ക് മാത്രമാണ് വനാവകാശരേഖ ലഭിച്ചിരിക്കുന്നത്. സങ്കേതത്തിനോട് ചേർന്നല്ല അവകാശം ലഭിച്ച ഭൂമിയുള്ളത്. സങ്കേതത്തിൽ നിന്നു മാറി വനത്തിനോട് ചേർന്ന ചുള്ളിക്കാട് എന്ന സ്ഥലത്താണ് വനാവകാശരേഖ ലഭിച്ചിരിക്കുന്നത്. ഈ ഭൂമിയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വന്നിരുന്നു. എന്നാൽ, ഇപ്പോൾ കൃഷി ചെയ്യാനാവില്ല. സങ്കേതത്തിൽ നിന്ന് പ്രസ്തുത ഭൂമിയിലേക്ക് വഴി സൗകര്യമില്ലാത്തതാണ് ഒരു കാരണം. മാത്രമല്ല, മൃഗശല്യവും രൂക്ഷമാണ്. രേഖ ലഭിച്ചതിനു ശേഷം 5 വർഷത്തോളമായി ഈ പ്രദേശത്ത് കൃഷി ചെയ്യുന്നില്ല. മുൻപ് കൃഷി ചെയ്തിരുന്ന സമയത്ത് മൃഗശല്യം കുറവായിരുന്നുവെന്ന് സങ്കേതവാസികൾ പറയുന്നു. 'ചിക്കാർ' എന്ന് ഇവർ വിശേഷിപ്പിക്കുന്ന പരമ്പരാഗത വേട്ടയാടൽ നിരോധിക്കപ്പെട്ടതിനാലാണ് മൃഗശല്യം രൂക്ഷമായതെന്നാണ് സങ്കേതത്തിലെ മുതിർന്നവരുടെ ഭാഷ്യം. ആന, പന്നി, മാൻ മുതലായവയുടെ ശല്യമായതിനാൽ കൃഷിയിറക്കുന്നില്ല. റവന്യൂ ഭൂമിയിൽ മാത്രമാണ് കൃഷിയുള്ളത്. അതുകൊണ്ട് തന്നെ, വനഭൂമിക്ക് അവകാശരേഖ ലഭിച്ചതു കൊണ്ട് സങ്കേതവാസികൾക്ക് യാതൊരു മെച്ചവുമില്ല. ചുള്ളിക്കാടുള്ള പ്രസ്തുത സ്ഥലം സർക്കാർ ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകണമെന്ന് കാണിച്ച് വനംവകുപ്പിന് സങ്കേതവാസികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. നിലവിൽ ഈ ഭൂമി കൊണ്ട് സങ്കേതവാസികൾക്ക് യാതൊരു ഗുണവുമില്ല.

**<u>5.17.വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയിൽ അനുവദിച്ച പദ്ധതികൾ:</u>**

വ്യക്തിഗത അവകാശം ലഭിച്ചിരിക്കുന്ന ഭൂമിയിൽ കൃഷിയിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികളിലായി ഗുണഭോക്താക്കൾക്ക് തൈകളും, വളവും വിതരണം ചെയ്തിട്ടുണ്ട്. വിവിധ സമുദായങ്ങളിലായി പദ്ധതികളുടെ ഗുണഭോക്താക്കളായവരുടെ എണ്ണം പട്ടികയിൽ.

## പട്ടിക: 5.16 കാർഷികപദ്ധതികൾ

| ക്രമനമ്പർ | ഗുണ ഭോക്താവ് | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 86 (28.29%) | 56 (32.75%) | 47 (48.45%) | 29 (38.16%) | 19 (63.33%) | 30 (36.14%) | 0 | 267 (34.7%) |
| 2 | ഇല്ല | 218 (71.71%) | 115 (67.25%) | 50 (51.55%) | 47 (61.84%) | 11 (36.67%) | 53 (63.86%) | 8 (100%) | 502 (65.3%) |
| **ആകെ** | | **304 (100%)** | **171 (100%)** | **97 (100%)** | **76 (100%)** | **30 (100%)** | **83 (100%)** | **8 (100%)** | **769 (100%)** |

769 ഗുണഭോക്താക്കളിൽ 34.7 ശതമാനം ഗുണഭോക്താക്കൾക്ക് മാത്രമാണ് വിവിധ പദ്ധതികളിലൂടെ കൃഷിക്കായുള്ള ആനുകൂല്യങ്ങൾ ലഭിച്ചത്. അവശേഷിക്കുന്ന 65.3 ശതമാനം ഗുണഭോക്താക്കൾക്കും , ഒരു സർക്കാർ പദ്ധതിയുടെയും ഗുണം ലഭിച്ചിട്ടില്ല. തച്ചനാടൻ മൂപ്പൻ സമുദായത്തിലുള്ളവരാണ് കൂടുതൽ പദ്ധതികളുടെ ഗുണഭോക്താവായിരിക്കുന്നത്. പ്രസ്തുത സമുദായത്തിലെ 63 ശതമാനം വ്യക്തികൾക്കും കൃഷി ആവശ്യത്തിനായി വിവിധ പദ്ധതികളുടെ നേട്ടമുണ്ടായിട്ടുണ്ട്. മുള്ളുകുറുമൻ സമുദായത്തിലെ 48.4 ശതമാനം ഗുണഭോക്താക്കൾക്കാണ് വിവിധ സർക്കാർ പദ്ധതികളിൽ നിന്നായി ആനുകൂല്യങ്ങൾ ലഭിച്ചിരിക്കുന്നത്. കുറിച്ച്യൻ സമുദായത്തിലെ 38 ശതമാനം ഗുണഭോക്താക്കൾക്കും, വെട്ടക്കുറുമ സമുദായത്തിലെ 36 ശതമാനം ഗുണഭോക്താക്കൾക്കും, പണിയൻ സമുദായത്തിലെ 32.7 ശതമാനം ഗുണഭോക്താക്കൾക്കും വിവിധ സർക്കാർ പദ്ധതികളുടെ ഗുണമുണ്ടായിട്ടുണ്ട്. എന്നാൽ, കാട്ടുനായിക്കൻ സമുദായത്തിലെ 28.2 ശതമാനം ഗുണഭോക്താക്കൾക്ക് മാത്രമേ കൃഷിക്കായി തൈകളും, വളങ്ങളുമെല്ലാം ലഭിച്ചിട്ടുള്ളൂ. അടിയ സമുദായത്തിലെ ആർക്കും തന്നെ, യാതൊരു പദ്ധതിയുടെയും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല.

കാപ്പിത്തൈ, ഫലവൃക്ഷത്തൈകൾ, തെങ്ങിൻതൈ, കുരുമുളക് തൈ, ജൈവവളം, കുമ്മായം എന്നിവയെല്ലാമാണ് പഞ്ചായത്ത്, കൃഷിഭവൻ എന്നിവിടങ്ങളിൽ നിന്നായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. വിവിധ പദ്ധതികളുടെ ഗുണഭോക്താവായവ

രിൽ 1.5 ശതമാനം മാത്രമാണ് വനാവകാശരേഖ ലഭിക്കുന്നതിന് മുമ്പ് പ്രസ്തുത ഭൂമിയിലെ കൃഷിക്കായി ആനുകൂല്യം നേടിയിരിക്കുന്നത്. ശേഷിക്കുന്ന 98.5 ശതമാനം പേർക്കും പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിരിക്കുന്നത് വനാവകാശരേഖ ലഭിച്ചതിനു ശേഷമാണ്.

## . 5.18.മൃഗപരിപാലനവും ഉപജീവനമാർഗ്ഗവും

മൃഗപരിപാലനത്തിലൂടെ ഉപജീവനമാർഗ്ഗവും, ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിൽ നിന്നും. 32.3% മൃഗപരിപാലനത്തിലൂടെ വരുമാനം കണ്ടെത്തുന്നവരും, 66% മൃഗപരിപാലനത്തിലൂടെ വരുമാനം കണ്ടെത്താത്തവരും, ആണ്. വനാവകാശനിയമം നിലവിൽ വരുന്നതിന് മുമ്പ് മൃഗപരിപാലനത്തിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തിയ 1.6% കുടുംബങ്ങൾ നിലവിൽ മൃഗപരിപാലനത്തിൽ ഏർപ്പെടുന്നില്ല. കോഴി, ആട്, പശു, പോത്ത് എന്നിവയെയാണ് പ്രധാനമായും വളർത്തുന്നത്. സ്വന്തം ഉടമസ്ഥതയിലുള്ളവയും, വളർത്താനായി ഏറ്റെടുത്തവയും ഇതിലുൾപ്പെടുന്നു. സർക്കാറിന്റെ വിവിധ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്ത വളർത്തുമൃഗങ്ങളും സ്വന്തം ഉടമസ്ഥതയിലുൾപ്പെടുന്നു. മൃഗപരിപാലനത്തിൽ ഏർപ്പെടുന്നവരുടെ ശതമാനം വിവിധ സമുദായങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടിക 5.17 മൃഗപരിപാലനവും സമുദായങ്ങളും**

| ക്രമനമ്പർ | മൃഗപരിപാലനം | സമുദായങ്ങൾ | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | ഉണ്ട് | 87 (28.62%) | 38 (22.22%) | 65 (67.01%) | 29 (38.16%) | 11 (36.67%) | 15 (18.07%) | 3 (37.5%) | 248 (32.3%) |
| 2 | ഇല്ല | 206 (67.76%) | 133 (77.78%) | 31 (31.96) | 47 (61.84%) | 18 (60%) | 68 (81.93%) | 5 (62.5%) | 508 (66.1%) |
| 3 | മുമ്പുണ്ടായിരുന്നഒക്ത | 11 (3.62%) | 0 | 1 (1.03%) | 0 | 1 (3.33%) | 0 | 0 | 13 (1.6%) |
| | **ആകെ** | **304** | **171** | **97** | **76** | **30** | **83** | **8** | **769 (100%)** |

ഉദാഹരണത്തിന് നൂൽപ്പുഴ പഞ്ചായത്തിലെ മാറോട് കുറുമ സങ്കേതത്തിലെ ഒരു ഗുണഭോക്താവ് വർഷങ്ങളായി പശു വളർത്തലിലൂടെ വരുമാനം കണ്ടെത്തിയ ആളായിരുന്നു. എന്നാൽ ഇപ്പോൾ മൃഗശല്യം മൂലം പശുക്കളെ മേയ്ക്കുന്നതിനു വേണ്ടി വനത്തിൽ വിടാൻ സാധിക്കാത്തതിനാൽ പശുവിനെ 2016 ൽ വിറ്റു. സമുദായടിസ്ഥാനത്തിൽ മൃഗപരിപാലനത്തിൽ ഏർപ്പെടുന്ന കുടുംബങ്ങൾ കൂടുതൽ ഉള്ളത് മുള്ളുകുറുമൻ സമുദായത്തിലാണ് (67%). ഏറ്റവും കുറവ് മൃഗപരിപാലനമുള്ളത് വെട്ടക്കുറുമൻ സമുദായത്തിലാണ് (18%). കുറിച്യ സമുദായത്തിൽ 38.1 ശതമാനം കുടുംബങ്ങളും, തച്ചനാടൻ മൂപ്പൻ സമുദായത്തിലെ 36.6% കുടുംബങ്ങളും, അടിയാൻ സമുദായത്തിലെ 37% കുടുംബങ്ങളും മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ആണ്. കാട്ടുനായിക്കൻ സമുദായത്തിൽ 28.6 ശതമാനം കുടുംബങ്ങൾ മൃഗപരിപാലനത്തിൽ ഏർപ്പെട്ടു വരുന്നു. പണിയൻ സമുദായയത്തിലാകട്ടെ, ഇത് 22.2 ശതമാനമാണ്.

മൃഗപരിപാലനം ഏർപ്പെട്ടിരിക്കുന്നവരിൽ 2009 നു മുമ്പ് മൃഗപരിപാലനം ആരംഭിച്ച 21.7 ശതമാനം കുടുംബങ്ങളും, ശേഷം ആരംഭിച്ച 78.3 ശതമാനം കുടുംബങ്ങളുമാണുള്ളത്. 92.3 ശതമാനം കുടുംബങ്ങളുടെയും വളർത്തുമൃഗങ്ങൾ സ്വന്തം ഉടമസ്ഥതയിലുള്ളതാണ്. 7.7 ശതമാനം കുടുംബങ്ങളിലും വളർത്താനായി ഏറ്റെടുത്ത ഇവർക്ക് നല്ലരീതിയിൽ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നുണ്ട്. ഒരു പോത്തിന് 50,000 രൂപ മുതൽ 1,00,000 രൂപ ലഭിക്കുമെന്നാണ് സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്. പോത്തിനെ വളർത്തുന്ന കുടുംബങ്ങൾക്ക് കുറഞ്ഞത് 2 പോത്തെങ്കിലും ഉണ്ട്.

### 5.18.1 വളർത്തുമൃഗങ്ങളുടെ തീറ്റ

വളർത്തുമൃഗങ്ങളുടെ തീറ്റയ്ക്കായി ആശ്രയിക്കുനന്നത് പ്രധാനമായും വനത്തിലെ മേച്ചിൽപുറങ്ങൾ , വിപണിയിൽ നിന്ന് ലഭിക്കുന്ന കാലിത്തീറ്റ, കാർഷഷിക ഉപോൽപ്പന്നങ്ങൾ, മറ്റുള്ളവ (പുല്ല് വെട്ടിക്കൊടുക്കൽ) എന്നിവയാണ്. ഓരോ സമുദായങ്ങളും വളർത്തുമൃഗങ്ങളുടെ തീറ്റയ്ക്കായി ആശ്രയിക്കുന്ന മാർഗ്ഗങ്ങളുടെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു.

## പട്ടിക- 5.18 വളർത്തുമൃഗങ്ങളുടെ തീറ്റ

| ക്രമ നം | തീറ്റയ്ക്ക് ആശ്രയിക്കുന്നത് | സമുദായങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുക്കുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | വനത്തിലെ മേച്ചിൽപുറം | 49 | 13 | 18 | 10 | 2 | 7 | 1 | 100 (40.3%) |
| 2 | വിപണിയിൽ നിന്ന് ലഭിക്കുന്ന കാലിത്തീറ്റ | 1 | – | ണ്ഡ | ണ്ഡ | 1 | – | ണ്ഡ | 2 (0.8%) |
| 3 | കാർഷിക ഉപോൽപന്നം | 1 | – | 3 | ണ്ഡ | ണ്ഡ | – | ണ്ഡ | 4 (1.6%) |
| 4 | വനത്തിലെ മേച്ചിൽപ്പുറം, മറ്റുള്ളവ | 7 | 1 | 4 | 4 | 1 | – | 1 | 18 (7.2%) |
| 5 | വനത്തിലെ മേച്ചിൽപ്പുറം, കാർഷിക ഉപോൽപന്നം | ണ്ഡ | – | 4 | ണ്ഡ | 1 | – | ണ്ഡ | 5 (2%) |
| 6 | മേച്ചിൽപ്പുറം, കാലിത്തീറ്റ | 7 | 3 | 14 | ണ്ഡ | 2 | 3 | ണ്ഡ | 29 (11.7%) |
| 7 | വനത്തിലെ മേച്ചിൽപ്പുറം, കാലിത്തീറ്റ, മറ്റുള്ളവ | 2 | – | 4 | 5 | 1 | – | ണ്ഡ | 12 (5%) |
| 8 | കാലിത്തീറ്റ, കാർഷിക ഉപോൽപ്പന്നങ്ങൾ, മറ്റുള്ളവ | 1 | – | 3 | ണ്ഡ | 1 | – | ണ്ഡ | 5 (2%) |
| 9 | മറ്റുള്ളവ | 19 | 21 | 15 | 10 | 2 | 5 | 1 | 73 (29.4%) |
| | ആകെ | 87 | 38 | 65 | 29 | 11 | 15 | 3 | 248 |

വളർത്തുമൃഗങ്ങൾക്കായുള്ള തീറ്റയ്ക്ക് 40.3 ശതമാനം പേരും ആശ്രയിക്കുന്നത് വനത്തിലെ മേച്ചിൽപുറങ്ങളാണ്. വിപണിയിൽ നിന്ന് ലഭിക്കുന്ന കാലിത്തീറ്റയെ മാത്രം ആശ്രയിക്കുനന്ന 0.8 ശതമാനം കാർഷിക ഉപോൽപ്പന്നങ്ങളിലൂടെ വന്യമൃഗങ്ങൾക്ക് തീറ്റ നൽകുന്ന 1.6 ശതമാനം ഗുണഭോക്താക്കളുമുണ്ട്. മറ്റുള്ള മാർഗ്ഗങ്ങളിലൂടെ, അതായത്, പുല്ല് വെട്ടിനൽകുക, കോഴിക്കുള്ള തീറ്റ എന്നിവയിലുൾപ്പെടുന്നത് 29.4 ശതമാനം കുടുംബങ്ങളാണ്. ഇതിൽ 20 ശതമാനവും ഉൾപ്പെടുന്നത് കോഴിയെ വളർത്തുമൃഗമായുള്ള

ഗുണഭോക്താക്കളാണ്. വനത്തിലെ മേച്ചിൽപുറം , മറ്റുള്ള മാർഗ്ഗങ്ങൾ എന്നിവയിലൂടെ വളർത്തുമൃഗങ്ങൾക്ക് തീറ്റ കണ്ടെത്തുന്ന 7.2 ശതമാനവും, മേച്ചിൽപുറത്തോടൊപ്പം കാർഷിക ഉപോൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുന്ന രണ്ട് ശതമാനം ഗുണഭോക്താക്കളുമുണ്ട്. കാലിത്തീറ്റ, മേച്ചിൽപുറം എന്നിവയെ ആശ്രയിക്കുന്ന 15 ശതമാനം ഗുണഭോക്താക്കളുമുണ്ട്. കാലിത്തീറ്റ, കാർഷിക ഉപോൽപ്പന്നങ്ങൾ എന്നിവയെ ആശ്രയിക്കുന്ന 2 ശതമാനം പേരാണുള്ളത്.

വനത്തിലെ മേച്ചിൽപുറത്തെ വളർത്തുമൃഗങ്ങളുടെ തീറ്റയ്ക്കായി കൂടുതൽ ആശ്രയിക്കുന്നത് കാട്ടുനായിക്കൻ സമുദായമാണ്. കാട്ടുനായിക്കൻ സമുദായത്തിലെ 56 ശതമാനം പേരും വനത്തിലെ മേച്ചിൽപുറങ്ങൾ വളർത്തുമൃഗങ്ങൾക്കായി ആശ്രയിക്കുന്നു. പണിയൻ സമുദായത്തിലെ 34 ശതമാനം ഗുണഭോക്താക്കളും, വെട്ടക്കുറുമൻ സമുദായത്തിലെ 46.6 ശതമാനം ഗുണഭോക്താക്കളും വളർത്തുമൃഗങ്ങളുടെ തീറ്റയ്ക്ക് വനത്തിലെ മേച്ചിൽപുറങ്ങളെയാണ് ആശ്രയിക്കുന്നത്. മുള്ളുകുറുമൻ വിഭാഗത്തിലെ 27.6 ശതമാനം , അടിയാൻ സമുദായത്തിലെ 18.1 ശതമാനം , കുറിച്ച്യൻ സമുദായത്തിലെ 34.4 ശതമാനം ഗുണഭോക്താക്കൾ മേച്ചിൽപുറങ്ങളെ മാത്രമാണാശ്രയിക്കുന്നത്.

വനാവകാശനിയമപ്രകാരം സാമൂഹ്യാവകാശത്തിൽ ഉൾപ്പെടുത്തി മേച്ചിൽപുറം ഒരു പൊതുഅവകാശമായി നൽകുന്നുണ്ട്. ഇതിനായി സ്ഥലം അളന്ന് രേഖ നൽകി , കാലി മേക്കാനുള്ള ആവശ്യം അവകാശമായി അംഗീകരിച്ചു നൽകുന്നുണ്ട്. എന്നാൽ, കാലിമേയ്ക്കുന്നതിന് വനമേഖലയിൽ തടസ്സങ്ങളുള്ളതായി ഗുണഭോക്താക്കൾ വ്യക്തമാക്കുന്നു. കാലിമേക്കാൻ തടസ്സങ്ങളുള്ളതിനാൽ മറ്റു മാർഗ്ഗങ്ങളെ ആശ്രയിക്കുന്നവരാണ് ഈ ഗുണഭോക്താക്കൾ. കാലി മേക്കുന്നതിനുള്ള തടസ്സങ്ങളുണ്ടെന്ന് അഭിപ്രായപ്പെട്ടവരുടെ പട്ടിക 5.19 സമുദായടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു .

**<u>പട്ടിക-5.19</u> വനമേഖലയിൽ കാലിമേയ്ക്കാൻ തടസ്സങ്ങൾ- സമുദായടിസ്ഥാനത്തിൽ**

| ക്രമനം | തടസ്സങ്ങൾ | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | കുറിച്ച്യൻ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | | |
| 1 | ഉണ്ട് | 5 | 1 | 10 | 2 | - | 1 | - | 19 | 11 |
| 2 | ഇല്ല | 62 | 17 | 38 | 17 | 7 | 9 | 2 | 152 | 89 |
| **ആകെ** | | **67** | **18** | **48** | **19** | **7** | **10** | **2** | **171** | **100** |

വനമേഖലയിൽ കാലിമേക്കാൻ തടസ്സങ്ങളുള്ളതായി 11 ശതമാനം ഗുണഭോക്താക്കൾ പറയുന്നു. എന്നാൽ, 89 ശതമാനം ഗുണഭോക്താക്കൾക്ക് കാലി മേയ്ക്കുന്നതിന് തടസ്സങ്ങളില്ലെന്നാണ് വ്യക്തമാക്കിയത്. കാലി മേക്കുന്നതിൽ തടസ്സം നേരിടുന്നതിനാൽ മറ്റു മാർഗ്ഗങ്ങളെ ആശ്രയിക്കുന്നവരാണ് തടസ്സം നേരിടുന്നതായി വ്യക്തമാക്കിയ ഏഴു പേർ. എന്നാൽ, സാമൂഹികാവകാശം ലഭിച്ച സങ്കേതങ്ങളിലെ ആരും കാലിമേയ്ക്കാൻ തടസ്സമുള്ളതായി പറഞ്ഞിട്ടില്ല.

മൃഗപരിപാലനം കൂടുതൽപേർ ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള മുള്ളുക്കുറുമ സമുദായത്തിൽപ്പെട്ടവരാണ് തടസ്സങ്ങളും കൂടുതലുള്ളതായി പറഞ്ഞിട്ടുള്ളത്. മൃഗശല്യം, വളർത്തുമൃഗങ്ങളെ ഉൾക്കാട്ടിൽ കൊണ്ടുപോവാനുള്ള വനംവകുപ്പിന്റെ തടസ്സം എന്നിവയാണ് പ്രശ്നങ്ങളായി ഗുണഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്നത്.

നൂൽപ്പുഴ പഞ്ചായത്തിലെ മാറോട് കുറുമ സങ്കേതത്തിലെ നാല് കുടുംബങ്ങൾ വനത്തിൽ വളർത്തുമൃഗങ്ങളെ പ്രവേശിപ്പിക്കാൻ വനംവകുപ്പിന്റെ തടസ്സങ്ങളുള്ളതായി പറയുന്നു. വന്യമൃഗങ്ങൾക്ക് കുളമ്പ് രോഗം വരുമെന്ന കാരണം പറഞ്ഞ് കന്നുകാലികളെ വനത്തിൽ കെട്ടാനോ വനംവകുപ്പിന്റെ അനുമതിയില്ലെന്ന് ഇവർ ചൂണ്ടിക്കാണിക്കുന്നു. പൂതാടി പഞ്ചായത്തിലെ നെയ്ക്കുപ്പ മണൽവയൽ, ലക്ഷംവീട്, വിജയൻകുന്ന് , തവിഞ്ഞാൽ പഞ്ചായത്തിലെ ചോയിമൂല, പുൽപ്പള്ളി പഞ്ചായത്തിലെ ഫോറസ്റ്റ് വയൽ പണിയ, തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി, നൂൽപ്പുഴ പഞ്ചായത്തിലെ കോളയോട്ട് കുറുമ, പണപ്പാടി, ഊരംകുന്ന് കുറുമ എന്നീ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾ മൃഗശല്യമാണ് കാലി മേക്കാൻ തടസ്സമായി ചൂണ്ടിക്കാണിക്കുന്നു. പ്രസ്തുത സങ്കേതങ്ങളിൽ വന്യമൃഗശല്യം രൂക്ഷമാണ്. നൂൽപ്പുഴ പഞ്ചായത്തിലെ കുറിച്യാട് സങ്കേതത്തിലെ ഒരു ഗുണഭോക്താവ് പറഞ്ഞത് ഉൾക്കാട്ടിലേക്ക് കാലിയയെ മേയ്ക്കാൻ പോവാൻ വനംവകുപ്പിന്റെ അനുവാദമില്ലെന്നാണ്.

വനത്തിൽ കാലിമേയ്ക്കാൻ തടസ്സങ്ങളില്ലെന്ന് ഉത്തരം നൽകിയ ഗുണഭോക്താക്കളിൽ വളർത്തുമൃഗങ്ങളെ വനത്തിൽ മേയാൻ വിടുന്നതിനു പുറമെ മറ്റ് മാർഗ്ഗങ്ങളെ കൂടി ആശ്രയിക്കുന്നവരുണ്ട്.

### 5.18.2 കാലി വളർത്തുന്നതിൽ നിന്നുള്ള വരുമാനം:

പശു, പോത്ത്, ആട് തുടങ്ങിയ മൃഗങ്ങളെ വളർത്തുന്നവരാണ് മൃഗപരിപാലനത്തിലൂടെ വരുമാനം കണ്ടെത്തുന്നത്. പാൽ, വളം, മാസം എന്നിവ വിൽപന നടത്തുന്നതിലൂടെ വരുമാനം നേടുന്നത്. ഇവയെ സ്വന്തം ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്ന ഗുണഭോക്താക്കളുമുണ്ട്. സമുദായമനുസരിച്ചുള്ള പട്ടിക ചുവടെ :-

## പട്ടിക-5.20 വരുമാനം സമുദായടിസ്ഥാനത്തിൽ

| ക്രമനം | വരുമാനം കണ്ടെത്തുന്ന വിധം | സമുദായങ്ങൾ | | | | | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായിക്കൻ | പണിയൻ | മുള്ളുകുറുമൻ | കുറിച്ച്യർ | തച്ചനാടൻ മൂപ്പൻ | വെട്ടക്കുറുമൻ | അടിയാൻ | | |
| 1 | പാൽ വിൽപ്പനയിലൂടെ | 2 | 3 | 12 | 7 | ബാധ | 3 | – | 27 | 17.7 |
| 2 | വളം വിൽപ്പനയിലൂടെ | 4 | 5 | 4 | 1 | ബാധ | ബാധ | – | 14 | 9.2 |
| 3 | മാംസ വിൽപ്പനയിലൂടെ | 29 | 9 | 13 | 6 | 2 | 4 | 1 | 64 | 42.1 |
| 4 | സ്വന്തം ആവശ്യം | 6 | 1 | 2 | 3 | – | 2 | 1 | 15 | 10 |
| 5 | വളം വിൽപ്പനയിലൂടെ സ്വന്തം ആവശ്യം | ബാധ | – | 2 | – | – | – | – | 2 | 1.3 |
| 6 | പാൽ വിൽപ്പനയിലൂടെ, വളം വിൽപ്പനയിലൂടെ, മാംസ വിൽപ്പനയിലൂടെ | 5 | – | 5 | – | – | 1 | – | 11 | 7.2 |
| 7 | പാൽ വിൽപ്പനയിലൂടെ, വളം വിൽപ്പനയിലൂടെ, | 3 | – | 13 | 1 | – | 1 | 1 | 19 | 12.5 |
| **ആകെ** | | **49** | **18** | **51** | **18** | **2** | **11** | **3** | **152** | **100** |

മൃഗപരിപാലനത്തിൽ നിന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ വരുമാനം കണ്ടെത്തുന്ന 152 ഗുണഭോക്താക്കളാണുള്ളത്. അവശേഷിക്കുന്ന 96 ഗുണഭോക്താക്കൾ കോഴി, മുയൽ, എന്നിവയെ വളർത്തുന്നവർ, കന്നുകുട്ടികളെയും, ആട്ടിൻകുട്ടികളെയും വളർത്തുന്നവർ( വരുമാനത്തിന് ഉപയോഗപ്പെടുത്താൻ വളർച്ചയാവാത്ത മൃഗങ്ങൾ) എന്നിവരാണ്. കോഴി വളർത്തുമൃഗങ്ങളായുള്ള ഗുണഭോക്താക്കൾ അവയെ സ്വന്തം ആവശ്യത്തിനാണ് ഉപയോഗപ്പെടുത്തുന്നത്.

മാംസവിൽപ്പനയിലൂടെയാണ് 42.1 ശതമാനം ഗുണഭോക്താക്കളും മൃഗപരിപാലനത്തിലൂടെ വരുമാനം കണ്ടെത്തുന്നത്. കാട്ടുനായിക്കൻ സമുദായത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ പ്രധാന ഉപജീവനമാർഗ്ഗം മാംസത്തിനായി വളർത്തുമൃഗങ്ങളെ വിൽക്കുന്നതിലൂടെയാണ്. പാൽ വിൽപ്പനയിലൂടെ വരുമാനം കണ്ടെത്തുന്ന 17.7 ശതമാനം ഗുണഭോക്താക്കളുണ്ട്. അതേ സമയം, സ്വന്തം ആവശ്യത്തിന് വളർത്തുമൃഗങ്ങളെ പരിപാലിക്കുന്ന 10 ശതമാനം ഗുണഭോക്താക്കളുണ്ട്. വളം വിൽപ്പനയിലൂടെ 9.2 ശതമാനം ഗുണഭോക്താക്കളാണ് വരുമാനം കണ്ടെത്തുന്നത്. പാൽ, വളം, മാംസം എന്നിവ വിൽപ്പന നടത്തുന്നതിലൂടെ 21 ശതമാനം ഗുണഭോക്താക്കളാണ് വരുമാനം നേടുന്നത്.

വനാവകാശനിയമം നടപ്പിലാക്കിയതു വഴി ഉപജീവനമാർഗ്ഗത്തിൽ അനുകൂലമായ പുരോഗതി ഉണ്ടായ 61.6 ശതമാനം ഗുണഭോക്താക്കളാണുള്ളത്. പോത്ത്, പശു, ആട് എന്നിവയെ പരിപാലിക്കുന്നതിലൂടെയാണ് വരുമാനം കണ്ടെത്താൻ കഴിയുന്നത്. കോഴിയെ വളർത്തുമൃഗമായി ഗുണഭോക്താക്കൾ വളർത്തുന്നുണ്ടെങ്കിലും വരുമാനത്തിനായി ഇതുപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്ന് പഠനത്തിൽ കാണാം.

## 5.18.3 സൂക്ഷ്മപഠനങ്ങൾ

5.11.3.1.മൃഗപരിപാലനം മുഖ്യതൊഴിലായ സങ്കേതം

**5.സി 14** കുറിച്യാട്:

നൂൽപ്പുഴ പഞ്ചായത്തിലെ കുറിച്യാട് വനാവകാശസമിതിയിലുൾപ്പെട്ട വനാന്തർഭാഗത്തുള്ള സങ്കേതമാണ് കുറിച്യാട്. സുൽത്താൻബത്തേരി–പുൽപ്പള്ളി പ്രധാന പാതയിലെ ചെതലയത്തു നിന്നും, വനത്തിനുള്ളിലേക്ക് എട്ടു കിലോമീറ്റർ സഞ്ചരിച്ചാൽ പ്രസ്തുത സങ്കേതത്തിലെത്താം. വനാവകാശം ലഭിച്ച 10 കുടുംബങ്ങളാണ് നിലവിൽ ഇവിടെ താമസിക്കുന്നത്. അവകാശം ലഭിച്ച അവശേഷിക്കുന്ന 26 കുടുംബങ്ങളെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി വിവിധ ഭാഗങ്ങളിൽ മാറ്റിപ്പാർപ്പിച്ചിരിക്കുന്നു.

നിലവിൽ സങ്കേതത്തിലുള്ള 10 കാട്ടുനായിക്കൻ കുടുംബങ്ങളും ഉപജീവനത്തിനായി പ്രധാനമായും, ആശ്രയിക്കുന്നത് മൃഗപരിപാലനത്തെയാണ്. എല്ലാ കുടുംബങ്ങൾക്കും, ബ്രഹ്മഗിരി പദ്ധതിയിലുൾപ്പെടുത്തി പോത്തിനെ ലഭിച്ചിട്ടുണ്ട്. അതിലൂടെ, വനവിഭവശേഖരണത്തെ, ഭക്ഷണത്തിനായി ആശ്രയിക്കുന്നുണ്ട്. സങ്കേതത്തിലെ ആരും തന്നെ, പുറത്ത് വരുമാനത്തിനായി ജോലിക്കു പോകുന്നില്ല.

എന്നാൽ, സങ്കേതത്തിൽ നിന്ന് പദ്ധതിയിലുൾപ്പെടുത്തി മാറ്റി പാർപ്പിച്ച പണിയ, കാട്ടുനായിക്കൻ സമുദായങ്ങളിലുൾപ്പെട്ട 26 കുടുംബങ്ങൾക്കും ഇപ്പോൾ മൃഗപരിപാലനത്തിൽ ഏർപ്പെടാനാവുന്നില്ല. മൃഗങ്ങളുടെ തീറ്റയ്ക്കായി സമീപത്ത് വനമില്ലാത്തതും, സർക്കാർ പദ്ധതികളിലൂടെ മൃഗങ്ങളെ അനുവദിക്കാത്തതുമാണ് കാരണം. മുമ്പ്, കുറിച്യാട് താമസിച്ചിരുന്നപ്പോൾ എല്ലാ കുടുംബങ്ങൾക്കും വളർത്തുമൃഗങ്ങളുണ്ടായിരുന്നു. മാറ്റിപാർപ്പിച്ചതിലൂടെ, മൃഗപരിപാലനത്തിന് സാധിക്കുന്നില്ലെന്ന് മാറ്റിപാർപ്പിക്കപ്പെട്ട സങ്കേതവാസികൾ അഭിപ്രായപ്പെടുന്നത്.

വനത്തിന്റെ സാന്നിദ്ധ്യവും, ജലലഭ്യതയും കാരണം കുറിച്യാട് മൃഗപരിപാലനത്തിന് അനുയോജ്യമാണ്. അതുകൊണ്ട്, ഇവിടെ നിന്ന് മാറ്റി പാർപ്പിച്ചവർക്ക് ഇതോടെ, നഷ്ടമായത് പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗമാണ്.

.

## I. <u>5.11.3.2.മൃഗപരിപാലനം ഇല്ലാത്ത സങ്കേതം</u>

### <u>5.സി 15 ശേഖരൻകുണ്ട്:</u>

മുപ്പൈനാട് പഞ്ചായത്തിലെ വടുവഞ്ചാലിനടുത്ത് പരമ്പരാഗതമായി കാട്ടുനായിക്ക സമുദായം അധിവസിച്ചു വരുന്ന സങ്കേതമാണ് ശേഖരൻകുണ്ട്. കൂലിപ്പണിയാണ് സങ്കേതവാസികളുടെ പ്രധാന ഉപജീവന മാർഗ്ഗം. വനവിഭവശേഖരണം, കൃഷി എന്നിവ ഉപതൊഴിലായുണ്ട്. എന്നാൽ, സങ്കേതത്തിലെ ആർക്കും തന്നെ, വളർത്തുമൃഗങ്ങളില്ല.

ATSP പദ്ധതി പ്രകാരം, മൃഗങ്ങളെ വിതരണം ചെയ്യുന്നതിനായി സങ്കേതത്തിലെ ഗുണഭോക്താക്കൾക്ക് ആട്ടിൻകൂടുകൾ നൽകിയിട്ടുണ്ടെങ്കിലും മൃഗങ്ങളെ നൽകിയിട്ടില്ല. സങ്കേതവാസികൾക്ക് ഉപജീവനമാർഗ്ഗത്തിനും, ഭക്ഷ്യസുരക്ഷയ്ക്കുമായി ലക്ഷ്യം വെച്ച് ആവിഷ്കരിച്ചതാണെങ്കിലും മൃഗങ്ങളെ ഇതുവരെ നൽകിയിട്ടില്ല.

## II. <u>5.11.3.3.മൃഗപരിപാലനം സാധ്യമല്ലാത്ത സങ്കേതം</u>

### <u>5.സി 16 വെള്ളക്കെട്ട്:</u>

മേപ്പാടി പഞ്ചായത്തിലെ നെല്ലിമാളത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഇടിഞ്ഞകൊല്ലി വനാവകാശസമിതിയിലുൾപ്പെട്ട സങ്കേതമാണ് വെള്ളക്കെട്ട്. പരമ്പരാഗതമായി പണിയ, കാട്ടുനായിക്ക വിഭാഗങ്ങളാണ് ഇവിടെ താമസിക്കുന്നത്. പാറക്കെട്ട് നിറഞ്ഞ വഴികളും, സങ്കേതവുമാണിത്. സങ്കേതത്തിലെത്തിച്ചേരാൻ കല്ലുകൾ നിറഞ്ഞ ഇടവഴി മാത്രമാണുള്ളത്. വഴി സൗകര്യമില്ലാത്തതും, പാറക്കെട്ട് നിറഞ്ഞ സങ്കേതത്തിന്റെ ഭൂസ്വഭാവവും, മൃഗപരിപാലനത്തിന് തീർത്തും എതിരാണ്

വളർത്തുമൃഗങ്ങളെ മേയാൻ വിടുന്നതിനോ, പുല്ല് വെട്ടി നൽകുന്നതിനോ കഴിയുന്ന സാഹചര്യമല്ല സങ്കേതത്തിനുള്ളത് . മാത്രവുമല്ല, സങ്കേതത്തിന്റെ സമീപത്തുള്ള സ്ഥലം സ്വകാര്യവ്യക്തികളുടേതായതിനാൽ മൃഗങ്ങളുടെ ഭക്ഷണത്തിന് ആശ്രയിക്കാനാവില്ല. അതിനാൽ, മൃഗപരിപാലനം തങ്ങൾക്ക് ദുഷ്കരമാണെന്ന് സങ്കേതവാസികൾ പറയുന്നു.

വെള്ളക്കെട്ട് സങ്കേതത്തിനോട് സമാനമായ സങ്കേതമാണ് മേപ്പാടി പഞ്ചായത്തിലെ തന്നെ ഗോവിന്ദൻപാറ സങ്കേതം. വെള്ളക്കെട്ട് സങ്കേതത്തിന് സമീപത്തു തന്നെയുള്ള സങ്കേതമാണിത്. ഗോവിന്ദൻപാറയുടെ ഭൂപ്രകൃതിയും, മൃഗപരിപാലനത്തിന് അനുയോജ്യമല്ല. സങ്കേതത്തിന്റെ താഴ്ഭാഗത്തുള്ള മുള്ളുക്കുറുമ, കാട്ടുനായിക്ക സമുദായങ്ങൾക്ക് മഗപരിപാലനം തടസ്സമല്ല. എന്നാൽ, സങ്കേതത്തിന്റെ മുകൾഭാഗത്ത്, അതായത്, പാറ നിറഞ്ഞ പ്രദേശത്ത് താമസിക്കുന്ന പണിയൻ സമുദായത്തിൽപ്പെട്ടവർക്കാണ് മൃഗപരിപാലനത്തിന് തടസ്സമുള്ളത്.

III. **5.11.3.4.മൃഗപരിപാലനം മുമ്പുണ്ടായിരുന്നവർ/ നിലവിലില്ലാത്തവർ**

**5.സി 17 പൂളക്കുന്ന്:**

മേപ്പാടി പഞ്ചായത്തിലെ ചെമ്പ്രമലയ്ക്കടുത്തുള്ള സങ്കേതമാണ് പൂളക്കുന്ന്. തേയില എസ്റ്റേറ്റും, വനവും തൊട്ടടുത്തു തന്നെയുള്ള സങ്കേതമായതിനാൽ മൃഗശല്യം ഇവിടെ രൂക്ഷമാണ്. വളർത്തുമൃഗങ്ങളെ നിരന്തരമായി വന്യമൃഗങ്ങൾ ആക്രമിക്കുന്നതിനാൽ ഇപ്പോൾ മൃഗപരിപാലനം പ്രയാസകരമാണെന്ന് സങ്കേതവാസികൾ പറയുന്നു.

സങ്കേതത്തിലെ എട്ട് കുടുംബങ്ങൾ വന്യമൃഗശല്യം രൂക്ഷമായതിനാൽ മൃഗപരിപാലനം നിർത്തിയവരാണ്. മുമ്പുണ്ടായിരുന്നെങ്കിലും ഇപ്പോൾ ഒന്നിനെയും വളർത്തുന്നില്ല. ഉപജീവനമാർഗ്ഗത്തിനായി ഇവയെ ഉപയോഗപ്പെടുത്താനാവുന്നില്ലെന്നും സ്വന്തം ആവശ്യങ്ങൾക്ക് പോലും ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും സങ്കേതവാസികൾ പറയുന്നു.

## 5.19 .വനാശ്രയം- നിലവിൽ

വരുമാനമാർഗ്ഗത്തിനായി വനവിഭവശേഖരണം നടത്തുന്നതിന് പുറമെ വിറക് ശേഖരിക്കുന്നതിനും, കാലിമേയ്ക്കുന്നതിനും , സങ്കേതങ്ങളോട് ചേർന്ന ജലാശയങ്ങളിൽ നിന്ന് ഭക്ഷ്യാവശ്യത്തിനു മത്സ്യബന്ധനം നടത്തുന്നതിനുമൊക്കെയായി വനത്തെ ആശ്രയിച്ചു വരുന്നവരായിരുന്നു ഗോത്രവർഗ്ഗക്കാർ. എന്നാൽ, വനാവകാശനിയമം നടപ്പിലാക്കിയതിനു ശേഷം തടസ്സങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. നിലവിൽ വനത്തിൽ നിന്നു വിറകെടുക്കുന്നതിനു പോലും വിലക്കുണ്ടെന്ന് ഗുണഭോക്താക്കൾ പറയുന്നു. നിത്യോപയോഗ ആവശ്യങ്ങൾക്കു വേണ്ടി വിറകു ശേഖരിക്കുവാൻ പോലും വനംവകുപ്പ് ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ല എന്നാണ് മേപ്പാടി പഞ്ചായത്തിലെ കാർമ്മൽകുന്ന് തച്ചനാടൻ മൂപ്പൻ സങ്കേതത്തിലെ സങ്കേതവാസിയുടെ അഭിപ്രായപ്പെട്ടത്. കന്നുകാലികളിൽ നിന്ന് വന്യമൃഗങ്ങൾക്ക് കുളമ്പുരോഗം പിടിപെടും എന്ന് ആരോപിച്ച് കാട്ടിൽ കന്നുകാലികളെ മേയ്ക്കാൻ അനുവദിക്കാറില്ലെന്ന് നൂൽപ്പുഴ പഞ്ചായത്തിലെ മാറോട് സങ്കേതത്തിൽ നിന്നും ഗുണഭോക്താക്കൾ അഭിപ്രായപ്പെടുകയുണ്ടായി. രേഖ ലഭിച്ച സ്ഥലത്തോട് ചേർന്നു കിടന്ന വനപ്രദേശത്തിന്റെ അടിക്കാട് വെട്ടിത്തെളിക്കാൻ പോലും കഴിയാത്ത സാഹചര്യമാണെന്നും, വനംവകുപ്പ് ഇത് അനുവദിക്കാറില്ലെന്നും , തന്മൂലം വനാവകാശ രേഖ ലഭിച്ച സ്ഥലത്തേക്ക് എത്തിപ്പെടാൻ സാധിക്കാത്ത സാഹചര്യമാണെന്നും, പുൽപ്പള്ളി പഞ്ചായത്തിലെ കണ്ടാമല സങ്കേതവാസികളും അഭിപ്രായപ്പെട്ടു. നിലവിൽ താഴെ 5.21 പട്ടികയിൽ കൊടുത്തിട്ടുള്ളവയ്ക്കാണ് വനത്തെ ആശ്രയിച്ചുവരുന്നത്. സമുദായടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് നല്കിയിട്ടുള്ളത്.

പട്ടിക 5.21 **വനാശ്രയം- നിലവിൽ**

| ക്രമ നം | ആവശ്യങ്ങൾ | സമുദായങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കാട്ടുനായക്കൻ | പണിയൻ | മുള്ളുക്കുറുമൻ | വെട്ടക്കുറുമൻ | കുറിച്യർ | തച്ചനാടൻമൂപ്പൻ | അടിയാൻ | ആകെ |
| | | 1 | 2 | 3 | 4 | 5 | 6 | 7 | |
| 1 | വിറക് ശേഖരണം | 45 (14.80%) | 50 (29.24%) | 17 (17.53%) | 31 (37.35%) | 13 (17.11%) | 15 (50%) | 0 | 171 (22.24%) |
| 2 | വിറക്, വന വിഭവശേഖരണം | 128 (42.11%) | 38 (22.22%) | 19 (19.59%) | 22 (26.51%) | 9 (11.84%) | 10 (33%) | 1 (12.5%) | 227 (29.52%) |
| | വിറക്, വന വിഭവശേഖരണം, കാലി മേച്ചിൽ, മീൻപിടുത്തം | 103 (33.88%) | 54 (31.58%) | 24 (24.74%) | 19 (22.89%) | 15 (19.74%) | 3 (10%) | 2 (25%) | 220 (28.61%) |
| 3 | വിറ ശേഖരണം, കാലി മേച്ചിൽ, മീൻപിടുത്തം | 8 (2.63%) | 23 (13.45%) | 27 (27.84%) | 2 (2.41%) | 30 (39.47%) | 2 (7%) | 3 (37.5%) | 95 (12.35%) |
| 4 | നിലവിൽ വനത്തെ ആശ്രയിക്കാത്തവർ | 20 (6.58%) | 6 (3.515) | 10 (10.31%) | 9 (10.84%) | 9 (11.84%) | 0 | 2 (25%) | 56 (7.28%) |
| **ആകെ** | | 304 | 171 | 97 | 83 | 76 | 30 | 8 | 769 |

വിറക് ശേഖരിക്കുന്നതിനു മാത്രം വനത്തെ ആശ്രയിക്കുന്നത് 22 ശതമാനം കുടുംബങ്ങളാണ്. പണിയ സമുദായത്തിൽ നിന്നുമാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾ വിറകു ശേഖരിക്കുന്നതിനു മാത്രം വനത്തെ ആശ്രയിക്കുന്നവർ 50 കുടുംബങ്ങൾ. കാട്ടുനായിക്കൻ സമുദായത്തിലെ 45 കുടുംബങ്ങളും, വെട്ടക്കുറുമൻ സമുദായത്തിലെ 31 കുടുംബങ്ങളും , കുറിച്യർ സമുദായത്തിൽ നിന്ന് 13 കുടുംബങ്ങളും വിറകുശേഖരിക്കുന്നതിനു മാത്രം വനത്തെ ആശ്രയിച്ചു വരുന്നു. കൂടാതെ, മുള്ളുകുറുമൻ സമുദായത്തിൽ നിന്നു 17 ഉം, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 15 കുടുംബങ്ങളും വിറകുശേഖരണത്തിനായി വനത്തെ ആശ്രയിക്കുന്നു.

വിറക് ശേഖരണത്തോടൊപ്പം വനവിഭവശേഖരണവും നടത്തുന്നത് 28 ശതമാനം കുടുംബങ്ങളാണ്. കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 128 കുടുംബങ്ങളും, പണിയൻ സമുദായത്തിലെ 38 കുടുംബങ്ങളും , വെട്ടക്കുറുമൻ സമുദായത്തിലെ 22 കുടുംബങ്ങളും ഇത്തരത്തിൽ വനവിഭവശേഖരണത്തിനും, വിറകുശേഖരണത്തിനുമായി വനത്തെ ആശ്രയിച്ചു വരുന്നു. 1 കുടുംബമാണ് അടിയാൻ സമുദായത്തിൽ നിന്ന് ഈ രണ്ട് ആവശ്യങ്ങൾക്കായി വനത്തെ ആശ്രയിക്കുന്നുള്ളൂ. മുള്ളുകുറുമൻ, തച്ചനാടൻ മൂപ്പൻ, കുറിച്ച്യൻ സമുദായങ്ങളിൽ നിന്ന് യഥാക്രമം 19,10,9 എന്നിങ്ങനെയും, വനവിഭവശേഖരണത്തിനും വനത്തെ ആശ്രയിക്കുന്നു.

മേൽപ്പറഞ്ഞ ആവശ്യങ്ങളോടൊപ്പം , കാലിമേയ്ക്കുന്നതിനും, സ്വന്തം ഭക്ഷ്യാവശ്യത്തിനായി മത്സ്യബന്ധനം നടത്തുന്നതിനും, വനത്തെയും, വനപ്രദേശത്തുൾപ്പെടുന്ന പുഴ, തോട്, തുടങ്ങിയ ജലാശയങ്ങളെയും ആശ്രയിക്കുന്നത് 27.2% കുടുംബങ്ങളാണ്. കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 103 കുടുംബങ്ങളും, പണിയൻ സമുദായത്തിൽ നിന്ന് 54 കുടുംബങ്ങളും, മുള്ളുക്കുറുമ സമുദായത്തിലെ 24 കുടുംബങ്ങളും, വെട്ടക്കുറുമൻ സമുദായത്തിൽ നിന്ന് 19 കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നു. 15 കുടുംബങ്ങളാണ് കുറിച്ച്യൻ സമുദായത്തിൽ നിന്ന് വിറക്-വനവിഭവശേഖരണം എന്നിവയ്ക്ക് പുറമെ, കാലി മേയ്ക്കുന്നതിനും, മത്സ്യബന്ധനത്തിനുമായി വനമേഖലയെ ആശ്രയിക്കുന്നത്. തച്ചനാടൻ മൂപ്പൻ, അടിയാൻ സമുദായങ്ങളിൽ നിന്ന് യഥാക്രമം 3,2 കുടുംബങ്ങൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്നു.

വനവിഭവശേഖരണമൊഴികെ, വിറക്ശേഖരണം നടത്തുന്നതിനും, വനമേഖലയിൽ കാലിമേയ്ക്കുന്നതിനും, സ്വന്തം ആവശ്യങ്ങൾക്കായി മത്സ്യബന്ധനം നടത്തുന്നതിനുവേണ്ടിയും, വനത്തെ ആശ്രയിക്കുന്നവർ 11.7% കുടുംബങ്ങളാണ്. കാട്ടുനായിക്ക സമുദായത്തിൽ വനവിഭവശേഖരണമൊഴികെ, മറ്റ് ആവശ്യങ്ങൾക്ക് മാത്രം വനത്തെ ആശ്രയിക്കുന്നത് 8 കുടുംബങ്ങൾ മാത്രമാണ്. പണിയൻ സമുദായത്തിൽ 23 കുടുംബങ്ങളും, മുള്ളുകുറുമൻ സമുദായത്തിൽ നിന്ന് 27 കുടുംബങ്ങളും, കുറിച്ച്യൻ സമുദായത്തിൽ നിന്ന് 30 കുടുംബങ്ങളും, വനവിഭവശേഖരണമൊഴികെയുള്ള ആവശ്യങ്ങൾക്കു വേണ്ടി വനത്തെ ആശ്രയിച്ചു വരുന്നു. വെട്ടക്കുറുമൻ, തച്ചനാടൻ മൂപ്പൻ സമുദായങ്ങളിൽ നിന്ന് 2 കുടുംബങ്ങൾ വീതവും, അടിയാൻ സമുദായത്തിൽ നിന്ന് 3 കുടുംബങ്ങളും, വനവിഭവശേഖരണമൊഴികെയുള്ള ആവശ്യങ്ങൾക്കായി വനത്തെ ആശ്രയിച്ചു വരുന്നു.


വിറക് ശേഖരണം, വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം തുടങ്ങിയാതൊരാവശ്യങ്ങൾക്കു വേണ്ടിയും വനത്തെ ആശ്രയിക്കാത്തവർ 7.2 ശതമാനമാളുകളാണ്. വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ താമസമില്ലാത്ത എന്നാൽ, കാർഷിക ഇതര ആവശ്യങ്ങൾക്കായി വന്നു പോകുന്നവരും, കൂലിപ്പണി, മറ്റ് സർക്കാർ-സ്വകാര്യ

സ്ഥാപനങ്ങളിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്നവരും, നിലവിൽ പ്രസ്തുത ആവശ്യങ്ങൾക്കായി വനത്തെ ആശ്രയിക്കാറില്ലെന്ന് അഭിപ്രായപ്പെട്ടു.

## 5.20 വനവിഭവങ്ങൾ ശേഖരിക്കുന്നതിലുണ്ടായ വ്യവസ്ഥകളിലെ മാറ്റം

വനാവകാശം നിലവിൽ വന്നതോടെ വനവിഭവങ്ങൾ ശേഖരിക്കുന്നതിലുണ്ടായ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റമുണ്ടായതായി 1.43 ശതമാനം കുടുംബങ്ങൾ അഭിപ്രായപ്പെട്ടു. 79.84 ശതമാനം കുടുംബങ്ങൾ വ്യവസ്ഥകളിൽ യാതൊരു മാറ്റവും ഇല്ലെന്ന് അഭിപ്രായപ്പെടുമ്പോൾ , ഏതെങ്കിലും വിധത്തിലുള്ള മാറ്റം വനവിഭവശേഖരണവുമായി ബന്ധപ്പെട്ട് വനാവകാശ നിയമത്തിലും വന്നിട്ടുണ്ടോ എന്നതിൽ യാതൊരു അവഗാഹവുമില്ലാത്ത 18.73 ശതമാനം കുടുംബങ്ങളാണുള്ളത്.

**ചാർട്ട് 5.ജി.6**




കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് 1.64% കുടുംബങ്ങളും, പണിയൻ, കുറിച്ച്യൻ സമുദായങ്ങളിൽ നിന്ന് യഥാക്രമം1.17%,2.63% കുടുംബങ്ങളും, വെട്ടക്കുറുമൻ , മുള്ളുകുറുമൻ സമുദായങ്ങലിൽ നിന്ന് 1.20%,1.03% വും ആണ് വനാവകാശം നിലവിൽ വന്നതിലൂടെ വനവിഭവശേഖരണത്തിൽ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് അഭിപ്രായപ്പെട്ടത്. നിലവിൽ സ്വതന്ത്രമായി വനത്തിൽ പോവാൻ കഴിയുന്നുണ്ടെന്നും, വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയുന്നുണ്ടെന്നും, 9 സങ്കേതങ്ങളിൽ നിന്നുള്ള 11 ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടു.

വനാവകാശ നിയമം നിലവിൽ വന്നതിനു ശേഷവും, വനവിഭവശേഖരണ രീതികളിൽ യാതൊരുവിധ മാറ്റവും വന്നിട്ടില്ല എന്ന് അഭിപ്രായപ്പെട്ട കുടുംബങ്ങൾ കാട്ടുനായിക്ക സമുദായത്തിൽ നിന്ന് 84.87% വും പണിയ സമുദായത്തിൽ നിന്ന് 77.19%, മുള്ളുകുറുമൻ സമു

ദായത്തിൽ നിന്ന് 83.51%, കുറിച്യ സമുദായത്തിൽ നിന്ന് 78.95%, തച്ചനാടൻ മൂപ്പൻ സമുദായത്തിൽ നിന്ന് 43.33%, അടിയ സമുദായത്തിൽ നിന്ന് 50% എന്നിങ്ങനെയാണ്.

വനാവകാശനിയമം നിലവിൽ വന്നതിലൂടെ ഏതെങ്കിലും തരത്തിലുള്ള മാറ്റം വനവിഭവശേഖരണവുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ടോ എന്നതിന് 'അറിയില്ല' എന്നു പ്രതികരിച്ച 18.73 ശതമാനം കുടുംബങ്ങളാണ്. വനാവകാശ നിയമം വനവിഭവശേഖരണവുമായി ബന്ധപ്പെട്ട് പ്രദാനം ചെയ്യുന്ന സാദ്ധ്യതകൾ ഏതൊക്കെയാണെന്നതിനെ സംബന്ധിച്ച് യാതൊരു ധാരണയുമില്ലാത്തതും, നിയമം വന്നതിലൂടെ ഏതെങ്കിലും തരത്തിലുള്ള മാറ്റം വനവിഭവശേഖരണത്തിൽ വന്നിട്ടില്ലാത്തവരുമാണ് ഇത്തരമൊരു അഭിപ്രായം ഉന്നയിച്ചത്. കാട്ടുനായിക്കൻ സങ്കേതത്തിൽ നിന്ന് 13.49% കുടുംബങ്ങളും, പണിയൻ സമുദായത്തിൽ നിന്ന് 21.64% കുടുംബങ്ങളും, കുറിച്ച്യൻ(18.42%), മുള്ളുകുറുമൻ(15.46%), വെട്ടക്കുറുമൻ(19.28%) എന്നിങ്ങനെയുമാണ് തൊണ്ടർനാട് പഞ്ചായത്തിലെ നെല്ലേരി സങ്കേതത്തിൽ നിന്നും 24 കുടുംബങ്ങളും, തിരുനെല്ലി പഞ്ചായത്തിലെ പനവല്ലി സങ്കേതത്തിൽ നിന്ന് 26 കുടുംബങ്ങളുംം കൂടാതെ, തവിഞ്ഞാൽ പഞ്ചായത്തിലെ എടാറകൊല്ലി, മീനങ്ങാടി പഞ്ചായത്തിലെ അത്തിക്കടവ്, പുൽപ്പള്ളി പഞ്ചായത്തിലെ ഫോറസ്റ്റ് വയൽ തുടങ്ങി 31 സങ്കേതങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾ സമാന അഭിപ്രായം ഉന്നയിച്ചു.

വനവിഭവശേഖരണവും, അതിന്റെ സംസ്കരണവും, വിപണനവും, മേച്ചിൽപ്പുറങ്ങൾ ഉപയോഗിയ്ക്കൽ, ജലവിഭവങ്ങൾ ഉപയോഗിക്കൽ ഇവയെല്ലാം നിയമത്തിന്റെ പൊതുഅവകാശമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ നിയമം ലക്ഷ്യമാക്കിയിട്ടുള്ളത് ഗോത്രവർഗ്ഗക്കാരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുക എന്നതാണ്. എന്നാൽ ആയത് ഉപയോഗിക്കുന്നതിനുള്ള വനഭൂമി പരിമിതപ്പെടുത്തിയിട്ടുള്ളത് നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് എതിരാണ്. വനവിഭവശേഖരണം നടത്തുന്നതിനും, 2 ഏക്കർ മാത്രം ലഭിച്ച സങ്കേതങ്ങളും ഉണ്ട്.

ഇത് പരമ്പരാഗതമായി ഉപജീവനത്തിനായി നടത്തിയിരുന്ന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ തുടരുന്നതിന് തടസ്സമായിട്ടുണ്ട്. നിയമത്തിലും ചട്ടത്തിലും സാമൂഹികാവകാശം നല്കുന്നതിൽ പരിധി പറഞ്ഞിട്ടില്ല.

## 5.21 .ഉപജീവന മാർഗ്ഗങ്ങളെ കുറിച്ച് ശില്പശാലയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ

വിലയിരുത്തൽ പഠനത്തോടനുബന്ധിച്ച് രണ്ട് ശില്പശാലകൾ നടത്തപ്പെട്ടു. ഇതിൽ ആദ്യത്തെത് ഉപജീവനമാർഗ്ഗങ്ങളെ കേന്ദ്രീകരിച്ചിട്ടുള്ളതായിരുന്നു.ആദിവാസി മേഖലയിൽ വിവിധങ്ങളായ തൊഴിൽ ചെയ്യുന്നവരുണ്ട്. എന്നാൽ ഉപജീവനമാർഗ്ഗങ്ങൾ ഓരോ സമുദായത്തിനും വ്യത്യസ്തമാണ്. ചരിത്രപരമായ ഒരേ സാഹചര്യം

നിലനിൽക്കുന്ന അടിയാൻ, പണിയൻ സമുദായങ്ങളും, വെട്ടകുറുമൻ, തച്ചനാടൻ മൂപ്പൻ എന്നീ സമുദായങ്ങൾ വെവ്വേറെ രണ്ടു ഗ്രൂപ്പുകളായും, മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങൾ ഓരോ ഗ്രൂപ്പുകളായും ആണ് ചർച്ചയ്ക്ക് ഇരുന്നത്.

പത്ത് വിഷയമേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ, സംയോജന സാധ്യതകൾ എന്നിവ വനാവകാശ നിയമമമനുസരിച്ച് ഗുണഭോക്താക്കളായ 65 പേർ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയുടെ സംക്ഷിപ്ത രൂപം പട്ടിക5.22 ആയി താഴെ ചേർക്കുന്നു.

**പട്ടിക5.22 ഉപജീവനമാർഗ്ഗങ്ങൾ സമുദായടിസ്ഥാനത്തിൽ**

## കാട്ടുനായിക്കൻ

| ക്രമ നം. | വിഷയമേഖല | നിലനിൽക്കുന്ന പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | സംയോജന സാധ്യതകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കൃഷി | • വന്യമൃഗശല്യം<br>• വനാവകാശരേഖ കിട്ടാത്തതു മൂലം വനംവകുപ്പിന്റെ തടസ്സമുണ്ട്.<br>• ജലശേചനസൗകര്യമില്ലായ്മ<br>• വിത്തുകളുടെയും, വളത്തിന്റെയും ലഭ്യതക്കുറവ്<br>• സാമ്പത്തിക സഹായമില്ല. | • വ്യക്തിഗതമായി പവർഫെൻസിംഗ് , കൽമതിൽ, റെയിൽ ഫെൻസിംഗ് എന്നിവ വന്യമൃഗശല്യം തടയാനായി നടപ്പിലാക്കുക.<br>• വനാവകാശനിയമം പൂർണ്ണമായി നടപ്പിലാക്കുക<br>• നല്ലയിനം വിത്തുകൾ ലഭ്യമാക്കണം<br>• ചെക്ഡാം, കനാൽ, ചെറുകുളങ്ങളുടെ നിർമ്മാണം | • കൃഷി, ട്രൈബൽ, ജലശേചനം, വനം, ത്രിതല പഞ്ചായത്ത് വകുപ്പുകളുടെ യോജിച്ചുള്ള ഇടപെടൽ<br>• തൊഴിലുറപ്പ് പദ്ധതിയുടെ ഇടപെടൽ |
| 2 | മൃഗസംരക്ഷണം | • കന്നുകാലി മേയ്ക്കുന്നതിന് വനംവകുപ്പിന്റെ തടസ്സം<br>• വന്യമൃഗ ആക്രമണം<br>• ഉറപ്പുള്ള കൂടിന്റെ അഭാവം | • സാമൂഹ്യവനാവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കുക.<br>• വന്യമൃഗ ആക്രമണത്തിന് മതിയായ നഷ്ടപരിഹാരം നൽകണം.<br>• നല്ല കൂടുണ്ടാക്കാനുള്ള ധനസഹായം നൽകണം. സൗജന്യമായി ഇൻഷുർ ചെയ്തു കൊടുക്കണം.<br>• മൃഗസംരക്ഷണം തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണം | • മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ.<br>• വനം, കൃഷി, മൃഗസംരക്ഷണം, ട്രൈബൽ വകുപ്പുകളുടെ സംയോജിത ഇടപെടൽ. |

| | | | | |
|---|---|---|---|---|
| 3 | വനവുമായി ബന്ധപ്പെട്ട ജോലികൾ | • മതിയായ വേതനം ലഭിക്കുന്നില്ല.<br>• വനം മേഖലയിലെ ജോലികൾക്ക് ആദിവാസി വിഭാഗം അല്ലാത്തവരെ പരിഗണിക്കുന്നു.<br>• വനവുമായി ബന്ധപ്പെട്ട ജോലികളിൽ ആദിവാസികളെ അമിതമായി ചൂഷണം ചെയ്യുന്നു. | • മതിയായ വേതനം നൽകണം.<br>• വനമേഖലയിലെ ജോലികൾക്ക് ആദിവാസികളെ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. | • വനം, ട്രൈബൽ, ത്രിതല പഞ്ചായത്ത്, ഗ്രാമീണ വികസനം എന്നീ വകുപ്പുകളടെ സംയോജിത ഇടപെടലുണ്ടാവണം. |
| 4 | ചെറുകിട വനവിഭവ ശേഖരണം | • വനംവകുപ്പിന്റെ തടസ്സമുണ്ട്.<br>• സാമൂഹ്യാവകാശം ചുരുങ്ങിയ സ്ഥലത്ത് മാത്രമേ അനുവദിച്ചിട്ടുള്ളൂ.<br>• വനവിഭവങ്ങൾക്ക് മതിയായ വില കിട്ടുന്നില്ല. | • ചെറുകിട വനവിഭവ ശേഖരണത്തിന് അതിര് നിശ്ചയിക്കാൻ പാടില്ല.. | • ബന്ധപ്പെട്ട വകുപ്പുകളുടെ ഇടപെടൽ ഉണ്ടായി പ്രശ്നങ്ങൾ പരിഹരിക്കണം. |
| 5 | സ്ഥിരവരുമാനമുള്ളവർ/ ദിവസക്കൂലി | • ദിവസക്കൂലി/ മതിയായ വേതനമില്ല.<br>• വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാവാറുണ്ട്.<br>• മരണപ്പെട്ടാൽ കുടുംബം അനാഥമായയി പോകുന്നു. താൽക്കാലിക ജോലിയാണ് നൽകുന്നത്. ഇവർക്ക് ആവശ്യമായ ലീവ് അനുവദിക്കുന്നില്ല. | • ഇവർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തണം.<br>• കൂലി വർദ്ധിപ്പിക്കണം<br>• മരണപ്പെടുന്നവരുടെ കുടുംബത്തിന് സ്ഥിരം ജോലി നൽകണം. | |
| 6 | മറ്റുസംസ്ഥാനങ്ങളിൽ ജോലിക്കു പോകുന്നവർ | • കുടുംബത്തോടൊപ്പം ജോലിക്ക് പോകുന്നവർക്ക് മതിയായ താമസ സൗകര്യങ്ങളില്ല.<br>• ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യാത്തതിന്റെ പ്രശ്നങ്ങൾ.<br>• വേണ്ടത്ര കൂലി നൽകുന്നില്ല.<br>• അമിതമായ മദ്യപാനാസക്തി | • നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം.<br>• സ്വന്തം സ്ഥലത്ത് കാർഷിക/കാർഷികേതര ജോലിയും കണ്ടെത്തി നൽകണം.<br>• സർക്കാർ പ്രസ്തുത വിഷയം പഠിച്ച് ഉചിതമായ നടപടി സ്വീകരിക്കണം. | |
| 7 | തൊഴിലുറപ്പ് | • വനാവകാശം ലഭിച്ച ഭൂമിയിൽ എല്ലാത്തരം പണികളും, തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്യുന്നില്ല.<br>• നടപ്പാത, വഴികൾ എന്നിവ മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ച് ചെയ്യുന്നില്ല.<br>• കൂലി കൃത്യമായി ലഭിക്കുന്നില്ല. | • എല്ലാത്തരം പണികളും പ്രസ്തുത ഭൂമിയിൽ എടുപ്പിക്കണം<br>• കൂലി കൃത്യമായി നൽകണം. | |

| | | | | |
|---|---|---|---|---|
| 8 | കാർഷികേതര ജോലി | • സങ്കേതങ്ങൾ കേന്ദ്രീക രിച്ച് നടത്തുന്ന നിർമ്മാണ വികസന പ്രവർത്തനങ്ങളിൽ സങ്കേതനിവാസികളെ വേണ്ടത്ര പരിഗണിക്കു ന്നില്ല.<br>• വനപ്രദേശത്ത് നട ക്കുന്ന തൊഴിലുകളിൽ കോളനിവാസികളെ എല്ലാ പണിയിലും ഉൾപ്പെടുത്തുന്നില്ല. | • സങ്കേതവുമായും, വനവുമായും ബന്ധ പ്പെട്ട തൊഴിലുകളിൽ സങ്കേതവാസികളെ പരിഗണിക്കണം. | • വനം, ട്രൈബൽ, പഞ്ചായത്ത് വകുപ്പുകൾ സംയോജി ച്ച് നടപടി സ്വീകരിക്ക ണം. |
| 9 | മറ്റു തൊഴിലുകൾ | | | |
| 10 | പൊതുവിതരണ സമ്പ്രദായത്തി ന്റ അവസ്ഥ | • ബില്ല് നൽകുന്നില്ല.<br>• പഞ്ചസാര ലഭിക്കുന്നില്ല.<br>• ഗോതമ്പാണ് അധികം ലഭിക്കുന്നത്. ഗോതമ്പ് ആരും കഴിക്കാറില്ല.<br>• 1/2 ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്.<br>• എല്ലാവർക്കും റേഷൻകാർഡില്ല. | • ബില്ല് നൽകണം.<br>• പഞ്ചസാര പുനസ്ഥാ പിക്കണം.<br>• ഗോതമ്പിന് പകരം അരി നൽകണം.<br>• വൈദ്യുതീകരിച്ച വീടിന് നിലവിലെ 1/2 ലിറ്റർ മാറ്റി 2 ലിറ്റർ എങ്കിലും നൽകണം.<br>• എ.പി.എൽ കാർഡു കൾ ഉള്ളവരുണ്ടെ ങ്കിൽ അത് ബി.പി. എൽ ആക്കണം.<br>• റേഷൻകാർഡ് ഇല്ലാ ത്തവർക്കും പേര് ഉൾപ്പെട്ടവർക്കും ക്യാമ്പ് വെച്ച് കാർഡ് നൽകണം. | • ട്രൈബൽ, സിവിൽ സപ്ലൈസ്, പഞ്ചാ യത്ത് വകുപ്പു കൾ സംയോജി പ്പിച്ച് നട പടി സ്വീക രിച്ച് പ്രശ്നം പരിഹരി ക്കണം. |

## കുറിച്ച്യൻ

| ക്രമ നം. | വിഷയമേഖല | നിലനിൽക്കുന്ന പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | സംയോജന സാധ്യതകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | കൃഷി | • വന്യമൃഗശല്യം.<br>• ജലശേചന സൗകര്യ ങ്ങളുടെ ലഭ്യത കുറവ്.<br>• വിത്ത്, വളം, പണിയാ യുധങ്ങൾ എന്നിവ ലഭിക്കാത്തത്. | • വ്യക്തിഗത പവർഫെൻസിംഗ്.<br>• കൃഷിഭവൻ വഴി തടയ ണ, ചെക്ക്ഡാം, പമ്പ് സെറ്റ് എന്നിവ ലഭ്യമാക്കുക.<br>• ആനുകൂല്യങ്ങൾ ഫല പ്രദമായി വിതരണം ചെയ്യുക.<br>• പണിയായുധങ്ങൾ സൗജന്യമായി വിത രണം ചെയ്യുക.. | |
| | മൃഗസംരക്ഷണം | • തൊഴുത്ത് ഇല്ല.<br>• തീറ്റപ്പുല്ല് ഇല്ലായ്മ. | • തൊഴുത്തിനുള്ള ധനസ ഹായം | |

| | | | | |
|---|---|---|---|---|
| | | • കാലിത്തീറ്റ വിതരണം ഇല്ല. | • തീറ്റപ്പുല്ല് വെക്കാനുള്ള ധനസഹായം.<br>• കാലിത്തീറ്റ വിതരണം കാര്യക്ഷമമാക്കുക. | |
| | വനവുമായി ബന്ധപ്പെട്ട ജോലികൾ | • ആദിവാസികളല്ലാത്ത വരെ നിയമിക്കുന്ന പ്രശ്നം.<br>• 30 ദിവസം ജോലി ചെയ്യിപ്പിച്ചിട്ട് 20 ദിവ സത്തെ കൂലി മാത്രമേ നൽകുന്നുള്ളൂ. | • വനത്തിലെ ജോലി കൾക്ക് ആദിവാസികളെ മാത്രം ഉൾപ്പെടുത്തുക.<br>• ജോലി ചെയ്യുന്ന ദിവസ ങ്ങളിലെ വേതനം നൽകുക. | |
| | ചെറുകിട വനവിഭവ ശേഖരണം | • സൊസൈറ്റി വിഭവങ്ങൾ ശേഖരിക്കാറില്ല.<br>• മതിയായ വില ലഭിക്കു ന്നില്ല.<br>• പച്ചമരുന്ന് എടുക്കാൻ പ്രയാസമുണ്ട്. | • സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യ ക്ഷമമാക്കുക.<br>• മതിയായ വില ലഭ്യമാക്കു ക.<br>• പച്ചമരുന്ന് എടുക്കുന്ന വർക്ക് പാസ് അനുവദി ക്കുക. | |
| | സ്ഥിരവരുമാനമു ള്ളവർ/ ദിവസക്കൂലി | • സ്വയംതൊഴിൽ സംരംഭ ങ്ങൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ<br>• കോഴി വളർത്തൽ, ആടു വളർത്തൽ, കെട്ടുപണി എന്നിവയിൽ നിന്ന് കാര്യമായ വരുമാനമില്ല.<br>• കാപ്പി, മഞ്ഞൾ എന്നിവ ശേഖരിച്ച് മാർക്കറ്റ് ചെയ്യുന്നില്ല. | • ആട് വളർത്താൻ പരിശീ ലനവും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാ ക്കുക.<br>• കെട്ടുപണിക്ക് പരിശീ ലനം നൽകുക.<br>• കറിപൊടികൾ നിർമ്മിച്ച് വിതരണം ചെയ്യാനുള്ള പരിശീലനം നൽകുക. | |
| | മറ്റു സംസ്ഥാനങ്ങളിൽ ജോലിക്കു പോകുന്നവർ | | | |
| | തൊഴിലുറപ്പ് | • തൊഴിൽ വേതനം സമ യത്ത് ലഭിക്കുന്നില്ല.<br>• എല്ലാ കൃഷികൾക്കും തൊഴിൽ ഉറപ്പ് പദ്ധതി നടപ്പാക്കുന്നില്ല. | • ഒരാഴ്ചയ്ക്കുള്ളിൽ തന്നെ വേതനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.<br>• എല്ലാ കൃഷികൾക്കും തൊഴിലുറപ്പ് വ്യാപിക്കുക. | |
| | കാർഷികേതര ജോലി | – | – | – |
| | മറ്റു തൊഴിലുകൾ | – | – | – |
| | പൊതുവിതരണ സമ്പ്രദായത്തിന്റെ അവസ്ഥ | • റേഷൻകാർഡ് ഇല്ല.<br>• കുറഞ്ഞ മണ്ണെണ്ണ ലഭി ക്കുന്നു.<br>• വിതരണം ചെയ്യുന്ന ഗോതമ്പിന്റെ അളവ് കൂടി, അരി വിതരണം കുറഞ്ഞു. | • മുഴുവൻ കുടുംബ ങ്ങൾക്കും റേഷൻകാർഡ് നൽകുക.<br>• ഒരു കാർഡിന് 5 ലിറ്റർ മണ്ണെണ്ണ പ്രതിമാസം നൽകുക | |

| | | | | |
|---|---|---|---|---|
| | | | • 35 kg അരി , 5 kg പഞ്ചസാര എന്നിവയും വിതരണം ചെയ്യുക. | |

## മുള്ളുകുറുമൻ

| ക്രമ നം. | വിഷയമേഖല | നിലനിൽക്കുന്ന പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | സംയോജന സാധ്യതകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കൃഷി | • വന്യമൃഗശല്യം.മൃഗശല്യം തടയാൻ നടപ്പിലാക്കിയ മാർഗ്ഗങ്ങൾ ഗുണപരമല്ല. വൈദ്യുതി വേലിയുടെ നിർമ്മാണം അശാസ്ത്രീയ മാണ്.<br>• ജലലഭ്യത കുറവാണ്.ജല സ്രോതസ്സുകളുടെ അഭാവം.<br>• വിളകൾക്ക് ന്യായവില ലഭിക്കുന്നില്ല.<br>• നികുതി പിരിവ്, പട്ടയം എന്നിവ ഇല്ലാത്തതിനാൽ ഭൂമിക്കു മേലുള്ള അവകാശത്തിന്റെ ആശങ്ക നിലവിലുണ്ട്.<br>• കൃഷിക്കായുള്ള അടിസ്ഥാന സൗകര്യമില്ല. യന്ത്രവത്കരണം സാധ്യമാകുന്നില്ല.<br>• വനാവകാശത്തിൽ ഉൾപ്പെടുത്തി നൽകിയ രേഖക്ക് ബാങ്കിന്റെയും, മറ്റും ആനുകൂല്യം ലഭിക്കുന്നില്ല. | • റെയിൽ ഫെൻസിംഗ്.<br>• അടിവശത്തും വേലി വേണം.<br>• ഫെൻസിംഗ് പരിപാലിച്ച് കൊണ്ടുപോവാൻ വ്യക്തികളെ നിയോഗിക്കുക.<br>• തദ്ദേശീയ വിജ്ഞാനത്തോടെ വന്യമൃഗശല്യം തടയുക.<br>• തടയണ, ചെക്ക്ഡാം എന്നിവ സംരക്ഷിക്കുക<br>• അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.<br>• സൊസൈറ്റി പോലുള്ള സാഹചര്യങ്ങൾ വിപണിയാക്കുക. | • ജലലഭ്യത ഉറപ്പാക്കാൻ ചെക്ക്ഡാം, തടയണ എന്നിവയുടെ സംരക്ഷണം , തൊഴിലുറപ്പ് പ്രവൃത്തികളുമായി ബന്ധിപ്പിക്കുക.<br>• വിവിധ സർക്കാർ വകുപ്പുകുടെ ഏകോപനം.<br>• വൈദ്യുതീകരണം. |
| 2 | മൃഗസംരക്ഷണം | • വന്യമൃഗശല്യം, കടുവ ശല്യം ചില സ്ഥലങ്ങളിൽ രൂക്ഷമാണ്.<br>• വനംവകുപ്പിന്റെ ഭാഗത്തുനിന്നും കന്നുകാലികളെ മേയ്ക്കുന്നതിന് നിയന്ത്രണമുണ്ട്.<br>തീറ്റപ്പുല്ലിന്റെ ലഭ്യക കുറവ്.<br>വിപണന സാധ്യത കുറവ്.<br>വന്യമൃഗ ആക്രമണത്തിന് നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നില്ല. | • വന്യമൃഗ ആക്രമണത്തിന് നൽകുന്ന നഷ്ട പരിഹാരതുക വർദ്ധിപ്പിക്കുക.<br>• സാമൂഹ്യ വനാവകാശം ഫലപ്രദമായി നടപ്പിലാക്കുക.<br>• ക്ഷീരസംഘങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക. | |
| 3 | വനവുമായി<br>ബന്ധപ്പെട്ട | • ജോലി കിട്ടുന്നില്ല, തൊഴിൽ ലഭിക്കുന്നവർക്ക് സുരക്ഷിതത്വമില്ല. | • കൂലി ലഭിക്കാനുള്ള നടപടി സ്ഥിരീകരിക്കുക. | |

| | | | | |
|---|---|---|---|---|
| | ജോലികൾ | • അർഹതപ്പെട്ട കൂലി ലഭിക്കുന്നില്ല.<br>• ആദിവാസികൾക്ക് വനംവകുപ്പിന്റെ ജോലി ലഭിക്കുന്നില്ല. | • വനാതിർത്തിയിൽ താമസിക്കുന്നവർക്ക് ജോലി നൽകുക.<br>• തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുക. | |
| 4 | ചെറുകിട വനവിഭവ ശേഖരണം | • വിപണനമില്ല.<br>• പെർമിറ്റ് കിട്ടുന്നില്ല<br>• വിഭവശേഖരണത്തിനുള്ള ഏരിയ കുറവ്. | • ഊരുകൂട്ടം ശക്തിപ്പെടുത്തുക.<br>• വിപണനം ഉറപ്പു വരുത്തുക.<br>• സൊസൈറ്റികൾ രൂപീകരിക്കുക. | |
| 5 | സ്ഥിരവരുമാനമുള്ളവർ/ ദിവസക്കൂലി | • തൊഴിലില്ലായ്മ.<br>• കൂലി കുറവ്. | • ശക്തിപ്പെടുത്തുക.<br>• കൂലി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക. | |
| 6 | മറ്റുസംസ്ഥാനങ്ങളിൽ ജോലിക്കു പോകുന്നഒക്കത | • തൊഴിൽ സുരക്ഷിതത്വമില്ലായ്മ. | • തൊഴിൽ ഉറപ്പുവരുത്തുക. സംരക്ഷണം ഏർപ്പെടുത്തുക.<br>• നിയമം പാലിക്കുക. | |
| 7 | തൊഴിലുറപ്പ് | • വേതനം കുറവ്..<br>• സമയപരിധി നിലനിർത്തുക.<br>• സമയബന്ധിതമായി വേതനം കിട്ടുന്നില്ല.<br>• എല്ലാ സ്ഥലത്തും കൃഷിക്ക് വനാവകാശരേഖ. | • വേതനം കൂട്ടുക, സമയബന്ധിതമായി നൽകുക. | |
| 8 | കാർഷികേതര ജോലി | • വയറിംഗ്, കെട്ടുപണി എന്നിവക്ക് പരിശീലനം ലഭിക്കുന്നില്ല.<br>• സാമഗ്രികളുടെ ലഭ്യത കുറവ്. | • കച്ചവടം ചെയ്യുന്നതിന് വേണ്ട സർക്കാർ സഹായം . | |
| 9 | മറ്റു തൊഴിലുകൾ | • ബാധകമല്ല. | | |
| 10 | പൊതുവിതരണ സമ്പ്രദായത്തിന്റെ അവസ്ഥ | • ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കുറവ്.<br>• മണ്ണെണ്ണ കിട്ടാത്തത്.<br>• എല്ലാവർക്കും റേഷൻകാർഡില്ല. | • ഭക്ഷ്യധാന്യങ്ങളുടെ അളവ് കൂട്ടുക.<br>• കാർഡ് അനുവദിക്കുക. | |

## വെട്ടകുറുമൻ/ തച്ചനാടൻ മൂപ്പൻ

| ക്രമ നം. | വിഷയമേഖല | നിലനിൽക്കുന്ന പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | സംയോജന സാധ്യതകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കൃഷി | • സാമ്പത്തിക സഹായമില്ല.<br>• വന്യമൃഗശല്യം<br>• ജലശേചനസൗകര്യങ്ങൾ ഇല്ല.<br>• റോഡ് ഇല്ല.<br>• വിപണനസാധ്യതകൾ കുറവ്<br>• ഉപകരണങ്ങൾ ഇല്ല. | • വകുപ്പിൽ നിന്നും ധനസഹായം വേണം.<br>• വനംവകുപ്പുമായി ചേർന്ന് വൈദ്യുതി വേലി നിർമ്മിക്കണം.<br>• കുഴൽകിണർ വേണം.<br>• റോഡ് നിർമ്മിക്കണം<br>• വിപണനത്തിനായി സൊസൈറ്റികൾ രൂപീകരിക്കണം.<br>• ഉപകരണങ്ങൾ വകുപ്പിൽ നിന്ന് ലഭ്യമാക്കണം. | • കൃഷി വകുപ്പിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കണം<br>• ജലശേചന വകുപ്പ് മുഖേന ജലം ലഭ്യമാക്കാൻ കഴിയുന്ന സൗകര്യം ലഭ്യമാക്കണം.<br>• സഹകരണവകുപ്പിന്റെ സേവനം. |
| 2 | മൃഗസംരക്ഷണം | • വളർത്തുമൃഗങ്ങൾ പെട്ടെന്ന് ചാവുന്നു. വിതരണം ചെയ്യുന്ന വളർത്തുമഗങ്ങളുടെ ഗുണനിലവാരം മോശമാണ്.<br>• തീറ്റ ലഭ്യമല്ല.<br>• അസുഖങ്ങൾ വരുന്നു.<br>• വിപണന സൗകര്യം കുറവാണ്<br>• തൊഴുത്ത്, കൂട് എന്നിവ ഇല്ല. | • കേരളത്തിൽ നിന്നുള്ള മൃഗങ്ങളെ കിട്ടണം.<br>• തീറ്റയ്ക്ക് ഫണ്ട് നൽകണം.<br>• സൊസൈറ്റിയുടെ സേവനം ലഭിക്കണം.<br>• തൊഴുത്ത് നിർമ്മിക്കാനുള്ള ഫണ്ട് കിട്ടണം. | • മൃഗസംരക്ഷണ വകുപ്പ്<br>• ക്ഷീരവികസന വകുപ്പ് |
| 3 | വനവുമായി ബന്ധപ്പെട്ട ജോലികൾ | • വനത്തിലെ ജോലികൾ ലഭിക്കുന്നില്ല.<br>• വനത്തിൽ പ്രവേശിക്കുന്നതിന് സാധിക്കുന്നില്ല.<br>• സാമൂഹ്യ വനാവകാശം ലഭിച്ച പ്രദേശം കുറവാണ്.<br>• അർഹിക്കുന്ന വേതനം സമയത്ത് ലഭിക്കുന്നില്ല. | • വനത്തിലെ ജോലികൾ സങ്കേതവാസികൾക്ക് ലഭ്യമാക്കണം.<br>• സാമൂഹ്യ വനാവകാശം പ്രകാരം ലഭിച്ച ഭൂമിയുടെ അളവ് വർദ്ധിപ്പിക്കണം.<br>• വേതനം വനംവകുപ്പ് നിശ്ചയിച്ചുള്ളത് കൃത്യമായി ലഭിക്കണം. | |

| | | | | |
|---|---|---|---|---|
| 4 | ചെറുകിട വനവിഭവ ശേഖരണം | • വനവിഭവശേഖരണത്തിന് പാസ് ലഭിക്കുന്നില്ല.<br>• വിപണനത്തിന് പ്രയാസം നേരിടുന്നുണ്ട്.<br>• മൂല്യവർദ്ധിത ഉത്പാദനം ഉണ്ടാക്കാൻ സാധിക്കുന്നില്ല. | • വനവിഭവപാലന കമ്മിറ്റിയുടെ പ്രവർത്തനം സജീവമാക്കണം.<br>• സൊസൈറ്റികൾ രൂപീകരിക്കുക<br>• ജില്ലയിൽ ശേഖരിക്കുന്ന വിഭവങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നമാക്കുന്നതിന് കേന്ദ്രങ്ങൾ തുടങ്ങുക. | • വനംവകുപ്പ്<br>• സഹകരണവകുപ്പ്<br>• വ്യവസായ വകുപ്പ്<br>• പട്ടിക വർഗ്ഗ വികസന വകുപ്പ് |
| 5 | സ്ഥിരവരുമാനമുള്ളവർ/ ദിവസക്കൂലി | • ദിവസക്കൂലിക്ക് മതിയായ തൊഴിലും, കൂലിയും കിട്ടുന്നില്ല. | • തൊഴിൽ ബാങ്ക് രൂപീകരണം<br>• മതിയായ കൂലി നൽകണം | • തൊഴിൽ വകുപ്പ്<br>• സഹകരണവകുപ്പ് |
| 6 | മറ്റുസംസ്ഥാനങ്ങളിൽ ജോലിക്കു പോകുന്നവർ | • നാട്ടിൽ തൊഴിൽ ലഭിക്കുന്നില്ല.<br>• മതിയായ കൂലി ലഭിക്കുന്നില്ല.<br>• തൊഴിൽ സുരക്ഷയില്ല. | • നാട്ടിൽ തൊഴിൽ ലഭ്യത കൂട്ടുക.<br>• തൊഴിൽ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുക.<br>• തൊഴിൽ നിയമങ്ങൾ ഉടമ പാലിക്കുക. | • തൊഴിൽവകുപ്പ്<br>• പോലീസ് വകുപ്പ് |
| 7 | തൊഴിലുറപ്പ് | • കൃത്യസമയത്ത് കൂലി കിട്ടുന്നില്ല.<br>• പണിയായുധങ്ങൾ ലഭിക്കുന്നില്ല. | • പദ്ധതിയുടെ വിശദവിവരങ്ങൾ പട്ടികവർഗ്ഗക്കാരിൽ എത്തിക്കണം.<br>• തൊഴിലുറപ്പു പദ്ധതിയിൽ ബോധവൽക്കരണം നൽകണം.<br>• പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കൂലി നൽകണം.<br>• ആഴ്ചയിൽ കൂലി ലഭിക്കണം. | |
| 8 | കാർഷികേതര ജോലി | • ജോലി ലഭിക്കുന്നില്ല.<br>• പരിശീലനം ഇല്ല. | • പരിശീലനത്തിന് പദ്ധതികൾ ഉണ്ടാവണം.<br>• വ്യത്യസ്ത മേഖലകളിൽ ജോലി ലഭ്യമാക്കണം. | • തൊഴിൽ വകുപ്പ്<br>• വ്യവസായ വകുപ്പ്<br>• പട്ടികവർഗ്ഗ വികസന വകുപ്പ് |
| 9 | മറ്റു തൊഴിലുകൾ | – | • ചെറുകിട കച്ചവടം ചെയ്യാൻ ധനസഹായം ലഭ്യമാക്കണം. | – |

| | | | | |
|---|---|---|---|---|
| **10** | പൊതുവിതരണ സമ്പ്രദായത്തിന്റെ അവസ്ഥ | • ഭക്ഷ്യധാന്യങ്ങൾ കൃത്യ സമയത്ത് ലഭിക്കുന്നില്ല.<br>• റേഷൻകാർഡുകൾ എല്ലാവർക്കും ലഭിച്ചിട്ടില്ല. | • റേഷൻകാർഡിന്റെ തരം അനുസരിച്ച് ഭക്ഷ്യ ധാന്യം ലഭ്യമാക്കണം.<br>• റേഷൻകാർഡ് ഇല്ലാത്തവർക്ക് കാർഡ് ലഭ്യമാക്കണം. | • പൊതു വിതരണ വകുപ്പ് |

**അടിയാൻ/ പണിയൻ**

| ക്രമ നം. | വിഷയമേഖല | നിലനിൽക്കുന്ന പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | സംയോജന സാധ്യതകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | കൃഷി | • മുട്ടിൽ പഴശ്ശി കോളനിയിൽ കാപ്പി, ഇഞ്ചി കൃഷികൾ മാത്രമേ ചെയ്യാൻ സാധിക്കുന്നുള്ളൂ.<br>• വന്യമൃഗശല്യം. വനത്തിൽ പുതുതായി വെച്ചുപിടിപ്പിച്ച തേക്കുള്ളതു കൊണ്ട് മൃഗങ്ങൾക്ക് വേർതിരിവില്ലാതെ നാട്ടിൽ കയറാൻ കഴിയുന്നു. | • സൊസൈറ്റി മുഖാന്തിരം താങ്ങുവില നല്കുക.<br>• കർണ്ണാടകയിലെ ബാവലി മോഡൽ പാക്കേജ് നൽകണം.( വിത്ത്, വളം മുതലായവ)<br>• ജലശേചന സൗകര്യം സുഗമമാക്കണം | • കൃഷി, ട്രൈബൽ, ജലശേചനം, വനം, ത്രിതല പഞ്ചായത്ത് വകുപ്പുകളുടെ യോജിച്ചുള്ള ഇടപെടൽ<br>• തൊഴിലുറപ്പ് പദ്ധതിയുടെ ഇടപെടൽ |
| | മൃഗസംരക്ഷണം | • മൃഗശല്യം | • കൂട്, തൊഴുത്ത്, പുതിയ വളർത്തു മൃഗങ്ങൾ എന്നിവയെ നൽകുക. | |
| | വനവുമായി ബന്ധപ്പെട്ട ജോലികൾ | • തൊഴിൽദിനങ്ങൾ മറ്റുള്ളവർക്ക് കൊടുക്കുന്നതുകൊണ്ട് ആദിവാസികൾക്ക് ഗുണം ലഭിക്കുന്നില്ല. | • ആദിവാസികൾക്ക് മുൻഗണന നൽകുക. | |
| | ചെറുകിട വനവിഭവ ശേഖരണം | • കാട്ടിൽ പ്രവേശിക്കാൻ കഴിയാത്ത സ്ഥിതി.<br>• രണ്ട് ഏക്കർ മാത്രമാണ് ഒരു കോളനിയുടെ പരിധി.<br>• ഫോറസ്റ്റ് പാസ് ലഭിക്കാനുള്ള തടസ്സം. | • മരുന്ന് ശേഖരിക്കാനുള്ള അവകാശം നൽകുക. മൂല്യ വർധിത നിരക്കിൽ ശേഖരിക്കാനുള്ള അവകാശം.<br>• സൊസൈറ്റി നില നിർത്തണം, ശക്തിപ്പെടുത്തണം | |
| | സ്ഥിരവരുമാനമുള്ളവർ/ | • ശരാശരി 150 പണികൾ മാത്രമേ ലഭിക്കുന്നുള്ളൂ. | • പ്രസ്തുത യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ | |

| | | | | |
|---|---|---|---|---|
| | ദിവസക്കൂലി | • യന്ത്രങ്ങൾ വന്നതുകൊണ്ട് കൊയ്ത്ത്, മെതി, നാട്ടി നടീൽ എന്നിവക്ക് പണി കിട്ടുന്നില്ല. | ആദിവാസികൾക്ക് പരിശീലനം നൽകുക | |
| | മറ്റുസംസ്ഥാനങ്ങള ിൽ ജോലിക്കു പോകുന്നവർ | • കൂലി കുറവാണെങ്കിലും സ്ഥിരം പണി കിട്ടും.<br>• സാമൂഹ്യപ്രശ്നം- കുടും ബങ്ങൾ തെറ്റിപ്പിരിയുന്ന തിന് കാരണമാവുന്നു.<br>• മദ്യം നൽകി പണിയെടു പ്പിക്കുന്നത് ആരോഗ്യപ്ര ശ്നങ്ങൾ സൃഷ്ടിക്കുന്നു. | • നാട്ടിൽ തന്നെ ജോലി സാധ്യതകൾ നില നിർത്തുക. | |
| | തൊഴിലുറപ്പ് | • എല്ലാ സങ്കേതങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.<br>• സമയബന്ധിതമായി വേതനം ലഭിക്കുന്നില്ല. | • ദിവസക്കൂലി കിട്ടേണ്ട സാഹചര്യം ഒരുക്ക ണം. | |
| | കാർഷികേതര ജോലി | • യന്ത്രവും, പരിശീലനവും നൽകിയിട്ടില്ല<br>• നിത്യവരുമാനമാർഗ്ഗം ഉണ്ടാക്കുക | • പുതിയ തൊഴിൽ അവസരങ്ങൾ നൽകുന്നതിന് അവ സരമൊരുക്കുക | |
| | മറ്റു തൊഴിലുകൾ | • ഉന്നതവിദ്യാഭ്യാസം ലഭിച്ച വർക്ക് ജോലി ലഭിക്കുന്നി ല്ല. | • തൊഴിൽ ലഭ്യമാ കുന്ന തരത്തിലുള്ള കോഴ്സ് അനുവദി ക്കുക.<br>• വിദ്യാഭ്യാസം നേടിയ വർക്ക് തൊഴിൽ പരി ശീലനം. | |
| | പൊതുവിതരണ സമ്പ്രദായത്തിന്റെ അവസ്ഥ | • ഗുണനിലവാരം ഇല്ല.<br>• മണ്ണെണ്ണയുടെയും, ഗോത മ്പിന്റെയും അളവ് കുറച്ചു. | • പൊതുവിതരണ സമ്പ്രദായം ശക്തി പ്പെടുത്തണം<br>• പഞ്ചസാര വിതരണം പുനസ്ഥാപിക്കണം. | |

ഉപജീവന മാർഗ്ഗത്തിൽ പുരോഗതി ഉണ്ടാകണമെന്നാണ് വനാവകാശ നിയമത്തിന്റെ ആമുഖത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ നിലനില്ക്കുന്ന വിവിധങ്ങളായിട്ടുള്ള പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വനത്തിൽഅധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വനാവകാശ നിയമം തുടക്കത്തിൽ ആശ്വാസം പകർന്നെങ്കിലും അതിന്റെ നടത്തിപ്പിൽ വന്ന വ്യാഖ്യാനങ്ങളും അപാകതകകളും ലംഘനങ്ങളും എന്നിവ കാരണം ഉപജീവന മാർഗ്ഗത്തിൽ മാറ്റം ഉണ്ടായവർ 10 % മാത്രമാണെന്ന് പഠനം വ്യക്തമാക്കുന്നത്. ROR എന്ന രേഖ നല്കുന്നതിൽ വിജയിച്ചെങ്കിലും മറ്റ് വികസന ഘടകങ്ങളുടെ കൂട്ടിചേരൽ ഉണ്ടാകത്തതുകൊണ്ട് സമഗ്രമായ പുരോഗതി കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നിലനില്ക്കുന്നു.എന്നാൽ ഈ അധ്യായത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകൾ ഗൗരവപരമായി പരിശോധിച്ചാൽ അവയ്ക്ക് പരിഹാരം ഉണ്ടാക്കാൻ ബന്ധപ്പെട്ട വികസന ഏജൻസികൾക്ക് കഴിയുന്നതാണ്.

## അദ്ധ്യായം 6

## കണ്ടെത്തലുകൾ, നിർദേശങ്ങൾ , ഉപസംഹാരം.

രണ്ട് വാല്യങ്ങൾ ഉള്ള പഠന റിപ്പോർട്ടിൽ ഒന്നാം വാല്യത്തിൽ ആറ് അദ്ധ്യായങ്ങളും അതിനോടനുബന്ധിച്ച 112 പട്ടികകൾ, 12 ചാർട്ടുകൾ 7 അനുബന്ധങ്ങൾ, 50 സൂക്ഷ്മപഠനങ്ങൾ, 21 ഫോട്ടോകൾ എന്നിവ നല്കിയിട്ടുണ്ട്. രണ്ടാം വാല്യത്തിൽ വയനാട് ജില്ലയിൽ SDLC വ്യക്തിഗതാവകാശത്തിന് ശുപാർശ ചെയ്ത 4458 പേരുടെ വിശദാംശങ്ങളാണ് ഉള്ളത്.

പഠനത്തിന്റെ ഭാഗമായി നടത്തിയ വിപുലമായ കുടുംബ, സങ്കേത വിവരശേഖരണം, അഭിമുഖങ്ങൾ, സൂക്ഷ്മപഠനങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ഔദ്യോഗിക രേഖകൾ എന്നിവയുടെ വിശദമായ വിശകലനത്തിന്റെയും, വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ഉള്ള കണ്ടെത്തലുകളും, നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പാർട്ട് എ –കണ്ടെത്തലുകൾ

6.1 . ടി.ആർ.ഡി.എം ന്റെ (Tribal Resettlement and Development Mission) 2017 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്താകെ 25081 പേർക്ക് 33778.11 ഏക്കർ വനഭൂമിയിൽ വ്യക്തിഗത അവകാശം നൽകിയിട്ടുണ്ട്. 455 വികസനാവശ്യങ്ങൾക്കായി 187 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. സാമൂഹ്യാവകാശത്തിൽ 164 അവകാശ രേഖയാണ് 31.03.2018 വരെ നൽകിയിട്ടുള്ളത്.

കേരളത്തിലെ ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെ 12 ജില്ലകളിലാണ് വനാവകാശനിയമം നടപ്പിലാക്കിയിരിക്കുന്നത്. ഏറ്റവും കൂടുതൽ ഭൂമിയിൽ വ്യക്തിഗതാവകാശരേഖ നൽകിയിരിക്കുന്നത് ഇടുക്കി ജില്ലയിലാണ് (7729) പേർക്ക്. ഏറ്റവും കുറവ് അവകാശം ലഭിച്ചിരിക്കുന്നത് കോഴിക്കോട് ജില്ലയിലാണ് (11 പേർക്ക്).

### 6.2 വയനാട് ജില്ലയിലെ അവസ്ഥ

1 വയനാട് ജില്ലയിൽ 15 പഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലുമാണ് വനാവകാശനിയമം നടപ്പിലാക്കിയിട്ടുള്ളത്.

2 വയനാട് ജില്ലയിൽ കല്പ്പറ്റ ITDP, മാനന്തവാടി, സുൽത്താൻബത്തേരി എന്നീ ടി.ഡി.ഒ ഓഫീസുകൾ ബന്ധപ്പെടുത്തി ശേഖരിച്ച വിവരങ്ങൾ പ്രകാരം വ്യക്തിഗത അവകാശത്തിനായി SDLC ശുപാർശ ചെയ്തിരിക്കുന്നത് 4458 പേരെയാണ്. ഇതിൽ ഏറ്റവും കൂടുതൽ പേരെ ശുപാർശ ചെയ്തിരിക്കുന്നത് സുൽത്താൻബത്തേരി ടി.ഡി.ഒ ഓഫീസിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ

കുടുംബങ്ങളെയാണ് (56.56%). രണ്ടാമതായി മാനന്തവാടിയും (24.01%), മൂന്നാമത് കല്പ്പറ്റ (19.43%) യും വരുന്നു.

3. വയനാട് ജില്ലയിൽ 4458 പേർക്ക് വ്യക്തിഗതാവകാശത്തിന് ശുപാർശ ലഭിച്ചതിൽ സമുദായടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വ്യക്തിഗത വനാവകാശത്തിന് ശുപാർശ ലഭിച്ചിരിക്കുന്നത് കാട്ടുനായിക്കൻ സമുദായത്തിനാണ് (34.06%). തുടർന്നു വരുന്നത് പണിയൻ (28.56%), വെട്ടകുറുമൻ (11.73%), കുറിച്ച്യൻ (10.61%), മുള്ളുകുറുമൻ (10.54%), തച്ചനാടൻ മൂപ്പൻ (3.34%), അടിയാൻ (1.03%), വയനാട് കാടർ (0.13%) എന്നിങ്ങനെയാണ്.

4. സബ്ഡിവിഷണൽതല കമ്മറ്റി നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ 234 സങ്കേതങ്ങളിലാണ് വനാവകാശനിയമം നടപ്പിലാക്കിയിട്ടുള്ളത്. അതിന് വേണ്ടി 234 സങ്കേതങ്ങളിൽ കാട്ടുനായിക്കൻ, പണിയൻ, കുറിച്ച്യൻ, മുള്ളുകുറുമൻ, വെട്ടകുറുമൻ, തച്ചനാടൻ മൂപ്പൻ, വയനാട് കാടർ, അടിയാൻ എന്നിങ്ങനെ എട്ട് സമുദായങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പഠനത്തിനു വിധേയമാക്കിയവരിൽ കാട്ടുനായിക്കൻ 39.53%, പണിയൻ 22.24%, മുള്ളുകുറുമൻ 12.61%, വെട്ടകുറുമൻ 10.79%, കുറിച്ച്യൻ 9.88%, തച്ചനാടൻ മൂപ്പൻ 3.90%, അടിയാൻ 1.04% എന്നിങ്ങനെയാണ്.

5. വയനാട് ജില്ലയിൽ 109 വനാവകാശ സമിതി (FRC) കളാണ് രൂപീകരിച്ചിട്ടുള്ളത്. SDLC പതിമൂന്ന് തവണ തീരുമാനമെടുക്കുവാൻ കൂടിച്ചേർന്നിട്ടുണ്ട്. ഇത് 2009-2013 കാലഘട്ടത്തിലാണ്

6 നടപടിക്രമമനുസരിച്ച് സബ്ഡിവിഷണൽ തല കമ്മറ്റി പാസ്സാക്കിയതിനുശേഷം ജില്ലാ തല കമ്മറ്റി (DLC) അംഗീകരിച്ചിട്ടുള്ള (റെക്കോർഡ് ഓഫ് റൈറ്റ്സിന്റെ (ROR) രേഖ ലഭ്യമാക്കിയിരുന്നില്ല. ആയതുകൊണ്ട് സബ്ഡിവിഷണൽ തല കമ്മറ്റി (SDLC) പാസ്സാക്കിയ രേഖയുടെ അടിസ്ഥാനത്തിൽ ROR (Record of Rights) ലഭിച്ചിട്ടുണ്ടോ എന്ന് ഗൃഹസന്ദർശനം നടത്തിയതിനു ശേഷമാണ് വിശദമായ പഠനത്തിനു വിധേയമാക്കിയ കുടുംബങ്ങൾ തെരഞ്ഞെടുത്തത്. 4458 വ്യക്തിഗത ഗുണഭോക്താക്കളുടെ 20% മായ 890 കുടുംബങ്ങളെ പറ്റി പഠിക്കാനാണ് തുടക്കത്തിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പല കാരണങ്ങൾ കൊണ്ട് 82 കുടുംബങ്ങളെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായി. ശേഷിച്ച 808 (18.12%) കളിൽ 39 കുടുംബങ്ങൾ ഭൂമി ഒരു തരത്തിലും ഉപയോഗിക്കുകയോ , താസമിക്കുന്നില്ല.

7 പഠനത്തിന് വിധേയമാക്കിയവരിൽ കാട്ടുനായിക്കൻ 304,(39.53%) പണിയൻ 171(22.34%), മുള്ളുകുറുമൻ 97(12.61%), വെട്ടകുറുമൻ 83(10.79%), കുറിച്ച്യൻ 76(9.88%), തച്ചനാടൻ മൂപ്പൻ 30(3.90%), അടിയാൻ 8(1.04%) എന്നിങ്ങനെയാണ് കുടുംബങ്ങളുടെ എണ്ണം.

8 പഠനത്തിനു വിധേയമാക്കിയ കുടുംബങ്ങളിൽ വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയിൽ 76.73 ശതമാനം നിക്ഷിപ്ത വനമേഖലയിൽ (Reserve Forest) ഉൾപ്പെടുന്നവയാണ്.

9 234 സങ്കേതങ്ങളിൽ നിന്ന് 57(24.36%) സങ്കേതങ്ങളെയാണ് വിശദമായ പഠനത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത 57 സങ്കേതങ്ങളിൽ ഒരേ സമുദായത്തിൽപ്പെട്ടവരോ, ഒന്നിൽക്കൂടുതൽ സമുദായത്തിൽപ്പെട്ടവരോ ഒന്നിച്ചു താമസിച്ചു വരുന്നുണ്ട്. ഇതിൽ ഒരു സമുദായം മാത്രം അധിവസിച്ചു വരുന്ന 40 സങ്കേതങ്ങളും (70.18%), രണ്ടു സമുദായങ്ങൾ കൂടിക്കലർന്ന് താമസിക്കുന്ന 10 സങ്കേതങ്ങളും (17.54%), രണ്ടിൽ കൂടുതൽ സമുദായങ്ങൾ ഇടകലർന്ന് താമസിക്കുന്ന 7 സങ്കേതങ്ങളും (12.28%) ഉണ്ട്.

10 ജനസംഖ്യാ കണക്കുകൾ കാണിക്കുന്നത് പണിയൻ വിഭാഗത്തിൽ പുരുഷന്മാർ 45.68 ശതമാനവും, സ്ത്രീകൾ 54.32 ശതമാനവും, ആണ്. ഈ അന്തരം (8.64%) മറ്റു സമുദായങ്ങൾക്കിടയിൽ കണ്ടു വരുന്നില്ല. ഇതിനുള്ള കാര്യകാരണങ്ങൾ അന്വേഷിച്ച് അടിയന്തിരമായ പരിഹാരം കണ്ടെത്തേണ്ടതാണ്.

## 6.2 <u>വനാവകാശനിയമത്തെ കുറിച്ചുള്ള അറിവ്</u>

1. വനാവകാശനിയമത്തെ കുറിച്ച് പഠനത്തിനു വിധേയമാക്കിയ ഗുണഭോക്താക്കളിൽ 27.3 ശതമാനം പേർക്ക് മാത്രമേ അറിവുള്ളൂ. നിയമത്തെ കുറിച്ച് കൂടുതൽ അറിവ് ലഭിച്ചിരിക്കുന്നത് മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങൾക്കാണ്. കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ സമുദായങ്ങളിൽപ്പെട്ടവർക്കാണ് നിയമത്തെ കുറിച്ചോ, രേഖയെ കുറിച്ചോ അറിവില്ലാത്തത്. വനാവകാശനിയമത്തെ കുറിച്ചുള്ള വ്യത്യസ്ത സമുദായങ്ങളുടെ അറിവ് ഓരോ സങ്കേതത്തിലും നിയമം നടപ്പിലാക്കിയ രീതിയിൽ പ്രതിഫലിക്കുന്നുണ്ട്. അതായത് നിയമത്തെ കുറിച്ച് അറിവില്ലാത്ത ഗുണഭോക്താക്കളുടെ സങ്കേതങ്ങളിൽ വനാവകാശ സമിതി, ഊരുസഭ എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല, അല്ലെങ്കിൽ അവ പ്രവർത്തിക്കുന്നില്ല എന്നാണ്.

2. വനാവകാശ നിയമത്തെ കുറിച്ചുള്ള ഗുണഭോക്താക്കളുടെ അജ്ഞത വിവരശേഖരണത്തിനും,, ക്രോഡീകരണത്തിനുമായി സംഘടിപ്പിച്ച ഏകദിനശില്പശാലകളിൽ ഗുണഭോക്താക്കൾ വ്യക്തമാക്കിയിരുന്നു. ജനപ്രതിനിധികൾ പോലും നിയമത്തെ കുറിച്ച് അജ്ഞരാണ്.

3 . വനാവകാശനിയമത്തെ കുറിച്ച് അറിവുണ്ടെന്ന് പറയുമ്പോൾ തന്നെ, വനാവകാശനിയമത്തിൽ ഉൾപ്പെടുത്തിയാണ് തങ്ങൾക്ക് രേഖ ലഭിച്ചതെന്ന പ്രാഥമിക അറിവ് മാത്രമാണ് ഗുണഭോക്താക്കൾക്കുള്ളത്. അതല്ലാതെ, നിയമം ഉറപ്പു വരുത്തുന്ന മറ്റ് അവകാശ

ങ്ങളെ കുറിച്ചോ, ഉത്തരവാദിത്തങ്ങളെ കുറിച്ചോ ഗുണഭോക്താക്കൾക്ക് അറിവില്ല. നിയമത്തെ കുറിച്ചുള്ള പരിശീലനത്തിന്റെ അപര്യാപ്തതയാണ് ഇത് സൂചിപ്പിക്കുന്നത്.

## 6.3. ഊരുസഭയുടെ രൂപീകരണവും, പങ്കാളിത്തവും

1. വനാവകാശ നിയമം നടപ്പിലാക്കുമ്പോൾ അവകാശം നൽകുന്നതിനായി ഊരുസഭ കൂടിയിട്ടുണ്ട് എന്നാണ് പഠനത്തിലുൾപ്പെട്ട പകുതിയിലധികം ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നത്. ഊരുസഭയിലെ പങ്കാളിത്തത്തിൽ മുന്നിട്ടു നിൽക്കുന്നത് കുറിച്ച്യൻ സമുദായമാണ് 61.2 ശതമാനം ഗുണഭോക്താക്കളും ഊരുസഭയെ കുറിച്ച് അറിവുള്ളവരാണ്. ഊരുസഭ കൂടിയില്ലയെന്ന് 3.6 ശതമാനം ഗുണഭോക്താക്കളും , ഊരുസഭയെ കുറിച്ച് അറിയില്ല എന്ന് 35.2 ശതമാനം ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

2. ഊരുസഭ തങ്ങളുടെ ഊരിൽ നടന്നിട്ടില്ലെന്ന് പ്രതികരിച്ചവരുണ്ട്. വനാവകാശം നടപ്പിലാക്കുന്നതിനായി ഊരുസഭ രൂപീകരിക്കുകയോ, യോഗം ചേരുകയോ ചെയ്തിട്ടില്ലെന്ന് ഇവർ പറയുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ വന്ന് ഭൂമി അളന്ന് നൽകി എന്ന് പറഞ്ഞിരിക്കുന്ന സങ്കേതങ്ങളിലാണ് ഊരുസഭ നടന്നില്ലയെന്ന് ഗുണഭോക്താക്കൾ പറയുന്നത്. ചില സങ്കേതവാസികൾക്ക് ഊരുസഭയെ കുറിച്ച് യാതൊരറിവുമില്ല. വനാവകാശരേഖ ലഭിക്കാനായി അപേക്ഷ നൽകിയതിനെ കുറിച്ചോ, രേഖ ലഭിക്കുന്നതിനായി നടന്ന ഊരുസഭയെ കുറിച്ചോ ഒന്നും ചില സങ്കേതവാസികൾക്ക് അറിവില്ല.

## 6.4. വനാവകാശസമിതിയുടെ രൂപീകരണവും, പ്രവർത്തനവും

1. വനാവകാശനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അടിസ്ഥാന സംവിധാനമാണ് വനാവകാശസമിതി അഥവാ എഫ്.ആർ.സി. ഓരോ സങ്കേതങ്ങളിലും വനാവകാശനിയമം നടപ്പിലാക്കുന്നതിന് നേതൃത്വം നൽകേണ്ടത് വനാവകാശസമിതിയാണ്. എന്നാൽ, വനാവകാശസമിതിയെ കുറിച്ച് അറിവുള്ളത് 28.3 ശതമാനം ഗുണഭോക്താക്കൾക്ക് മാത്രമാണ്. അതുകൊണ്ട് തന്നെ, നിയമം നടപ്പിലാക്കിയതിൽ വനാവകാശസമിതി കാര്യമായി ഇടപെട്ടിട്ടില്ലെന്ന് വ്യക്തമാണ്. മാത്രവുമല്ല, പല സങ്കേങ്ങളിലും എഫ്.ആർ.സി രൂപീകരിച്ചതായി പോലും അറിവില്ല. ഊരുസഭയെ കുറിച്ച് ഗുണഭോക്താക്കൾ ഉത്തരം നൽകുമ്പോഴും എഫ്.ആർ.സി യെ കുറിച്ച് ധാരണ കുറവാണ്. എഫ്.ആർ.സി അംഗങ്ങളിൽ 26.20% നിരക്ഷരരാണ്.

2. വനാവകാശ സമിതിയിലെ അംഗങ്ങളുടെ സമുദായടിസ്ഥാനത്തിലുള്ള പ്രാതിനിധ്യം അസന്തുലിതമാണ്. ഉദാഹരണത്തിന് 39.53 ശതമാനമുള്ള കാട്ടുനായിക്കൻ സമുദായത്തിൽ നിന്നും 14% പ്രാതിനിധ്യമുള്ളപ്പോൾ 9.88 ശതമാനമുള്ള കുറിച്യ സമുദായത്തിന്റെ പ്രാതിനിധ്യം 27.8% ആണ്. പഠനത്തിന് വിധേയമാക്കിയിട്ടുള്ള 769 കുടുംബങ്ങളിൽ നിന്ന് വനാവകാശ സമിതിയുടെ പ്രസിഡന്റ് സ്ഥാനം വഹിക്കുന്നവരിൽ പണിയൻ, തച്ചനാടൻ മൂപ്പൻ, വെട്ടകുറുമൻ എന്നീ സമുദായങ്ങളിൽ

നിന്നും ആരുമില്ല. കാട്ടുനായിക്കൻ സമുദായത്തിൽ നിന്ന് ഒരാൾ മാത്രം പ്രസിഡന്റ് സ്ഥാനം വഹിക്കുന്നുണ്ട്. വനാവകാശസമിതിയുടെ മറ്റു ഭാരവാഹിത്വങ്ങളായ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ പദവികളിലും സമുദായത്തിന്റെ പ്രാതിനിധ്യ സ്വഭാവം പ്രതിഫലിച്ചിട്ടില്ല. വനാവകാശസമിതികളിലെ സമുദായടിസ്ഥാനത്തിലുള്ള പ്രാതിനിധ്യവും ആനുപാതികമല്ല. ഗുണഭോക്താക്കളിൽ ഏറിയ പങ്കും പിന്നോക്കവിഭാഗങ്ങളായ കാട്ടുനായിക്കൻ, പണിയൻ, വിഭാഗങ്ങളാണെങ്കിലും വനാവകാശസമിതിയിൽ കൂടുതൽ അംഗത്വമുള്ളത് മുന്നോക്കം നിൽക്കുന്ന സമുദായങ്ങളിൽ നിന്നുള്ളവർക്കാണ്. ഒരേ വനാവകാശസമിതിയിൽ തന്നെ പല സമുദായങ്ങൾ കടന്നുവരുമ്പോൾ കാട്ടുനായിക്കൻ, പണിയൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ ഗുണഭോക്താക്കളുടെ പ്രാതിനിധ്യം കുറയുന്നുണ്ട്.

3. വനാവകാശസമിതിയിൽ മൂന്നിലൊരു ഭാഗം വനിതകളായിരിക്കണമെന്നത് നിയമത്തിൽ നഷ്കർഷിക്കുന്നുണ്ടെങ്കിലും സ്ത്രീ പങ്കാളിത്തം വളരെ കുറവാണെന്ന് കണ്ടെത്താൻ കഴിഞ്ഞു. മാത്രവുമല്ല, വനാവകാശ നിയമത്തെ കുറിച്ചും, വനാവകാശസമിതിയെ കുറിച്ചും പുരുഷന്മാരേക്കാൾ സ്ത്രീകൾ അജ്ഞരാണ്. നിയമത്തിലെ ഈ വ്യവസ്ഥ വനാവകാശ സമിതി രൂപീകരിക്കുമ്പോൾ പാലിച്ചിട്ടില്ല

## 6.5 അടിസ്ഥാന സൗകര്യങ്ങൾ

1. വനാവകാശരേഖ ലഭിച്ചതിനു ശേഷമാണ് വീട് നിർമ്മാണം കൂടുതൽ നടത്തിയിട്ടുള്ളതായി കാണുന്നത് (43.92%). 99 ശതമാനം പേർക്ക് സ്വന്തമായി വീടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതിൽ 66.20 ശതമാനം വീടുകളും സർക്കാർ സഹായത്തോടുകൂടി നിർമ്മിക്കപ്പെട്ടവയാണ്. എന്നാൽ 31% വീടുകളും താമസയോഗ്യമല്ല. 11.38 ശതമാനം ഗുണഭോക്താക്കൾ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ വീടുകളിലാണ് താമസിക്കുന്നത്. (താമസയോഗ്യമല്ലാത്തതിൽ കൂടുതൽ വീടുകളും അടിയാൻ-പണിയൻ വിഭാഗക്കാരുടെതാണ്. ) താമസയോഗ്യമല്ലാത്ത വീടുകളിൽ PVTG പ്രൊജക്റ്റ് പ്രകാരം കാട്ടുനായിക്കൻ സമുദായക്കാർക്കായി പണിത വീടുകൾ പോലും ചോർച്ചയുള്ളതായി കാണപ്പെട്ടിട്ടുണ്ട് (52.54%) 33.68% വീടുകൾക്ക് വീടിനോട് ചേർന്ന അടുക്കള ഇല്ല. പട്ടികവർഗ്ഗ സമുദായങ്ങളുടെ വിശ്വാസമനുസരിച്ചുള്ള വീടിന്റെ സ്ഥാനത്തല്ല അടുക്കള നിർമ്മാണം നടത്തിയിരിക്കുന്നത്.

2. 20.56% ഗുണഭോക്താക്കൾക്ക് കക്കൂസ് സൗകര്യം ഇല്ല.

3. കുടിവെള്ളത്തിന് പൈപ്പ്വെള്ളം ഉപയോഗിക്കുന്നത് ( 30.91%) കുടുംബങ്ങളാണ്.

4 വൈദ്യുതീകരണം പൂർത്തിയാകാത്ത 19 സങ്കേതങ്ങളുണ്ട് (38.33%).

## 5. ഗതാഗത സൗകര്യം

57 സങ്കേതങ്ങളിൽ 18 സങ്കേതങ്ങൾക്ക് (31.58%) ഒറ്റയടിപ്പാതയും, 12 സങ്കേതങ്ങൾക്ക് (21.05%) വീതിയുള്ള മൺവഴികളും മാത്രമാണുള്ളത്. ടാർ റോഡുള്ള 12 സങ്കേതങ്ങൾ മാത്രമാണുള്ളത് (21.05%). ആകെ മൊത്തത്തിൽ വാഹന സഞ്ചാരം ഉള്ളത് 27 സങ്കേതങ്ങൾക്കാണ് (47.37%).

## 6.6.കുടുംബം

769 കുടുംബങ്ങളിലായി 2873 പേർ ഉണ്ട്. കുടുംബത്തിലെ ശരാശരി അംഗങ്ങൾ 3.74% മാത്രമാണ്. ഒരംഗം മാത്രം താമസിക്കുന്ന 11.18% ഉണ്ട് (86 കുടുംബങ്ങൾ). ആറിൽ കൂടുതൽ അംഗങ്ങളുള്ള 14.69% (113 കുടുംബങ്ങൾ) ഉണ്ട്. കുടുംബത്തിൽ വിധവ/ വിഭാര്യൻ ആയിട്ടുള്ള 241 പേർ ഉണ്ട് (8.39%). വിവാഹമോചിതരായ 33 പേരുണ്ട് (1.15). ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ളത് കുറിച്യ സമുദായത്തിലും (14.47%) ഏറ്റവും കുറവ് ആയുർദൈർഘ്യം കാട്ടുനായിക്കനും (10.50%), തച്ചനാടൻ മൂപ്പനുമാണ് (7.84%).

## 6. 7. വിദ്യാഭ്യാസം

892 പേർ നിരക്ഷരരാണ് (31.05%). ഇതിൽ ഏറ്റവും കൂടുതൽ നിരക്ഷരത കാണപ്പെടുന്നത് സ്ത്രീകളിലാണ് (60.76%). സമുദായാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരത കാണപ്പെടുന്നത് പണിയൻ വിഭാഗത്തിലെ സ്ത്രീകൾക്കാണ് (66.96). 642 പേർ വിദ്യാർഥികളാണ ് (22.35%). സെക്കണ്ടറി വരെ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ36.55 ശതമാനവും, ഹയർസെക്കന്ററി വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ 4.73 ശതമാനവും ആണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് മുള്ളുകുറുമൻ സമുദായമാണ് മുന്നിൽ. പണിയ സമുദായമാണ് ഏറ്റവും പിന്നിൽ നിൽക്കുന്നതായി കാണുന്നത്. വിദ്യാഭ്യാസനിലവാരവും, എല്ലാതരത്തിലുള്ള വനാവകാശവും സ്വായത്തമാക്കുന്നതിൽ വിദ്യാഭ്യാസത്തിന് പരസ്പര ബന്ധം ഉള്ളതായി കാണുന്നു.

## 6.8 തൊഴിൽ

തൊഴിൽ ഘടനയിൽ മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന 1287 പേർ. ഇതിൽ സ്ത്രീകൾ 627(43.27%) ആണ്. (44.80%) ദിവസ കൂലിക്കാരാണ്. തൊഴിൽരഹിതർ 588 പേരാണ് (20.40%). കൃഷിയെ ആശ്രയിക്കുന്നവരുടെ ശതമാനം 4.49% ആയി മാറിയിരിക്കുന്നു. അതുപോലെ, 1.11% മാത്രമാണ് മൃഗപരിപാലനത്തിൽ ഏർപ്പെട്ടിട്ടുള്ളത്. സമുദായടിസ്ഥാനത്തിൽ കൃഷിയും, മൃഗപരിപാലനവും കൂടുതലായി ചെയ്യുന്നത് കുറിച്ച്യൻ മുള്ളുകുറുമൻ സമുദായങ്ങളാണ്. കൂലിവേലയിൽ ഏറ്റവും അധികം വ്യാപൃതരായിരിക്കുന്നത് പണിയൻ വിഭാഗമാണ് (57.75%)

## 6.9വ്യക്തിഗത അവകാശവും, ഭൂമിയും

### 1. ഭൂമി വനാവകാശത്തിന് മുമ്പ്

72% കുടുംബങ്ങൾ പരമ്പരാഗതമായ ഭൂമിയിൽ തന്നെ തലമുറകളായി അധിവസിച്ചു വരുന്നവരാണ്. ബാക്കിയുള്ളവർ പല ഘട്ടങ്ങളിലായി വനമേഖലകളിൽ കുടിയേറിപ്പാർത്തവരാണ്. വനാവകാശം ലഭിക്കുന്നതിന് മുമ്പ് 10 സെന്റിനു താഴെ ഭൂമി കൈവശം വെച്ചിരുന്ന 44 കുടുംബങ്ങളാണ് ഉണ്ടായിരുന്നത് (5.72). 10 സെന്റിനു മുകളിൽ ഒരേക്കർ വരെ ഭൂമിയുള്ള 486 കുടുംബങ്ങൾ ഉണ്ട് (63.19%). ഒരേക്കർ തൊട്ട് 3 ഏക്കർ വരെ ഭൂമിയുള്ള 182 പേരുണ്ട് (23.67%). 10 കുടുംബങ്ങൾ 3 ഏക്കറിനു മുകളിൽ ഭൂമിയുള്ളതായി കാണുന്നുണ്ട്. ഭൂമി കൈവശം വെച്ചിരിക്കുന്നവരിൽ മുന്നിട്ടു നിൽക്കുന്നത് മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായങ്ങളാണ്.

### 2 ഭൂമി വനാവകാശത്തിന് ശേഷം

1. അഞ്ച് സെന്റും, പത്ത് സെന്റും ഭൂമിയിന്മേൽ അവകാശം ലഭിച്ചവർ ഉണ്ട്. കാടിന്റെ അവകാശികളായിരുന്ന ഗോത്രവർഗ്ഗക്കാർക്ക് അവർ ഉപയോഗിച്ചിരുന്ന വനഭൂമി ആണെന്ന് യഥാർത്ഥത്തിൽ എത്രയാണെന്ന് തെളിയിക്കാൻ സാധിക്കാതെ വന്നതു കൊണ്ടാണ് താമസയിടം മാത്രമായി അവകാശം ലഭിച്ചത്. പണ്ട് മുത്താറി കൃഷിയും, മറ്റ് പരമ്പരാഗത കൃഷിയും വന്യമൃഗശല്യം കാരണം ചിലപ്പോൾ ഉപേക്ഷിക്കുകയും, ചെയ്ത സ്ഥലം വനഭൂമി ആയി മാറിയതിനാൽ ആ സ്ഥലത്തിന്മേൽ അവകാശം നല്കിയിട്ടില്ല. ദുർബല വിഭാഗങ്ങൾക്ക് നിയമത്തിന്റെ വ്യാപ്തി വ്യാഖ്യാനിച്ച് മനസ്സിലാക്കികൊടുക്കുന്നതിൽ സംഭവിച്ച പരാജയമാണിത്. നിലവിൽ വീടിന്റെ ചുറ്റുവട്ടവും, കൃഷി ചെയ്തു കൊണ്ടിരിക്കുന്ന സ്ഥലത്തിന് മാത്രമാണ് അവകാശം നല്കിയിട്ടുള്ളത്. അതുപോലെ തന്നെ, സങ്കേതവാസികൾക്ക് സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ചു നൽകിയിട്ടില്ല. കൂടാതെ, സ്ഥലത്തിന്റെ രേഖാചിത്രവും, അവകാശരേഖയോടൊപ്പം എല്ലാവർക്കും നൽകിയിട്ടില്ല.
2. പരമ്പരാഗതമായി കൃഷിചെയ്തിരുന്ന ഭൂമിയുടെ അളവിനെ കുറിച്ച് സാധാരണഗതിയിൽ അവബോധം ഇല്ലാത്ത പണിയൻ, കാട്ടുനായിക്കൻ സമുദായങ്ങിൽ നിന്ന് 1 സെന്റിൽ താഴെ മാത്രം ഭൂമി ലഭിച്ചിട്ടുള്ളത് 2 ഗുണഭോക്താക്കൾ ഉണ്ട്.
3. **80%** ശതമാനം ഗുണഭോക്താക്കൾക്കും താമസയിടത്തിനു മാത്രമാണ് കൈവശരേഖ ലഭിച്ചിട്ടുള്ളത്. കാട്ടുനായിക്കൻ, പണിയൻ, വെട്ട കുറുമൻ , തച്ചനാടൻമൂപ്പൻ , എന്നി സമുദായത്തിൽപ്പെട്ടവരാണ് ഇവർ.
4. മുള്ളുകുറുമൻ, കുറിച്ച്യൻ, തച്ചനാടൻമൂപ്പൻ എന്നീ സമുദായങ്ങളിൽപ്പെട്ട 70% ൽ കൂടുതൽപേർക്കും അര ഏക്കർ മുതൽ 3 ഏക്കറിന് മുകളിൽ ഭൂമിയുടെ മേൽ

അവകാശം ലഭിച്ചിട്ടുണ്ട്. മുള്ളുകുറുമൻ, കുറിച്ച്യൻ, എന്നീ സമുദായങ്ങൾക്ക് മാത്ര മാണ് 3 ഏക്കറിന് മുകളിൽ അവകാശം ലഭിച്ചിട്ടുള്ളത്.

5. കൈവശം വച്ചിരുന്ന മുഴുവൻ ഭൂമിക്കും,, അപേക്ഷ നൽകിയിട്ടും രേഖയിൽ ലഭിക്കാത്ത വരുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

6. അപേക്ഷകർ ഇല്ലാതിരുന്ന സന്ദർഭങ്ങളിൽ അപേക്ഷകന്റെ അഭിപ്രായമോ, അനുവാ ദമോ കൂടാതെ, യാതൊരു മുന്നറിയിപ്പും നൽകാതെ, ഉദ്യോഗസ്ഥർ വന്ന് ഭൂമി അളന്നിട്ടുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

7. കൈവശരേഖയിൽ പങ്കാളിയുടെ അനന്തരാവകാശികളുടെ പേരും മാറിപ്പോയിട്ടുള്ള ഗുണഭോക്താക്കളുണ്ട്.

8. 47.7 ശതമാനം ഗുണഭോക്താക്കൾക്കും,, കൈവശാവകാശരേഖ നൽകിയിരിക്കുന്നത് ഭാര്യയുടെയും, ഭർത്താവിന്റെയും പേരിൽ സംയുക്തമായിട്ടാണ്. ആശ്രിതരായി മക്ക ളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുടുംബനാഥന്റെയോ, കുടുംബനാഥയുടെയോ പേരിൽ മാത്രം ഉടമസ്ഥത നൽകിയിട്ടുള്ളത് 52 ശതമാനം കുടുംബങ്ങൾക്കാണ്. വിധ വ, വിഭാര്യൻ, അവിവാഹിതർ, എന്നിവരെ കൂടാതെ, ദമ്പതികൾ രണ്ടുപേരും ജീവിച്ചിരി ക്കെ, ഒരാളുടെ പേരിൽ അവകാശരേഖ ലഭിച്ചവരും ഉണ്ട്. ഭാര്യയും, ഭർത്താവും ജീവി ച്ചിരിക്കെ തന്നെ, അവകാശരേഖയിൽ കുടുംബനാഥയുടെ പേരിനൊപ്പം ചെറുമകന്റെ പേരു കൂടെ ഉടമസ്ഥരായി ചേർത്തിട്ടുള്ളതായി ഒരു ഗുണഭോക്താവ് അഭിപ്രായപ്പെട്ടു.

9. തവിഞ്ഞാൽ പഞ്ചായത്തിലെ താഴെ തലപ്പുഴ സങ്കേതത്തിൽ സങ്കേതത്തിനു മുഴുവനും അവകാശപ്പെട്ട ശ്മശാനമടങ്ങുന്ന പ്രദേശവും, കാവുതറ ഉൾപ്പെടുന്ന പ്രദേശവും , രണ്ടു വ്യക്തികളുടെ പേരിൽ വ്യക്തിഗത അവകാശരേഖയായിട്ടാണ് നൽകിയിട്ടുണ്ട്. ശ്മശാനവും, ആരാധനസ്ഥലവും ˘ നിയമത്തിൽ സാമൂഹ്യ അവകാശമായിട്ടാണ് നല്കേണ്ടിയിരുന്നത്. ( **വകുപ്പ് 3(1)c, 3(1) d, ചട്ടം 2(1) d )**

10. നൂൽപ്പുഴ പഞ്ചായത്തിലെ ഊരംകുന്ന്, ചുക്കാലിക്കുനി, മേപ്പാടി പഞ്ചായത്തിലെ മമ്മി ക്കുന്ന് തുടങ്ങിയ സങ്കേതങ്ങളിൽ എല്ലാം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നേതത്വത്തി ലാണ് ഭൂമി അളന്നിട്ടുള്ളത്. തിരുനെല്ലി പഞ്ചായത്തിലെ ആനക്യാമ്പ് സങ്കേതത്തിൽ കൈവശരേഖ നൽകിയിരിക്കുന്ന 13 ഗുണഭോക്താക്കൾക്കും 0.043 ഹെക്ടർ ഭൂമിയാണ് നൽകിയിട്ടുള്ളത്. എല്ലാ കുടുംബങ്ങൾക്കും 10 സെനന്റ് ഭൂമിക്ക് കൈവശരേഖ ലഭിച്ച തെങ്ങനെയെന്നുള്ള അന്വേഷണത്തിൽ സങ്കേതത്തിലെ കുടുംബങ്ങൾ കൈവശരേഖ ലഭിക്കുന്നതിനു മുമ്പ് വ്യക്തിപരമായി ഭൂമി ഉപയോഗിച്ചിരുന്നില്ല എന്നും, കൂട്ടമായി അധിവസിച്ചു വരുന്ന പ്രദേശം വ്യക്തിപരമായി അളന്നു തിട്ടപ്പെടുത്തിയിരുന്നില്ലെന്നും, പിന്നീട് വനാവവകാശ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ വനംവകുപ്പിൽ നിന്നും

ഉദ്യോഗസ്ഥർ എത്തി ഓരോ വീടുകളും, അതിനോടു ചേർന്ന 10 സെന്റ് സ്ഥലം അളന്നു എല്ലാവർക്കും കൈവശരേഖ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കൈവശരേഖയ്ക്കു വേണ്ടി ഗുണഭോക്താക്കൾ അപേക്ഷയൊന്നും നൽകിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് മീറ്റിംഗുകളോ, കമ്മിറ്റിയോ സങ്കേതത്തിലുണ്ടായിട്ടില്ല എന്ന് സങ്കേതവാസികൾ അഭിപ്രായപ്പെട്ടു.

11. കൈവശമുണ്ടായിരുന്ന സ്ഥലത്തിന് രേഖ കിട്ടാത്ത അപേക്ഷകർ ഇനിയും ഉണ്ട്. മാതാപിതാക്കളുടെ കൂടെയോ, ബന്ധുക്കളുടെ കൂടെയോ താമസിച്ചു വരുന്നവർക്ക് കൈവവശം ഭൂമിയില്ലാത്തതിനാൽ അവകാശം ലഭിച്ചിട്ടില്ല.

12. താഴെപറഞ്ഞ തരത്തിലുള്ള അവബോധം വ്യക്തിഗത അവകാശം ലഭിച്ചവരുടെ ഇടയിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

- രേഖ ലഭിച്ചതു കൊണ്ട് ഭൂമിയിന്മേൽ ഉടമസ്ഥതാബോധവും, അവകാശബോധവും ഉണ്ടായിട്ടുണ്ട്.
- താമസിക്കുന്ന ഭൂമിയിൽ രേഖാമൂലമുള്ള ഉടമസ്ഥത ലഭിച്ചതിനാൽ ആർക്കും മാറ്റിപാർപ്പിക്കാൻ കഴിയില്ല.(വനാവകാശ നിയമത്തിലെ സെഷൻ 4.2,ലെ വ്യവസ്ഥകൾ ഒഴികെ)
- വനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് വനത്തിൽ താമസിച്ചു വന്നിരുന്ന സ്ഥലത്തിനും, കൃഷിഭൂമിക്കും വർഷങ്ങളായി വനംവകുപ്പിന് പാട്ടം നൽകിയിരുന്നവർക്കും അവകാശരേഖ ലഭിച്ചിട്ടുണ്ട്. മുള്ളുക്കുറുമർ സമുദായത്തിലാണ് വനംവകുപ്പിന് പാട്ടം നൽകി ഭൂമി ഉപയോഗിച്ചിരുന്നവർ കൂടുതലുണ്ടായിരുന്നത്.
- ഭൂമി ലഭിച്ചതിനാൽ കൃഷി ചെയ്യാൻ സാധിക്കും.
- രേഖയുള്ളതിനാൽ വീട്, വൈദ്യുതി, റോഡ്, കിണർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായി .
- വനാവകാശരേഖ ഉപയോഗിച്ച് ഭൂമിയിൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ജോലികളെടുപ്പിക്കാം.
- ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുവാനുള്ള സാധ്യതകൾ ഉണ്ടായി.

**<u>6.10 വനാവകാശവും, ഉപജീവനവും</u>**

1._അദ്ധ്യായം 5 ൽ പ്രതിപാദിച്ചിരിക്കുന്ന ശില്പശാലയിൽ ഉപജീവന മാർഗ്ഗങ്ങളെ പറ്റി സമുദായങ്ങൾ തരം തിരിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട് (പേജ് നം.........പട്ടിക 5.22)

## കൃഷി

1. വനാവകാശ നിയമം നടപ്പിലാക്കിയതിന് ശേഷം ഉപജീവനമാർഗ്ഗങ്ങളിൽ മാറ്റം ഉണ്ടായി എന്ന് അഭിപ്രായപ്പെട്ടവർ 9.10% കുടുംബങ്ങളാണ്. ഫലഭൂയിഷ്ടമായ ഭൂമിയാണ് നല്കിയിട്ടുണ്ടായിരുന്നെങ്കിൽ അത് കൃഷിചെയ്യുവാനുള്ള ആഭിമുഖ്യം പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഇപ്പോഴും നിലനില്ക്കുന്നുണ്ട്.
2. 81 ശതമാനം കുടുംബങ്ങളും ഭൂമിയിൽ പലവിധത്തിലുള്ള കൃഷി ചെയ്യുന്നുണ്ട്. 19 ശതമാനം ഗുണഭോക്താക്കൾ വിവിധ കാരണങ്ങൾ കൊണ്ട് കൃഷിയിലേർപ്പെടുന്നില്ല. അതുപോലെ, വനഭൂമിക്ക് ഒപ്പം റവന്യൂഭൂമിയിലും കൃഷിചെയ്യുന്നവർ ഉണ്ട്.
3. കൃഷിചെയ്യുന്നവരിൽ പരമ്പരാഗതമായി കൃഷി ചെയ്യുന്ന 79.4 ശതമാനം ഗുണഭോക്താക്കളാണുള്ളത്. 20.6 ശതമാനം ഗുണഭോക്താക്കൾ അവകാശം ലഭിച്ചതിന് ശേഷം കൃഷി ആരംഭിച്ചവരാണ്. ഇ വിഭാഗക്കാർ അവകാശത്തിന് മുമ്പ്, ഭൂസമരത്തിലൂടെ 2005 ഡിസംബർ 13 ന് മുമ്പ്, പ്രസ്തുത സങ്കേതങ്ങളിൽ താമസമാക്കിയവരാണ് .. മുമ്പ് താമസിച്ചിരുന്ന സങ്കേതത്തിലെ സ്ഥലപരിമിതി മൂലവും, അവകാശം ലഭിക്കുന്നതു വരെ ഇപ്പോൾ താമസിക്കുന്ന സങ്കേതത്തിൽ വനംവകുപ്പിന്റെ തടസ്സമുണ്ടായിരുന്നതുമാണ് ഇവർ അവകാശം ലഭിച്ചതിനു ശേഷം കൃഷി ആരംഭിക്കാൻ കാരണം. കാപ്പി, കുരുമുളക്, കവുങ്ങ് എന്നിവ കൃഷി ചെയ്തു വിളവെടുക്കുന്നുമുണ്ട്.
4. മുള്ളുകുറുമൻ, കുറിച്ച്യൻ സമുദായത്തിലുള്ളവർക്കാണ് റവന്യൂഭൂമിയിലും കൃഷിയുള്ളത്.
5. പഠനത്തിൽ കണ്ടെത്തിയ മറ്റൊരു വിഭാഗം ഗുണഭോക്താക്കൾ പരമ്പരാഗതമായി കൃഷി ചെയ്യുകയും നിലവിൽ കൃഷിയില്ലാത്തവരാണ്. സ്ഥലപരിമിതിയും, മൃഗശല്യവുമാണ് ഇതിനു കാരണം. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചതിനാൽ മുമ്പ് കൃഷി ചെയ്തിരുന്ന സ്ഥലം ഇപ്പോൾ സങ്കേതമായി വികസിച്ചിട്ടുണ്ട്.
6. കൃഷി ചെയ്യുന്നവരിൽ 75 ശതമാനം ഗുണഭോക്താക്കളും വരുമാനത്തിനായി കൃഷി ചെയ്യുന്നത് കാപ്പി, കുരുമുളക് എന്നീ വിളകളാണ്. അതുകൊണ്ട് തന്നെ, കൃഷി കൂടുതൽ ഗുണഭോക്താക്കൾക്കും പ്രധാന തൊഴിൽ അല്ല. ഇഞ്ചിയാണ് വിൽപ്പനയ്ക്കായി കൃഷി ചെയ്യുന്ന മറ്റൊരു വിള. എന്നാൽ, 10 ശതമാനം ഗുണഭോക്താക്കൾ മാത്രമേ, പ്രസ്തുത കൃഷിയിലേർപ്പെടുന്നുള്ളൂ. നെല്ല്, വാഴ, മഞ്ഞൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്ന 15 ശതമാനം ഗുണഭോക്താക്കൾ ഇവ സ്വന്തം ആവശ്യത്തിനു മാത്രമാണ് കൃഷി ചെയ്യുന്നത്.
7. കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്നത് പ്രധാനമായും കുറിച്ച്യൻ, മുള്ളുകുറുമൻ സമുദായങ്ങളിലുള്ളവരാണ്.
8. മൃഗശല്യം, സ്ഥലക്കുറവ്, പണമില്ലാത്തത്, ജലസേചനസൗകര്യക്കുറവ്, കൃഷിയോഗ്യമല്ലാത്ത ഭൂമി കൃഷി ചെയ്യാതിരിക്കുന്നതിനുള്ള കാരണമായിട്ടുള്ളത്. 19% പേരും

ഇക്കാരണത്താൽ അവകാശം ലഭിച്ച സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നില്ല. ഗുണഭോക്താക്കളിൽ 24.6 ശതമാനം ആളുകളും മൃഗശല്യം കൊണ്ട് കൃഷി ചെയ്യാത്തവരാണ്. മതിയായ സ്ഥലമില്ലാത്തതിനാൽ കൃഷി ചെയ്യാനാവാത്ത 23.4 ശതമാനം ഗുണഭോക്താക്കളുണ്ട്.

9. ചില ഗുണഭോക്താക്കൾക്ക് സ്ഥലമുണ്ടെങ്കിലും പ്രസ്തുത ഭൂമിയിൽ അടുത്ത ബന്ധുക്കളുടെയോ, സങ്കേതത്തിലെ മറ്റുള്ള വ്യക്തികളുടെയോ വീടുള്ളതിനാൽ കൃഷി ചെയ്യാനാവാത്ത സാഹചര്യമുണ്ട്. ഒരു വ്യക്തിക്ക് അവകാശം ലഭിച്ച ഭൂമിയിൽ തന്നെ, നാലു വീടുകൾ വരെ നിർമ്മിച്ചിട്ടുണ്ട്.

10. വനംവകുപ്പിന്റെ ഭാഗത്തു നിന്നുള്ള തടസ്സങ്ങളാണ് കൃഷി ചെയ്യാ തിരിക്കാനുള്ള മറ്റൊരു കാരണം. മരച്ചില്ലകൾ മുറിച്ചു നീക്കാനും, കൃഷിഭൂമിയിലെ മുള വെട്ടിനീക്കാനും, വനംവകുപ്പ് അനുമതി നിഷേധിക്കുന്നത് കൃഷിക്ക് തടസ്സമാവുന്നുണ്ട്. അതുപോലെ വനത്തോട് ചേർന്നുള്ള കൃഷിഭൂമിയിൽ കാട് പിടിച്ച സ്ഥലങ്ങൾ വെട്ടി നീക്കാൻ അനുമതി നൽകാത്തതും കൃഷിക്ക് തടസ്സമാവുന്നുണ്ട്.

11. വ്യക്തിഗത അവകാശം ലഭിച്ചിരിക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യങ്ങൾ ലഭിച്ച 34.7 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ് ഉള്ളത്. 65.3 ശതമാനം ഗുണഭോക്താക്കൾക്ക് കൃഷിഭൂമിയിക്ക് വേണ്ടി യാതൊരു പദ്ധതിയും ലഭിച്ചിട്ടില്ല. പഞ്ചായത്ത്, കൃഷിഭവൻ എന്നിവിടങ്ങളിൽ നിന്ന് കാപ്പിത്തൈ, കുരുമുളക് തൈ, ഫലവൃക്ഷത്തൈ എന്നിവ നൽകിയിട്ടുണ്ട്.

12. വിതരണം ചെയ്തിരിക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. തൈകൾ വേനൽകാലത്ത് നൽകിയതിനാൽ ഒന്നും പ്രയോജനപ്പെട്ടില്ലായെന്നും, ജലദൗർലഭ്യം മൂലം നടാനും സാധിച്ചിട്ടില്ല. പദ്ധതികളിലൂടെ ലഭിച്ച തൈകൾ നട്ട് കൃഷി ഗുണപരമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്ന ചുരുക്കം ചിലരുമുണ്ട്.

13. വന്യമൃഗങ്ങളുടെ ഇടപെടൽ കൃഷിയെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വനാവകാശത്തിൽ കൂടി ലഭ്യമായ ഭൂമിയിൽ കൃഷി ചെയ്ത് മുന്നേറാനുള്ള സാഹചര്യം ഇല്ലാതാവുകയാണ്. ഇത് വനാവകാശത്തിലൂടെ കൂടി നല്കിയ എല്ലാത്തരം അവകാശങ്ങളെയും പ്രതികൂലമായി ബാധിച്ചിച്ചിരിക്കുന്നു.

14. ഇത്തരത്തിൽ കൈവശരേഖ ലഭിച്ചതിലൂടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ സ്വതന്ത്രമായി കൃഷി ചെയ്തു തുടങ്ങാനുള്ള സാഹചര്യം ലഭിക്കുകയുണ്ടായി. രേഖ ലഭിക്കുന്നതിനു മുമ്പ് ഭൂമിയിൽ കൃഷി ചെയ്തു വരുന്നതിന് വനംവകുപ്പിന്റെ തടസ്സമനുഭവിച്ചിരുന്ന നിരവധി സങ്കേതവാസികളുണ്ട് . കൈവശം വച്ചിരുന്ന ഭൂമിയിൽ വീടു വച്ച് താമസിക്കുന്നതിനു പോലും തടസ്സം നേരിട്ടിരുന്നവരുണ്ട്. കൈവശരേഖ

ലഭിച്ചതിലൂടെ അവകാശബോധം വന്നതായും, പേടിക്കാതെ ഭൂമിയെ ആശ്രയിച്ച് ജീവിക്കാൻ സാധിക്കുന്നുണ്ടെന്നും അഭിപ്രായപ്പെട്ട ഗുണഭോക്താക്കൾ ഉണ്ട്. കൈവശഭൂമിയുമായി ബന്ധപ്പെട്ട് വ്യത്യസ്ത ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിന്നി രുന്ന ആകുലതകളെ ഒരു പരിധി വരെ ഒഴിവാക്കാൻ വനാവകാശനിയമം വഴി കൈവശരേഖ നൽകിയതിലൂടെ സാധിച്ചിട്ടുണ്ട്.

**മൃഗപരിപാലനം**

1 മൃഗപരിപാലനത്തിലൂടെ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പഠന വിധേയമാക്കിയ കുടുംബങ്ങളിൽ 32.30% കുടുംബങ്ങൾ മാത്രമാണ് മൃഗപരിപാലനത്തിൽ നിലവിൽ ഏർപ്പെട്ടിരിക്കുന്നത്.

2. സമുദായടിസ്ഥാനത്തിൽ മുള്ളുകുറുമൻ, കുറിച്ച്യൻ, തച്ചനാടൻമൂപ്പൻ എന്നിവരാണ് മൃഗപരിപാലനത്തിൽ മുന്നിട്ട് നിൽക്കുന്നത്. പണിയൻ സമുദായക്കാരാണ് ഏറ്റവും പിന്നോട്ട് നില്ക്കുന്നത്.

3. വന്യമൃഗശല്യമാണ് മൃഗപരിപാലനത്തിൽ ഏർപ്പെടുന്നതിന് പ്രധാന തടസ്സമായിട്ടുള്ളത്.

4. വനത്തിൽ കന്നുകാലികളെ മേയ്ക്കാൻ അനുവാദം ഇല്ലാത്തതും,മറ്റൊരു തട സ്സമായി മാറുന്നുണ്ട്. വനഭൂമിയിൽ കാലിമേയ്ക്കുന്നതിനുള്ള അവകാശം പൊതു അവകാശമായി ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും, കാലിമേയ്ക്കാൻ 2 ഏക്കർ മാത്രം ലഭിച്ച സങ്കേതങ്ങൾ ഉണ്ട്. ഇത് പരമ്പരാഗതമായി ഉപജീവനത്തിനായി പൂർണ്ണതോ തിൽ തുടരുന്നതിന് തടസ്സമായിട്ടുണ്ട്. ചട്ടം (4) ൽ പറയുന്ന നടപടിക്രമങ്ങൾ ശരി യായും, പൂർണ്ണമായും അല്ല നടപ്പാക്കിയിട്ടുള്ളത്.

5. മൃഗങ്ങളെ വിതരണം ചെയ്യാൻ സർക്കാറിന്റെ പല പദ്ധതികളുണ്ടെങ്കിലും എല്ലാ സങ്കേതങ്ങളിലും ഇത് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. മൃഗപരിപാലനം സാധ്യമായ സങ്കേതങ്ങളിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല . ചില സങ്കേതങ്ങളിൽ മൃഗങ്ങൾക്കായുള്ള കൂട് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മൃഗങ്ങളെ ലഭിച്ചിട്ടില്ല.

6. മൃഗങ്ങളിൽ നിന്നുള്ള വരുമാനം മൃഗപരിപാലനം നടത്തുന്ന എല്ലാ ഗുണഭോക്താ ക്കൾക്കുമില്ല. വളർത്തുമൃഗങ്ങളെ സ്വന്തം ആവശ്യത്തിന് മാത്രം ഉപയോഗിക്കു ന്നവരാണ് കൂടുതലും. മാംസത്തിനായി കന്നുകാലികളെ വിൽക്കുമ്പോൾ ഇടനില ക്കാരുടെ ചൂഷണം ചില സങ്കേതങ്ങളിലുണ്ട്.

7. വളർത്തുമൃഗങ്ങളുടെ തീറ്റയാണ് മൃഗപരിപാലനം നടത്തുന്നവർ നേരിടുന്ന മറ്റൊരു വെല്ലുവിളി. കാലിത്തീറ്റയും, മറ്റും കുറഞ്ഞ വിലയിൽ ഗുണഭോക്താക്കൾക്ക് ലഭ്യ മാക്കാവുന്നതാണ്.

8. മുള്ളുകുറുമൻ സമുദായത്തിൽപ്പെട്ടവരാണ് മൃഗപരിപാലനത്തിൽ മുന്നിട്ടു നിൽക്കുന്നത്. കുറിച്ച്യൻ, തച്ചനാടൻ മൂപ്പൻ, അടിയാൻ സമുദായങ്ങളിൽപ്പെട്ട വരും മൃഗപരിപാലനത്തിൽ ഏർപ്പെടുന്നവരാണ്.

## 6.11 .സാമൂഹികാവകാശം

1. വനംവകുപ്പിന്റെ ഔദ്യോഗിക സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 100 അവകാശ രേഖകൾ നല്കിയിട്ടുണ്ട്. അതിൽ പുല്പ്പള്ളി പഞ്ചായത്തിൽ 42 ഉം, പൂതാടി പഞ്ചായത്തിൽ 28 രേഖകളും നല്കിയിട്ടുണ്ട്. ഈ രണ്ട് പഞ്ചായത്തിലും സാമൂഹികാവകാശം നൽകിയിട്ടുള്ളത് 2 ഏക്കർ മുതൽ 55 ഏക്കർ വരെയാണ്. ഇതിൽ 7 എണ്ണം 2 ഏക്കറിൽ മാത്രമാണ് വനവിഭവശേഖരണവും, കാലി മേയ്ക്കുന്നതിനും മറ്റും ആയി നല്കിയിട്ടുള്ളത്. മേപ്പാടി, മുപ്പൈനാട് പഞ്ചായത്ത് ഒഴികെ ഉള്ള എല്ലായിടത്തും രണ്ടോ, മൂന്നോ പേരുടെ പേരിലാണ് അവകാശരേഖ നല്കിയിട്ടുള്ളത്. ഏറ്റവും കൂടുതൽ വനഭൂമിയിന്മേൽ പൊതുഅവകാശം നല്കിയിട്ടുള്ളത് കല്പ്പറ്റ മുനിസിപ്പാലിറ്റിയിലെ മേപ്പാടി റേഞ്ചിൽ ഉൾപ്പെടുന്ന അരുണമല സങ്കേതത്തിനാണ്. 347.82 ഹെക്ടർ വനവിഭവശേഖരണത്തിനും, ശ്മശാനത്തിനും വേണ്ടിയാണ് അവകാശം. മേപ്പാടി റേഞ്ചിൽ ഉൾപ്പെട്ട സങ്കേതങ്ങൾക്ക് മാത്രമാണ് 100 ഏക്കറിന് മുകളിൽ സങ്കേതത്തിന് മൊത്തമായിട്ട് അവകാശം നല്കിയിട്ടുള്ളത്. അതുപോലെ വയനാട് ജില്ലയിൽ വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം, ശ്മശാനം, ആരാധനയ്ക്കുള്ള അവകാശം എന്നിങ്ങനെ 5 അവകാശങ്ങൾക്കു മാത്രമാണ് രേഖ നൽകിയിട്ടുള്ളത്.
2. സാമൂഹ്യാവകാശം കൂടി ലഭിക്കുമ്പോൾ മാത്രമേ ഓരോ ഗുണഭോക്താവിന്റെയും അവകാശങ്ങൾ പൂർത്തിയാകുന്നുള്ളൂ. പൊതുവായി നൽകുന്ന അവകാശങ്ങൾ അവരുടെ ഉപജീവനമാർഗ്ഗങ്ങളെയും, സാംസ്കാരിക പരിസരങ്ങളെയും കൂടി ആശ്രയിച്ചിരിക്കുന്നു. കാലിമേയ്ക്കാനുള്ള അവകാശം, വിഭവശേഖരണം, പച്ചമ രുന്ന് ശേഖരണം, ജലവിഭവങ്ങളുടെ ഉപയോഗം എന്നിവയെല്ലാം വനാശ്രിതരുടെ ഉപജീവനമാർഗ്ഗങ്ങളാണ്. ഇത് അവകാശത്തിലൂടെ ഉറപ്പു വരുത്തേണ്ടതുണ്ട്.
3. ഗുണഭോക്താക്കൾക്ക് സാമൂഹ്യാവകാശത്തെ കുറിച്ചുള്ള അറിവ് അപര്യാപ്തമാണ്. പഠനവിധേയമാക്കിയ സങ്കേതങ്ങളിൽ സാമൂഹ്യാവകാശത്തെ കുറിച്ച് അറിയുന്നവർ 13.5 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ്. ശേഷിക്കുന്ന 37.5 ശതമാനം ഗുണ ഭോക്താക്കൾ തങ്ങൾക്ക് സാമൂഹിക അവകാശങ്ങൾ ലഭിച്ചിട്ടില്ലായെന്നും 49 ശത

മാനം പേരും, സാമൂഹ്യാവകാശത്തെ കുറിച്ച് തങ്ങൾക്ക് യാതൊരറിവുമില്ല എന്നും ആണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

4. മേപ്പാടി, കൽപ്പറ്റ, മുപ്പൈനാട്, എന്നീ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സങ്കേതവാസികൾക്ക് മുഴുവൻ ഉപയോഗിക്കാവുന്ന തരത്തചന്റ തന്നെയാണ് അവകാശം നൽകിയിട്ടുള്ളത്. എന്നാൽ ജില്ലയിലെ മറ്റ് പ്രദേശങ്ങളിൽ അപ്രകാരം അല്ല നൽകിയിട്ടുള്ളത്. വനാവകാശനിയമം നടപ്പിലാക്കുന്നതിന് മുൻമ്പ് വനത്തെ ദൈനംദിന ജീവിതത്തിനും, ഉപജീവനത്തിനുമായി ആശ്രയിച്ചവർക്ക് കുറഞ്ഞ അളവിൽ ഭൂമി നൽകിയത് അവരുടെ വികസനത്തെ പ്രതികൂലമായി ബാധിക്കും.
5. സാമൂഹ്യാവകാശം നടപ്പിലാക്കിയതിലെ മറ്റൊരു പ്രധാന ന്യൂനത സങ്കേതങ്ങളുടെ സ്വഭാവങ്ങൾക്കും, ആവശ്യങ്ങൾക്കുമനുസരിച്ചല്ല അവകാശങ്ങൾ അനുവദിച്ചിരിക്കുന്നത് എന്നതാണ്. മത്സ്യബന്ധനം അവകാശമായി അംഗീകരിച്ചു നൽകാവുന്ന സങ്കേതങ്ങളിൽ അതിനു അവകാശം നൽകിയിട്ടില്ല. സമാനമായ രീതിയിൽ , വനത്തിനുള്ളിൽ ആരാധന സ്ഥലങ്ങൾ ഉള്ള സങ്കേതങ്ങളിൽ പ്രസ്തുത ആവശ്യത്തിനും അവകാശം നൽകിയിട്ടില്ല.
6. മറ്റൊരു പ്രധാന പ്രശ്നം , സാമൂഹ്യാവകാശരേഖ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ്. സാമൂഹ്യാവകാശരേഖ അനുവദിച്ചിരിക്കുന്നത് ചില സങ്കേതങ്ങളിൽ ഓരോ സമുദായത്തിനും പ്രത്യേകമായോ, ചിലയിടങ്ങളിൽ സങ്കേതത്തിന് മുഴുവനുമായോ ആണ്. മാത്രവുമല്ല, സങ്കേതത്തിന്റെ പേരിലോ , ഊരുമൂപ്പന്റെ പേരിലോ, സങ്കേതത്തിലെ തന്നെ ഒന്നിലധികം പേരുടെ പേരിലോ അതുമല്ലെങ്കിൽ എഫ്.ആർ.സി സെക്രട്ടറിയുടെയോ പേരിലാണ്. അതുകൊണ്ട് തന്നെ, രേഖ ലഭിക്കുന്നതും ഇവരുടെ പേരിൽ തന്നെയാണ്. രേഖ സങ്കേതത്തിനായും, തങ്ങളുടെ പൊതു അവകാശത്തിനായും ലഭിക്കുന്ന വിവരം മറ്റു സങ്കേതവാസികൾ അറിയുന്നില്ല. കൂടുതൽ സങ്കേതങ്ങളിലും സാമൂഹ്യാവകാശരേഖ ഊരുമൂപ്പന്റെയോ, എഫ്.ആർ.സി സെക്രട്ടറിയുടെയോ പക്കൽ ട്രൈബൽ പ്രൊമോട്ടർ എത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് സങ്കേതവാസികൾക്ക് അറിയില്ല. അതുകൊണ്ടു തന്നെ, ഫലത്തിൽ സാമൂഹ്യാവകാശരേഖ ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെടാതെ പോവുന്നു.

**.ചെറുകിട വനവിഭവശേഖരണം:**

7. ചെറുകിട വനവിഭവവും ഗോത്രവർഗ്ഗക്കാരുടെ ഒരു പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗമാണ്. പഠനം നടത്തിയ ഗുണഭോക്താക്കളിൽ 86.5 ശതമാനം പേരും ഉപജീവനമാർഗ്ഗത്തിൽ വനാവകാശനിയമം വന്നതിലൂടെ മാറ്റമില്ല എന്നഭിപ്രായപ്പെട്ടവരാണ്. ഉപജീവനത്തിനായി വനവിഭവശേഖരണത്തെ മാത്രം ആശ്രയി

ക്കുന്നവർ നിലവിൽ 5.4 ശതമാനം മാത്രമാണ്. വനവിഭവശേഖരണത്തിനും, കൃഷിക്കും ഉപരിയായി കാർഷിക കൂലിപ്പണികളെ ആണ് നിലവിൽ ആശ്രയിക്കുന്നത്. വനവിഭവങ്ങളുടെ ലഭ്യതയിലുണ്ടായ കുറവും, വനത്തെ ആശ്രയിക്കാൻ വന്നു ചേർന്നിട്ടുള്ള മറ്റ് തടസ്സങ്ങളും, വനവിഭവശേഖരണം നടത്താൻ പുതു തലമുറയിൽ അറിയുന്നവരുടെ കുറവും, അതിന്റെ സംസ്കരണവും, വിപണനവും തടസ്സമായി മാറുന്നുണ്ട്. ഇതിന് പരിഹാരമായി ചട്ടം 4(1) a പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുവാനും, സംസ്കരിച്ച് മൂല്യം വർദ്ധിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടെങ്കിലും, വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള സൊസൈറ്റികളോ, പൊതുവിപണിയോ സങ്കേതത്തിനോട് ചേർന്ന് ഇല്ല. അതുകൊണ്ട് തന്നെ വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ ഗോത്രവർഗ്ഗക്കാർ വിമുഖത കാണിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

8. വനത്തിൽ നിന്നുള്ള ഭക്ഷ്യവിഭവങ്ങൾ 77.5 ശതമാനം ഗുണഭോക്താക്കളും ശേഖരിക്കാറുണ്ട്. അധികം പേരും ഇലവർഗ്ഗങ്ങൾക്കായി വനത്തെ ആശ്രയിക്കുന്നവരാണ്. കൂടാതെ, കിഴങ്ങ്, തേൻ, മത്സ്യം തുടങ്ങിയവയും വനത്തിൽ നിന്നും ശേഖരിച്ചു വരുന്നു. ഭക്ഷ്യസുരക്ഷക്കുവേണ്ടി കാട്ടുനായിക്കൻ സമുദായവും (84%) പണിയൻ (86%) വും ആണ് ഇപ്പോൾ കൂടുതലായും വനത്തെ ആശ്രയിക്കുന്നത്.
9. കിഴങ്ങുകൾ ശേഖരിക്കുന്നതിന്റെ അളവ് മുൻപത്തേതിൽ നിന്നും വളരെ കുറഞ്ഞു എന്നാണ് ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയത്. കത്തി ഉപയോഗിക്കാനോ, കുഴിക്കാനോ വനംവകുപ്പ് ഉദ്യോഗസ്ഥർ അനുവദിക്കാറില്ല. കിഴങ്ങു വർഗ്ഗങ്ങൾ മണ്ണ് കുഴിക്കാതെ ലഭിക്കില്ല എന്ന സാഹചര്യം നിലനിൽക്കെ, അതിനനുവദിക്കാതിരിക്കുന്നതും ഗോത്രജനങ്ങളുടെ ഭക്ഷണരീതികളെ താറുമാറാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ഭക്ഷണത്തിനായി റേഷൻകടകളെ മാത്രം ആശ്രയിക്കേണ്ട സ്ഥിതി സംജാതമാവുകയും, പോഷകസമൃദ്ധമായ ഒരു ഭക്ഷണരീതി ഇല്ലാതാവുകയും ചെയ്യുന്നു. ഈ സാഹചര്യം ഗോത്രജനങ്ങളുടെ രോഗപ്രതിരോധശേഷിയെയും, ആരോഗ്യകരമായ അവസ്ഥയെയും, പ്രതികൂലമായി തന്നെ ബാധിക്കുന്നുണ്ട്.
10. വിപണനത്തിനായി വനവിഭവങ്ങൾ ശേഖരിക്കുന്നതിന്റെ അളവ് വനാവകാശരേഖ ലഭിക്കുന്നതിനു മുൻപുള്ള കാലഘട്ടങ്ങളിൽ നിലവിലുള്ളതിനെക്കാൾ കൂടുതലായിരുന്നു (77%). വനാവകാശരേഖ ലഭിച്ചതിനു ശേഷമാണ് കൂടുതൽ വനവിഭവങ്ങൾ ശേഖരിക്കുന്നത് എന്ന് 1% പേർ മാത്രമാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.
11. വനത്തിൽ നിന്നും ശേഖരിക്കുന്ന വിഭവങ്ങൾക്ക് സ്വന്തമായി മൂല്യം വർദ്ധിപ്പിച്ചു വിൽക്കാനുള്ള അവകാശം വനാവകാശനിയമം വഴി ഉറപ്പാക്കുന്നുണ്ടെങ്കിലും വനവിഭവങ്ങൾ ശേഖരിക്കുന്നവരിൽ 66.6 ശതമാനം പേരും ഈ അവകാശത്തെ കുറിച്ച് അജ്ഞരാണ്. നിർണ്ണയിക്കപ്പെട്ട വിലയിൽ പട്ടികവർഗ്ഗ സഹകരണസംഘങ്ങളിലോ, പൊതുമാർക്കറ്റുകളിലോ ആണ് വിൽപ്പന നടത്തി വരുന്നത്. തേൻ ഒഴികെയുള്ള

വനവിഭവങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ മാത്രമാണ് വിൽപ്പന നടത്തുന്നത്. തേൻ കൂടാതെ, പച്ചമരുന്ന്, പൂപ്പൽ തുടങ്ങിയവയാണ് വനത്തിൽ നിന്നും ശേഖരിക്കുന്ന പ്രധാന വിഭവങ്ങൾ. പച്ചമരുന്നുകളായ കുറുന്തോട്ടി, പാടവേര്, ശതാവേരി തുടങ്ങിയ സസ്യങ്ങളും,, വിവിധ മരപ്പൂപ്പലുകളും വിൽപ്പനക്കായ് ശേഖരിച്ചു വരുന്നു. ഇതിനു വേണ്ടിയുള്ള വിപണി കണ്ടെത്തുവാൻ സങ്കേതവാസികൾക്ക് കഴിഞ്ഞിട്ടില്ല. വനവിഭവങ്ങളുടെ വിപണനത്തിനായി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ മാത്രമേ ആശ്രയിക്കാവൂ എന്ന വ്യവസ്ഥ നിലനിൽക്കുന്നില്ലെങ്കിൽ കൂടി, വനവിഭവങ്ങൾ പൊതുമാർക്കറ്റുകളിൽ വിൽക്കാനുള്ള സാഹചര്യം കുറവാണ്. ആയതുകൊണ്ട് അധികവും, വിഭവങ്ങളുടെ വിപണനത്തിനായി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ തന്നെയാണ് ആശ്രയിച്ചു വരുന്നത്. പൊതുവിപണിയിൽ വിൽപ്പന നടത്തുന്നതായി അഭിപ്രായപ്പെട്ടത് 16 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ്. 37.7 ശതമാനം പേരും വിപണനത്തിനായി പൊതുവിപണിയേയും, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും ആശ്രയിക്കുന്നുണ്ട്. കുറുന്തോട്ടി തുടങ്ങിയ പച്ചമരുന്നുകൾ പട്ടികവർഗ്ഗ സഹകരണ സംഘത്തിൽ മാത്രമേ വിൽക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ സങ്കേതത്തിനടുത്ത് സഹകരണ സംഘമില്ല.

12. വനവിഭവങ്ങളുടെ ലഭ്യത കുറവാണെന്നും, ശേഖരിക്കാനറിയാവുന്ന സമുദായംഗങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു എന്നും, ഇതരവിഭാഗക്കാർ നുഴഞ്ഞുകയറി പൊതുവിപണിയിൽ ലഭിക്കുന്ന വിലയെ കുറിച്ചുള്ള അറിവില്ലായ്മയും, സ്വതന്ത്രമായ ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള അവകാശത്തെ കുറിച്ചുള്ള അപര്യാപ്തതയും വിഭവങ്ങളുടെ വിപണനത്തിലൂടെ ഫലപ്രദമായ രീതിയിലുള്ള വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയാതെ പോകുന്നു എന്ന് കിർടാഡ്സ് ക്യാമ്പസ്സിൽ വച്ച് നടന്ന രണ്ടാം ഘട്ട ശിൽപ്പശാലയിൽ പങ്കെടുത്ത ഗോത്രവർഗ്ഗ പ്രതിനിധികൾ അഭിപ്രായപ്പെട്ടിരുന്നു.
13. കൈവശരേഖ ലഭിച്ചതിലൂടെ ഗോത്രജനങ്ങളുടെ ജീവിത പരിസ്ഥിതി പരിമിതപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്. വനവിഭവങ്ങളും, തേനും ശേഖരിക്കുന്നതിനായി ദിവസങ്ങളോളം കിലോമീറ്ററുകൾ താണ്ടിയിരുന്നവരും, ആചാരങ്ങളുടെ ഭാഗമായി പ്രദേശത്തു നിന്നും അടുത്ത പ്രദേശത്തിലേക്ക് മാറി മാറി താമസിച്ചിരുന്നവരുമായിരുന്ന സമൂഹങ്ങളെ ഒരു പ്രദേശത്ത് തന്നെ തുടരാൻ നിർബന്ധിതരാക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. കൂടാതെ, ഗോത്രജനങ്ങളുടെ പരമ്പരാഗത രീതിയായ മാറ്റകൃഷി സമ്പ്രദായം പൂർണ്ണമായും ഇല്ലാതായി. നിയമപ്രകാരം, മരങ്ങളോ, മുളയോ മുറിക്കാൻ കഴിയാത്തതും, കൃഷിയെയും, ജീവിതരീതിയെയും പ്രതികൂലമായി മാറ്റിമറിക്കുന്നതിനു കാരണമായി. കൈവശരേഖ ലഭിച്ചതിലൂടെ തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടതോടൊപ്പം , സങ്കേതത്തോട് ചേർന്ന മരങ്ങൾക്ക് കാവൽ നിൽക്കേണ്ട അവസ്ഥ കൂടെ വന്നു ചേർന്നുവെന്ന് അഭിപ്രായപ്പെട്ട സങ്കേതവാസികളുണ്ട്. വന

ത്തിലെ മരം നഷ്ടപ്പെട്ടാൽ  തങ്ങൾക്കെതിരെ നടപപടിയുണ്ടാകുമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ  ഭീഷണിപ്പെടുത്തിയതായി  ഗുണഭോക്താക്കൾ ആരോപിക്കുന്നു.

14. പൊതുഅവകാശത്തിന് വനഭൂമിയുടെ ഉപയോഗം പരിമിതപ്പെടുത്തിയിട്ടുണ്ട്.  ഉപജീവനമാർഗ്ഗത്തിനായി കാലിമേയ്ക്കുന്നതിനും, വനവിഭവശേഖരണം നടത്തുന്നതിനും 2 ഏക്കർ, 5 ഏക്കർ എന്നിങ്ങനെ പരിമിതപ്പെടുത്തിയിട്ടുണ്ട്.  സങ്കേതത്തിന് പൊതുവായി കൊടുക്കേണ്ടതിന് പകരം 2,3 സങ്കേതവാസികളുടെ  പേരിലാണ് രേഖ നൽകിയിട്ടുള്ളത്.  പൊതുഅവകാശത്തിന്റെ പേരിൽ വനഭൂമിയുടെ അതിർത്തി നിർണ്ണയിച്ചു നൽകണമെന്ന തീരുമാനം വനാവകാശനിയമത്തിന്റെ ലംഘനമാണ്. പഠനത്തിന് വിധേയമാക്കിയ സാമുഹികാവകാശം ലഭിച്ച  സങ്കേതങ്ങളിൽ  നാല് സങ്കേതങ്ങൾക്ക്  മാത്രമാണ്  100  ഏക്കറിന്  മുകളിൽ  വനഭൂമിയിന്മേൽ പൊതുവകാശം  നൽകിയിട്ടുള്ളത്. 4 സങ്കേതങ്ങൾക്ക് രണ്ട് ഏക്കർ  മാത്രമാണ് നൽകിയിട്ടുള്ളത്. ഇത് നിയമത്തിന്റെ ലംഘനമാണ്.

15. കൈവശരേഖ ലഭിച്ചതിലൂടെ ഗുണഭോക്താക്കൾക്ക് സങ്കേതത്തോട് ചേർന്ന് പ്രദേശത്തിൽ ഉൾപ്പെട്ട ജലാശയങ്ങളും, ജലവിഭവങ്ങളുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് മുൻപുണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായ സാഹചര്യങ്ങളൊന്നും വന്നിട്ടില്ല.  ഇപ്പോഴും വനംവകുപ്പിലെ  അനുവാദമില്ലാത്തതിനാൽ  ജലാശയങ്ങളെയോ, ജലവിഭവങ്ങളെയോ ഉപയോഗിക്കാൻ സാധിക്കുന്നില്ല  എന്നഭിപ്രായപ്പെട്ട സങ്കേതവാസികളുണ്ട്.  കൂടാതെ, വന്യമൃഗങ്ങളുടെ ആക്രമണം മുൻപത്തേതിനും,, അധികമായതും, നിലവിൽ ജലവിഭവങ്ങളെ ആശ്രയിക്കാൻ സാധിക്കാത്തതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിച്ചവരുമുണ്ട്.

16. ചെറുകിടവനവിഭവങ്ങൾ  മൂല്യവർദ്ധിതമായി വില്പന നടത്തുവാനുള്ള സ്വതന്ത്ര അവകാശം ഗ്രാമസഭയ്ക്കാണ് നല്കിയിരിക്കുന്നത്. എന്നാൽ ഗ്രാമസഭാംഗങ്ങളുടെ ശാക്തീകരണ  കുറവ്  കാരണം  വനാവകാശം  നടപ്പിൽ  വരുന്നതിന് മുമ്പുണ്ടായിരുന്ന  സ്ഥിതിഗതികളാണ്  ഇപ്പോഴും  തുടർന്നുപോരുന്നത്. സാമൂഹികവനാവകാശ നിയമത്തിൽ  കൂടി ഉദ്ദേശിച്ച സാമ്പത്തിക  സ്വതന്ത്ര്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

## ആചാരാനുഷ്ഠാനങ്ങൾ

17. വനത്തിനുള്ളിലോ, വനത്തോട് ചേർന്നതോ ആയ സങ്കേതങ്ങളായതിനാൽ ആരാധനസ്ഥലവും ഏറിയ പങ്കും വനത്തിനുള്ളിൽ  തന്നെയാണുള്ളത്.  ഇത്തരത്തിൽ പരമ്പരാഗതമായി അനുവർത്തിച്ചു വരുന്ന ആചാരാനുഷ്ഠാനങ്ങൾക്ക് തടസ്സം നേരിടാത്തവരാണ് 90 ശതമാനവും.  7.7 ശതമാനം ഗുണഭോക്താക്കൾ വനാതിർത്തിക്കുള്ളിലെ ആരാധന സ്ഥലം ഇല്ലാത്തവരാണ്.  വനാതിർത്തിക്കുള്ളിൽ ആചാരാനുഷ്ഠാനങ്ങൾക്ക് തടസ്സം  നേരിടുന്നവരുണ്ട്..

18. പട്ടികഗോത്രവർഗ്ഗങ്ങളുടെ വിശ്വാസവുമായി ബന്ധപ്പെട്ട ആചാരങ്ങൾക്കും, വനംവകുപ്പിന്റെ ഭാഗത്തു നിന്നും തടസ്സമുള്ളതായി പഠനത്തിൽ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. തലമുറകളായുള്ള അനുഷ്ഠാനങ്ങൾക്ക് ഏറെ സവിശേഷമൂല്യം കൽപ്പിക്കുന്ന സമൂഹമായതിനാൽ ഇത്തരത്തിലുള്ള നടപടികൾ ഒഴിവാക്കേണ്ടതുണ്ട്. സാമൂഹ്യാവകാശത്തിൽ ആരാധനയ്ക്കുള്ള അവകാശത്തെ കുറിച്ച് പ്രത്യേകം പറയുന്നുമുണ്ട്. ഉൾക്കാട്ടിലാണെങ്കിലും ഗുണഭോക്താക്കൾക്ക് വിശ്വാസത്തിനും, ആചാരാനുഷ്ഠാനങ്ങൾക്കും സ്വാതന്ത്ര്യം അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

6.12 <u>പ്രത്യേക ദുർബല വിഭാഗത്തിന് മാത്രമുള്ള അവകാശം</u>

1. പഠനത്തിന് വിധേയമാക്കിയ ഏക പ്രത്യേക ദുർബല ഗോത്രവിഭാഗമാണ് കാട്ടുനായിക്കൻ. വ്യക്തിഗത അവകാശം ലഭിച്ച 304 കുടുംബങ്ങളിൽ നിന്നാണ് വിവരശേഖരണം നടത്തിയത്. വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തി വരുന്ന കാട്ടുനായിക്കൻ വിഭാഗത്തിന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള habitat right (ആവാസമേഖലയിൽ സ്വതന്ത്രമായി വ്യാപരിക്കുന്നതിനുള്ള അവകാശം) വകുപ്പ് 3(1) e പ്രകാരം വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല. മാത്രവുമല്ല, ഈ അവകാശത്തെ കുറിച്ച് അറിവും ഇല്ല.

2. പ്രത്യേക ദുർബ്ബല ഗോത്രവിഭാഗമായ കാട്ടുനായിക്കൻ സമുദായക്കാർക്ക് വനാവകാശനിയമത്തിലെ സാമൂഹികാവകാശത്തെ കുറിച്ച് യാതൊരു ധാരണയും ഇല്ലാത്തതുകൊണ്ട് പഴയരീതിയിൽ കാട്ടിൽ പോയി ചെറുകിട വനവിഭവശേഖരണം നടത്തുന്നുണ്ട്. പക്ഷെ ഈ ആവശ്യത്തിനായി ഓരോ തവണയും വനത്തിലേക്ക് പോകുമ്പോഴും പാസ് ലഭിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സാമൂഹികവകാശം ലഭിച്ചിരുന്നുവെങ്കിൽ സ്ഥായിയായി അവകാശം ലഭിക്കുമായിരുന്നു.

3. വനത്തിൽ പ്രവേശിക്കുന്നതിനും, വനം ഉപയോഗിക്കുന്നതിനും തടസ്സങ്ങളുണ്ട് .വനത്തിൽ പോവാനുള്ള പ്രധാന തടസ്സം മൃഗശല്യമാണെന്നാണ് ഗുണഭോക്താക്കൾ പറയന്നു. വനംവകുപ്പിന്റെ ഭാഗത്തു നിന്നുള്ള തടസ്സങ്ങളുണ്ടെന്നും ഗുണഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്നു.

മുള, മേച്ചിൽപുല്ല് , എന്നിവയെടുക്കുന്നതിനും, വലിയ വിറകുകളെടുക്കാനും, ഉൾക്കാട്ടിൽ പോവുന്നതിനും വനംവകുപ്പിന്റെ നിയന്ത്രമുണ്ട്. പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്ക് വനത്തിൽ പ്രത്യേക അവകാശങ്ങളുണ്ടെന്നിരിക്കേ, ഇതിനെ കുറിച്ച് ഇവർ അജ്ഞരാണ്.

## 6.13 .വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ

1. സങ്കേതത്തിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് 13 തരത്തിലുള്ള വികസനാവകാശങ്ങൾ ഊന്നൽ നൽകുന്നത്. ചട്ടം () പ്രകാരം ഈ ആവശ്യത്തിന് ഡി.എഫ് .ഒ യ്ക്ക് അപേക്ഷ സമർപ്പിച്ച് ഡി.എഫ് .ഒ യ്ക്ക് തന്നെ തീരുമാനം എടുക്കാവുന്നതാണ്.

2. അടിസ്ഥാന സൗകര്യങ്ങൾ അത്യാവശ്യമായ പല സങ്കേതങ്ങളിലും നിയമം നടപ്പിലാക്കി പത്തുവർഷത്തിനു ശേഷവും യാതൊരു വികസന പ്രവൃത്തികളും നടത്തിയിട്ടില്ല. റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭിക്കാത്ത സങ്കേതങ്ങൾ ഇനിയുമുണ്ട്.

3. ഒരു വികസന പ്രവർത്തനം മറ്റൊരു വികസന പ്രവർത്തനത്തെ എങ്ങനെ അനുകൂലമായി ബാധിക്കുന്നുവെന്ന ഉദാഹരണമാണ് റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ നല്കിയപ്പോൾ പൊതുവിലുള്ള ജിവിത സൗകര്യങ്ങൾ മെച്ചപെട്ടതായിട്ടുള്ള സങ്കേതങ്ങൾ.മധ്യപാടി സങ്കേതത്തിൽ വികസനാവകാശം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

4. പഠനത്തിന് വിധേയമാക്കിയ 57 സങ്കേതങ്ങളിൽ 26 സങ്കേതങ്ങളിൽ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടന്നിള്ളത്. അതിൽ തന്നെയും, സങ്കേതവാസികൾ അപേക്ഷ സമർപ്പിച്ച എല്ലാ വികസനാവശ്യങ്ങൾക്കും വനംവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ച് നടപ്പിലാക്കിയ ചില വികസന പ്രവൃത്തികൾ നിലച്ചു പോയിട്ടുമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഗുണഭോക്താക്കൾ പരിഹാരമാവശ്യപ്പെട്ടിട്ടും നടപടിയായിട്ടില്ല.

5. ബന്ധപ്പെട്ട വകുപ്പുകളെടുക്കുന്ന കാലതാമസമാണ് പ്രധാനമായും സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാവുന്നത്. പ്രവർത്തനരഹിതമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിലും അപേക്ഷ നൽകിയ പദ്ധതികളിൽ നേരിടുന്ന കാലതാമസവും അതിനുദാഹരണമാണ്. 2009 ൽ വ്യക്തിഗത അവകാശത്തിനൊപ്പം വികസന പ്രവൃത്തികൾക്കായി അപേക്ഷ സമർപ്പിച്ച സങ്കേതങ്ങളുടെ ആവശ്യം പോലും ഇതുവരെ പരിഗണിച്ചിട്ടില്ല.

6. വികസനാവശ്യങ്ങൾക്കുള്ള അവകാശത്തെ കുറിച്ചുള്ള ഗുണഭോക്താക്കളുടെ അറിവില്ലായ്മയും പ്രധാന പ്രശ്നമാണ്. നിയമത്തിലുൾപ്പെടുത്തി സങ്കേതത്തിന്റെ വികസന പ്രവൃത്തികൾ നടപ്പിലാക്കാമെന്ന് എഫ്.ആർ.സി അംഗങ്ങൾക്കു പോലും അറിയില്ലാത്ത സ്ഥിതി വിശേഷമുണ്ട്. സങ്കേതത്തിന് അനുവദിച്ച വികസന പ്രവൃത്തികൾ നിയമത്തിലുൾപ്പെടുത്തിയാണെന്ന് പല ഗുണഭോക്താക്കൾക്കും അറിയില്ല. മാത്രവു

മല്ല, വികസനാവശ്യത്തിലുൾപ്പെടുത്തി നിയമത്തിൽ പറഞ്ഞിരിക്കുന്ന പതിമൂന്നിന ആവശ്യങ്ങളെ കുറിച്ചും സങ്കേതവാസികൾക്ക് അറിവില്ല. .

7. വികസനാവശ്യങ്ങൾക്കുള്ള അവകാശം യഥാർത്ഥത്തിൽ മറ്റ് രണ്ടു അവകാശങ്ങളുടെയും തുടർച്ചയാണ്. ഉപജീവനമാർഗ്ഗങ്ങളുമായും വികസനാവശ്യം ബന്ധപ്പെട്ട് നിൽക്കുന്നു. വനവിഭവശേഖരണം നടത്തുന്ന സങ്കേതവാസികൾക്ക് ഇതിന്റെ വിപണനത്തിനായുള്ള സാധ്യത വികസനാവകാശം മുന്നോട്ടു വെക്കുന്നുണ്ട്. കൃഷി, മൃഗപരിപാലനം എന്നീ ഉപജീവനമാർഗ്ഗങ്ങളിലും ഇത് കാണാം.

8. മാനന്തവാടിയിൽ വച്ച് നടത്തിയ ഒന്നാംഘട്ട ശിൽപശാലയിൽ പങ്കെടുത്ത മുള്ളുകുറുമൻ, പണിയൻ, തച്ചനാടൻ മൂപ്പൻ, കാട്ടുനായിക്കൻ, അടിയാൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ പ്രതിനിധികൾ ചൂണ്ടിക്കാണിച്ചത്. വൈദ്യുതിവേലി മുതലായവ ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടില്ലാത്തതിനാൽ വന്യമൃഗശല്യം കൂടുതൽ ആണ്. അതുമൂലം വനവിഭവശേഖരണം നടത്താൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നും, വനവിഭവങ്ങളുടെ ലഭ്യത കുറവ് എന്നിവയാണ്. വികസന ആവശ്യങ്ങളിൽ പറഞ്ഞിരിക്കുന്ന 13 ഇനങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്. ഇതിന് വേണ്ടി കുറഞ്ഞത് ഒരേക്കർ ഭൂമി വീതം എങ്കിലും ലഭ്യമാക്കണമെന്നും നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 6.14 സാമൂഹ്യ വനവിഭവമേഖല കമ്മിറ്റിയുടെ രൂപീകരണം

1. വനാവകാശ നിയമ പ്രകാരം ലഭ്യമാകുന്ന സാമൂഹ്യ വനവിഭവമേഖലയുടെ (CFR) പരിപാലനത്തിനും സംരക്ഷണത്തിനുമായി ഗ്രാമസഭ/ ഊരുസഭ ഒരു കമ്മിറ്റിയ്ക്ക് രൂപം കൊടുക്കേണ്ടതാണ്. (ചട്ടം 4(E). ഈ കമ്മിറ്റി സാമൂഹ്യ വനവിഭവമേഖലപരിപാലന കമ്മിറ്റി/ CFR മാനേജ്മെന്റ് കമ്മിറ്റി എന്ന് അറിയപ്പെടുന്നു. സെഷൻ 5 പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ എല്ലാ അവകാശവാദികൾക്കും ബാധകമാണ്. (വ്യക്തിഗത അവകാശങ്ങൾ, സാമൂഹികവകാശങ്ങൾ). ഈ സാമൂഹ്യ വനവിഭവമേഖല പരിപാലന കമ്മിറ്റിയുടെ (CFRMC) യുടെ പ്രാധാന്യം എല്ലാ അവകാശങ്ങളിലുമുണ്ട്.

2. സാമൂഹ്യ വനവിഭവമേഖലകമ്മിറ്റിയെ കുറിച്ച് അറിവുള്ള 11 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ് പഠനത്തിൽ കണ്ടെത്താനായത്. സാമൂഹ്യ വനവിഭവമേഖല കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്ന് 43.4 ശതമാനവും, പ്രസ്തുത കമ്മിറ്റിയെ കുറിച്ച് യാതൊരറിവുമില്ലാത്ത 45.6 ശതമാനവും ഗുണഭോക്താക്കളെയും കണ്ടെത്തിയിട്ടുണ്ട്.

3. 2014-16 വർഷ കാലയളവിലാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. എന്നാൽ, യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. സാമൂഹ്യ വനവിഭവമേഖല കമ്മിറ്റിയിൽ 23 ഗുണഭോക്താക്കൾ മാത്രമാണ് അംഗങ്ങൾ.

4. സി.എഫ്.ആർ.എം.സി രൂപീകരിച്ചതല്ലാതെ, ഇതെന്തിനാണ് പ്രവർത്തിക്കേണ്ടതെന്നോ, എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നോ സങ്കേതത്തിലുള്ളവർക്ക് ധാരണയില്ല . വനസംരക്ഷണത്തെ കുറിച്ചും, ഇതിനായി ഗുണഭോക്താക്കളെ ചുമതലപ്പെടുത്തുന്നതിനെ കുറിച്ചും, നിയമം വ്യക്തമാക്കുന്നുണ്ടെങ്കിലും ഇതുവരെ എവിടെയും നടപ്പിലാക്കിയിട്ടില്ല. സി.എഫ്.ആർ.സി യെ കുറിച്ച് പ്രാഥമിക ധാരണ പോലുമില്ലാത്തതിനാൽ ,ചില സങ്കേതങ്ങളിൽ എഫ്.ആർ.സി തന്നെയാണ് പ്രസ്തുത കമ്മിറ്റിയും.

**<u>6.15.വനാവകാശം ലഭിച്ചതിലൂടെയുണ്ടായ ജീവിതനിലവാരം</u>**

1. വനാവകാശം ലഭിച്ചതിൽ ജീവിതനിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് സമ്മിശ്രപ്രതികരണമാണ് ലഭിച്ചത്. 50.07 ശതമാനം കുടുംബങ്ങൾ ജീവിതനിലവാരം മെച്ചപ്പെട്ടിട്ടില്ലായെന്നും 46.05% കുടുംബങ്ങൾ കുറച്ചൊക്കെ മെച്ചപ്പെട്ടു എന്നും അഭിപ്രായപ്പെട്ടു. 3.58% പേർ പ്രതികരിച്ചിട്ടില്ല.

2. പരമ്പരാഗതമായി താമസിച്ചു വരുന്ന ഭൂമിക്ക് മേൽ അവകാശം ലഭിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ജീവിത നിലവാരം മെച്ചപ്പെട്ടതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത് ഭൂമിയിൽ തങ്ങൾക്ക് ഉണ്ടായിരുന്ന പരമ്പാരഗത അവകാശം, അംഗീകരിച്ചതാണ്. എന്നാൽ, 2005 ഡിസംബർ 13 ന് മുമ്പ് പ്രസ്തുത സങ്കേതത്തിൽ താമസമാക്കിയ ഗുണഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്ന നേട്ടങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചുവെന്നതാണ്. ഈ വിഭാഗം ജനത പരമ്പാരഗത വനപ്രദേശത്ത് താമസമല്ലാത്തവരായിരുന്നു. എന്നാൽ നിർണ്ണായകമായ തിയ്യതിയായ 13.12.2005 ന് മുമ്പ് താമസം ഉറപ്പിച്ചവരാണ്. ചുരുക്കം ചില സങ്കേതങ്ങളിൽ സമരശക്തികളുടെ പിൻബലത്തിൽ നിയമം നിലവിൽ വന്ന ശേഷം ചട്ടം പുറപ്പെടുവിക്കുന്ന ഇടവേളയിൽ കടന്ന്കൂടിയവരും ഉണ്ട്. ഏതായാലും അത്തരക്കാർ ഭൂരഹിതരായിരുന്നുവെന്നത് ഒരു വസ്തുതയാണ്. .

3. രേഖ ലഭിച്ചതു മൂലം അവകാശബോധം ലഭിച്ചുവെന്ന് പറയുമ്പോൾ, തങ്ങൾക്ക് ലഭിച്ചത് കൈവശരേഖ മാത്രമാണെന്നും, നികുതി പട്ടയം ലഭിക്കുമ്പോൾ മാത്രമേ യഥാർത്ഥ അവകാശികളാവൂ എന്നും പ്രതികരിച്ചവർ ഉണ്ട്. ഇപ്പോൾ കൈവശമുള്ള രേഖ ഉപയോഗിച്ച് ഭൂമിയുടെ ക്രയവിക്രയങ്ങളോ, രേഖ ഈടു നൽകി ലോണെടുക്കാൻ ഒന്നും കഴിയാത്തത് കൊണ്ട് ് രേഖ ഉപയോഗമില്ല. രേഖ ലഭിച്ചതു കൊണ്ട് മുൻപുള്ള അവസ്ഥയേക്കാൾ മാറ്റങ്ങളൊന്നും നിലവിലില്ല എന്ന് പ്രതികരിച്ച ഗുണഭോക്താക്കളുമുണ്ട്.

. **പാർട്ട് ബി**

<u>ശില്പ്പശാലയിൽ ഉന്നയിച്ച പ്രശ്നങ്ങൾ</u>

1 **ഗ്രാമസഭയ്ക്കുള്ള ചുമതലകൾ**

1 ഗ്രാമസഭകൾ ഊരുകൂട്ടം എന്ന നിലയിലാണ് നടക്കുന്നത്.

2 എഫ്.ആർ.സി കമ്മിറ്റികൾ ഊരുകൂട്ടം വിളിച്ചു ചേർത്തും, വിളിച്ച് ചേർക്കാതെ ആണ് രൂപീകരിച്ചിട്ടുള്ളത് .

3 വനാവകാശസമിതിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിച്ച് തുടർനടപടികൾ എടുക്കുന്നതിന് ഒരു ഏകീകൃതരീതി നിലവിൽ പ്രയോഗത്തിൽ ഇല്ല. ഇതു സംബന്ധിച്ചുള്ള അറിവ് ലഭിക്കാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

4 വനാവകാശത്തിനായുള്ള അപേക്ഷകളുടെ പകർപ്പ് പൊതു അറിവിലേക്കായ് പരസ്യപ്പെടുത്തിയിട്ടില്ല.

5 സ്ഥല ത്തിന്റെ മാപ്പ് സംബന്ധിച്ച വിവരങ്ങൾ എഫ്.ആർ.സി കമ്മിറ്റിക്കോ, അപേക്ഷകനോ, ലഭിക്കാറില്ല.

6 വനാവകാശ അപേക്ഷകൾ തരുന്നവർക്കും വിവരങ്ങൾ ബോധ്യപ്പെടുത്താനുള്ള അവസരങ്ങൾ ഭൂരിപക്ഷ പ്രദേശത്തും, ഇല്ല.

7 ജൈവവൈവിദ്ധ്യസമിതി രൂപീകരിച്ചിട്ടില്ല.

8. വനസംരക്ഷണത്തിന് വേണ്ടിയുള്ള തീരുമാനങ്ങൾ എടുക്കുകയോ, സമിതികൾ രൂപീകരിക്കുകയോ ചെയ്തിട്ടില്ല

2. **<u>ഗ്രാമസഭയും, എഫ്.ആർ.സിയും</u>**

1. നിയമത്തിൽ അനുശാസിക്കുന്നതു പോലെയല്ല എഫ്.ആർ.സി_നടന്നു വരുന്നത്. അപേക്ഷകൾ സമർപ്പിക്കുവാൻ സഹായിക്കുന്നുണ്ട്. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് മിനിട്ട്സുകളിൽ രേഖപ്പെടുത്തുന്നതിനപ്പുറം വേറെ ഒന്നും ചെയ്യാറില്ല.

2. വനാവകാശത്തിനെ കുറിച്ച് ശരിയായ അവബോധമില്ല.

3. വനാവകാശ സമിതികൾ നിർജ്ജീവമാണ്. നിലവിൽ ഇത് സംബന്ധിച്ച് വിവരങ്ങൾ ഒന്നും ലഭ്യമല്ല.

**<u>3. ഗ്രാമസഭയും, സബ്ഡിവിഷണൽ കമ്മിറ്റിയും</u>**

1. സബ്ഡിവിഷണൽ കമ്മിറ്റി ഉണ്ട് എന്നതിനപ്പുറം ഒരു പ്രവർത്തന രീതിയും സങ്കേതവാസികൾക്കറിയില്ല.

**4.ഗ്രാമസഭയും, ഡിവിഷണൽ തല കമ്മിറ്റിയും**

1. ഗ്രാമസഭയിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഡിവിഷണൽ തല കമ്മിറ്റി മോണിറ്റർ ചെയ്യുന്നില്ല.
2. എത്രപേർക്ക് ഭൂമി കൊടുത്തു, എത്രപേര് അനർഹരായവരുണ്ട് , എത്രപേരുടെ അപേക്ഷ നിരസിച്ചു എന്ന വിവരങ്ങൾ ലഭ്യമല്ല.

**വ്യക്തിഗത അവകാശം**

1. കൈവശം വച്ചിരുന്ന ഭൂമികൾ വനംവകുപ്പുകൾ ഏകപക്ഷീയമായി കൈവശപ്പെടുത്തി യിരിക്കുന്നു.

2 വനഭൂമിയിൽ വനംവകുപ്പിന്റെ സർവ്വേ പൂർത്തീകരിച്ച് തർക്ക പരിഹാരം കാണുക.

3 വനവിഭവശേഖരണത്തിന്റെ ഏരിയ കുറഞ്ഞു.

4 കൃഷി ചെയ്യാനുള്ള സ്ഥലം കുറഞ്ഞു

6. ജൈവകൃഷി ആദായകരമായി നടത്തുന്നതിനുള്ള പരിശീലന കുറവ്

**ഉത്തരവാദിത്തങ്ങളും, കടമകളും**

1.. വനാവകാശനിയമപ്രകാരം ഉള്ള വനവും,, പരിസ്ഥിതിയും സംരക്ഷിക്കാനുള്ള സമിതി നിലനിൽക്കുന്നില്ല. ഇതു സംബന്ധിച്ച അറിവും ലഭിച്ചിട്ടില്ല.

2. വനവിഭവങ്ങൾ നിലവിൽ കൈകാര്യം ചെയ്യുന്നതിൽ പണ്ട് ഉണ്ടായിരുന്നത്ര ശ്രദ്ധ ഇപ്പോൾ ഇല്ല്.

3. വനവും, ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിനുള്ള സമിതി രൂപീകരിക്കുന്നതി നായി ഗ്രാമസഭയ്ക്കാണ് ഉത്തരവാദിത്വമെങ്കിലും, ശക്തമായി പ്രവർത്തിക്കാത്തത് കമ്മിറ്റി രൂപീകരണത്തിന് തടസ്സമാകുന്നു. വനംവകുപ്പുമായുള്ള ബന്ധം നിലവിൽ തൃപ്തികരമല്ല.

4. വനത്തെയും, വന്യജീവിയെയും, ജൈവസമ്പത്തിനെയും പ്രതികൂലമായി ബാധി ക്കുന്ന സമീപനങ്ങൾ നിലനിൽക്കുന്നു. ആയത് വന്യജീവികളെയും, വനത്തെ ആശ്ര യിക്കുന്നവർക്കും പ്രതികൂലമായി ബാധിക്കുന്നു.

5. യൂക്കാലി, തേക്ക്, വിദേശകൊന്ന എന്നിവ കാടിന്റെ സ്വാഭാവിക അവസ്ഥയെ തകർക്കുന്നു. അത് മൃഗങ്ങൾക്ക് ഭക്ഷണവും, വെള്ളവും കിട്ടാതാവുന്നു.

6. ബാഹ്യഇടപെടലുകൾ കാരണം വനസമ്പത്ത് നശിച്ചുപോകുന്നു. വനവിഭവങ്ങൾ അനിയന്ത്രിതമായി ശേഖരിക്കപ്പെട്ടു പോകുന്നുണ്ട്.

**പുനരധിവസിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ, സംരക്ഷിക്കപ്പെടേണ്ട അവകാശങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ**

1. വനാവകാശത്തിന് അർഹതയുള്ള എന്നാൽ പുനരധിവസിപ്പിച്ചവർക്ക് സുരക്ഷിത ജീവിതവൃത്തി ഉറപ്പാക്കിക്കൊണ്ടുള്ള പുനരധിവാസ പദ്ധതി തയ്യാറാക്കിയിരുന്നില്ല.-

2. പുനരധിവസിക്കപ്പെട്ടവർക്ക്, അവരുടെ പരമ്പരാഗത _സങ്കേതത്തിന് സാമൂഹ്യാവ കാശത്തിനുള്ള രേഖ ലഭിച്ചിട്ടില്ല.

3. പുനരധിവസിക്കപ്പെട്ടവർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല.

# പാർട്ട് ബി

## 6.2.നിർദ്ദേശങ്ങൾ

1. വനാവകാശനിയമം നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ചട്ടങ്ങളിൽ (The Scheduled Tribes & Other Traditional Forest Dwelllers (Recognition of Rights) Rules 2007 with amendments on 06/09/2012) വ്യക്ത മായി വിശദീകരിച്ചിട്ടുണ്ട്. (അനുബന്ധം 3 കാണുക )എന്നാൽ പഠനത്തിന് വിധേയമാ ക്കിയ പ്രദേശങ്ങളിൽ നടപടിക്രമവ്യതിയാനങ്ങൾ ഉണ്ടായിട്ടുള്ളതായി പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടത്തിയ ശില്പശാലയിൽ പങ്കെ ടുത്ത ജനപ്രതിനിധികൾ, ഊരുമൂപ്പന്മാർ, FRC അംഗങ്ങൾ, പ്രൊമോട്ടർമാർ, ഗോത്ര വർഗ്ഗപ്രതിനിധികൾ എന്നിവരും ഇതേ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഇവ പരിഹരിക്കുന്നതിന് , മാർഗ്ഗനിർദ്ദേശങ്ങളിലും, ചട്ടങ്ങളിലും, വകുപ്പുകളിലും അനുശാ സിക്കുന്ന തരത്തിലുള്ള അവകാശത്തെ കുറിച്ചുള്ള സമഗ്രമായ ബോധവത്കരണ പരി പാടികൾ ആവിഷ്കരിക്കേണ്ടതാണ്. അതിനുവേണ്ട പരിശീലന പരിപാടികൾ സങ്കേ തങ്ങളിൽ തന്നെ സംഘടിപ്പിക്കുക. നിയമത്തെ കുറിച്ചുള്ള അറിവിന്റെ അപര്യാപ്തത യാണ് അവകാശങ്ങൾ പൂർണ്ണമായും ലഭിക്കുന്നതിനുള്ള ഒരു തടസ്സമായിട്ടുള്ളതും ചില സമുദായങ്ങൾക്ക് വനാവകാശ സമിതി പോലുള്ള കമ്മിറ്റികളിൽ അർഹമായ പ്രാതിനിധ്യം ലഭിയ്ക്കാതെ പോയത് എന്നാണ് പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്.

## 2.ഊരുസഭയുടെ രൂപീകരണവും, പങ്കാളിത്തവും

2. നിയമത്തിന്റെ ചട്ടങ്ങളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും അനുശാസിക്കുന്ന പ്രകാരത്തിലുള്ള ഗ്രാമസഭയുടെ രൂപീകരണവും, പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഗ്രാമസഭ സാധാരണ ഊരുകളിൽ നടക്കുന്ന ഊരുസഭയിൽ നിന്ന് വേർതിരിച്ചു കാണുന്നതിന് സങ്കേതവാസികൾക്ക് അവബോധം നല്കേണ്ടതും, ഇവ കൂടുന്നതിന് മാസത്തിലെ ഏതെങ്കിലും ഒരു ദിവസം നിർണ്ണയിക്കേണ്ടതും, ആ തീയ്യതിയുടെ പ്രാധാന്യത്തെ കുറിച്ച് സങ്കേതവാസികൾക്ക് പറഞ്ഞുകൊടുക്കേണ്ടതും, മിനിട്ട്സും/ രജിസ്റ്ററും ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും, നിയമത്തിലുംഅനുശാസിക്കുന്ന പ്രകാരം സ്വീകരിക്കേണ്ടതാണ്വനാവകാശത്തിനായുള്ള ഊരുസഭ നടത്തണം. മുൻപ് നടന്നിരുന്ന സങ്കേതങ്ങളിൽ ഊരുസഭ പുനസ്ഥാപിക്കണം.

3. വനാവകാശനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നടത്തണം.

4. ഊരുസഭയുടെ നേതൃത്വത്തിൽ ഇതുവരെ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തണം.

## വനാവകാശനിയമത്തെ കുറിച്ചുള്ള അറിവ്

5. വനാവകാശനിയമത്തെ കുറിച്ചുള്ള അവബോധം നൽകാനായി വനാവകാശസമിതികൾ കേന്ദ്രീകരിച്ച് പരിശീലനം നൽകണം.

6. ബോധവത്കരണ പ്രവർത്തനങ്ങളിൽ മുഴുവൻ സങ്കേതവാസികളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തണം.

7. സങ്കേത്തിലെ ഊരുമൂപ്പൻ/ എഫ്.ആർ.സി അംഗങ്ങൾ എന്നിവർക്ക് മാത്രമാണ് പരിശീലനം നൽകുന്നതെങ്കിൽ സങ്കേതത്തിൽ ഈ വിവരങ്ങൾ സങ്കേതവാസികളെ ധരിപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം.

## വനാവകാശസമിതിയുടെ (FRC)രൂപീകരണവും, പ്രവർത്തനവും

8. വനാവകാശസമിതി പ്രവർത്തനങ്ങൾ ശക്തമായ മോണിറ്ററിംഗിന് വിധേയമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. സങ്കേതത്തിന്റെ വികസനപ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വനാവകാശസമിതി മുൻകൈയെടുക്കണം.

10. സാമൂഹ്യാവകാശം, വികസനപ്രവൃത്തികൾക്കുള്ള അവകാശം എന്നിവ നടപ്പിലാക്കാൻ എഫ്.ആർ.സി നടപടി സ്വീകരിക്കണം.

11. വനാവകാശസമിതിയിൽ എല്ലാ സമുദായങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുകയും, പിന്നോക്ക സമുദായങ്ങളായ പണിയൻ, കാട്ടുനായിക്കൻ സമുദായങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യാവുന്നതാണ്.

12. വനാവകാശസമിതികളിലെ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇവിടെയും, ഓരോ സമുദായത്തിന്റെ സാമൂഹിക/ സാമ്പത്തിക സ്ഥിതി , പരിഗണനയിൽ എടുക്കേണ്ടതാണ്. കുറിച്യരും, പണിയരും ഉണ്ടെങ്കിൽ രണ്ട് സമുദായത്തിൽ നിന്നും തെരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണം 50:50 എന്ന തോതിൽ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. FRC യുടെ രൂപീകരണത്തിൽ സങ്കേതങ്ങളുടെ സ്വഭാവം കൂടി പരിഗണനയിൽ എടുക്കാവുന്നതാണ്. ഉദാഹരണത്തിന് മുള്ളുകുറുമൻ, കുറിച്ച്യൻ സങ്കേതത്തിനൊപ്പം, പണിയൻ സങ്കേതത്തിനെ കൂടി ഉൾപ്പെടുത്തുമ്പോൾ FRC യിൽ പണിയൻ സമുദായത്തിന്റെ പ്രാതിനിധ്യം ഇല്ലാതെ വരുന്നതിനാൽഒരേ സമുദായം ഉൾപ്പെടുന്ന സങ്കേതങ്ങളെ മാത്രം ഉൾപ്പെടുത്തി FRC രൂപീകരിക്കുന്നത് പരിഗണിയ്ക്കാവുന്നതാണ്.

14. FRC യുടെ കീഴിൽ വരുന്ന സങ്കേതങ്ങളുടെ എണ്ണം 2 ആയി പരിമിതപ്പെടുത്താവുന്നതാണ്. എങ്കിൽ മാത്രമേ 15അംഗസമിതിയിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രാതിനിധ്യം ലഭിക്കുകയുള്ളൂ.

15. വനാവകാശ സമിതിയിലെ ഓരോ അംഗത്തിനും വനാവകാശത്തെ കുറിച്ച് അറിവ് നല്കുകയും,, അവകാശങ്ങൾ ഉൾക്കൊണ്ട് പ്രാവർത്തികമാക്കാൻ , ഓരോ FRC അംഗത്തിനെയും പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനങ്ങൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

16. FRC യുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെയും, പ്രവർത്തനങ്ങളിലൂടെയും മാത്രമേ വനാവകാശനിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. എന്നതിനാൽ ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നത്, ഒരു സ്ഥിര സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

17. ഗോത്രജനങ്ങളുടെ സ്വത്വത്തിനും സാംസ്കാരിക ജീവിതരീതിയുടെയും, ശീലങ്ങളുടെയും മേലുള്ള വനംവകുപ്പിന്റെയോ മറ്റു വകുപ്പുകളുടെയോ കൈകടത്തലുകളെ നിയന്ത്രിക്കുക. ഗോത്രജനങ്ങളുടെ സുതാര്യമായ ജീവിതരീതി മുന്നോട്ടു കൊണ്ടു

പോകുന്നതിന് സാഹചര്യം സൃഷ്ടിക്കുക. വനാവകാശ നിയമവുമായി ബന്ധപ്പെട്ട് അതിന്റെ ഗുണഭോക്താക്കളായിട്ടുള്ളവർക്ക് ശരിയായ ധാരണ നൽകുന്നതിലൂടെ നിയമ ത്തിന്റെ യഥാർത്ഥ ഫലം ഗുണഭോക്താക്കളിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളു.

18. ഭൂമി അളന്നു നൽകുമ്പോൾ , കുടുംബത്തിലെ അംഗങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട് ഭാവിയിൽ ഭൂമിയുടെ ആവശ്യകത വർദ്ധിക്കുന്നതും കൂടി കണക്കിലെടുത്ത് , കുടും ബത്തിലെ ഓരോ അംഗത്തിനും കുറഞ്ഞത് ഒരേക്കർ വനഭൂമിയിന്മേൽ എങ്കിലും അവ കാശം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.നിയമത്തിൽ നാലു ഹെക്ടർ ഭൂമി വരെ അവകാശപ്പെട്ടതാണ്.(സെഷൻ–4.6.1)

19. ഒരേക്കറിന് താഴെ വനഭൂമിയിന്മേൽ അവകാശം നൽകിയിട്ടുള്ളത് പുന:പരിശോധ നയ്ക്കു വിധേയമാക്കുകയും അവർ പരമ്പരാഗതമായി എപ്പോഴെങ്കിലും കൈവശം വച്ചിരുന്ന ഭൂമിയാണെങ്കിൽ ഒരേക്കർ ഒരു കുടുംബത്തിന് എന്ന തോതിൽ നിശ്ചയിക്കേ ണ്ടതും, ആയതു അളന്ന് സ്കെച്ചോടു കൂടി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാ വുന്നതാണ്.

20. ഗോത്രസമൂഹങ്ങൾ പരമ്പരാഗതമായി അനുഭവിച്ചു വന്ന വനത്തിലെ അധികാരങ്ങളെ മുഴുവൻ അംഗീകരിക്കുന്ന തരത്തിൽ വ്യക്തിഗത അവകാശം സാമൂഹികാവകാശവും, ക്രമീകരിക്കേണ്ടതാണ്.

21. ഭക്ഷ്യവിഭവങ്ങളും, ജലവിഭവങ്ങളും ശേഖരിക്കുന്നതിലുള്ള തടസ്സം ഇല്ലാതാക്കി വനാവ കാശ നിയമത്തിലൂടെ വനവുമായി ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടതാണ്.

22. ഉപജീവനത്തിനായി വനവിഭവങ്ങളെയും, വനത്തെയും ആശ്രയിക്കുന്നതിനുള്ള സാഹ ചര്യം നിയമത്തിലൂടെ ഉറപ്പാക്കിയവ ഗോത്രവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപ ടികൾ സ്വീകരിക്കുക. മാത്രവുമല്ല, ഉപജീവനമാർഗ്ഗത്തിന് തടസ്സം നേരിടുന്ന സങ്കേത ങ്ങളിൽ വികസനാവകാശത്തിൽ ഉൾപ്പെടുത്തി പരിഹാരങ്ങൾ കാണാനാവുന്നതാണ്.

23. ഭക്ഷണാവശ്യങ്ങൾക്കായി വനവിഭവങ്ങളെ സ്വതന്ത്രമായി ഉപയോഗിക്കുവാനുള്ള അവ കാശം ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ( മുളങ്കൂമ്പും, കിഴ ങ്ങുകളും, ഇലകൾ എന്നിവ ശേഖരിക്കുന്നതിന് നേരിടുന്ന തടസ്സം ഒഴിവാക്കുക)

24. വിപണിയെ ആശ്രയിക്കാതെ തന്നെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ വനത്തെ ആശ്രയിക്കാനുള്ള അവകാശം ഗോത്രജനങ്ങൾക്കു നൽകാവുന്നതാണ്.

25. ഗോത്രവർഗ്ഗക്കാർ ഉപയോഗിക്കുന്ന ജലാശയങ്ങൾ ഏതാണെന്ന് ( സങ്കേതത്തിൽ നിന്നുള്ള ദൂരം കണക്കാക്കാതെ) പഠനത്തിന് വിധേയമാക്കി, പ്രസ്തുത ജലാശയത്തി ലുള്ള മത്സ്യബന്ധനത്തിനുള്ള അവകാശം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു ക. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു കൊണ്ടിരുന്നവരും, എന്നാൽ മത്സ്യബന്ധനത്തിന്

അവകാശം ലഭിച്ചിട്ടില്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് ജലവിഭവങ്ങളുടെ മേലുള്ള അവകാശം നൽകുക. സങ്കേതത്തിനോട് ചേർന്നുള്ള പുഴ, ജലാശയങ്ങൾ, എന്നിവയ്ക്ക മാത്രമാണ് ഇപ്പോൾ അവകാശം ലഭിച്ചിട്ടുള്ളത്. സങ്കേതത്തിൽ നിന്ന് 20/30 കിലോമീറ്റർ അകലെയുള്ള പുഴയിൽ നിന്ന് മീൻ പിടിയ്ക്കാൻ പോകുന്ന ഗോത്ര വർഗ്ഗക്കാർ ഉണ്ട്. ആയതിനാൽ വിശദമായ പഠനത്തിന് വിധേയമാക്കി ആയതിനുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല, സങ്കേതത്തിനോട് ചേർന്ന പുഴയിലെ ജലവിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവകാശം ലഭിയ്ക്കാത്ത സങ്കേതങ്ങളും ഉണ്ട്. (ഉദാ: മമ്മിക്കുന്ന്) .ആയതു ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

26. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ മൃഗസംരക്ഷണ പദ്ധതികൾ ഒഴിവാക്കുക.
27. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.
28. വേനൽക്കാലങ്ങളിൽ വളർത്തുമൃഗങ്ങൾക്കും, ഉൾക്കാടുകളിലെ വന്യമൃഗങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്തുക.
29. വന്യമൃഗശല്യം തടയാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുക.
30. വിവിധയിനം ഫലവൃക്ഷങ്ങൾ ധാരാളമായി നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുക.
31. ഈറ്റ, മുള തുടങ്ങിയവ ധാരാളമായി നട്ടുവളർത്തുക.
32. പരമ്പരാഗത കൃഷികളായ റാഗി, ചോളം, ചാമ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
33. സർക്കാർ പദ്ധതികൾ ഓരോ ഊരിന്റെയും, സവിശേഷ സാഹചര്യങ്ങൾക്കിണങ്ങുന്നതും, ഗ്രാമസഭ തീരുമാനപ്രകാരം മാത്രം നടപ്പാക്കുക.
34. മൂല്യവർദ്ധിത വനവിഭവങ്ങൾ തയ്യാറാക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള പരിശീലനവും, അടിസ്ഥാനസൗകര്യവും ഒരുക്കുക.
35. നിയമങ്ങളിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കുക.
36. സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പാക്കുന്ന സങ്കേതങ്ങളിൽ അതിന്റെ നടത്തിപ്പ് സുതാര്യവും, നിയമാനുസരണവും ആണെന്ന് ഉറപ്പുവരുത്തുക.
37. നിലവിലുള്ള ജില്ലാതല കമ്മിറ്റി തന്നെ മോണിറ്ററിംഗ് കൂടി നിർവ്വഹിച്ചാലും മതിയാകും. അതിന് പ്രത്യേക നിർദ്ദേശം നല്കുകയും, മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് മോണിറ്ററിംഗ് നടത്തുകയും ചെയ്യണം എന്ന് നിഷ്കർഷിക്കുകയും ചെയ്യാവുന്നതാണ്.

38. നോഡൽ ഏജൻസിയായ പട്ടിക വർഗ്ഗവികസന വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ ഒരു ടൂറിംഗ് നോഡൽ ഓഫീസറെ നിയമിക്കണം .ഇദ്ദേഹം 12 ജില്ലകളിലെയും SDLC സംവിധാനത്തെ കൂട്ടി യോജിപ്പിച്ച് സമയബന്ധിതമായി വനാവകാശ അപേക്ഷകൾതീർപ്പ് കല്പിക്കാൻവേണ്ട സംവിധാനം ഒരുക്കികൊടുക്കേണ്ടതാണ്.

39. വികസന പ്രവൃത്തികളിൽ ഏറെ പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങളിൽ നിയമത്തിലൂടെ വികസനം ഉറപ്പാക്കണം. ഇതിന് ബോധവത്കരണവും, വനാവകാശ സമിതിയുടെ ക്രിയാത്മക ഇടപെടലും ആവശ്യമാണ്.

40. സാമൂഹ്യ അവകാശം നൽകിയിരിക്കുന്ന ഭൂമിയുടെ വിസ്തൃതി വിപുലീകരിക്കുക. പരമ്പരാഗതമായി ഗോത്രസമൂഹങ്ങൾ ഉപയോഗിച്ചു വന്ന ഭൂമിക്കു മുഴുവൻ അവകാശം നൽകുക

41. നിരക്ഷരർ ഇപ്പോഴും ഗോത്രവർഗ്ഗക്കാരിൽ നിലനിൽക്കുന്നുണ്ട്. നിയമത്തെ കുറിച്ചുള്ള അവബോധത്തിന്റെ അപര്യാപ്തതയ്ക്കുള്ള ഒരു കാരണമാണ്. സാക്ഷരത പ്രവർത്തനങ്ങൾ സങ്കേതങ്ങളിൽ പ്രവർത്തനം നടത്തേണ്ടതാണ്.

42. വനാവകാശം മുന്നോട്ട് വക്കുന്ന 'വികസനാവശ്യങ്ങൾ' എന്ന ആശയത്തെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് അവബോധം നൽകുകയും, നിയമത്തിന്റെ സാധ്യത ഉപയോഗിച്ച് സങ്കേതങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമുണ്ട്.

<u>വനവിഭവശേഖരണം</u>

43. വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ അറിവും, പരിജ്ഞാനവും ഉള്ളവരുടെ കുറവ്,വിഭവങ്ങളുടെ ലഭ്യത കുറവ്, ഇതരവിഭാഗക്കാരുടെ നുഴഞ്ഞുകയറ്റം, ഉല്പന്നങ്ങളുടെ വിപണി വിലയെ കുറിച്ചുള്ള.അറിവില്ലായ്മ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

44. ഉല്പന്നങ്ങളുടെ വിപണി വില യഥാസമയം ഗോത്രവർഗ്ഗക്കാർക്ക് ലഭ്യമാകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണിയ്ക്കാവുന്നതാണ്.

45. ചെറുകിട വനവിഭവങ്ങൾ മൂല്യവർദ്ധിത വിഭവങ്ങൾ ആക്കി മാറ്റുന്നതിനുള്ള പരിശീലനങ്ങൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

46. ഉല്പന്നങ്ങളുടെ വിപണി ലഭ്യമാകുന്നതിന് വിവിധ വകുപ്പുകൾ ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

47. അറിവില്ലായ്മ, വിഭവങ്ങൾ മൂല്യം വർദ്ധിപ്പിച്ച് വില്പന നടത്തുന്നതിനുള്ള പ്രാപ്തിക്കുറവ് മുതലായ പ്രശ്നങ്ങൾ വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ ഉള്ളതിനാൽ ഇവ സംര

ക്ഷിക്കുന്നതിനും, സംസ്കരിച്ച് മൂല്യം വർദ്ധിപ്പിച്ച് വിപണനം നടത്തുന്നതിന് സാമൂഹ്യ വനവിഭവമേഖല കമ്മിറ്റി രൂപീകരിച്ച് അവയെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ഭൂമിയും, വ്യക്തിഗത അവകാശവും</u>

48. അവകാശം ലഭിച്ച ഭൂമിയിൽ പൂർണ്ണമായ അവകാശം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വീടിന് ഭീഷണിയായി നില്ക്കുന്ന മരങ്ങൾ മുറിയ്ക്കുന്നതിനും, ഉള്ള അവകാശങ്ങൾ നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

49. കൈവശം വച്ചിരുന്ന സ്ഥലത്തിന്റെ അതിരു നിർണ്ണയവുമായി ബന്ധപ്പെട്ട് ഉണ്ടായി ട്ടുള്ള പരാതികൾ പരിശോധിക്കുകയും, ആവശ്യമായവയുടെ അതിര് പുനർനിർണ്ണയം നടത്തുകയും ചെയ്യുക. അപേക്ഷ നൽകിയിട്ടും രേഖ ലഭിക്കാത്ത അപേക്ഷകർക്ക് എത്രയും വേഗം തന്നെ കൈവശരേഖ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ട താണ്.

50. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അഭിപ്രായവും, താൽപ ര്യവും സംരക്ഷിച്ചു കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ട താണ്.

51. ഭവനനിർമ്മാണത്തിനായി ധനസഹായമനുവദിക്കുന്ന ഉദ്യോഗസ്ഥർ, നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നുറപ്പാക്കേണ്ടതാണ്.

52. വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ സങ്കേതങ്ങൾക്കു പ്രദാനം ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

<u>മൃഗപരിപാലനം</u>

53. മൃഗപരിപാലനത്തിലൂടെ സുസ്ഥിര സാമ്പത്തിക വികസനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ്,, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് ഇവ സംയോജിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മൃഗപരിപാലനത്തിൽ വിദഗ്ദ്ധ പരിശീലനം നല്കാവുന്നതാ ണ്. പാലുത്പന്നങ്ങളുടെ വിപണനത്തിനുള്ള പദ്ധതികൾ വിവിധ വകുപ്പുകളുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

54. വിവിധ സർക്കാർ പദ്ധതികളുടെ നേട്ടം എല്ലാ സങ്കേതങ്ങളിലുമെത്തിക്കുക. വളർത്തു മൃഗങ്ങളുടെയും, അവയുടെ കൂടിന്റെയും വിതരണം മൃഗപരിപാലനം സാധ്യമായ സങ്കേതങ്ങളിൽ വ്യാപിപ്പിക്കുക.

55. സ്ഥിരവരുമാനം മൃഗപരിപാലനത്തിൽ നിന്നും കണ്ടെത്താവുന്ന വിധത്തിലുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ സാധ്യമാക്കുക. (ഉദാ: ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ് മുതലായവ)
56. കാലി മേയ്ക്കാനുള്ള അവകാശം സാമൂഹ്യാവകാശരേഖയിലൂടെ ഉറപ്പു വരുത്തുക. ആയത് പരിധി ഏർപപ്പെടുത്തിയിട്ടുള്ളത് പുന:പരിശോധിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
57. ഓരോ സമുദായത്തിന്റെയും അഭിരുചിയ്ക്കു അനുസൃതമായി ഉപജീവനമാർഗ്ഗ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

ഉദാ: മൃഗപരിപാലനത്തിൽ പരിചയമുള്ളവർക്ക് മാത്രം വളർത്തുമൃഗങ്ങളെ നല്കുക.

**<u>കൃഷി</u>**

58. വ്യക്തിഗത അവകാശം ലഭിച്ച , മതിയായ സ്ഥലമില്ലാത്തവർക്ക് കൂടുതൽ സ്ഥലം നൽകുകയോ, ഉപജീവനത്തിന് സ്ഥായിയായ സംവിധാനമോ പദ്ധതികളിലൂടെ നൽകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

59. കൃഷിക്കാവശ്യമായ കാർഷിക സാമഗ്രികളും, അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുക.

60. സബ്സിഡി, ലോൺ, പോലുള്ളവ അനുവദിക്കുക.

61. വിളകൾക്ക് ഒരു വില നൽകി വിപണി ഉറപ്പു വരുത്തുക.

62. നൂതന കൃഷിമാർഗ്ഗങ്ങളിൽ പരിശീലനം നൽകുക.

63. ജലലഭ്യത കുറവുള്ള സങ്കേതങ്ങളിൽ ജലസേചനത്തിനായി കുളം നിർമ്മിച്ച് മോട്ടോർ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുക.

64. പദ്ധതികൾ എല്ലാ സങ്കേതങ്ങളിലും ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

65. സാമൂഹികവും,, സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കാട്ടുനായിക്ക, പണിയ, വെട്ടക്കുറുമ സമുദായങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മുൻഗണന നൽകുന്നത് പരിഗണിക്കാവുന്നതാണ്.

66. ഗുണമേന്മയുള്ള തൈകളും, വിത്തുകളും, വളങ്ങളും വിതരണം യഥാസമയം വിതരണം ചെയ്യുകയും, ആയതു ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് യഥാസമയം വിലയിരുത്തൽ നടത്താവുന്നതാണ്

## ആചാരാനുഷ്ഠാനങ്ങൾ

67. ആചാരാനുഷ്ഠാനങ്ങൾക്കുള്ള തടസ്സം സാമൂഹികാവകാശത്തിലൂടെ പരിഹരിക്കുക.

68. സംസ്കാരവും, ജീവിതശൈലിയുമായി ബന്ധപ്പെട്ടതും, പരമ്പരാഗതമായി അനുവർത്തിക്കുന്നതുമായതിനാൽ അനാവശ്യമായ ഇടപെടലുകളും, നിയന്ത്രണങ്ങളും ഒഴിവാക്കി പട്ടികഗോത്രവർഗ്ഗങ്ങളുടെ സവിശേഷ സാഹചര്യം മനസ്സിലാക്കി തടസ്സങ്ങൾ നീക്കുക.

## വനാവകാശം ലഭിച്ചതിലൂടെയുണ്ടായ ജീവിതനിലവാരം

69. കൈവശരേഖയ്ക്കു പകരം പട്ടയം നൽകുക.

70. ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പു വരുത്തുക.

71. പണമിടപാടുകൾക്ക് ഉപയോഗിക്കാവുന്ന ആധികാരിക രേഖയായി കൈവശരേഖ ഉപയോഗിക്കാൻ കഴിയുന്ന സംവിധാനമുണ്ടാക്കുക.

## പ്രത്യേക ദുർബല വിഭാഗത്തിന്റെ വനഉപയോഗം

72. വനാവകാശനിയമത്തിൽ പ്രത്യേക ദുർബല ഗോത്രവിഭാഗത്തിന് മാത്രമായി നല്കിയിട്ടുള്ള അവകാശം, ( അവരുടെ ആവാസമമേഖലയിൽ സ്വതന്ത്രമായി വ്യാപരിക്കുന്നതിനുള്ള അവകാശം) ഉറപ്പാക്കുന്നതിനു വേണ്ടി സാമൂഹ്യാവകാശരേഖയും, വ്യക്തിഗത അവകാശരേഖയും നല്കുന്നതു പോലെയുള്ള രേഖ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ സമുദായങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിൽ പ്രത്യേക ദുർബലവിഭാഗം ഉണ്ടെങ്കിൽ അവർക്ക് മാത്രമായിട്ടുള്ള അവകാശം ഉറപ്പു വരുത്തുന്നതിനുള്ള രേഖ നല്കുന്നത് പരിഗണിയ്ക്കാവുന്നതാണ്.

## സാമൂഹ്യാവകാശങ്ങൾ

73. ഒരു സങ്കേതത്തിൽ ഒന്നിൽ കൂടുതൽ സമുദായങ്ങൾ അധിവസിക്കു ന്നെങ്കിൽ ഓരോ സമുദായത്തിന്റെ മൂപ്പനും, രേഖ നല്കുന്നത് പരിഗണിയ്ക്കാവുന്നതാണ്.

74. സാമൂഹ്യാവകാശങ്ങൾ നല്കുന്നതിലൂടെ ഗുണഭോക്താക്കളുടെ ഉപജീവനം ഉറപ്പുവരുത്തുക.

ഉദാ- വനവിഭവശേഖരണം, കാലി മേച്ചിൽ

75. സങ്കേതവാസികൾക്ക് സാമൂഹ്യാവകാശത്തെ കുറിച്ച് ധാരണയും, ബോധവത്കരണവും നല്കുകയും, ഓരോ സമുദായവും ഉപയോഗിച്ചു വരുന്ന സാമൂഹ്യ വനവിഭവങ്ങൾ ഏതൊക്കെയാണെന്ന് വിശദമായ പഠനത്തിന് വിധേയമാക്കി പട്ടികപ്പെടുത്തി വനംവകുപ്പിന് നല്കുന്നതിനും, അത് അനുസരിച്ച് സങ്കേതവാസികളുടെ സഹകരണ

ത്തോടെ രേഖാചിത്രം തയ്യാറാക്കുകയും, കിർടാഡ്സിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി രേഖകൾ പൊതുജനശ്രദ്ധയ്ക്ക് പ്രസിദ്ധപ്പെടുത്താവുന്നതാണ്.

76. ഓരോ സങ്കേതത്തിന്റെയും ആവശ്യങ്ങൾക്കും, സ്വഭാവത്തിനുമനുസരിച്ചുള്ള സാമൂഹ്യാവകാശങ്ങൾ ലഭ്യമാക്കുക.

77. സാമൂഹ്യാവകാശങ്ങൾക്കായുള്ള ഭൂമി നിയമം അനുശാസിക്കുന്ന പ്രകാരം തന്നെ നൽകുക. പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ഭൂമി മുഴുവൻ ഉപയോഗിക്കാൻ നൽകുക. വയനാട് ജില്ലയിൽ കല്പ്പറ്റ പ്രൊജക്റ്റ് ഓഫീസിന് കീഴിൽ വരുന്നതുംമേപ്പാടി റേഞ്ചിൽ വരുന്നതും ആയ സങ്കേതങ്ങളിൽ നൽകിയിട്ടുള്ള രീതി മാതൃകയാക്കാവുന്നതാണ്.

78. രണ്ട് ഏക്കർ മുതൽ 10 ഏക്കർ വരെ സാമൂഹ്യാവകാശത്തിന് അനുവദിച്ചു കൊണ്ട് നൽകിയ രേഖകൾ പുനപരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

79. സാമൂഹികാവകാശങ്ങൾ സങ്കേതത്തിന് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഒന്നോ, രണ്ടോ വ്യക്തികളുടെ പേരിൽ നല്കിയിട്ടുള്ള രേഖകൾ പുന:പരിശോധനയ്ക്കു വിധേയമാക്കാവുന്നതാണ്. ഓരോ സങ്കേതത്തിന്റെ അവകാശരേഖ അതാത് ഊരുമൂപ്പന്റെ പേരിൽ നല്കാവുന്നത്.(രേഖയിൽ പേരിന് പകരം, സ്ഥാനം രേഖപ്പെടുത്താവുന്നതാണ്) ആയത് നല്കുന്നത് സങ്കേതത്തിലുള്ള എല്ലാവരെയും വിളിച്ച് ചേർത്ത് (ഊരുകൂട്ടം ചേർത്ത്) ഒരു പൊതുചടങ്ങിൽ വച്ച് നല്കുന്നതിനും, അതിൽ രേഖപ്പെടുത്തിയിട്ടുള്ള അവകാശങ്ങളെ കുറിച്ച് സങ്കേതവാസികളെ മനസ്സിലാക്കി കൊടുക്കാവുന്നതും ആണ്.

80. നിയമത്തിൽ അനുശാസിക്കുന്നപോലെ ഭൗതികമായിട്ടുള്ള പാരമ്പര്യവിജ്ഞാപനം പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള അവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

81. പച്ചമരുന്ന് ശേഖരണം, ഔഷധകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

82. മേപ്പാടി പഞ്ചായത്തിലെ അരുണമല, സ്കൂൾകുന്ന് എന്നീ സങ്കേതങ്ങളിൽ സാമൂഹികാവകാശത്തിന് സബ്ഡിവിഷണൽതല കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത് മാതൃകയാക്കാവുന്നതാണ്.

<u>വികസനാവശ്യത്തിനുള്ള അവകാശങ്ങൾ</u>

83. വികസനപ്രവൃത്തികൾക്കായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷയിലെ കാലതാമസം ഒഴിവാക്കുക.

84. അനുവദിക്കുന്ന വികസനാവശ്യങ്ങളുടെ തുടർ നടപടികളും പരിശോധിക്കുക. പ്രവർത്തനരഹിതമായാൽ പരിഹരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുക.

85. വികസനാവശ്യങ്ങൾക്ക് ഉറപ്പു നൽകുന്ന വനാവകാശനിയമത്തിന്റെ ചട്ടങ്ങളെ കുറിച്ചും, വനാവകാശസമിതി ഇതിനായി എങ്ങനെ പ്രവർത്തിക്കണമെന്നതിനെ കുറിച്ചും, ഗുണഭോക്താക്കൾക്ക് അറിവ് നൽകുക.

86. സാമൂഹ്യാവകാശം, വ്യക്തിഗത അവകാശം എന്നിവ ഉറപ്പു നൽകുന്ന അവകാശങ്ങളുമായി വികസനപ്രവൃത്തികളെ സംയോജിപ്പിക്കുക.

87. ഉപജീവനമാർഗ്ഗത്തിനായി വികസനാവശ്യങ്ങളെ ഉപയോഗപ്പെടുത്തുക.

ഉദാ :- തൊഴിൽ പരിശീലന കേന്ദ്രങ്ങൾ , വനവിഭവ വിപണനം മുതലായവ.

88. നിയമത്തിൽ ഉറപ്പാക്കിയിട്ടുള്ള വികസനാവശ്യങ്ങൾ വ്യക്തിഗത അവകാശം നല്കിയിട്ടുള്ള സങ്കേതങ്ങളിൽ ഉണ്ടോ എന്നും, അല്ലാത്തപക്ഷം, സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള ദൂരപരിധിക്കുള്ളിൽ ഉണ്ടോ എന്നുറപ്പാക്കേണ്ടതും, ഇല്ലാത്ത പക്ഷം നിയമത്തിൽ ഉൾപ്പെടുത്തി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

89. മധ്യപാടി സങ്കേതത്തിൽ വികസനാവകാശം ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ളത് മാതൃകയാക്കാവുന്നതാണ്..

**<u>പുനരധിവാസം</u>**

90. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ (V) ൽ നിഷ്കർഷിച്ചിട്ടുള്ളത് ഗോത്രവർഗ്ഗക്കാർക്ക് അവരുടെ വനഭൂമിയിന്മേൽ ഉള്ള അവകാശങ്ങൾ സംരക്ഷിയ്ക്കാതെ കുടിയൊഴിപ്പിക്കാൻ പാടുള്ളതല്ല എന്നാണ് വകുപ്പിലും, ചട്ടത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും അനുശാസിക്കുന്ന പ്രകാരം പുനരധിവാസ പാക്കേജ് നടപ്പിൽ വരുത്തി, അത് ഫലപ്രദമായി നടപ്പിൽ വന്നിട്ടുണ്ടോ എന്ന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തൽ നടത്തിയതിനു ശേഷമേ, ഗോത്രവർഗ്ഗക്കാരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കുവാൻ പാടുള്ളു.

91. പുനരധിവസിപ്പിച്ചെങ്കിലും അവർക്ക് വനത്തിനുള്ളിൽ ഉണ്ടായിരുന്ന പരമ്പരാഗത അവകാശത്തെ രേഖാമൂലം സംരക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയതിനെ സംബന്ധിച്ച് ഇവർക്ക് അവബോധം ഉണ്ടാക്കി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

92. വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയതിനു ശേഷം മാത്രം പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

93. വിവിധ വകുപ്പുകൾ (പട്ടികവർഗ്ഗം, സാമൂഹിക ക്ഷേമം, തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾ) പദ്ധതികളുടെ രൂപീകരണത്തിൽ ഇവർക്ക് അർഹതപ്പെട്ട Special Package ഉറപ്പാക്കണം .

94. വനവും, പരിസ്ഥിതിയും, റവന്യൂ, ഗ്രാമവികസനം എന്നിവയുടെ പദ്ധതി രൂപീകരണ ത്തിൽ ഇവർക്ക് Special Package ഉണ്ടെന്ന് ഉറപ്പു വരുത്തണം. അതുപോലെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണനയും, പ്രാതിനിധ്യവും ലഭിക്കുന്നുണ്ടോ എന്നുറപ്പു വരുത്തണം.

95. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്താതെ പുനരധിവാസം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് എതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്. മാത്രവുമല്ല, അവ ലഭ്യമാക്കു ന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഉദാ: അമ്മവയലിൽ നിന്ന് മാറ്റി പാർപ്പിച്ചവരുടെ വീട്, കക്കൂസ്, കുടി വെള്ളം മുതലാ യവ എന്നിവ വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്

96. ഇപ്പോൾ നിലവിൽ വന്നിട്ടുള്ള പുനരധിവാസത്തെ കുറിച്ചുള്ള കേന്ദ്രനിയമം 2013 ൽ പറഞ്ഞിട്ടുള്ള പൊതുനിയമങ്ങളും പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പരിഗണനയും കൂടിച്ചേർന്നുള്ള തീരുമാനമാണ് എടുക്കേണ്ടത്. (The Right to Fair Compensation and Transparancy in Land Acquisition Rehabilitation and Resettlement Act 2013)

**<u>സാമൂഹ്യവനവിഭവമേഖലാ കമ്മിറ്റി</u>**

97. വനാവകാശനിയമം നടപ്പിലാക്കിയിട്ടുള്ള സങ്കേതങ്ങളിൽ സാമൂഹ്യ വനവിഭവമേഖലാ കമ്മിറ്റി രൂപീകരിക്കുകയും, അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നട പടികൾ സ്വീകരിക്കാവുന്നതാണ്. ഒരു CFRMC യുടെ കീഴിൽ വരുന്ന എല്ലാ സങ്കേത ങ്ങളിലെയും, എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം നല്കുന്നത് പരിഗണിയ്ക്കാവുന്ന താണ്. അവകാശം ലഭിച്ച വനഭൂമിയിന്മേലുള്ള പൂർണ്ണ അധികാരം . CFRMC യ്ക്ക് നല്കേണ്ടതാണ്. ഈ സംവിധാനത്തെ സ്ഥിരം സംവിധാനമാക്കി മാറുന്നതിനുള്ള നട പടിക്രമങ്ങളും (തെരഞ്ഞെടുപ്പ് മുതലായവ) ഇതിന്റെ പ്രവർത്തനങ്ങൾ മാസത്തിലൊരി ക്കൽ ജില്ലാതലത്തിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

98. സി.എഫ്.എം.ആർ.സി യുടെ പ്രവർത്തനങ്ങളെ കുറിച്ച് പ്രസ്തുത കമ്മിറ്റിയിലെ അംഗ ങ്ങൾക്കും, സങ്കേതവാസികൾക്കും അവബോധം നല്കുന്നതിനുള്ള നടപടികൾ സ്വീക രിക്കേണ്ടതാണ്..

99. സി.എഫ്. ആർ എം.സി യുടെ പ്രവർത്തനങ്ങൾ മറ്റ് സങ്കേതങ്ങളിലേക്ക് വ്യാപിപ്പിക്കാൻ മാതൃക പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന CFRMC യ്ക്ക് അവാർഡുകൾ, മറ്റ് പാരിതോഷികവും നല്കുന്നത് പരിഗണിയ്ക്കാവുന്നതുമാണ്.

100. വനം,വന്യജീവി, ജൈവസമ്പത്ത് തുടങ്ങിയവ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തങ്ങളെ കുറിച്ച് വനാവകാശം ലഭിച്ചവർക്ക് അവബോധം നല്കുന്നതിനുള്ള ശാക്തീകരണ പരിശീലന പരിപാടികൾ നടപ്പിലാക്കാവുന്നതാണ്. ഇവയുടെ സംരക്ഷണം, ഉത്തരവാദിത്തം, പ്രവർത്തനങ്ങൾ എന്നിവയെ മോണിറ്ററിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>പരിശീലനങ്ങൾ</u>

101. താല്പര്യമുള്ള അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ വനവിഭവശേഖരണം നടത്തുന്നതിനുള്ള പപരമ്പരാഗത രീതികളിൽ പരിശീലനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

102. വനവിഭവങ്ങളുടെ വിപണനത്തിനും, വനസംരക്ഷണത്തിനും പരിശീലനം നൽകുന്നതിനും, നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>ശില്പശാലയിലുടെ ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങൾ</u>

**<u>1 ഗ്രാമസഭയ്ക്കുള്ള ചുമതലകൾ</u>**

1. വനാവകാശനിയമവുമായ് ബന്ധപ്പെട്ട അറിവുകൾ സങ്കേതവാസികളിൽ എത്തിക്കുക.
2. കൃത്യമായി നടപ്പിലാക്കുന്നതിനു വേണ്ടി സംസ്ഥാനടിസ്ഥാനത്തിൽ പ്രത്യേക സെൽ രൂപീകരിക്കുക.
3. ഗ്രാമസഭകൾ യഥാവിധി നടപ്പിലാക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറിനെ നിയോഗിച്ചു കൊണ്ട് ഗ്രാമസഭകൾ നടപ്പിലാക്കുക.
4. രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കുക.
5. യഥാർത്ഥ അപേക്ഷകർക്ക് മാത്രം അവകാശങ്ങൾ നൽകുക.
6. യഥാർത്ഥ അപേക്ഷകരുടെ ബയോ മെട്രിക് വിവരങ്ങൾ ശേഖരിക്കുക.
7. ഗ്രാമസഭകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മാത്രം പങ്കാളിത്തം ഉറപ്പുവരുത്തുക.
8. ഗ്രാമസഭയെ കുറിച്ചും, വനാവകാശത്തെ കുറിച്ചുമുള്ള വ്യക്തമായ അവബോധം ഓരോ അംഗങ്ങൾക്കും നൽകണം.
9. വനാവകാശനിയമത്തെ കുറിച്ച് അവബോധം നൽകുന്നത് ആവശ്യമായ നടപടികൾ ഊരുകൂട്ടം അംഗീകരിക്കണം.

10. നടപ്പിൽ വരുത്തിയ വനാവകാശത്തെ കുറിച്ച് ഉള്ള വിലയിരുത്തൽ നടത്തണം.
11. വനാവകാശ ബോധ്യപ്പെട്ട തുടർപ്രവർത്തന നടപ്പിൽ ആകുക.
12. ഗ്രാമസഭകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് യോഗം ചേരുന്നതിന് മുമ്പ് യോഗവിവരം സംബന്ധിച്ച അറിയിപ്പ് രേഖാമൂലം 7 ദിവസത്തിനു മുമ്പ് ഊരുമൂപ്പനും, എസ്.ടി. പ്രൊമോട്ടറും ചേർന്ന് എല്ലാ വീടുകളിലും എത്തിച്ച് നിർബന്ധമായും പങ്കെടുക്കുന്നതിനു ആവശ്യപ്പെടണം.
13. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർബന്ധമായും, ഗ്രാമസഭാ യോഗത്തിൽ പങ്കെടുക്കണം.
14. ലഭിച്ച അപേക്ഷകൾ ആക്ട് നിഷ്കർഷിച്ച പ്രകാരം പരസ്യപ്പെടുത്തുകയോ, അപേക്ഷ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിരുന്നില്ല.അത് ചെയ്യണം
15. നിലവിൽ താമസിക്കുന്ന ഭൂമി കൃഷിക്കോ, മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാനാവാത്തതിനാൽ ഭൂമി വേറെ കണ്ടെത്തി മാറ്റിപ്പാർപ്പിക്കുന്നതിന് നടപടിയുണ്ടാവണം.
16. സാമൂഹിക അവകാശം ലഭിക്കാത്ത പ്രദേശങ്ങളിൽ അത് നടപ്പിലാക്കുന്നതിന് പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർത്ത് നടപ്പിലാക്കുന്നതിനു നടപടിയുണ്ടാവണം.
17. വ്യക്തിഗത അവകാശം ലഭിക്കാത്തവർക്ക് ഇനിയും അപേക്ഷ നൽകുന്നതിനും, അവകാശം കിട്ടിയവർക്ക് കൈവശ അവകാശത്തിലുള്ള മുഴുവൻ ഭൂമിക്കും, അപേക്ഷ സ്വീകരിക്കുകയും, വനാവകാശകമ്മിറ്റിയുടെ അംഗീകാരത്തോടെ ഗ്രാമസഭ പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്.

**<u>എഫ്.ആർ.സിയും, ഗ്രാമസഭയും</u>**

18. എഫ്.ആർ.സി യെ സംബന്ധിച്ച അറിവുകൾ കൃത്യമായി എത്തിക്കണം. സർക്കാർ സംവിധാനത്തിൽ എഫ്.ആർ.സി യുടെ ചുമതലകൾ നിർവ്വഹിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കണം.
19. വനാവകാശം ലഭിക്കാത്ത അർഹരായ അപേക്ഷകർക്ക് അവകാശം നൽകുവാനുള്ള നടപടികൾ. സ്വീകരിക്കണം .
20. എഫ്.ആർ.സി അംഗങ്ങൾക്ക് വനാവകാശത്തെ കുറിച്ച് ശരിയായ അവബോധവും, പരിശീലനവും നൽകുക.
21. എഫ്.ആർ.സി പ്രവർത്തനം കാര്യക്ഷമമാക്കുക.
22. സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക.

23. ആദിവാസി സംസ്കാരം നിലനിർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തണം.

24. വനാവകാശസമിതി പുനർജ്ജീവിപ്പിച്ച് താഴെതട്ടിലുള്ളവരിലേക്ക് വിവരങ്ങൾ എത്തിക്കുക.

25. ആക്ട് നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് ഒരു പ്രവർത്തനവും നടന്നില്ല. സാവകാശം നൽകി സ്വീകരിച്ചില്ല. ഇനിയും നൽകാനുള്ള അപേക്ഷ സ്വീകരിച്ച് നടപടിയുണ്ടാവണം.

26. വനാവകാശസമിതിയിൽ ആക്ട് നിഷ്കർഷിച്ച വനിതാ പ്രാതിനിധ്യം ഉണ്ടായിട്ടില്ല. പട്ടികവർഗ്ഗ വനിതകൾക്ക് പ്രാതിനിധ്യം നൽകി എഞ്ഞെ പുനസംഘടിപ്പിക്കണം.

27. വ്യക്തിഗത അവകാശം ലഭിക്കാത്തവർക്കും ലഭിച്ച ഭൂമിയുടെ കുറവ് പരിഹരിക്കുന്നതിനും, വനം,സർവ്വേ, റവന്യൂ വകുപ്പുകൾ സംയുക്തമായി അത് സംബന്ധിച്ച് ക്ലയിമുകൾ പരിശോധിച്ച് ന്യായമായ നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച് തെളിവെടുക്കുമ്പോൾ സാക്ഷികളെയും, FRC അംഗങ്ങളെയും, അപേക്ഷകരെയും അറിയിച്ച് സാന്നിദ്ധ്യം ഉറപ്പു വരുത്തണം.

28. FRC കമ്മിറ്റി ക്ലയിമുകൾ സംബന്ധിച്ച് ഭൂരേഖാചിത്രം സമവായത്തിലൂടെ തയ്യാറാക്കി റിപ്പോർട്ട് സഹിതം ഗ്രാമസഭയ്ക്കു നൽകണം.

29. പരമ്പരാഗതമായ ഗോത്ര ആചാര സ്ഥാപനങ്ങളുടെയും, പഴമക്കാരുടെയും അഭിപ്രായങ്ങൾ മാനിച്ച് അതിരുകൾ നിർണ്ണയിച്ച് തീരുമാനമെടുക്കണം.

30. ഗ്രാമസഭകൾ തമ്മിലോ, വനാവകാശസമിതികൾ തമ്മിലോ തർക്കമുണ്ട് എങ്കിൽ സംയുക്തമായി തീരുമാനമെടുക്കണം.

31. സാമൂഹ്യവനവിഭവ അവകാശം ആക്ട് അനുശാസിക്കുന്നതു പോലെ നൽകാത്തതിനാൽ തേൻ, കുന്തിരിക്കം തുടങ്ങിയ വിഭവങ്ങൾ ശേഖരിക്കുന്നതിന് വനംവകുപ്പ് തടസ്സം നിൽക്കുന്നു. സാമൂഹ്യ വനവിഭവ അവകാശം പരിപൂർണ്ണമായി നൽകുന്നതിന് അതിന്റെ പരിപാലനത്തിനും മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം.

32. വികസനപ്രവർത്തനങ്ങൾ ഗ്രാമസഭയുടെ അനുവാദത്തോടെ അപേക്ഷ റെയിഞ്ചാഫീസർക്ക് നൽകി അനുമതി വാങ്ങണം.

33. വ്യക്തിഗത അവകാശം ഉന്നയിച്ചിട്ടുള്ള ഭൂമിയുടെ അതിര് കൃത്യമായി മാപ്പ് തയ്യാറാക്കി പരസ്പരം ബോധ്യപ്പെട്ട് അംഗീകരിച്ച് അളന്ന് തിരിച്ച് സ്കെച്ച് സഹിതം അവകാശം നൽകുന്നതിന് നടപടി ഉണ്ടാവണം.

34. FRC അംഗീകരിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി ഭൂരേഖ തയ്യാറാക്കി പ്രമേയം പാസാക്കി സബ്ബ് ഡിവിഷണൽതല കമ്മിറ്റിക്ക് നൽകണം.

35. വനം, വന്യജീവി ജൈവവൈവിദ്ധ്യം സംരക്ഷണത്തെ കുറിച്ച് പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത അറിവും, പുതിയ കാലത്തെ ശാസ്ത്രീയ അറിവുകളും കൂട്ടി വനാശ്രിത സമൂഹത്തെ ബോധവത്കരിക്കണം. അതിനു വേണ്ടി സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ സമയാ സമയങ്ങളിൽ വിലയിരുത്തപ്പെടുകയും വേണം.

**<u>ഗ്രാമസഭയും, സബ്ഡിവിഷണൽ കമ്മിറ്റിയും</u>**

36. ഈ കമ്മിറ്റിയിലേക്ക് ഗ്രാമസഭയിൽ നിന്ന് പ്രാതിനിധ്യം വേണം.

37. സബ്ഡിവിഷണൽ കമ്മിറ്റിയുടെ പ്രവർത്തനം സുതാര്യമായിരിക്കണം.

38. നിരസിക്കുന്ന അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിക്കുന്നത് എന്ന് അപേക്ഷകരെ അറിയിക്കണം.

39. ഗ്രാമസഭ നിയമത്തിൽ അനുശാസിക്കുന്ന വിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

40. ഗ്രാമസഭകൾ സമർപ്പിക്കുന്ന ശുപാർശകൾ, പ്രമേയങ്ങൾ എന്നിവ പരിശോധിക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

41. നിയമത്തെ കുറിച്ച് കൃത്യമായ അവബോധം വളർത്തുന്നതരത്തിൽ ടഉഘഇ യുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

42. SDLC, DLC എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ ജനപ്രതിനിധികളുടെ അഭാവത്തിൽ ഊരുമൂപ്പന്മാർക്ക് പ്രാതിനിധ്യം നൽകി പുനസംഘടിപ്പിക്കണം. വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം.

43. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും, യോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കണം.

44. വനാവകാശം ലഭിക്കുന്നവരുടെയും ഗ്രാമസഭയുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തണം.

45. ഗ്രാമസഭായോഗം യഥാവിധി കൃത്യമായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുക.

46. SDLC നിരസിക്കുന്ന അപേക്ഷകളിൽ കാരണം വ്യക്തമാക്കി ഗ്രാമസഭയ്ക്കു നൽകി പരിഹരിച്ച് വാങ്ങി ക്ലെയിം അനുവദിച്ചു നൽകുന്നതിന് അനുമതി നൽകുക.

47. പരാതികൾ കേട്ട് ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം പരിഹാരം നൽകുക.

**<u>ഗ്രാമസഭയും, ഡിവിഷണൽ കമ്മിറ്റിയും</u>**

48. ജില്ലാസമിതി അംഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മാതൃകകൾ ചെയ്യേണ്ടതുണ്ട്.

49. സബ്ഡിവിഷണൽ സമിതിയുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതുണ്ട്.

50. സബ്ഡിവിഷണൽ സമിതിക്ക് എതിരായ പരാതി പരിഹരിക്കുവാനോ, പരിശോധിക്കുവാനോ തയ്യാറായിട്ടില്ല.അതിന് പരിഹാരം കാണേണ്ടതാണ്.

51. SDLC മുഖാന്തിരം വനാവകാശ നിയമത്തെ കുറിച്ച് അതിന്റെ ചുമതലകളെ കുറിച്ചുള്ള ശരിയായ അവബോധം ഗ്രാമസഭ അംഗങ്ങൾക്ക് നൽകേണ്ടതാണ്.

52. ഗ്രാമസഭയുടെ രേഖാമൂലമുള്ള സമ്മതപത്രം ലഭിച്ച ശേഷമേ പുനരധിവാസം നടത്തുവാൻ പാടുള്ളൂ.

53. വികസനാവശ്യങ്ങൾക്കു വേണ്ടി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി വിട്ടു കൊടുക്കുന്നതിന് ഗ്രാമസഭ പ്രമേയം പാസ്സാക്കി റെയിഞ്ച് ഓഫീസർക്ക് നൽകണം.

54. വനാവകാശം ലഭിക്കുന്നവർ അവരുടെ ബാധ്യതയും, ഉത്തരവാദിത്വവും സ്വയം നിർവ്വഹിക്കുന്നതിന് വനം, വന്യജീവി, ജൈവവൈവിദ്ധ്യം ഇവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

55. വനാവകാശം സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിക്കണം.

56. ഗ്രാമസഭയുടെ തീരുമാനങ്ങൾ പരിശോധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണം.

57. വനാവകാശ കമ്മിറ്റിയിൽ ഭൂരിഭാഗവും പട്ടികവർഗ്ഗക്കാരായിരിക്കണം. അതിൽ 3/1 പട്ടികവർഗ്ഗ വനിതകളായിരിക്കണം.

58. ഗ്രാമസഭായോഗങ്ങളിൽ 2/3 ഭാഗം ഹാജരാകണം എന്നും, അതിൽ 1/3 ഭാഗം വനിതകളായിരിക്കണം എന്നും ഉറപ്പുവരുത്തണം.

59. സാമൂഹ്യഅവകാശങ്ങൾക്കും, വികസന അവകാശങ്ങൾക്കും പ്രത്യേകം അപേക്ഷകൾ തയ്യാറാക്കി നൽകുക.

60. ടാറിംഗിന് NOC നിഷേധിച്ചതിനാൽ പണി നടത്താൻ കഴിയുന്നില്ല. NOC നിഷേധിച്ചത് DLC ശ്രദ്ധയിൽപ്പെടുത്തിയിട്ടും പരിഹാരം ഉണ്ടായില്ല. സർക്കാരിൽ പോയി സ്പെഷൽ ഓർഡർ വാങ്ങാനാണ് നിർദ്ദേശിച്ചത്

വ്യക്തിഗത അവകാശവും ഭൂമിയും

61. ആക്ഷേപമുള്ള ഭൂമിയിൽ അത് പരിഹരിച്ച് റീസർവ്വേ നടത്തണം. കൂടാതെ, നിലവിൽ കൈവശരേഖ വിതരണം ചെയ്തതിലുള്ള അപാകതകൾ പരിഹരിക്കണം.

62. വനാവകാശരേഖയെ പട്ടയത്തിനു തുല്യമാക്കി മാറ്റണം. നിലവിൽ വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കാത്തവർക്ക് ഉടൻ ലഭ്യമാക്കുക.

63. വ്യക്തിഗത അവകാശം നൽകുമ്പോൾ കൈവശമുള്ള മുഴുവൻ ഭൂമിക്കും നൽകുക. നിലവിൽ അങ്ങനെ ലഭിച്ചിട്ടില്ലാത്തവർക്കും ലഭ്യമാക്കുക. അവ പുനപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

64. ഊരുകൂട്ട തീരുമാനങ്ങൾ വനംവകുപ്പ് അംഗീകരിക്കുക. ഊരുകൂട്ടങ്ങൾ ശക്തിപ്പെടുത്തുക, സുതാര്യമാക്കുക.

65. പ്ലാന്റേഷൻ പോലുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ മേലുള്ള ആദിവാസികളുടെ അവകാശത്തിന്റെ തെളിവ് നഷ്ടപ്പെട്ടു പോയി. അത്തരം ഭൂമിയിലുള്ള അവകാശം പുനസ്ഥാപിച്ച് കൊടുക്കുക.

66. അവകാശവും, അവകാശരേഖയുമായി ബന്ധപ്പെട്ട് വരുന്ന അപാകതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുക.

67. രേഖ ലഭിച്ചിരിക്കുന്ന സ്ഥലം കൈമാറ്റം ചെയ്യാൻ നിലവിൽ വ്യവസ്ഥയില്ല. കൈമാറ്റം സംബന്ധിച്ച് ഒരു ധാരണയിൽ എത്തേണ്ടതുണ്ട്. കൈവശാവകാശം ലഭിച്ചയാൾക്ക് ആവശ്യമുള്ളപ്പോൾ കൈമാറ്റം നടത്താൻ വ്യവസ്ഥ ഉണ്ടാവണം.

68. നിലവിൽ പുനരധിവാസം ലഭിക്കാത്തവരെ പുനരധിവസിപ്പിക്കാനുള്ള നടപടിയുണ്ടാവണം.

69. ലീസ് ഭൂമിക്ക് കൈവശരേഖ നൽകിയപ്പോൾ മുൻപ് ഉപയോഗിച്ചിരുന്നതിലും അളവ് കുറഞ്ഞാണ് ലഭിച്ചത്. വനാവകാശ നിയമപ്രകാരം ഇതിൽ നടപടി സ്വീകരിക്കേണ്ടതാണ്.

70. രേഖയിൽ കുടുംബാംഗങ്ങളുടെ വിവരങ്ങൾ ചേർക്കുമ്പോൾ, കൃത്യമായും, സൂക്ഷ്മമായും ചെയ്യണം. നിലവിലുള്ള പ്രശ്നങ്ങൾ ഉടനടി പരിഹരിച്ച് തരേണ്ടതുമാണ്.

71. റവന്യൂഭൂമിക്കു മേൽ ഓരോരുത്തർക്കുമുള്ള എല്ലാ അവകാശവും ഈ ഭൂമിയുടെ മേലും ഉണ്ടാകുന്ന തരത്തിൽ ആവണം.

72. ആൺകുട്ടിക്കും, പെൺകുട്ടിക്കും തുല്യഅവകാശം ഉണ്ടാവണം

<u>**സാമൂഹ്യവിഭവ മേഖലാകമ്മിറ്റി.**</u>

73. സാമൂഹ്യവിഭവ മേഖലാകമ്മിറ്റി രൂപീകരിക്കുകയും, വനസംരക്ഷണവുമായി ബന്ധപ്പെട്ട അധികാരങ്ങളെ ഊരുകൂട്ടങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടിയെടുക്കുകയും വേണം.

74. നിലവിൽ, പാരമ്പര്യ അറിവുകളും, സംസ്കാരവും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള സാഹചര്യങ്ങളൊന്നും നിലനിൽക്കുന്നില്ല. കാവുസംരക്ഷണവും, സംസ്കാരസംരക്ഷണവുമെല്ലാം സാധ്യമാകും വിധത്തിൽ ഒരു കൂട്ടായ്മ ഉണ്ടാക്കേണ്ടതാണ്.

75. സാമൂഹ്യ വിഭവമേഖലാ കമ്മിറ്റി കൂടുതൽ കാര്യക്ഷമമാകണം.

**ഉത്തരവാദിത്തങ്ങൾ**

76. ആക്റ്റ് പ്രകാരമുള്ള ഗ്രാമസഭ ശക്തമാക്കുക. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

77. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കുകയും, അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക.

78. വനം വന്യജീവികളുടെ വൈവിദ്ധ്യ സമിതി നിയമപ്രകാരം രൂപീകരിക്കുക, നിയമത്തിൽ അനുശാസിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ കമ്മിറ്റിയെ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. , നിയമത്തിൽ അനുശാസിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ കമ്മിറ്റിയെ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

**വികസനാവകാശം**

79. വനാവകാശനിയമപ്രകാരം അപേക്ഷ ബന്ധപ്പെട്ട റേഞ്ച് ഓഫീസർക്ക് മേൽനടപടിക്കായി അയക്കണം. റേഞ്ച് ഓഫീസർ അപേക്ഷ നിരസിച്ചാൽ അപ്പീൽ ജില്ലാകളക്ടർ ചെയർമാനായ ഉഘഇ ക്ക് സമർപ്പിക്കണം.

**ഉപജീവനം**

80. സുസ്ഥിര കൃഷി വികസനത്തിനുള്ള സാമ്പത്തിക സാങ്കേതിക സഹായം വനം, കൃഷി , പട്ടികവർഗ്ഗ വികസന വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവർ സംയുക്തമായി നടപ്പിലാക്കണം.

81. വനാവകാശം അനുസരിച്ച് ഭൂമിയുടെ കുറവ് കൃഷി ചെയ്യുന്നതിന് പര്യപതവുമല്ല, അനുയോജ്യവുമല്ല. ഇത്തരക്കാർക്ക് ഉപജീവനത്തിന് കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

82. . വന്യമൃഗശല്യം ഒഴിവാക്കുന്നതിന് റെയിൽ ഫെൻസിംഗ് ഏർപ്പെടുത്തണം

83. ഓരോരുത്തരുടെയും കൈവശഭൂമി സർവ്വേ നടത്തി അതിര് തിരിച്ച് കല്ലിട്ട് വേലി കെട്ടി സംരക്ഷിക്കണം.

84. കാർഷിക ഉപകരണങ്ങൾ , യന്ത്രസാമഗ്രികൾ , അത് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം, ഇവ പട്ടികവർഗ്ഗക്കാർ മാത്രമുള്ള ഊരുവികസന സമിതി സംഘടനാപരമായി രൂപീകരിച്ച് ചുമതലപ്പെടുത്തി ശാക്തീകരിക്കണം.

85. തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഊരുവികസന സമിതിക്ക് അനുമതി നൽകണം.

**പുനരധിവാസം**

86. പുനരധിവാസിക്കപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക.

87. – വനാവകാശ നിയമത്തിലെ 3 (1) ൽ പറഞ്ഞ കാര്യങ്ങൾ പാലിച്ച് പുനരധിവാസം നടപ്പിലാക്കുക.

88. ഉപജീവനമാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ.പുനരധിവാസം ലഭിച്ച ആളുകൾ തിരികെ വന്നു. ആയതിനാൽ പുനരധിവാസപാക്കേജ് നിയമത്തിൽ പറയുന്നതുപോലെ നടപ്പിലാക്കണം

89. പി.വി.ടി.ജി സമുദായങ്ങളുടെ പുനരധിവാസത്തിൽ അധിവാസ പ്രദേശങ്ങളിലെ അവകാശം സംരക്ഷിക്കേണ്ടതുണ്ട്.

<u>പരിശീലനം</u>

90. പരമ്പരാഗത തൊഴിലിൽ (തേൻശേഖരണം, കിഴങ്ങ് ശേഖരണം തുടങ്ങിയവ) അടിസ്ഥാനമാക്കി പുതിയ പരിശീലന പദ്ധതികൾ നടപ്പിലാക്കുക.

91. വനത്തെ ആശ്രയിച്ച് നിലനിന്നിരുന്ന ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടതോടു കൂടി പുതിയ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുവാനും. പരിശീലനം നൽകുവാനും തയ്യാറാകണം.

# പാർട്ട് സി

## ഉപസംഹാരം

പഠനത്തിലെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ മറുപടി സംക്ഷിപ്തമായി താഴെ വിവരിക്കുന്നു.

1. അപേക്ഷിച്ച ഭൂരിപക്ഷം പേർക്കും വ്യക്തിഗതാവകാശം നല്കിയിട്ടുണ്ട്. മുമ്പ് പരാമർശിച്ചതുപോതെ വിസ്തീർണ്ണം, ഭൂരിപക്ഷം കേസിലും താമസയിടത്തിന് മാത്രമാണ് നൽകിയിട്ടുള്ളത്. കൃഷിയിടത്തിന് എല്ലാവർക്കും അവകാശം ലഭിച്ചിട്ടില്ല.

2. കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ അവകാശം നൽകിയതിലൂടെ ഉപജീവനമാർഗ്ഗവും, ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ പര്യാപ്തമായിട്ടില്ല. ഉപജീവനമാർഗ്ഗത്തിൽ 10 ശതമാനം പേർക്ക് മാത്രമാണ് മാറ്റം ഉണ്ടായിട്ടുള്ളതായി അഭിപ്രായപ്പെട്ടിട്ടുള്ളത്. കാരണങ്ങൾ കണ്ടെത്തലുകളിൽ വിശദീകരിച്ചിട്ടുണ്ട്.

3. നടപ്പിലാക്കിയ സങ്കേതങ്ങളിൽ അധിവസിക്കുന്ന സമുദായങ്ങളുടെ മാനുഷിക വിഭവശേഷിക്കനുസരിച്ചും, അവരുടെ കൃഷിയും, വരുമാനതോതും അനുസരിച്ച് വനാവകാശനിയമങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയെടുക്കുവാനും, അവ നേടുന്നതിനുള്ള പ്രാപ്തി നേടിയവരാണ്.

ചുരുക്കത്തിൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലെ കാര്യക്ഷമതയും, ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

പൂർണ്ണമായ തോതിൽ യാഥാർത്ഥ്യമാവുകയുള്ളൂ. വിവിധ പദ്ധതികൾ, വിവിധ ഏജൻസികൾ, വിവിധ വികസന വകുപ്പുകൾ തുടങ്ങിയ വൈവിദ്ധ്യങ്ങളെ സമഗ്രതയോടെ ഏകോകിപ്പിക്കുവാൻ നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തണം. പിഴവുകളും, പോരായ്മകളും, ദൗർബല്യങ്ങളും പരിഹരിച്ചു കൊണ്ട് ഭാവനാപൂർണ്ണവും, സമഗ്രവുമായ ഏകോപനത്തിലൂടെ പദ്ധതികൾ ആവിഷ്കരിക്കുകയും, നടപ്പാക്കുന്നതിലും ചെയ്യുന്നതിലൂടെ നിയമത്തിന്റെ ലക്ഷ്യം പൂർണ്ണമായും കൈവരിയ്ക്കാൻ കഴിയും എന്നാണ് പഠനത്തിന്റെ പൊതുവായ വിലയിരുത്തൽ.എന്നിരുന്നാലും പല കണ്ടെത്തലുകളും, നിർദ്ദേശങ്ങളും കാണിക്കുന്നത് വനാവകാശ നിയമത്തിലെ ചില വകുപ്പുകൾക്ക് ഭേദഗതി ആവശ്യമാണെന്നാണ്.

നിലനില്ക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ മൗലികമായി എങ്ങനെ അഭിസംബോധന ചെയ്യുമെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. ഭരണഘടനയിലെ അനുച്ഛേദം 40 പ്രകാരം സ്വയംഭരണത്തിന്റെ ഘടകങ്ങളായി ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി 73,74 ഭരണഘടനാ ഭേദഗതി പ്രകാരം, പഞ്ചായത്ത്രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ നിലവിൽ വരുകയും ചെയ്തു. അധികാര വികേന്ദ്രീകരണതത്വം നടപ്പിലാക്കാൻ വേണ്ടി ഗ്രാമസഭയ്ക്ക് അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്നിവ നൽകുകയുണ്ടായി. ബ്രിട്ടീഷ്ഭരണ കാലഘട്ടത്തിൽ തന്നെ ആദിവാസി മേഖലയിലെ വനസമ്പത്ത് ചൂഷണം ചെയ്യുന്ന നിയമനിർമ്മാണങ്ങൾക്ക് എതിരെ ധാരാളം കലാപങ്ങൾ ഉണ്ടായി. തദ്ദേശവാസികളുടെ അവകാശങ്ങൾ അംഗീകരിക്കുവാൻ വേണ്ടി ആദിവാസി മേഖലയിൽ പൊതുനിയമം പ്രാബല്യത്തിൽ വരുന്നത് തടയുവാൻ പട്ടികപ്രദേശം എന്ന ആശയം കൊണ്ടുവരികയും, ‘ഭാഗികമായി ഒഴിവാക്കപ്പെട്ടതും, ഒഴിവാക്കപ്പെട്ടതുമായ’ പ്രദേശങ്ങൾ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. പിന്നീട് പ്രസ്തുത പ്രദേശങ്ങളെ ഭരണഘടനയിലെ 5 ാം പട്ടികയിലും, 6 ാം പട്ടികയിലും ഉൾപ്പെടുത്തി. മുകളിൽ സൂചിപ്പിച്ച പഞ്ചായത്ത്രാജ് ആക്ട് 5 ാം പട്ടിക പ്രദേശത്ത് നടപ്പിലാക്കുവാൻ വേണ്ടിയാണ് 1996- ലെ പെസ നിയമം ( Panachayat Raj Extension to Scheduled Areas) നിലവിൽ വന്നത്. പെസ നിയമത്തിൽ ഗ്രാമസഭയ്ക്ക് സുപ്രധാന സ്ഥാനമാണ് നൽകിയിരിക്കുന്നത്. പ്രത്യേകിച്ച് ‘ജനങ്ങളുടെ പാരമ്പര്യവും, ആചാരങ്ങളും, സാംസ്കാരിക തനിമയും സമുദായത്തിന്റെ പൊതുവിഭവങ്ങളും, തർക്ക പരിഹാര സമ്പ്രദായങ്ങളും കാത്തു സൂക്ഷിക്കുന്നതിനും, നിലനിർത്തുന്നതിനുമുള്ള അധികാരം’. കേരളത്തിൽ പെസ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സ്വതന്ത്ര ഭാരതത്തിൽ നടപ്പിലാക്കിയ മറ്റൊരു നിയമനിർമ്മാണമാണ് 2006 ലെ വനാവകാശനിയമം. ഈ നിയമത്തിന്റെ ആമുഖത്തിൽ ‘പൈതൃക ഭൂമിയിന്മേലുള്ള വനാവകാശങ്ങളും, അവരുടെ സ്വാഭാവിക വാസസ്ഥാനവും പര്യാപ്തമായി അംഗീകരിക്കപ്പെടാതിരു

ന്നതിന്റെ ഫലമായി ചരിത്രപരമായി അനീതി ഉണ്ടായിട്ടുള്ളതിനാലും' എന്ന് സമ്മതിച്ചി ട്ടുണ്ട്.

വ്യക്തിഗതഅവകാശം, സമൂഹ അവകാശം, വികസന അവകാശം എന്നിങ്ങനെ മൂന്ന് അവകാശങ്ങളാണ് വനാവകാശനിയമത്തിൽ പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളത്. ഇപ്പോൾ നടത്തിയിരിക്കുന്ന പഠനത്തിൽ നിന്ന് വ്യക്തമായിരിക്കുന്നത് വ്യക്തിഗത അവ കാശം അംഗീകരിക്കുന്നതിൽ മാത്രമേ കാര്യമായ തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. 'ഉപജീവനവും, ഭക്ഷ്യസുരക്ഷയും' ഉറപ്പ് വരുത്തണമെന്ന് നിയമത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുണ്ട്. അക്കാദമിക്ക് പ്രബന്ധങ്ങൾ എല്ലാം തന്നെ കണ്ടെത്തിയിരിക്കുന്നത് ആദി വാസികളുടെ 50 മുതൽ 80 ശതമാനം വരെയുള്ള ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തിയിരുന്നത് അവരുടെ ആവാസപ്രദേശത്തെ ജന്തു-സസ്യവർഗ്ഗങ്ങളെ ആശ്രയിച്ചായിരുന്നു. ഈ സ്ഥിതി ഏറിയും, കുറഞ്ഞും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു.

സ്വകാര്യസ്വത്ത് എന്ന ആശയം ഇവിടെയെന്നല്ല ലോകത്തിലെ ഒരു തദ്ദേശീയ ജനത യുടെയും മനോതലത്തിൽ ഉണ്ടായിരുന്നില്ല. നിയമത്തിലെ 3(1)2 പ്രകാരം 'ഉപജീവനത്തി നായി സ്വയം കൃഷി ചെയ്യുന്നതിനു വേണ്ടിയോ, ഒറ്റയ്ക്കോ, കൂട്ടായോ കൈവശപ്പെടുത്തി യിട്ടുള്ള വനഭൂമി കൈവശം വയ്ക്കുന്നതിനു അതിൽ വസിക്കുന്നതിനുമുള്ള അവകാശം' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിലെ " കൈവശപ്പെടുത്തിയിട്ടുള്ള" എന്ന പ്രയോഗം ആദിവാസി സൗഹൃദമായി ഉപയോഗിക്കുവാൻ വേണ്ട സമീപനമല്ല ബന്ധപ്പെട്ടവരിൽ നിന്ന് ഉണ്ടായത്. കൂടുതൽ കേസുകളിലും ഭൂമി നൽകിയത് താമസിക്കുന്ന സ്ഥലത്തിന് മാത്രമാണ്. വനത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾ ഉപജീവനം നടത്തിയിരുന്നത് വനഭൂ മിയെ ആശ്രയിച്ചായിരുന്നു. മുൻകാലങ്ങളിൽ അവർ കൂലിപ്പണിക്കാർ ആയിരുന്നില്ല. സ്ഥിരമായി ഒരു സ്ഥലം കൃഷി ചെയ്യാത്ത 'മാറ്റകൃഷി' സ്വീകരിച്ചിരുന്ന ജനതയ്ക്ക് തങ്ങളു ടെതായി കരുതുന്ന ഒരു നിശ്ചിത പ്രദേശം (Territory) മാത്രമാണ് ഉണ്ടായിരുന്നത്. 167 പേർക്ക് 20 സെന്റിന് താഴെയാണ് ഭൂമി നൽകിയിരിക്കുന്നത് (പട്ടിക 4.21കാണുക). ഇത്തര ത്തിൽ പാരമ്പര്യ അവകാശങ്ങൾ ഗ്രാമസഭയെ ബോധ്യപ്പെടുത്താതെ എടുത്ത തീരുമാനം പ്രയോഗത്തിൽ നീതിയില്ലാത്ത നിയമമായി മാറിയതായി കാണാം. ഇത്തര സാഹചര്യ ത്തെ കെ.പാനൂർ നിരീക്ഷിച്ചത് ഇങ്ങനെയാണ്. 'ആദിവാസികൾക്ക് ബാഹ്യലോകത്തെക്കുറിച്ച് അജ്ഞതയ്ക്ക് സമമായുള്ളത് ബാഹ്യലോകത്തിന് ആദിവാസികളെക്കുറിച്ചുള്ള അജ്ഞത മാത്രമാണ്'.

സമൂഹഅവകാശങ്ങൾ നാമമാത്രമായിട്ടേ നടപ്പിലാക്കിയിട്ടുള്ളൂ. നിയമത്തിൽ പറ യാത്ത ഒരു തീരുമാനമാണ് ചില കേസുകളിൽ രണ്ട് ഏക്കറിൽ മാത്രം സമൂഹഅവകാശം അനുവദിച്ചിരിക്കുന്നത്. മുൻപ് സൂചിപ്പിച്ചപോലെ ഓരോ സമുദായവും ഒരു നിശ്ചിത പ്രദേ

ശത്ത് വിഹരിച്ചിരുന്നവരാണ്. പ്രത്യേക ദുർബലവിഭാഗങ്ങൾക്ക് ഹാബിറ്റാറ്റ് അവകാശം അനുവദിക്കണമെന്ന പ്രത്യേക നിബന്ധനയും ഉണ്ട്. ഈ റിപ്പോർട്ടിൽ ചൂണ്ടി കാണിച്ചതുപോലെ വ്യത്യസ്തമായി മേപ്പാടി പഞ്ചായത്തിലെ അരുണമല, സ്കൂൾകുന്ന് എന്നീ സങ്കേതങ്ങൾക്ക് നിയമാനുസൃതവും മാതൃകാപരമായ തീരുമാനമാണ് സബ്ഡിവിഷണൽ തല കമ്മിറ്റി സ്വീകരിച്ചിട്ടുള്ളത്. മറ്റു പ്രദേശങ്ങളിൽ വനവിഭവം സ്വത ന്ത്രമായി കൈകാര്യം ചെയ്യുവാൻ വേണ്ട സാഹചര്യം ഒരുക്കുന്നില്ല. സാമ്പത്തിക സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്താൽ മാത്രമേ സമൂഹത്തിന്റെ ആശ്രിത മനോഭാവം മാറ്റി എടുക്കുവാൻ സാധിക്കുകയുള്ളൂ. വികസനആവശ്യം അംഗീകരിക്കുന്ന കാര്യത്തിലും വളരെ പിന്നിലാണ്. ഗുണനിലവാരമുള്ള ജീവിതത്തിന് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻ സമൂഹഅവകാശവും, വികസനആവശ്യങ്ങളും ഒരേ ദിശയിൽ സമയ ബന്ധിതമായി പ്രവർത്തിക്കണം.

മുഖവുരയിൽ 'വനങ്ങളുടെ സംരക്ഷണ വ്യവസ്ഥ ശക്തിപ്പെടുത്തുവാനും', ജൈവവൈവിധ്യം തുടങ്ങിയവ സംരക്ഷിക്കുന്നതിനും ഗോത്രവർഗ്ഗവിഭാഗക്കാർ നിർവ്വഹി ക്കേണ്ട കടമയെപ്പറ്റി സെഷൻ-5 ൽ പറയുന്നുണ്ട്. സാമൂഹിക വനവിഭവ മേഖല പരിപാ ലന കമ്മിറ്റി പ്രയോഗത്തിൽ വരുത്തിയിട്ടില്ല. വനം സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള ബോധ്യം ആദിവാസി സമൂഹത്തിന് ഉണ്ട്. ഇക്കാര്യത്തിൽ വനംവകുപ്പും, ആദിവാസി സമൂഹവും ഒത്തുചേരേണ്ടതാണ്. ഒഡീഷ സംസ്ഥാനത്ത് ഇത്തരത്തിലുള്ള കൂട്ടായ്മ വന സംരക്ഷണത്തിന് മെച്ചപ്പെട്ട പുരോഗതി ഉണ്ടായതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഗോത്രവർഗ്ഗ വിഭാഗക്കാരുടെ മനോതലമനുസരിച്ച് ഒരു പരിധി വരെയുള്ള സ്വയംഭ രണം ജൈവപരമായ വികസനത്തിന് അനിവാര്യമാണ്. വനാവകാശത്തിന്റെ നിയമം യഥാർത്ഥത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ വേണ്ടി പ്രവർത്തിക്കേണ്ടത് ഗ്രാമസഭയാ ണ്. ഗ്രാമസഭ അംഗങ്ങളെ തുടർച്ചയായ പരശീലനത്തിൽക്കൂടി മാറ്റിയെടുക്കുവാൻ സാധി ക്കും. വനാവകാശനിയമത്തിലെ നിബന്ധനകൾ ഒന്നും തന്നെ ഗോത്രവർഗ്ഗവിഭാഗക്കാർക്ക് അന്യമല്ല. ഈ രീതിയിൽ പടിപടിയായി ശാക്തീകരിക്കപ്പെടുവാനും, ചൂഷണങ്ങളിൽ നിന്ന് സ്വയം മോചിതരാകാനുള്ള കർമ്മ പരിപാടികൾക്ക് രൂപം നല്കണം. എന്നാൽ തീർച്ചയായും ആദിവാസി ജനതയ്ക്ക് സ്വയംഭരണ രീതിയുടെ നല്ല മാതൃകകൾ സൃഷ്ടിക്കാൻ സാധിക്കും. ഒപ്പം തന്നെ തദ്ദേശസ്വയ ഭരണവ്യവസഥയിലെ ഗ്രാമസഭ/ഊരുസഭ/ഊരുകൂട്ടം താദാത്മിക പങ്കാളിത്തത്തിലെക്ക് ചുവട് വയ്ക്കുകയുള്ളു. ഭാവിയിൽ 'പെസ' നിയമം നടപ്പിലാക്കുമ്പോൾ ഗ്രാമസഭയെ നിയന്ത്രിക്കുവാനുള്ള കരു ത്തും, ശേഷിയും ആദിവാസി ജനതയ്ക്ക് നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

**അനുബന്ധം-1**

2006-ലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗതവനവാസികളും

(വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് ( 2007-ലെ 2ാം നമ്പർ ആക്ട്)

വനഭൂമിയിൽ തലമുറകളായി താമസിച്ചു വരുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്തുവാൻകഴിയാത്തവരുമായ വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വനഭൂമിയെ സംബന്ധിച്ച് അപ്രകാരം നിക്ഷിപ്തമാക്കിയ വനാവകാശങ്ങളും അങ്ങനെയുള്ള അംഗീകരിക്കലിനും നിക്ഷിപ്തമാക്കലിനും ആവശ്യമായ തെളിവുകളുടെ രീതിയും രേഖപ്പെടുത്തുന്നതിന് ഒരു രൂപരേഖ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു ആക്റ്റ്.

വനവാസികളായ പട്ടികവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും അംഗീകൃത അവകാശങ്ങളിൽ നിലനിർത്താവുന്ന ഉപയോഗത്തിനുള്ള ഉത്തരവാദിത്വങ്ങളും പ്രാധികാരവും ജൈവവൈവിധ്യം സംരക്ഷിക്കലും പാരിസ്ഥിതീയസന്തുലനം നിലനിർത്തലും ഉൾപ്പെടുന്നതിനാലും അതുവഴി വനവാസികളായ പട്ടികഗോത്ര വർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് വനങ്ങളുടെ സംരക്ഷണവ്യവസ്ഥ ശക്തിപ്പെടുത്തേണ്ടതിനാലും;

അധിനിവേശകാലഘട്ടത്തിലും അതുപോലെതന്നെ സ്വതന്ത്രഭാരതത്തിലും സംസ്ഥാനവനങ്ങളുടെ ഏകീകരണത്തിൽ വനപരിസ്ഥിതി വ്യവസ്ഥകളുടെ അതിജീവനത്തിനും നിലനിൽപ്പിനും അവിഭാജ്യഘടകമായ വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും പൈതൃക ഭൂമിയിന്മേലുള്ള വനാവകാശങ്ങളും അവരുടെ സ്വാഭാവിക വാസസ്ഥാനവും പര്യാപ്തമായി അംഗീകരിക്കപ്പെടാതിരുന്നതിന്റെ ഫലമായി ചരിത്രപരമായി അനീതി ഉണ്ടായിട്ടുള്ളതിനാലും;

സംസ്ഥാന വികസന ഇടപെടലുകൾ കാരണം വാസസ്ഥലം പുന: സ്ഥാപിക്കുവാൻ നിർബന്ധിതരായവർ ഉൾപ്പെടെയുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും ജന്മാവകാശങ്ങളും പ്രവേശനാവകാശങ്ങളുടേയും ദീർഘകാലമായി നിലനിൽക്കുന്ന അരക്ഷിതത്വംശ്രദ്ധയിൽകൊണ്ടുവരേണ്ടതു ആവശ്യമായിത്തീർന്നിരിക്കുന്നതിനാലും;

ഭാരതറിപ്പബ്ലിക്കിന്റെ അമ്പത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:-

## അദ്ധ്യായം 1

## പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും-

(1) ഈ ആക്റ്റിന് 2006-ലെ പട്ടികഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2.നിർവ്വചനങ്ങൾ- ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(ക) ''സമൂഹവനവിഭവം'' എന്നാൽ ഗ്രാമത്തിന്റെ പരമ്പരാഗതമോ കീഴ്നടപ്പനുസരിച്ചുള്ളതോആയഅതിർത്തികൾക്കുള്ളിലുള്ളകീഴ്നടപ്പനുസരിച്ചുള്ള പൊതു വനഭൂമി അല്ലെങ്കിൽ ഇടയസമുദായങ്ങളുടെ സംഗതിയിൽ, ആ സമുദായത്തിനു പരമ്പരാഗതമായി പ്രവേശനമുള്ള വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും ദേശീയപാർക്കുകളും പോലെയുള്ള റിസർവ്വ് വനങ്ങളും സംരക്ഷിത വനങ്ങളും സംരക്ഷിതപ്രദേശങ്ങളും ഉൾപ്പെടെയുള്ള ഭൂപ്രദേശങ്ങളുടെ ഋതുഭേദങ്ങൾക്കനുസൃതമായ ഉപയോഗമോ എന്നർത്ഥമാകുന്നു;

(ഖ) ''സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി സ്വാഭാവിക വാസസ്ഥാനം'' എന്നാൽ 4ാം വകുപ്പ് (1) ഉം (2) ഉം ഉപവകുപ്പുകളിൽ പറഞ്ഞിരിക്കുന്ന നടപടിക്രമത്തിലെ ആവശ്യങ്ങളനുസരിച്ച് വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി അഭംഗമായി നിലനിർത്തേണ്ടതാവശ്യമാണെന്ന് ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കേസും നിയതമായും സ്പഷ്ടമായും സ്ഥിരീകരിച്ച് നിർണ്ണയിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെപരിസ്ഥിതിയും വനങ്ങളും മന്ത്രാലയത്തിനാൽ നിയമിക്കപ്പെട്ട ആ പ്രദേശത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്നതും ഗോത്രവർഗ്ഗകാര്യമന്ത്രാലയത്തിലെ ഒരു പ്രതിനിധികൂടി ഉൾപ്പെടുന്നതുമായ ഒരു വിദഗ്ദ്ധസമിതിയുമായി തുറന്ന കൂടിയാലോചനാക്രമത്തിനുശേഷം,ആസർക്കാരിന് തീരുമാനിക്കാവുന്നതും വിജ്ഞാപനം ചെയ്യാവുന്നതുമായ ദേശീയ പാർക്കുകളുടേയും വന്യജീവി സംരക്ഷണകേന്ദ്രങ്ങളുടേയും അത്തരം പ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

(ഗ) ''വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങൾ'' എന്നാൽ മുഖ്യമായും വനങ്ങളിൽതാമസിക്കുന്നവരും യഥാർത്ഥത്തിൽ ഉപജീവനമാർഗ്ഗത്തിനായി വനങ്ങളേയോ അല്ലെങ്കിൽ വനഭൂമിയേയോ ആശ്രയിക്കുന്നവരുമായ പട്ടികഗോത്രവർഗ്ഗങ്ങളിലെ അംഗങ്ങളോ സമൂഹമോ എന്നർത്ഥമാകുന്നതും അതിൽ പട്ടികഗോത്രവർഗ്ഗ ഇടയസമുദായത്തിൽപ്പെടുന്നവരും ഉൾപ്പെടുന്നതും ആകുന്നു;

(ഘ) ''വനഭൂമി'' എന്നാൽ ഏതെങ്കിലും വനപ്രദേശത്തിനുള്ളിൽ വരുന്ന ഏതൊരു വിസ്തൃതവിവരണത്തിലുള്ള ഭൂമിയും എന്നർത്ഥമാകുന്നതും അതിൽ തരംതിരിക്കാത്ത വനങ്ങളും അതിർത്തി നിർണ്ണയം ചെയ്തിട്ടില്ലാത്ത വനങ്ങളും നിലവിലുള്ളതോ കൽപിതമോ ആയ വനങ്ങളും സംരക്ഷിതവനങ്ങളും റിസർവ്വ് വനങ്ങളും വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടുന്നതും ആകുന്നു.

(ങ) ''വനവകാശങ്ങൾ'' എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വനാവകാശങ്ങൾ എന്നർത്ഥമാകുന്നു;

(ച) ''വനഗ്രാമങ്ങൾ'' എന്നാൽ വനവൽക്കരണപ്രവർത്തനങ്ങൾക്കുവേണ്ടി ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെ വനംവകുപ്പ് വനങ്ങൾക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ളതോ വനറിസർവ്വേഷൻ നടപടികളിലൂടെ വനഗ്രാമങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടതോ ആയ കുടിപ്പാർപ്പുകൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാരിനാൽ അനുവദിക്കപ്പെട്ട കൃഷിക്കും മറ്റുപയോഗത്തിനും വേണ്ടിയുള്ള ഭൂമി ഉൾപ്പെടെ വനക്കുടിപ്പാർപ്പു ഗ്രാമങ്ങളും സ്ഥിരകൈവസാവകാശങ്ങളും അങ്ങനെയുള്ള ഗ്രാമങ്ങൾക്കുവേണ്ടി, എന്തുപേരിൽ വിളിക്കപ്പെട്ടാലും, എല്ലാത്തരത്തിലുമുള്ള ''തൗംഗിയ'' കുടിപ്പാർപ്പുകളും ഉൾപ്പെടുന്നതും ആകുന്നു.

(ഛ) ''ഗ്രാമസഭ'' എന്നാൽ ഒരു ഗ്രാമത്തിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾ അടങ്ങിയതും പഞ്ചായത്തുകൾ, ''പഡാസ്'', ''തോലാസ്'', മറ്റ് പരമ്പരാഗത ഗ്രാമീണസ്ഥാപനങ്ങൾ, തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമസമിതികൾ എന്നിവയില്ലാത്ത സംസ്ഥാനങ്ങളുടെ സംഗതിയിൽ വനിതകളുടെപൂർണ്ണവുംപരിധിയില്ലാത്തതുമായപങ്കാളിത്തത്തോടുകൂടിയതുമായ ഒരു ഗ്രാമ സമാജം എന്നർത്ഥമാകുന്നു.

(ജ) ''സ്വാഭാവിക വാസസ്ഥാനം'' എന്നാൽ ആദിമ ഗോത്രവിഭാഗങ്ങളുടെയും, പൂർവ്വകാല കർഷകസമൂഹങ്ങളുടെയും മറ്റ് വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടെയും റിസർവ്വ് വനങ്ങളിലും, സംരക്ഷിത വനങ്ങളിലുമുള്ള പരമ്പരാഗത വാസസ്ഥാനവും അങ്ങനെയുള്ള മറ്റ് വാസസ്ഥാനങ്ങൾ അടങ്ങുന്ന പ്രദേശവും ഉൾപ്പെടുന്നു.

(ഝ) '' ലഘുവനോല്പന്നം'' എന്നതിൽ മുളയും വൃക്ഷക്കൊമ്പുകളും മരക്കുറ്റികളും ചൂരലും 'ടസറും' കീടകോശങ്ങളും തേനും മെഴുകും അരക്കും 'ടെണ്ടു' അല്ലെങ്കിൽ 'കെണ്ടു' ഇലകളും ഔഷധസസ്യങ്ങളും ദുർബല സസ്യങ്ങളും വേരുകളും കിഴങ്ങുകളും അതുപോലെയുള്ളവയും ഉൾപ്പെടെയുള്ള സസ്യ ഉത്പത്തിയിൽപ്പെട്ട മരമല്ലാത്ത എല്ലാ വനോൽപ്പന്നവും ഉൾപ്പെടുന്നു;

## അദ്ധ്യായം 2

## വനാവകാശങ്ങൾ

3. വനവാസികളായ പട്ടികഗോത്രങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനാവകാശങ്ങൾ

(1) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി വ്യക്തിക്കോ സമൂഹത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉള്ള ജന്മഭോഗം ഉറപ്പാക്കുന്ന താഴെപ്പറയുന്ന അവകാശങ്ങൾ എല്ലാ വനഭൂമികളിലുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനാവകാശങ്ങളായിരിക്കുന്നതാണ്, അതായത്;-

(ക) വനവാസികളായ പട്ടികഗോത്രവർഗ്ഗത്തിലെയോ മറ്റ് പരമ്പരാഗത വനവാസികളിലെയോ ഒരു അംഗമോ അംഗങ്ങളോ വാസസ്ഥാനത്തിനുവേണ്ടിയോ ഉപജീവനത്തിനായി സ്വയം കൃഷി ചെയ്യുന്നതിനുവേണ്ടിയോ ഒറ്റയ്ക്കോ കൂട്ടായോ കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി കൈവശം വയ്ക്കുന്നതിനും അതിൽ വസിക്കുന്നതിനുമുള്ള അവകാശം;

(ഖ) മുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളിലോ ജമീന്ദാരി അല്ലെങ്കിൽ അതുപോലുള്ള മദ്ധ്യവർത്തി ഭരണക്രമത്തിലോ ഉപയോഗത്തിൽ ഉണ്ടായിരുന്നതുൾപ്പെടെ "നിസ്താർ" പോലെ, എന്തുപേരിൽ വിളിക്കപ്പെട്ടിരുന്നാലും, ഉള്ള സമൂഹാവകാശങ്ങൾ;

(ഗ) ഗ്രാമാതിർത്തികൾക്കുള്ളിൽ നിന്നോ പുറത്തുനിന്നോ പരമ്പരാഗതമായി ശേഖരിച്ചു വന്നിരുന്ന ലഘു വനോൽപന്നം ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും വ്യയനം ചെയ്യുന്നതിനും പ്രാപ്യമാക്കുവാനുള്ള ഉടമസ്ഥാവകാശം;

(ഘ) ദേശാടന സമുദായങ്ങളുടേയോ അല്ലെങ്കിൽ ഇടയസമുദായങ്ങളുടേയോ

(സ്ഥിരമായതോ താല്ക്കാലികമായി മാറ്റിപാർപ്പിക്കുന്നതോ അല്ലെങ്കിൽ രണ്ട് തരത്തിലും) കന്നുകാലിമേയ്ക്കൽ, മത്സ്യവും മറ്റു ജലോൽപന്നങ്ങൾ എന്നിവപോലെയുള്ളവയുടെ ഉപയോഗങ്ങളുടേയും അവകാശങ്ങളുടേയും, ഋതുഭേദപരമായ വിഭവങ്ങളുടെ പരമ്പരാഗത പ്രാപ്യതയുടേയും മറ്റ് സമുദായ അവകാശങ്ങൾ;

(ങ) ആദിമഗോത്രവർഗ്ഗ വിഭാഗങ്ങളുടേയും പൂർവ്വകാല കർഷകസമൂഹങ്ങളുടേയും പൂർവ്വകാല കർഷകസമൂഹങ്ങളുടേയും സ്വാഭാവിക വാസസ്ഥാനത്തിനും വസതിക്കും ഉള്ള സമൂഹ ജന്മഭോഗങ്ങൾ ഉൾപ്പെടെയുള്ള അവകാശങ്ങൾ;

(ച) ഏതെങ്കിലും സംസ്ഥാനത്തിലെ അവകാശത്തർക്കമുള്ള, ഏതു പേരിലുള്ളതായാലും, തർക്കഭൂമികളിലോ അതിൻമേലോ ഉള്ള അവകാശങ്ങൾ;

(ഛ) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ ഏതെങ്കിലും സംസ്ഥാന സർക്കാരോ വനഭൂമിയിന്മേൽ നൽകിയിട്ടുള്ള പാട്ടങ്ങളേയോ ഗ്രാന്റുകളേയോ അവകാശ പ്രമാണങ്ങളായി പരിവർത്തനം ചെയ്യുന്നതിനുള്ള അവകാശങ്ങൾ;

(ജ) രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ എല്ലാ വനഗ്രാമങ്ങളെയും പഴയ വാസസ്ഥാനത്തെയും, സർവ്വേ ചെയ്യാത്ത ഗ്രാമങ്ങളേയും

റവന്യൂഗ്രാമങ്ങളായി പരിവർത്തനം ചെയ്യുന്നതിനും കുടിപ്പാർപ്പിനുമുള്ള അവകാശങ്ങൾ;

(ഝ) സ്ഥിരമായ ഉപയോഗത്തിനുവേണ്ടി അവർ പരമ്പരാഗതമായി പരിപാലിച്ചും സംരക്ഷിച്ചും വരുന്ന ഏതെങ്കിലും സമൂഹ വനവിഭവം പരിപാലിക്കുന്നതിനോ, സംരക്ഷിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഉള്ള അവകാശം;

(ഞ) ഏതെങ്കിലും സംസ്ഥാനത്തിന്റേയോ ഏതെങ്കിലും സ്വയംഭരണാധിരാമുള്ള ജില്ലാ സമിതിയുടേയോ സ്വയംഭരണാധികാരമുള്ള പ്രാദേശിക സമിതിയുടെയോ നിയമങ്ങളുടെ കീഴിലോ അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനത്തെ ബന്ധപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ ഏതെങ്കിലും പരമ്പരാഗതമോ ആചാരാധിഷ്ഠിതമോ ആയ നിയമത്തിൻ കീഴിൽ ഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതോ ആയ അവകാശങ്ങൾ;

(ട) ജൈവവൈവിധ്യത്തിന്റേയും ഭൗതിക സ്വത്തിന്മേലുള്ള സമൂഹ അവകാശത്തിന്റേയും, ജൈവവൈവിധ്യവും സാംസ്ക്കാരിക വൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റേയും പ്രാപ്യതയ്ക്കുള്ള അവകാശം;

(ഠ) (ക) മുതൽ (ട) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ ഏതെങ്കിലും വർഗ്ഗത്തിൽപ്പെട്ട വന്യമൃഗങ്ങളെ വേട്ടയാടുന്നതിനോ കെണിയിലാക്കുന്നതിനോ അതിന്റെ ശരീരത്തിന്റെ ഒരു ഭാഗം വലിച്ചുപറിച്ചെടുക്കുന്നതിനോ ഉള്ള പരമ്പരാഗത അവകാശം ഒഴികെയുള്ളതും വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങൾ അല്ലെങ്കിൽ മറ്റ് പരമ്പരാഗത വനവാസികൾ, അതതു സംഗതി പോലെ, ആചാരാധിഷ്ഠിതമായി അനുഭവിക്കുന്നതുമായ മറ്റേതെങ്കിലും പരമ്പരാഗത അവകാശങ്ങൾ;

(ഡ) 2005 ഡിസംബർ 13-ാം തീയതിക്കു മുമ്പായി പട്ടികഗോത്രവർഗ്ഗങ്ങളേയോ പരമ്പരാഗത വനവാസികളേയോ, പുനരധിവാസത്തിനുള്ള അവരുടെ നിയമപരമായ അവകാശം ലഭ്യമാക്കാതെ, ഏതെങ്കിലും ഇനത്തിൽപ്പെട്ട വനഭൂമിയിൽ നിന്നും നിയമവിരുദ്ധമായി ഒഴിപ്പിക്കുകയോ മാറ്റുകയോ ചെയ്യുന്നിടത്ത്, പകരം ഭൂമി ഉൾപ്പെടെ മുൻസ്ഥാനത്തു തന്നെയുള്ള പുനരധിവാസത്തിനുള്ള അവകാശം.

(2) 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റി (1980- ലെ 69)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാർ, ആ സർക്കാരിനാൽ കൈകാര്യം ചെയ്യപ്പെടുന്ന താഴെ പറയുന്ന സൗകര്യങ്ങൾക്കുവേണ്ടി ഓരോ ഹെക്ടറിലും എഴുപത്തിയഞ്ച് മരങ്ങളിൽ കവിയാതെ മരങ്ങൾ വെട്ടി വീഴ്ത്തുന്നത് ഉൾപ്പെടുത്തി വനഭൂമി പരിവർത്തനം ചെയ്യുന്നതിനായി നൽകേണ്ടതാണ്, അതായത്:-

(ക) വിദ്യാലയങ്ങൾ

(ഖ) ഡിസ്പെൻസറി അല്ലെങ്കിൽ ആശുപത്രി;

(ഗ) അംഗനവാടികൾ

(ഘ) ന്യായവില കടകൾ

(ങ) വൈദ്യുതിയും ടെലികമ്മ്യൂണിക്കേഷൻ ലൈനുകളും;

(ച) ടാങ്കുകളും മറ്റ് ചെറിയ ജലാശയങ്ങളും;

(ഛ) കുടിവെള്ള വിതരണവും വെള്ളത്തിനുള്ള പൈപ്പ് ലൈനുകളും;

(ജ) ജലം അല്ലെങ്കിൽ മഴവെള്ള ശേഖരണ സംഭരണി;

(ഝ) ചെറുകിട ജലസേചന കനാലുകൾ ;

(ഞ) പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്;

(ട) വൈദഗ്ധ്യം അഭിവൃദ്ധിപ്പെടുത്തൽ അല്ലെങ്കിൽ വൊക്കേഷണൽ ട്രയിനിംഗ് സെന്ററുകൾ

(ഠ) നിരത്തുകൾ; കൂടാതെ

(ഡ) സാമൂഹ്യകേന്ദ്രങ്ങൾ;

എന്നാൽ,–

(1) ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കു വേണ്ടി പരിവർത്തനം ചെയ്യേണ്ട വനഭൂമി ഓരോ സംഗതിയിലും ഒരു ഹെക്ടറിൽ കുറവാണെങ്കിലും;

(2) അത്തരം വികസന പദ്ധതികളുടെ ക്ലീയറൻസ് അത് ഗ്രാമസഭ ശിപാർശ ചെയ്തതായിരിക്കണമെന്ന ഉപാധിക്കു വിധേയമായിട്ടാണെങ്കിലും, മാത്രം വനഭൂമിയുടെ അത്തരം പരിവർത്തനം അനുവദിക്കേണ്ടതാണ്.

## അദ്ധ്യായം 3

**വനാവകാശങ്ങളുടെ അംഗീകരിക്കലും പുനഃസ്ഥാപിക്കലും നിക്ഷിപ്തമാക്കലും ബന്ധപ്പെട്ട സംഗതികളും**

4. വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനാവകാശങ്ങളുടെ അംഗീകരിക്കലും നിക്ഷിപ്തമാക്കലും- (1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടിലെ വ്യവസ്ഥകൾക്കുവിധേയമായി കേന്ദ്രസർക്കാർ-

(ക) 3-ാം വകുപ്പിൽ സൂചിപ്പിട്ടുള്ള എല്ലാ വനാവകാശങ്ങളെയും സംബന്ധിച്ച് സംസ്ഥാനങ്ങളിലെയോ പട്ടികഗോത്രവർഗ്ഗങ്ങളായി അവരെ പ്രഖ്യാപിക്കപ്പെട്ട സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിലേയോ വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളിലും;

(ഖ) 3-ാം വകുപ്പിൽ സൂചിപ്പിട്ടുള്ള എല്ലാ വനാവകാശങ്ങളെയും സംബന്ധിച്ച് മറ്റ് പരമ്പരാഗത വനവാസികളിലും,

വനാവകാശങ്ങൾ ഇതിനാൽ അംഗീകരിച്ച് നിക്ഷിപ്തമാക്കിയിരിക്കുന്നു.

(2) ദേശീയ പാർക്കുകളിലേയും വന്യമൃഗസംരക്ഷണകേന്ദ്രങ്ങളിലേയും സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളിൽ ഈ ആക്റ്റിൻ കീഴിൽ അംഗീകരിച്ചിട്ടുള്ള വനാവകാശങ്ങൾ പിന്നീട് വ്യത്യാസപ്പെടുത്തുകയോ പുനർനിശ്ചയിക്കുകയോ ചെയ്യാവുന്നതും, എന്നാൽ താഴെപറയുന്ന എല്ലാ ഉപാധികളും ബോധ്യപ്പെട്ടതായ സംഗതിയിൽ അല്ലാതെ വന്യജീവി സംരക്ഷണത്തിനായി അഭംഗമായ പ്രദേശങ്ങൾക്കു രൂപം നൽകുന്നതിനായുള്ള ഉദ്ദേശങ്ങൾക്കു വേണ്ടി യാതൊരു വനാവകാശകൈവശക്കാരെയും പുനരധിവസിപ്പിക്കുന്നതിനോ അവരുടെ അവകാശങ്ങളെ ഏതൊരു രീതിയിലും ബാധിക്കുവാനോ പാടില്ലാത്തതുമാണ്, അതായത്;

(ക) പരിഗണനയിലിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ പൂർത്തിയായിരിക്കുകയും;

(ഖ) 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റി (1972-ലെ 53)-ൻ കീഴിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികൾ, വന്യജീവനകളിന്മേൽ അവകാശകൈവശക്കാരുടെ പ്രവർത്തനങ്ങളും, സാന്നിധ്യം മൂലമുള്ള ആഘാതവും അപരിഹാര്യമായ നാശനഷ്ടത്തിനും, പ്രസ്തുത വംശങ്ങളുടെ നിലനിൽപ്പിനും അവയുടെ വാസ സ്ഥാനങ്ങൾക്കും ഭീഷണിയാകുന്നതിനും മതിയായ കാരണമാകുമെന്ന് സ്ഥാപിച്ചിരിക്കുകയും;

(ഗ) സഹവർത്തിത്വം പോലെയുള്ള മറ്റ് മതിയായ ഓപ്ഷനുകൾ ലഭ്യമല്ലായെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയും;

(ഘ) സുരക്ഷിതമായ ജീവിതവൃത്തി, ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും വ്യവസ്ഥചെയ്യുന്നതും, കേന്ദ്രസർക്കാരിന്റെ പ്രസക്ത

നിയമങ്ങളിലും നയത്തിലും അങ്ങനെയുള്ള ബാധിക്കപ്പെട്ട വ്യക്തികൾക്കും സമൂഹങ്ങൾക്കും നൽതിയിട്ടുള്ള ആവശ്യതകൾ നിറവേറ്റുന്നതുമായ ഒരു പുനരധിവാസമോ ബദൽ പാക്കേജോ തയ്യാറാക്കുകയും അറിയിച്ചിരിക്കുകയും;

(ങ) ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗ്രാമസഭകളുടെ നിർദ്ദിഷ്ട പുനരധിവാസത്തിനു പാക്കേജിനുമുള്ള നിർബാധമായി എഴുതി അറിയിച്ച സമ്മതം ലഭിച്ചിരിക്കുകയും;

(ച) വാഗ്ദാനം ചെയ്ത പാക്കേജ് പ്രകാരം പുനരധിവാസ സ്ഥലത്തിൽ സൗകര്യങ്ങളും ഭൂമി വിഭജിച്ചുകൊടുക്കലും പൂർത്തിയാകുന്നതു വരെ യാതൊരു പുനരധിവാസവും നടത്തുവാൻ പാടുള്ളതല്ല;

എന്നാൽ വന്യജീവി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കായി കൈവശാവകാശക്കാരെ അപ്രകാരം സ്ഥലം മാറ്റിയ സന്ദിഗ്ദ്ധാവസ്ഥയിലുള്ള വന്യജീവി വാസസ്ഥാനങ്ങളെ സംസ്ഥാന സർക്കാരിനോ കേന്ദ്രസർക്കാരിനോ മറ്റേതെങ്കിലും നികായത്തിനോ അനന്തരം മറ്റാവശ്യങ്ങൾക്കായി വ്യതി ചലിപ്പിക്കുവാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും സംസ്ഥാനവുമായോ യൂണിയൻ പ്രദേശവുമായോ ബന്ധപ്പെട്ട വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും വനഭൂമിയും അവരുടെ സ്വാഭാവിക വാസസ്ഥാനവും സംബന്ധിച്ച് ഈ ആക്റ്റിൻ കീഴിലുള്ള വനാവകാശങ്ങൾ, അംഗീകരിക്കുന്നതും നിക്ഷിപ്തമാക്കുന്നതും 2005 ഡിസംബർ 13-ാം തീയതിക്ക് മുമ്പ് വനഭൂമി അങ്ങനെയുള്ള പട്ടികഗോത്രവർഗ്ഗങ്ങളുടേയോ ഗോത്രവർഗ്ഗസമുദായങ്ങളുടേയോ മറ്റ് പരമ്പരാഗത വനവാസികളുടേയോ കൈവശത്തിലുണ്ടായിരുന്നു എന്ന നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതാണ്.

(4) (1)-ാം ഉപ വകുപ്പിനാൽ നൽകപ്പെട്ട ഒരു അവകാശം പരമ്പരാഗതമായിരിക്കുന്നതും എന്നാൽ അന്യാധീനപ്പെടുത്താവുന്നതോ കൈമാറ്റം ചെയ്യാവുന്നതോ അല്ലാത്തതും വിവാഹിതരായ വ്യക്തികളുടെ സംഗതിയിൽ ദമ്പതിമാർ രണ്ടുപേരുടേയും പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും ഒരാളിനാൽ നയിക്കുന്ന ഒരു ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ പേരിലും നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ പരമ്പരാഗത അവകാശം ഏറ്റവും അടുത്ത കുലബന്ധുവിലും വന്നു ചേരുന്നതാണ്.

(5) മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, വനവാസികളായ പട്ടിക ഗോത്രവർഗ്ഗത്തിലേയോ മറ്റ് പരമ്പരാഗത വനവാസികളിലേയോ യാതൊരു അംഗത്തേയും അംഗീകരിക്കലിന്റേയും സത്യബോധപ്പെടുത്തലിന്റെയും നടപടിക്രമം പൂർത്തിയാകുന്നതുവരെ അയാളുടെ കൈവശമുള്ള വനഭൂമിയിൽ നിന്നും ഒഴിപ്പിക്കുവാനോ നീക്കം ചെയ്യുവാനോ പാടുള്ളതല്ല.

(6) (1)-ാം ഉപവകുപ്പിനാൽ അംഗീകരിക്കപ്പെട്ടതും നിക്ഷിപ്തമായതുമായ വനാവകാശങ്ങൾ 3-ാം വകുപ്പ് (1) -ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയെ സംബന്ധിക്കുന്നിടത്ത് അങ്ങനെയുള്ള ഭൂമി ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയിൽ ഒരു വ്യക്തിയുടേയോ കുടുംബത്തിന്റേയോ സമൂഹത്തിന്റേയോ കൈവശത്തിലായിരിക്കേണ്ടതും, യഥാർത്ഥമായി കൈവശത്തിലിരിക്കുന്ന വിസ്തീർണ്ണത്തിലേക്ക് പരിമിതപ്പെടുത്തേണ്ടതും യാതൊരു

സംഗതിയിലും നാല് ഹെക്ടർ വിസ്തീർണ്ണത്തിന് അധികമാകാൻ പാടില്ലാത്തതുമാണ്.

(7) ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ളവ ഒഴികെ, എല്ലാബാധ്യതകളിൽ നിന്നും 1980–ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റി (1980–ലെ 69) –ൻ കീഴിലെ ക്ലീയറൻസ് ഉൾപ്പെയെയുള്ള ആവശ്യമായ നടപടിക്രമങ്ങളിൽ നിന്നും വിമുക്തമായും വനഭൂമിയായി മാറ്റുന്നതിന് വേണ്ടതായ 'നിലവിവുള്ള അറ്റമൂല്യവും''വനവൽക്കരണത്തിനായുള്ള നഷ്ടപരിഹാരവും' നൽകിക്കൊണ്ട് വനാവകാശങ്ങൾ പ്രദാനം ചെയ്യേണ്ടതാണ്.

(8) സംസ്ഥാന വികസന ഇടപെടലുകൾ കാരണം വാസസ്ഥലത്തുനിന്നും കൃഷിപ്പണിയിൽനിന്നും ഭൂമിയുടെ നഷ്ടപരിഹാരം ഇല്ലാതെ മാറ്റപ്പെട്ടെന്നും ഭൂമി ഏത് ഉദ്ദേശത്തിനുവേണ്ടിയാണോ ഏറ്റെടുത്ത് അങ്ങനെ ഏറ്റെടുത്ത് അഞ്ചുവർഷത്തിനുള്ളിൽ ആ ആവശ്യത്തിന് ഭൂമി ഉപയോഗിച്ചിട്ടില്ലായെന്നും സ്ഥാപിക്കുന്നതിന് കഴിയുന്ന വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും ഈ ആക്റ്റിൻ കീഴിൽ അംഗീകരിക്കപ്പെട്ടതും നിക്ഷിപ്തമായതുമായ വനാവകാശങ്ങളിൽ ഭൂമിയുടെ അവകാശവും ഉൾപ്പെടുന്നതാണ്.

5. <u>വനാവകാശക്കാരുടെ ചുമതലകൾ- </u> ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും വനാവകാശകൈവശക്കാരെയും, ഏതെങ്കിലും വനാവകാശകൈവശക്കാരുള്ള പ്രദേശങ്ങളിൽ അവിടുത്തെ ഗ്രാമസഭയേയും ഗ്രാമീണതല സ്ഥാപനങ്ങളേയും.

(ക) വന്യജീവിയും വനവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനും;

(ഖ) തൊട്ടുകിടക്കുന്ന വൃഷ്ടി പ്രദേശവും ജലസ്രോതസ്സുകളും മറ്റ് പരിസ്ഥിതി സംവേദിത പ്രദേശങ്ങളും വേണ്ട വിധത്തിൽ സംരക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും;

(ഗ) വനവാസികളായ ഗോത്രവർഗ്ഗങ്ങളുടേയും മറ്റ് പരമ്പരാഗത വനവാസികളുടേയും സ്വാഭാവിക വാസ സ്ഥാനം , അവരുടെ സാംസ്ക്കാരികവും സ്വാഭാവികവുമായ പൈതൃകത്തെ ബാധിക്കുന്ന ഏതെങ്കിലും തരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും;

(ഘ) സമൂഹ വനവിഭവങ്ങൾക്കുള്ള പ്രാപ്യത ക്രമീകരിക്കുന്നതിനും, വന്യജീവികളെയും വനത്തെയും ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും പ്രവർത്തനം തടയുന്നതിനും, ഗ്രാമസഭയിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അധികാരപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം- 4

## വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള

## അധികാര സ്ഥാനങ്ങളും നടപടിക്രമങ്ങളും

6. വനവാസികളായപട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റ് പരമ്പരാഗത വനവാസികളിലും വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാരസ്ഥാനങ്ങളും അതിന്റെ നടപടിക്രമവും.- (1) ഈ ആക്റ്റ് പ്രകാരം,ഗ്രാമസഭയുടെ തദ്ദേശാധികാര പരിധിക്കുള്ളിലുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റ് പരമ്പരാഗത വനവാസികൾക്കും അവകാശവാദങ്ങൾ സ്വീകരിച്ച് അവയെ ഏകീകരിക്കുകയും തിട്ടപ്പെടുത്തുകയും, ശിപാർശ ചെയ്യപ്പെട്ട ഓരോ അവകാശവാദ പ്രദേശങ്ങൾ അങ്ങനെയുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ രേഖപ്പെടുത്തി ഒരു മാപ്പ് തയ്യാറാക്കി നൽകേണ്ടതായ, വ്യക്തിയുടേയോ സമൂഹത്തിന്റേയോ അല്ലെങ്കിൽ രണ്ടിനും കൂടിയുള്ള, വനാവകാശങ്ങളുടെ സ്വഭാവവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കുന്നതിനുള്ള അധികാരസ്ഥാനം ഗ്രാമസഭ ആയിരിക്കുന്നതും ഗ്രാമസഭ അതിനുശേഷം അതിലേക്കായി ഒരു പ്രമേയം പാസ്സാക്കേണ്ടതും, അതിനുശേഷം അതിന്റെ ഒരു പകർപ്പ് സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) ഗ്രാമസഭയുടെ പ്രമേയത്താൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം ഉപവകുപ്പു പ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കാവുന്നതും സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റി അങ്ങനെയുള്ള ഹർജി പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

എന്നാൽ അങ്ങനെയുള്ള ഓരോ ഹർജിയും ഗ്രാമസഭ പ്രമേയം പാസ്സാക്കുന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്;

എന്നതുമാത്രമല്ല, അങ്ങനെയുള്ള യാതൊരു ഹർജിയും പരാതിക്കാരനെതിരെ , അയാൾക്കു തന്റെ കേസ് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകിയിട്ടില്ലാത്ത പക്ഷം തീർപ്പാക്കാൻ പാടുള്ളതല്ല.

(3) സംസ്ഥാന സർക്കാർ, ഗ്രാമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയം പരിശോധിക്കുന്നതിനും വനാവകാശങ്ങളുടെ റിക്കാർഡുകൾ തയ്യാറാക്കുന്നതിനും അത് സബ്-ഡിവിഷണൽ ആഫീസർ മുഖേന ജില്ലാതലകമ്മിറ്റിക്ക് ഒരു അന്തിമ തീരുമാനത്തിനായി അയച്ചുകൊടുക്കുന്നതിനുമായി സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(4) സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള ഏതൊരാൾക്കും സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ ജില്ലാതല കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കാവുന്നതും ജില്ലാതലകമ്മിറ്റി അങ്ങനെയുള്ള ഹർജി പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമസഭയുടെ പ്രമേയത്തിനെതിരായി യാതൊരു ഹർജിയും സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കപ്പെടുകയും

പരിഗണിക്കപ്പെടുകയും ചെയ്തിട്ടല്ലാതെ ജില്ലാതല കമ്മിറ്റിയുടെ മുമ്പാകെ നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, അങ്ങനെയുള്ള യാതൊരു ഹർജിയും പരാതിക്കാരനെതിരെ, അയാൾക്ക് തന്റെ കേസ് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ തീർപ്പാക്കുവാൻ പാടുള്ളതല്ല.

(5) സംസ്ഥാന സർക്കാർ, സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റി തയ്യാറാക്കിയ വനാവകാശങ്ങളുടെ റിക്കാർഡ് പരിഗണിക്കുന്നതിനും അന്തിമമായി അംഗീകരിക്കുന്നതിനും ആരു ജില്ലാതല കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(6) വനാവകാശ റിക്കാർഡിന്മേലുള്ള ജില്ലാതല കമ്മിറ്റിയുടെ തീരുമാനം അന്തിമവും ബാധകമായിരിക്കുന്നതും ആണ്.

(7) സംസ്ഥാന സർക്കാർ, വനാവകാശങ്ങൾ അംഗീകരിക്കലും നിക്ഷിപ്തമാക്കലും പ്രക്രിയ മോണിറ്റർ ചെയ്യുന്നതിനും നോഡൽ ഏജൻസിക്ക്, ആ ഏജൻസി ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിട്ടേണുകളും റിപ്പോർട്ടുകളും സമർപ്പിക്കാവുന്നതിനും, ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപവൽക്കരിക്കേണ്ടതാണ്.

(8) സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിയിലും ജില്ലാതല കമ്മിറ്റിയിലും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയിലും നിർണ്ണയിക്കാവുന്ന പ്രകാരത്തിൽ, സംസ്ഥാന സർക്കാരിന്റെ റവന്യൂ, വനം, ഗോത്രവർഗ്ഗകാര്യങ്ങൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട പഞ്ചായത്തീരാജ് സ്ഥാപനങ്ങളാൽ ഉചിതമായ തലങ്ങളിൽ നിയമിക്കപ്പെട്ട, പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ മൂന്ന് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതും ആ മൂന്നംഗങ്ങളിൽ രണ്ടുപേർ പട്ടികഗോത്ര അംഗങ്ങൾ ആയിരിക്കേണ്ടതും കുറഞ്ഞത് ഒരാൾ ഒരു വനിത ആയിരിക്കേണ്ടതുമാണ്.

(9) സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിയുടേയും ജില്ലാതല കമ്മിറ്റിയുടേയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഘടനയും ചുമതലകളും അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അവ പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം 5

## കുറ്റകൃത്യങ്ങളും ശിക്ഷകളും

(7) ഈ ആക്റ്റിൻ കീഴിലുള്ള അധികാരസ്ഥാനങ്ങളിലേയും കമ്മിറ്റികളിലേയും അംഗങ്ങളാലോ ഉദ്യോഗസ്ഥൻമാരാലോ ഉള്ള കുറ്റകൃത്യങ്ങൾ- ഏതെങ്കിലും അധികാരസ്ഥാനമോ കമ്മിറ്റിയോ അല്ലെങ്കിൽ അങ്ങനെയുള്ള അധികാരസ്ഥാനത്തിലേയോ അല്ലെങ്കിൽ കമ്മിറ്റിയിലേയോ ഉദ്യോഗസ്ഥനോ അംഗമോ വനാവകാശങ്ങൾ അംഗീകരിക്കൽ സംബന്ധിച്ച് ഈ ആക്റ്റിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥയെ ഉല്ലംഘിക്കുന്നിടത്ത് അതോ അല്ലെങ്കിൽ അവരോ ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റകൃത്യത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കേണ്ടതിനും, ആയിരം രൂപയോളം ആകാവുന്ന പിഴയോടുകൂടി ശിക്ഷിക്കപ്പെടേണ്ടതിനും അർഹരാകുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിക്കുന്ന യാതൊന്നും ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള അധികാര സ്ഥാനങ്ങളിലേയോ കമ്മിറ്റിയിലേയോ ഏതെങ്കിലും അംഗമോ വകുപ്പുതലവനോ ഏതെങ്കിലും ആളോ, കുറ്റകൃത്യം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റ കൃത്യം ചെയ്യപ്പെടുന്നതു തടയുവാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ യാതൊരു ശിക്ഷയ്ക്കും അർഹനായിരിക്കുന്നതല്ല.

(8) കുറ്റകൃത്യങ്ങൾക്ക് നടപടിയെടുക്കൽ- യാതൊരു കോടതിയും, ഗ്രാമസഭയുടെ പ്രമേയവുമായി ബന്ധപ്പെട്ട ഒരു തർക്കത്തിന്റെ സംഗതിയിൽ, ഏതെങ്കിലും വനവാസികളായ പട്ടികഗോത്രവർഗ്ഗമോ ഏതെങ്കിലും ഉന്നതാധികാരസ്ഥാനത്തിനെതിരെ ഒരു പ്രമേയം വഴി ഗ്രാമസഭയോ സംസ്ഥാനതലമോണിറ്ററിംഗ് കമ്മറ്റിക്ക് അറുപത് ദിവസത്തിനുള്ളിൽ കുറയാത്ത ഒരു നോട്ടീസ് നൽകുകയും സംസ്ഥാനതലമോണിറ്ററിംഗ് കമ്മറ്റി അങ്ങനെയുള്ള അധികാരസ്ഥാനത്തിനെതിരെ നടപടി എടുക്കുകയും ചെയ്തിട്ടില്ലാത്ത പക്ഷം, 7-ാം വകുപ്പുപ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് നടപടി എടുക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം-6

## പലവക

(9) അധികാരസ്ഥാനങ്ങളിലെ അംഗങ്ങൾ മുതലായവർ പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന് -നാലാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള അധികാര സ്ഥാനങ്ങളിലെ ഓരോ അംഗവും ഈ ആക്റ്റിനാലോ അതിൻ കീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്ന മറ്റ് ഏതൊരു ഉദ്യോഗസ്ഥനും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)- ലെ 21ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലുള്ള ഒരു പബ്ലിക് സെർവന്റായി കരുതപ്പെടേണ്ടതാണ്.

(10) ഉത്തമവിശ്വാസ പൂർവ്വംഎടുത്ത നടപടിക്കുള്ള സംരക്ഷണം- (1) ഈ ആക്റ്റിനാലോ അതിൽ കീഴിലോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച്, കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ എതിരായി, യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും മുഖേന സംഭവിച്ചതോ സംഭവിക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നാശനഷ്ടത്തിന് കേന്ദ്ര സർക്കാരിനോ സർക്കാരിനോ അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എതിരായി, യാതൊരു വ്യവഹാരമോ അല്ലെങ്കിൽ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(3) ഈ ആക്റ്റിൻ കീഴിൻ ഉത്തമവിശ്വാസപൂർവ്വംചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് നാലാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള അതിന്റെ ചെയർപേഴ്സനും അംഗങ്ങളും മെമ്പർ സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഉൾപ്പെടെയുള്ള ഏതെങ്കിലും അധികാര സ്ഥാനത്തിന് എതിരായി, യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

11. <u>നോഡൽ ഏജൻസി-</u> ഗോത്രവർഗ്ഗകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ മന്ത്രാലയമോ കേന്ദ്ര സർക്കാർ ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

12. <u>നിർദ്ദേശങ്ങൾ നൽകുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം-</u> നാലാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ അധികാരസ്ഥാനവും ഈ ആക്ടിനാലോ അതിൻ കീഴിലോ ഉള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ലിഖിതമായി നൽകിയേക്കാവുന്ന അങ്ങനെയുള്ള പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായിരിക്കുന്നതാണ്.

13. <u>ആക്റ്റ് മറ്റേതെങ്കിലും നിയമത്തിന് ന്യൂനത വരുത്തുന്നതല്ലെന്ന്</u> - ഈ ആക്റ്റിലും പഞ്ചായത്ത്സ് (എക്സ്റ്റെൻഷൻ ടു ദ ഷെഡ്യൂൾഡ് ഏരിയാസ്) ആക്റ്റ്,1996 (1996-ലെ40)-ലും മറ്റും വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ

ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഉപരിയായതും അവയ്ക്ക് ന്യൂനത വരുത്താത്തതുമാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം -(1)</u> കേന്ദ്ര സർക്കാരിന്, മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്ന ഉപാധിക്ക് വിധേയമായി, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, പ്രത്യേകിച്ച്, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ എല്ലാത്തിനുമോ അല്ലെങ്കിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്-

(ക) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമത്തിന്റെ വിശദാംശങ്ങൾ;

(ഖ) അവകാശവാദങ്ങൾ സ്വീകരിക്കുന്നതിനും അവയെ ഏകീകരിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും 6-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ കീഴിൽ വനാവകാശങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്യപ്പെട്ട ഓരോ അവകാശവാദ പ്രദേശത്തേയും രേഖപ്പെടുത്തുന്ന ഒരു മാപ്പ് തയ്യാറാക്കുന്നതിനുമുള്ള നടപടിക്രമവും ആ വകുപ്പിന്റെ (2) -ാം ഉപവകുപ്പിൽ കീഴിൽ സബ്- ഡിവിഷണൽ കമ്മിറ്റിയ്ക്ക് ഒരു ഹർജി സമർപ്പിക്കുന്ന രീതിയും;

(ഗ) 6-ാം വകുപ്പ് (8) -ാം ഉപവകുപ്പിൽ കീഴിൽ സബ്- ഡിവിഷണൽ കമ്മിറ്റിയിലേക്കും അംഗങ്ങളായി നിയമിക്കപ്പെടേണ്ട സംസ്ഥാന സർക്കാരിന്റെ റവന്യൂ, വനം, ഗോത്രവർഗ്ഗകാര്യങ്ങൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ തലം;

(ഘ) 6-ാം വകുപ്പ് (9) -ാം ഉപവകുപ്പിൽ കീഴിൽ സബ്- ഡിവിഷണൽ കമ്മിറ്റിയുടേയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഘടനയും ചുമതലകളും അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അവർ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ങ) നിർണ്ണയിക്കുവാൻ ആവശ്യപ്പെടാവുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യങ്ങൾ.

3. ഈ ആക്റ്റിൻ കീഴിൽ, കേന്ദ്ര സർക്കാരിനാൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും,അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിലെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ; അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൽ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

## അദ്ധ്യായം 4

## വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാരസ്ഥാനങ്ങളും നടപടിക്രമവും

6. വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റ് പരമ്പരാഗത വനവാസികളിലും വനാവകാശങ്ങൾ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാര സ്ഥാനങ്ങളും അതിന്റെ നടപടിക്രമവും:-

(1) ഈ ആക്റ്റ് പ്രകാരം, ഗ്രാമസഭയുടെ തദ്ദേശാധികാരപരിധിക്കുള്ളിലുള്ള വനവാസികളായ പട്ടികഗോത്രവർഗ്ഗങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും അവകാശവാദങ്ങൾ സ്വീകരിച്ച് അവയെ ഏകീകരിക്കുകയും തിട്ടപ്പെടുത്തുകയും, ശിപാർശ ചെയ്യപ്പെട്ട ഓരോ അവകാശവാദ പ്രദേശങ്ങൾ അങ്ങനെയുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ രേഖപ്പെടുത്തി ഒരു മാപ്പ് തയ്യാറാക്കി നൽകേണ്ടതായ, വ്യക്തിയുടേയോ സമൂഹത്തിന്റേയോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉള്ള വനാവകാശങ്ങളുടെ സ്വഭാവവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കുന്നതിനുള്ള അധികാര സ്ഥാനം ഗ്രാമസഭ ആയിരിക്കുന്നതും ഗ്രമസഭ അതിനുശേഷം അതിലേക്കായി ഒരു പ്രമേയം പാസ്സാക്കേണ്ടതും, അതിനുശേഷം അതിന്റെ ഒരു പകർപ്പ് സബ്-ഡിവിഷണൽ ലൈവൽ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) ഗ്രാമസഭയുടെ പ്രമേയത്താൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സബ്- ഡിവിഷണൽ ലൈവൽ കമ്മിറ്റിക്ക് ഒരു ഹർജി സമർപ്പിക്കാവുന്നതും സബ്- ഡിവിഷണൽ ലൈവൽ കമ്മിറ്റി അങ്ങനെയുള്ള ഹർജി പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്;

എന്നാൽ, അങ്ങനെയുള്ള ഓരോ ഹർജിയും ഗ്രാമസഭ പ്രമേയം പാസ്സാക്കുന്ന തീയതിമുതൽ അറുപത് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

എന്നതുമാത്രമല്ല, അങ്ങനെയുള്ള യാതൊരു ഹർജിയും പരാതിക്കാരനെതിരെ, അയാൾക്കു തന്റെ കേസ് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകിയിട്ടില്ലാത്ത പക്ഷം തീർപ്പാക്കുവാൻ പാടുള്ളതല്ല.

(3) സംസ്ഥാന സർക്കാർ, ഗ്രാമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയം പരിശോധിക്കുന്നതിനും വനാവകാശങ്ങളുടെ റിക്കാർഡുകൾ തയ്യാറാക്കുന്ന തിനും അത് സബ്ഡിവിഷണൽ ആഫീസർ മുഖേന ജില്ലാതലകമ്മിറ്റിക്ക് ഒരു അന്തിമ തീരുമാനത്തിനായി അയച്ചുകൊടുക്കുന്നതിനുമായി ഒരു സബ്-ഡിവിഷണൽ ലെവൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

അനുബന്ധം-2

**FOREST RIGHT Act – 2006**
**Progress Report as on 31.03.2017**

**PROFORMA –I**
**Individual Rights**

| District | No of FRCs constituted | No of claims received by FRCs till the end of previous month | No of claims received by FRCsduring the month | Total No of claims received by FRCs so far | No of claims passed by Gramasabha | No of claims rejected by Gramasabha | No of claims pending with Gramasabha | No of claims passed by SDLC | No of claims rejected by SDLC | No of claims pending with SDLC | No of claims passed by DLC | No of claims rejected by DLC | No of claims pending with DLC | No of titles issued | No of cases in which titles is not issued | Extent of land in acres | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| TVM | 38 | 5695 | 0 | 5695 | 5695 | 0 | 0 | 4800 | 441 | 454 | 4794 | 0 | 6 | 4633 | 161 | 6478.38 | |
| Kollam | 14 | 1214 | 0 | 1214 | 1162 | 52 | 0 | 1162 | 0 | 0 | 1158 | 4 | 0 | 1158 | 0 | 983.76 | |
| Pathanamthitta | 22 | 1130 | 0 | 1130 | 1069 | 61 | 0 | 948 | 121 | 0 | 940 | 8 | 0 | 861 | 79 | 589.3 | |
| Kottayam | 12 | 1704 | 0 | 1704 | 1553 | 110 | 41 | 1441 | 112 | 0 | 1377 | 63 | 1 | 1377 | 0 | 1538.64 | |
| Idukki | 93 | 11201 | 0 | 11201 | 10099 | 1102 | 0 | 7864 | 41 | 2194 | 7862 | 2 | 0 | 7729 | 133 | 14170.36 | |
| Ernakulam | 14 | 1553 | 0 | 1553 | 1415 | 89 | 49 | 1320 | 95 | 0 | 1159 | 161 | 0 | 1042 | 117 | 2105.28 | |
| Thrissur | 36 | 1341 | 0 | 1341 | 1341 | 0 | 0 | 1332 | 9 | 0 | 816 | 465 | 51 | 810 | 6 | 805.47 | |
| Palakkad | 155 | 4846 | 262 | 5108 | 5108 | 0 | 0 | 1529 | 1979 | 1600 | 1346 | 183 | 0 | 1222 | 124 | 1572.64 | |
| Malappuram | 36 | 1493 | 0 | 1493 | 1493 | 0 | 0 | 948 | 308 | 237 | 948 | 0 | 0 | 945 | 3 | 710.36 | |
| Kozhikode | 5 | 20 | 0 | 20 | 11 | 9 | 0 | 11 | 0 | 0 | 11 | 0 | 0 | 11 | 0 | 6.87 | |
| Wayanad | 109 | 6937 | 0 | 6937 | 4458 | 2479 | 0 | 4458 | 0 | 0 | 4450 | 8 | 0 | 4262 | 188 | 3227.06 | |
| Kannur | 57 | 1037 | 0 | 1037 | 1032 | 5 | 0 | 1031 | 1 | 0 | 1031 | 0 | 0 | 1031 | 0 | 1590 | |
| Total | 591 | 38171 | 262 | 38433 | 34436 | 3907 | 90 | 26844 | 3107 | 4485 | 25892 | 894 | 58 | 25081 | 811 | 33778.11 | |

**FOREST RIGHT Act – 2006** **PROFORMA –II**

**Progress Report as on 31.03.2017** **Community Rights**

| District | No of FRCs constituted | No of claims received by FRCs till the end of previous month | No of claims received by FRCsduring the month | Total No of claims received by FRCs so far | No of claims passed by Gramasabha | No of claims rejected by Gramasabha | No of claims pending with Gramasabha | No of claims passed by SDLC | No of claims rejected by SDLC | No of claims pending with SDLC | No of claims passed by DLC | No of claims rejected by DLC | No of claims pending with DLC | No of titles issued | DLC passed but titles not issued | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| TVM | 38 | 169 | 0 | 169 | 169 | 0 | 0 | 0 | 72 | 97 | 0 | 0 | 0 | 0 | 0 | |
| Kollam | 14 | 14 | 0 | 14 | 14 | 0 | 0 | 14 | 0 | 0 | 14 | 0 | 0 | 4 | 10 | |
| Pathanamthitta | 22 | 20 | 0 | 20 | 20 | 0 | 0 | 15 | 5 | 0 | 15 | 0 | 0 | 0 | 15 | |
| Kottayam | 12 | 2 | 0 | 2 | 2 | 0 | 0 | 2 | 0 | 0 | 2 | 0 | 0 | 2 | 0 | |
| Idukki | 93 | 84 | 0 | 84 | 84 | 0 | 0 | 84 | 0 | 0 | 0 | 0 | 84 | 0 | 0 | |
| Ernakulam | 14 | 12 | 0 | 12 | 9 | 0 | 3 | 9 | 0 | 0 | 9 | 0 | 0 | 9 | 0 | |
| Thrissur | 36 | 52 | 0 | 52 | 52 | 0 | 0 | 52 | 0 | 0 | 52 | 0 | 0 | 21 | 31 | |
| Palakkad | 155 | 80 | 30 | 110 | 110 | 0 | 0 | 50 | 0 | 60 | 49 | 0 | 1 | 0 | 49 | |
| Malappuram | 36 | 133 | 0 | 133 | 133 | 0 | 0 | 74 | 10 | 49 | 32 | 13 | 29 | 0 | 32 | |
| Kozhikode | 5 | 7 | 0 | 7 | 4 | 0 | 3 | 4 | 0 | 0 | 4 | 0 | 0 | 4 | 0 | |
| Wayanad | 109 | 321 | 0 | 321 | 151 | 170 | 0 | 125 | 13 | 13 | 124 | 1 | 0 | 124 | 0 | |
| Kannur | 57 | 31 | 0 | 31 | 31 | 0 | 0 | 29 | 2 | 0 | 27 | 2 | 0 | 0 | 27 | |
| **Total** | 591 | 925 | 30 | 955 | 779 | 170 | 6 | 458 | 102 | 219 | 328 | 16 | 114 | 164 | 164 | |

**FOREST RIGHT Act – 2006** **PROFORMA –III**

**Progress Report as on 31.03.2017** **Development Right**

| District | No of FRCs constituted | No of claims received by FRCs till the end of previous month | No of claims received by FRCsduring the month | Total No of claims received so far | No of claims rejected by Gramasabha | No of claims pending with Gramasabha | No of claims passed by Gramasabha and sent to Forest Dept | No of claims rejected by Forest Dept | No of claims pending with Forest Dept | No of claims passed by Forest Dept | No of claims which Development Rights are issued | Extent of land | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5(3+4) | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| TVM | 38 | 143 | 0 | 143 | 0 | 1 | 142 | 0 | 1 | 141 | 141 | 32.7 | |
| Kollam | 14 | 24 | 0 | 24 | 0 | 0 | 24 | 0 | 20 | 4 | 4 | 0.247 | |
| Pathanamthitta | 22 | 11 | 0 | 11 | 0 | 0 | 11 | 7 | 0 | 4 | 1 | 2.223 | |
| Kottayam | 12 | 59 | 0 | 59 | 0 | 0 | 59 | 49 | 5 | 5 | 5 | 0.049 | |
| Idukki | 93 | 184 | 0 | 184 | 0 | 0 | 184 | 0 | 154 | 30 | 30 | 20.329 | |
| Ernakulam | 14 | 42 | 0 | 42 | 0 | 0 | 42 | 0 | 0 | 42 | 42 | 14.487 | |
| Thrissur | 36 | 23 | 6 | 29 | 0 | 0 | 29 | 0 | 1 | 28 | 28 | 21.789 | |
| Palakkad | 155 | 46 | 0 | 33 | 0 | 33 | 0 | 0 | 0 | 0 | 0 | 0 | |
| Malappuram | 36 | 38 | 0 | 38 | 0 | 0 | 38 | 0 | 0 | 38 | 38 | 11.59 | |
| Kozhikode | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| Wayanad | 109 | 176 | 0 | 176 | 0 | 0 | 176 | 12 | 5 | 159 | 159 | 75.235 | |
| Kannur | 57 | 17 | 0 | 17 | 0 | 0 | 17 | 10 | 0 | 7 | 7 | 7.962 | |
| **Total** | 591 | 763 | 6 | 756 | 0 | 34 | 722 | 78 | 186 | 458 | 455 | 187 | |

## നാവകാശംനിയമം 2006- വിശദീകരണ രേഖ /നോട്ട്

1. എന്നാണ് ഈ നിയമം നിലവിലിൽ വന്നത്? ആരാണ് നടപ്പിലാക്കുന്നത്?

2006 ഡിസംബർ 27ന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച ഈ പാർലമെന്റ് നിയമം 2007 ജനുവരി 2ന് പ്രസിദ്ധീകരിക്കപ്പെട്ടു. ഇതു നടപ്പിലാക്കാനാവശ്യമായ കേന്ദ്ര നടപടിച്ചട്ടങ്ങൾ2008 ജനുവരി 1 ന് ലഭ്യമായി .ചട്ടങ്ങളിൽ അത്യാവശ്യമായ ചില ഭേദഗതികൾ വരുത്തി കൊണ്ട് 06/09/2012ൽ കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആദിവാസി വകുപ്പാണ് ഈ നിയമം നടപ്പിലാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത്. സംസ്ഥാന തലത്തിൽ പട്ടിക വർഗ്ഗവികസന വകുപ്പും.

2. ഈ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

പ്രധാനമായും ഈ നിയമം രണ്ടു കാര്യങ്ങളാണ് വിഭാവനം ചെയ്യുന്നത്

(1) തലമുറകളായി വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും, വനഭൂമിയിലും വനവിഭവങ്ങൾക്കുമേലുള്ള അവരുടെ രേഖപ്പെടുത്തിയിട്ടില്ലാത്ത അവകാശങ്ങൾ രേഖപ്പെടുത്തി നൽകുക;

(2) അപ്രകാരം രേഖപ്പെടുത്തുവാനുതകുന്ന തെളിവുകളുടെ രൂപരേഖ തയ്യാറാക്കുക.

3. പരമ്പരാഗതമായി വനങ്ങളിൽ ജീവിക്കുന്നവർ എന്നുവെച്ചാൽ ആരൊക്കെയാണ്?

ഈ നിയമപ്രകാരം 13.12.2005 വരെ തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന ആദിവാസി കുടുംബങ്ങളാണ് മുഖ്യമായും ഉൾപ്പെടുക. മേൽ പറഞ്ഞ തീയതികളിൽ 75 കൊല്ലക്കാലമെങ്കിലും (അല്ലെങ്കിൽ 25 കൊല്ലം വീതമുള്ള തുടർച്ചയായ മൂന്ന് തലമുറകൾ) വനാശ്രയരായി വനത്തിനകത്ത് ജീവിച്ചു പോരുന്നവരും ഇതിൽ ഉൾപ്പെടും. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റ് പരമ്പരാഗത വനവാസികൾ എന്ന വിഭാഗം ഇല്ല എന്ന് സംസ്ഥാന സർക്കാർ, 25.02.2008 ലെ 207-ാം നമ്പർ ഗവൺമെന്റ് ഉത്തരവു പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

**അവകാശങ്ങളും ഉത്തരവാദിത്വങ്ങളും**

4. ഈനിയമപ്രകാരം വനഭൂമിയിൽ എന്തൊക്കെ അവകാശങ്ങളാണ് വനവാസികൾക്കുള്ളത്?

ഈ നിയമം മൂന്ന് രീതിയിലുള്ള അവകാശങ്ങൾ പരാമർശിക്കുന്നു.

(1) വ്യക്തിഗത അവകാശം (Individual Rights)

(2) പൊതു അവകാശങ്ങൾ / സമൂഹവകാശം (Community Rights)

(3) വികസന അവകാശങ്ങൾ (Development Rights)

5. വ്യക്തിഗതമായ അവകാശങ്ങൾ എന്നാൽ എന്തെല്ലാമാണ്?

(1) ഓരോകുടുംബവും/സമൂഹവും സ്വന്തം അവകാശങ്ങൾക്കായി അനുഭവിച്ചു പോരുന്ന വനഭൂമി 2005 ഡിസംബർ 13 ന് ഏതാണോ അതിന് കുടുംബത്തിന്റെ / സമൂഹത്തിന്റെ പേരിൽ കൈവശാവകാശം കിട്ടും.

(2) പരമാവധി 4 ഹെക്ടർ ഭൂമി വരെ മാത്രമേ ഇപ്രകാരം അവകാശം ലഭിക്കുകയുള്ളൂ.

(3) അവകാശികൾ വിവാഹിതരായ പക്ഷം ഭാര്യാഭർത്താക്കന്മാരുടെ പേരിൽ കൂട്ടായും, അല്ലാത്തപക്ഷം ഒറ്റയ്ക്ക് സ്വന്തം പേരിലും ഈ ഭൂമിയുടെ പ്രമാണ പത്രം ലഭിക്കും

(4) 1980-ലെ വന (സംരക്ഷണ) ആക്റ്റ് ഉൾപ്പെടെ മറ്റ് എല്ലാവിധ ബാധ്യതകളിൽ നിന്നും പട്ടികഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്റ്റ് 2006 ൽ നിർദ്ദേശിച്ചിട്ടുള്ളവ ഒഴികെ പ്രസ്തുത വനഭൂമിയെ സൗജന്യമായി ഒഴിവാക്കി അവകാശികൾക്ക് നൽകുന്നതാണ്.

(5) മക്കൾക്ക് ഈ ഭൂമിയിൽ പാരമ്പര്യമായി അവകാശം ലഭിക്കും.

(6) മക്കൾ ഇല്ലെങ്കിൽ ഏറ്റവും അടുത്തുള്ള ബന്ധുക്കളാവും അവകാശികൾ.

(7) മറ്റ് ഏതൊരു രീതിയിലുള്ള കൈമാറ്റവും നിയമവിരുദ്ധവും നിയമസാധുത ഇല്ലാത്തതുമാണ്.

(8) ഇവിടെ താമസിക്കുകയും സ്വന്തമായി കൃഷി ചെയ്ത് അനുഭവങ്ങൾ എടുക്കുകയും ആവാം; കൂടാതെ

(9) സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വനവാസികൾക്ക് പകരം ഭൂമി നൽകാതെ വനഭൂമിയിൽ നിന്ന് മാറ്റിയിട്ടുണ്ടെങ്കിലും, പ്രസ്തുത പദ്ധതി അഞ്ച് വർഷക്കാലയളവിനുള്ളിൽ നടപ്പിലാക്കിയിട്ടില്ല എങ്കിലും ആ ഭൂമി വനവാസികൾക്ക് അവകാശപ്പെട്ടതാണെന്ന് ഈ നിയമം അനുശാസിക്കുന്നുണ്ട്.

(10) 2005 ഡിസംബർ 13 ന് മുമ്പ് അർഹമായ പുനരധിവാസം ലഭിക്കാതെ വനവാസികളാരെങ്കിലുംസ്വന്തം ഭൂമിയിൽ നിന്നും നിയമവിധേയം അല്ലാതെ പുറത്താക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് സ്വന്തം ഇടത്തിലോ മറ്റേതെങ്കിലും ഇടത്തിലോ മാന്യമായ പുനരധിവാസത്തിന് അവകാശം ഉണ്ട്.

(11) തദ്ദേശാധികാര സ്ഥാപനങ്ങൾ വഴിയോ, സംസ്ഥാന സർക്കാർ മുഖേനയോ നൽകിയ വനഭൂമിയിൽ മേൽ നൽകിയ പട്ടയങ്ങളേയോ പാട്ടങ്ങളേയോ ഗ്രാന്റുകളേയോ അവകാശ പ്രമാണങ്ങളായി മാറ്റാനുള്ള അവകാശം.

6. <u>സമൂഹപരമായ അവകാശങ്ങൾ എന്നാൽ ഏതെല്ലാം തരത്തിലുള്ള അവകാശങ്ങളാണ്?</u>

(1) പരമ്പരാഗതമായി അനുഭവിച്ചുപോരുന്ന ഏതുതരം സമൂഹാവകാശങ്ങളും (വന്യമൃഗങ്ങളെ നായാടാൻ ഉള്ള അവകാശം ഒഴികെ) ഈ നിയമപ്രകാരം അനുവദനീയമാണ്.

(2) ചെറുകിട വനവിഭവങ്ങൾ (സ്വന്തം ആവശ്യത്തിനും സംസ്ക്കരിച്ചോ അല്ലാതെയോ വിപണനം ചെയ്യുവാനുള്ള അവകാശം), മത്സ്യം തുടങ്ങിയ മറ്റു ജലലഭ്യവിഭവങ്ങൾ, കന്നുകാലി മേയ്ക്കൽ, ദേശാടനവുമായി ബന്ധപ്പെട്ട അവകാശങ്ങൾ എന്നിവ.

(3) പ്രാക്തന ഗോത്രവിഭാഗങ്ങൾക്കും മറ്റ് പൂർവ്വ- കാർഷിക സമൂഹങ്ങൾക്കും അവരുടെ ആവാസ മേഖലകളിൽ സ്വന്തമായി വ്യാപരിക്കുന്നതിനുള്ള അവകാശം;

(4) പരമ്പരാഗതമായി സംരക്ഷിച്ചുപോരുന്ന ജൈവവൈവിധ്യാനുബന്ധിയായതും അല്ലാത്തതുമായ വനവിഭവങ്ങളും മറ്റ് പാരമ്പര്യ അറിവുകളും സമൂഹത്തിന്റെ പൊതുസ്വത്തായി വയ്ക്കുവാനുള്ള അവകാശം; കൂടാതെ

(5) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതുതരം അവകാശങ്ങളും (പരമ്പരാഗതവും സാമുദായികവുമായ) ഈ നിയമപ്രകാരം വനവാസികൾക്ക് ലഭ്യമാകും.

7. <u>വ്യക്തിപരമായും സാമൂഹികപരമായും വനവാസിക്ക് / വനവാസികൾക്ക് വനഭൂമി പതിച്ചു കിട്ടുവാനുള്ള അവകാശങ്ങൾ പ്രതിപാദിച്ചുവല്ലോ, എന്നാൽ ഇപ്രകാരമല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഈ നിയമപ്രകാരം വനഭൂമി ലഭിക്കുവാൻ നിർവ്വാഹമുണ്ടോ?</u>

ഉണ്ട്. ചുവടെ പ്രതിപാദിക്കുന്ന പതിമൂന്ന് അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി ഉപയോഗപ്പെടുത്താൻ ഈ നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭ ശുപാർശ ചെയ്യുന്ന ഒരു ഹെക്ടറിൽ കുറഞ്ഞ വനഭൂമിയേ പ്രസ്തുത ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ നിർവ്വാഹമുള്ളൂ. കൂടാതെ ഒരു ഹെക്ടറിൽ നിന്ന് 75 ലേറെ മരങ്ങൾ മുറിക്കുവാൻ പാടില്ലെന്ന് ഈ നിയമം അനുശാസിക്കുന്നു.

(1) വിദ്യാലയങ്ങൾ

(2) ചികിത്സാലയങ്ങൾ

(3) അംഗൻവാടി

(4) ന്യായവിലകട

(5) വൈദ്യുത/ ടെലിഫോൺവഴികൾ

(6) ജലസംഭരണികൾ

(7) കുടിവെള്ളവിതരണ പദ്ധതികൾ

(8) മഴവെള്ളസംഭരണികൾ

(9) ചെറുകിട ജലസേചന വഴികൾ

(10) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

(11) തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

(12) റോഡുകൾ

(13) സാമൂഹ്യകേന്ദ്രങ്ങൾ

8. <u>ഈ നിയമം നിലവിൽ വരുന്നതോടെ തടിയേതര വനവിഭവ ശേഖരണത്തിൽ ഇപ്പോൾ നിലവിലുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായും ഇല്ലാതാകുമോ?</u>

ഇല്ല. കാരണം തടിയേതര വന വിഭവങ്ങൾക്ക് വംശഹാനി വരാതെയുള്ള ശേഖരണ രീതികൾ അനുവർത്തിക്കാനുള്ള ബാദ്ധ്യത ഓരോ വനാവകാശി സമൂഹത്തിനും ഉണ്ടെന്ന് ഈ നിയമം അനുശാസിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചില ഉത്തരവാദിത്വങ്ങൾ ചുവടെ ചേർക്കുന്നു.

(1) തടിയേതര വന വിഭവങ്ങളുടെ നിലനിൽപ്പിന് ഒരു തരത്തിലും ഹാനികരമല്ലാത്ത ശേഖരണരീതികൾ അനുവർത്തിക്കണം.

(2) അവരവരുടെ പാരമ്പര്യ വന പ്രദേശത്തു നിന്നേ ശേഖരണം നടത്തുന്നുള്ളൂവെന്ന് ഉറപ്പു വരുത്തണം.

(3) സമൂഹത്തിന്റെ പൊതു വിഭവമായതിനാൽ ശേഖരണത്തിന്റേയും വിഭവ പരിപാലനത്തിന്റേയും കാര്യത്തിൽ സമൂഹം പൊതു തീരുമാന പ്രകാരം പ്രവർത്തിക്കണം (കൂട്ടുത്തരവാദിത്വം നിർബന്ധമായി വേണമെന്നർത്ഥം)

9. <u>ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന വനഭൂമികൾ ഏവ? ഏതെങ്കിലും തരത്തിലുള്ള വനഭൂമികളിൽ ഈ നിയമം ബാധകമല്ലാതുണ്ടോ?</u>

എല്ലാ വനഭൂമികളിലും ഈ നിയമം ബാധകമാണ്. നിയമപ്രകാരം വനഭൂമിയായി പ്രഖ്യാപിക്കപ്പെട്ട് വനം വകുപ്പിന്റെ അധീനതയിലിരിക്കുന്ന

ഭൂമിയിലും അതിനപ്പുറത്തുള്ള എല്ലാ വനഭൂമിയിലും, വനഭൂമി സംബന്ധിച്ച തർക്ക ഭൂമികളിലും ഈ നിയമം സാധുവാണ്. എന്നാൽ വനങ്ങളുടേയും വന്യജീവി ജാലങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുവാനുള്ള ബാധ്യത കൂടി വനാവകാശങ്ങളിൽ ആ നിയമം അർപ്പിക്കുന്നുണ്ട്. ഇക്കാരണത്താൽ വന്യ ജീവി വിഹാര മേഖലകളിലുള്ള (Critical wildlife habitat എന്നറിയപ്പെടുന്ന) വനമേഖലകളിലെ വനാവകാശങ്ങളെ വ്യത്യാസപ്പെടുത്തുവാനോ പുനർ നിർണ്ണയിക്കുവാനോ ഉള്ള അധികാരം ഈ നിയമം അനുശാസിക്കുന്നുണ്ട്. അതായത്, പ്രസ്തുത വനഭൂമിയിൽ ഏതെങ്കിലും ആദിമ സമൂഹമുള്ള പക്ഷം അവരെ അവുടുന്ന് മാറ്റി പാർപ്പിക്കേണ്ടിവരും. എന്നാൽ താഴെ പറയുന്ന 6 ഘടകങ്ങൾ തൃപ്തികരമല്ലാത്തപക്ഷം യാതൊരു വനവാസിയേയും മാറ്റിപ്പാർപ്പിക്കുവാൻ പാടുള്ളതല്ല എന്നും നിയമം അനുശാസിക്കുണ്ട്.

(1) പട്ടികഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്റ്റ് 2006 പ്രകാരം വനാവകാശങ്ങൾ നൽകുവാനുള്ള നടപടി ക്രമങ്ങൾ പരിഗണനയിലുള്ള വനഭൂമിയിൽ പൂർത്തിയായിരിക്കണം.

(2) 1972 ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരം സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികൾ പ്രസ്തുത വനമേഖലകളിൽ വനാവകാശികളുടെ സാന്നിധ്യം വന്യജീവികൾക്കും അവയുടെ വാസസ്ഥലങ്ങൾക്കും ഭീഷണിയാകുമെന്ന് സ്ഥാപിച്ചിരിക്കണം.

(3) സഹവർത്തിത്വം പോലുള്ള മറ്റു പോം വഴികൾ ഇല്ല എന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കണം.

(4) കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയമങ്ങൾക്കും നയങ്ങൾക്കും അനുസൃതമായി പുനരധിവസിക്കപ്പെടുന്നവർക്ക് സുരക്ഷിത ജീവിതവൃത്തി ഉറപ്പാക്കിക്കൊണ്ടുള്ള പുനരധിവാസ പദ്ധതി തയ്യാറാക്കി അറിയിച്ചിരിക്കണം.

(5) പ്രസ്തുത പുനരധിവാസത്തിന് ഗ്രാമസഭയുടെ സമ്മതപത്രം രേഖാമൂലം കിട്ടിയിരിക്കണം; കൂടാതെ

(6) പുനരധിവാസ പദ്ധതിയിൽ വാഗ്ദാനം ചെയ്തിട്ടുള്ള ഭൂമി കണ്ടെത്തലും, മറ്റു സൗകര്യങ്ങളും പൂർത്തിയാകുന്നതു വരെ യാതൊരുവിധ പുനരധിവാസ നടപടികളും നടത്തുവാൻ പാടുള്ളതല്ല എന്ന് ഈ നിയമം അനുശാസിക്കുന്നുണ്ട്.

കുറിപ്പ്: തൽഫലമായി ഒഴിപ്പിച്ചെടുക്കപ്പെട്ട വന്യജീവി വ്യവഹാരമേഖലകൾ യാതൊരു കാരണവശാലും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

10. വനാവകാശം കിട്ടിക്കഴിഞ്ഞാൽ അവകാശിയുടെ ഉത്തരവാദിത്വം എന്തെല്ലാമായിരിക്കും?

(1) വനം- വന്യജീവി സംരക്ഷണവും ജൈവവൈവിധ്യ പരിപാലനവും വനാവകാശിയുടെ ഭാരിച്ച ഉത്തരവാദിത്വമായി മാറും.

(2) അവരവരുടെ വനാതിർത്തിയിൽ വരുന്ന പ്രദേശങ്ങളുടേയും, പ്രത്യേകിച്ച് നീർതടങ്ങളും പരിസ്ഥിതി സംവേദിത പ്രദേശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

(3) അവരവരുടെ വാസസ്ഥലങ്ങളുടെ സാംസ്ക്കാരികവും സ്വാഭാവികവുമായ പൈതൃകത്തെ ബാധിക്കുന്ന എതെങ്കിലും തരത്തിലുള്ള നശീകരണ പ്രവർത്തനങ്ങളിൽ നിന്നും വാസസ്ഥലം സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം

(4) തടിയേതര വനവിഭവശേഖരണം, വനം വ്യജീവിസംരക്ഷണം ജൈവവൈവിധ്യ പരിപാലനം എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗ്രമസഭയുടെ തീരുമാനം നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

(5) ഓരോ വനാവകാശി സമൂഹവും അവരവരുടെ ബാധ്യതകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ സ്വയമേ പ്രവർത്തനക്ഷമമാകണം. വന വിഭവ ശേഖരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും വനം, വന്യജീവി, ജൈവവൈവിധ്യം എന്നിവയെ പ്രതികൂലമായി ബാധിക്കുന്ന വനാശ്രിത സമൂഹത്തിന്റെ പ്രവർത്തികളെ തടയാനും ഗ്രാമ സഭകൾക്ക് അധികാരമുണ്ട്.

**നടപടിക്രമങ്ങൾ**

11. <u>വനാവകാശ രേഖ അവകാശികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്? ഏതൊക്കെ സമിതികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്?</u>

(1) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഗ്രാമസഭകളാണ് വനാവകാശം സംബന്ധിച്ച പ്രാരംഭ നടപടി ക്രമങ്ങൾ തുടങ്ങേണ്ടത്.

(2) വനത്തോടു ചേർന്ന ഓരോ ഗ്രാമസഭയും അവരുടെ വനാവകാശ നിർണ്ണയ സമിതിയെ തെരെഞ്ഞെടുക്കും(എഫ്.ആർ.സി)

(3) തുടർന്ന് വനാവകാശ നിർണ്ണയ സമിതി പൊതു അറിയിപ്പ് കൊടുക്കും.

(4) വനാവകാശമുന്നയിക്കുന്നവർ തെളിവുകൾ സഹിതം അപേക്ഷ സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. (അപേക്ഷഫോറത്തിന്റെ മാതൃതയ്ക്ക് അനുബന്ധം ഒന്നും, രണ്ടും, മൂന്നും കാണുക). താഴെ പറയുന്ന മൂന്ന് വിഷയങ്ങൾ സംബന്ധിച്ച രേഖകളാണ് തെളിവു സഹിതം ബോധ്യപ്പെടുത്തേണ്ടത്.

- 13-12-2005 വരെ പാരമ്പര്യ വനവാസി കുടുംബം അവിടുത്തെ സ്ഥലവാസികളായിരുന്നു എന്നതിന്റെ രേഖ.
- 13-12-2005 വരെ കൈവശം വെച്ചനുഭവിച്ച വനഭൂമിയുടെ വിശദവിവരങ്ങൾ (ഉദാ: കൃത്യസ്ഥലം, അതിരുകൾ,അതിലുള്ള കൃഷി/ വീട്, എങ്ങനെ കൈവശം വന്നു, കൈവശം വന്നിട്ട് എത്ര കാലമായി, മറ്റു ഭൂമി എവിടെയെങ്കിലും സ്വന്തമായി ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ,
- പാരമ്പര്യമായി ചെറുകിട വനവിഭവ ശേഖരണം, ആചാരാനുഷ്ഠാനങ്ങൾ, എന്നിവയ്ക്കായി നേരിട്ടു ബന്ധപ്പെട്ടിരുന്ന വനഭാഗങ്ങൾ; ഏതെങ്കിലും വനത്തിൽ നിന്നും കുടിയിറക്കപ്പെട്ട് പുനരധിവാസം ലഭിക്കാത്ത കുടുംബങ്ങൾ ആണെങ്കിൽ അതിന്റെ സാഹചര്യങ്ങൾ; പാരമ്പര്യ വാസസ്ഥലങ്ങൾ/കൃഷിയിടങ്ങൾ, എന്നിവ സംബന്ധിച്ച തെളിവുകൾ.

(5) അപേക്ഷകയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്ന പക്ഷം അവകാശ നിർണ്ണയ സമിതി ഗ്രാമസഭയിൽ അവതരിപ്പിച്ച് തീരുമാനങ്ങൾ എഴുതി രേഖപ്പെടുത്തി ഗ്രാമസഭ മുഖാന്തിരം സബ്ഡിവഷണൽ സമിതിക്ക് സമർപ്പിക്കണം.

(6) സബ്ഡിവഷണൽ സമിതി ഗ്രാമസഭയുടെ തീരുമാനങ്ങൾ പരിശോധിച്ച് പൊതു ജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തും.

(7) ഗ്രാമസഭയുടെ തീരുമാനങ്ങളിന്മേൽ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അക്കാര്യം സബ്ഡിവഷണൽ സമിതി മുമ്പാകെ അറുപത് ദിവസത്തിനുള്ളിൽ സമർപ്പിക്കാം.

(8) സബ്ഡിവഷണൽ സമിതി ഇത്തരം പരാതി കേട്ട് ഉചിതമായ അന്വേഷണങ്ങൾക്ക് ശേഷം തീരുമാനമെടുത്ത് ജില്ലാ സമിതിയ്ക്ക് രേഖകൾ നൽകും.

(9) പരാതികൾ ബോധ്യപ്പെടുത്താനുള്ള അവസരം ജില്ലാ സമിതിയിലും അറുപത് ദിവസം ഉണ്ട്. (കുറിപ്പ്: എന്നാൽ സബ്ഡിവഷണൽ കമ്മിറ്റിയിൽ പരാതിപ്പെട്ട കേസുകൾ മാത്രമേ ജില്ലാസമിതി പരിഗണനയിൽ എടുക്കുകയുള്ളൂ. അതു പോലെ തന്നെ പരാതിക്കാരന് തന്റെ ഭാഗം സമർത്ഥിക്കുവാനുള്ള അവസരം നൽകിയതിനുശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കുവാൻ പാടുള്ളൂ).

(10) എല്ലാ പരാതികളും കേട്ട് വിലയിരുത്തിയതിനുശേഷം ജില്ലാ സമിതി വനാവകാശങ്ങളെ സംബന്ധിച്ച അന്തിമ തീരുമാനം എടുത്ത് വിജ്ഞാപനം ഇറക്കും.

(11) മേൽ വിസ്തരിച്ച പ്രക്രിയകൾ യഥാവിധി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ഒരു സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്.

12. <u>വനാവകാശ അപേക്ഷയോടൊപ്പം സ്വീകാര്യമായ തെളിവുകൾ എന്തൊക്കെയാണ്?</u>

സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ (എംഎസ്) നമ്പർ 92/08/പജപവവിവ തീയതി: 19-09-2008 പ്രകാരം താഴെ പറയുന്ന രേഖകൾ വനാവകാശങ്ങൾക്കുള്ള തെളിവുകളായി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(1) പ്രസിദ്ധീകൃതമായ രേഖകൾ, ഗസറ്റിയർ/സെൻസസ്/ സർവ്വേ, വില്ലേജ് രേഖകൾ, ഭൂരേഖാചിത്രങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, മൈക്രോ പ്ലാൻ, വനം വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടുകൾ, വനം വകുപ്പിന്റെ മറ്റ് റിപ്പോർട്ടുകൾ, പട്ടയം/പാട്ടം എന്നിവ സംബന്ധിച്ച രേഖകൾ, സർക്കാർ അന്വേഷണ റിപ്പോർട്ടുകൾ, സർക്കാർ ഉത്തരവുകൾ, വിജ്ഞാപനങ്ങൾ/ പത്രികകൾ/ തീരുമാനങ്ങൾ.

(2) വോട്ടർ ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, വീട്ടുകരംരസീതുകൾ, വില്ലേജിൽ നിന്ന് കൊടുത്ത സാക്ഷ്യപത്രങ്ങൾ, വീട്/ കുടിൽ/ ഭൂമി കൃഷിക്കുപയുക്തമാക്കിയതിന്റെ തെളിവുകൾ (ഭൂമി നിരപ്പാക്കൽ, ബണ്ടുകളുടേയും ചെക്ക് ഡാമുകളുടേയും നിർമ്മാണാവശിഷ്ടങ്ങൾ തുടങ്ങിയവ).

(3) കോടതി ഉത്തരവുകളും വിധിന്യായങ്ങളും ഉൾപ്പെടെയുള്ള ക്വാസി ജുഡീഷ്യലും ജുഡീഷ്യലുമായിട്ടുള്ള രേഖകൾ.

(4) വനാവകാശങ്ങളുടെ അനുഭവം സംബന്ധിച്ചും, ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ചും ആന്ത്രപ്പോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ പോലുള്ള പേരുകേട്ട ഗവേഷണ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ.

(5) രാജഭരണകാലത്തോ പ്രോവിൻഷ്യൽ ഭരണകാലത്തോ രേഖാമൂലം കൊടുത്ത അവകാശങ്ങളുടെ തെളിവുകൾ.

(6) പാരമ്പര്യ നിർമ്മാണ പ്രവർത്തനങ്ങളായ കിണറുകൾ, ശ്മശാനം, പുണ്യഭൂമി തുടങ്ങിയവ.

(7) ഭൂമി സംബന്ധിച്ച് പഴയ ലിഖിതങ്ങളിൽ പറയുന്ന വ്യക്തികളുമായി പിൻതുടർച്ചാബന്ധം സ്ഥാപിക്കാനാവശ്യമായ രേഖകൾ.

(8) നാട്ടിലെ വൃദ്ധജനങ്ങളുടെ, (അപേക്ഷകൻ/ അപേക്ഷകർ ഒഴിച്ചുള്ളവരുടെ) വായ്മൊഴി രേഖകൾ.

മുകളിൽപ്പറഞ്ഞവയിൽ ഒന്നിലധികം രേഖകൾ (ചുരുങ്ങിയത് രണ്ടെങ്കിലും) വനാവകാശം നിർണ്ണയിക്കുന്നതിനായി തെളിവുകളായി ഗ്രാമസഭയും, സബ്ഡിവിഷണൽ കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും പരിഗണിക്കേണ്ടതാണ്.

സാമൂഹിക വനാവകാശം (കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ്സ്) തെളിയിക്കുന്നതിനു വേണ്ടിയുള്ള രേഖകൾ താഴെ പറയുന്നവയാണ്:

(9) നിസ്താർ പോലെയുള്ള സാമൂഹികാവകാശങ്ങൾ സംബന്ധിച്ചുള്ള രേഖകൾ.

(10) ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത മേച്ചിൽ പുറങ്ങൾ, വനവിഭവ ശേഖരണത്തിനായി പാരമ്പര്യമായി പ്രയോജനപ്പെടുത്തി വന്നിരുന്ന പ്രദേശങ്ങൾ, മത്സ്യബന്ധന പ്രദേശങ്ങൾ, മറ്റു ജലസ്രോതസ്സുകൾ (മനുഷ്യനും വളർത്തുമൃഗങ്ങളും ഉപയോഗിച്ചു വന്നിരുന്നവ) ഔഷധ സസ്യങ്ങൾ ശേഖരിച്ചു വന്നിരുന്ന പ്രദേശങ്ങൾ, എന്നിങ്ങനെ ഏതെങ്കിലും തെളിവുകളുടെ പരോക്ഷാവശിഷ്ടങ്ങൾ; കൂടാതെ,

(11) പ്രാദേശിക സമൂഹങ്ങൾ നിർമ്മിച്ചിട്ടുള്ള നിർമ്മാണ ശേഷിപ്പുകൾ, പവിത്ര വൃക്ഷങ്ങൾ, കാവുകളും, കുളങ്ങളും, ശ്മശാനങ്ങളും.

13. വികസന അവകാശം (Development Rights) ലഭിക്കാനുള്ള നടപടിക്രമം

വനാവകാശ കമ്മിറ്റികൾ അംഗീകരിച്ച അപേക്ഷ ഗ്രാമസഭ മുഖാന്തിരം നേരിട്ട് ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് നൽകിയാൽ മതി, SDLC/ DLC എന്നിവയിൽ പോകേണ്ടതില്ല.

14. ഈ നിയമം നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ വ്യക്തമാക്കിയല്ലോ, പ്രസ്തുത സംവിധാനത്തിൽ ഗ്രാമസഭയുടെ ഘടനയും ചുമതലകളും എന്തൊക്കെയാണ്?

ഗ്രാമസഭകൾ വിളിച്ചുകൂട്ടേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കും ഗ്രാമസഭയുടെ സെക്രട്ടറി. സഭായോഗത്തിൽ കുറഞ്ഞത് പകുതിയിലധികം അംഗങ്ങളെങ്കിലും ഹാജരുണ്ടായിരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. അതിൽത്തന്നെ മൂന്നിലൊന്നു ഭാഗം സ്ത്രീകളുമായിരിക്കണം (2012 ലെ ചട്ട ഭേദഗതി പ്രകാരം). എന്നാൽ, കേരളത്തെ സംബന്ധിച്ച് വനാവകാശം നിർണ്ണയിക്കുവാനായി വനം ഉൾക്കൊള്ളുന്ന വാർഡായിരിക്കും ഗ്രാമസഭ എന്ന് സംസ്ഥാന സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. അതോടൊപ്പം പരമ്പരാഗതമായി വനാശ്രിതരായ ആദിവാസികൾ അധിവസിക്കുന്ന

ഗ്രാമങ്ങളെ മാത്രം ഉൾപ്പെടുത്തി ഗ്രാമസഭ വിളിച്ചുകൂട്ടാമെന്നും തീരുമാനം ആയിട്ടുണ്ട്.

ചുമതലകൾ

- വനാവകാശ സമിതിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിച്ച് തുടർനടപടികളെടുക്കുക.
- വനാവകാശത്തിനായുള്ള അപേക്ഷകളുടെ പകർപ്പ് പൊതു അറിവിലേയ്ക്കായി പരസ്യപ്പെടുത്തുകയും, വിശദ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുക.
- വനം- റവന്യൂ വകുപ്പുകളുടേയും സബ്ഡിവിഷണൽ സമിതിയുടേയും സഹായത്തോടുകൂടി അപേക്ഷകൾ പരിശോധിച്ച് വനാവകാശം സംബന്ധിച്ച ഭൂമിയുടെ കരട് മാപ്പ് തയ്യാറാക്കുക.
- വനാവകാശ അപേക്ഷകൾ തരുന്നവർക്കും ബന്ധപ്പെട്ട അധികാരികൾക്കും വിവരങ്ങൾ ബോധ്യപ്പെടുത്താനുള്ള അവസരം നൽകിക്കൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളുക.
- വനാവകാശികളുടെ പുനരധിവാസം ആവശ്യമെങ്കിൽ പരിപാടികളുടെ ഉള്ളടക്കം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുക.
- വനാവകാശ അപേക്ഷകളിന്മേൽ പ്രമേയം പാസ്സാക്കി ആയത് സബ്ഡിവിഷണൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചു കൊടുക്കുക; കൂടാതെ,
- വനാവകാശ നിയമത്തിന്റെ സെക്ഷൻ-5 അനുസരിച്ച് വനം- വന്യജീവി- ജൈവവൈവിധ്യ സംരക്ഷണബാധ്യതകൾ നിറവേറ്റാനായി സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതും ഗ്രാമസഭകളുടെ ചുമതലകളിൽ പെടും.

15. വനാവകാശ നിർണ്ണയസമിതിയുടെ ഘടനയും ചുമതലകളും എന്തൊക്കെയാണ്?

ഗ്രാമസഭയുടെ ആദ്യയോഗത്തിൽ തന്നെ 10 നും 15 നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശനിർണ്ണയ സമിതിയെ (എഫ്.ആർ.സി) തെരെഞ്ഞെടുക്കുന്നു. എല്ലാ തട്ടിലുമുള്ള ആദിവാസി വിഭാഗങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനായി അവരവരുടെയെല്ലാം അർഹമായ പ്രാതിനിധ്യം സമിതിയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആദിവാസി മേഖലകളിലുള്ള സമിതികളിൽ മൂന്നിൽ രണ്ടെങ്കിലും ആദിവാസികളായിരിക്കണം. (2012ലെ നിയമഭേദഗതി പ്രകാരം) അതിൽ തന്നെ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ

സ്ത്രീകളുമായിരിക്കണം. വനാവകാശ നിർണ്ണയസമിതി അതിന്റെ ചെയർമാനെയും സെക്രട്ടറിയേയും തീരുമാനിച്ച് സബ്ഡിവിഷണൽ സമിതിയെ അറിയിക്കേണ്ടതാണ്.

<u>ചുമതലകൾ</u>

- വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അതു സംബന്ധിച്ച അപേക്ഷ 90 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം.(കുറിപ്പ്: ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ, കാലതാമസം വരുന്ന പക്ഷം കൃത്യമായ കാരണം ബോദ്ധ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകാൻ അല്പം കൂടി സമയം അനുവദിക്കാവുന്നതാണ്) എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ 23/07/2012 ലെ നിർദ്ദേശപ്രകാരം വനാവകാശം സ്ഥാപിച്ചു കിട്ടുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിക്കാൻ പാടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വനാവകാശം സംബന്ധിച്ച് ഇതേവരെ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക് എത്രയും പെട്ടെന്ന് വനാവകാശ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശസമിതിയുടെ ചെയർമാനോ/സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വെയ്ക്കണം.
- അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം.
- അപേക്ഷകനേയും വനം വകുപ്പിനേയും മുൻകൂട്ടി അറിയിച്ചതിനുശേഷം നേരിട്ടു പോയി അവരുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധനകളും തെളിവെടുപ്പുകളും നടത്തണം.
- തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടേയും സാക്ഷികളുടേയും സാന്നിധ്യത്തിൽ നടത്തിയെന്നുറപ്പാക്കണം.
- റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമുദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം.
- വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി തുറന്ന് സംവദിച്ചതിനുശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പു വരുത്തണം.

- അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്ന പക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ കൂടിയാലോചിച്ച് അതിരുകൾ നിശ്ചയിക്കുകയും തീരമാനങ്ങൾ എടുക്കുകയും വേണം.

16. <u>വനാവകാശ നിർണ്ണയ സമിതിയിൽപ്പെട്ട അംഗങ്ങളുടെ വനാവകാശങ്ങൾ നിർണ്ണയിക്കേണ്ടി വരുന്ന പക്ഷം എന്തു നടപടികളാണ് കൈക്കൊള്ളേണ്ടത്?</u>

അക്കാര്യം പ്രസ്തുത അംഗങ്ങൾ സമിതിയെ അറിയിക്കുകയും അവകാശ നിർണ്ണയ സമയത്ത് അവർ സമിതിയിൽ നിന്നും വിട്ടു നിൽക്കേണ്ടതുമാണ്.

17. <u>സബ് ഡിവിഷണൽ സമിതിയുടെ ഘടനയും ചുതലകളും എന്തൊക്കെയാണ്?</u>

ആർ.ഡി.ഒ/ സബ്കളക്ടർ ആയിരിക്കും ചെയർമാൻ. വനം, ആദിവാസി വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും 3 ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളും (രണ്ട് പേരെങ്കിലും വനാവാസി സമൂഹത്തിൽപ്പെട്ട ആദിവാസികൾ ആയിരിക്കും) സമിതി അംഗങ്ങൾ.

<u>സംസ്ഥാന സർക്കാർ തീരുമാനം</u>

ഓരോ റവന്യൂ ഡിവിഷന്റേയും അധീനതയിലുള്ള പ്രദേശത്തെ വനം റെയ്ഞ്ച് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മറ്റ് അംഗങ്ങളായിരിക്കും. ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട അംഗങ്ങളിൽ സ്ത്രീകളുണ്ടെങ്കിൽ അവരെ നിർബന്ധമായും ഉൾപ്പെടുത്തണം. ആദിവാസി വിഭാഗത്തിൽപ്പെട്ടവരില്ലെങ്കിൽ പട്ടികജാതി വിഭാഗത്തെ ഉൾപ്പെടുത്തണം. ഇതിന്റെ അധികാര പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

ചുമതലകൾ

- വനാവകാശ രേഖ ലഭിക്കുന്നവരുടേയും ഗ്രാമസഭയുടേയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഗ്രാമസഭകൾക്ക് വേണ്ട വിവരങ്ങൾ നൽകുക. (ഉദാ: വനം-വന്യജീവി-ജൈവവൈവിധ്യ സംരക്ഷണത്തിനും പരിരക്ഷണത്തിനും ആവശ്യമായ നിർദ്ദേശങ്ങളും വിവരങ്ങളും ഗ്രാമസഭകൾക്ക് നൽകുക തുടങ്ങിയവ)
- വനം/ റവന്യൂ ഭൂരേഖാ ചിത്രങ്ങളും തെരെഞ്ഞെടുപ്പു പത്രികകളും ആവശ്യാനുസരണം ഗ്രാമസഭകൾക്ക് ലഭ്യമാക്കുക.
- ഗ്രാമസഭാടിസ്ഥാനത്തിൽ വനാവകാശങ്ങൾ സംബന്ധിച്ച ഭൂരേഖാ ചിത്രങ്ങൾ സമാഹരിക്കുക.

- ബന്ധപ്പെട്ട ഗ്രാമസഭകളുടെ എല്ലാ പ്രമേയങ്ങളും ക്രോഡീകരിക്കുക.
- അധികാരപരിധിയിൽ വരുന്ന ഗ്രാമസഭകൾ സമർപ്പിക്കുന്ന വനാവകാശ ശുപാർശകൾ ബ്ലോക്ക്/ താലൂക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിക്കുക.
- ഗ്രാമസഭകൾ തമ്മിലുള്ള അവകാശ തർക്കങ്ങൾക്ക് മദ്ധ്യസ്ഥം വഹിച്ച് രമ്യമായി പരിഹരിക്കുവാൻ സഹായിക്കുക.
- അയൽ സബ്ഡിവിഷണൽ സമിതികളുമായി സംയോജിച്ച് പ്രവർത്തിക്കുക.
- പരാതികൾ കേട്ട് ആവശ്യായ അന്വേഷണങ്ങൾക്കു ശേഷം പരിഹാരം നിർദ്ദേശിക്കുക.
- വനാവകാശ നിയമം, ചട്ടങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ അവബോധം വളർത്തുക.
- വനാവകാശ അപേക്ഷാ ഫോറങ്ങൾ ലഭ്യമാക്കുക.
- ഗ്രാമസഭാ യോഗങ്ങൾ യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- സബ്ഡിവിഷണൽ ഓഫീസർ ഗ്രാമസഭയുടെ വനാവകാശ ശുപാർശകൾ പരിശോധിച്ച് ബോധ്യമായ വസ്തുതകൾ രേഖപ്പെടുത്തി ജില്ലാ സമിതിയ്ക്ക് സമർപ്പിക്കുക.

18. ജില്ലാ സമിതിയുടെ ഘടനയും ചുമതലകളും എന്തൊക്കെയാണ്?

ജില്ലാ കളക്ടർ ആയിരിക്കും ചെയർമാൻ. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ ട്രൈബൽ വകുപ്പ് ഓഫീസർ എന്നിവരും മൂന്ന് ജില്ലാ പഞ്ചായത്ത് പ്രതിനിധികളും, കൂടാതെ സബ്ഡിവിഷണൽ സമിതിയുടെ കാര്യത്തിൽ നിർദ്ദേശിച്ചതുപോലെ ജില്ലാ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് ആദിവാസി അംഗങ്ങളും അടങ്ങിയതായിരിക്കും ജില്ലാ സമിതി.

ചുമതലകൾ

- വനാവകാശങ്ങൾ സംബന്ധിച്ച് അന്തിമ തീർപ്പു കൽപ്പിച്ച് രേഖകൾ നൽകുക.
- ആവശ്യമായ എല്ലാ രേഖകളും വിവരങ്ങളും വനാവകാശി സമൂഹങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- വനാശ്രിത ആദിമ സമൂഹങ്ങൾക്ക് അവരുടെ അധിവാസ മേഖലകളിലുള്ള അവകാശങ്ങൾ ലഭ്യമായെന്ന് ഉറപ്പാക്കുക.
- മറ്റു ജില്ലാ സമിതികളുമായി ചേർന്ന് ജില്ലാതീത വനാവകാശ പ്രശ്നങ്ങൾ പരിഹരിക്കുക.

- പരാതികൾ കേട്ട് ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം പരിഹാരങ്ങൾ നിർദ്ദേശിക്കുക(സബ് ഡിവിഷണൽ സമിതിയുടെ തീരുമാനം പൊതുവായി പ്രദർശിപ്പിച്ചതിനുശേഷം അതിന്മേൽ പരാതികളുണ്ടെങ്കിൽ സമർപ്പിക്കാൻ 60 ദിവസം കൊടുക്കണം).

19. <u>സംസ്ഥാന സമിതിയുടെ ഘടനയും ചുമതലകളും എന്തൊക്കെയാണ്?</u>

ചീഫ് സെക്രട്ടറി ചെയർമാൻ. വനം, റവന്യൂ, പഞ്ചായത്ത്, പട്ടികവർഗ്ഗവികസനം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും, (പ്രിൻസിപ്പൽ സി.സി.എഫും, ഗോത്രവർഗ്ഗ ഉപദേശക സമിതിയിലെ മൂന്ന് പട്ടിക വർഗ്ഗ പ്രതിനിധികളും (ഒരാൾ പട്ടികവർഗ്ഗ സമുദായാംഗമായ നിയമസഭാംഗവും, മറ്റു രണ്ടുപേർ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരുള്ള പ്രദേശത്തെ ജില്ലാ പഞ്ചായത്ത് മെമ്പർമാരും (അതിൽ ഒരാൾ സ്ത്രീ) ആണ് സംസ്ഥാന സമിതി അംഗങ്ങൾ.

<u>ചുമതലകൾ</u>

- വനാവകാശം സംബന്ധിച്ച് തീർപ്പു കൽപ്പിക്കുന്ന നടപടികൾ തടസ്സമില്ലാതെ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തലാണ് ഈ സമിതിയുടെ മുഖ്യ ചുമതല. കൂടാതെ
- വന്യജീവി വിഹാര മേഖലകളിൽ നിന്നുള്ള പുനരധിവാസം (അങ്ങനെ ഉണ്ടെങ്കിൽ) നടപടികളനുസരിച്ച് നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

20. <u>2012 ലെ ചട്ടഭേദഗതി പ്രകാരമുള്ള പ്രധാന മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ</u>

(1) വനാവകാശ കമ്മറ്റികളിൽ 1/3 ഭാഗം പട്ടികവർഗ്ഗക്കാരായിരിക്കണമെന്ന് 2/3 ഭാഗം പട്ടികവർഗ്ഗക്കാരായിരിക്കണമെന്നും അതിൽ 1/3 ഭാഗം വനിതകളായിരിക്കണമെന്നുമുള്ള മാറ്റം വരുത്തി.

(2) ഗ്രാമസഭാ യോഗത്തിൽ 2/3 ഭാഗം അംഗങ്ങൾ ഹാജരായിരിക്കണമെന്ന നിബന്ധന 1/2 ഭാഗം അംഗങ്ങൾ ഹാജരായാൽ മതിയെന്നും അതിൽ 1/3 ഭാഗം വനിതകളായിരിക്കണമെന്നും ഭേദഗതി വരുത്തി.

(3) സാമൂഹ്യമായ അവകാശങ്ങൾക്കും വികസന അവകാശങ്ങൾക്കും പ്രത്യേകം അപേക്ഷാഫോറങ്ങൾ തയ്യാറാക്കി നൽകുക.

..........

**അനുബന്ധം 1**

## ഫോറം- എ

## വനഭൂമിയിൽ അവകാശം സ്ഥാപിച്ചു കിട്ടുന്നതിനുള്ള അപേക്ഷാ ഫോറം

**(ചട്ടം11 (1)(എ)**

| | | | |
|---|---|---|---|
| 1 | അവകാശവാദി/<br>അവകാശവാദികളുടെ പേര് | | |
| 2 | ഭർത്താവിന്റെ/ഭാര്യയുടെപേര് | | |
| 3 | അച്ഛന്റെ / അമ്മയുടെ പേര് | | |
| 4 | മേൽവിലാസം | | |
| 5 | വില്ലേജ് | | |
| 6 | ഗ്രാമപഞ്ചായത്ത് | | |
| 7 | താലൂക്ക് | | |
| 8 | ജില്ല | | |
| 9എ | പട്ടികവർഗം (തഹസിൽദാരിൽനിന്നും ലഭിച്ചജാതിസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം). | അതെ/ അല്ല | |
| ബി | മറ്റു പരമ്പരാഗത വനവാസി(ഭാര്യ/ഭർത്താവ് പട്ടികവർഗമാണെങ്കിൽ അതിന്റെ വിവരം സാക്ഷ്യപ്പെടുത്തിയജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം) | അതെ/ അല്ല | |
| 10 | കുടുംബത്തിലെ മറ്റംഗങ്ങളുടെ പേരും വയസ്സും(കുട്ടികളും പ്രായപൂർത്തിയായവരും അടക്കം | | |

| ഭൂമിയിലുള്ള അവകാശത്തിന്റെ സ്വഭാവം | | | |
|---|---|---|---|
| 1 | കൈവശത്തിലുള്ള വനഭൂമിയുടെവിസ്തൃതി | | |
| | എ | താമസത്തിന് | |
| | ബി | സ്വന്തമായി കൃഷി ആവശ്യത്തിന് | |
| | (ആക്ടിലെസെക്ഷൻ 3 (1) (മ) | | |
| 2 | തർക്കമുള്ള ഭൂമി ഉണ്ടെങ്കിൽ അതിന്റെ വിവരം (ആക്ടിലെസെക്ഷൻ 3 (1) (ഏഫ്) | | |
| 3 | പട്ടയം/പാട്ടം/ ദാനം ഇവയിലേതെങ്കിലുമാണോ? (ആക്ടിലെസെക്ഷൻ 3 (1) (ജി) | | |
| 4 | പുനരധിവസിപ്പിച്ച ഭൂമി/ പകരം ഭൂമി ഇവയിലേതെങ്കിലുമാണോ? (ആക്ടിലെസെക്ഷൻ 3 (1) (എം) | | |
| 5 | ഏതു ഭൂമിയിൽ നിന്നും നഷ്ടപരിഹാരമായി പകരംഭൂമി നൽകാതെ മാറ്റിപ്പാർപ്പിച്ചു? (ആക്ടിലെസെക്ഷൻ 4 (8) ) | | |
| 6 | ഫോറസ്റ്റ് വില്ലേജിലെ ഭൂവിസ്തൃതി (ആക്ടിലെസെക്ഷൻ 3 (8) (വ) | | |
| 7 | മറ്റെന്തെങ്കിലും പരമ്പരാഗത അവകാശം ഉണ്ടെങ്കിൽ (ആക്ടിലെസെക്ഷൻ 3 (1) (1)) | | |
| 8 | അവകാശം സമർത്ഥിക്കുന്നതിനുള്ള തെളിവ് (ചട്ടം13) | | |
| 9 | മറ്റു വിവരങ്ങൾ | | |
| അവകാശിയുടെ / അവകാശികളുടെ ഒപ്പ്/ വിരലടയാളം | | | |

**അനുബന്ധം 2**

**ഫോറം- ബി**

**പൊതു അവകാശത്തിനുള്ള അപേക്ഷാഫോറം**

**(ചട്ടം 11(p)-ഉം (4)-ഉം**

| | | | |
|---|---|---|---|
| 1 | അവകാശവാദിയുടെ /അവകാശവാദികളുടെ പേര് | | |
| | എ | വനവാസി പട്ടികവർഗ്ഗം | അതെ/അല്ല |
| | ബി | മറ്റ് പരമ്പരാഗത വനവാസി സമൂഹം | അതെ/അല്ല |
| 2 | വില്ലേജ് | | |
| 3 | ഗ്രാമപഞ്ചായത്ത് | | |
| 4 | താലൂക്ക് | | |
| 5 | ജില്ല | | |
| | അനുഭവിച്ചുവരുന്നസാമൂഹ്യ അവകാശത്തിന്റെ സ്വഭാവം | | |
| 1 | നിസ്തർ തുടങ്ങിയ സാമൂഹ്യ അവകാശം (ആക്ടിലെ സെക്ഷൻ 3 (1) (ബി) | | |
| 2 | ചെറുകിട വനവിഭവത്തിന്മേലുള്ള അവകാശം (ആക്ടിലെ സെക്ഷൻ 3 (1) (സി) | | |
| 3 | പൊതു അവകാശങ്ങൾ | | |
| | എ | ഉപയോഗത്തിലുള്ളത്/ അവകാശപ്പെട്ടത് ഉണ്ടെങ്കിൽ (മത്സ്യം/ ജലജന്യജീവികൾ) | |
| | ബി | കാലിമേച്ചിൽ | |
| | സി | നാടോടി/ കാലിവളർത്തൽ വിഭാഗങ്ങൾക്കു പരമ്പരാഗതി വിഭവങ്ങളിലുള്ള അവകാശം | |
| | (ആക്ടിലെ സെക്ഷൻ 3 (1) (ജി) | | |
| 4. | പ്രാക്തന ഗോത്രവർഗ്ഗക്കാരുടേയും, കാർഷിക പൂർവ്വ വികസനാവസ്ഥയിലുള്ളവരുടേയും കൂട്ടായ വാസസ്ഥലത്തിന്റേയും താമസത്തിന്റേയും ദൈർഘ്യം (ആക്ടിലെ സെക്ഷൻ 3 (1) (ഇ) | | |
| 5 | പരമ്പരാഗത അറിവ്, ബൗദ്ധിക അറിവ്, ജൈവവൈവിധ്യം എന്നിവയിലുള്ള അവകാശം അനുഭവിക്കൽ (ആക്ടിലെ സെക്ഷൻ 3 (1) (കെ) | | |
| 6 | മറ്റെന്തെങ്കിലും പരമ്പരാഗത അവകാശമുണ്ടെങ്കിൽ അതിന്റെ വിവരം (ആക്ടിലെ സെക്ഷൻ 3 (1) (1)) | | |
| 7 | അവകാശം സമർത്ഥിക്കാനുള്ള തെളിവ്/രേഖകൾ (ചട്ടം 13) | | |
| 8 | മറ്റു വിവരങ്ങൾ | | |
| | അവകാശിയുടെ/ അവകാശികളുടെ ഒപ്പ്/വിരലടയാളം. | | |

അനുബന്ധം 3

ഫോറം. സി

സാമൂഹിക വന വിഭവ അവകാശത്തിനുള്ള അപേക്ഷാഫോറം

(ചട്ടം 11 (1)ഉം 4 (എ) യും

| | | |
|---|---|---|
| 1 | വില്ലേജ്/ ഗ്രാമസഭ | |
| 2 | ഗ്രാമ പഞ്ചായത്ത് | |
| 3 | താലൂക്ക് | |
| 4 | ജില്ല | |
| 5 | ഗ്രാമസഭയിലെ അംഗങ്ങളുടെ പേരുവിവരം (ഗ്രാമസഭകളുടെ പേര്, പട്ടികവർഗ്ഗവിഭാഗം എന്നിവ പ്രത്യേകം ഷീറ്റിൽ രേഖപ്പെടുത്തി ഉള്ളടക്കം ചെയ്യണം.മുഴുവൻ അംഗങ്ങളുടേയും പേര് ആത്യാവശ്യമില്ല) | |
| | താഴെ വിവരിച്ചിട്ടുള്ളതും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഭൂപടത്തിൽകാണിച്ചിട്ടുള്ളതുമായ പ്രദേശം വനാവകാശ നിയമം സെക്ഷൻ3 (1)(i)പ്രകാരം അടിയിൽ ഒപ്പിട്ടിരിക്കുന്നതും ഈഗ്രാമസഭാ പരിധിയിൽ താമസിക്കുന്നവരുമായ ഞങ്ങളുടെ സമൂഹ വനവിഭവ അവകാശത്തിനായി ഇതിനാൽ ആവശ്യപ്പെടുന്നു.(ഉള്ളടക്കം ചെയ്യുന്ന ഭൂപടത്തിൽസ്ഥലത്തിന്റെ വിവരങ്ങൾ പരമ്പരാഗതമായിട്ടുള്ളതോ ആചാരപരമായിട്ടുള്ളതോ ആയ അടയാളങ്ങൾ, അതിരുകൾ എന്നിവ രേഖപ്പെടുത്തേണ്ടതും പരമ്പരാഗതമായി അപേക്ഷകർ ഈപ്രദേശം സംരക്ഷിക്കുകയും വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തി വരുന്നതാണെന്നതിന് ഉപോൽബലകമായ വസ്തുതകൾ പരാമർശിക്കേണ്ടതുമാണ്.) | |
| 6 | ഖസ്റ/ ഭാഗം നമ്പർ (ഉണ്ടെങ്കിൽ/ അറിയാമെങ്കിൽ) | |
| 7 | അതിർത്തികൾ | |
| | I. | |
| | II. | |
| | III. | |
| | (മറ്റു വില്ലേജുകളിലായി വിവരങ്ങളും ഉത്തരവാദിത്വങ്ങളും പങ്കുവെയ്ക്കുന്നുണ്ടോ എന്ന വിവരങ്ങൾ കൂടി ചേർക്കാം) | |
| 8 | അവകാശം അംഗീകരിച്ചു കിട്ടുന്നതിന് ഹാജരാക്കുന്ന തെളിവുകളുടെ പട്ടിക (ചട്ടം 13 കാണുക) | |
| | അവകാശിയുടെ /അവകാശികളുടെ ഒപ്പ്/ വിരലടയാളം | |

# CHAPTER 288
# STATE LANDS ENCROACHMENTS

*Ordinances*
*Nos. 12* of 1840,
*22* of 1931,
*8* of 1947,
*Act*
*No. 8* of 1954.

**AN ORDINANCE TO MAKE PROVISION FOR THE PREVENTION OF ENCROACHMENTS UPON STATE LANDS**

***127th October, 1840.1***

1. This Ordinance may be cited as theState Lands Encroachments Ordinance.

2. It shall and may be lawful for the District Court, upon information supported by affidavit charging any person or personswith having, without the permission of the Government, entered upon or taken possession of any land which belongs to, orwhich immediately prior to such entry or taking possession was in the possession of, the State, to issue it ssummons for the appearance before it of the party or parties alleged to have so illegally entered upon or taken possession of such land, and of any other person or persons whom it may be necessary or proper to examine as a witness or witnesses on the hearing of any such information ; and the said District Court shall proceed in a summary way in the presence of the parties, or in case of willful absence of any person against whom any such information shall have been laid, then in his absence to hear and determine such information ; and in case on the hearing thereof it shall be made to appear by the examination of the said party or parties, or other sufficient evidence to the satisfaction of such District Court, that the said party or parties against whom such information shall have been laid hath or have entered upon or taken possession of the land mentioned or referred to in such information without the permission of the Government, such District Court is hereby authorized and required to Order for make an order directing such party or parties to deliver up to the State peaceable possession of such land, together with all crops growing thereon, and all buildings and other immovable property upon and affixed to the said land, and to pay the cost of such information ; and in case the party or parties against whom any such order shall have been made shall not, within fourteen days after service thereof, deliver up possession of the said land and premises, pursuant to the said order, or shall afterwards make or cause to be made any further encroachments upon the said land or premises, contrary to such order or in evasion thereof, then and in such case it shall be lawful for such District Court to adjudge such party or parties to pay a fine not exceeding fifty rupees, or to be imprisoned, with or without hard labour, for any time not exceeding fourteen days, and to make a further order for the immediate delivery over of the possession of such land and premises to the State ; and the District Court shall thereupon cause possession thereof to be delivered to the State accordingly.

3. Any person against whom any such order as aforesaid may have been made may, notwithstanding such order, proceed by the ordinary course of law to recover possession of such lands, in case he shall be able to establish a title thereto ; and may also in such case recover a reasonable compensation for the damage he may have sustained by reason of his having beencompelled to deliver up possession of the said premises, and in like manner, in case of the dismissal of any such information, the party having preferred the same may proceed according to the ordinary course of law, as if no such information had been preferred.

4. Provided always that in case any such information shall be dismissed, it shall be lawful for the said District Court, if it shall . think fit, to order payment by Government to the party or parties against whom the same may have been preferred of such sum as the said court may consider to be the amount of costs fairly incurred by such party or parties by reason of such information so dismissed.

5. The forms of the proceedings to be observed on lodging complaints, in issuing summonses, in the examination of the party or parties, in the citation of witnesses, in the making orders, and generally for thecomplete carrying into execution the powers hereby vested in the said District Court, shall be according to such general rules of practice as the Judges of the Supreme Court may now or hereafter frame thereon.

6. All cinnamon lands which shall have been uninterruptedly possessed by Government for a period of thirty years and upwards, by peeling the cinnamon growing thereon, shall be held and deemed to be theproperty of the State.

7. All forest, waste, unoccupied, or uncultivated lands shall be presumed to be the property of the State until the contrary thereof be proved, and all chenas and other lands which can be only cultivated afterintervals of several years shall, if the same be situate within the districts formerly comprised in the Kandyan provinces (wherein no ***thombo*** registers have been heretofore established), be deemed to belongto the State and not to be the property of any private person claiming the same against the State, except upon proof only by such person-

    ***(a)*** of a ***sannas*** or grant for the same, together with satisfactory evidenceas to the limits and boundaries thereof ; or

    ***(b)*** of such customary taxes, dues, or services having been rendered to the State or other person for the same as have been rendered for similar lands being the property of private proprietors in the same districts ; or

    (c) of his or his predecessor in title having made and maintained a permanent plantation in and upon the same for a period of not less than thirty years, or of his having otherwise improved the same and maintained it in such improved state for suchperiod, and in either case of his having held uninterrupted possession of the same during the whole of the said period.

In all other districts in Sri Lanka chena and other lands which can only be cultivated after intervals of several years shall be deemed to be forest or waste lands within the meaning of this section.

8. All and every encroachment on any public road, street, or highway, by building or other erection, or by enclosure, planting, or otherwise, shall, on information thereof, be immediately abated and removed by judgment, order, or decree of the District Court thereon, and the party or parties offending found liable in damages besides the costs of suit.

9. Any divisional Assistant Government Agent or grama seva niladhari who shall WilfUlly or knowingly refuse or neglect to Agents and give every information within his knowledge or power immediately to the Government n!ladharis to Agent or some Assistant Agent of his administrative district, of any encroachment made by any person or persons upon any land belonging to the State and situated in the division or village of such divisional Assistant Government Agent or grama seva niladhari, shall be liable for every such offence to a fine not exceeding one hundred rupees.

10. In this Ordinance, unless the context. otherwise requires-

" unoccupied land " includes land

occupied by, on behalf of, or under,

**അനുബന്ധം 5**

## സാമൂഹൂകാവകാശ രേഖ- വയനാട് ജില്ലയുടെ വെബ്സൈറ്റിൽ നിന്ന് ലഭിച്ചത്

| ക്രമ നം | സങ്കേതത്തിന്റെ പേര് | പഞ്ചായത്ത് | റെയിഞ്ച് | എഫ്. ആർ.സി | അവകാശങ്ങൾ | അവകാശം ലഭിച്ചവര് | അളവ് |
|---|---|---|---|---|---|---|---|
| 1 | സ്കൂൾകുന്ന് കാട്ട്നായ്ക്കൻ സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം,കാലിമേച്ചിൽ | ബൊമ്മി, കാളപ്പൻ, സുരേഷ് മുതൽപേര് | 10 ഏക്കർ |
| 2 | കുന്നമംഗലംവയൽ | മേപ്പാടി | മേപ്പാടി | കുന്നമംഗലംവയൽ | വനവിഭവശേഖരണം,ശ്മശാനം | കുന്നമംഗലംവയൽ | 243.24 ഹെക്ടർ |
| 3 | ആലൂർകുന്ന്/കുറിച്ചിപറ്റ പണിയൻ സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം,കാലിമേച്ചിൽ | രാമൻ, ശോഭ മുതൽപേര് | 10 ഏക്കർ |
| 4 | ആലൂർകുന്ന്/കുറിച്ചിപറ്റ കാട്ടുനായിക്കൻ സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം,കാലിമേച്ചിൽ | കരിയൻ മുതൽപേര് | 10 ഏക്കർ |
| 5 | ആനക്കാട് സങ്കേതം | മേപ്പാടി | മേപ്പാടി | ആനക്കാട് | വനവിഭവശേഖരണം,മത്സ്യബന്ധനം | ആനക്കാട് സങ്കേതവാസികൾ | 2.88. ഹെക്ടർ |
| 6 | ആനപന്തി കാട്ടുനായിക്കൻ സങ്കേതം | പൂതാടി | ചെതലയം | ചീയമ്പം 73 കാട്ടുനായ്ക്ക | വനവിഭവശേഖരണം,ശ്മശാനം, ആരാധന | അപ്പി ബോളൻ മുതൽപേര് | 2 ഏക്കർ |
| 7 | അരുണമല | കല്പറ്റ മുൻസിപാലിറ്റി | മേപ്പാടി | അരുണമല | വനവിഭവശേഖരണം,ശ്മശാനം, | അരുണമല സങ്കേതവാസികൾ | 347.82 ഹെക്ടർ |
| 8 | അയനിമല കുറുമ, കാട്ടുനായ്ക്ക, പണിയ സങ്കേതം | പൂതാടി | ചെതലയം | കേളമംഗലം | വനവിഭവശേഖരണം,ശ്മശാനം, ആരാധന | അച്ച്യുതൻ മുതൽപേര് | 2 ഏക്കർ |
| 9 | ബസവൻകൊല്ലി കാട്ടുനായിക്കൻ, | പുല്പള്ളി | ചെതലയം | ബസവൻകൊല്ലി | വനവിഭവശേഖരണം,കാലിമേച്ചിൽ | ഠമാഹനൻ, മീനാക്ഷി മുതൽപേ | 5 ഏക്കർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | സങ്കേതം | | | | | ർ | |
| 10 | ബസവൻകൊല്ലി വെട്ടകുറുമൻ, സങ്കേതം | പുല്പള്ളി | ചെതലയം | ബസവൻകൊല്ലി | വനവിഭവശേഖരണം,കാലിമേച്ചിൽ | കൃഷ്ണൻ, ശാന്ത മുതൽപേർ | 10 ഏക്കർ |
| 11 | ബസവൻകൊല്ലി പണിയൻ, സങ്കേതം | പുല്പള്ളി | ചെതലയം | ബസവൻകൊല്ലി | വനവിഭവശേഖരണം,കാലിമേച്ചിൽ | ജാനു, കുള്ളൻ മുതൽപേർ | 5 ഏക്കർ |
| 12 | ബസവൻകൊല്ലി കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | ബസവൻകൊല്ലി | വനവിഭവശേഖരണം,കാലിമേച്ചിൽ | ചിക്കൻ രാജു മുതൽപേർ | 8 ഏക്കർ |
| 13 | കാടൻകണ്ടി അടിയാൻ സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം,കാലിമേച്ചിൽ | രാജൻ,കാളി, സജീവൻ, മുതൽപേർ | 10 ഏക്കർ |
| 14 | ചന്ദ്രോത്ത് കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം,കാലിമേച്ചിൽ | മാധവൻ, നൂറാൻ മാസ്തി മുതൽപേർ | 25 ഏക്കർ |
| 15 | ചന്നക്കൊല്ലി കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | എടക്കണ്ടി | വനവിഭവശേഖരണം,കാലിമേച്ചിൽ | ബാലൻ മാസ്തി മുതൽപേർ | 3ഏക്കർ |
| 16 | ചീയമ്പം 73 കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | ചീയമ്പം 73 കാട്ടുനായ്ക്ക | വനവിഭവശേഖരണം,ശ്മശാനം, ആരാധന | അപ്പി ബോളൻ മുതൽപേർ | 2 ഏക്കർ |
| 17 | ചീയമ്പം 73 പണിയൻ, സങ്കേതം | പൂതാടി | ചെതലയം | ചീയമ്പം 73 പണിയൻ | വനവിഭവശേഖരണം,ശ്മശാനം, | ബോളൻ മുതൽപേർ | 2 ഏക്കർ |
| 18 | ചീയമ്പം 73 പണിയൻ, സങ്കേതം | പൂതാടി | ചെതലയം | ചീയമ്പം 73 പണിയൻ | വനവിഭവശേഖരണം,ശ്മശാനം, കാലിമേച്ചചന്റ | ശങ്കരൻ മുതൽപേർ | 51 ഏക്കർ |
| 19 | ചെറിയമല കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം, , കാലിമേച്ചചന്റ | ബൈരൻ, ബൊമ്മൻ, ജട മുതൽപേർ | 10 ഏക്കർ |
| 20 | ചെറിയമല മുള്ളുകുറുമൻസങ്കേത | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം, , കാലിമേച്ചിൽ | ഉർവ്വശി, കുമാരൻ, ഗോപാല | 5ഏക്കർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ം | | | | | ൻ മുതൽപേർ | |
| 21 | ചെട്ടിപാമ്പ്ര കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | ഇരുളം | വനവിഭവശേഖരണം,ശ്മശാനം, കാലിമേച്ചിൽ, മത്സ്യബന്ധനം | ലക്ഷ്മി മുതൽപേർ | 102ഏക്കർ |
| 22 | ചുള്ളിക്കാട് കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചിൽ, | ചന്ദ്രൻ, രാജു മുതൽപേർ | 10ഏക്കർ |
| 23 | ചുരുളി | തൊണ്ടർനാട് | ടപരിയ | ചുരുളി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ബാലൻ പി. മുതൽപേർ | 50ഏക്കർ |
| 24 | എടക്കണ്ടി കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | എടക്കണ്ടി | വനവിഭവശേഖരണം,കാലിമേച്ചിൽ | ചിക്കി,നെള്ളൻ മുതൽപേർ | 8ഏക്കർ |
| 25 | എടമുണ്ട | തൊണ്ടർനാട് | മാനന്തവാടി | എടമുണ്ട | വനവിഭവശേഖരണം, കാലിമേച്ചിൽ, | രാമൻ എം.സി മുതൽപേർ | 10ഏക്കർ |
| 26 | എല്ലകൊല്ലി | പൂതാടി | ചെതലയം | എല്ലകൊല്ലി, കല്ലുവയൽ | വനവിഭവശേഖരണം,ശ്മശാനം, കാലിമേച്ചിൽ, | ബാബു, ബാലൻ മുതൽപേർ | 37ഏക്കർ |
| 27 | ഫോറസ്റ്റ് വയൽ പണിയ സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ, | ചന്ദ്രൻ, വെള്ളി മുതൽപേർ | 35ഏക്കർ |
| 28 | ഗോവിന്ദൻ പാറ സങ്കേതം | മേപ്പാടി | മേപ്പാടി | ഗോവിന്ദൻപാറ | വനവിഭവശേഖരണം, കാലിമേച്ചിൽ, | ഗോവിന്ദൻപാറ സങ്കേതവാസികൾ | 54.64 ഹെക്ടർ |
| 29 | ഇടിഞ്ഞകൊല്ലി | മേപ്പാടി | മേപ്പാടി | ഇടിഞ്ഞകൊല്ലി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ഇടിഞ്ഞകൊല്ലി സങ്കേതവാസികൾ | 112.99 ഹെക്ടർ |
| 30 | ഇല്ലിയമ്പം മുള്ളുകുറുമൻ സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ, | ഗോപാലൻ, രാമൻ മുതൽപേർ | 15ഏക്കർ |
| 31 | ജയ്ഹിന്ദ് | മുപ്പൈനാട് | മേപ്പാടി | ജയ്ഹിന്ദ് | വനവിഭവശേഖരണം, | ജയ്ഹിന്ദ സങ്കേതവാസികൾ | 7.71 ഹെക്ടർ |
| 32 | കടച്ചികുന്ന് | മുപ്പൈനാട് | മേപ്പാടി | കടച്ചികുന്ന് | വനവിഭവശേഖരണം,മത്സ്യബന്ധനം | കടച്ചികുന്ന സങ്കേതവാസികൾ | 98.46 ഹെക്ടർ |
| 3 | കൈരളി | മുപ്പൈന | മേപ്പാട | ടകൈരളി | വനവിഭവശേഖര | ടകൈരളി | 34.06 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | | ാട് | ി | | ണം,മത്സ്യബന്ധന ം | സങ്കേതവ ാസികൾ | ടഹക്ടർ |
| 34 | കല്ലൂർകുറു മൻ | പൂതാടി | ചെതല യം | കൂടല്ലൂർ | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | ടവളുക്ക ൻ മുതൽപേ ർ | 45ഏക്ക ർ |
| 35 | കണ്ടാമല | പുല്പ ള്ളി | ചെതല യം | കുറിച്ചി പറ്റ | വനവിഭവശേഖര ണം, കാലിമേച്ചിൽ, | ഉച്ചൻ, തമ്പി മുതൽപേ ർ | 45ഏക്ക ർ |
| 36 | കാരക്കണ്ടി | പുല്പ ള്ളി | ചെതല യം | കുണ്ടു വാടി | വനവിഭവശേഖര ണം, കാലിമേച്ചിൽ | മാധവൻ മാസ്തി, കരിയൻ മുതൽപേ ർ | 10ഏക്കർ |
| 37 | കാരിമലകൊ ാല്ലി | പൂതാടി | ചെതല യം | നെയ്ക്ക ുപ്പ | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | മാതൻ മുതൽപേ ർ | 9ഏക്കർ |
| 38 | കാർമ്മൽകു ന്ന് | മേപ്പാടി | മേപ്പാട ി | കാർമ്മ ൽകുന്ന് | വനവിഭവശേഖര ണം, , ശ്മശാനം | കാർമ്മൽ കുന്ന് സങ്കേതവ ാസികൾ | 9.0 ടഹക്ടർ |
| 3 9 | കാട്ടികൊല്ലി , വലിയകൊ ല്ലി, കണ്ടേക്കാട്ട് ,ഞവലത്ത്, ചോലപ്രത്ത ് , മന്നകൊല്ലി കുറുമ സങ്കേതം | പൂതാടി | ചെതല യം | കൂടല്ലൂർ | വനവിഭവശേഖര ണം, ശ്മശാനം കാലിമേച്ചിൽ, | സി.എം വിജയൻ മുതൽപേ ർ | 3ഏക്കർ |
| 4 0 | ഠകളമംഗല ം മുള്ളുകുറു മൻ,വെട്ടകു റുമൻ , കാട്ടുനായി ക്കൻ, സങ്കേതം | പൂതാടി | ചെതല യം | ഠകളമം ഗലം | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | അച്ച്യുത ൻ മുതൽപേ ർ | 2ഏക്കർ |
| 41 | കൊളാടി | പുല്പ ള്ളി | ചെതല യം | കുറിച്ചി പറ്റ | വനവിഭവശേഖര ണം, കാലിമേച്ചിൽ, | ടബെരി മുതൽപേ ർ | 5ഏക്കർ |
| 42 | കോളിമൂല പണിയ സങ്കേതം | പൂതാടി | ചെതല യം | ഇരുളം | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | ടകാലുമ്പ ൻ മുതൽപേ ർ | 125ഏക്ക ർ |
| 43 | കോളിമൂല കാട്ടുനായി | പൂതാടി | ചെതല യം | ഇരുളം | വനവിഭവശേഖര ണം,മത്സ്യബന്ധന | കുള്ളൻ മുതൽപേ | 62ഏക്ക ർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ക്കൻ, സങ്കേതം | | | | ം, ശ്മശാനം കാലിമേച്ചിൽ, | ർ | |
| 44 | കാളളിവാര കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചിൽ, | മാതൻ മുതൽപേർ | 5ഏക്കർ |
| 45 | കൊല്ലിവയൽ കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചിൽ, | കാളൻ,ചെറിയ കെഞ്ചൻ മുതൽപേർ | 10ഏക്കർ |
| 46 | കൊല്ലിവയൽ കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചിൽ, | വിജയൻ ശാന്ത മുതൽപേർ | 10ഏക്കർ |
| 47 | കൊമ്പൻചേരി കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | കൂടല്ലൂർ | വനവിഭവശേഖരണം, ശ്മശാനം | രാധാകൃഷ്ണൻ മുതൽപേർ | 5ഏക്കർ |
| 48 | കൊരഞ്ഞിവയൽ കുറുമൻ സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചചന്റ | ചിമ്പ്രൻ മുതൽപേർ | 10ഏക്കർ |
| 49 | കൂടല്ലുർ കുറുമൻ സങ്കേതം | പൂതാടി | ചെതലയം | കൂടല്ലൂർ | വനവിഭവശേഖരണം, ശ്മശാനം, കാലിമേച്ചചന്റ | രാധാകൃഷ്ണൻ മുതൽപേർ | 50ഏക്കർ |
| 50 | മേലെകുണ്ടുവാടി കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം, കാലിമേച്ചിൽ | ബിന്ദു, മാധവി മുതൽപേർ | 25ഏക്കർ |
| 51 | കുന്നമംഗലംവയൽ | മേപ്പാടി | മേപ്പാടി | കുന്നമംഗലംവയൽ | വനവിഭവശേഖരണം, ശ്മശാനം | കുന്നമംഗലംവയൽ സങ്കേതവാസികൾ | 243.24 ഹെക്ടർ |
| 52 | കുപ്പച്ചി | മേപ്പാടി | മേപ്പാടി | കുപ്പച്ചി | വനവിഭവശേഖരണം, കാലിമേച്ചിൽ | കുപ്പച്ചി സങ്കേതവാസികൾ | 8.81 ഹെക്ടർ |
| 53 | കുറിച്ചിപറ്റ കുറുമൻ സങ്കേതം | പുല്പള്ളി | ചെതലയം | കുറിച്ചിപറ്റ | വനവിഭവശേഖരണം, കാലിമേച്ചിൽ | നാരായണി , വാസു മുതൽപേർ | 10ഏക്കർ |
| 54 | കുറുമ്പൻമൂല കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | ചീയമ്പം 73 കാട്ടുനായ്ക്ക | വനവിഭവശേഖരണം,ശ്മശാനം, ആരാധന | അപ്പി ബോളൻ മുതൽപേർ | 2 ഏക്കർ |

| | | | | | | | |
|---|---|---|---|---|---|---|---|
| 55 | കുറ്റിയാംവ യൽ | പടിഞ്ഞ ാറത്തറ | കല്പറ്റ | കുറ്റിയാ ംവയൽ | വനവിഭവശേഖര ണം | കുറ്റിയാം വയൽ സങ്കേതവ ാസികൾ | 1.90 ടഹക്ടർ |
| 56 | ലക്ഷംവീട് വെട്ടകുറുമ ൻ സങ്കേതം | പൂതാടി | ചെതല യം | കൂടല്ലൂർ | വനവിഭവശേഖര ണം,ശ്മശാനം, കാലിമേച്ചിൽ | കാളൻ മുതൽപേ ർ | 3ഏക്കർ |
| 57 | മച്ചിമൂല കാട്ടുനായി ക്കൻ, സങ്കേതം | പുല്പ ള്ളി | ചെതല യം | ടചകാടി | വനവിഭവശേഖര ണം, കാലിമേച്ചിൽ | ടവള്ള, ജാനു, സോമൻ മുതൽപേ ർ | 10ഏക്കർ |
| 58 | മമ്മികുന്ന് | മേപ്പാടി | മേപ്പാട ി | മമ്മികു ന്ന് | വനവിഭവശേഖര ണം, കാലിമേച്ചചന്റ | മമ്മികുന്ന് സങ്കേതവ ാസികൾ | 2.78 ടഹക്ടർ |
| 59 | മണൽവയ ൽ വെളുക്കൊ ല്ലി പണിയൻ സങ്കേതം | പുല്പ ള്ളി | ചെതല യം | ചേകാടി | വനവിഭവശേഖര ണം, കാലിമേച്ചിൽ | കാളൻ, രവി മുതൽപേ ർ | 10ഏക്കർ |
| 6 0 | മാരമല കാട്ടുനായി ക്കൻ, സങ്കേതം | പൂതാടി | പൂതാട ി | ചെതല യം | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | മാരൻ മുതൽപേ ർ | 77ഏക്ക ർ |
| 61 | മാരിക്കുന്ന് വെട്ടകുറുമ ൻ സങ്കേതം | പൂതാടി | ചെതല യം | ഇരുളം | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം കാലിമേച്ചിൽ, | സോമൻ മുതൽപേ ർ | 18ഏക്കർ |
| 62 | മരിയനാട് സമരഭൂമി | പൂതാടി | ചെതല യം | മരിയനാ ട് | വനവിഭവശേഖര ണം,മത്സ്യബന്ധന ം, ശ്മശാനം ആരാധന | ബാലൻ മുതൽപേ ർ | 2ഏക്കർ |
| 63 | കല്ലുമല റാട്ടകൊല്ലി സങ്കേതം | മേപ്പാടി | മേപ്പാട ി | കല്ലുമല റാട്ടകൊ ല്ലി | വനവിഭവശേഖര ണം | കല്ലുമല റാട്ടകൊ ല്ലി സങ്കേതവ ാസികൾ | 88.25 ടഹക്ടർ |
| 64 | മൊടവൻക ര കാട്ടുനായി ക്കൻ, സങ്കേതം | പുല്പ ള്ളി | ചെതല യം | ചേകാടി | വനവിഭവശേഖര ണം, കാലിമേച്ചചന്റ | ചിക്കി, മാതൻ, രാജേഷ് മുതൽപേ ർ | 10ഏക്കർ |
| 65 | നടുവിൽമു റ്റം | പനമരം | ചെതല യം | അമ്മാന ി | വനവിഭവശേഖര ണം, | നടുവിൽ മുറ്റം സങ്കേതവ ാസികൾ | 10ഏക്കർ |
| 66 | നെല്ലേരിമന്ദ ം | തൊണ്ട ർനാട് | മാനന്ത വാടി | നെല്ലേരി മന്ദം | വനവിഭവശേഖര ണം, കാലിമേച്ചചന്റ | വി.യു രാമൻ, നാരായ ണൻ | 20ഏക്ക ർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | മുതൽപേര് | |
| 67 | നരിവയൽ കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ | ബാബു, കെഞ്ചൻ മുതൽപേര് | 5ഏക്കർ |
| 68 | നെയ്ക്കുപ്പ മണൽവയൽ | പൂതാടി | ചെതലയം | നെയ്ക്കുപ്പ | വനവിഭവശേഖരണം,മത്സ്യബന്ധനം, ശ്മശാനം കാലിമേച്ചിൽ, | കുള്ളൻ മുതൽപേര് | 23 ഏക്കർ |
| 69 | നെയ്ക്കുപ്പ പണിയൻ സങ്കേതം | പൂതാടി | ചെതലയം | നെയ്ക്കുപ്പ | വനവിഭവശേഖരണം,മത്സ്യബന്ധനം, ശ്മശാനം | കയ്പ്പ മുതൽപേര് | 14 ഏക്കർ |
| 70 | നീലികാപ്പ് സങ്കേതം | മേപ്പാടി | മേപ്പാടി | നീലികാപ്പ് | വനവിഭവശേഖരണം, ശ്മശാനം | നീലികാപ്പ് സങ്കേതവാസികൾ | 0.45 ഹെക്ടർ |
| 71 | നെല്ലിക്കച്ചങന്റ് | വെള്ളമുണ്ട | മാനന്തവാടി | നെല്ലിക്കച്ചങന്റ് | വനവിഭവശേഖരണം, കാലിമേച്ചിൽ ആരാധനയ്ക്കുള്ള അവകാശം | ബ്ന്തിൽ കുമാർ, രവികുമാർ മുതൽപേര് | 20 ഏക്കർ |
| 72 | ഓടക്കുറ്റി കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | ഓടക്കുറ്റി | വനവിഭവശേഖരണം, ശ്മശാനം കാലിമേച്ചചന്റ | സുരേഷ് മുതൽപേര് | 55 ഏക്കർ |
| 73 | പാലച്ചോല കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ | ബിന്ദു മുതൽപേര് | 10 ഏക്കർ |
| 74 | പള്ളിച്ചിറ കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | പള്ളിച്ചിറ | വനവിഭവശേഖരണം, കാലിമേച്ചിൽ | ബൊമ്മി, മാതൻ മുതൽപേര് | 5 ഏക്കർ |
| 75 | പങ്കുമൂപ്പൻ കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | പങ്കുമൂപ്പൻ | വനവിഭവശേഖരണം, കാലിമേച്ചിൽ ആരാധനയ്ക്കുള്ള അവകാശം, മത്സ്യബന്ധനം, ശ്മശാനം | കശി മുതൽപേര് | 19 ഏക്കർ |
| 76 | പന്നിമൂല കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ | രാഘവൻ, മാസ്തി മുതൽപേര് | 5 ഏക്കർ |
| 77 | പന്നിപാട് | തൊണ്ടർനാട് | മാനന്തവാടി | പന്നിപാട് | വനവിഭവശേഖരണം, കാലിമേച്ചിൽ | ദാരപ്പൻ മുതൽപേര് | 20 ഏക്കർ |
| 78 | പരപ്പൻപാറ | മുപ്പൈനാട് | മേപ്പാടി | പരപ്പൻപാറ | വനവിഭവശേഖരണം, മത്സ്യബന്ധനം, | പരപ്പൻപാറ സങ്കേതവ | 337.81 ഹെക്ടർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ാസികൾ | |
| 79 | പാത്രമൂല പണിയൻ സങ്കേതം | പൂതാടി | ചെതലയം | നെയ്ക്കുപ്പ | വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം | ശേഖരൻ മുതൽപേർ | 10 ഏക്കർ |
| 80 | പാത്രമൂല/ ചങ്ങലമൂല കാട്ടുനായിക്കൻ, സങ്കേതം | പൂതാടി | ചെതലയം | ചെഞ്ചടി | വനവിഭവശേഖരണം, മത്സ്യബന്ധനം , ശ്മശാനം | വലിയകരിയൻ മുതൽപേർ | 41 ഏക്കർ |
| 81 | പഴശ്ശി | മുട്ടിൽ | മേപ്പാടി | പഴശ്ശി | കാലിമേച്ചിൽ, | പഴശ്ശി സങ്കേതവാസികൾ | 0.16 ടഹക്ടർ |
| 82 | പെരിയമുണ്ട പണിയൻ സങ്കേതം | പുല്പള്ളി | ചെതലയം | എടക്കണ്ടി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ടവള്ളി ബാലൻ മുതൽപേർ | 10ഏക്കർ |
| 83 | പേരൂർ പണിയൻ സങ്കേതം | പൂതാടി | ചെതലയം | നെയ്ക്കുപ്പ | വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം, ശ്മശാനം | ഗോപാലൻ മുതൽപേർ | 12ഏക്കർ |
| 84 | പെരുങ്കുളം | വെള്ളമുണ്ട | മാനന്തവാടി | പെരുങ്കുളം | വനവിഭവശേഖരണം, | വെള്ളി മുതൽപേർ | 10ഏക്കർ |
| 85 | പൊളന്ന കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം, കാലിമേച്ചിൽ | കാളൻ, ബസവി മുതൽപേർ | 20ഏക്കർ |
| 86 | പൊളന്ന വെട്ടകുറുമൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം, കാലിമേച്ചിൽ | മാരൻ, ചെല്ലി ബാലൻ മുതൽപേർ | 5ഏക്കർ |
| 87 | പുലയൻമൂല ബൊമ്മൻ സങ്കേതം | പൂതാടി | ടചതലയം | ഇരുളം | വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം, ശ്മശാനം | രാഘവൻ മുതൽപേർ | 62ഏക്കർ |
| 88 | പുതിയിടം പണിയൻ സങ്കേതം | പുല്പള്ളി | ചെതലയം | എടക്കണ്ടി | വനവിഭവശേഖരണം, കാലിമേച്ചിൽ | അായി, കുറുമാട്ടി മുതൽപേർ | 15ഏക്കർ |
| 89 | റാട്ടകൊല്ലി മല സങ്കേതം | കല്പറ്റ മുൻസിപാലിറ്റി | മേപ്പാടി | റാട്ടകൊല്ലിമല | വനവിഭവശേഖരണം, | റാട്ടകൊല്ലി മല സങ്കേതവാസികൾ | 75.51 ടഹക്ടർ |
| 90 | സ്കൂൾകുന്ന് കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം, കാലിമേച്ചിൽ | ബൊമ്മി, കാളപ്പൻ , സുരേഷ് മുതൽപേർ | 10ഏക്കർ |
| 91 | ശേഘരൻക | മുപ്പൈന | മേപ്പാട | ശേഘര | വനവിഭവശേഖര | ശേഘരൻ | 8.8. |

| | | | | | | | |
|---|---|---|---|---|---|---|---|
| | ുണ്ട് | ാട് | ി | ൻകുണ്ട് | ണം, മത്സ്യബന്ധനം, | കുണ്ട് സങ്കേതവാസികൾ | ടഹക്ടർ |
| 92 | താഴശ്ശേരി അടിയാൻ സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം, കാലിമേച്ചിൽ | സുബ്ബൻ മുതൽപേർ | 5ഏക്കർ |
| 93 | തിരുമുഖത്ത് കുറുമൻ സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ | നളിനി, ശേഖരൻ മുതൽപേർ | 5ഏക്കർ |
| 94 | തിരുമുഖത്ത് വെട്ടകുറുമൻ, സങ്കേതം | പുല്പള്ളി | ചെതലയം | തിരുമുഖം | വനവിഭവശേഖരണം, കാലിമേച്ചിൽ | രാജൻ, അജയൻ മുതൽപേർ | 10ഏക്കർ |
| 95 | വട്ടകുണ്ട് | വൈത്തിരി | മേപ്പാടി | വട്ടകുണ്ട് | കാലിമേച്ചിൽ ശ്മശാനം | വട്ടകുണ്ട സങ്കേതവാസികൾ | 23.41 ടഹക്ടർ |
| 96 | വട്ടപ്പാടി | പൂതാടി | ചെതലയം | ഇരുളം | വനവിഭവശേഖരണം, കാലിമേച്ചിൽ, മത്സ്യബന്ധനം, ശ്മശാനം | ലക്ഷ്മി മുതൽപേർ | 67ഏക്കർ |
| 97 | വട്ടേരിക്കുന്ന് കുറുമൻ സങ്കേതം | തൊണ്ടർനാട് | മാനന്തവാടി | വട്ടേരിക്കുന്ന് | വനവിഭവശേഖരണം, ശ്മശാനം | ചെറിയ കേളു മുതൽപേർ | 11ഏക്കർ |
| 98 | വെള്ളക്കെട്ട് | മേപ്പാടി | മേപ്പാടി | വെള്ളക്കെട്ട് | വനവിഭവശേഖരണം, മത്സ്യബന്ധനം | വെള്ളക്കെട്ട് സങ്കേതവാസികൾ | 93.6 ടഹക്ടർ |
| 99 | വേങ്ങചോല സങ്കേതം | മേപ്പാടി | മേപ്പാടി | വേങ്ങചോല | വനവിഭവശേഖരണം, മത്സ്യബന്ധനം | വേങ്ങചോല സങ്കേതവാസികൾ | 71.17 ടഹക്ടർ |
| 100 | വെട്ടത്തൂർ കാട്ടുനായിക്കൻ, സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ഠദവി, അമ്മിണി മുതൽപേർ | 10ഏക്കർ |
| 101 | വെട്ടത്തൂർ പണിയൻ സങ്കേതം | പുല്പള്ളി | ചെതലയം | കുണ്ടുവാടി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ശേഖരൻ, രാജു, പുട്ടി മുതൽപേർ | 5ഏക്കർ |
| 102 | വിലങ്ങാടി വെട്ടകുറുമൻ, സങ്കേതം | പുല്പള്ളി | ചെതലയം | ചേകാടി | വനവിഭവശേഖരണം, കാലിമേച്ചിൽ, | ഗോപി, മാതി,മാധവൻ, രാജു മുതൽപേർ | 5ഏക്കർ |

# അനുബന്ധം-6

11/11/2009 മുതൽ 22/06/2012 വരെ തീയ്യതിയിലുള്ള സബ്ഡിവിഷണൽ തല കമ്മിറ്റിയുടെ നടപടിക്രമം

| തീയ്യതി | | എഫ്.ആർ.സി | പഞ്ചായത്ത് | എണ്ണം | മീറ്റിംഗിൽ പങ്കെടുത്തവർ |
|---|---|---|---|---|---|
| 1/11/2009 | | ഗോദാവരി<br>പുന്നശ്ശേരി<br>എടാറകൊല്ലി<br>കാരയോത്തുമ്മൽ | തവിഞ്ഞാൽ<br>തവിഞ്ഞാൽ<br>തവിഞ്ഞാൽ<br>തവിഞ്ഞാൽ | 87<br>10<br>08<br>02 | SDLC ചെയർ പേഴ്സൺ മാനന്തവാടി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് , സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, തവിഞ്ഞാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പെരിയ, ബേഗൂർ, മാനന്തവാടി, റേഞ്ച് ഓഫീസർമാർ, സെക്രട്ടറി (107) |
| 20/11/2009 | | ഗോദാവരി<br>പനവല്ലി | തവിഞ്ഞാൽ<br>തിരുനെല്ലി | 53<br>29 | SDLC ചെയർ പേഴ്സൺ മാനന്തവാടി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, കാട്ടിക്കുളം, തവിഞ്ഞാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, സെക്രട്ടറി-തവിഞ്ഞാൽ , ബേഗൂർ റെയ്ഞ്ച് ഓഫീസർ (82) |
| 16/12/2009 | | ഗോദാവരി<br>കാളിന്ദി<br>ഇരുമ്പുപാലം<br>നെല്ലിക്കച്ചാൽ<br>പെരുങ്കുളം<br>പന്തളം<br>രണ്ടാംഗേറ്റ്<br>പനവല്ലി | തവിഞ്ഞാൽ<br>തിരുനെല്ലി<br>തിരുനെല്ലി<br>വെള്ളമുണ്ട<br>വെള്ളമുണ്ട<br>നൂൽപ്പുഴ<br>തിരുനെല്ലി<br>തിരുനെല്ലി | 53<br>12<br>36<br>31<br>25<br>18<br>46<br>70 | |

| | | | | | |
|---|---|---|---|---|---|
| | | ബേഗൂർ | തിരുനെല്ലി | 118 | |
| | | അരണ്ണപ്പാറ | തിരുനെല്ലി | 6 | |
| | | ചേകാടി | തിരുനെല്ലി | 4 | |
| | | അപ്പാപാറ | തിരുനെല്ലി | 03 | |
| | | തിരുനെല്ലി | തിരുനെല്ലി | 6 | |
| | | ബാവലി | തിരുനെല്ലി | 10 | |
| | | അമ്മാനി | പനമരം | 5 | |
| | | എടമുണ്ട | തൊണ്ടർനാട് | 91 | |
| 26/02/2010 | | താഴെതലപ്പുഴ | തവിഞ്ഞാൽ | 13 | ചെയർ പേഴ്സൺ, ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ബേഗൂർ, പെരിയ, ചെതലത്ത്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പൂതാടി |
| | | കാപ്പാട്ടുമല | തവിഞ്ഞാൽ | 14 | |
| | | പങ്കുമൂപ്പൻ | പൂതാടി | 7 | |
| | | മാരമല | പൂതാടി | 1 | |
| | | ചെട്ടിപാമ്പ്ര | പൂതാടി | 22 | |
| | | എലകൊല്ലി | പൂതാടി | 36 | |
| | | കല്ലുവയൽ | പൂതാടി | | |
| | | കേളമംഗലം | പൂതാടി | 16 | |
| | | ഓടക്കുറ്റി | പൂതാടി | 8 | |
| | | തേൻകുഴി | പൂതാടി | 7 | |
| | | കൂടല്ലൂർ | പൂതാടി | 41 | |
| | | മരിയനാട് | പൂതാടി | 326 | |
| | | കൊട്ടങ്കര | നൂൽപ്പുഴ | 12 | SDLC ചെയർ പേഴ്സൺ തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പൂതാടി, നൂൽപ്പുഴ, കാട്ടിക്കുളം, കുത്തോം, തവിഞ്ഞാൽ, കണിയാംമ്പറ്റ, പിണങ്ങോട്ട്, പടിഞ്ഞാറത്തറ, കൽപ്പറ്റ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ,, കൽപ്പറ്റ , ബേഗൂർ റേഞ്ചിലെ ഫോറസ്റ്റ് റേഞ്ച് ഓഫീസർ |
| | | പിലാക്കാവ് | നൂൽപ്പുഴ | 11 | |
| | | ഞണ്ടൻകൊല്ലി | നൂൽപ്പുഴ | 25 | |
| | | മാറോട് | നൂൽപ്പുഴ | 14 | |
| | | വീട്ടിപ്പുര | നൂൽപ്പുഴ | 15 | |
| | | കോളൂർ | നൂൽപ്പുഴ | 62 | |
| | | ഓടക്കൊല്ലി | നൂൽപ്പുഴ | 40 | |
| | | വട്ടക്കുണ്ട് | വൈത്തിരി | 23 | |
| | | കോൾപാറ | മുട്ടിൽ | 24 | |
| | | ചീയമ്പം 73 കാട്ടുനായിക്ക | പൂതാടി | 101 | |
| | | ചീയമ്പം73 പണിയ | പൂതാടി | 79 | |
| | | നെയ്ക്കുപ്പ് മണൽവയൽ | പൂതാടി | 22 | |
| | | കേളമംഗലം | പൂതാടി | 18 | |
| | | കുറ്റിയാംവയൽ | പടിഞ്ഞാറത്തറ | 45 | |
| | | അരുണമല | മേപ്പാടി | 42 | |
| | | പൂളക്കുന്ന് | മേപ്പാടി | 14 | |
| | | വെള്ളക്കെട്ട് | മേപ്പാടി | 15 | |
| | | ഗോവിന്ദൻപാറ | മേപ്പാടി | 22 | |
| | | ഇടിഞ്ഞകൊല്ലി | മേപ്പാടി | 27 | |
| | | വേങ്ങച്ചോല | മേപ്പാടി | 44 | |
| 17/12/09 | | ഇടിയാംവയൽ | പൊഴുതന | 43 | ചെയർ പേഴ്സൺ വൈത്തിരി, ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, |
| | | അത്തിക്കടവ് | മീനങ്ങാടി | 140 | |
| | | മടൂർ | മീനങ്ങാടി | 52 | |

| | | | | | |
|---|---|---|---|---|---|
| | | | | | കൽപ്പറ്റ , ചെതലത്ത് റേഞ്ച് ഓഫീസർ |
| 22/02/2010 | | പുല്ലുമല | ബത്തേരി | 43 | ചെയർ പേഴ്സൺ, |
| | | പൂവഞ്ചി | ബത്തേരി | 77 | പനമരം, വൈത്തി |
| | | പാമ്പ്രമൂല | ബത്തേരി | 78 | രി, കാട്ടിക്കുളം, |
| | | പുത്തൻവീട് | ബത്തേരി | 29 | നൂൽപ്പുഴ, ബത്തേ |
| | | മണൽവയൽ | ബത്തേരി | 6 | രി, കുത്തോം, |
| | | പണയമ്പം | നൂൽപ്പുഴ | 48 | കൽപ്പറ്റ, ട്രൈബൽ |
| | | അണ്ണിമൂല | നൂൽപ്പുഴ | 28 | എക്സ്റ്റൻഷൻ |
| | | കുറിച്ച്യാട് | നൂൽപ്പുഴ | 49 | ഓഫീസർ, കുറി |
| | | ആനപന്തി | നൂൽപ്പുഴ | 48 | ച്യാട് , ബത്തേരി, |
| | | കുമ്പ്രംകൊല്ലി | നൂൽപ്പുഴ | 7 | തോൽപ്പെട്ടി, മുത്ത |
| | | കൊട്ടംകര | നൂൽപ്പുഴ | 46 | ങ്ങ അസിസ്റ്റന്റ് |
| | | പിലാക്കാവ് | നൂൽപ്പുഴ | 120 | വൈൽഡ് ലൈഫ് |
| | | പണപ്പാടി | നൂൽപ്പുഴ | 46 | വാർഡന്മാർ, |
| | | മാറോട് | നൂൽപ്പുഴ | 10 | ബേഗൂർ, മേപ്പാടി, |
| | | പൊൻകുഴി | നൂൽപ്പുഴ | 60 | കൽപ്പറ്റ, ചെതലയ |
| | | കോളൂർ | നൂൽപ്പുഴ | 101 | ത്ത്, മാനന്തവാടി |
| | | ചുക്കാലിക്കുനി | നൂൽപ്പുഴ | 31 | ഫോറസ്റ്റ് റേഞ്ച് |
| | | വൈക്കര | നൂൽപ്പുഴ | 51 | ഓഫീസർ, |
| | | പനകാലാ | നൂൽപ്പുഴ | 9 | ബത്തേരി ബ്ലോക്ക് |
| | | ഞണ്ടൻകൊല്ലി | നൂൽപ്പുഴ | 22 | പഞ്ചായത്ത് |
| | | ഇടിയംവയൽ | പൊഴുതന | 45 | മെമ്പർ, ബത്തേരി, |
| | | ആനക്കാട് | മേപ്പാടി | 6 | പൊഴുതതന, തിരു |
| | | കളളാടി- | മേപ്പാടി | 15 | നെല്ലി, നൂൽപ്പുഴ, |
| | | മമ്മിക്കുന്ന് | | 14 | തൊണ്ടർനാട് |
| | | | | | ഗ്രാമപഞ്ചായത്ത് |
| | | പാൽവെളിച്ചം | തിരുനെല്ലി | | സെക്രട്ടറിമാർ |
| | | അരീക്കര | തിരുനെല്ലി | 7 | |
| 10/05/2010 | | ആനപന്തി | നൂൽപ്പുഴ | 1 | ചെയർ പേഴ്സൺ, |
| | | കോളൂർ | നൂൽപ്പുഴ | 6 | ട്രൈബൽ |
| | | അണ്ണിമൂല | നൂൽപ്പുഴ | 2 | എക്സ്റ്റൻഷൻ |
| | | പണയമ്പ്രം | നൂൽപ്പുഴ | 6 | ഓഫീസർ- കാട്ടി |
| | | പൊൻകുഴി | നൂൽപ്പുഴ | 1 | ക്കുളം, വൈത്തി |
| | | മൈക്കര | നൂൽപ്പുഴ | 13 | രി, കണിയാംമ്പറ്റ, |
| | | പിലാക്കാവ് | നൂൽപ്പുഴ | 2 | കല്പ്പറ്റ, പൂതാടി, |
| | | പണപ്പാടി | നൂൽപ്പുഴ | | നൂൽപ്പുഴ, |
| | | ഞണ്ടൻകൊല്ലി | നൂൽപ്പുഴ | 1 | കുത്തോം, ചീങ്ങേ |
| | | കുറിച്യാട് | നൂൽപ്പുഴ | 2 | രി, |
| | | മാറോട് | നൂൽപ്പുഴ | 4 | ഫോറസ്റ്റ് റേഞ്ച് |
| | | ചക്കാലിക്കുന്ന് | നൂൽപ്പുഴ | 19 | ഓഫീസർ, ചെതല |
| | | പത്തേരിക്കുന്ന് | തൊണ്ടർനാട് | 18 | ത്ത്, കല്പ്പറ്റ, |
| | | നെല്ലേരി | തൊണ്ടർനാട് | 24 | മേപ്പാടി, മാനന്ത |
| | | എടമുണ്ട | തൊണ്ടർനാട് | 57 | വാടി. അസിസ്റ്റന്റ് |
| | | മടൂർ | മീനങ്ങാടി | 12 | വൈൽഡ് ലൈഫ് |
| | | കുപ്പച്ചി | മേപ്പാടി | 15 | വാർഡൻ, കുറി |
| | | കല്ലുമലറാട്ട | മേപ്പാടി | 27 | ച്യാട്, ബത്തേരി. |
| | | കൊല്ലി | മേപ്പാടി | 95 | പഞ്ചായത്ത് |
| | | നീലികാപ്പ് | മേപ്പാടി | 10 | സെക്രട്ടറി മുട്ടിൽ, |
| | | പഞ്ചാരികുന്ന് | മേപ്പാടി | 7 | തൊണ്ടർനാട്, |

| | | | | | |
|---|---|---|---|---|---|
| | | ആനക്കാട്<br>ഇടിയംവയൽ<br>ബേഗൂർ<br>പനവല്ലി<br>അപ്പപ്പാറ<br>പഴശ്ശി | മേപ്പാടി<br>പൊഴുതന<br>തിരുനെല്ലി<br>തിരുനെല്ലി<br>തിരുനെല്ലി<br>മുപ്പൈനാട് | 7<br>10<br>39<br>7<br>11<br>37 | പൊഴുതന, തിരു<br>നെല്ലി, മീനങ്ങാടി,<br>മേപ്പാടി ഫീൽഡ്<br>ഓഫീസർ. |
| 1/07/2010 | | കണ്ടാമല<br>കുറിച്യാപറ്റ<br>ബസവൻകൊല്ലി<br>മടാപറമ്പ്<br>ഇല്ലിയമ്പത്ത്<br>കുണ്ടുവാടി<br>തിരുമുഖം<br>എടകണ്ടി<br>ചെറിയമല<br>കടച്ചിക്കുന്ന്<br>പഞ്ചമിക്കുന്ന്<br>നീലികാപ്പ്<br>കുപ്പച്ചി<br>കല്ലുമല വീട്ടിമറ്റം<br>മാറോട്<br>കൊട്ടംകര<br>ആനപന്തി<br>നെല്ലിക്കചാൽ<br>പെരുകലം<br>എടമുണ്ട<br>നെല്ലേരി<br>പഴശ്ശി<br>മരിയനാട്<br>ഓടകുറ്റി<br>കേളമംഗലം<br>ചെടിപാമ്പ്ര<br>പാമ്പ്രമൂല<br><br>പുല്ലുമല<br><br>പൂവഞ്ചി<br><br>പുതുവീട്<br><br>മണൽവയൽ | പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>മുപ്പൈനാട്<br>പുൽപ്പള്ളി<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>നൂൽപ്പുഴ<br>നൂൽപ്പുഴ<br>നൂൽപ്പുഴ<br>വെള്ളമുണ്ട<br>വെള്ളമുണ്ട<br>തൊണ്ടർനാട്<br>തൊണ്ടർനാട്<br>മുട്ടിൽ<br>പൂതാടി<br>പൂതാടി<br>പൂതാടി<br>പൂതാടി<br>സുൽത്താൻ<br>ബത്തേരി<br>സുൽത്താൻ<br>ബത്തേരി<br>സുൽത്താൻ<br>ബത്തേരി<br>സുൽത്താൻ<br>ബത്തേരി<br>സുൽത്താൻ<br>ബത്തേരി | 13<br>3<br>34<br>21<br>13<br>22<br>22<br>25<br>29<br>14<br>13<br>2<br>8<br>15<br>2<br>3<br>28<br>1<br>2<br>6<br>1<br>2<br>8<br>2<br>2<br>1<br>1<br><br>9<br><br>6<br><br>1<br><br>1 | ചെയർപേഴ്സൺ,<br>ബത്തേരി ബ്ലോക്ക്<br>പഞ്ചായത്ത്<br>മെമ്പർ, ബ്ലോക്ക്<br>പഞ്ചായത്ത് പ്രസി<br>ഡന്റ്- ബത്തേരി,<br>കൽപ്പറ്റ, അസി<br>സ്റ്റന്റ് വൈൽഡ്<br>ലൈഫ് വാർഡൻ-<br>മുത്തങ്ങ.<br>ഫോറസ്റ്റ് റേഞ്ച്<br>ഓഫീസർ- മേപ്പാ<br>ടി, ചെതലയത്ത് .<br>ഗ്രാമപഞ്ചായത്ത്<br>സെക്രട്ടറി- പുൽപ്പ<br>ള്ളി, തൊണ്ടർനാട്,<br>പൂതാടി.<br>ട്രൈബൽ<br>എക്സ്റ്റൻഷൻ<br>ഓഫീസർ-കു<br>ണ്ടോം, ബത്തേരി,<br>കൽപ്പറ്റ, നൂൽപ്പുഴ,<br>പൂതാടി, കണിയാം<br>മ്പറ്റ, പുൽപ്പള്ളി. |
| 5/08/2010 | | ചോയിമൂല<br>ഗോദാവരി<br>മൈക്കര<br>ആനപന്തി<br>കോളൂർ<br>ബസവൻകൊല്ലി<br>തിരുമുഖം<br>പള്ളിച്ചിറ<br>കുണ്ടുവാടി | തവിഞ്ഞാൽ<br>തവിഞ്ഞാൽ<br>നൂൽപ്പുഴ<br>നൂൽപ്പുഴ<br>നൂൽപ്പുഴ<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി | 5<br>6<br>3<br>2<br>1<br>9<br>13<br>9<br>24 | ചെയർപേഴ്സൺ ,<br>ട്രൈബൽ<br>എക്സ്റ്റൻഷൻ<br>ഓഫീസർ,<br>നൂൽപ്പുഴ, തവി<br>ഞ്ഞാൽ, പുൽപ്പ<br>ള്ളി, കൽപ്പറ്റ ,<br>ചീങ്ങേരി, UDC-<br>മേപ്പാടി ഗ്രാമപ |

| | | | | | |
|---|---|---|---|---|---|
| | | പുതിയേടം<br>കുറിച്ചിപ്പറ്റ<br>ഫോറസ്റ്റ് വയൽ<br>നീലിമല<br>കടച്ചികുന്ന്<br>വേങ്ങച്ചോല<br>കല്ലുമലറാട്ടകൊല്ലി<br>വെള്ളക്കെട്ട്<br>റാട്ടകൊല്ലിമല<br><br>ഗോവിന്ദൻപാറ<br>ഇടിഞ്ഞകൊല്ലി<br>പഞ്ചമിക്കുന്ന്<br>ആനക്കാട്<br>നീലികാപ്പ്<br>അത്തിക്കടവ് | പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>മുപ്പൈനാട്<br>മുപ്പൈനാട്<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>കൽപ്പറ്റ മുനിസിപ്പാലിറ്റി<br><br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>മീനങ്ങാടി | 2<br>9<br>18<br>21<br>44<br>3<br>6<br>2<br>1<br>1<br>1<br>1<br>1<br>1<br>1<br>28 | ഞ്ചായത്ത് LDC - മുപ്പൈനാട് ഗ്രാമപഞ്ചായത്ത്, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ബത്തേരി,, കുറിച്യാട്, മുത്തങ്ങ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ- ചെതലയം, മേപ്പാടി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി- പുൽപ്പള്ളി, തവിഞ്ഞാൽ, ജൂനിയർ സൂപ്രണ്ട് -അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് - മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്. |
| 22/03/11 | | മണലമ്പം<br>കുറുക്കമൂല<br>മേലെ മടാപറമ്പ്<br>ചുരുളി<br>മദ്ധ്യപാടി<br>തോൽപ്പെട്ടി<br>നെയ്ക്കുപ്പ്<br>മരിയനാട്<br>എടമുണ്ട<br>തിരുമുഖകുന്ന്<br>പള്ളിച്ചിറ<br>ബസവൻകൊല്ലി<br>കല്ലുമലറാട്ട കൊല്ലി<br>കള്ളാടി മമ്മിക്കുന്ന്<br>പഞ്ചമിക്കുന്ന്<br>കടച്ചിക്കുന്ന്<br>നീലിമല<br>കുപ്പച്ചി<br>ആനക്കാട്<br>അത്തിക്കടവ്<br>പുതിയിടം | പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>തൊണ്ടർനാട്<br>തിരുനെല്ലി<br>തിരുനെല്ലി<br>പൂതാടി<br>പൂതാടി<br>തൊണ്ടർനാട്<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>പുൽപ്പള്ളി<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>മേപ്പാടി<br>മുപ്പൈനാട്<br>മേപ്പാടി<br>മേപ്പാടി<br>മീനങ്ങാടി<br>പുൽപ്പള്ളി | 5<br>14<br>9<br>61<br>20<br>13<br>6<br>4<br>3<br>2<br>2<br>2<br>12<br>1<br>2<br>7<br>7<br>1<br>2<br>33<br>1 | ചെയർപേഴ്സൺ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ - തോൽപ്പെട്ടി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ- പുൽപ്പള്ളി, കുത്തോം, പൂതാടി, കാട്ടിക്കുളം, കൽപ്പറ്റ, ചീങ്ങേരി. ഫോറസ്റ്റ് റേഞ്ച് ഓഫീസർ- കൽപ്പറ്റ, ബേഗൂർ, ചെതലയം, ഗ്രാമപഞ്ചായത്ത് സെക്രട്ടറി , തിരുനെല്ലി, മുപ്പൈനാട്, മീനങ്ങാടി, പുൽപ്പള്ളി. ജൂനിയർ സൂപ്രണ്ട് - മേപ്പാടി, LDC - പൂതാടി ഫോറസ്റ്റ് ചെതലയം റേഞ്ച്. |
| 03/09/2011 | | താഴെ തലപ്പുഴ<br>ജയ്ഹിന്ദ്<br>കുപ്പച്ചി<br>റാട്ടക്കൊല്ലിമല<br>കുന്നമംഗലം<br>വയൽ കോളനി<br>കൈരളി | തവിഞ്ഞാൽ<br>മുപ്പൈനാട്<br>മേപ്പാടി<br>കൽപ്പറ്റ മുനിസിപ്പാലിറ്റി<br>മേപ്പാടി<br>മുപ്പൈനാട് | 8<br>12<br>1<br>10<br><br>24<br>49 | ചെയർപേഴ്സൺ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ- മേപ്പാടി, മാനന്തവാടി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ- |

| | | | | | |
|---|---|---|---|---|---|
| | | | | | കൽപ്പറ്റ , തവിഞ്ഞാൽ.<br>സെക്രട്ടറി- മുപ്പൈനാട് , മേപ്പാടി.<br>UDC- കൽപ്പറ്റ മുനിസിപ്പാലിറ്റി |
| 28/06/2012 | | അമ്മാനി<br>പരപ്പൻപാറ<br>പന്നിപ്പാട്<br>പഴശ്ശി<br>കട്ടംകോട്<br>ചോയിമൂല | പനമരം<br>മുപ്പൈനാട്<br>തൊണ്ടർനാട്<br>മുട്ടിൽ<br>തവിഞ്ഞാൽ<br>തവിഞ്ഞാൽ | 11<br>12<br>5<br>7<br>8<br>12 | സബ് കളക്ടർ ( ചെയർപേഴ്സൺ), ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ- തവിഞ്ഞാൽ, കൽപ്പറ്റ, കുഞ്ഞോം, പനമരം, കണിയാംമ്പറ്റ. ഫോറസ്റ്റ് റേഞ്ച് ഓഫീസർ- മേപ്പാടി, സെക്രട്ടറി-തൊണ്ടർനാട്, മേപ്പാടി, പനമരം.<br>JS- പൊഴുതന<br>UDC- കൽപ്പറ്റ മുനിസിപ്പാലിറ്റി |
| | | കടച്ചിക്കുന്ന്<br>ജയ്ഹിന്ദ്<br>കാർമ്മൽകുന്ന്<br>കൈരളി<br>ആനക്കാട് | മുപ്പൈനാട്<br>മുപ്പൈനാട്<br>മേപ്പാടി<br>മുപ്പൈനാട്<br>മേപ്പാടി | 1<br>19<br>1<br>11<br>2 | സബ് കളക്ടർ രണ്ട് മെമ്പർ- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് , ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ- കൽപ്പറ്റ, അക്കൗണ്ടന്റ്- മുപ്പൈനാട് ഗ്രാമപഞ്ചായത്ത് |
| | | | | | |

## അനുബന്ധം

### ചുരുക്കെഴുത്തുകൾ

| | |
|---|---|
| ATSP | Additional Tribal Sub Plan |
| CFRMC | Community Forest Resource Management Committee |
| DLC | District Level Committee |
| FRA | Forest Right Act 2006 (The Scheduled Tribes and Other Traditional Forest dwellers Recognition of Rights) Act 2006 |
| FRC | Forest Right Committee |
| JFM | Joint Forest Management |
| ITDP | Integrated Tribal Development Project |
| MoEF | Ministry of Environmental Forest |
| ROR | Record of Rights |
| SDLC | Sub Divisional Level Committtee |
| SLMC | State Level Monitoring Committee |
| STDD | Scheduled Tribe Development Department |
| TDO | Tribal Development Office |
| TRDM | Tribal Rehabilitation Development Mission |
| VFC | Village Forest Committee |

## അനുബന്ധം

### നയങ്ങളും, നിയമങ്ങളും

| | |
|---|---|
| 1840 | State Lands Encroachments Ordinance1840 |
| 1864 | ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനി വനംവകുപ്പ് രൂപവത്കരിച്ചു |
| 1865 | Indian Forest Act 1865 |
| 1878 | Forest Act 1878 |
| 1885 | Charter of Indian Forest 1885 |
| 1894 | Forest policy 1894 |
| 1927 | Indian forest Act 1927 |
| 1952 | National Forest Policy |
| 1961 | Kerala Forest Act |
| 1970 | Aerable Forest Land Scheme |
| 1972 | കേരളസ്വകാര്യ വനഭൂമി പതിച്ചു കൊടുക്കൽ **ആക്റ്റ** |
| 1980 | Wild life Protection Act |
| 1988 | National Forest policy 1988 |
| 1990 | Joint Forest Management |
| 2003 | കേരളവനം (പരിസ്ഥിതി) ദുർബല പ്രദേശങ്ങൾ നിക്ഷിപ്തമാക്കലും, പരിപാനവും ആക്ട്-2003 |
| 2006 | The Scheduled Tribes and Other Traditional Forest dwellers Recognition of Rights Act 2006 |

## സഹായക ഗ്രന്ഥങ്ങൾ


1. Gopalan Nair.C (2011) *Wayanad its people and Traditions.,* Asian Educational Services, NewDelhi.
2. Madhav Gadgil and Ramachandra Guha, *Ecology and Equity .The use and abuse of nature in contemporary India*- Penguine Books 1995
3. Mathur PRG. (1977), *Tribal situation in Kerala*, Kerala Historical Society Thiruvananthapuram
4. Poddar.A.K, Swayambha Mukharjee and Debosmitha Nandey *Forest Laws and Policies in India* , (ed.) Regal Publications (2011).
5. Sathyapalan, Jyothis, 2012: " *Implementation of the Forest Rights Act in the Western ghats Regions of Kerala"- The Adivasi Question: Issues of Land , forest and livelihood* ,(ed.) by Indra Munshi ,Orient Blackswan Publication Ltd, NewDelhi.
6. Thurston Edgar,*The caste and Tribes of Southern India*,Govt press Madrass,(1909)
7. Discover Wayanad, District Tourism Promotion Council , Kalpetta Wayanad.
8. " Implementation of ST and Other Forest Dwelllers ( Recognition of Forest Rights) Act-2006" Adivasi, Volume 49, Number 2 Journal of Scheduled Caste & Scheduled Tribes Research and Training Institute (SCSTRTI) Bhubsneswar, Orissa, India, December 2009.
9. The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act , 2006 - Ministry of Law and Justice, NewDelhi, January 2, 2007.
10. Census -2011
11. ജോണി .ഒ.കെ (2001) *വയനാട് രേഖകൾ*, പാപ്പിയോൺ കോഴിക്കോട്.
12. മുണ്ടക്കയം ഗോപി (2002) അറിയപ്പെടാത്ത വയനാട് ചരിത്രം, സഖിയ പബ്ലിക്കേഷൻ കൽപ്പറ്റ.
13. പാനൂർ. കെ (1963) *കേരളത്തിലെ ആഫ്രിക്ക,* TBS കോഴിക്കോട്
14. സഹദേവൻ.കെ (2016) *ഇന്ത്യയിലെ ആദിവാസി കോറിഡോറിൽ സംഭവിക്കുന്നത്*, വിദ്യാർത്ഥി പബ്ലിക്കേഷൻസ് കോഴിക്കോട്.
15. പട്ടിക ഗോത്രവർഗ്ഗങ്ങളും, മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്ട് 2006 (2006 ഡിസംബർ 27) – കൈപുസ്തകം – പട്ടിക വർഗ്ഗ വികസന വകുപ്പ് , തിരുവനന്തപുരം. നവംബർ 2012.
16. പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം–2008, വയനാട് ജില്ലാ റിപ്പോർട്ട് (ഭാഗം ഒന്ന്) . തദ്ദേശസ്വയംഭരണ വകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ആഗസ്ത് 2011.



ഗോവിന്ദൻപാറ പണിയൻ സങ്കേതത്തിലേയ്ക്കുള്ള വഴി.



ബസവൻകൊല്ലി സങ്കേതത്തിലെ ദൈവപുര




നടുവിൽമുറ്റം –കുറിച്ച്യൻ സങ്കേതം




താഴേ തലപ്പുഴ


വെള്ളക്കെട്ട്



(See Rule 8(b) )

TITLE TO COMMUNITY FOREST RIGHTS

(സാമൂഹിക വനാവകാശ രേഖ

| | | | |
|---|---|---|---|
| 1. | Name(s) of the holder(s) of community forest right | : | Achuthan and Others, Ayanimala Kuruma,Kattunyka,Paniya Colony |
| 2. | Village/Grama Sabha/ Name of Forest Right Committee | : | Kelamangalam Forest Right Committee |
| 3. | Grama Panchayat | : | Poothady |
| 4. | Tehsil/Taluks | : | Sulthan Bathery |
| 5. | District | : | Wayanad |
| 6. | Scheduled Tribe or Other Traditional Forest Dweller | : | Scheduled Tribe |
| 7. | Nature of community rights | : | Collection of Minor Forest Products, Right to worship, Burial ground(വനവിഭവങ്ങൾശേഖരിക്കൽ, ശ്മശാനം, ആരാധന - 2 ഏക്കർ) |
| 8. | Conditions if any | : | Nil |
| 9. | Description of boundaries including Customary boundary and /or by prominent Landmarks including Khasra/Compartment No: | : | Sketch attached |

Name(s) of the holder(s) of community forest right

**Achuthan and Others,**
**Ayanimala Kuruma, Kattunayka,**
**Paniya Colony**
**Pothady Grama Panchayath,**
**Chethalayam Range**

വനാവകാശം നല്കുന്നവരുടെ പേരുവിവരങ്ങൾ

അച്ചുതൻ മുതൽപേർ
അയനിമൂല കുറുമ കാട്ടുനായ്ക്ക പണിയ കോളനി
പൂതാടി ഗ്രാമപഞ്ചായത്ത്
ചെതലയം റെയിഞ്ച്

We, the undersigned hereby, for and on behalf of the Government of (Name of the State) Keral affix our signatures to confirm the forest right as mentioned in the Title to the above mentioned holder of community forest rights.


**Divisional Forest Officer/Deputy Conservator of Forests**

**District Tribal Welfare Officer**

**District Collector /Deputy Commissioner**

Note: Within the said area, this community has the right to protect, regenerate or conserve or mar and this community forest resources which they have been traditionally protecting and conser for sustainable used as per section 3(1) (i) of the Act. (പട്ടിക വർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വാസികളും(വനാവകാശം അംഗീകരിക്കൽ)നിയമം 2006 വകുപ്പ് 3(1)(i) പ്രകാരം മേൽപറഞ്ഞ സ്ഥലത്ത് ഈ ഹത്തിന് അവർ നിലനിൽപ്പിനായി പരമ്പരാഗതമായി സംരക്ഷിച്ചും,പരിരക്ഷിച്ചും വന്നിരുന്നത് പോലെ വന ങ്ങൾ സംരക്ഷിക്കുന്നതിനും,പുനരുദ്ധരിക്കുന്നതിനും, പരിരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും

സാമൂഹികാവകാശരേഖ. അയനിമല കുറുമൻ സങ്കേതം. 2 ഏക്കർ



(See Rule 8(b) )

TITLE TO COMMUNITY FOREST RIGHTS

(സാമൂഹിക വനാവകാശ രേഖ

| | | | |
|---|---|---|---|
| 1. | Name(s) of the holder(s) of community forest right | : | Achuthan and Others, Ayanimala Kuruma,Kattunyka,Paniya Colony |
| 2. | Village/Grama Sabha/ Name of Forest Right Committee | : | Kelamangalam Forest Right Committee |
| 3. | Grama Panchayat | : | Poothady |
| 4. | Tehsil/Taluks | : | Sulthan Bathery |
| 5. | District | : | Wayanad |
| 6. | Scheduled Tribe or Other Traditional Forest Dweller | : | Scheduled Tribe |
| 7. | Nature of community rights | : | Collection of Minor Forest Products, Right to worship, Burial ground(വനവിഭവങ്ങൾശേഖരിക്കൽ, ശ്മശാനം, ആരാധന – 2 ഏക്കർ) |
| 8. | Conditions if any | : | Nil |
| 9. | Description of boundaries including Customary boundary and /or by prominent Landmarks including Khasra/Compartment No: | : | Sketch attached |

Name(s) of the holder(s) of community forest right

**Achuthan and Others,**
**Ayanimala Kuruma, Kattunayka,**
**Paniya Colony**
**Pothady Grama Panchayath,**
**Chethalayam Range**

വനാവകാശം നല്കുന്നവരുടെ പേരുവിവരങ്ങൾ

അച്ചുതൻ മുതൽപേർ
അയനിമൂല കുറുമ കാട്ടുനായ്ക്ക പണിയ കോളനി
പൂതാടി ഗ്രാമപഞ്ചായത്ത്
ചെതലയം റെയിഞ്ച്

We, the undersigned hereby, for and on behalf of the Government of (Name of the State) Keral affix our signatures to confirm the forest right as mentioned in the Title to the above mentioned holder of community forest rights.

**Divisional Forest Officer/Deputy Conservator of Forests**


**District Tribal Welfare Officer**

**District Collector /Deputy Commissioner**

Note: Within the said area, this community has the right to protect, regenerate or conserve or mar and this community forest resources which they have been traditionally protecting and conser for sustainable used as per section 3(1) (i) of the Act. (പട്ടിക വർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വാസികളും(വനാവകാശം അംഗീകരിക്കൽ)നിയമം 2006 വകുപ്പ് 3(1)(i) പ്രകാരം മേൽപറഞ്ഞ സ്ഥലത്ത് ഈ ഹത്തിന് അവർ നിലനിൽപ്പിനായി പരമ്പരാഗതമായി സംരക്ഷിച്ചും,പരിരക്ഷിച്ചും വന്നിരുന്നത് പോലെ വന ങ്ങൾ സംരക്ഷിക്കുന്നതിനും,പുനരുദ്ധരിക്കുന്നതിനും, പരിരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും

അടിയാൻ കുടുംബം– വീടിരിക്കുന്ന സ്ഥലത്തിന് മാത്രം അവകാശം


ചക്കിണി


SEKHARANKUNDU COLONY
NTFP & FISHING AREA
8.8 Ha
7
6
5
1
2
3
4

കരിയാത്തൻപാറ സങ്കേതത്തിലേയ്ക്കുള്ള വഴി



മാനന്തവാടിയിൽ വെച്ച് നടത്തിയ ഒന്നാംഘട്ട ശില്പശാലയുടെ ഉദ്ഘാടനം



ഒന്നാംഘട്ട ശില്പശാല



ഒന്നാംഘട്ട ശില്പശാല ചർച്ച




# വ്യക്തിഗത അവകാശരേഖ



Title for Individual Claim

**The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Rules, 2007**
**Government of India**
**Ministryof Tribal Affairs**

ANNEXURE - II
[See rule 8(h)]
TITLE FOR FOREST LAND UNDER OCCUPATION>



| | | |
|---|---|---|
| 1. | **Name(s) of holder (s) of forest rights** | BALAKRISHNAN S/O KARIYAN,PEMBI |
| 2. | **Name of the Spouse (Shri/Smt)** | Pembi |
| 3. | **Father Name** | Shri Kariyan |
| 4. | **Mother Name** | Smt. |
| 5. | **Name of Dependents** | 1. Pembi wife |
| 6. | **Address** | Chekadi Chakkinni Kattunika Colony,Appapara p.oThirunelly |
| 7. | **Village** | Thirunelly |
| 8. | **Gram Panchayat** | Thirunelly |
| 9. | **Tehsil** | Mananthavady |
| 10. | **Sub Division** | Mananthavady |
| 11. | **District** | WAYANAD |
| 12. | **Whether Scheduled Tribe or Other Traditional Forest Dweller** | Scheduled Tribe |

**13. Area:**

| S.No | Claim Nature | Area |
|---|---|---|
| 1 | Habitation | 0.0034 |

**14. Description of boundaries by prominent landmarks including khasra/ compartment No**

| S.No | Claim Nature | Survey Number | Compartment Number | Coupe Number | Map |
|---|---|---|---|---|---|
| 1 | Habitation | SY138W206/3 | BTRW206/3 | STRW206/3 | |

**This title is heritable, but not alienable or transferable under sub section (4) of section 4 of the Act**

**We, the undersigned, hereby, for and on behalf of the Government of KERALA affix our signatures to confirm the above forest right.**

**Divisional Forest Officer/ Deputy Conservator of Forests**
**Date :** 25/2/10

**District Tribal Welfare Officer**
**(WAYANAD )**
**Date:**

**District Collector/ Deputy Commissioner**
**Date:**

DISTRICT COLLECTOR WYNAD


Design and Developed by National Informatics Centre

http://www.forestrights.nic.in/Individual/titleIndividualClaimSecond.jsp?claimid=32/... 25-02-2010

മദ്ധ്യപ്പാടി അരണപ്പാറ റോഡ് (വികസന അവകാശം)



മമ്മിക്കുന്ന് - സാമൂഹിക അവകാശരേഖ



(See Rule 8(b) )

**TITLE TO COMMUNITY FOREST RIGHTS**

**(സാമൂഹികവനാവകാശ രേഖ)**

| | | | |
|---|---|---|---|
| 1. | Name(s) of the holder(s) of community forest right | : | Mammikunnu Colony |
| 2. | Village/Grama Sabha/ Name of Forest Right Committee | : | Mammikunnu Forest Right Committee |
| 3. | Grama Panchayat | : | Meppadi |
| 4. | Tehsil/Taluks | : | Vythiri |
| 5. | District | : | Wayanad |
| 6. | Scheduled Tribe or Other Traditional Forest Dweller | : | Scheduled Tribe |
| 7. | Nature of community rights | : | Collection of Minor Forest Products, Cattle Grazing(വനവിഭവശേഖരണം,കാലിമേച്ചിൽ -2.78ഹെക്ടർ) |
| 8. | Conditions if any | : | Nil |
| 9. | Description of boundaries including Customary boundary and /or by prominent Landmarks including Khasra/Compartment No: | : | Sketch attached |

Name(s) of the holder(s) of community forest right

**Mammikunnu Colony**
**Meppadi Grama Panchayath,**
**Meppadi Range.**

വനാവകാശം നല്കുന്നവരുടെ പേരുവിവരങ്ങൾ

മമ്മിക്കുന്ന് കോളനി
മേപ്പാടി ഗ്രാമപഞ്ചായത്ത്
മേപ്പാടി റെയിഞ്ച്

We, the undersigned hereby, for and on behalf of the Government of (Name of the State) Kerala affix our signatures to confirm the forest right as mentioned in the Title to the above mentioned holders of community forest rights.

**Divisional Forest Officer/Deputy Conservator of Forests**

**District Tribal Welfare Officer**

**District Collector /Deputy Commissioner**

Note: Within the said area, this community has the right to protect, regenerate or conserve or manage and this community forest resources which they have been traditionally protecting and conserving for sustainable used as per section 3(1) (i) of the Act. .(പട്ടിക വർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും(വനാവകാശ അംഗീകരിക്കൽ)നിയമം 2006 വകുപ്പ് 3(1)(i) പ്രകാരം മേൽപറഞ്ഞ സ്ഥലത്ത് ഈ സമൂഹത്തിന് അവർ അവർ നിലനില്പിനായി പരമ്പരാഗതമായി സംരക്ഷിച്ചും,പരിരക്ഷിച്ചും വന്നിരുന്നത് പോലെ വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനും,പുനരുദ്ധരിക്കുന്നതിനും,പരിരക്ഷിക്കുന്നതിനും,കൈകാര്യം ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് )

(See Rule 8(b) )

## TITLE TO COMMUNITY FOREST RIGHTS

(സാമൂഹികവനാവകാശ രേഖ)

| | | | |
|---|---|---|---|
| 1. | Name(s) of the holder(s) of community forest right | : | Mammikunnu Colony |
| 2. | Village/Grama Sabha/ Name of Forest Right Committee | : | Mammikunnu Forest Right Committee |
| 3. | Grama Panchayat | : | Meppadi |
| 4. | Tehsil/Taluks | : | Vythiri |
| 5. | District | : | Wayanad |
| 6. | Scheduled Tribe or Other Traditional Forest Dweller | : | Scheduled Tribe |
| 7. | Nature of community rights | : | Collection of Minor Forest Products, Cattle Grazing(വനവിഭവശേഖരണം,കാലിമേച്ചിൽ -2.78ഹെക്ടർ) |
| 8. | Conditions if any | : | Nil |
| 9. | Description of boundaries including Customary boundary and /or by prominent Landmarks including Khasra/Compartment No: | : | Sketch attached |

Name(s) of the holder(s) of community forest right
**Mammikunnu Colony**
**Meppadi Grama Panchayath,**
**Meppadi Range.**

വനാവകാശം നല്കുന്നവരുടെ പേരുവിവരങ്ങൾ

മമ്മിക്കുന്ന് കോളനി
മേപ്പാടി ഗ്രാമപഞ്ചായത്ത്
മേപ്പാടി റെയിഞ്ച്

We, the undersigned hereby, for and on behalf of the Government of (Name of the State) Kerala affix our signatures to confirm the forest right as mentioned in the Title to the above mentioned holders of community forest rights.

**Divisional Forest Officer/Deputy Conservator of Forests**

**District Tribal Welfare Officer**

**District Collector /Deputy Commissioner**

Note: Within the said area, this community has the right to protect, regenerate or conserve or manage and this community forest resources which they have been traditionally protecting and conserving for sustainable used as per section 3(1) (i) of the Act. .(പട്ടിക വർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും(വനാവകാശ അംഗീകരിക്കൽ)നിയമം 2006 വകുപ്പ് 3(1)(i) പ്രകാരം മേൽപറഞ്ഞ സ്ഥലത്ത് ഈ സമൂഹത്തിന് അവർ അവർ നിലനില്പിനായി പരമ്പരാഗതമായി സംരക്ഷിച്ചും,പരിരക്ഷിച്ചും വന്നിരുന്നത് പോലെ വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനും,പുനരുദ്ധരിക്കുന്നതിനും,പരിരക്ഷിക്കുന്നതിനും,കൈകാര്യം ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് )